تذكار

مؤتمر المنظمات السلفية بكيرلا

മുജാഹിദ്

സംസ്ഥാന സമ്മേളന സ്മരണിക

1982

V. Abdulla Kutty
Area Code

V. ABDULLA KUTTY
AREACODE P.O.
Malappuram Dt.
PIN: 673 639
NIGAR MANZIL

Feroke

KERALA HERITAGE CENTER
KALPAKANCHERY

Scanned by

Kerala heritage center

@

kalpakanchery

Tirur, Kerala

PIN- 676551

+91 9567796563

you buy the best when you buy

AMECO

PRODUCTS

We the Manufacturers of:

DOOR LACES
FLEXIBLE; VELVET; RIGID
& ALUMINIUM CHANNELS
CONTOUR TAPE
CLIPS & RIVETS

Phone : 8661

Gram : AMECO CALICUT

AMECO ENGINEERING INDUSTRIES

2/404-A MAIN ROAD

BEYPORE.

CALICUT-673015.

KERALA HERITAGE CENTER KALPAKANCHERY

V. ABDULLA KUTTY
AREACODE P.O.
Malappuram Dt.
PIN. 673 639
NIGAR MANZIL

MUJAHID STATE CONFERENCE

★

SOUVENIR

★

JUMADAL - OOLA 1402

FELRUARY - 1982

KERALA HERITAGE CENTER
KALPAKANCHERY

Prepared and Published by:

SALAFI ORGANISATIONS OF KERALA:

KERALA JAM–IYATHUL – ULAMA.

KERALA NADVATHUL MUJAHIDEEN.

ITHIHADU SUBBANIL MUJAHIDEEN.

MUJAHID STUDENTS MOVEMENT.

MUJAHID CENTRE

Calicut- 673002

Tele. No. 72093

Printed at: Amina Printers Calicut–3

KERALA HERITAGE CENTER
KALPAKANCHERY

പി. സെയ്തു മൗലവി
പ്രസിഡണ്ട്,
കേരള ജംഇയ്യത്തുൽ ഉലമാ



കെ. എൻ. ഇബ്രാഹിം മൗലവി
സിക്രട്ടറി
കേരള ജംഇയ്യത്തുൽ ഉലമാ

കെ. എ. സുലൈമാൻ സാഹിബ്
പ്രസിഡണ്ട്
കേരള നദ്‌വത്തുൽ മുജാഹിദീൻ

കെ. പി. മുഹമ്മദ് മൗലവി
സിക്രട്ടറി
കേരള നദ്‌വത്തുൽ മുജാഹിദീൻ

KERALA HERITAGE CENTER
KALPAKANCHERY

KERALA
HERITAGE
CENTER
KALPAKANCHERY



കെ. എസ്. കെ തങ്ങൾ
പ്രസിഡണ്ട്
ഐ. എസ്. എം



കെ. വി. മൂസാ സുല്ലമി
സിക്രട്ടറി
ഐ. എസ്. എം.



പി. ഹാറൂൻ
പ്രസിഡണ്ട്
എം. എസ്. എം.



നല്ലളം നാസിർ
സിക്രട്ടറി
എം. എസ്. എം.

KERALA HERITAGE CENTER KALPAKANCHERY

KERALA
HERITAGE
CENTER
KALPAKANCHERY

പി. കെ. അഹ്മദ്
ചെയർമാൻ
സ്വാഗതസംഘം

കെ. പി മുഹമ്മദ് മൗലവി
ജനറൽ കൺവീനർ
സ്വാഗതസംഘം

KERALA HERITAGE CENTER KALPAKANCHERY

KERALA HERITAGE CENTER
KALPAKANCHERY

പി. കെ. മൂസ മൗലവി, ഐക്കരപ്പടി.

1982 ഫെബ്രവരിയിൽ നടക്കുന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഒരു സുവനീർ പ്രകാശിതമാകുന്നുണ്ടെന്നറിഞ്ഞു സന്തോഷിക്കുന്നു.

ഇസ്ലാമിൻെറ പ്രഥമവും പ്രധാനവുമായ അടിസ്ഥാന സിദ്ധാന്തമാണല്ലോ തൗഹീദ്. ഇതിന്നു കടക വിരുദ്ധമായ എത്രയെങ്കിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരായ ഒരു പണ്ഡിത വ്യൂഹംതന്നെ കേരളത്തിലുണ്ട്. തൗഹീദിൻെറ കടക്ക് കത്തിവെക്കത്തക്കവിധം അവരുടെ നാവുകളിലൂടെയും പേനകളിലൂടെയും പുറത്തു വന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഏതൊരു സത്യവിശ്വാസിയെയും വേദനിപ്പിക്കാതിരിക്കയില്ല. ഇസ്ലാഹീ പ്രസ്ഥാന ഭടന്മാരുടെ നിരന്തരമായ പ്രവർത്തനങ്ങൾനിമിത്തം കുറെയൊക്കെ മാററം സംഭവിച്ചിട്ടുണ്ടെങ്കിലും, കേരള മുസ്ലിംകളിൽ ഭൂരിഭാഗവും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നീരാളിപ്പിടുത്തത്തിൽനിന്നു ഇനിയും മോചിതരായിട്ടില്ല. ''അവരിൽ അധികപേരും വിശ്വസിക്കുന്നില്ല; ബഹുദൈവാരാധകരായുംകൊണ്ടല്ലാതെ' എന്ന ഖുർആൻ വചനം കേരള മുസ്ലിംകളിൽ അന്വർത്ഥമാക്കിയിരിക്കുകയാണ്.

തൗഹീദ് പ്രബോധനം ചെയ്യുകയും ഖുർആനും സുന്നത്തും പ്രചരിപ്പിക്കുകയും ചെയ്യുക വഴി മുസ്ലിം കേരളത്തിൻെറ മുഖഛായ മാററാൻ ഇസ്ലാഹീ പ്രവർത്തകർക്ക് — യുവ മുജാഹിദുകൾക്ക് വിശേഷിച്ചും — കഴിയുമാറാകട്ടെ.

സമ്മേളനത്തിനും സുവനീറിനും അനുമോദനപ്പൂച്ചെണ്ടുകൾ!

ഐക്കരപ്പടി
25–1–81

പി. കെ. മൂസ മൗലവി (ഒപ്പ്)

പി. സെയ്ത് മൗലവി.   രണ്ടത്താണി

പ്രസിഡണ്ട്, കേരള ജംഇയ്യത്തുൽ ഉലമാ

കേരള ജംഇയ്യത്തുൽ ഉലമാ, കേരള നദ്‌വത്തുൽ മുജാഹിദീൻ, ഇത്തിഹാദു ശുബ്ബാനിൽ മുജാഹിദീൻ, മുജാഹിദ് സ്റ്റുഡൻസ് മൂവ്മെൻറ് എന്നീ നാല് സലഫീ സംഘടനകൾ സംയുക്തമായി നടത്തുന്ന അതി വിപുലമായ രണ്ടാം മുജാഹിദ് സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന സോവനീർ ഇസ്‌ലാഹീ രംഗത്ത് മുസ്‌ലിം കേരളം പിന്നിട്ടുകഴിഞ്ഞ ചരിത്ര സംഭവങ്ങളിലേക്ക് വെളിച്ചം വീശുന്ന ഒരു ആധികാരിക റഫറൻസ് ഗ്രന്ഥമാകുമെന്ന കര്യത്തിൽ സംശയമില്ല

ഇസ്‌ലാമിൻെറ പേരിൽ, സമുദായ ശരീരത്തിൽ അള്ളിപ്പിടിച്ചിട്ടുള്ള അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വിപാടനം ചെയ്യുന്ന രംഗത്ത് കേരള മുജാഹിദുകൾ നിർവ്വഹിച്ചിട്ടുള്ള നിസ്സീമമായ പരിഷ്ക്കരണ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും, വിശുദ്ധ ഖുർആനും തിരു സുന്നത്തും പ്രചരിപ്പിക്കുന്നതിന്നായി ഇസ്‌ലാഹീ പ്രവർത്തകർ അനുഭവിച്ചുപോന്ന ത്യാഗ പരിശ്രമങ്ങളെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുവാനും പോരുന്ന ഈ സോവനീറിന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

കൂടാതെ, ചരിത്ര പ്രസിദ്ധമായ മുജാഹിദ് സമ്മേളനം അല്ലാഹുവിലേക്കുള്ള പ്രബോധന രംഗത്തെ പുതിയ ഒരദ്ധ്യായമായിരിക്കട്ടെ എന്ന് അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രണ്ടത്താണി

30–1–82

പി. സെയ്തു മൗലവി (ഒപ്പ്)

KERALA HERITAGE CENTER KALPAKANCHERY

കെ. എ. സുലൈമാൻ സാഹിബ്
പ്രസിഡണ്ട്,
കേരള നദ്‌വത്തുൽ മുജാഹിദീൻ
സ്റ്റേറ്റ് കമ്മിറ്റി
പാലക്കാട്.

ഫറോക്കിൽവെച്ച് '82 ഫെബ്രുവരിയിൽ മുജാഹിദ് സംസ്ഥാന സമ്മേളനം നടക്കുകയാണല്ലോ. കേരളത്തിലെ ഒരു നൂററാണ്ടു കാലത്തെ ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ നാനോന്മുഖവും സംഭവ ബഹുലവുമായ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ഒരു സുവനീർ ഈ സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കുന്നുവെന്നറിഞ്ഞതിലുള്ള സന്തോഷം അളവററതാണ്.

തൗഹീദ് പ്രബോധനം ചെയ്യുകയും, ഖുർആനും സുന്നത്തും പ്രചരിപ്പിക്കുകയും, ശിർക്കും ബിദ്അത്തും നശിപ്പിക്കുകയും ചെയ്യുന്നതിനുള്ള മഹൽ സംരംഭങ്ങളിൽ അടങ്ങാത്ത ജിജ്ഞാസയോടെ കാര്യമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നവരും, ഭാവിയിൽ നേതൃസ്ഥാനങ്ങളിലേക്കുയർന്നുവരേണ്ടവരുമായ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ ഇന്നത്തെ യുവ ഭടന്മാരെ ആവേശം കൊള്ളിക്കാൻ തികച്ചും പര്യാപ്തമായതാണ്. നമ്മുടെ പൂർവ്വികരായ ധീര മുജാഹിദ് നേതാക്കളുടെ വീരോജ്ജ്വലമായ സേവന ചരിത്രമെന്നതിൽ സംശയമില്ല. ആ ഒരൊററ കാരണംകൊണ്ടുതന്നെ ഈ സുവനീർ തികച്ചും സന്ദർഭോചിതവും ചരിത്രപരമായ ഒരാവശ്യവുമാണെന്നു തീർത്തു പറയാം.

ഉൽകൃഷ്ടമായ ഒരു പ്രസ്ഥാനത്തിന്റെ ഈ സുവനീർ ഉൽബുദ്ധതക്ക് ഉത്തേജനം നൽകുമാറാകട്ടെ!

പാലക്കാട്
31–1–82

കെ. എ. സുലൈമാൻ (ഒപ്പ്)

KERALA HERITAGE CENTER
KALPAKANCHERY

കെ. എസ്. കെ. തങ്ങൾ, മദനി

പ്രസിഡണ്ട്, ഐ. എസ് എം.

നമ്മുടെ നാല് ഇസ്‌ലാഹീ സംഘടനകളുടെയും സംയുക്ത മഹാ സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന സോവനീറിന് എല്ലാവിധ വിജയവും ആശംസിക്കുന്നു.

ജീവിത ലക്ഷ്യത്തെസ്സംബന്ധിച്ച അജ്ഞതയും സൽക്കർമ്മ നിരതമായ ജീവിതത്തെസ്സംബന്ധിച്ച പുച്ഛഭാവവും മത – ധാർമ്മിക – സനാതന മൂല്യങ്ങളോടുള്ള വിപ്രതിപത്തിയും മാനവരാശിയെ നാശത്തിന്റെ അഗാധ ഗർത്തത്തിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുമ്പോൾ, അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള ദൃഢവിശ്വാസത്തിലൂന്നിക്കൊണ്ട്, തൗഹീദും ഇസ്‌ലാമിക സംസ്ക്കാരവും മുറുകെപ്പിടിച്ചും പ്രചരിപ്പിച്ചുംകൊണ്ട് മുന്നേറുന്ന, ത്യാഗ പരിശ്രമങ്ങൾ കൈമുതലാക്കി ഒരു നല്ല നാളേക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന, ജീവസ്സുററ യുവനിരയെ സജ്ജമാക്കാനുള്ള ഐ. എസ്. എം. (ഇത്തിഹാദു ശുബ്ബാനിൽ മുജാഹിദീൻ)ന്റെ സന്ദേശം ഈ സോവനീറിലൂടെ അനുവാചകർക്ക് ലഭ്യമാവട്ടെ!

സമ്മേളനത്തിനും സോവനീറിനും ഒരിക്കൽകൂടി എല്ലാ വിജയങ്ങളും നേർന്നുകൊണ്ട്!

പുളിക്കൽ
19–2–82

കെ. എസ്. കെ. തങ്ങൾ മദനി (ഒപ്പ്)

KERALA HERITAGE CENTER
KALPAKANCHERY

പി ഹാറൂൻ,
പ്രസിഡണ്ട്,
മുജാഹിദ് സ്റ്റുഡൻസ് മൂവ്മെൻറ്,

മുജാഹിദ് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഒരു സോവനീർ പ്രസിദ്ധീകരിക്കുന്നതിന്ന് അനുഗ്രഹിച്ച, ഔദാര്യവാനായ, തൂലിക കൊണ്ട് പഠിപ്പിച്ച, പരമ കാരുണികനും കരുണാനിധിയുമായ റബ്ബിന് സ്തുതി! പ്രസിദ്ധീകരണത്തിന് സർവ്വ വിജയങ്ങളും ആശംസിക്കുന്നു.

പി. ഹാറൂൻ (ഒപ്പ്)

KERALA HERITAGE CENTER
KALPAKANCHERY

സലഫി സംഘടനകളുടെ ഇതുവരെയുള്ള പ്രസിഡൻറു സിക്രട്ടറിമാർ

സലഫീ മാതൃകയിൽ തൗഹീദ് പ്രബോധനം ചെയ്യുകയും ഖുർആനും സുന്നത്തും പ്രചരിപ്പിക്കുകയും, ശിർക്കിനെയും അന്ധവിശ്വാസാനാചാരങ്ങളെയും യുക്തിയുക്തം എതിർക്കുകയും, വിദ്യാഭ്യാസ–സാംസ്കാരിക–സാമൂഹ്യ മണ്ഡലങ്ങളിൽ അനർഘവും നിസ്തുല്യവും നിസ്സീമവുമായ സേവനങ്ങളർപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കേരളത്തിലെ മഹത്തായ നാല് സലഫീ സംഘടനകളാണല്ലോ കേരള ജംഇയ്യത്തുൽ ഉലമാ, കേരള നദ്‌വത്തുൽ മുജാഹിദീൻ, ഐ. എസ്. എം., എം. എസ്. എം. എന്നിവ. അവയുടെ ഇതുവരെയുള്ള പ്രസിഡണ്ടു സിക്രട്ടറിമാരുടെ പേരും അവർ ആ സ്ഥാനങ്ങളലങ്കരിച്ച കാലഘട്ടവും ചുവടെ ചേർക്കുന്നു.

1. കേരള ജംഇയ്യത്തുൽ ഉലമാ

1924ൽ രൂപീകൃതമായ പ്രസ്തുത സംഘടന സൊസൈററി ആക്ട് പ്രകാരം റജിസ്ററർ ചെയ്യപ്പെട്ടത് 1933ലത്രെ. അതു മുതൽക്കുള്ള അതിൻെറ പ്രധാന സാരഥികളുടെ പേരും കാലഘട്ടവുമാണ് ചുവടെ ചേർക്കുന്നത്.

പ്രസിഡൻറുമാർ:

1. എൻ. മമ്മുമൗലവി,
തൊടികപ്പലം
1933_34ൽ

2. മൗലവി സയ്യിദ് അബ്ദുൽ വഹാബ് ബുഖാരി സാഹിബ്, മദ്രാസ്.
1934_35ൽ

3. കെ. എം. മൗലവി,
തിരൂരങ്ങാടി,
1935_50

4. മങ്കട ഉണ്ണീൻ മൗലവി
1950_53

5. പി. പി. ഉണ്ണിമുഹ്യിദ്ദീൻ കുട്ടി മൗലവി
1953_71

6. എം. ശൈഖ് മുഹമ്മദ് മൗലവി, ഉഗ്രപുരം
1971–77

7. കെ. ഉമർ മൗലവി,
തിരൂർക്കാട്.
1977_79

8. പി. സെയ്തു മൗലവി,
രണ്ടത്താണി.
1979_മുതൽ ഇപ്പോഴും തുടരുന്നു

KERALA HERITAGE CENTER
KALPAKANCHERY

സിക്രട്ടരിമാർ:

1. എം. സി. സി. അബ്ദുറഹ്മാൻ മൗലവി, പരപ്പനങ്ങാടി.
1933–64

2. കെ. എൻ. ഇബ്രാഹീം മൗലവി, കടവത്തൂര്.
1964 മുതൽ ഇപ്പോഴും തുടരുന്നു.

2. കേരള നദ്‌വത്തുൽ മുജാഹിദീൻ

പ്രസിഡൻറുമാർ:

1. കെ. എം. മൗലവി, തിരൂരങ്ങാടി.
1950_67

2. എം. ശൈഖ് മുഹമ്മദ് മൗലവി, ഉഗ്രപുരം.
1967_70

3. കൊല്ലങ്കണ്ടി മമ്മു സാഹിബ്, ബാലുശ്ശേരി.
1970_71ൽ

4. സാലെ മുഹമ്മദ് ഇബ്രാഹീം സേട്ടു സാഹിബ്, കൊച്ചി.
1971–76

5. കെ. എ. സുലൈമാൻ സാഹിബ്, പാലക്കാട്.
1976 മുതൽ ഇപ്പോഴും തുടരുന്നു

സിക്രട്ടറിമാർ:

1. എൻ. വി. അബ്ദുസ്സലാം മൗലവി, അരീക്കോട്.
1950–51ൽ

2. എ. കെ. അബ്ദുല്ലത്തീഫ് മൗലവി, അയിരൂര്.
1951_71

3. കെ. പി. മുഹമ്മദ് മൗലവി, വളവന്നൂർ.
1971 മുതൽ ഇപ്പോഴും തുടരുന്നു

നദ്‌വത്തുൽ മുജാഹിദീൻ പ്രതിനിധാനം ചെയ്യുന്ന ആദർശ പ്രചരണ പ്രവർത്തനങ്ങൾ അഖിലേന്ത്യാതലത്തിലേക്ക് വ്യാപിപ്പിക്കുകയും, ആദർശൈക്യമുള്ള മററു സംഘടനകളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിന്നുള്ള കളമൊരുക്കുകയും ചെയ്യുന്നതിന്നായി 1976ൽ 'നദ്‌വത്തുൽ മുജാഹിദീൻ അഖിലേന്ത്യാ ഓർഗനൈസിംഗ്' കമ്മിററി രൂപീകരിക്കപ്പെട്ടു. അതിൻെറ പ്രധാന സാരഥികൾ:—

ചേർമാൻ:

സാലേ മുഹമ്മദ് ഇബ്രാഹീം സേട്ടു സാഹിബ്, കൊച്ചി.

സിക്രട്ടറി:

പി. വി. ഹസ്സൻഹാജി സാഹിബ്, ബേപ്പൂർ.

ഓർഗനൈസിംഗ് കമ്മിററിയുടെ പ്രവർത്തനഫലമായി തമിഴ്നാട്, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിൽ നദ്‌വത്തുൽ മുജാഹിദീൻെറ ഘടകങ്ങൾ ഇതിനകം നിലവിൽ വന്നു കഴിഞ്ഞു. കൂടാതെ അഖിലേന്ത്യാ അഹ്‌ലേ ഹദീസുമായി നദ്‌വത്തുൽ മുജാഹിദീന്നു അഭേദ്യമായ ബന്ധമാണ് ഇന്നുള്ളത്.

3. ഐ. എസ്. എം.

പ്രസിഡൻറുമാർ:

1. കെ. എസ്. കെ. തങ്ങൾ, പുളിക്കൽ.
1967_71

KERALA HERITAGE CENTER
KALPAKANCHERY

2. ടി. കെ മുഹ്‌യിദ്ദീൻ ഉമരി,
തിരൂരങ്ങാടി,
1971_75

3. എം. മുഹമ്മദ് മദനി,
കൊടിയത്തൂര്.
1975_78

4. കെ. എസ്. കെ. തങ്ങൾ,
പുളിക്കൽ.
1978 മുതൽ ഇപ്പോഴും തുടരുന്നു

സിക്രട്ടറിമാർ:

1. പി. കെ. അലി അബ്ദുർ റസ്സാഖ് മദനി, വലിയോറ.
1967_70

2. കെ. വി. മൂസസുല്ലമി, കനിയിൽ
1970_75

3. കെ. കെ. മുഹമ്മദ് സുല്ലമി. കരുവമ്പൊയിൽ
1975_78

4. കെ. വി. മൂസാ സുല്ലമി, കുനിയിൽ.
1978 മുതൽ ഇപ്പോഴും തുടരുന്നു.

4. എം. എസ്. എം.

പ്രസിഡൻറുമാർ:

1. ഡോക്ടർ എം. സി. സി. അബ്ദുല്ല, പരപ്പനങ്ങാടി.
1971_74

2. അബ്ദുല്ല, പെരിങ്ങാട്ട്
1974_77

3. എം. എ. സഊദ്, വളവന്നൂർ
1977–78ൽ

4. അഹ്മദ് ഇശ്ഹാഖ്, വെള്ളൂർ.
1978_79ൽ

5. പി. ഹാറൂൻ, കോഴിക്കോട്.
1979 മുതൽ ഇപ്പോഴും തുടരുന്നു

സിക്രട്ടറിമാർ:

1. അബ്ദുല്ല, പെരിങ്ങാട്ട്
1971--74

2. എം. കെ. ഇബ്രാഹീം, മടവൂർ
1974–75ൽ

3. അബൂബക്കർ ഇരിവേററി
1975–77

4. കുഞ്ഞിമുഹമ്മദ്, പറപ്പൂർ.
197 _78ൽ

5. ഹുസൈൻ മടവൂർ
1978_79ൽ

6. ഹുസൈൻ കക്കാട്
1979_80ൽ

7. നല്ലളം നാസിർ
1980 മുതൽ ഇപ്പോഴും തുടരുന്നു

മുജാഹിദ് സംസ്ഥാന സമ്മേളനം '82 സ്വാഗത സംഘം ഔദ്യോഗ ഭാരവാഹികൾ

ചെയർമാൻ:–

പി. കെ. അഹ്മദ്, കോഴിക്കോട്

വൈസ് ചെയർമാൻമാർ:–

1. ഡോ: എം. ഉസ്മാൻ, നിലമ്പൂർ.

2. എം. കുഞ്ഞോയി വൈദ്യർ. കോഴിക്കോട്.

KERALA HERITAGE CENTER KALPAKANCHERY

3. പി. കെ. മുഹമ്മദ്, ഫറോക്ക്

4. സി. ആർ. സിദ്ദീഖ് ഹാജി,
കണ്ണൂർ.

5. എല്ല്. ഇ. മുഹമ്മദ് ബാബു
സേട്ടു, കൊച്ചി.

മുഖ്യ രക്ഷാധികാരി:—

കെ. എ. സുലൈമാൻ സാഹിബ്,
പാലക്കാട്.

ജനറൽ കൺവീനർ:—

കെ. പി. മുഹമ്മദ് ബിൻ അഹ്മദ്,
വളവന്നൂർ.

ജോയിൻറ് കൺവീനർമാർ:—

1. എൻ. കെ. മുഹമ്മദ്,
ഐക്കരപ്പടി.

2. കെ. മുഹമ്മദ് ബാപ്പു മൗലവി.
ഇട്ടിലാക്കൽ,

3. കെ. അബ്ദുൽ മജീദ്,
വാരണാക്കര

ട്രഷറർ:

പി. എസ്. അബ്ദുറഹ്മാൻ കോയ
(ബാവ), കോഴിക്കോട്.

മുജാഹിദ് സംസ്ഥാന സമ്മേളനം, 82 സബ്കമ്മിററി കൺവീനർമാർ

1. എ. പി. അബ്ദുൽ ഖാദിർ
മൗലവി, പത്തപ്പിരിയം (പ്രോഗ്രാം)

2. ഐ. അഹ്മദ് കോയ ഹാജി,
കോഴിക്കോട്, (അതിഥിസ്വീകരണം)

3. പി. കെ. അലിഅബ്ദുർറസ്സാഖ്
മദനി, വലിയോറ (ധനം)

4. കെ. അബൂബക്കർ (മെസ്റ്റോ,)
കോഴിക്കോട് (സുവനീർ)

5. പി. കെ. അഹ്മദലി മദനി,
ചെമ്മാട്, (പബ്ളിസിററി)

6. പി. ടി. അബൂബക്കർകുട്ടി,
പുത്തൂര് (അക്കമഡേഷൻ & സ്റ്റേജ്)

7. കെ. വി. മൂസാ സുല്ലമി,
കുനിയിൽ (പന്തൽ)

8. കെ. കെ. മുഹമ്മദ് സുല്ലമി,
കരുവമ്പൊയിൽ (ഭക്ഷണം)

9. ടി. പി. അബ്ദുല്ലക്കോയ, മദനി
കടലുണ്ടി, (ലൈററ് & സൗണ്ട്)

10. പി. മൊയ്തു ഹാജി,
കോഴിക്കോട് (ടെലക്സ് & ടെലിഫോൺ)

11. പി. ഹാറൂൻ, കോഴിക്കോട്
ടെലിവിഷൻ, വീഡിയോ, ഫിലിം,

12. അഡ്വക്കററ് എം. മുഹമ്മദ്)
കോഴിക്കോട്, (പബ്ളിക്ക് റിലേഷൻസ്)

13. എം. മുഹമ്മദ്കുട്ടി ഹാജി,
നല്ലളം (ജലവിതരണം)

14. അബ്ദുന്നാസിർ, നല്ലളം
(ശുചീകരണം)

15. ടി. ഇബ്രാഹീം ഹാജി,
പാറന്നൂർ (ഗതാഗതം)

16. പി. ടി. ഇമ്പിച്ചമ്മു,
(കോഴിക്കോട്, റഫ്റഷ്മെൻറ് & മെമ്മറി സംഭരണം)

17. കെ. അബ്ദുസ്സലാം, അരീക്കോട്
(ഗയിററ് ആൻറ് ഡക്കറേഷൻ)

18. പി. മുഹമ്മദ് സലീം മാസ്റ്റർ,
എടത്തനാട്ടുകര (വളണ്ടിയർസ്)

KERALA HERITAGE CENTER KALPAKANCHERY

19. ഹുസൈൻ കക്കാട്,
(എക്സിബിഷൻ)

20. എൻ. മുഹമ്മദ് മാസ്റ്റർ
അരീക്കോട്, (വിജ്ഞാന മൽസരങ്ങൾ)

21. ഡോ: പി. അബൂബക്കർ,
ചെമ്മാട് (മെഡിക്കൽ)

22. സി. പി. ഉമർ സുല്ലമി,
രണ്ടത്താണി (ക്യാമ്പംഗങ്ങളുടെ രജിസ്ട്രേഷൻ)

23. അബ്ദുറഹിമാൻ പാലത്ത്,
(സാധനശേഖരണം)

24. പി. ടി. മൊയ്തീൻ കുട്ടി
മൗലവി, പൊന്മള (ബുക്ക്സ്റ്റാൾ)

മുജാഹിദ് സംസ്ഥാന സമ്മേളനം 82 സുവനീർ കമ്മിററി

1. സി. ആർ. സിദ്ദീഖ് ഹാജി,
കണ്ണൂര്, (ചേർമാൻ)
2. കെ. അബൂബക്കർ മെസ്കോ,
കോഴിക്കോട്, (കൺവീനർ)
3. പി. എസ്. അബ്ദുറഹ്മാൻ
കോയ (ബാവ), കോഴിക്കോട്
4. സി. അബ്ദുല്ല ഹാജി,
തളിപ്പറമ്പ്
5. ടി. കെ. മൂസക്കുട്ടി
കോഴിക്കോട്
6. കെ. ആലിക്കോയ
കോഴിക്കോട്.
7. ടി.പി. എം. സാഹിർ ,,
8. പി. ഹാറൂൻ ,,
9. പി. കെ. അബൂബക്കർ മാസ്റ്റർ
വട്ടോളി ബസാർ
10. എൻ. കെ. അഹ്മദ് മൗലവി,
കടവത്തൂര്

എഡിറ്റോറിയൽ ബോർഡ്

1. മൗലവി, പി. മുഹമ്മദ്
കുട്ടശ്ശേരി
2. ഡോ: ഇ. കെ. അഹ്മദ് കുട്ടി
3. കെ. കെ. മുഹമ്മദ് അബ്ദുൽ
കരീം
4. എ. അബ്ദുൽഹമീദ് മദനി,
ചെറിയമുണ്ടം
5. സി. കുഞ്ഞിമുഹമ്മദ്
പറപ്പൂര്
6. സുഹൈർ, ചുങ്കത്തറ
7. കോയക്കുട്ടി മൗലവി ഫാറൂഖി
8. ഒ. പൂക്കുഞ്ഞി
9. കെ. സി. അബ്ദുല്ല
10. എൻ. കെ. അഹ്മദ് മൗലവി,
(എഡിറ്റർ)

KERALA
HERITAGE
CENTER
KALPAKANCHERY

പ്രതീക്ഷയോടെ,
പ്രാർത്ഥനയോടെ.

മുസ്ലിം ലോകത്താകമാനം ശക്തമായി മുന്നേറിക്കൊണ്ടിരിക്കുന്ന ഇസ്‌ലാഹീ ചൈതന്യത്തിന്റെ പ്രകാശധാരയിൽ അരങ്ങേറുന്ന രണ്ടാം മുജാഹിദ് സംസ്ഥാന സമ്മേളനം കേരളത്തിൽ ഇസ്‌ലാമിക നവോത്ഥാനത്തിന്റെ ഒരു പുതിയ ആധ്യായത്തിന് തുടക്കം കുറിക്കുകയാണ്. ഈ മഹാസംഭവത്തിന്റെ ഗാംഭീര്യത്തിന് അനുയോജ്യമാം വിധം ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ സംക്ഷിപ്ത ചരിത്രവും വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും ഉൾക്കൊള്ളുന്ന കനപ്പെട്ടതും സന്ദർഭോചിതവുമായ ഒരുപഹാരമായിരിക്കണമെന്ന ലക്ഷ്യത്തോടെ തയ്യാറാക്കപ്പെട്ട ഈ സുവനീർ ഇന്നു പ്രകാശിതമാവുകയാണ്. സൗകര്യങ്ങളുടെ അപര്യാപ്തതയും വിഭവങ്ങളുടെ പരിമിതിയും നിമിത്തം കുറ്റങ്ങളും കുറവുകളുമൊക്കെ ധാരാളം സംഭവിച്ചിരിക്കാമെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സംരംഭം വലിയൊരളവോളം വിജയിച്ചിട്ടുണ്ടെന്നാണഭിപ്രായം.

ഇസ്‌ലാമിക സാഹിത്യം പൊതുവിൽ ശുഷ്കമായ മലയാളത്തിൽ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ സമഗ്രമായ ചരിത്രം ഇതുവരെ വിരചിതമായിട്ടില്ലെന്നത് ഒരു ദുഃഖസത്യമത്രെ. ഈ വിഷയത്തിൽ ജാഗ്രത പുലർത്താൻ സുവനീർ പ്രേരകമാവട്ടെ എന്നു പ്രതീക്ഷിക്കുന്നു.

പലരോടും നന്ദി പറയേണ്ടതുണ്ട്. എന്നാൽ അല്ലാഹുവിനത്രെ സർവ്വസ്തുതിയും! വിജ്ഞാന തൽപരരായ ബഹുജനങ്ങളുടെ കൈകളിൽ പ്രതീക്ഷയോടെ, പ്രാർത്ഥനയോടെ ഈ ഉപഹാരം സമർപ്പിക്കുന്നു.

എഡിറ്റോറിയൽ ബോർഡ്.

KERALA
HERITAGE
CENTER
KALPAKANCHERY

മുജാഹിദ് സെൻറർ, കോഴിക്കോട്.

ചരിത്ര പ്രസിദ്ധമായ കോഴിക്കോട് നഗരത്തിൻെറ ഹൃദയ ഭാഗത്ത് റെയിൽവെ സ്റേറഷനിൽനിന്ന് മീററുകളകലെ ആനിഹാൾ റോഡിൽ തലയുയർത്തി നിൽക്കുന്ന മുജാഹിദ് സെൻറർ ശ്രദ്ധയിൽ പെടാത്തവർ കുറയും. റെയിൽവെ സ്റേറഷനിൽനിന്നു ഏതാനും മീററർ തെക്കായി, ആനിഹാൾ റോഡ് സ്റേറഷൻ റോഡുമായി കൂടിച്ചേരുന്ന ജംങ്ഷനിൽനിന്നു വടക്കുകിഴക്ക് നോക്കിയാൽ 'മക്സെുൽ മുജാഹിദീൻ' എന്നു അറബിയിലും, മുജാഹിദ് സെൻറർ എന്നു ഇംഗ്ലീഷിലും ചുമരിന്മേൽ വലുതായി എഴുതിക്കാണുന്ന മനോഹരമായ കെട്ടിടമാണത്. കേരളത്തിൽ, തൗഹീദിലധിഷ്ഠിതമായ വിശ്വാസ സിദ്ധാന്തങ്ങളും, ആരാധനാ കർമ്മങ്ങളും, സാഹിത്യം, സംസ്കാരം എന്നിവ ഖുർആനിൻെറയും സുന്നത്തിൻെറയും വെളിച്ചത്തിൽ പ്രചരിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമാണ് മുജാഹിദ് സെൻറർ. മുജാഹിദ് പ്രവർത്തകരുടെ ആത്മാർത്ഥവും അക്ഷീണവുമായ പരിശ്രമ ഫലമായി ഈ സെൻറർ വിതറിക്കൊണ്ടിരിക്കുന്ന പ്രഭ കേരളത്തിനും ഇന്ത്യക്കും പുറത്തുള്ള പ്രദേശങ്ങളിലും വെളിച്ചം വീശിത്തുടങ്ങിയിരിക്കുന്നു.

അന്ധവിശ്വാസങ്ങളാലും അനാചാരങ്ങളാലും മലീമസമായിരുന്ന മുസ്ലിം കേരളാന്തരീക്ഷത്തെ സലഫീ മാതൃകയിലുള്ള വിശ്വാസസിദ്ധാന്തങ്ങളും അനുഷ്ഠാനമുറകളുമാകുന്ന ശുദ്ധവായു ഗമിപ്പിച്ചു സംശുദ്ധമാക്കുകയും മതഭൗതിക വിജ്ഞാനപ്രഭ പരത്തി അജ്ഞാനാന്ധകാരം നീക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന നാലു സലഫീ സംഘടനകളാണല്ലോ കേരള ജംഇയ്യത്തുൽ ഉലമാ, കേരള നദ്‌വത്തുൽ മുജാഹിദീൻ, ഇത്തിഹാദുശ്ശുബ്ബാനിൽ മുജാഹിദീൻ,

KERALA HERITAGE CENTER KALPAKANCHERY



KERALA
HERITAGE
CENTER
KALPAKANCHERY

KERALA
HERITAGE
CENTER
KALPAKANCHERY

മുജാഹിദ് സ്റ്റുഡൻറ്സ് മൂവ്മെൻറ് എന്നിവ. മഹത്തായ ഈ സലഫീ സംഘടനകളുടെ ആഹ്വാനം മുജാഹിദ് സെൻററത്രെ.

കേരള മുജാഹിദുകൾക്ക് സ്വന്തമായൊരു സംസ്കാര കേന്ദ്രം വേണമെന്ന ചിരകാലാഭിലാഷം പൂവണിഞ്ഞത് 1977 ഫെബ്രുവരി 6–ാംനു ഈ സെൻറർ ഉൽഘാടനം ചെയ്യപ്പെട്ടതോടെയാണ്.

സലഫീ സംഘടനകളുടെ ആസ്ഥാനമെന്നതിനു പുറമെ കേരള മുജാഹിദുകളുടെ ഔദ്യോഗിക ജിഹ്വകളായ അൽമനാർ, ശബാബ് എന്നിവയുടെ ആപ്പീസുകൾ പ്രവർത്തിക്കുന്നതും മുജാഹിദ് സെൻററിൽ തന്നെയാണ്. കൂടാതെ നദ്‌വത്തുൽ മുജാഹിദീൻെറ കീഴിലുള്ള പ്രസിദ്ധീകരണ വകുപ്പ് (മലയാള ഭാഷയിലെ ഏററവും ബൃഹത്തും ആധികാരികവുമായ ഖുർആൻ പരിഭാഷയടക്കം അനേകം മഹൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന വകുപ്പ്), വിദ്യാഭ്യാസ വകുപ്പ്, ഹിലാൽകമ്മിററി, ബിസ്മി തുടങ്ങിയ എല്ലാററിൻെറയും ആസ്ഥാനവും ഇത് തന്നെ.

അതിന്നും പുറമെ വിശാലമായ ഒരു കോൺഫറൻസ്ഹാൾ, ഓഫീസു ജീവനക്കാർക്കും സന്ദർശകർക്കും നമസ്കരിക്കാനുള്ള പള്ളി, വിവിധ ഭാഷകളിലായി അനേകം മഹൽ ഗ്രന്ഥങ്ങളുള്ള ഏററവും നല്ല ഒരു ലൈബ്രറി, ഒന്നിലധികം അറബി പത്രങ്ങളടക്കം വിവിധ ദിനപത്രങ്ങളും മാസികകളും തക്ക സമയത്തും കൃത്യമായും വന്നുകൊണ്ടിരിക്കുന്ന ഒന്നാന്തരമൊരു വായനശാല ഇവയെല്ലാം മുജാഹിദ് സെൻററിൻെറ സവിശേഷതകളത്രെ.

ചുരുക്കിപ്പറഞ്ഞാൽ, അക്ഷരാർത്ഥത്തിൽ തന്നെ കേരളത്തിലെ ഇസ്‌ലാഹീ പ്രവർത്തനങ്ങളുടെ മഹത്തായ കേന്ദ്രവും മുജാഹിദുകളുടെ ആശാദീപവുമത്രെ മുജാഹിദ് സെൻറർ.

★

KERALA HERITAGE CENTER KALPAKANCHERY

താളുകളിൽ

പേജ്

ഖുർആൻ—അവതരണവും ക്രോഡീകരണവും— 1
എൻ. വി. അബ്ദുസ്സലാം മൗലവി
7
വൈക്കം മുഹമ്മദ് ബഷീർ എഴുതുന്നു.
കേരളമുജാഹിദുകൾ തരണം ചെയ്ത പ്രതികൂല സാഹചര്യങ്ങൾ
എൻ. കെ. അഹ്മദ് മൗലവി, കടവത്തൂർ 19
33
കേരള മുസ്ലിംകളും വ്യാപാരവും—ടി. അബ്ദുല്ലാസാഹിബ്— 39
ഖിബ്ല—സൂത്രനിർണ്ണയം ടി. പി. കുട്ടിയമ്മുസാഹിബ്
കേരളത്തിൽ സംഘടിത ഇസ്ലാഹി പ്രവർത്തനങ്ങൾക്ക്
കളമൊരുക്കിയ നേതാക്കൾ, അബൂബശീർ 47
കേരളത്തിലെ സംഘടിത ഇസ്ലാഹി പ്രവർത്തനങ്ങൾ
എൻ. കെ. അഹ്മദ് മൗലവി കടവത്തൂർ 57
സാമ്പത്തികനീതി —ഇസ്ലാമിലും കമ്മ്യൂണിസത്തിലും
പ്രൊ. പി. എ. റഹ്മാൻ 77
മർഹൂം പി. പി. അബൂബക്കർഹാജി—ഫിർദൗസി 85
ഇസ്ലാഹി പ്രസ്ഥാനം വിദ്യാഭ്യാസ മണ്ഡലത്തിൽ—
കരുവള്ളി മുഹമ്മദ് മൗലവി 87
സ്ത്രീധനം അഥവാ തലതിരിഞ്ഞ മഹ്റ്—ഐ. അഹ്മദ് കോയ 97
മാസപ്പിറവി—പ്രൊഫ. കെ. അഹ്മദ് കുട്ടിസാഹിബ് 101
ഖുത്ബയിൽ അറബിയല്ലാത്ത ഭാഷ ഉപയോഗിക്കൽ— 107
സമസ്തയുടെ പ്രമേയത്തിന്ന് മുമ്പ്— 117
സമസ്തക്കാരുടെ ചില പ്രമേയങ്ങൾ
ഇസ്ലാഹി പത്രമാസികകൾ—കെ. കെ. മുഹമ്മദ് അബ്ദുൽകരീം 121
മാനവരാശിയുടെ മോചനം ഇസ്ലാമിലൂടെ മാത്രം എൻ. സുബൈർ 131
ആദർശസുന്ദരമായ ഒരു വിദ്യാർത്ഥി പ്രസ്ഥാനം-നല്ലളം നാസർ മദനി 133
ഇസ്ലാഹി പ്രവർത്തകരും ഗ്രന്ഥരചനയും—
കെ. കെ. മുഹമ്മദ് അബ്ദുൽകരീം, എൻ. കെ. അഹ്മദ് മൗലവി 135
പുളിക്കൽ സമ്മേളനം ഓർമ്മകളിൽ കൂടി—കുഞ്ഞിമുഹമ്മദ് പറപ്പൂർ 157
തുണയേകണേ! (കവിത) ചെറിയമുണ്ടം അബ്ദുർറസാഖ്— 167
✓ ഇസ്ലാഹി പ്രസ്ഥാനം പുത്തൻ ആശയമല്ല— ഇ. മൊയ്തുമൗലവി 169
'ബിസ്മി'യെ പരിചയപ്പെടുക—ഒ. കുഞ്ഞിമുഹമ്മദ് 181
മരിച്ചിട്ടും മാറാത്ത പക— സി. പി. അബൂബക്കർ മൗലവി 185
സലഫികളും മതപ്രബോധനവും, വാദപ്രതിവാദവും— 205
അഹ്മദ് കടവത്തൂർ
ഇംഗ്ലീഷ്—അറബിലേഖനങ്ങൾ

KERALA
HERITAGE
CENTER
KALPAKANCHERY

ഖുർആൻ

അവതരണവും ക്രോഡീകരണവും

—എൻ. വി. അബ്ദുസ്സലാം മൗലവി, അരീക്കോട്.—

വിശുദ്ധ ഖുർആൻ—ലോകത്തെങ്ങുമുള്ള മനുഷ്യരെയും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കാൻവേണ്ടി അക്ഷരജ്ഞാനമില്ലാത്ത മുഹമ്മദ് നബിയിലൂടെ അല്ലാഹു അവതരിപ്പിച്ച മാർഗ്ഗദർശനം—മുഹമ്മദ് (സ) ആഗ്രഹിക്കാതെ, പ്രതീക്ഷിക്കാതെ അതവതരിച്ചു. വാക്കുകളിലോ ആശയങ്ങളിലോ അല്ലാഹുവല്ലാത്ത ആർക്കും അതിൽ പങ്കില്ല. മനുഷ്യവർഗ്ഗം മുഴുവൻ കിണഞ്ഞുൽസാഹിച്ചാലും ഖുർആനോട് കിടപിടിക്കുന്ന ഒരദ്ധ്യായം പോലും കൊണ്ടുവരിക സാദ്ധ്യമേയല്ല. അത്രമാത്രം മഹത്തരവും, സാഹിത്യസമ്പുഷ്ടവും, അർത്ഥസമ്പൂർണ്ണവുമാണത്.

ഈ ഖുർആൻ, അതിന്റെ വിശദീകരണവും പ്രായോഗികരൂപവുമായ നബിചര്യ എന്നിവയത്രെ പരലോക വിജയത്തിന്നു മനുഷ്യൻ അംഗീകരിക്കേണ്ട അടിസ്ഥാനപ്രമാണങ്ങൾ. എന്നാൽ ഇന്നു സമൂഹം ഖുർആനെ കൈവെടിഞ്ഞിരിക്കുന്നു. അത് ഗ്രഹിക്കാനോ, ഗ്രഹിച്ചാൽ തന്നെ ജീവിതത്തിൽ നടപ്പിൽ വരുത്താനോ, അതു മററുള്ളവരെ ഗ്രഹിപ്പിക്കാനോ കൂടുതൽ ശ്രമമൊന്നും നടത്തുന്നില്ല. ''തൗറാത്ത് വഹിക്കാൻ ഏൽപിക്കപ്പെടുകയും, എന്നിട്ടത് (നേരാംവണ്ണം) ഏറെറടുക്കാതിരിക്കുകയും ചെയ്യുന്നവരുടെ ഉപമ ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയെപ്പോലെയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ കളവാക്കുന്ന ആ ജനതയുടെ മാതൃക എത്ര ചീത്ത!'' (ജുമുഅ:5) എന്നു ഇസ്രാഈല്യരെക്കുറിച്ചു അല്ലാഹു പറഞ്ഞിട്ടുണ്ട്. മുസ്ലിംകളും ഇന്നു ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതകളുടെ അവസ്ഥയിലെത്തിയിട്ടില്ലേ?

ഈ ദുരവസ്ഥയിൽനിന്നു രക്ഷപ്പെടണമെങ്കിൽ ഖുർആന്റെ മാഹാത്മ്യവും യഥാർത്ഥ സ്വഭാവവും അമാനുഷികതയുമൊക്കെ മനസ്സിലാക്കേണ്ടത്

KERALA HERITAGE CENTER KALPAKANCHERY

അനിവാര്യമാണ്. അതിലേക്കുള്ള ചവിട്ടുപടി മാത്രമാണ് ഖുർആന്റെ അവതരണവും ക്രോഡീകരണവും സംബന്ധിച്ച പരിജ്ഞാനം.

അന്നബിയ്യുൽ ഉമ്മിയ്യ്

മുഹമ്മദ്നബി (സ) അക്ഷരജ്ഞാനമില്ലാത്തവനായിരുന്നു.

''അവൻ (അല്ലാഹു) പറഞ്ഞു: എന്റെ ശിക്ഷ!– ഞാനുദ്ദേശിക്കുന്നവരെ അതു അനുഭവിപ്പിക്കും. എന്റെ കരുണ എല്ലാററിനെയും ഉൾക്കൊള്ളുവാൻ മാത്രം വിശാലമായിരിക്കുന്നു. സൂക്ഷ്മത ഉൾക്കൊള്ളുകയും ദാനം നൽകുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് ഞാൻ അതു രേഖപ്പെടുത്തുകതന്നെ ചെയ്യും. തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിയിട്ടുള്ളതായി അവർ കാണുന്ന ''അന്നബിയ്യുൽ ഉമ്മിയ്യ്'' (അക്ഷരാഭ്യാസമില്ലാത്ത നബി) ആയ ദൂതനെ പിൻപററുന്നവർക്കാണിത്. അദ്ദേഹം അവരോട് അംഗീകൃതകാര്യങ്ങൾ കൽപിക്കുകയും, നിഷിദ്ധങ്ങൾ നിരോധിക്കുകയും ചെയ്യും. അവർക്ക് അദ്ദേഹം പരിശുദ്ധമായവ അനുവദിക്കുകയും അവിശുദ്ധമായവ തടയുകയും ചെയ്യും. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന ചങ്ങലകളും അദ്ദേഹം അവരിൽനിന്നു ഇറക്കിവെക്കും.

എന്നാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ പിന്തുണക്കുകയും, സഹായിക്കുകയും, അദ്ദേഹത്തോടു കൂടെ അവതരിപ്പിക്കപ്പെട്ട വെളിച്ചം പിന്തുടരുകയും ചെയ്യുന്നവരാരോ അവരാണ് നേട്ടക്കാർ'' (അഅ്റാഫ്.156,157)

അപ്പോൾ നബി (സ)യെ അക്ഷരാഭ്യാസമില്ലാത്തവനായി വളർത്തിയത് അല്ലാഹുവിന്റെ മുൻ ആസൂത്രണമനുസരിച്ചാണ്. ''അന്നബിയ്യുൽ ഉമ്മിയ്യാ''യ മുഹമ്മദ്നബിയെ, നൂറുശതമാനവും തിരിച്ചറിയാൻ സഹായകമായ എല്ലാ ഗുണവിശേഷങ്ങളോടും കൂടി തൗറാത്തിലും ഇഞ്ചീലിലും അല്ലാഹു പരിചയപ്പെടുത്തിയിട്ടുണ്ട് എന്നൊക്കെ ഈ വാക്യങ്ങളിൽനിന്നു മനസ്സിലാക്കാം.

ഈ 'അന്നബിയ്യുൽ ഉമ്മിയ്യി'ൽ വിശ്വസിക്കുവാൻ മനുഷ്യ സമുദായത്തെ ഒന്നടങ്കം ആഹ്വാനം ചെയ്യുകയാണ് അടുത്ത ആയത്തിലൂടെ അല്ലാഹു ചെയ്യുന്നത്.

''പറയുക: ഹേ മനുഷ്യരെ, തീർച്ചയായും ഞാൻ നിങ്ങളെല്ലാവരിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനത്രെ. ആകാശങ്ങളുടെയും ഭൂമിയുടെയും സർവ്വാധികാരം അവന്നു മാത്രമുള്ളതാകുന്നു. അവനല്ലാതെ മറെറാരിലാഹുമില്ല തന്നെ. അവനാണ് ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും– അഥവാ അല്ലാഹുവിലും അവന്റെ നിയമങ്ങളിലും വിശ്വസിക്കുന്ന 'അന്നബിയ്യുൽ ഉമ്മിയ്യി'ലും വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുവിൻ. എങ്കിൽ നിങ്ങൾ സന്മാർഗ്ഗം പ്രാപിച്ചേക്കും.'' (അഅ്റാഫ് 158)

'അന്നബിയ്യുൽ ഉമ്മിയ്യി'നെ പിൻപററാനുള്ള ഇസ്രാഈല്യരോടുള്ള ഉപദേശം മുഴുവൻ മാനവലോകത്തിന്നും ബാധകമാക്കുകയാണ് ഈ ആയത്ത്. സൂറത്തുൽ ജുമുഅയിൽ അക്ഷരാഭ്യാസമില്ലാത്ത അറബി ജനതയിലേക്ക് അവ

KERALA HERITAGE CENTER KALPAKANCHERY

രിൽനിന്നു തന്നെ ഒരു ദൂതനെ നിയോഗിച്ച കാര്യം പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്.'

അക്ഷരാഭ്യാസം നേടിയിട്ടില്ലെന്നു മാത്രമല്ല, വേദഗ്രന്ഥങ്ങളിലുള്ള ഒന്നും തന്നെ കേട്ടുപഠിക്കുകയോ, എഴുതിക്കുകയോ, വായിപ്പിക്കുകയോ പോലും നബി(സ) ചെയ്തിട്ടില്ല. ഖുർആൻ പറയുന്നത് കാണുക:

''താങ്കൾ ഇതിന്നുമുമ്പ് യാതൊരു ഗ്രന്ഥവും വായിച്ചിട്ടുണ്ടായിരുന്നില്ല. താങ്കളുടെ കൈകൊണ്ടു ഒന്നും എഴുതിയിട്ടുമില്ല. അങ്ങിനെയുണ്ടായിരുന്നുവെങ്കിൽ അസത്യവാദികൾ സംശയിക്കുമായിരുന്നു. എന്നാൽ അറിവു സിദ്ധിക്കുന്നവരുടെ ഹൃദയങ്ങളിൽ (സൂക്ഷിക്കപ്പെടുന്ന) വ്യക്തമായ ദൃഷ്ടാന്തങ്ങളത്രെ ഇത് (ഖുർആൻ). അധർമ്മകാരികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല.'' (അൻകബൂത്ത് 48, 49)

നുബുവ്വത്തിന്റെ മുമ്പ്

എഴുത്തും വായനയും മാത്രമല്ല, മതകാര്യങ്ങളൊന്നും തന്നെ പ്രവാചകത്വത്തിന്നുമുമ്പ് അദ്ദേഹത്തിന്നറിഞ്ഞുകൂടായിരുന്നു. ഖുർആൻ ഇങ്ങിനെ പറയുന്നു:

''അങ്ങിനെ നമ്മുടെ കൽപന പ്രകാരം ഒരു ചൈതന്യം നാം ദിവ്യബോധനമായി താങ്കൾക്ക് നൽകി. ഗ്രന്ഥമെന്താണെന്നോ ഈമാനെന്താണെന്നോ താങ്കൾക്കറിവുണ്ടായിരുന്നില്ല. എന്നാൽ നാം അതൊരു വെളിച്ചമാക്കിയിരിക്കുകയാണ്. നമ്മുടെ അടിമകളിൽനിന്നു നാമുദ്ദേശിക്കുന്നവരെ അതിലൂടെ നാം നേർവഴിയിലാക്കുന്നു. താങ്കൾ ചൊവ്വായ വഴിയിലേക്ക് തന്നെയാണ് മാർഗ്ഗദർശനം നൽകുന്നത്.'' (ശൂറാ 52).

നുബുവ്വത്ത് അപ്രതീക്ഷിതം

അപ്രതീക്ഷിതമായാണ് ജിബ്രീൽ (അ) തിരുസന്നിധിയിൽ വന്നത്. നാൽപതു വയസ്സായപ്പോൾ, ഏകാന്ത ധ്യാനത്തിന്നു ആഗ്രഹം തോന്നുകയും, കാണുന്ന സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യമായി പുലരാൻ തുടങ്ങുകയും ചെയ്തിരുന്നുവെന്നത് മാത്രമാണ് നുബുവ്വത്തിന്നു മുമ്പുണ്ടായിരുന്ന പ്രത്യക്ഷ ലക്ഷണങ്ങൾ.

ഈ സംഭവം വിവരിക്കുന്നേടത്ത് പല ആധുനിക എഴുത്തുകാർക്കും അബദ്ധം വന്നുപോയിട്ടുണ്ട്. അറബികളെ ഉദ്ധരിക്കാൻ പ്ലാനിട്ടു കൊണ്ടായിരുന്നു മുഹമ്മദ്നബി(സ) ഹിറാ ഗുഹയിൽ ഇരുന്നതെന്നും, ആ പ്ലാനിന്റെ പര്യവസാനമാണ് നുബുവ്വ

അറബികളെ ഉദ്ധരിക്കാൻ പ്ലാനിട്ടുകൊണ്ടായിരുന്നു മുഹമ്മദ് നബി ഹിറാ ഗുഹയിൽ ഇരുന്നതെന്നും, ആ പ്ലാനിന്റെ പര്യവസാനമാണ് നുബുവ്വത്തെന്നും, അദ്ദേഹം തേടിയ വെളിച്ചമാണ് അതിലൂടെ ലഭിച്ചതെന്നുമൊക്കെ ഇസ്ലാമിന്റെ ശത്രുക്കൾ എഴുതിയിട്ടുണ്ട്. ചില മുസ്ലാം എഴുത്തുകാരും അതേററു പറയുന്നു. തികച്ചും സത്യവിരുദ്ധമായ ഒരു നിഗമനം മാത്രമാണത്

KERALA HERITAGE CENTER KALPAKANCHERY

ത്തെന്നും, അദ്ദേഹം തേടിയ വെളിച്ചമാണ് അതിലൂടെ ലഭിച്ചതെന്നുമൊക്കെ ഇസ്‌ലാമിൻെറ ശത്രുക്കൾ എഴുതിയിട്ടുണ്ട്. ചില മുസ്‌ലിം എഴുത്തുകാരും അതേററു പറയുന്നു. തികച്ചും സത്യവിരുദ്ധമായ ഒരു നിഗമനം മാത്രമാണത്. ഖുർആൻ ഇങ്ങിനെ പറയുന്നു:

''താങ്കൾക്ക് ഗ്രന്ഥം നൽകപ്പെടുമെന്നു താങ്കൾ പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നില്ല. താങ്കളുടെ നാഥൻെറ കാരുണ്യമത്രെ അത്. അതിനാൽ താങ്കൾ അവിശ്വാസികൾക്ക് സഹായിയായിരിക്കരുത്.'' (ഖസസ്: 86).

നുബുവ്വത്തിൻെറ ആരംഭചരിത്രം ഇമാം ബുഖാരിയും മററും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. നബി (സ) ഖുർആൻെറ ആദ്യവാചകങ്ങൾ കേട്ട് പേടിച്ചു വിറച്ചു പ്രിയ പത്നി ഖദീജ(റ)യുടെ അരികിൽ ചെന്നു, പുതപ്പിട്ടു മൂടാനാവശ്യപ്പെട്ടു; വിശ്രമിച്ചു. നബി(സ) പ്ലാനിടുകയോ ആശിക്കുകയോ ചെയ്തതാണ് ദിവ്യബോധനമെങ്കിൽ ഈ പേടിയും വിറയലുമൊന്നും ഉണ്ടാകുമായിരുന്നില്ല.

നബി (സ) ക്ക് നുബുവ്വത്തിന്നു മുമ്പുതന്നെ ഒരു മാർഗ്ഗദർശകനും സമുദായോദ്ധാരകനുമാവാനുള്ള ആവേശവും ഉൽസാഹത്തള്ളിച്ചയുമൊക്കെയുണ്ടായിരുന്നുവെന്നും, അറബികളുടെ ശോചനീയാവസ്ഥയിൽ മനമുരുകിയുണ്ടായ വികാരമാണ് അദ്ദേഹത്തെ ഹിറാഗുഹയിലിരിക്കാൻ പ്രേരിപ്പിച്ചതെന്നുമൊക്കെ ഇസ്‌ലാമിക ജ്ഞാനം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ പുസ്തകങ്ങളും മാസികകളും വാരികകളും പ്രസിദ്ധീകരിക്കുന്ന പലരും എഴുതുന്നു. തിരുമേനിയുടെ മഹത്വത്തിന്ന് മാററുകൂട്ടാൻ അങ്ങിനെയൊക്കെ പറയേണ്ടത് ആവശ്യമാണെന്ന് അവർ തെററിദ്ധരിച്ചപോലെയുണ്ട്. അത് ശരിയല്ല. ജനങ്ങളുടെ ചീത്ത നടപടികൾ കാണുന്നതിന്ന് നുബുവ്വത്തിന്നു മുമ്പ് നബി (സ) ക്കവസരമുണ്ടായിരുന്നില്ല. അതിൽനിന്നദ്ദേഹത്തെ പലപ്പോഴും അല്ലാഹു രക്ഷിച്ചിട്ടുണ്ട്. ചില തമാശകളിലും മററും പങ്കെടുക്കാനുദ്യമിച്ച സന്ദർഭങ്ങളിൽ അതിന്നു കഴിയാനിരിക്കത്തക്കവിധം അദ്ദേഹത്തെ ഉറക്കിക്കളഞ്ഞിട്ടുണ്ട്.

ചീത്ത കാര്യങ്ങളിൽ പൊതുവെ താൽപര്യമില്ലാത്തവനാക്കിയും, വല്ലപ്പോഴും അത്തരം കാര്യങ്ങളിൽ പങ്കെടുത്തേക്കാനുള്ള സാഹചര്യമുണ്ടാകുന്ന പക്ഷം അതിൽനിന്നു തടഞ്ഞുനിർത്തിയുംകൊണ്ട് പരിശുദ്ധമായ ഒരു ജീവിതത്തിൻെറ ഉടമയും, ജനങ്ങൾ വിളിച്ചു വന്നിരുന്നതുപോലെ അൽ—അമീനും (വിശ്വസ്തനും) ആയി അദ്ദേഹത്തെ അല്ലാഹു മുൻകൂട്ടി വാർത്തെടുക്കുകയാണുണ്ടായത്.

അറബികൾ പതിവാക്കിയിരുന്ന കവിതാ — സാഹിത്യ മൽസരങ്ങളിലോ മറേറാ അദ്ദേഹം തീരെ പങ്കെടുത്തിരുന്നില്ല. അല്ലാഹു അരുളുന്നു:

'നാം അദ്ദേഹത്തെ കവിത പഠിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്നതു യോജിക്കുകയുമില്ല.' (യാസീൻ:67) കലാ-സാഹിത്യ രംഗത്ത് നബി (സ) ക്കുണ്ടായിരുന്ന വിമുഖത തെളിയിക്കുന്നത് നുബുവ്വത്തിൽ അദ്ദേഹത്തിന്നു യാതൊരു പങ്കുമില്ലെന്നാണ്. ഖുർആൻ

KERALA HERITAGE CENTER KALPAKANCHERY

അതിലേക്ക് വിരൽ ചൂണ്ടുന്നത് കാണുക:

'നമ്മുടെ ദൃഷ്ടാന്തങ്ങൾ വ്യക്തമായ നിലയിൽ അവർക്ക് കേൾപ്പിക്കപ്പെടുമ്പോൾ നാമുമായി കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവർ പറയും:- 'ഇതല്ലാത്ത മറ്റൊരു ഖുർആൻ കൊണ്ടുവരിക. അല്ലെങ്കിൽ ഇതൊന്ന് ഭേദഗതി ചെയ്യുക' എന്ന്. പറയുക: 'എനിക്ക് സ്വന്തനിലയിൽ ഭേദഗതി ചെയ്യാൻ നിർവ്വാഹമില്ല. എനിക്ക് ദിവ്യബോധനം നൽകപ്പെടുന്നതിനെ പിന്തുടരുക മാത്രമാണ് ഞാൻ ചെയ്യുന്നത്. എന്റെ നാഥനോട് ഞാൻ അനുസരണക്കേട് കാണിച്ചാൽ ഒരു ഭയങ്കര നാളിലെ ശിക്ഷ ഞാൻ ഭയപ്പെടുന്നു.' പറയുക: 'അല്ലാഹുവെങ്ങനും മറിച്ചായിരുന്നു ഉദ്ദേശിച്ചതെങ്കിൽ ഞാൻ നിങ്ങൾക്ക് ഇത് ഓതിത്തരുമായിരുന്നില്ല. അവനെക്കുറിച്ച് നിങ്ങളെ അറിയിക്കുകയും ചെയ്യുമായിരുന്നില്ല. ഇതിന്നു മുമ്പ് ഞാൻ നിങ്ങൾക്കിടയിൽ കുറെക്കാലം ജീവിച്ചുവല്ലോ. എന്നിട്ടും നിങ്ങൾ ചിന്തിക്കുന്നില്ലേ?' (യൂനുസ് 15, 16)

നാൽപതുകൊല്ലം ഞാൻ നിങ്ങൾക്കിടയിൽ ജീവിച്ചു. അതിനിടയിൽ എന്തെങ്കിലും ഇതുപോലെയുള്ളൊരു ആശയമോ ഖുർആൻ പോലെയുള്ള വാക്യങ്ങളോ ഞാൻ പറഞ്ഞിരുന്നുവോ? എന്നു ചോദിക്കാനാണ് നബി (സ) യോട് അല്ലാഹു ആവശ്യപ്പെടുന്നത്.

ഇസ്ലാമിന്റെ ശത്രുക്കൾ തിരുമേനിയുടെ നുബുവ്വത്ത് ലോകത്ത് വരുത്തിയ പരിവർത്തനങ്ങളും വിജയവും കണ്ടമ്പരന്നു. അതു ഖുർആന്റെ മഹത്വമാണെന്നു മനസ്സിലാക്കാനും, അതുവഴി ഖുർആനുൾക്കൊള്ളാനും ശ്രമിക്കുന്നതിന്ന് പകരം വേറെ ചില കാരണങ്ങൾ കണ്ടെത്താനാണ് അവർ പാടുപെട്ടത്. അതും പരാജയപ്പെട്ടു. അസൂയനിമിത്തം തിമിരംബാധിച്ച അക്കൂട്ടർ ലോകത്തുണ്ടായിട്ടുള്ള പല ചിന്തകരുടെയും പരിഷ്ക്കർത്താക്കളുടെയും ജീവിതം പോലെയാണ് തിരുമേനിയുടെ ജീവിതവുമെന്ന് വരുത്താൻ പാഴ്ശ്രമം നടത്തി. അങ്ങിനെയാണ് മുമ്പ് തന്നെ ഒരു പരിഷ്ക്കർത്താവും മാർഗ്ഗദർശിയുമായിത്തീരുവാനുള്ള ആവേശവും വികാരവും മുഹമ്മദ് നബി (സ)ക്കുണ്ടായിരുന്നുവെന്ന വാദം പ്രചരിച്ചത്. ഇസ്ലാമിന്റെ ശത്രുക്കൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന അത്തരം പൊള്ളവാദങ്ങളും സങ്കൽപങ്ങളും ഇന്നു അന്തരീക്ഷത്തെ മലീമസമാക്കിയിരിക്കുകയാണ്. ചില മുസ്ലിം എഴുത്തുകാരും അതിൽ വഞ്ചിതരായി ആ വാദങ്ങൾ ഏറ്റു പാടിത്തുടങ്ങിയിരിക്കുന്നു. ഖുർആൻ അതെപ്പറ്റി എന്തു പറയുന്നുവെന്നു ചിന്തിക്കാൻ അവൻ തയ്യാറായെങ്കിൽ ഈ അബദ്ധം പിണയുമായിരുന്നില്ല.

ചുരുക്കത്തിൽ, നബി(സ) അക്ഷരജ്ഞാനം നേടിയിരുന്നില്ല. ഒറ്റഗ്രന്ഥവും വായിക്കുകയോ വായിപ്പിക്കുകയോ എഴുതുകയോ എഴുതിക്കുകയോയോ ചെയ്തിരുന്നില്ല. അദ്ദേഹം ഒരു കവിയായിരുന്നില്ല; ഗ്രന്ഥത്തെക്കുറിച്ചോ ഈമാനിനെപ്പറ്റിയോ നുബുവ്വത്തിന്നു മുമ്പ് അദ്ദേഹത്തിന്നു യാതൊരു വിവരവുമുണ്ടായിരുന്നില്ല. നുബുവ്വത്ത് തിരുമേനിയെ സംബന്ധിച്ചേടത്തോളം യാദൃശ്ചികവും അപ്രതീക്ഷിതവുമായിരുന്നു. അദ്ദേഹം അതാശിക്കുകയോ പ്രതീക്ഷിക്കുകയോ ചെ

KERALA HERITAGE CENTER KALPAKANCHERY

യ്തിരുന്നില്ല. ഈ നിലക്ക് നബി (സ)യുടെ യാതൊരു കഴിവും അറിവും കൂടാതെ, മനുഷ്യവംശം മുഴുവൻ ശ്രമിച്ചാലും കൊണ്ടുവരാൻ കഴിയാത്ത ഒരു ഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചു എന്നത് വളരെ വലിയ അൽഭുതമായിത്തന്നെ നിലനിൽക്കുന്നു.

വ്യത്യസ്ത പരിതസ്ഥിതികളിൽ, വിവിധ രംഗങ്ങളിൽ വിഭിന്ന സംഭവങ്ങൾക്കനുസൃതമായി ഇരുപത്തിമൂന്നു വർഷങ്ങളിലായാണ് ഖുർആന്റെ അവതരണം പൂർത്തിയായത്. മററു വേദഗ്രന്ഥങ്ങളെപ്പോലെ ഒററ ഗ്രന്ഥമായി ഇതെന്തുകൊണ്ടവതരിപ്പിക്കപ്പെട്ടില്ല? എന്നത് ശത്രുക്കളുടെ ഒരു പ്രധാന ചോദ്യമായിരുന്നു. ഖുർആൻ പറയുന്നത് കാണുക:

''അവിശ്വാസികൾ പറഞ്ഞു:'' എന്തുകൊണ്ടു ഖുർആൻ ഒററസംഹിതയായി അയാൾക്ക് ഇറങ്ങിയില്ല? ''എന്നും (അതെ) അപ്രകാരം താങ്കളുടെ മനസ്സിനെ ഉറപ്പിച്ചു നിറുത്താൻ വേണ്ടി നാം അതിനെ ക്രമേണയായും സാവധാനത്തിലുമാക്കിത്തീർക്കുന്നു." (ഫുർഖാൻ: 32).

അപ്പപ്പോഴുണ്ടാവുന്ന പ്രശ്നങ്ങളിൽ വിധി പറയാനും ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ദൂരീകരിക്കാനും, ശത്രുക്കളുടെ ആരോപണങ്ങൾക്ക് മറുപടി പറയാനും, സത്യവിശ്വാസികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകാനുമൊക്കെ ക്രമേണയായുള്ള ഈ അവതരണരീതി സഹായിച്ചിട്ടുണ്ട്. ലോകചരിത്രത്തിൽ കുറെ നൂററാണ്ടുകൾ മാത്രം സംഭവിക്കാവുന്നത്ര കൂടുതൽ പ്രശ്നങ്ങളും സങ്കീർണ്ണതകളും ഈ ഇരുപത്തിമൂന്നു വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുണ്ടെന്നത് അൽഭുതകരമായിരിക്കുന്നു. ഓരോ സംഭവത്തിനുമനുസരിച്ചാണ് കൂടുതൽ ആയത്തും ഇറങ്ങിയതെന്നത് കൊണ്ടു തത്തുല്യമായ പ്രശ്നങ്ങളുണ്ടാകുമ്പോൾ പരിഹാരം കാണാൻ ഇന്നും അത്തരം നിയമങ്ങൾ പുത്തനായിത്തന്നെ നിലനിൽക്കുന്നുവെന്നു അൽഭുതപ്പെടാനും ഇടയാകുന്നു. ഇതുകൊണ്ടൊക്കെത്തന്നെ ഇരുപത്തിമൂന്നു വർഷങ്ങൾകൊണ്ടു ക്രമേണയായുള്ള ഖുർആന്റെ അവതരണവും ഒരു മഹാശ്ചര്യമായി നിലനില്ക്കുന്നു.

വള്ളി പുള്ളി വ്യത്യാസമില്ലാതെ അന്ത്യനാൾവരെ സംരക്ഷിക്കപ്പെടുന്ന ഗ്രന്ഥം

അല്ലാഹു പറയുന്നു:

'നിശ്ചയമായും നാമാണ് ഈ സന്ദേശം ഇറക്കിയത്; നാം തന്നെ അതു സംരക്ഷിക്കുന്നതുമാണ്; തീർച്ച.'

ഖുർആൻ അല്ലാഹു കാത്തുസൂക്ഷിച്ചത് പ്രധാനമായും മനുഷ്യഹൃദയങ്ങളിലായിരുന്നു. അതിന്നു പുറമെ ഓരോ കൂട്ടം ആയത്തുകളിറങ്ങുമ്പോഴും അത് ഏതു സൂറയിൽ പെട്ടതാണെന്നും ഇന്ന ആയത്തിന്റെ ശേഷമാണെന്നും നബി(സ) പറഞ്ഞിരുന്നു. ഹൃദയങ്ങളിൽ സൂക്ഷിക്കുന്നതിന്നു പുറമെ എഴുതുവാനും ഏർപ്പാട് ചെയ്തിരുന്നു. അന്യവചനങ്ങൾ ഖുർആനായത്തുമായി കലരാതിരിക്കണമെന്നും നിഷ്കർഷയുണ്ടായിരുന്നതിനാൽ ഖുർആനോടുകൂടെ മറെറാന്നും എഴുതിവെക്കരുതെന്നും നബി(സ) കൽപിച്ചു. ആധുനിക കാലത്തെപ്പോലെ കടലാസ്സ് ലഭ്യമല്ലാത്ത അന്ന് ഈത്തപ്പനത്തണ്ടുക

(ബാക്കി 14-ാം പേജിൽ)

KERALA HERITAGE CENTER KALPAKANCHERY

ഒരു പാട് മുസ്ലിം പെണ്ണുങ്ങളെ
ഈണത്തിൽ ''അം ഹബ്ബത്തിരിഹു മിൻ
തിൽഖാഇകാസിമത്തിൽ........................''
അങ്ങനെ പാടി ഞാൻ പ്രസവിപ്പിച്ചിട്ടുണ്ട്.

വൈക്കം മുഹമ്മദ് ബഷീർ എഴുതുന്നു...

പ്രിയപ്പെട്ട അഹ്മദ് മൗലവി സാഹിബ്,

താങ്കൾ എന്റെ പേർക്കയച്ച കത്ത് അനേക രാജ്യങ്ങളിൽ ചുററിക്കറങ്ങി. ഒടുവിൽ ഇന്നിപ്പോൾ എന്റെ കയ്യിൽ കിട്ടി. ഒരു പാട് രോഗങ്ങളുമായി അവശനായി മരിക്കാൻ പാകത്തിൽ ഇരിക്കുകയാണ് ഞാൻ. ഭയങ്കര ക്ഷീണം. എവിടെയെങ്കിലും ചുരുണ്ടുകൂടി കിടക്കാനാണ് തോന്നുന്നത്. നിവർന്ന് ഇരിക്കാൻ വിഷമം; വേദന; എഴുതാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും എഴുതണമല്ലോ.

കേരളത്തിലെ മുസ്ലിം ഉൽപതിഷ്ണുക്കളെ പ്രതിനിധീകരിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങളെപ്പററി എനിക്കറിയാം. ഞാൻ ശ്രദ്ധിക്കുന്നുണ്ട്. പ്രസിദ്ധീകരണങ്ങൾ എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്നു. നല്ലത്. പ്രവർത്തനങ്ങൾ വിജയിപ്പിച്ചുതരാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നുമുണ്ട്. പ്രാർത്ഥന മാത്രം പോരല്ലോ, പ്രവർത്തിക്കണം.

മുജാഹിദ് സമ്മേളനം വിജയിക്കട്ടെ. സുവനീറിലേക്ക് യാഥാസ്തിതിതികതയെ വിമർശിച്ചുകൊണ്ടുള്ള ലേഖനം - ഒരുപാട്, ഒരുപാട് എഴുതാനുണ്ട്. ഞാൻ പറഞ്ഞല്ലോ ആരോഗ്യം ശരിയല്ലെന്ന്. വയസ്സും കുറെയായി. ഏത് നിമിഷത്തിലും മരിക്കാം. വരട്ടെ മരണം!

ഞാൻ വളരെ പുരാതീനമായ ഒരു മുസ്ലിം കുടുംബത്തിലാണ് ജനിച്ചത്. എന്റെ ബാപ്പയുടെ ബാപ്പ - വെളുത്തു ചുവന്ന പൊക്കക്കാരനായ എന്റെ ഉപ്പാപ്പ. പൊക്കിളുവരെ വെള്ളത്താടി. ദേഷ്യം വരുമ്പോൾ പിന്നെ വർത്തമാനം അറബി ഭാഷയിലാണ്. നമസ്കാരം, നോമ്പ് എല്ലാം കടുകട്ടി,

KERALA
HERITAGE
CENTER
KALPAKANCHERY

എൻെറ ബാപ്പയും ഉമ്മയും സാലിഹീങ്ങളായിരുന്നു. ഉമ്മക്ക് മലയാളം എഴുതാനും വായിക്കാനും അറിഞ്ഞുകൂടായിരുന്നു. ബാപ്പക്ക് കഷ്ടിച്ച് അറിയാം. ലേശം ബോധവുമുണ്ടായിരുന്നു. എന്നെയും എൻെറ അനുജനെയും മലയാളം പഠിക്കാൻ അയച്ചു. മലയാളത്തിന്നു ശേഷം എന്നെ ഇംഗ്ളീഷ് പഠിക്കാനും. ഈ കാലത്ത് മുസ്ലിമിന്ന് മലയാളവും ഇംഗ്ളീഷും പഠിക്കാൻ വിലക്കുണ്ടായിരുന്നു. അല്ലാഹുവിന്നറിയാവുന്ന ഏക ഭാഷയാകുന്നു അറബ്. അതിലാണ് പരിശുദ്ധ ഖുർആൻ ഇറങ്ങിയത്. അതുമാത്രം പഠിച്ചാൽ മതി. എട്ടു വയസ്സിന്നു മുമ്പുതന്നെ ഖുർആൻ വായിക്കാൻ പഠിച്ചുകഴിഞ്ഞു. ശനിയാഴ്ചയും ഞായറാഴ്ചയും ഒരു മുസ്ല്യാർ വീട്ടിൽ വന്ന് കിത്താബ് പഠിപ്പിക്കും. 'ഓതുക' എന്ന് കരുതിക്കൂട്ടി ഞാൻ വിട്ടതാണ്. പഴമക്കാരായ മുസ്ലിമീങ്ങളുടെയും, മുസ്ല്യാക്കന്മാർ, തങ്ങന്മാർ, ശൈഖന്മാർ എന്നിവരുടെയും വളരെ വളരെ പരിശുദ്ധമായ ദിവ്യ വാക്കാണ് 'ഓതുക' എന്നത്. ഇതെവിടെനിന്നു് കിട്ടി? വളരെ ദൂരെപ്പോകണ്ട. തുളു, കർണ്ണാടകം, എന്നീ ഭാഷകളിൽനിന്നാണ്. ഓതുക ഓതിത്തവർ–മുതലായവ. അതുപോലെ 'തങ്ങൾ' ഇതും പരിശുദ്ധവും ദിവ്യവുമാണ്! മധുസൂദനൻ തങ്ങൾ, അഗ്നിഹോത്രൻ തങ്ങൾ, ദേവരായൻ തങ്ങൾ – ഇവരാരും മുഹമ്മദ് നബിയുടെ കുടുംബക്കാരല്ല! അതുപോകട്ടെ, ഞാൻ മലയാളം പഠിക്കുന്ന കാലത്ത്, മലഞ്ചാളം, ആരിയനെയിത്ത്, എന്നൊക്കെ വേണമായിരുന്നു പറയേണ്ടിയിരുന്നത്. മലയാള ഭാഷയെ എങ്ങിനെയെല്ലാം വികൃതമാക്കാമോ, അങ്ങിനെയെല്ലാം വികൃതമാക്കിയിരുന്നു. വയി, കുയി, പൊയ, പായ, കോയി, മയ, ഒൽപ, പാരിത്തം, ആഹാജം, നഷ്കീദ്രോം– ഇതൊക്കെയായിരുന്നു 'സാലിഹായ' 'പയക്കങ്ങൾ'. ആകാശം, നക്ഷത്രം എന്നെങ്ങാനും പറഞ്ഞാൽ കാഫിറായി നരകത്തിൽ 'ഒയിൽ' എന്ന ചരുവിലാണ് കിടന്ന് വെന്തുപൊരിയുന്നത്! 'ഖോജ രാജാവായ തമ്പുരാനെ, ചെരിയായ മലയാളത്തിൽ പയക്കം പറേണ അഹ്ലുകാരുടെ കൂട്ടത്തി ഞങ്ങള പെടുത്തല്ലായീ'! എന്ന് അല്ലാഹുവിനോട് അഞ്ചു നേരവും 'ദുആ ഇരക്കുന്ന' മുസ്ല്യാക്കന്മാരും, തങ്ങന്മാരും, ശൈഖന്മാരും ഉണ്ടെന്ന് ശ്രീ: പി. എ. സൈതു മുഹമ്മദ് എന്നോട് പറഞ്ഞിട്ടുണ്ട്. ഇസ്ലാമിന്നും, മലയാള ഭാഷക്കും ചരിത്രത്തിനും വേണ്ടി ഒരുപാട് പ്രവർത്തിച്ചിട്ടുള്ള ആളാണ് പി. എ. സെയ്തു മുഹമ്മദ്. അദ്ദേഹം മരിച്ചു പോയി. അദ്ദേഹത്തിൻെറ ആത്മാവിന് അല്ലാഹു നിത്യശാന്തി നൽകട്ടെ.

ചെറുപ്പത്തിൽ മലയാളം സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് ഞാൻ ഒരു ചിന്ന ശൈഖായിരുന്നു. തലയിലെ മുടി പററെ വടിപ്പിച്ച്, ശരിക്ക് ഉരക്കടലാസിട്ടു മിനുക്കി, ആറുപൂവിൻെറ തൊപ്പിയുമിട്ട്, കണങ്കാലുകളിൽനിന്ന് ആറിഞ്ചു മുകളിൽ നിൽക്കത്തക്കവണ്ണം മുണ്ടുടുത്ത്, അങ്ങിനെ 'നണ്ണിഫത്തോ'ടെ നടന്നിരുന്നു. കക്ഷത്തിൽ തടിയൻ 'മൗലൂദുക്കിത്താബ്' അതിൽ എന്തൊക്കെയാണുള്ളത്. തൗബാ, മങ്കൂസ് മൗലൂദ്, ഹദ്ദാദ്റാത്തീബ്, രിഫാഇമാല, ബദർമാല, മുഹ്യിദ്ദീൻമാല, ബുർദ– മുതലായവ. ഒരുപാട് മുസ്ലിം പെണ്ണുങ്ങളെ ഈണത്തിൽ 'ദരം, ഹബ്ബത്തി രീഹു, മിൻ തിൽകായി ഖാ സിമത്തിൻ...' അങ്ങനെ പാടി ഞാൻ പ്രസവിപ്പിച്ചി

KERALA HERITAGE CENTER KALPAKANCHERY

ട്ടുണ്ട്. പെണ്ണ് നോവ്കെട്ടി അകത്ത് ഞെളിപിരികൊള്ളുന്നു. ചന്ദനം, സാമ്പ്രാണി എന്നിവ പുകച്ചുള്ള സുഗന്ധ പുകയോടെ ഞാൻ ഭക്തിപൂർവ്വം ബുർദ വായിക്കുന്നു. ആണുങ്ങളും ഭക്തിയോടെ എന്റെ ചുററും. ഭക്തി നിറഞ്ഞ ദിവ്യമായ അന്തരീക്ഷം. ബുർദ വായന കേട്ടുള്ള ലഹരിയിൽ പെണ്ണ്, 'പ്ളുക്കോ!' എന്ന് പ്രസവിക്കുന്നു. കുഞ്ഞ് മ്യാക്ക് മ്യാക്ക് എന്ന് 'യശചോടെ' കരയുന്നു. എങ്ങും ആഹ്ളാദം!! അൽഹംദുലില്ലാഹി. പത്തിരിയും, കോഴി ഇറച്ചിയും കറുക്കൻ പാൽ ചായയും. കൈമടക്കു വാങ്ങാറില്ല. ചിന്നശൈഖാണല്ലോ?

'മൗലൂദുക്കിത്താബിന്റെ ആശനാണ് ഞാനെന്ന് ഓർക്കാൻ അപേക്ഷ. മങ്കൂസ് മൗലൂദ്, ഹദ്ദാദ് റാത്തീബ്, ബുർദ, മുഹ്യിദ്ദീൻമാല_എന്നിവയിൽ ഏതെങ്കിലും വായിച്ച്, പത്തിരിയും ഇറച്ചിയും കുറുക്കൻ പാൽചായയും, കഴിച്ചു കൈകഴുകി, ദുആഇരന്ന്, രാത്രിയിൽ ചൂട്ടുകത്തിച്ച് തെളിച്ച്, പാലവും, വരമ്പും, കടമ്പയും ഒക്കെ കടന്ന് ഞാൻ വീട്ടിൽ വരും. ആ കാലത്ത്, അല്ലാഹുവിന്റെ താമസം നാലാൻ ആകാശത്തോ ഏഴാൻ ആകാശത്തോ മറേറാ ആണ്! അല്ലാഹുവിനോട് വല്ലതും പറയണമെങ്കിൽ, അത് മുഹ്യാദ്ദീൻ ശൈഖ് വഴിയാണ് പറഞ്ഞയച്ചിരുന്നത്. ഇട തേട്ടത്തിന്റെ സെമാനിണ്, ഒരു ജഡ്ജിയോട് നമ്മുടെ കാര്യം പറയാൻ എപ്പോഴും ഒരു വക്കീലു വേണം. ന്യായമാണ്. അല്ലാഹു ജഡ്ജി. മുഹ്യിദ്ദീൻ ശൈഖ് വക്കീൽ, ഞാൻ പ്രതി. ഇങ്ങനെ കാലം കഴിഞ്ഞുവന്നു. അപ്പോൾ എനിക്ക് ഒഹിയല്ല, ഒരു ചെറിയ വെളിപാടുണ്ടായി. ഇട തേട്ടത്തിന്റെത് ശൈത്താൻ ന്യായമാണ്!

പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളെയും സൃഷ്ടിച്ച അല്ലാഹ് എന്റെ തൊട്ടടുത്തുണ്ട്. 'ഞാൻ നിന്റെ പിടലി ഞരമ്പിനേക്കാൾ അടുത്താകുന്നു സ്ഥിതി ചെയ്യുന്നത്.' അല്ലാഹു ഖുർആനിലൂടെ പറയുന്നു. എനിക്ക് നേരിട്ട് അല്ലാഹുവിനോട് പറയാം. എന്റെ കാര്യം പറയാൻ മുഹ്യിദ്ദീൻ ശൈഖ് വേണ്ട. ഈ പ്രപഞ്ചത്തിൽ ആരുംതന്നെ വേണ്ട! 'ഞാൻ ആരുടെയും ശുപാർശ കേൾക്കുന്നവനല്ല.' അപ്പോഴോ? നേരെ പറയുകയേ വഴിയുള്ളു. ഇതൊക്കെ ഇപ്പോൾ. പണ്ട് ഇങ്ങനെ ആയിരുന്നില്ല. അന്ന് എല്ലാ കാര്യത്തിനും മുഹ്യിദ്ദീൻ ശൈഖ് വേണ്ടിയിരുന്നു. വിളിച്ചാൽ വിളിപ്പുറത്ത് ഹാജരാവുന്നവരാണ് അദ്ദേഹം. പച്ചക്കുതിരപ്പുറത്ത്, പച്ച ഉടുപ്പും, പച്ച തലേക്കെട്ടുമായി, പച്ച ചൂരൽ വീശി വരും! രാത്രിയിൽ രണ്ടു വരിയായി ഇരുന്ന് ഹാലിളക്കത്തോടെ റാത്തീബ് കഴിഞ്ഞു നടുക്കു പായയിൽ പച്ചരിപ്പൊടി തൂവി വിളക്കണച്ച് ദിക്റോടെ, കാത്തിരിക്കും. മുഹ്യിദ്ദീൻ ശൈഖ്, മെതിയടിപ്പുറത്ത് അരിപ്പൊടിയിലൂടെ നടക്കുമെന്ന പ്രതീക്ഷയോടെ, വിളക്ക് കൊളുത്തി അരിപ്പൊടിയിൽ നോക്കും. മെതിയടിയുടെ അടയാളമുണ്ടോ? ഞാൻ ഒരിക്കലും കണ്ടിട്ടില്ല. പഴയ അരിപ്പൊടിതന്നെ!

മശൈഖ് മുഹ്യിദ്ദീൻ അബ്ദുൽ ഖാദർ ജൈലാനി മഹാനായിരുന്നു. അതുപോലെ ഒരുപാട് മഹാന്മാർ ഇസ്ലാമിൽ ഉണ്ടായിട്ടുണ്ട്. ശൈഖ് മുഹ്യിദ്ദീൻ മരിച്ചിട്ട് കുറേ നൂററാ

KERALA HERITAGE CENTER KALPAKANCHERY

ണ്ടുകളായി. ബാഗ്ദാദിലാണെന്ന് തോന്നുന്നു. അദ്ദേഹത്തെ ഖബറടക്കിയിരിക്കുന്നത്. അദ്ദേഹത്തെ സ്തുതിച്ചും, അദ്ദേഹം പ്രവർത്തിച്ച അൽഭുത ചെയ്തികളെ വർണ്ണിച്ചുമുള്ള പാട്ടാണല്ലോ മുഹ്യിദ്ദീൻ മാല. ഞാൻ, അതിൻെറയും ആശാനായിരുന്നു: പിന്നെ 'തൗബ', പാപികളായ ഒരുപാട് മുസ്ലിം സ്ത്രീകൾക്കും പുരുഷൻമാർക്കും കുട്ടികൾക്കും ഞാൻ തൗബ ചൊല്ലിക്കൊടുത്ത് കരയിപ്പിച്ച്, പാപവിമുക്തരാക്കിയിട്ടുണ്ട്. ഞാൻ പറഞ്ഞില്ലെ, അന്നു ഞാൻ ചിന്ന ശൈഖ് തന്നെ ആയിരുന്നു. ഞാൻ മലയാളം സ്ക്കൂളിൽനിന്ന് ഇംഗ്ലീഷ് സ്ക്കൂളിൽ ചേർന്നു. മുണ്ടും ഷർട്ടും, കറുത്ത തൊങ്ങലുകളുള്ള കരിമ്പൻ ചുമപ്പ് തുർക്കിത്തൊപ്പി. അപ്പോഴും ചിന്ന ശൈഖുതന്നെ. പക്ഷേ, ഒരു വ്യത്യാസം: മലഞ്ചാളം, ആര്യൻ എളുത്ത്, ആരിയൻ എയിത്ത്–എന്നീ 'ഫത്വകൾ' ഞാൻ വകവയ്ക്കാതായി. മലയാളം ശുദ്ധമായ വാക്കുകൾ ഉച്ചരിച്ചുതുടങ്ങി. അപ്പോഴും സന്ധ്യക്ക് മുഹ്യിദ്ദീൻ മാല ചൊല്ലും. 'കൈബിരൽ ശൂട്ടാക്കി കാട്ടീ നടന്നോവരാ'ണല്ലോ? ഒരു സന്ധ്യ നിസ്ക്കാരം കഴിഞ്ഞു എൻെറ ഉമ്മ നിസ്ക്കാരപ്പായിൽ 'മക്കന' ഒക്കെ ഇട്ട് ഇരുന്ന് 'തസ്ബീഉൻ' മണികൾ ഉരുട്ടി 'ദിക്ർ' ചൊല്ലുന്നു. ഞാൻ വാതിൽക്കൽ വാരാന്തയിൽ നാൽക്കാലിപ്പലകയിൽ ഇരുന്ന് തലമറച്ച് ഭക്തിയോടെ 'മുഹ്യിദ്ദീൻമാല' ഓതുന്നു. അതിൽ, 'കോശിൻെറ മുള്ളോട് ക്കൂശെന്ന് ചൊന്നാരെ, കൂശാതെ കൂശി പറപ്പിച്ചുബിട്ടോവർ'. എന്ന വ്യത്തികെട്ട മലയാളത്തിൽനിന്ന്, വൃത്തിയുള്ള ശുദ്ധ മലയാളത്തിലാക്കി, 'ഓതി'. കോഴിയുടെ മുള്ളിനോട് കൂവാൻ പറഞ്ഞപ്പോൾ കൂവി പറപ്പിച്ചു വിട്ടോവർ എന്ന് 'ഓതിയ'പ്പോൾ എൻെറ പുന്നാര ഉമ്മ ഒരു ഗർജ്ജനം മാതിരി ആജ്ഞാപിച്ചു. 'എടാ, കിതാബിലൊള്ളത്പോലെ ഓത്'!

കോഴി എന്ന് പറഞ്ഞാൽ കാഫിറാകും! കോശി എന്ന്തന്നെ പറയണം! അല്ലെങ്കിൽ ഭയങ്കര നരകത്തിലെ തിളച്ചു മറിഞ്ഞു കത്തിക്കാളുന്ന 'ഒയിൽ' എന്ന ചരുവ്! 'ഫത്വ'കളുടെ കാലം! ചില്ലറയായും മൊത്തമായും ഫത്വകൾ ഇറക്കിക്കൊണ്ടിരുന്നു. ഫത്വകളുടെ കോട്ടക്കകത്തായിരുന്നു മലയാള മുസ്ലിമീങ്ങൾ എണ്ണൂറ് കൊല്ലം! ആരാണ് മിനുട്ടിനു മിനുട്ടിനു ഫത്വളിറക്കി പാവപ്പെട്ട മുസ്ലിം ജനതതിയെ ഭയപ്പെടുത്തി കാശു വാങ്ങി ജീവിതം നയിച്ചിരുന്നത്! സൗകര്യമുണ്ടെങ്കിൽ ഓർക്കാൻ അപേക്ഷ. ഞാൻ എൻെറ പാവപ്പെട്ട ഉമ്മയോട് തർക്കിച്ചില്ല. കോശിൻെറ മുള്ളോട് കൂശെന്ന് ചൊന്നാരെ, കൂശാതെ കൂശി പറപ്പിച്ച് ബിട്ടോവർ! എന്ന് തിരുത്തി വായിച്ചു!

ചെറുപ്പത്തിലെ മലയാള പാഠപുസ്തകത്തിൽനിന്ന്, ശിശുവായ ശ്രീകൃഷ്ണഭഗവാൻ വായ്പിളർന്ന്, വായ്ക്കകത്ത് പതിനാല് ലോകങ്ങൾ കാണിച്ച്, പേടിപ്പിച്ചത് ഞാൻ വായിച്ചിരുന്നു. ശ്രീകൃഷ്ണഭഗവാൻ മുതിർന്നപ്പോൾ മന്ധരയോ മറേറാ പർവ്വതം എടുത്ത് പൊക്കി കുടയായി പിടിച്ചതും! അല്ലാഹുവിൻെറ ദൂതനായ മുഹമ്മദ് നബിയെപ്പററി, മുസ്ലിം പള്ളിയങ്കണത്തിൽ, മുസ്ലിയാക്കൻമാരും, തങ്ങൻമാരും 'ബഅസ്' എന്ന രാത്പ്രസംഗത്തിലൂടെ മുസ്ലിം സമുദായത്തെ പഠിപ്പിച്ചിരുന്നു. പ്രപഞ്ചസൃഷ്ടിക്ക് മുമ്പ്, അ

KERALA HERITAGE CENTER KALPAKANCHERY

ല്ലാഹു മുഹമ്മദ് നബിയുടെ 'ഒളിവി'നെ സൃഷ്ടിച്ച്, 'ലൗഹി'ൽ വച്ചിരുന്നു. ആ ഒളിവ് പ്രപഞ്ചസൃഷ്ടിക്കു ശേഷം, മനുഷ്യ സൃഷ്ടിക്കു ശേഷം, ആദംനബി വഴി, നൂഹ്നബി വഴി, ഇബ്രാഹീം നബി വഴി—അങ്ങിനെ നബിമാർ വഴി ഒടുവിൽ അബ്ദുല്ലായുടെ മുതുകിൽവന്ന്, ആമിനാ ബീവി പെററു; മുഹമ്മദിനെ! നബിയുടെ നിഴലുണ്ടായിരുന്നില്ല; മേഘങ്ങൾ കുട പിടിച്ചിരുന്നു. നബി മണലാരണ്യത്തിൽ കക്കൂസ് ചെയ്യാൻ പോകുമ്പോൾ, സഹാബികൾ കാത്ത് നിന്നിരുന്നു; നബിയുടെ മലവും മൂത്രവും ഭക്ഷിക്കാൻ! പക്ഷെ, ഭൂമി നേരത്തെ വാപിളർന്ന് 'ഠപ്പേന്ന്' അതു ഭക്ഷിച്ചുകളയും!!. നബിയുടെ കാഷ്ടവും മൂത്രവും ഹലാലായിരുന്നു; ഖുർആൻ തർജമ ചെയ്യാൻ പാടില്ല. ഭൂമിയിലുള്ള മരങ്ങളെല്ലാം പേനയാക്കി; സമുദ്രങ്ങളായ സമുദ്രങ്ങളെല്ലാം മഷിയാക്കി, ഖുർആൻ തർജമ ചെയ്യാൻ തുടങ്ങിയാൽ, ഖുർആനിലെ രണ്ടു വാചകങ്ങൾ തർജമ ചെയ്തു തീരുന്നതിന് മുമ്പ്, ഭൂമിയിലെ മരങ്ങളായ മരങ്ങളെല്ലാം തീരും; സമുദ്രങ്ങളായ സമുദ്രങ്ങളെല്ലാം വററിപ്പോകുമേ! ഈ വിധമുള്ള ദിവ്യരഹസ്യങ്ങളെല്ലാം ഹൃദിസ്ഥമാക്കി, ഇംഗ്ലീഷ് സ്ക്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ എന്നെ കാഫിറാക്കിക്കൊണ്ട് ഒരു ഫത്വാ ഇറങ്ങി! സംഭവം മുടി!

ഞാൻ മുടി വളർത്തി, ക്രോപ്പ് ചെയ്യിപ്പിച്ച് മുടി ചീകി വക രണ്ട് സ്റൈറലായി നടക്കുന്നു! കാഫിറാകാൻ ഇനി വല്ലതും വേണോ? എന്റെ ബാപ്പയും ഉമ്മയും തലയിൽ നോക്കി, ഞാൻ പറഞ്ഞു: ''മുടി അല്ലാഹു സൃഷ്ടിച്ചതാണ്! വളർത്താതിരിക്കാം; വളർത്താം. ഇസ്ലാം മതം മുടിയിലാണോ നിലനിൽക്കുന്നത്?''

ബാപ്പായും ഉമ്മായും ഒന്നും പറഞ്ഞില്ല; ശുജാഇയായ എന്റെ മാമായും ഒരു മുസ്ലിയാരും രണ്ടു തങ്ങൻമാരും കാഫിർ ഫത്വായിൽ ഉറച്ചു നിന്നു; പള്ളി വിലക്ക്! കല്യാണം, അടിയന്തിരം വിലക്ക്; പക്ഷേ ഒരു പിശക്! ഞാൻ കുറൈശി കുടുംബത്തിലെ അരുമ സന്താനമാണ്. ആരു തടുക്കും? ഞാൻ കുളിച്ചു പിടിച്ചു 'ഒസു' എടുത്ത് മുണ്ടും ഷർട്ടും തുർക്കിത്തൊപ്പിയുമായി 'ഢങ്കേന്ന്' പള്ളിയിൽ ഹാജരായി! നിസ്ക്കരിച്ചു. ഇടി വെട്ടിയില്ല; പള്ളി തകർന്നില്ല; ഒന്നും സംഭവിച്ചില്ല! എല്ലാം ശാന്തം! പക്ഷേ, ഒരു അറുപത് വഴക്കുകളുണ്ടായി. എന്റെ കയ്യിൽ തിളങ്ങുന്ന, മൂർച്ചയേറിയ ഒരു വലിയ കഠാരി ഉണ്ടായിരുന്നു!

കുറേശ്ശ മുസ്ലിം യുവാക്കൾ മുടി വളർത്തി, ക്രോപ്പുകാരായിത്തുടങ്ങി. ഫത്വക്കാർ കണ്ടഭാവം നടിച്ചില്ല. അപ്പോഴത്തേക്കും ഞാൻ ചിലതെല്ലാം മനസ്സിലാക്കിക്കഴിഞ്ഞു. ശ്രീ രാമചന്ദ്രന് രണ്ടു മക്കളുണ്ട്. ഭാര്യ സീതാദേവി; പിന്നെ ബ്രഹ്മാവ്. വിഷ്ണു, ശിവൻ. ശ്രീകൃഷ്ണ ഭഗവാൻ. ഭഗവദ്ഗീത, രാമായണം, വേദങ്ങൾ. പിന്നെ ബൈബിൾ: യേശുകൃസ്തു ദൈവത്തിന്റെ പുത്രനാണ്. മുഹമ്മദ്— മുസൽമാൻമാർ എന്ന മേത്തന്മാരുടെ— ദൈവം! ഇത് അയൽക്കാരനായ രാമൻനായരുടെ അഭിപ്രായമാണ്. ഹിന്ദുക്കൾക്കും— ക്രിസ്ത്യാനികൾക്കും— മുസൽമാന്മാർ എന്ന് പറഞ്ഞാൽ എന്തോ അപരിഷ്കൃതരായ കാട്ടാളന്മാർ. ഞാൻ വായിച്ചു മലയാളം

KERALA HERITAGE CENTER KALPAKANCHERY

നോവലുകളിലെ നീച കഥാപാത്രങ്ങൾ മുസ്ലിമീങ്ങളാണ്! കള്ളന്മാർ, പിടിച്ചുപറിക്കാർ, പോക്കററടിക്കാർ, കൊലപാതകികൾ— എല്ലാം മുസ്ലിംകൾ! ഇതൊക്കെ എന്റെ മനസ്സിൽ തറച്ചിരുന്നു. ഞാൻ വലുതാകുമ്പോൾ മുസ്ലിം കഥകൾ എഴുതും! നോക്കാമല്ലോ! അങ്ങനെ ഒരു തീരുമാനം മനസ്സിന്റെ അത്തട്ടിലുണ്ടായിരുന്നു. വരട്ടെ സമയം!

കാലം സ്വാതന്ത്ര്യസമരത്തിന്റെ പിടിയിലാണ്. നൂററാണ്ടുകളായി മാതൃരാജ്യമായ ഇന്ത്യയെ അള്ളിപ്പിടിച്ചു ചോര കുടിച്ചുകൊണ്ടിരിക്കുന്ന വെള്ള ക്രിസ്ത്യാനികളായ ബ്രിട്ടീഷുകാരെ അടിച്ചോടിക്കുക! മഹാത്മാഗാന്ധി, അലിസഹോദരന്മാർ, ജവഹർലാൽ നെഹ്റു, ഡോ: കിച്ലു, മൗലാനാ അബുൽകലാം ആസാദ്— ആഹ്വാനങ്ങൾ!

ഞാൻ വീട്ടിൽനിന്ന് ഒളിച്ചോടി കോഴിക്കോട്ടെത്തി. മുഹമ്മദ് അബ്ദുറഹ്മാൻ, കെ. കേളപ്പൻ, മൊയ്തുമൗലവി, ഹസൻകോയമൊല്ല— എന്നിവരുടെ ഗർജ്ജനങ്ങൾ! മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ 'അൽഅമീൻ' പത്രത്തിലെ ഉശിരൻ ലേഖനങ്ങൾ! പാക്കിസ്ഥാൻ അല്ലെങ്കിൽ ഖബർസ്ഥാൻ! മുഹമ്മദലി ജിന്നായുടെ മുസ്ലിം ലീഗിന്റെ ഘോഷയാത്രകൾ. ഗർജ്ജനങ്ങൾ!

ഞാൻ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേർന്ന്, ഉപ്പു സത്യാഗ്രഹത്തിൽ പങ്കുകൊണ്ടു അടിയും ഇടിയും കുത്തും ചവിട്ടും വാങ്ങി, പോലീസ് ലോക്കപ്പിലൂടെ, കോഴിക്കോട് സബ്ജയിലിലൂടെ, കണ്ണൂർ സെൻട്രൽ ജയിലിലെത്തി. ശിക്ഷ കഴിഞ്ഞുവന്ന്, ഭഗസിംഗ് മോഡൽ ഭീകരസംഘം ഉണ്ടാക്കി, കഠാരി, ബോംബ്, റിവാൾവർ, ചോരപ്പുഴ! സ്വാതന്ത്ര്യ സമരത്തെ എതിർക്കുന്ന പോലീസുകാരെയും, പണക്കാരായ മൂരാച്ചികളെയും കൊല്ലുക! ഉജ്ജീവനം— പത്രം. എല്ലാം ഗവ: കണ്ടുകെട്ടി. അറസ്ററ് വാറണ്ട്. നാടുവിട്ടു!

മാനസികരോഗത്താൽ ഒരുപാട് കാര്യങ്ങൾ മറന്നുപോയി. മിന്നലെറിയുന്നതുപോലെ ചിലത് ചിലപ്പോൾ ഓർക്കും.

ഞാൻ നാട്ടിൽനിന്നു പോയി; നദികളും വനാന്തരങ്ങളും, കടലോരങ്ങളും, മരുഭൂമിയും.... മലകളും, ഗ്രാമങ്ങളും, പട്ടണങ്ങളും, നഗരങ്ങളും കടന്നുപോയി. ഒരു പുണ്യനദി. അതിന്റെ തീരത്ത് അനേകായിരമല്ല— ലക്ഷം സന്യാസിമാർ. അവരുടെ കൂട്ടത്തിൽ ഞാൻ നിൽക്കുന്നു. ഒരു പൊടി സന്യാസി. അനുഗ്രഹിക്കാനായി ഉയർത്തിയ വലതു കൈ— വർഷങ്ങളായി താഴ്ത്താതെ നിൽക്കുന്നു. കൈ ഉണങ്ങിപ്പോയി. എല്ലും തൊലിയും ഞരമ്പുകളും മാത്രം! നഖങ്ങൾ വളർന്ന് വളർന്ന്.... വളർന്ന് വളർന്ന്.... തൂവെള്ള ഉണക്കുക്കരുത്തോലകൾ പോലെ .. കാററിൽ പറന്ന് കിലുകിലാരവം മുഴക്കുന്നു.

ലോകാ: സമസ്താ: സുഖിനോഭവന്തു: കഴുത്തററം തണുത്ത നദീജലത്തിൽ അഹോരാത്രം; കൊടും വെയിലത്ത് നിന്ന് ഉണങ്ങുന്നു. ക്ഷേത്രങ്ങൾ, പള്ളികൾ, ചുടുകാടുകൾ, ശ്മശാനങ്ങൾ, തീർത്ഥങ്ങൾ, തകർന്നടിഞ്ഞു കാലയവനികകൾക്കുള്ളിൽ മറഞ്ഞ മഹാനഗരങ്ങൾ, ഗുഹകൾ, ധവളഗിരികൾ.

ഓം! ശാന്തി! ശാന്തി! ശാന്തി!

KERALA HERITAGE CENTER KALPAKANCHERY

രാവുകൾ വരുന്നു: പകലുകൾ ഉണ്ടാവുന്നു. വീശിയടിച്ച് ഹുങ്കാരവം മുഴക്കുന്ന കൊടുങ്കാററ്! ഗർജ്ജിച്ചലറുന്ന മേഘങ്ങൾ! എല്ലാ മലകളെയും തെളിവാക്കിക്കൊണ്ട് മിന്നൽ എറിയുന്നു.

മൂന്ന് കൊല്ലം ബിംബാരാധകനല്ലാത്ത ഹിന്ദു സന്യാസിയുടെ ശിഷ്യൻ. മൂന്നരകൊല്ലം, കഞ്ചാവു വലിക്കാത്ത മുസ്ലിം സൂഫി സന്യാസിയുടെ ശിഷ്യൻ.

ഗുരുവും ശിഷ്യൻമാരും. ലങ്കോട്ടി മാത്രം ധരിച്ചു താടിയും മുടിയും നീട്ടിയ വൈരാഗികൾ: യാ അഹദ്, യാ അഹദ്, യാ അഹദ്. ദിക്ക്റുകൾ. രാവും, പകലും; രാവും പകലും ദിക്ക്റുകൾ. സുബ്ഹാനല്ലാഹ്! അല്ലാഹു അക്ബർ. സുബ്ഹാനറബ്ബിയൽ അളീം; സുബ്ഹാന റബ്ബിയൽ അഅ്ലാ.

സ്തോത്രങ്ങൾ; സ്തോത്രങ്ങൾ; രാവില്ല, പകലില്ല—സ്തോത്രങ്ങൾ!

കാലം കഴിയുന്നു. പ്രാർത്ഥനകൾ. പ്രാർത്ഥനകൾ. യാ അഹദ്, യാ അഹദ്. പ്രാർത്ഥനകൾ.

അനന്തമായ പ്രാർത്ഥനയാകുന്നു ജീവിതം!

പത്മാസനത്തിൽ നഗ്നൻ, വൈരാഗി, ഭക്തിയുടെ ലഹരിയിൽ പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളെയും മനസ്സാകുന്ന ബിന്ദുവിൽ കേന്ദ്രീകരിച്ച്, ഗംഭീരമായി:

'അനൽഹഖ്! അനൽഹഖ്!!...., അഹംബ്രഹ്മാസ്മി.' കണ്ണുകളിൽ നിന്ന് തീപ്പൊരികൾ ചിതറിയെ? ഞാൻ സത്യമാകുന്നു; ഞാൻ ബ്രഹ്മമാകുന്നു. മേഘ ഗർജ്ജനങ്ങൾ. ഇടിമിന്നലുകൾ. കൊടുങ്കാററുകൾ. പേമാരികൾ. സൂര്യോദയം. ചന്ദ്രികാചർച്ചിതമായ മോഹന രാവുകൾ. എല്ലാം വഹിച്ചുകൊണ്ട് ഭൂഗോളം കുറെ അധികം പ്രാവശ്യം കറങ്ങി. ഒടുവിൽ യാത്ര പറഞ്ഞു. എല്ലാവരെയും അനുഗ്രഹിച്ച്, എല്ലാവരുടെയും അനുഗ്രഹാശിസ്സുകളോടെ പോന്നു. മുടിയും താടിയും വടിപ്പിച്ച് കുളിച്ച് വെള്ള വസ്ത്രം ധരിച്ച്, തിരിച്ചു. ഒരു പാട് ജോലി ചെയ്തു, ഒരുപാട് യാത്ര ചെയ്തു, കരയിലും കടലിലും. അറേബ്യയുടെ തീരങ്ങൾ— ജിദ്ദ അങ്ങനെ മടങ്ങി വീണ്ടും കറക്കം. ഒരുപാട് മഹത്തീ മഹാന്മാരെ കണ്ടു. മുസ്ലിം, ഹിന്ദു, ക്രിസ്ത്യൻ, സിക്ക്, ഫാർസി, ബുദ്ധൻ, ജൈനൻ— അങ്ങിനെ എല്ലാ മതങ്ങളെപ്പററിയും പഠിക്കാൻ ശ്രമിച്ചു. മഹത്തുക്കളുടെ ഉപദേശം വാങ്ങി; അനുഗ്രഹങ്ങളും. കുറെ ചിന്തിച്ചു. ശകലം ഭാവന ചെയ്തു. നന്മകളും ചെയ്യാൻ ശ്രമിച്ചു. ചെയ്തോ. എന്തോ?

ജീവിതത്തിൻെറ എല്ലാ കശ്മലതകളിലും മുങ്ങി മറിഞ്ഞു. ആരെയും കൊന്നില്ല. ആരെയും ദ്രോഹിച്ചില്ല. ചെറിയ ചെറിയ തിന്മകൾ ചെയ്തു. നന്മകളും ചെയ്യാൻ ശ്രമിച്ചു. ചെയ്തോ എന്തോ? പ്രാർത്ഥിക്കുന്നു. ഒന്നും ആഗ്രഹിച്ചില്ല. യാതൊരു ആഗ്രഹവുമില്ല. നിത്യത കഴിഞ്ഞു പോകണം. വലിയ അല്ലലുകളുണ്ടാകരുത്. ചില തൊക്കെ എഴുതി. മുസൽമാന്മാരുടെ ദൈവമല്ല മുഹമ്മദ്. ഇസ്ലാമിനെപ്പററി ലേശം അറിവ് കൊടുക്കുക.

(ബാക്കി 15–ാം പേജിൽ)

KERALA HERITAGE CENTER KALPAKANCHERY

ഖുർആൻ- അവതരണവും ക്രോഡീകരണവും

(ആറാം പേജിലെ ബാക്കി)

ളിലും മരക്കഷണങ്ങളിലും കല്ലുകളിലും തോലുകളിലുമൊക്കെയായിരുന്നു സഹാബികൾ ഖുർആൻ സൂക്ഷിച്ചത്.

ഖുർആൻ ആയത്തുകളുടെയും സൂറത്തുകളുടെയും ക്രമം അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരമാണ് നബി(സ) പറഞ്ഞുകൊടുത്തത്. നബി(സ)യുടെ നിര്യാണത്തിന്റെ തൊട്ടു മുമ്പത്തെ റമസാൻ മാസത്തിൽ രണ്ടു പ്രാവശ്യവും അതിന്നു മുമ്പ് ഓരോ പ്രാവശ്യവും ജിബ്‌രീൽ (അ) നബി(സ)യുടെ ഖുർആൻ പാഠം നോക്കാറുണ്ടായിരുന്നുവെന്നു സഹീഹായ ഹദീസുകളിൽ വന്നിട്ടുണ്ട്. ഖുർആന്റെ ക്രോഡീകരണം അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ചാണെന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

അറിവുള്ളവരുടെ ഹൃദയങ്ങളിലും അതേ ക്രമപ്രകാരം തന്നെയാണ് ഖുർആൻ സൂക്ഷിക്കപ്പെട്ടിരുന്നത്. നൂറു ശതമാനം സഹാബികളും ഖുർആൻ മുഴുവൻ മനപ്പാഠമുള്ളവരായിരുന്നില്ല. നബി(സ)യുടെ നിര്യാണത്തിനുശേഷം 'മുസൈലിമത്ത്' എന്ന കള്ള പ്രവാചകനുമായി സഹാബിമാർക്ക് യുദ്ധം ചെയ്യേണ്ടി വന്നു. പ്രസ്തുത യുദ്ധത്തിൽ ഇരുഭാഗത്തുനിന്നും ധാരാളം പേർ കൊല്ലപ്പെട്ടു. ശത്രുപക്ഷത്ത്നിന്നു മുസൈലിമത്തും കൊല്ലപ്പെട്ടതുകൊണ്ടു ശത്രുത അവസാനിച്ചുവെങ്കിലും സഹാബികളിൽ ഖുർആൻ മനപ്പാഠമുള്ള വളരെയേറെ പേർ അതിൽ രക്തസാക്ഷിത്വം വരിച്ചിരുന്നു. ഇതെല്ലാം അബൂബക്കർ(റ) ഖലീഫയായിരുന്ന കാലഘട്ടത്തിലാണ് നടന്നത്. ഇക്കാരണത്താൽ ഖുർആൻ ഒരേ മുസ്ഹഫിൽ എഴുതിവെക്കണമെന്ന നിർദ്ദേശം ഉന്നയിക്കപ്പെടുകയുണ്ടായി. അങ്ങിനെ അബൂബക്കറും ഉമറും കൂടി നബി(സ)യുടെ എഴുത്തുകാരനായിരുന്ന സൈദുബ്നു സാബിത്തിനെ ഖുർആൻ ക്രോഡീകരിക്കുന്നതിനുള്ള ഉത്തരവാദിത്വമേൽപിച്ചു. അബൂബക്കറും ഉമറും അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു.

ഖുർആൻ ഒററ മുസ്ഹഫിൽ എഴുതുവാൻ, മനപ്പാഠത്തെ മാത്രം ആശ്രയിച്ചാൽ പോരെന്ന് അവർ തീരുമാനിച്ചിരുന്നു. നബി (സ)യുടെ കാലത്ത് എഴുതപ്പെട്ട രേഖകളെല്ലാം അവർ ശേഖരിച്ചു. അങ്ങിനെ ഖുർആൻ ഇന്ന് കാണുന്ന ക്രമപ്രകാരം ഒന്നാം ഖലീഫ അബൂബക്കറിന്റെ കാലത്ത്തന്നെ എഴുതപ്പെട്ടു. അബൂബക്കർ (റ) നിര്യാതനായപ്പോൾ ആ ഒററ മുസ്ഹഫ് രണ്ടാം ഖലീഫ ഉമർ (റ)ന്റെ കയ്യിലായി അദ്ദേഹം വധിക്കപ്പെട്ട ശേഷം തന്റെ മകളും നബി (സ) യുടെ പത്നിയുമായ ഹഫ്സ (റ) മരണംവരെ സൂക്ഷിച്ചു. മൂന്നാം ഖലീഫ ഉസ്മാൻ (റ) ന്റെ കാലത്ത് ഇസ്ലാമിക ഭരണം അറബ് അർദ്ധ ദ്വീപ് വിട്ട് പേർഷ്യ, സിറിയ, അർമീനിയ മുതലായ രാജ്യങ്ങളിലേക്കൊക്കെ വികസിച്ചതിനാൽ മനപ്പാഠമനുസരിച്ചു ഖുർആൻ ഓതുന്നവരുടെ പാരായണത്തിൽ ഉച്ചാരണ സംബന്ധമായും മററും ചില വ്യത്യാസങ്ങൾ കണ്ടുതുടങ്ങി. ഇതിനെത്തുടർന്നു ഖലീഫ ഉസ്മാൻ(റ) വീണ്ടും സൈദുബ്നുസാബിത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം സഹാബിമാരെ ഖുർആൻ പ

KERALA HERITAGE CENTER KALPAKANCHERY

കർത്തിയെഴുതാൻ ചുമതലപ്പെടുത്തി. പകർത്തിയെഴുതുമ്പോൾ, പല സ്ഥലങ്ങളിലായി എഴുതിവെച്ചിരുന്ന രേഖകൾ ഹഫ്സാ(റ)യുടെ കൈയിലുണ്ടായിരുന്ന മുസ്ഹഫുമായി ഒരിക്കൽ കൂടി ഒത്തുനോക്കിയിരുന്നു. അങ്ങിനെ കുറെ കോപ്പികൾ പകർത്തെഴുതി ഓരോ പ്രദേശത്തേക്കും ഖലീഫ അയച്ചുകൊടുത്തു.

ലോകത്തുള്ള മറ്റേതു വേദഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി ഖുർആൻ ഇന്നും സർവ്വസമ്മതമായി ഒരു വ്യത്യാസവുമില്ലാതെ നിലനിൽക്കുന്നു. 'നിശ്ചയമായും നാമാണ് ഈ സന്ദേശം അവതരിപ്പിച്ചത്; നാം തന്നെ അതു സംരക്ഷിക്കുന്നതുമാണ്'; തീർച്ച' എന്ന അല്ലാഹുവിന്റെ വാഗ്ദാനം സത്യമായി പുലർന്നിരിക്കുന്നു.

അതോടൊപ്പം ഇരുപത്തിമൂന്ന് വർഷങ്ങളായി വിവിധ സന്ദർഭങ്ങളിൽ വിവിധ സംഭവങ്ങൾക്കനുസൃതമായി വിവിധ നാടുകളിൽ അവതരിപ്പിക്കപ്പെട്ടതായിരുന്നിട്ടും ഈ ഖുർആനിൽ എന്തെങ്കിലും വൈരുദ്ധ്യമോ ആശയപ്പൊരുത്തമില്ലായ്മയോ ഒഴുക്കിന് വിഘ്നമോ കാണപ്പെടുന്നില്ലെന്നത് അൽഭുതം സൃഷ്ടിച്ചിരിക്കയാണ്. 'അപ്പോൾ അവർ ഖുർആനെക്കുറിച്ച് ചിന്തിച്ചു നോക്കുന്നില്ലേ? അത് അല്ലാഹുവല്ലാത്തവരിൽ നിന്നുള്ളതായിരുന്നുവെങ്കിൽ തീർച്ചയായും അതിൽ ധാരാളം വൈരുദ്ധ്യങ്ങൾ കണ്ടേനേ;' (നിസാഅ്: 82)

വൈക്കം മുഹമ്മദ് ബഷീർ എഴുതുന്നു

(13–ാം പേജിലെ ബാക്കി)

പള്ളി അങ്കണത്തിലെ രാപ്രസംഗം കേൾക്കാൻ രാമൻനായരും ജോണും വരുകില്ല അതിനുള്ളതു 'ബഅസാ'ണ്:

''ൻറുപ്പാപ്പാക്കൊരാനേണ്ടാർന്നു!'' അത് വായിച്ച് ഇസ്ലാമിലേക്ക് വരാനല്ല, ഇസ്ലാമിനെ പററി ലേശം അറിവ് കൊടുക്കാൻ. അതു കേരളത്തിൽ പാഠപുസ്തകമായി, ആദ്യം സ്തുതിച്ച് പ്രൈസ് തന്നവർ നിന്ദിച്ചു. എതിർപ്പിന്റെ ഘോരാട്ടഹാസം. എല്ലാവരും എന്തിനെതിർത്തു? ഒരു മുസ്ലിമിന്റെ പുസ്തകം. അത് കുറേ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലിമീങ്ങളും കാശുകൊടുത്ത് വാങ്ങിച്ചു. ഒരു ലക്ഷത്തി എഴുപതിനായിരം കോപ്പികൾ. അതും ബാല്യകാല സഖി, പാത്തുമ്മയുടെ ആട് – എന്നിവയും ഇന്ത്യയിലെ പതിനെട്ടു ഭാഷകളിൽ തർജമ ചെയ്തു പുസ്തകങ്ങളാക്കി, വിൽക്കുന്നുണ്ട്. അത് മൂന്നും ഇംഗ്ലീഷിൽ തർജമ ചെയ്ത്, ഒററ പുസ്തകമായി എഡിൻബറോ യൂനിവേഴ്സിററി (സ്കോട്ട്ലണ്ട്) പ്രസ്സ് പുസ്തകമാക്കിയിട്ടുണ്ട്. വില നൂറ് രൂപ.

ഞാൻ എഴുതി. എഴുത്തുകാരൻ ആകാനുള്ള യോഗ്യതയൊന്നും എനിക്കില്ല. അല്ലാഹുവിന്റെ അനുഗ്രഹം. ഞാൻ എഴുതി. കുറേ പുസ്തകങ്ങളുണ്ട്. എഴുതുമ്പോൾ ഞാൻ മുസ്ലിമാണെന്ന ദൃഢമായ ഓർമ്മയുണ്ടായിരിക്കും.

KERALA HERITAGE CENTER KALPAKANCHERY

മുസ്‌ലിമാണ്. വല്ലവരുടെയും സർട്ടിഫിക്കററ് വേണമോ?

ഒരു കാര്യം പറയാനുണ്ട്: പണ്ട് നാൽപത് കൊല്ലങ്ങൾക്ക് മുമ്പ് ഞാൻ ഒരു ചെറിയ സാധനമെഴുതി പ്രസിദ്ധപ്പെടുത്തി:

''അനൽഹഖ്!''

ഹല്ലാജ് ഇബ്നുമൻസൂറിന്റെ കഥയാണ്. അനൽഹഖ്, അനൽഹഖ് എന്ന് ഉരുവിട്ടതിന് അദ്ദേഹത്തെ പിടിച്ച് കണ്ണുകൾ ചൂഴ്ന്നെടുത്ത് നാവ് പറെറ, അരിഞ്ഞ് കുരിശിൽ തറച്ച് കൊന്ന് ചുടുചാരം യൂപ്രട്ടീസ് നദിയിൽ കലക്കി, അപ്പോൾ യൂപ്രട്ടീസ് നദിയിൽ തിരമാലകൾ ഉയർന്നു. ഓരോ തിരമാലയും ഉച്ചത്തിൽ പറഞ്ഞു: ''അനൽഹഖ്!'' അനൽഹഖ്!!

ഇന്നാണെങ്കിൽ ഞാൻ അത് എഴുകയില്ല. ഹഖും ബ്രഹ്മവും ഒന്നേയുള്ളെന്ന് ഇന്ന് എനിക്കറിയാം. അല്ലാഹുമാത്രം!

അല്ലാഹു മാത്രമാണ് സത്യം.

ഞാൻ മിഥ്യയാകുന്നു. (?) അല്ലാഹുവിന്റെ അനന്തകോടി സൃഷ്ടികളിൽവച്ച് വളരെ നിസ്സാരമായ ഒന്ന്.

ഇസ്‌ലാം ശാന്തിയുടെ മതമാണ്. സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും.....

ഈ ശാന്തി എവിടെ?

ഇന്ത്യയുടെ വെളിയിൽനിന്ന് ഞാൻ കുറേ പത്രങ്ങൾ വരുത്തുന്നുണ്ട്. ലണ്ടനിൽനിന്നും കാനഡയിൽനിന്നും മുസ്‌ലിം സംഘടനകൾ നടത്തുന്നതാണ്. വലിയ ധനശേഷിയുള്ളതല്ല അതൊക്കെ വായിച്ചു നോക്കുമ്പോൾ സങ്കടം തോന്നും. മുസ്‌ലിമീങ്ങളുടെ കാര്യമാണ്. വളരെ വളരെ മോശം. ഇപ്പോൾ ഭൂമിയിൽ നാൽപത്തിയേഴ് മുസ്‌ലിം രാജ്യങ്ങളുണ്ട്. ആകെ മൊത്തം നൂറ് കോടി മുസ്‌ലിമീങ്ങൾ. ഭൂമിയുടെ പുറത്ത് നടക്കുന്ന അഞ്ചുപേരിൽ ഒരാൾ മുസ്‌ലിമാണ്. എന്തു മെച്ചം?

എൺപതു ശതമാനം മുസ്‌ലിമീങ്ങൾക്ക് എഴുതാനും വായിക്കാനും അറിഞ്ഞുകൂടാ. ഇന്ന് പരിശുദ്ധ ഖുർആൻ അറബല്ലാത്ത മിക്ക ഭാഷകളിലും തർജജമ വന്നിട്ടുണ്ട്. കൂട്ടത്തിൽ മലയാളത്തിലും, മാമരങ്ങൾ നശിച്ചില്ല. കടലുകളൊന്നും വററിയില്ല. മലയാളത്തിൽ പരിശുദ്ധ ഖുർആൻ കുറേ അ

SUPER INDUSTRIES
36 BABU ROAD
TRICHI
MANUFACTURERS OF ALL KINDS OF QUALITY HAWAI CHAPPALS
Phone : 28976

KERALA HERITAGE CENTER KALPAKANCHERY

ധികം തർജ്ജമകളിലായി വന്നിട്ടുണ്ട്. സി. എൻ. അഹ്മദ് മൗലവി, മുട്ടാണിശ്ശേരി കോയാക്കുട്ടി എന്നീ മഹത്തുക്കളുടേത്. കൂടാതെ, ജമാഅത്തെ ഇസ്ലാമിക്കാരും, പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കടുകടുത്ത സുന്നീ മുസ്ലിയാക്കന്മാരും നുണ്ണിഫത്തോടെ തർജ്ജമ ചെയ്യുന്നതായി കേൾക്കുന്നു. കാര്യം കൊള്ളാം വാങ്ങിച്ച് എത്ര പേർ വായിക്കുന്നുണ്ട്? * മലയാളത്തിലേതും പിഞ്ഞാണമെഴുതി, വയറുവേദനയ്ക്കും, ജിന്ന്, ശൈത്താൻ എന്നിവരെ ഓടിക്കാനും, വെള്ളത്തിൽ കലക്കി കുടിക്കാനും,... ഖബർ പുരകെട്ടി രാവും പകലും വായിച്ചു പരേതാത്മാവിനു പുണ്യം നേടിക്കൊടുക്കാം.

എല്ലാവർക്കും കാശ് കൊടുത്തു വാങ്ങി വായിക്കാൻ ഒക്കുമോ? മുസ്ലിമീങ്ങളിൽ അധികവും ദരിദ്രരാണ്. ദരിദ്രരായ മുസ്ലിമീങ്ങൾ എവിടെയും ദരിദ്രർ. ആരു സഹായിക്കുന്നു. അറബിക്കടൽ പണം ഇട്ടു നികത്താൻ മാത്രമുള്ള പണം ചില മുസ്ലിം രാഷ്ട്രങ്ങൾക്കുണ്ട്. അതുകൊണ്ട് ആർക്ക് എന്തു മെച്ചം? പള്ളി വെക്കാൻ വേണമെങ്കിൽ കുറെ പണം തരും! നമസ്കരിക്കാൻ ആളുകൾ എവിടെനിന്നുണ്ടാകും? ഇപ്പോൾ ബംഗ്ളാദേശിൽ മൂന്ന് ലക്ഷം ബീഹാരീ മുസ്ലിംകൾ അഭയാർത്ഥികളായുണ്ട്. അവർ ഇന്ത്യയിൽനിന്ന് പാക്കിസ്ഥാൻ എന്ന പരിശുദ്ധ ഭൂമിയിലേക്ക് പോയവരാണ്. അവരെ ആർക്കും വേണ്ട! അവർ എങ്ങോട്ടു പോകും? ചാക്കും ചാട്ടയും വല്ലു മറച്ച ടെൻറുകളിൽ പട്ടിണിയിലും രോഗത്തിലും കഴിയുന്നു. കുറെയധികം പേർ ക്രിസ്തുമതം സ്വീകരിച്ച് പാതിരിമാരോടുകൂടി വിമാനത്തിൽ അമേരിക്കയിൽ രക്ഷപ്പെട്ടു! അയ്യായിരം മുസ്ലിം യുവാക്കൾ എംബസിയുടെ മുമ്പിൽ ദേഹത്ത് പെട്രോൾ ഒഴിച്ച് തീവച്ച് ആളിക്കത്തി മരിക്കാൻ തയ്യാറായി നിൽക്കുന്നു! മുസ്ലിം രാജ്യത്ത് മുസ്ലിമീങ്ങൾ!

പാക്കിസ്ഥാനും ഇൻഡ്യയും ബംഗ്ളാദേശും യുദ്ധത്തിലായിരുന്നപ്പോൾ ബഹുമാനപ്പെട്ട പാക് പ്രസിഡണ്ട് യഹിയാഖാൻ എഴുപത്തിഅഞ്ച് ലക്ഷം മുസ്ലിമീങ്ങളെ കൊന്നു! യഹിയാഖാൻ തനിച്ചല്ല. പാക്കിസ്ഥാനിലെ മുസ്ലിം പട്ടാളക്കാരും ചേർന്നാണ്. പാക്കിസ്ഥാനിലെ മുസ്ലിം പട്ടാളക്കാർ ബംഗ്ളാദേശത്തെ രണ്ടു ലക്ഷം മുസ്ലിം പെൺകുട്ടികളെ ബലാത്സംഗം ചെയ്തു. കുട്ടികളെ ഉണ്ടാക്കിക്കൊടുത്തു! ഈ യഹിയാഖാന് കേര

---

* കുറിപ്പ്: വസ്തുനിഷ്ഠവും ആധികാരികവുമായ ഒരു ഖുർആൻ വ്യാഖ്യാനം ആദ്യമായി മലയാളത്തിൽ പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചത് മുജാഹിദുകൾ രൂപംനൽകിയ 'മുസ്ലിം ലിററേച്ചർ സൊസൈററി'യാണ്. മർഹൂം കെ. എം. മൗലവി സാഹിബ് തുടങ്ങിയുള്ള പഴയ തലമുറയിലെ പ്രാമാണികരായ പണ്ഡിതൻമാരാണ് ഇതിന് നേതൃത്വം നൽകിയത്. 1935ലാണ് ഇതിൻെറ ഒന്നാം വാല്യം പുറത്തിറങ്ങിയത്. ഈ പ്രവർത്തനം സ്തംഭിച്ചുപോയെങ്കിലും അതേ മാർഗ്ഗം സ്വീകരിച്ചുകൊണ്ട് ബൃഹത്തായൊരു വ്യാഖ്യാനം പണ്ഡിതശ്രേഷ്ഠനായ മുഹമ്മദ് അമാനി മൗലവി പൂർത്തിയാക്കിയിട്ടുണ്ട്. അതിൻെറ ചില ഭാഗങ്ങൾ നദ്വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരണ വിഭാഗം മുമ്പ് പ്രസിദ്ധീകരിച്ചിരുന്നു. അതിൻെറ മൂന്നു വാല്യങ്ങൾ ഇയ്യിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മററു വാല്യങ്ങളും ഇൻശാ അല്ലാഹ് ക്രമപ്രകാരം വെളിച്ചം കാണുന്നതാണ്. (പത്രാധിപ സമിതി)

KERALA HERITAGE CENTER KALPAKANCHERY

ളത്തിലെ ഒരു മുസ്ലിം സെൻട്രലിലെ മുസ്ലിം വിദ്യാർത്ഥികൾ ജേ വിളിച്ചു! കാഫിറായ ഇന്ദിരാഗാന്ധിക്ക് ജേയ് വിളിച്ചില്ല. ഈ കുട്ടികളോട് ആരു പറഞ്ഞുകൊടുത്തു തനി ശൈത്താനായ യഹിയാഖാന് ജേ വിളിക്കാൻ?

ഇതൊക്കെ കേൾക്കുമ്പോൾ പുണ്യവാളന്മാരായ മുസ്ലിമീങ്ങൾ വിശ്വസിക്കാൻ വിഷമം, ഇല്ലേ? വിശ്വസിക്കരുത്!

നൂററാണ്ടുകൾ നൂററാണ്ടുകളായിട്ട് മുസ്ലിമീങ്ങൾ ചിന്തിക്കാറില്ല. അനാചാരത്തിലും അന്ധവിശ്വാസത്തിലും കഴിയുന്നു പാപങ്ങൾ! എന്തെന്തു നുണകളും കെട്ടുകഥകളുമാണ് ഇസ്ലാമിൽ അടിഞ്ഞുകൂടിയിരിക്കുന്നത്?

ഇസ്ലാം വളരെ വളരെ ലളിതമായ മതമാണ്, യുക്തിയിൽ ഉറച്ചു നിൽക്കുന്നത്. എന്നാൽ ലാളിത്യം എവിടെ? യുക്തി എവിടെ?

എന്തെല്ലാം നുണകളാണ് മുഹമ്മദ് നബിയുടെ മേൽ കെട്ടിവെച്ചിരിക്കുന്നത്? ഇതൊക്കെ മുസ്ലിമീങ്ങൾ തന്നെ ചമച്ചതാണ്. എന്തിന്? പൊന്നുംകുടങ്ങളെ, മുഹമ്മദ് നബി മനുഷ്യനായിരുന്നു. പരിപൂർണ്ണ മനുഷ്യൻ. നബിയെപ്പോലെ ധാരാളം നബിമാർ ഭൂമിയിൽ ഉണ്ടായിട്ടുണ്ട്. നബിയുടെ കാഷ്ടവും മൂത്രവും ഹറാമുതന്നെ ആയിരുന്നു. സാധാരണ കാഷ്ടവും മൂത്രവും പോലെ. അതൊന്നും മനുഷ്യർ തിന്നിരുന്നില്ല. നബിയുടെ നിഴലുണ്ടായിരുന്നു. മേഘങ്ങൾ കുട പിടിച്ചിരുന്നില്ല. സൂര്യനെ പിടിച്ചുനിർത്തിയിരുന്നില്ല. അല്ലാഹുവിന് മാത്രമുള്ള ശക്തിയാണത്. മുഹമ്മദ് നബി കാണിച്ച ഏററവും വലിയ അത്ഭുതമാകുന്നു ഖുർആൻ!

ഓറിയന്റലിസ്ററുകളെന്ന് പറയുന്ന യഹൂദന്മാരും - ക്രിസ്ത്യാനികളും ആയിരത്തിനാനൂറിലധികം കൊല്ലങ്ങളായി ഇസ്ലാമിനെയും നബിയെയും ഖുർആനെയും ആക്ഷേപിച്ചു തുടങ്ങിയിട്ട്. കോടിക്കണക്കിന് ആക്ഷേപകരങ്ങളായ പുസ്തകങ്ങൾ! സിനിമകൾ, ടെലിവിഷൻ, ഈ ആക്ഷേപങ്ങളെ മുസ്ലിംകൾ എങ്ങിനെ ആക്കുന്നു? എഴുതാനും വായിക്കാനും അറിയാമോ?

ഇസ്ലാം തെററിദ്ധരിപ്പിക്കപ്പെട്ട മതമാണെന്ന് നാം വിലപിക്കുന്നു! ആരാണ് തെററിദ്ധരിപ്പിച്ചിരിക്കുന്നത്? നമ്മൾ തന്നെ!!

അറബി നാടുകളിൽ ഇസ്ലാമുണ്ടോ? അല്ലാഹുവിനറിയാം!

അവിടന്നുള്ള പത്രങ്ങൾ ഞാൻ കാണുന്നുണ്ട്. യഹൂദിയൊ, ക്രിസ്ത്യാനിയോ നടത്തുന്ന പത്രംപോലെ!

ഇസ്ലാമിന്റെ 'സ്പിരിററ്' എവിടെ പോയി?

ഭൂമിയിലെ മാതൃകാ സമുദായം എവിടെ?

ആലോചിച്ച് പരിഹാരം കാണേണ്ട വിഷയമാണ്. ആലോചിക്കുക.

പണ്ഡിതന്മാരായ നിങ്ങൾ ഒത്തുകൂടി ചിന്തിച്ച് പരിഹാരം കണ്ടുപിടിക്കുക.

ഞാൻ എന്തൊക്കെയോ എഴുതി; ക്ഷമിക്കുക, തെററുകൾ കാണും. മാപ്പാക്കുക. തീരെ സുഖമില്ല. പറഞ്ഞില്ലേ

(ബാക്കി 20-ാം പേജിൽ)

KERALA HERITAGE CENTER
KALPAKANCHERY

കേരളത്തിലെ പൂർവ്വ മുജാഹിദുകൾ നിഷ്ഠൂരമായി വധിക്കപ്പെട്ടിട്ടുണ്ട്, ശത്രുക്കളുടെ അടിയും ഇടിയും കൊണ്ട് പരുക്കേററിട്ടുണ്ട്, കൂക്കുവിളിക്കും കല്ലേറിനും വിധേയരായിട്ടുണ്ട്, നിസ്സഹകരണത്തിൻെറ തീച്ചൂളയിൽ വെന്തുരുകേണ്ടി വന്നിട്ടുണ്ട്, നാട്ടിൽ നിന്നും വീട്ടിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടിട്ടുണ്ട്, അവരിൽ പലർക്കും സ്നേഹ നിധികളായ പ്രാണപ്രേയസികൾ നഷ്ടപ്പെട്ടിട്ടുണ്ട്.......................

കേരള മുജാഹിദുകൾ തരണം ചെയ്ത പ്രതികൂല സാഹചര്യങ്ങൾ

—എൻ. കെ. അഹ്മദ് മൗലവി, കടവത്തൂര്—

മുഹമ്മദ് നബി(സ)യുടെ വാക്ക്, പ്രവൃത്തി, മൗനാനുവാദം എന്നിവയുടെ സമാഹാരമായ 'തിരുസുന്നത്ത്' പരിശുദ്ധ ഖുർആൻെറ ആധികാരിക വ്യാഖ്യാനമാണല്ലോ. മതകാര്യങ്ങളിൽ നബി(സ) സംസാരിക്കുന്നതെന്തും 'വഹ്യ്' (ദിവ്യസന്ദേശം) മാത്രമാണെന്ന വസ്തുത ഈ ആധികാരികതയുടെ മാററ് വർദ്ധിപ്പിക്കുന്നു. ഖുർആനികാദ്ധ്യാപനങ്ങളും നിർദ്ദേശങ്ങളും പ്രായോഗിക ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിന്നുള്ള ഉത്തമ മാതൃകയത്രെ 'തിരുസുന്നത്ത്'. ഋജുവും പരിപാവനവുമായ പ്രസ്തുത സുന്നത്ത് യഥോചിതം പിന്തുടരുന്നവർക്ക് അന്തിമ വിജയം ഉറപ്പാണെന്നു തറപ്പിച്ചു പറഞ്ഞ മുഹമ്മദ് നബി(സ), ഗൗരവമേറിയ മറെറാരു സുപ്രധാന കാര്യവുംകൂടി ഉണർത്താതിരുന്നിട്ടില്ല. തൻെറ ശേഷം ജനങ്ങൾ ആ സുന്നത്ത് അലങ്കോലപ്പെടുത്തി വികലവും വികൃതവുമാക്കിത്തീർക്കുമെന്നും, അപ്പോൾ അതു പരിഷ്ക്കരിക്കുകയും അതിൻെറ സുന്ദരമായ സാക്ഷാൽ രൂപത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്ന ഉൽപതിഷ്ണുക്കൾ അതിഭയങ്കരമായ മർദ്ദനങ്ങൾക്കും നിഷ്ഠൂര പീഡനങ്ങൾക്കും വിധേയരായേക്കുമെന്നും, അതൊക്കെ സഹിച്ചുകൊണ്ട് ധൈര്യത്തിൻെറയും സ്ഥൈര്യത്തിൻെറയും പ്രതീകങ്ങളായി ഇസ്ലാഹീ(പരിഷ്ക്കരണ) പ്രവർത്തന മാർഗ്ഗത്തിൽ ഉറച്ചു നിൽക്കുന്ന മുജാഹിദു

KERALA HERITAGE CENTER KALPAKANCHERY

കൾക്ക് ഭാവിയിൽ സന്തോഷിക്കാൻ ധാരാളം വകയുണ്ടെന്നും അന്ത്യപ്രവാചകൻ നേരത്തെതന്നെ പ്രവചിച്ചിട്ടുണ്ട്.

ഈദൃശ തിരുമൊഴികളിൽനിന്നും, ഉത്തമ നൂററാണ്ടുകളിൽ ജീവിച്ച സലഫുസ്സാലിഹീങ്ങളുടെ മാതൃകയിൽനിന്നും ആവേശമുൾക്കൊണ്ട്, ഇസ്‌ലാഹീ പ്രവർത്തന മാർഗ്ഗത്തിൽ അചഞ്ചലരായി ജിഹാദ് ചെയ്തുകൊണ്ടിരിക്കുന്നവരായ ഉൽപതിഷ്ണുക്കളെ പ്രതിനിധീകരിക്കുന്ന നാലു സലഫീ സംഘടനകൾ ഇന്നു കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്.

1. കേരള ജംഇയ്യത്തുൽ ഉലമാ (1924ൽ സ്ഥാപിതം)
2. കേരള നദ്‌വത്തുൽ മുജാഹിദീൻ (1950ൽ സ്ഥാപിതം)
3. ഇത്തിഹാദു ശ്ശുബ്ബാനിൽ മുജാഹിദീൻ (ഐ. എസ്. എം. (1966ൽ സ്ഥാപിതം)
4. മുജാഹിദ് സ്ററുഡൻസ് മൂവ്മെൻറ് (എം. എസ്. എം. (1971ൽ സ്ഥാപിതം)

സലഫുസ്സാലിഹീങ്ങൾ സ്വീകരിച്ചാചരിച്ചുപോന്ന രൂപത്തിൽ ഖുർആനും സുന്നത്തും ജീവിത പ്രമാണങ്ങളായി മനസാ, വാചാ, കർമ്മണാ അംഗീകരിക്കുന്ന കേരളത്തിലെ ആബാലവൃദ്ധം ജനങ്ങളെയും (സ്ത്രീ–പുരുഷ, പണ്ഡിത – പാമര ഭേദമെന്യെ) പൊതുവിൽ പ്രതിനിധീകരിക്കുന്ന സംഘടനയാണ് കേരള നദ്‌വത്തുൽ മുജാഹിദീൻ. അവരിലുള്ള മത പണ്ഡിതന്മാരെ കേരള ജംഇയ്യത്തുൽ ഉലമായും, യുവാക്കളെ ഐ. എസ്സ്. എമ്മും, വിദ്യാർത്ഥികളെ എം. എസ്സ്. എമ്മും പ്രത്യേകം പ്രത്യേകമായും പ്രതിനിധീകരിക്കുന്നു. ഈ നാല് സംഘടനകളും കൈകോർത്തു പിടിച്ചുകൊണ്ട് മതത്തിന്നും സമുദായത്തിന്നും ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ അതുല്യവും നിസ്തുലവും നിസ്സീമവുമത്രെ. ജംഇയ്യത്തുൽ ഉലമാ മററു മൂന്നു സംഘടനകൾക്കും മഹത്തായ നേതൃത്വവും മാർഗ്ഗദർശനവും നൽകിക്കൊണ്ടിരിക്കുന്നതോടൊപ്പം മുസ്‌ലിംകളെ നേരിടുന്ന ആനുകാലിക പ്രശ്നങ്ങളിൽ ആധികാരികവും പ്രാമാണികവുമായ ഫത്‌വകൾ നൽകിയും മററു നാനാ വിധേനയും കനപ്പെട്ട സേവനങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഐ. എസ്സ്. എമ്മും എം. എസ്സ്. എമ്മു

(18—ാം പേജിലെ ബാക്കി)

ഒരുപാട് രോഗങ്ങൾ, വാർദ്ധക്യവും; ക്ഷീണം; ഭയങ്കരമായ ക്ഷീണം, തളർന്ന് വീഴാൻ പോകുന്നത് പോലെ.

എങ്ങോട്ടെങ്കിലും വീഴാം.

വേദന; വേദന; വേദനകളുടെ കൊടുങ്കാററ്!

ജീവിക്കുന്നിടത്തോളം ജീവിക്കുക.

മരണം വരുമ്പോൾ വരട്ടെ!

എല്ലാവരെയും എല്ലാററിനെയും അനുഗ്രഹിക്കുന്നു. ലോകത്തിൽ ശാന്തിയും സമാധാനവും പുലരട്ടെ. ഐശ്വര്യവും.

അല്ലാഹുവെ, ഞങ്ങളെ രക്ഷിക്ക്.

മാതൃകാ സമുദായം ഉണ്ടാവട്ടെ.

നീ ഞങ്ങളെ അനുഗ്രഹിക്കുക!

—മംഗളം—

★

KERALA HERITAGE CENTER KALPAKANCHERY

നദ്‌വത്തുൽ മുജാഹിദീൻെറ പോഷക സംഘടനകളത്രെ.

മഹത്തായ പ്രസ്തുത സലഫീ സംഘടനകളുടെ കൂട്ടായ പരിശ്രമ ഫലമായി കേരള മുസ്ലിംകൾ വൈജ്ഞാനിക, സാംസ്ക്കാരിക, സാമൂഹ്യാദി വിവിധ മണ്ഡലങ്ങളിൽ അസൂയാർഹമായ നേട്ടമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത മണ്ഡലങ്ങളിൽ മുസ്ലിം കേരളത്തിൻെറ മുഖച്ഛായതന്നെ മാററുവാൻ ഇതുകൊണ്ട് സാധിച്ചിട്ടുണ്ട്. ഇസ്ലാഹീ പ്രസ്ഥാനം കേരളത്തിൽ ഇന്ന് ആർക്കും അവഗണിക്കാനാവാത്ത വിധം ആഴത്തിൽ വേരൂന്നിയതും, ആകാശത്തിൽ പടർന്നു പന്തലിച്ചതും, സദാസമയവും മെച്ചപ്പെട്ട ഫലങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതുമായ ഒരു മഹാവൃക്ഷമായി വളർന്നുകഴിഞ്ഞു. 1979-ൽ പുളിക്കൽ വെച്ച് നടന്ന ഐതിഹാസികമായ മുജാഹിദ് സമ്മേളനം ഈ യാഥാർത്ഥ്യം വിളിച്ചോതുന്ന അനിഷേധ്യ തെളിവത്രെ.

തങ്ങളുടെ പ്രഥമ മുദ്രാവാക്യമായ കലിമത്തുത്തൗഹീദുൾക്കൊള്ളുന്ന യഥാർത്ഥ ആശയം കേരളത്തിൻെറ ഏതു ഭാഗത്ത്‌വെച്ചും ഉറക്കെ പ്രഖ്യാപിക്കാനുള്ള സ്വാതന്ത്ര്യം ഇപ്പോൾ ഇസ്ലാഹീ പ്രവർത്തകർ നേടിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിൻെറ മണ്ണ് ഈ രൂപത്തിൽ പാകപ്പെടുത്തിയെടുക്കാൻവേണ്ടി നമ്മുടെ പൂർവ്വികന്മാരായ ഇസ്ലാഹീ പ്രവർത്തകർ പെട്ട പാട് ചില്ലറയൊന്നുമായിരുന്നില്ല. ആ മാർഗത്തിൽ അവർ മല്ലിടേണ്ടിവരുന്ന പ്രതികൂല സാഹചര്യങ്ങളാണെങ്കിൽ അതിഭയങ്കരവുമായിരുന്നു.

'ലാഇലാഹ ഇല്ലല്ലാഹു' എന്ന മഹദ്വചനം പ്രതിനിധാനം ചെയ്യുന്ന ആശയം പൂർണ്ണമായി ഉൾക്കൊള്ളുന്നവരും ഖുർആൻെറയും സുന്നത്തിൻെറയും യഥാർത്ഥ അനുയായികളുമായി ജീവിക്കാൻ ശ്രമിച്ചുവെന്ന ഏക കാരണത്താൽ കേരളത്തിലെ പൂർവ്വീകരായ മുജാഹിദുകൾ നിഷ്ഠൂരമായി വധിക്കപ്പെട്ടിട്ടുണ്ട്, ശത്രുക്കളുടെ അടിയും ഇടിയുംകൊണ്ടു പരുക്കേററിട്ടുണ്ട്, കൂക്കുവിളിക്കും കല്ലേറിന്നും വിധേയരായിട്ടുണ്ട്, നിസ്സഹകരണത്തിൻെറ തീച്ചൂളയിൽ വെന്തെരിയേണ്ടി വന്നിട്ടുണ്ട്. നാട്ടിൽനിന്നും വീട്ടിൽനിന്നും ബഹിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്, അവരിൽ പലർക്കും സ്നേഹനിധികളായ പ്രാണപ്രേയസികൾ നഷ്ടപ്പെട്ടിട്ടുണ്ട്, പ്രസംഗപീഠത്തിൽ നിൽക്കവെ തീകൊളുത്തിയ മാലപ്പടക്കം ദേഹത്തിലേക്കെറിയപ്പെട്ടവരും, കാപാലികരായ പോക്കിരി സംഘങ്ങൾ തട്ടിക്കൊണ്ടുപോയി വധശ്രമം നടത്തുന്നതിനിടയിൽ അൽഭുതകരമാംവിധം രക്ഷപ്പെട്ടവരും, മുസ്ലിം ശ്മശാനത്തിൽ ഖബറടക്കം ചെയ്യുന്നത് ബലാൽക്കാരമായി തടയപ്പെട്ടതിൻെറ പേരിൽ മയ്യിത്ത്കൊണ്ട് ക്രൂരവിനോദം നടത്തപ്പെട്ടവരും മററും മററും അവരിലുണ്ട്. പക്ഷെ ഇതെല്ലാം കണ്ടും അനുഭവിച്ചും കൊണ്ടിരുന്ന നമ്മുടെ മുൻഗാമികൾ ഒട്ടും പതറിയില്ല; അവർ മുമ്പോട്ട് വെച്ച കാൽ പിന്നോട്ട് വലിച്ചതുമില്ല. ''പട്ടി എത്ര കുരച്ചാലും സാർഥവാഹകസംഘം മുന്നോട്ട പോയിക്കൊണ്ടേയിരിക്കും''. എന്നാണല്ലോ പഴമൊഴി.

മുഹമ്മദ് നബി (സ) പ്രബോധനം ചെയ്ത ഇസ്ലാം മതത്തിൻെറ സന്ദേ

KERALA HERITAGE CENTER KALPAKANCHERY

ശം ഹിജ്റവർഷം ഒന്നാം ശതകത്തിൽ തന്നെ കേരളത്തെയും അനുഗ്രഹിച്ചിരുന്നുവെന്ന കാര്യത്തിൽ ചരിത്രകാരൻമാർ ഏകാഭിപ്രായക്കാരാണ്, ഇസ്ലാം മതപ്രചരണാർത്ഥം കേരളത്തിൽവന്ന മഹാപുരുഷൻമാരുടെ മാതൃകായോഗ്യമായ പ്രബോധനത്തിന്റെ ഫലമായി ചുരുങ്ങിയ കാലംകൊണ്ടു കേരളത്തിലങ്ങോളമിങ്ങോളം ഇസ്ലാം പ്രചരിച്ചു. പക്ഷെ എല്ലാ സ്ഥലത്തും സംഭവിച്ചിട്ടുള്ളത്പോലെ കേരള മുസ്ലിംകൾക്കിടയിലും കാലാന്തരത്തിൽ നാനാവിധ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പടർന്നുപിടിക്കാൻ തുടങ്ങി. സഹാബികൾ ജീവിച്ചിരുന്ന കാലത്ത് തന്നെ മുസ്ലിംകൾക്കിടയിൽ അനാചാരങ്ങൾ നാമ്പെടുത്തു തുടങ്ങിയ സ്ഥിതിക്ക് അതിൽ അൽഭുതപ്പെടാനൊന്നുമില്ലല്ലോ. എന്നാൽ, തന്റെ സമുദായത്തിൽ അചഞ്ചലരായി സത്യത്തിൽ നിലകൊള്ളുന്ന ഒരു ചെറിയ വിഭാഗമെങ്കിലുമില്ലാത്ത യാതൊരു സമയവും അന്ത്യനാൾവരെ ഉണ്ടാവുകയില്ല എന്ന മുഹമ്മദ് നബി (സ) യുടെ തിരുവചനം അന്വർത്ഥമാക്കുമാർ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർക്കുകയും 'സുന്നത്തി' നെ 'ഹയാത്താ'ക്കുകയും ചെയ്യുന്ന അൽപംപേരെങ്കിലും ഏത് കാലത്തും കേരളത്തിലും ഉണ്ടായിട്ടുണ്ട്. പക്ഷെ 1921നു മുമ്പ് വ്യക്തികളല്ലാതെ സംഘടിത വിഭാഗം ഇവിടെ ഇസ്ലാഹീ പ്രവർത്തനങ്ങൾ നടത്തിയതായി അറിവില്ല.

20-ാം ശതകം ആരംഭിക്കുന്നതിന്റെ തൊട്ടുമുമ്പും പിമ്പുമുള്ള കുറെ സംവൽസരങ്ങൾ കേരള മുസ്ലിംകളെ സംബന്ധിച്ചേടത്തോളം വളരെ ശോചനീയമായ ഒരു കാലഘട്ടമായിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അവർക്കിടയിൽ കൊടികുത്തി വാണിരുന്ന കാലമായിരുന്നു അത്. യഹൂദി-നസാറാക്കളെ ചാണിന്നു ചാണായും മുഴത്തിന്നു മുഴമായും പിൻപററിയ ഒരു വിഭാഗം പണ്ഡിത-പുരോഹിത വർഗ്ഗത്തിന്റെ നേതൃത്വം ഈ ദുരവസ്ഥക്കു ആക്കവും തൂക്കവും വർദ്ധിപ്പിക്കുകയും ചെയ്തു.

ഇസ്ലാമിക വിശ്വാസ സിദ്ധാന്തങ്ങളും, കർമ്മപരമായ നിയമങ്ങളും അറിയാൻവേണ്ടി ഖുർആനോ നബിവചനങ്ങളോ പഠിക്കൽ അവരുടെ ദൃഷ്ടിയിൽ കൊടിയ ഹറാമായിരുന്നു. ഹിജ്റ കഴിഞ്ഞു മുന്നൂറ് വർഷം പിന്നിട്ടതിന് ശേഷമുള്ളവർക്ക്-അവർ മതവിജ്ഞാന ശാഖകളിൽ എത്രതന്നെ പ്രാവീണ്യം നേടിയവരായാലും ശരി-'മസ്അലകൾ' അറിയാൻവേണ്ടി ഖുർആനും ഹദീസും അവലംബമാക്കൽ ഒരിക്കലും അനുവദനീയമല്ലെന്നായിരുന്നു അവരുടെ പക്ഷം. ഏതെങ്കിലുമൊരു പ്രശ്നത്തിന് തെളിവായി ഖുർആൻ വചനം ഉദ്ധരിക്കപ്പെട്ടാൽ ''അതു ഖുർആനായത്തല്ലേ? 'ദലീൽ' (തെളിവ്) എവിടെ?'' എന്നു ചോദിക്കുന്നവരായിരുന്നു അവർ. അറബി വ്യാകരണ നിയമങ്ങൾക്ക് കിത്താബിൽ പറഞ്ഞ ഉദാഹരണം ഖുർആൻ വചനമാണെങ്കിൽ അതിന്റെ അർത്ഥം പറയാനോ പഠിക്കാനോ ആ കിത്താബോതുന്ന വിദ്യാർത്ഥികളെ അനുവദിക്കപ്പെട്ടിരുന്നില്ല. 'ഖത്തറുന്നദാ' പഠിച്ചുകൊണ്ടിരുന്ന കാലത്ത് ഈ ലേഖകന്റെ അനുഭവവും അതു തന്നെയായിരുന്നു.

''ഏതെങ്കിലുമൊരു കാര്യത്തിൽ നിങ്ങൾ ഭിന്നാഭിപ്രായക്കാരാകുന്ന പ

KERALA HERITAGE CENTER KALPAKANCHERY

ക്ഷം നിങ്ങളത് അല്ലാഹുവിലേക്കും, (ഖുർആനിലേക്കും) അവന്റെ ദൂതനിലേക്കും (നബി(സ)യുടെ സുന്നത്തിലേക്കും) മടക്കുവിൻ'' എന്ന ദൈവവാക്യത്തിന്റെ വെളിച്ചത്തിൽ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങാൻ ഉൽപതിഷ്ണു മൗലവിമാർ ജനങ്ങളെ ആഹ്വാനം ചെയ്യതിനെ ഖണ്ഡിച്ചുകൊണ്ട് കണ്ണൂരിൽവെച്ചു ഒരു യാഥാസ്ഥിതിക പണ്ഡിതൻ തന്റെ പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു:– ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങാൻ വല്ലവരും നിങ്ങളെ ആഹ്വാനം ചെയ്താൽ ''ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങരുത്; മടങ്ങേണ്ടതില്ല; മടങ്ങൂല്ലാ!'' എന്നു നിങ്ങൾ അവരോട് അറുത്ത് മുറിച്ചങ്ങ് പറഞ്ഞേക്കണം.'' നോക്കൂ! എന്തൊരു ധിക്കാരം!

അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൽപെട്ടവനായിത്തീരണമെങ്കിൽ നാലിലേതെങ്കിലും ഒരു ഇമാമിന്റെ 'തഖ്ലീദ്'' ചെയ്യുക (അന്ധമായി അനുകരിക്കുക) മാത്രമേ പോംവഴിയുള്ളുവെന്നും, മത നിയമങ്ങൾ ഗ്രഹിക്കാൻ ഖുർആനോ സുന്നത്തോ അല്ല, മദ്ഹബിന്റെ ഇമാമോ അദ്ദേഹത്തെ തഖ്ലീദ് ചെയ്യ പണ്ഡിതൻമാരെഴുതിയ കിത്താബുകൾ മാത്രമാണ് അവലംബമാക്കേണ്ടതെന്നും ഇക്കൂട്ടർ പറഞ്ഞു നടക്കാറുണ്ട്. എന്നാൽ നാട്ടിൽ നടന്നുവരുന്ന സമ്പ്രദായങ്ങൾക്കെതിരാണെങ്കിൽ ഇമാമിന്റെ തിരുമൊഴിയും കിത്താബുകളിൽ പറഞ്ഞതുമൊക്കെ അവർക്ക് പുല്ലുവിലയാണ്. ഇതിന്ന് എത്രയെങ്കിലും ഉദാഹരണം പറയാൻ കഴിയും. സ്ഥലപരിമിതി മൂലം മൂന്നുനാലെണ്ണം മാത്രം വിവരിക്കാം. (ജുമുഅ നമസ്ക്കാരത്തിന്നു ഒററ ബാങ്കു മാത്രം വിളിക്കുക എന്ന) 'നബി (സ) യുടെ കാലത്തുള്ള സമ്പ്രദായമാണ് എനിക്കേററവും ഇഷ്ടമായിട്ടുള്ളത്'' എന്നും 'ഖുർആൻ ഓതി അതിന്റെ പ്രതിഫലം ഹദ്യാ ചെയ്താൽ അത് മരിച്ചവരിലേക്ക് എത്തുകയില്ല' എന്നും ഇമാം ശാഫിഈ ഖണ്ഡിതമായി പറഞ്ഞിട്ടുള്ളതാണ്. അതുപോലെതന്നെ 'സലാം വീട്ടിയ ഉടനെ ഇമാം സ്ഥലം വിടലാണ് ഇമാമിന്ന് ഏററവും ഉത്തമം' എന്നും 'ഖുതുബയുടെ 'അർക്കാൻ' ഒഴികെയുള്ള ഉപദേശം അറബിയല്ലാത്ത ഭാഷയിലാകുന്നത്കൊണ്ട് യാതൊരു തരക്കേടുമില്ല' എന്നും ശാഫിഈ ഫിഖ്ഹിലുള്ള ഒരുപാട് ഗ്രന്ഥങ്ങളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ശാഫിഈ മദ്ഹബുകാരാണെന്നവകാശപ്പെടുന്ന കേരളത്തിലെ 'ഖുറാഫികൾ' ഇതൊക്കെ കുപ്പത്തൊട്ടിയിലേക്ക് വലിച്ചെറിഞ്ഞിരിക്കയാണല്ലോ.

മേൽപറഞ്ഞ കാലഘട്ടത്തിലെ യാഥാസ്ഥിതികരായ പണ്ഡിത–പുരോഹിത വർഗ്ഗത്തിന്റെ ദൃഷ്ടിയിൽ മുസ്ലിംകൾ ഇംഗ്ളീഷ് പഠിക്കുന്നതും, വ്യാകരണ നിയമമനുസരിച്ച് അക്ഷരശുദ്ധിയോടെ മലയാളം സംസാരിക്കുന്നതുമൊക്കെ നിഷിദ്ധമായിരുന്നു. ഇംഗ്ളീഷും ആധുനിക വിജ്ഞാനങ്ങളും അഭ്യസിക്കുകയും അവയുടെ പ്രചരണ മാർഗ്ഗത്തിൽ വ്യാപൃതരാവുകയും ചെയ്തിരുന്ന പ്രബുദ്ധരായ വിദ്യാഭ്യാസ പ്രവർത്തകരുടെ നേരെ ഇക്കൂട്ടർ തൊടുത്തുവിട്ട കൂർത്തുമൂർത്ത ആക്ഷേപ ശരങ്ങൾക്ക് കയ്യും കണക്കുമില്ല മുസ്ലിം സ്ത്രീകൾ ഏത് ഭാഷയിലായാലും എഴുത്ത് പഠിക്കുന്നത് അവരുടെ ദൃഷ്ടിയിൽ കൊടിയ ഹറാംതന്നെയായിരുന്നു. മുസ്

KERALA HERITAGE CENTER KALPAKANCHERY

ലിം സ്ത്രീകൾ അക്ഷരവിദ്യ പഠിക്കു ന്നതിനാൽ കണക്കില്ലാത്ത പാപങ്ങൾ വന്നുവശാകുന്നത് ഇക്കൂട്ടരുടെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടത്രെ. ഇക്കാരണത്താൽ അവരുടെ മദ്രസ്സകളിൽ വിദ്യാർത്ഥിനികളെ പരീക്ഷിക്കാനായി സ്വീകരിച്ചിരുന്ന രീതി ബഹു വിചിത്രമായിരുന്നു. ഒരു സംഭവം വിവരിക്കാം.

ചാവക്കാടിന്നടുത്ത 'പാടൂർ' എന്ന പ്രദേശത്ത് സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് അംഗീകരിച്ച ഒരു മദ്രസ്സയുണ്ട്. കുറെ വർഷങ്ങൾക്കുമുമ്പ് അതിന്റെ മാനേജരായി സേവനമനുഷ്ഠിച്ചത് പ്രൊഫസർ വി. മുഹമ്മദ് സാഹിബിന്റെ അളിയൻ കുഞ്ഞി മൊയ്തു ഹാജിയായിരുന്നു. മാനേജർ ഒരു ദിവസം മദ്രസ്സയിൽ കയറിച്ചെന്നപ്പോൾ അവിടെ ഒരു ബൂത്ത് കണ്ടു അങ്ങോട്ട് ചെന്ന് മാനേജർ ബൂത്തിനകത്തൊന്നെത്തിനോക്കി. അപ്പോഴതാ അകത്തുനിന്നൊരു ശബ്ദം! 'ഇങ്ങോട്ടു വരരുത്; ഇതൊരു സ്വകാര്യ ഏർപ്പാടാണ്!' സംഗതിയെന്താണെന്നോ? മദ്രസ്സയിലെ ഒരു വിദ്യാർത്ഥിനിയും പുരുഷനായ പരീക്ഷകനും മാത്രം ബൂത്തിനകത്ത് മുഖാമുഖമായിരുന്ന് സ്വകാര്യ സംഭാഷണം നടത്തുകയായിരുന്നു. അതാണത്രെ അവർ വിദ്യാർത്ഥിനികളെ പരീക്ഷിക്കുന്ന രീതി. ബൂത്തിനകത്ത്നിന്ന് കേട്ട ശബ്ദം വകവെക്കാതെ അങ്ങോട്ട് നോക്കിയ മാനേജർ 'ഇവിടെ ഏതായാലും ഈ സ്വകാര്യ ഏർപ്പാട് വേണ്ടാ' എന്ന് പറഞ്ഞ് പരീക്ഷകനെ തിരിച്ചയക്കുകയാണുണ്ടായത്. ഇത് ചാവക്കാടിന്നടുത്ത പാടൂരിൽ മാത്രം നടന്ന ഒററപ്പെട്ട സംഭവമാണെന്ന് ധരിക്കരുത്. കേരളത്തിലെ ഒരു 'പാടൂരു'കളിൽ സമസ്തക്കാർ വിദ്യാർത്ഥിനികളെ പരീക്ഷിക്കുന്ന സമ്പ്രദായത്തിന്റെ ഒരു സേമ്പിൾ മാത്രമാണിത്.

അക്കാലത്ത് മദ്രസാ പ്രസ്ഥാനത്തെ നഖശിഖാന്തം എതിർത്തവരായിരുന്നു ഇക്കൂട്ടർ. മതവിദ്യ അഭ്യസിപ്പിക്കപ്പെടുന്ന പ്രാഥമിക സ്ഥാപനങ്ങൾക്ക് 'ഓത്തുപള്ളി' അല്ലെങ്കിൽ 'ഓത്തുപുര' എന്നും ഉന്നത സ്ഥാപനങ്ങൾക്ക് 'ദർസ്' എന്നുമായിരുന്നു അക്കാലത്ത് പേർ പറയപ്പെട്ടിരുന്നത്. "നമുക്കു 'ദർസ്' മതി 'മദ്രസ' വേണ്ട. 'മദ്രസ' എന്നതിന്റെ തുടക്കത്തിലുള്ള 'മീമ്' 'ജഹന്നമി'ന്റെ അവസാനത്തിലുള്ള 'മീമാ'ണ്" എന്നൊക്കെ അവർ പറഞ്ഞു നടന്നിരുന്നു. അവരുടെ ഒരു കവി ഒരിക്കൽ ഇങ്ങിനെ പാടി:—

ഒരു കാലവും ലാതജ്അലുൽ ബനീനാ
മദ്രസ വഴിയിൽ യത്തഅല്ലമൂനാ
ജഹന്നമിന്റെ ആഖിറിലെ മീമ്
മദ്രസയുടെ ആവ്വൽ ജഹന്നമാ

പഠിപ്പിക്കുന്ന അദ്ധ്യാപകൻ നില്ക്കവെ ശിഷ്യന്മാരായ വിദ്യാർത്ഥികൾ ഇരിക്കുന്നത് അദബ് കേടാണെന്നു അവർ വാദിച്ചിരുന്നു ബോർഡുപയോഗിക്കുന്ന സമ്പ്രദായമായിരുന്നു അവർക്ക് തീരെ സഹിച്ചുകൂടാതിരുന്നത്. രേത് അല്ലാഹുവിന്റെ 'കലാമാ'യ പരിശുദ്ധ ഖുർആനിനെ അപമാനിക്കലും അതിന്റെ 'ഹുർമത്തിനെ പറിച്ചു കീറലും' (പവിത്രത കളഞ്ഞു കുളിക്കലും) ഒക്കെയാണെന്നായിരുന്നു അവരുടെ കണ്ടുപിടുത്തം. ബോർഡിൻമേൽ ഖുർആൻ വചനം എഴുതുമെന്നു' അതു മായ്ച്ച പൊടി നിലത്തുവീണാൽ ആളുകൾ അതു ചവിട്ടുമെന്നും, ആ പൊ

KERALA HERITAGE CENTER KALPAKANCHERY

ടി ചവിട്ടൽ യഥാർത്ഥത്തിൽ പരിശുദ്ധ ഖുർആനിനെ ചവിട്ടി അപമാനിക്കലാണെന്നുമായിരുന്നു അവരുടെ ന്യായീകരണം.

മാറിയ പരിതസ്ഥിതിയിൽ മതനിയമങ്ങളിൽ അൽപസ്വൽപമൊക്കെ മാററത്തിരുത്തങ്ങൾ ആവശ്യമെന്ന അവരുടെ പിന്തിരിപ്പൻ നയമനുസരിച്ചു അന്നുണ്ടായിരുന്ന പല വാദങ്ങളിൽനിന്നും ഇന്നു അവർ ബഹുദൂരം പുറകോട്ടുപോയിട്ടുണ്ട്. ഓരോ കാലത്തും സമുദായമദ്ധ്യേ നിരാക്ഷേപം നടന്നുവരുന്ന ഏതു കാര്യവും– അതു ഖുർആനിന്നും സുന്നത്തിന്നും ഇമാമിൻെറ തിരുമൊഴിക്കും കിത്താബുകളിൽ പറഞ്ഞതിന്നുമൊക്കെ കടകവിരുദ്ധമായാൽ പോലും– അനുവദനീയവും പുണ്യകർമ്മവുമാണെന്നു സമർത്ഥിക്കലാണല്ലോ അവരുടെ നയം. ഇംഗ്ളീഷ് വിദ്യാഭ്യാസം, ശുദ്ധമലയാളം സംസാരിക്കൽ, പത്രപാരായണം, പ്രസംഗ പരിശീലന ക്ളാസ്സുകൾ നടത്തൽ, കോൺഗ്രസ്സുകക്ഷിക്കാരുമായി യോജിക്കൽ, മതനിയമങ്ങൾക്ക് ഖുർആനും സുന്നത്തും തെളിവായുദ്ധരിക്കൽ, മദ്രസാ സമ്പ്രദായം, മതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബെഞ്ചും ഡസ്ക്കും ബോർഡുമൊക്കെ ഉപയോഗിക്കൽ, മുസ്ലിം സ്ത്രീകൾ എഴുത്തു പഠിക്കൽ മുതലായ സകലതും മതദൃഷ്ട്യാ നിഷിദ്ധമാണെന്നു ഒരു കാലത്ത് പറഞ്ഞു നടക്കുകയും അവയ്ക്കെതിരിൽ കുരിശുയുദ്ധം നടത്തുകയും ചെയ്തിരുന്ന ഇ ഇക്കൂട്ടർ ഇപ്പോൾ എവിടെയെത്തിയെന്നു എല്ലാവർക്കും അറിയാവുന്നതാണ്.

ഭരണവും പണവുമൊക്കെ ആരുടെ കൈയിലാണോ ഉള്ളത് അവരെ പ്രീണിപ്പിക്കാൻവേണ്ടി എന്തു വേഷം കെട്ടാനും മടിക്കാത്ത ഇക്കൂട്ടർ ബ്രിട്ടീഷ് ഭരണകാലത്ത്, അന്നത്തെ ഭരണകർത്താക്കളോട് എതിർക്കലും അവരുടെ കൽപന അനാദരിക്കലും, കോൺഗ്രസ്സുമായി യോജിക്കലുമൊക്കെ മതവിരുദ്ധമായിട്ടുള്ളതും, ഒരിക്കലും യഥാർത്ഥ മുസ്ലീംകൾക്ക് ചെയ്വാൻ പാടില്ലാത്തതുമാണെന്നു വിധിയെഴുതിയിരുന്നു. അവരുടെ ഉലമാ സംഘടനയിൽ ചേരുന്നവർ ഇതിൽ നിന്നൊക്കെ പരിപൂർണ്ണമായി ഒഴിഞ്ഞു നിൽക്കുന്നവരായിരിക്കണമെന്നു കർശനമായി നിഷ്ക്കർഷിക്കുകയും ചെയ്തിരുന്നു. (ഈ സുവനീറിൽ അന്യത്ര ചേർത്തിട്ടുള്ള ''സമസ്തക്കാരുടെ ചില പിന്തിരിപ്പൻ പ്രമേയങ്ങൾ'' എന്ന ശീർഷകത്തിലുള്ള ലേഖനം വായിച്ചുനോക്കുക.)

മരിച്ചുപോയ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുക, അവർക്ക് കോഴി, ആട് മുതലായവ നേർച്ചയാക്കുക, അവരുടെ 'ഹഖ്'– (അവരോട് അല്ലാഹുവിന്നുള്ള ബാധ്യത) മുൻനിറുത്തി പ്രാർത്ഥിക്കുന്ന പക്ഷം അതു സ്വീകരിക്കാൻ അല്ലാഹു കൂടുതൽ ബാധ്യസ്ഥനായിത്തീരുമെന്ന വിശ്വാസത്തോടെ അങ്ങിനെ പ്രാർത്ഥിക്കുക, മൗഖൂഫായ മഖ്ബറകളിൽ ഖബ്റ് കെട്ടിപ്പൊന്തിക്കുക, മയ്യിത്ത് കൊണ്ടുപോകുമ്പോൾ ഉച്ചത്തിൽ 'ദിക്ക്ർ' ചൊല്ലുക, മയ്യിത്ത് മറവു ചെയ്ത് ഉടനെ ഖബ്റിങ്കൽവെച്ചു 'തസ്ബീത്ത്' ചൊല്ലേണ്ട സ്ഥാനത്ത് 'തൽഖീൻ' ചൊല്ലിക്കൊടുക്കുക, മരിച്ചവർക്കുവേണ്ടി ഖബ്റിന്മേൽ യാമപ്പുരകെട്ടി ഊഴംവെച്ചു ഖുർആൻ ഓത്ത് നടത്തുക, ചാവടിയന്തരം കഴിക്കുക, ശഅ്ബാൻ പതിനഞ്ചാം രാവിൽ മൂന്നു യാസീനും

KERALA HERITAGE CENTER KALPAKANCHERY

സൂറത്തുട്ടുഖാനും ഓതി 'ഉമ്മുൽ കിത്താബി'ൽ എഴുതപ്പെട്ടത്— കാലാകാലം സുസ്ഥിരവും ഒരിക്കലും മാറ്റപ്പെടാത്തവയുമാണ് 'ലൗഹുൽ മഹ്ഫൂള്' എന്നുകൂടി പേരുള്ള 'ഉമ്മുൽ കിത്താബി'ൽ രേഖപ്പെടുത്തപ്പെട്ട മുഴുവൻ കാര്യങ്ങളുമെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നതെങ്കിലും— മായ്ച്ച് തിരുത്തിയെഴുതാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുക, മാല, മൗലിദ്, റാത്തീബ്, ഖുത്ത്ബിയ്യത്ത്, ഉറുക്കെഴുത്ത്, പിഞ്ഞാണമെഴുത്ത്, നൂൽ മന്ത്രിച്ചു കെട്ടൽ മുതലായ, നാട്ടിൽ നടപ്പുള്ള സകല അനാചാരങ്ങളും മതത്തിൽ അനുവദനീയവും, പുണ്യകർമ്മവുമാണെന്നും ഇവ മതവിരുദ്ധമാണെന്നോ ശിർക്കാണെന്നോ പറയുന്നവർ 'സുന്നികളല്ലെന്നും അവർ ഇമാമത്തിന്നോ ഖത്തീബ് സ്ഥാനത്തിന്നോ പററാത്തവരും, കൊള്ളരുതാത്തവരുമാണെന്നുമൊക്കെ എഴുതുകയും പ്രസംഗിക്കുകയും പ്രമേയം പാസ്സാക്കുകയും ചെയ്തവരാണിക്കൂട്ടർ.

ഇസ്ലാഹീ പ്രവത്തകരെ കണ്ടാൽ സലാം ചൊല്ലുക, അവർ സലാം ചൊല്ലിയാൽ മടക്കുക, അവരുമായി വിവാഹബന്ധത്തിലേർപ്പെടുക, ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക, അവരെ കല്യാണത്തിന് ക്ഷണിക്കുക, മുസ്ലിംകളുടെ ഖബ്ർസ്ഥാനിൽ അവരുടെ മയ്യിത്ത് മറവ് ചെയ്യുക, ഇതൊന്നും പാടില്ലാത്തതാണെന്നും ഇക്കൂട്ടർ വിധികൽപിച്ചിരുന്നു. ഒരു കല്യാണവീട്ടിൽ വെച്ച് കുലീന കുടുംബത്തിൽപെട്ട ഒരു ഇസ്ലാഹീ പ്രവർത്തകന് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാനവസരം നൽകാതെ ഒററക്ക് ഇലയിൽ ഭക്ഷണം കൊടുക്കാൻ യാഥാസ്ഥിതിക പ്രഭൃതികൾ പ്ലാൻ ചെയ്ത സംഭവം ഈ ലേഖകന്റെ നാട്ടിന്നടുത്ത് നടന്നിരുന്നു. ഈ പ്രദേശങ്ങളിൽ അമുസ്ലിംകൾ മാത്രമേ അക്കാലത്ത് ഇലയിൽ ഭക്ഷണം കഴിക്കാറുണ്ടായിരുന്നുള്ളു. വിവരം മണത്തറിഞ്ഞ ആ ഇസ്ലാഹീ പ്രവർത്തകൻ സൂത്രത്തിൽ സ്ഥലം വിട്ടുകളഞ്ഞിരുന്നതിനാൽ പരസ്യമായ അപമാനത്തിൽനിന്ന് രക്ഷപ്പെട്ടുവെന്നു മാത്രം.

യാഥാസ്ഥിതിക വിഭാഗത്തിൽപെട്ട ഏതെങ്കിലും ഒരു പെണ്ണിനെ വിവാഹം ചെയ്തത് ഒരു മുജാഹിദാണെങ്കിൽ ആ വിവാഹം അസാധുവാണെന്നും അവരിൽനിന്നുണ്ടാകുന്ന കുട്ടികൾ ജാര സന്താനങ്ങളാണെന്നും, വിവാഹമോചനം കൂടാതെതന്നെ അവളുടെ പുനർവിവാഹം മതദൃഷ്ട്യാ അനുവദനീയമാണെന്നും, ഇക്കൂട്ടർ പ്രസംഗിച്ചു നടന്നിരുന്നു. പക്ഷേ പേരിന്നൊരു വിവാഹമോചനം നടത്തിയെന്ന കാട്ടിക്കൂട്ടൽ മാത്രം കോടതി നിയമം പിടികൂടുന്ന അവസരത്തിൽ തടിതപ്പാൻവേണ്ടി ചെയ്തേക്കണമെന്നും അവർ ഉപദേശിക്കാറുണ്ടായിരുന്നു. മേൽപറഞ്ഞ രൂപത്തിലുള്ള വിവാഹം എവിടെയെങ്കിലും നടന്നിട്ടുണ്ടെങ്കിൽ അടിയന്തിരമായും ആ ബന്ധം വേർപ്പെടുത്താൻ വേണ്ടി ജനങ്ങളെ ഇളക്കിവിടുകയും ഹരം പിടിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഉഗ്രൻ പ്രസംഗങ്ങൾ ചെയ്യുക അവരുടെ പതിവായിരുന്നു. ഇത്തരം പ്രസംഗങ്ങളുടെ ഫലമായി ഈ ലേഖകൻ താമസിക്കുന്ന കൊച്ചു ഗ്രാമത്തിൽ തന്നെ ഡസൻകണക്കിന് വിവാഹമോചനങ്ങൾ നടന്നിട്ടുണ്ട്.

ഇസ്ലാഹീ പ്രസ്ഥാനം കൂടുതൽ ശക്തി പ്രാപിച്ചിട്ടുള്ള മലബാർ

KERALA
HERITAGE
CENTER
KALPAKANCHERY

പ്രദേശങ്ങളിൽനിന്ന് ഇനിയൊരിക്ക ലും തലയുയർത്താൻ കഴിയാത്തവിധം ആ പ്രസ്ഥാനത്തെ തകർത്തു തരിപ്പ ണമാക്കണമെന്ന ലക്ഷ്യത്തോടെ ഖുറാ ഫീ നേതാക്കൾ ആസൂത്രിതമായി പ്ലാൻ ചെയ്തുകൊണ്ടിറക്കുമതി ചെയ്ത രണ്ട് വൻ തോക്കുകളായിരുന്നു കററാനംപതി അബ്ദുൽഖാദിർ മുസ്ല്യാരും സയ്യിദ് നൂരിഷായും. തിരുവിതാംകൂർക്കാരനായ പതി മുസ്ല്യാരെ ഇറക്കുമതിചെയ്തത് ഈ നൂററാണ്ടിലെ അമ്പതുകൾക്ക തൊട്ടുമുമ്പാണെങ്കിൽ ഹൈദരബാദുകാരനായ നൂരിഷായെ ഇറക്കുമതി ചെയ്തത് അമ്പതുകൾക്ക ശേഷമാണ്.

ഖുറാഫീ നേതാക്കൾ ഈ വൻതോക്കുകളുടെ പാണ്ഡിത്യത്തിൻെറ ആഴവും പരപ്പും വിവരിക്കുന്നതു കേട്ടാൽ ഒരായിരം കൊല്ലങ്ങൾക്കിപ്പുറം പാണ്ഡിത്യത്തിൽ അവരുടെ അടുത്ത് നിൽക്കാൻപോലും പററിയ ഒററ വ്യക്തിയും ആകാശഭൂമികൾക്കിടയിൽ ഉണ്ടായിട്ടില്ലെന്ന് തോന്നിപ്പോകും. ഇരുവരുടെയും സിദ്ധികളെ അവർ വർണ്ണിക്കാൻ തുടങ്ങിയാൽ പ്രവാചകന്മാരുടെ മുഅ്ജിസത്തുകളെപ്പോലും കവച്ചുവെക്കുന്നവയാണോ അതെന്ന് ശ്രോതാക്കൾ സംശയിച്ചുപോകും. ഇരുവരെയും ഈ രൂപത്തിൽ വാനോളം പുകഴ്ത്തിക്കൊണ്ടാണ് മലബാറിൻെറ ഒരററംമുതൽ മറെറ അററംവരെ അവർ എഴുന്നള്ളിച്ചുകൊണ്ടിരുന്നത്. എന്നാൽ ഈ കോലാഹലങ്ങൾകൊണ്ടൊന്നും ഇസ്ലാഹീ പ്രസ്ഥാനത്തിന് ഒരു പോറലേൽക്കുകപോലും ചെയ്തില്ലെന്ന് മാത്രമല്ല, മുജാഹിദുകളുടെ യുക്തികവും സമർത്ഥവുമായ നേരിടൽ മൂലം കാര്യം മനസ്സിലാക്കിയ ആയിരക്കണക്കിനാളുകൾ ഇസ്ലാഹീ പ്രസ്ഥാനത്തിലേക്കാകർഷിക്കപ്പെടുകയും അതിൻെറ കർമ്മഭടന്മാരായി മാറുകയുമാണുണ്ടായത്.

പതീ അബ്ദുൽ ഖാദിർ മുസ്ലിയാർ ഒന്നാമതായി എഴുന്നള്ളിക്കപ്പെട്ടത് നെടിയിരുപ്പിലായിരുന്നു. മുഹ്യിദ്ദീൻ മാലയിലെ ഓരോ വരിയും സത്യസമ്പൂർണ്ണമാണെന്നും, അത് പാടലും പാടിക്കലും പുണ്യകർമ്മമാണെന്നും മരിച്ചുപോയ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കലും അവർക്കുവേണ്ടി നേർച്ചയാക്കലുമൊക്കെ പുണ്യകർമ്മങ്ങളാണെന്നും, അതിനെ എതിർക്കുന്നവർ ആദം നബിക്ക് സുജൂദ് ചെയ്യാൻ വിസമ്മതിച്ച ഇബ്ലീസിൻെറ മാതൃക പിൻപററുന്നവരാണെന്നുമൊക്കെ ഖുർആനും ഹദീസുംകൊണ്ട് സ്ഥാപിക്കുന്നതാണെന്ന് വീരവാദം മുഴക്കിക്കൊണ്ടും, മേൽപ്പറഞ്ഞ ഏതെങ്കിലുമൊരു കാര്യത്തിൽ വിയോജിക്കുന്ന — ധൈര്യമുള്ള, ആണത്വമുള്ള, ചോറുതിന്നുന്ന, തന്തക്ക് പിറന്ന — വല്ലവരുമുണ്ടെങ്കിൽ ഖണ്ഡന പ്രസംഗത്തിന് മുമ്പോട്ട് വരട്ടെ എന്ന് ഉഗ്രൻ വെല്ലുവിളി നടത്തിക്കൊണ്ടുമാണ് അദ്ദേഹം നെടിയിരുപ്പിൽ പ്രത്യക്ഷപ്പെട്ടത്. മേൽപറഞ്ഞ വാദങ്ങളും വെല്ലുവിളിയുമൊക്കെ നോട്ടീസ്മുഖേനയും മററും നേരത്തെതന്നെ വിളംബരപ്പെടുത്തുകയും ചെയ്തിരുന്നു.

കേരള മുജാഹിദുകളുടെ കണ്ണിലുണ്ണിയും അഭിമാനഭാജനവുമായിരുന്ന എം. സി. സി. അബ്ദുറഹ്മാൻ മൗലവിയുടെ നിർദ്ദേശോപദേശങ്ങളോടും ആശീർവാദത്തോടും കൂടി വെല്ലുവിളിയെ നേരിട്ട പ്രഗൽഭ പണ്ഡിതനും ഉജ്ജ്വലവാഗ്മിയുമായ എ. അലവിമൗലവി (എടവണ്ണ) രണ്ടു ദിവസത്തെ

KERALA HERITAGE CENTER KALPAKANCHERY

പണ്ഡിതോചിതമായ ഖണ്ഡന പ്രസംഗത്തിലൂടെ പതി മുസ്‌ലിയാരെ വീർപ്പുമുട്ടിച്ചുകളഞ്ഞു. മൂന്നാം ദിവസം തടിച്ചുകൂടിയ ലക്ഷക്കണക്കിന് ശ്രോതാക്കൾക്ക് പ്രസംഗങ്ങൾ കേൾക്കാൻ ഭാഗ്യമുണ്ടായില്ല. ''പതിമുസ്‌ലിയാർക്ക് ശക്തിയായ ഏക്കവും വീർപ്പുമുട്ടലും ബാധിച്ചിരിക്കയാൽ ഇന്ന് പരിപാടികൾ നടക്കുന്നതല്ല, സുഖക്കേട് മാറിയാൽ വീണ്ടും പരിപാടികൾ തുടരുന്നതും വിവരം മുൻകൂട്ടിത്തന്നെ നോട്ടീസു മുഖേന അറിയിക്കുന്നതുമാണ്'' എന്ന പതിമുസ്‌ലിയാരുടെ പക്ഷത്തുനിന്നുണ്ടായ പ്രഖ്യാപനമാണ് സദസ്യർക്ക് കേൾക്കാൻ കഴിഞ്ഞത്. ഇരുവരും നെടിയിരുപ്പിൽ തന്നെ ഇനിയും കൂട്ടിമുട്ടുമെന്ന പ്രതീക്ഷയോടെ എല്ലാവരും ശാന്തരായി പിരിഞ്ഞു പോയി.

ഏക്കവും വീർപ്പുമുട്ടലും അലവി മൗലവിക്ക് ബാധിച്ചുവെന്നാണ് പ്രഖ്യാപനമുണ്ടായതെങ്കിൽ സ്ഥിതി എന്താകുമായിരുന്നുവെന്നു പലരും ചിന്തിച്ചുപോയി. ''കണ്ടില്ലേ? മുഹ്‌യിദ്ദീൻ ശൈഖിന്റെയും മററു ഔലിയാക്കളുടെയും കുരുത്തക്കേട് തട്ടി ശൈഖിന്റെ ഇഷ്ടദാസനായ പതിമുസ്‌ലിയാരോടു കളിച്ച ആ വഹാബി ശൈഥാന്നു വീർപ്പ് കഴിക്കാൻപോലും സാധിക്കാതായി. ഇനിയെങ്കിലും ഇക്കൂട്ടർക്കു പഠിച്ചുകൂടെ?'' എന്നൊക്കെ നാക്കിട്ടടിച്ചുകൊണ്ടു മുജാഹിദുകളുടെ നേരെ കുതിരകയറുന്നതിന്നു കയ്യുംകണക്കുമുണ്ടാകുമായിരുന്നോ? അവിടെ കൂടിയിരുന്ന മുജാഹിദുകൾക്ക് സ്വൈരമായി തിരിച്ചുപോകാൻ കഴിയുമായിരുന്നോ? പടച്ചവൻ കാത്തു.

ദിവസങ്ങളും ആഴ്ചകളും പലതും കഴിഞ്ഞുപോയെങ്കിലും അതിന്നുശേഷം പതിമുസ്‌ലിയാരെ നെടിയിരുപ്പിൽ കണ്ടവരില്ല. നെടിയിരുപ്പിൽ നിന്നും മുങ്ങിയ ആ മനുഷ്യൻ ഏതാനും ആഴ്ചകൾക്ക് ശേഷം വണ്ടൂരിൽ പൊങ്ങുകയാണ് ചെയ്തത്; നെടിയിരുപ്പിൽ പ്രത്യക്ഷപ്പെട്ട അതേരൂപത്തിൽ തന്നെ! അവിടെവെച്ചു മുഴക്കിയ വീരവാദങ്ങളും വെല്ലുവിളിയുമൊക്കെ. ഒരു ടേപ്പ്റിക്കാർഡ്പോലെ വണ്ടൂരിലും ആവർത്തിച്ചു. വെല്ലുവിളി നേരിടാൻ അവിടെയും അലവിമൗലവി എത്തിക്കഴിഞ്ഞു. ഇതെന്തൊരു പുലിവാൽ! പതിമുസ്‌ലിയാർ കുഴങ്ങി. നെടിയിരുപ്പ് അവിടെയും ആവർത്തിക്കപ്പെട്ടു. പതിമുസ്‌ലിയാർക്ക് ഏക്കവും വീർപ്പുമുട്ടലും ബാധിച്ചുവെന്ന പ്രഖ്യാപനത്തോടെ അവിടുത്തെ പരിപാടികൾക്കും തിരശ്ശീലവീണു.

ഇതുപോലെയുള്ള വീരവാദങ്ങളും വെല്ലുവിളികളും ഖണ്ഡമഖണ്ഡന പ്രസംഗങ്ങളുമൊക്കെ പലേടത്തും നടന്നു. 1951ലെ പൂനൂര് വാദപ്രതിവാദത്തോടെ പതിമുസ്‌ല്യാരുടെ പീസ് പൂർണ്ണമായും പോയിക്കഴിഞ്ഞു.

കൊള്ളയും കവർച്ചയും നിത്യതൊഴിലാക്കിയിരുന്ന പുരാതന അറബികൾ അന്യരുടെ സ്വത്തൊന്നും കണ്ടെത്തിയില്ലെങ്കിൽ സ്വന്തം സഹോദരന്റെ ധനം കവർച്ച ചെയ്യാറുണ്ടായിരുന്നു. അതുപോലെ മുജാഹിദുകളുമായുള്ള എല്ലാ ഏററുമുട്ടലുകളിലും ദയനീയമായി പരാജയപ്പെട്ട പതിമുസ്‌ലിയാർ തന്റെ ആതിഥേയ സംഘത്തിന്റെ നേരെയാണ് പിന്നീട് തിരിഞ്ഞത്. അങ്ങിനെ പ്രമാദമായ ''അള്ളാ–അല്ലാ'' തർക്കത്തിന്റെ പേരിൽ ഒടുവിൽ അവർ തമ്മിൽ തല്ലിപ്പിരിഞ്ഞ സംഭവത്തിനും

KERALA HERITAGE CENTER
KALPAKANCHERY

മലബാറിന്റെ മണ്ണുതന്നെ സാക്ഷ്യം വഹിച്ചു.

നൂരിഷായെ ഒരു 'ത്വരീഖത്തി'ന്റെ ശൈഖ് എന്ന നിലക്കാണ് ഖുറാഫീ പ്രമാണികൾ കേരളത്തിൽ എഴുന്നള്ളിച്ചിരുന്നത്. നൂരിഷായെ ശൈഖായി അംഗീകരിക്കാൻ ഓരോ മുസ്ലിമിന്നും 'ഫർസ്ഐൻ' ആണെന്ന രൂപത്തിലായിരുന്നു അവരുടെ പ്രചരണം. മുജാഹിദുകളെ സൂചിപ്പിച്ചുകൊണ്ടു 'നൂരിഷായെ ശൈഖായി അംഗീകരിക്കാത്തവരുടെ ശൈഖ് ശൈത്വാനാണ്!'' എന്നു അവർ പ്രസംഗിച്ചു നടന്നിരുന്നു. മുഹ്യിദ്ദീൻ ശൈഖിന്റെ ഇരുപത്തിരണ്ടാം തലമുറയിലെ വീരപുത്രനും മഹാമനുഷ്യനുമാണെന്നതിന്നു പുറമെ 'നൂറുൽ മശാഇഖ്'' (എല്ലാ ശൈഖന്മാരുടെയും പ്രതിഭ)യാണ് നൂരിഷായെന്നും അവർ പ്രചാരവേല നടത്തിയിരുന്നു. എന്നാൽ നൂരിഷായെ ശൈഖായി അംഗീകരിക്കാത്തവരുടെ ശൈഖ് ശൈത്വാനാണെന്നു പ്രസംഗിച്ചു നടന്നിരുന്ന ഇക്കൂട്ടർ ''സാക്ഷാൽ നൂരിഷായാണ് ശൈത്വാൻ'' എന്നും ത്വരീഖത്തിന്നു ഇസ്ലാമിൽ യാതൊരു സ്ഥാനവുമില്ലെന്നുമൊക്കെ മറിച്ചു പറയാൻ കാലം വളരെയൊന്നും കഴിയേണ്ടി വന്നില്ല.

പക്ഷെ ഇക്കൂട്ടർ മുമ്പ് നടത്തിയിരുന്ന പ്രചാരവേലയുടെ ഫലമായി നൂരിഷായുടെ ത്വരീഖത്ത് പിന്തുടരൽ മാത്രമാണ് മോക്ഷത്തിനുള്ള മാർഗ്ഗമെന്നു ഉറച്ചു വിശ്വസിക്കുന്ന ഒരു വിഭാഗം യാഥാസ്ഥിതികർക്കിടയിൽത്തന്നെ വളർന്നുവന്നിരുന്നു. അതിനാൽ ഇരുവിഭാഗക്കാരും തമ്മിൽ പൊരിഞ്ഞ സംഘട്ടനങ്ങൾ നടക്കാനിടയായി. ഈ കാഴ്ചക്കും മലബാറിന്റെ മണ്ണുതന്നെ സാക്ഷ്യം വഹിച്ചിരിക്കുകയാണ്.

കേരളത്തിലെ യാഥാസ്ഥിതിക നേതാക്കളെപ്പററി വളരെ പ്രധാനമായ ഒരു സംഗതികൂടി വിവരിക്കാതിരിക്കാൻ നിർവ്വാഹമില്ല. ആദർശപരമായി വിയോജിക്കുന്നവരോടുള്ള അവരുടെ സമീപന രീതിയാണത്. മുജാഹിദുകളും ജമാഅത്തെ ഇസ്ലാമിക്കാരും ഖാദിയാനികളുമൊക്കെ അവരുടെ ദൃഷ്ടിയിൽ ഒരുപോലെയായിരുന്നു. മുജാഹിദുകൾക്ക് ''വഹാബികൾ'' എന്നായിരുന്നു അവർ പേർ നൽകിയിരുന്നത്.

''വഹാബികൾ കാഫിർ തന്നെ! അവർ കാഫിറാണെന്നതിൽ സംശയിക്കുന്നവരും കാഫിർ തന്നെ!!'' അവരുടെ പ്രസംഗങ്ങളിൽ സദാസമയവും കേൾക്കാറുണ്ടായിരുന്ന ഒരു പ്രഖ്യാപനമായിരുന്നു അത്. ''ന്നെ'' എന്ന അക്ഷരത്തിൽ രണ്ടിടത്തും ഊന്നൽ കൊടുത്തുകൊണ്ടുള്ള ആ ഉഗ്രൻ പ്രഖ്യാപനം അനുയായികളെ എന്തുമാത്രം ഹരം പിടിപ്പിക്കുമായിരുന്നുവെന്നോ?

വഹാബി, മൗദൂദി, ഖാദിയാനികളെ വകവരുത്തൽ പടച്ചതമ്പുരാന്ന് ഏററവും ഇഷ്ടപ്പെട്ട പുണ്യകർമ്മമാണെന്നും, അതുകൊണ്ടു സ്വർഗ്ഗം കിട്ടണമെന്നാഗ്രഹിക്കുന്നവർ അതിന്നുവേണ്ടി അഹമഹമികയാ മുന്നോട്ടു വരണമെന്നും, വഹാബി, മൗദൂദി, ഖാദിയാനികളിൽ പെട്ട ഒരാളെയെങ്കിലും കൊന്നവൻ ഔലിയാക്കളുടെയും ശുഹദാക്കളുടെയും കൂടെ നാളെ മഹ്ശറയിൽ ഒരുമിച്ചു കൂട്ടപ്പെടുകയും സ്വർഗ്ഗത്തിൽ കഴിഞ്ഞുകൂടുകയും ചെയ്യുമെന്നത് സംശയാ

KERALA HERITAGE CENTER KALPAKANCHERY

തീതമായ കാര്യമാണെന്നുമൊക്കെ പെരടിപ്പും തൊങ്ങലുംവെച്ചു ഭാഷയിൽ പറഞ്ഞു പാമര ജനങ്ങളെ ഹരം പിടിപ്പിക്കൽ ഇക്കൂട്ടരുടെ ക്രൂരവിനോദമായിരുന്നു. സമസ്തകേരള ജംഇയ്യത്തുൽ ഉലമായുടെ ഇന്നത്തെ സിക്രട്ടരിയായ ജ: ഇ കെ. അബൂബക്കർ മുസ്‌ലിയാർ മേൽപറഞ്ഞ തരത്തിലുള്ള വിഷം തുപ്പുന്ന പ്രസംഗം ചെയ്തു പാമരജനങ്ങളെ ഇളക്കീ വിട്ടതിൻെറ ഫലമായി മംഗലാപുരത്ത് വെച്ചു ഇത്തരമൊരു കൊല നടന്നത് കുപ്രസിദ്ധവും കോടതി റിക്കാർഡുകളിൽ രേഖപ്പെട്ടു കിടക്കുന്നതുമാണ്. പ്രമാദമായ മുത്തന്നൂർ പള്ളിക്കേസ് വിചാരണ നടന്നുകൊണ്ടിരിക്കുന്നതിന്നിടയിൽ പ്രസ്തുത അബൂബക്കർ മുസ്‌ലിയാർ തന്നെ ഇക്കാര്യം തുറന്നു സമ്മതിച്ചതും പ്രസ്താവ്യമത്രെ.

ഖുർആനിൻെറയും സുന്നത്തിൻെറയും വെളിച്ചത്തിൽ തങ്ങൾ മനസ്സിലാക്കിയ യാഥാർത്ഥ്യങ്ങൾ തുറന്നു പറയുവാനുള്ള മൗലികാവകാശംപോലും യാഥാസ്ഥിതിക നേതാക്കന്മാരുടെ മുഷ്ക്ക് നിമിത്തം മുജാഹിദുകൾക്ക് നിഷേധിക്കപ്പെട്ടിരുന്നു. മുജാഹിദുകൾക്ക് പ്രസംഗിക്കാൻ എവിടെയെങ്കിലുമൊരു സ്ഥലം കിട്ടുക എളുപ്പമുള്ള കാര്യമായിരുന്നില്ല. വളരെ പണിപ്പെട്ടു കിട്ടിയാൽതന്നെ പിന്നെയും പ്രശ്നങ്ങൾ പലതും ബാക്കിയാണ്. പ്രാസംഗികൻ വരുന്ന വഴിക്ക് കൂക്കുവിളിയും കല്ലേറും നടത്തി അദ്ദേഹത്തെ ഉപദ്രവിക്കാൻ അങ്ങാടിപ്പിള്ളരെയും പോക്കിരിസെററിനെയും ഖുറാഫിത്തലവന്മാർ ഏർപ്പാടു ചെയ്തിട്ടുണ്ടായിരിക്കും. ഇതൊക്കെ തരണംചെയ്ത് സ്റേറജിലെത്തുന്‍ കഴിഞ്ഞാൽ തന്നെ ബഹളമുണ്ടാക്കിയും കല്ലേറ് നടത്തിയും പ്രസംഗം അലങ്കോലപ്പെടുത്താൻ ഖുറാഫിത്തലവന്മാരുടെ കൂലിപ്പട്ടാളം വേറെയുണ്ടായെന്നുവരും. ലൈററ് കെടുത്തി, ഇരുട്ടടി നടത്തി പ്രാസംഗികനെ പരുക്കേൽപിക്കുന്ന സംഭവവും നടക്കാറുണ്ട്. മുജാഹിദുകളായി ഏത് സ്ഥലത്തും അംഗുലീപരിമിതരായ ആളുകൾ മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളു. അവർതന്നെ മിക്കവരും – ഒരുവേള എല്ലാവരുംതന്നെ– പണമോ സ്വാധീനമോ ഇല്ലാത്ത പാവങ്ങളായിരിക്കും. അതിനാൽ മറുഭാഗത്തുനിന്നുണ്ടാകുന്ന ഇത്തരം അക്രമങ്ങളെ ചെറുത്തു തോൽപിക്കാൻ മുജാഹിദുകൾക്ക് കഴിഞ്ഞെന്ന് വരില്ല.

ചില ഉദാഹരണങ്ങൾ പറയാം:– പതിമുസ്‌ലിയാർ നെടിയിരുപ്പിലും മററും വെച്ചു നടത്തിയിരുന്നത്പോലെയുള്ള വീരവാദങ്ങളും വെല്ലുവിളിയുമൊക്കെ വടക്കാഞ്ചേരിക്കടുത്ത ചേലക്കരയിൽവെച്ചും ഒരിക്കൽ മുഴക്കിയിരുന്നു. വെല്ലുവിളി നേരിടൽ അത്യന്താപേക്ഷിതമായ പരിതസ്ഥിതി വന്നപ്പോൾ അവിടുത്തെ ഇസ്‌ലാഹീ പ്രവർത്തകർ അതിന്നായി എ. അലവിമൗലവി (എടവണ്ണ), സി. പി. കുഞ്ഞിമൊയ്തീൻ മൗലവി (തൃപ്പനച്ചി), ടി. പി. മുഹമ്മദ് മൗലവി (പറളിയിലെ ഖത്തീബ്) എന്നിവരെ ക്ഷണിച്ചു. മൂവരും വടക്കാഞ്ചേരിയിൽ വണ്ടിയിറങ്ങി ഒരു ടാക്സിയിൽ ചേലേക്കരക്ക് പോവുകയായിരുന്നു. വഴിയിൽവെച്ചു കുറെ പേർ കാർ തടഞ്ഞു, ഡ്രൈവറെ പിടിച്ചിറക്കി. കൂട്ടത്തിലൊരാൾ കാറിൽ കയറി ഓടിച്ചു തുടങ്ങി. കുറെപോയപ്പോൾ ഒരു റൗഡി സംഘം കാർ വളഞ്ഞു. അൽപം അകലെ ഒരു പോലീസ് സ്റേറഷനുണ്ടെന്നറിയാമായിരുന്ന

KERALA HERITAGE CENTER KALPAKANCHERY

കുഞ്ഞിമൊയ്തീൻ മൗലവി രണ്ടും കൽപ്പിച്ചു അങ്ങോട്ടോടി. റൗഡികൾ ബാക്കി രണ്ടു പേരെ ചോദ്യം ചെയ്തും ഭീഷണിപ്പെടുത്തിയും, അലവി മൗലവിയുടെ കയ്യിലുണ്ടായിരുന്ന കത്തി പിടിച്ചുപറാൻ ശ്രമിച്ചും കൊണ്ടിരിക്കുന്നതിന്നിടയിൽ അപ്രതീക്ഷിതമായി മററൊരു സംഘം ആ വഴിക്കു വരുന്നതു കണ്ടു, സംഗതി അന്വേഷിക്കാനായി അവർ അടുത്തെത്തുമ്പോഴേക്കും, ഇനി ഇവിടെ നിൽക്കുന്നത് നല്ലതിന്നല്ലെന്നു മനസ്സിലാക്കിയ റൗഡിസംഘം സ്ഥലം വിട്ടിരുന്നു. അപരിചിതരായ അവർ മൂവരെയു. ലക്ഷ്യസ്ഥാനത്തെത്തിച്ചതിനാൽ വലിയ അപകടമൊന്നും സംഭവിക്കാതെ രക്ഷപ്പെട്ടു.

പി. സെയ്ത് മൗലവി പൊന്നാനിയിൽവെച്ചു ഒരു മതപ്രസംഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ സ്റ്റേജിനടുത്തുനിന്നു ഒരാൾ വലിയ ഒരു മാലപ്പടക്കം, തീ കൊളുത്തി മൗലവിയുടെ നേരെ എറിഞ്ഞു ഭാഗ്യവശാൽ അതു മൗലവിയുടെ ദേഹത്തിൽ തട്ടിയില്ലെങ്കിലും അരമണിക്കൂറിലധികം സമയം അതു ''പടപടാ'' പൊട്ടിക്കൊണ്ടിരുന്നു. അതിനിടയിൽ മൗലവിയെ ദേഹോപദ്രവം ചെയ്യാൻവേണ്ടി കുറെ കാപാലികൻമാർ സ്റ്റേജിൽ കയറി. അന്നു അവിടെയുണ്ടായിരുന്ന കൈവിരൽ കൊണ്ടെണ്ണാവുന്ന മുജാഹിദുകൾ മൗലവിയുടെ ചുററും അംഗരക്ഷകരായിനിന്നതിനാൽ മൗലവിക്കു ഒന്നും പററിയില്ല. പ്രഹരങ്ങളെല്ലാം ഏൽക്കേണ്ടി വന്നതു അംഗരക്ഷകരാണ്. കൂട്ടത്തിൽ ഹംസ എന്നു പേരായ ഒരു മുജാഹിദിന്നു ഒരു ബെഞ്ചിൻ കാലിൻെറ അടി തലക്കുകൊണ്ടു ഗുരുതരമായ പരിക്കു പററി. ആശുപത്രിയിൽ പ്രവേശിച്ചു കുറെകാലം ചികിൽസ നടത്തിനോക്കിയെങ്കിലും ഒടുവിൽ അക്കാരണത്താൽ തന്നെ അദ്ദേഹം മരണപ്പെടുകയാണുണ്ടായത്. ''ഇന്നാ ലില്ലാഹി ''

മററൊരിക്കൽ സെയ്തു മൗലവി തന്നെ 'കുയിപ്രം' എന്ന സ്ഥലത്തു വെച്ച് ഒരു മതപ്രസംഗം നടത്തിയിരുന്നു. പ്രസംഗാനന്തരം ഖുറാഫികൾ വിളക്കെല്ലാം തല്ലിക്കെടുത്തി. അതിനുശേഷം ഒരാൾ സ്റ്റേജിൽ കയറിവന്നു. മൗലവിയെ, രക്ഷിക്കാനെന്ന ഭാവത്തിൽ സ്റ്റേജിൻെറ പിന്നിലേക്ക് കൂട്ടിക്കൊണ്ടുപോയി പൊതിരെ തല്ലി. നിലത്ത് വീണ് തുണിയിലും ദേഹത്തിലും ചളി പുരണ്ട മൗലവി സാഹിബ് വീട്ടിലെത്തിയപ്പോൾ പുത്രകളത്രാദികൾ അമ്പരന്നുപോയി.

കടവത്തൂരിൽ പ്രഗത്ഭ പണ്ഡിതൻമാരെയും വാഗ്മികളെയും പങ്കെടുപ്പിച്ചുകൊണ്ട് മുജാഹിദുകളുടെ ഒരു മഹാസമ്മേളനം നടത്താൻ തീരുമാനിച്ചു നോട്ടീസടിച്ച് വിതരണം ചെയ്തിരുന്നു. സമ്മേളനം തുടങ്ങേണ്ട സമയത്തിൻെറ അൽപം മുമ്പ് പതി മുസ്ലിയാരുടെ നേതൃത്വത്തിന ഒരു യാഥാസ്ഥിതിക പണ്ഡിത വ്യൂഹംതന്നെ പരിവാരങ്ങളോടൊപ്പം അവിടെ വന്നു ചേർന്നു, ബലാൽക്കാരമായി സ്റ്റേജിൻെറ ഒരുവശത്ത് അവരുടെ വക ഒരു ഉച്ചഭാഷിണികൂടി ഘടിപ്പിച്ചു. പതി മുസ്ല്യാരും മററും സ്റ്റേജിൽതന്നെ സ്ഥാനമുറപ്പിച്ചു. സമ്മേളന സമയമായി. കെ. എൻ. ഇബ്രാഹിം മൗലവി സ്വാഗത പ്രസംഗം തുടങ്ങി. ഏതാനും വാക്കുകൾ പറഞ്ഞപ്പോൾ പതി മുസ്ലിയാർ തൻെറ മുമ്പിലുള്ള മൈക്ക ഓൺ ചെയ്തു ഇങ്ങിനെ ആക്രോശിച്ചു:

KERALA HERITAGE CENTER KALPAKANCHERY

'പ്രസംഗം നിർത്തുക! അത് റിപ്പോർട്ട് ചെയ്യണം!' ഇബ്രാഹിം മൗലവി പുല്ലോളം വിലവെച്ചില്ല. അദ്ദേഹം അത് കേട്ട ഭാവം നടിക്കാതെ പ്രസംഗം തുടർന്നുകൊണ്ടേയിരുന്നു. പക്ഷെ അപ്പോഴേക്കും സദസ്സിൽനിന്നുയർന്നുവന്ന ഭയങ്കരമായ ശബ്ദകോലാഹലവും കൂക്കുവിളിയുമൊക്കെ ആ പ്രസംഗം ശ്രദ്ധിക്കപ്പെടാതാക്കി. കയ്യാങ്കളിയും മുറക്ക് നടന്നുകൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിൻെറ കരുണാകടാക്ഷത്താൽ പെട്ടെന്ന് അതി ഭയങ്കരമായ പേമാരിയും കൊടുങ്കാററും വന്നതിനാൽ ആളുകൾ പല ഭാഗങ്ങളിലേക്കും നീങ്ങിത്തുടങ്ങി. അത്രയും വലിയ ഒരു മഴയും കൊടുങ്കാററും അതിന്നു മുമ്പോ ശേഷമോ കടവത്തൂരിലുണ്ടായിട്ടില്ലെന്നതാണ് പരമാർത്ഥം. അതിനാൽ ആളപായമൊന്നും സംഭവിക്കാതെ രക്ഷപ്പെട്ടു. ഇതുപോലെയുള്ള പല സംഭവങ്ങളും കേരളത്തിൻെറ പല ഭാഗത്തും നടന്നിട്ടുണ്ട്.

ഇതിന്നെല്ലാം പുറമെ 'വഹാബി'കളുടെ പ്രസംഗങ്ങൾ കേൾക്കുകയോ, അവരുടെ പ്രസിദ്ധീകരണങ്ങൾ വായിക്കുകയോ ചെയ്യുന്നത് അപകടകരമാണ്, 'വഹാബി'കളുടെ സദസ്സ് കൊഴുപ്പിക്കൽ ഇസ്ലാമിനെ പൊളിക്കാൻ സഹായിക്കലാണ്,'' എന്നൊക്കെ പറഞ്ഞു, മുജാഹിദാദർശം കേൾക്കുകയോ വായിക്കുകയോ ചെയ്തുപോകാതിരിക്കത്തക്കവണ്ണം അനുയായികളെ വേലി കെട്ടി നിറുത്തുന്ന കാര്യത്തിലും അവർ സതാരശ്രദ്ധ പതിപ്പിച്ചിരുന്നു. യാഥാസ്ഥിതികരായ പണ്ഡിത-പുരോഹിത വർഗ്ഗം പറയുന്നതെന്തും അക്കാലത്തെ മുസ്ലിം ബഹുജനങ്ങൾക്ക് 'വേദവാക്യ'മായിരുന്നുവെന്ന കാര്യവും കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്.

നമ്മുടെ പൂർവ്വികരായ മുജാഹിദുകൾ മല്ലിടേണ്ടിവന്ന പ്രതികൂല സാഹചര്യങ്ങളുടെ ഒരേകദേശ ചിത്രമാണിത്. എന്നിട്ടും തങ്ങൾ അഭിമുഖീകരിക്കേണ്ടിവന്ന എല്ലാ വിഷമങ്ങളെയും തൃണവൽഗണിച്ചുകൊണ്ടും, മുഴുവൻ പരീക്ഷണങ്ങളെയും അതിജീവിച്ചുകൊണ്ടും നമ്മുടെ പൂർവ്വികരായ മുജാഹിദുകൾ പാദം പതറാതെ, ചിത്തം ചിതറാതെ നടത്തിക്കൊണ്ടിരുന്ന ഇസ്ലാഹീ പ്രവർത്തന പരമ്പരകളുടെ സൽഫലങ്ങളാണ് ഇന്നു നാം ആസ്വദിച്ചുകൊണ്ടിരിക്കുന്നത്. സലഫീ മാതൃകയിൽ അവർ വെട്ടിത്തെളിയിച്ച പന്ഥാവിലൂടെ നമുക്കു മുമ്പോട്ടു പോകാം.

''അല്ലാഹു വലിയ്യു ത്തൗഫീഖ്.''

PHONE : 25561

C. P. MOIDEEN
& COMPANY

WHOLE SALE DEALERS IN ALL KINDS OF FOOTWEAR
TRICHI

KERALA HERITAGE CENTER
KALPAKANCHERY

കേരള മുസ്ലിംകളും വ്യാപാരവും

ചരിത്രാതീത കാലം മുതൽക്കേ മലബാറും പശ്ചിമേഷ്യൻ നാടുകളും തമ്മിൽ കച്ചവടബന്ധമുണ്ടായിരുന്നു. റോമാ സാമ്രാജ്യം സ്ഥാപിതമാകുന്നതു വരെ ഈ കച്ചവടം അറബികളുടെ കുത്തകയുമായിരുന്നു, പ്രത്യേകിച്ച് അറേബിയൻ ഉപദ്വീപിൻെറ തെക്കുഭാഗ നിവാസികളുടെ

ക്രിസ്താബ്ദം എഴാം നൂററാണ്ടിൽ ഇസ്ലാം മതത്തിൻെറ ആവിർഭാവത്തോടെ അറബികളിൽ ഒരു പുതിയ ആവേശം എല്ലാ രംഗങ്ങളിലും പ്രകടമായിരുന്നു. അങ്ങിനെ വിദേശ വ്യാപാര രംഗത്തും അവർ പൂർവ്വോപരി പ്രസരിപ്പ് പ്രകടിപ്പിക്കുകയുണ്ടായി. ഒരു നൂററാണ്ട് കാലംകൊണ്ട് ഇസ്ലാം പേർഷ്യയിലും മദ്ധ്യധരണ്യാഴിക്കു ചററുമുള്ള പ്രദേശത്തും തികച്ചും ആധിപത്യം സ്ഥാപിക്കുകയും അങ്ങിനെ അബ്ബാസിയ്യാ ഖലീഫമാരുടെ കാലമാവുമ്പോഴേക്കും ശക്തവും വ്യവസ്ഥാപിതവുമായ ഒരു ഭരണകൂടം സ്ഥാപിക്കപ്പെടുകയും ചെയ്തു. ഈ അവസ്ഥ ലോകസഞ്ചാരം, വാണിജ്യം എന്നീ രംഗത്ത് അറബികൾക്ക് അസൂയാവഹമായൊരു സ്ഥാനം നേടിക്കൊടുക്കുകയുണ്ടായി.

ടി. അബ്ദുല്ല,

ഫറോക്കോളേജ്

അബ്ബാസിയ്യാ ഭരണകൂടം ബഗ്ദാദ് തലസ്ഥാനമായി ഉയർത്തിയതോടെ ബഗ്ദാദും ഇന്ത്യൻ കടൽതീരത്തുള്ള തുറമുഖങ്ങളും തമ്മിൽ നേരിട്ട് ബന്ധം സ്ഥാപിക്കുകയെന്നത് എളുപ്പമായി. അങ്ങനെ ഇന്ത്യയിലെ പല തുറമുഖങ്ങളിലും അറബികളായ മുസ്ലിംകൾ കച്ചവടാവശ്യങ്ങൾക്കായി താമസമുറപ്പിക്കുകയും ചെയ്തു. ഇങ്ങിനെ താമസമുറപ്പിച്ച തീരപ്രദേശങ്ങളിൽ പ്രധാ

KERALA HERITAGE CENTER KALPAKANCHERY

നമായവയായിരുന്നു കേരളത്തിലെ കോഴിക്കോട് ചാലിയം, കൊടുങ്ങല്ലൂർ, കൊല്ലം (തെക്കൻ) എന്നീ പ്രദേശങ്ങൾ. പ്രവാചകന്റെ കാലത്തുതന്നെ ഇസ്ലാം മതാനുയായികളായ അറബികൾ പന്തലായിനി കൊല്ലത്ത് താമസമുറപ്പിച്ചതായി ചരിത്ര രേഖകളിൽ കാണുന്നുണ്ട്. പന്തലായിനിയിലെ ഖബറിസ്ഥാനിൽ മറചെയ്യപ്പെട്ട അലിഇബ്ൻ ഉസ്മാന്റെ ഖബറിന്റെ മീസാൻകല്ലിൽ കൊത്തിവെക്കപ്പെട്ടിട്ടുള്ള കാലം ക്രിസ്താബ്ദം 788ന് തുല്യതയുള്ളതാണ്. പക്ഷെ ക്രിസ്താബ്ദം 643ൽ മാലിക്ക്ദീനാറും പന്ത്രണ്ടുപേരും കൊടുങ്ങല്ലൂരിലെത്തിയെന്നും അവരാണ് ഇവിടെ ഏററവുമാദ്യമെത്തിയ മുസ്ലിം അറബികളെന്നും അഭിപ്രായമുണ്ട്.

ഏതായാലും അറബി മുസ്ലിംകൾ ഇവിടെ താമസമാക്കി വളരെ മുമ്പു മുതൽക്കേ വാണിജ്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിരുന്നുവെന്നും പിന്നീട് സ്വദേശിയരായ പുതുവിശ്വാസികൾ അത് ഏറെറടുത്തു നടത്തിയെന്നുമുള്ള കാര്യത്തിൽ പക്ഷാന്തരമില്ല പോർച്ചുഗീസുകാരും ഡച്ചുകാരും ഇവിടെ വന്നു മുസ്ലിംകളെ ആക്രമിച്ചു അവരുടെ കച്ചവടം താറുമാറാക്കുന്നതുവരെ വളരെ പ്രശസ്തവും സത്യസന്ധവുമായ വിധത്തിൽ അവർ കച്ചവടം കൈകാര്യം ചെയ്തു ഈ നാട്ടുകാരായ സാമൂതിരി, കോലത്തിരി, തിരുവിതാംകൂർ തമ്പുരാക്കന്മാർ എന്നീ ഭരണാധികാരികളുടെ ഉററ സുഹൃത്തുക്കളും വിശ്വസ്തരുമായി അവർ മാറുകയും ചെയ്തു. അങ്ങിനെ കേരളത്തിന്റെ തെക്കെ അററം മുതൽ വടക്ക് മംഗലാപുരം വരെയുള്ള തീരദേശ തുറമുഖങ്ങളിലെ ഉൽപന്ന വ്യാപാരത്തിന്റെ കുത്തക മുസ്ലിം കരങ്ങളിലമർന്നു. കോഴിക്കോട്ടെ കോയമാരും തലശ്ശേരിയിലെ കേയിമാരും ഇതിന്നുദാഹരണമാണ്.

പതിനഞ്ചാം നൂററാണ്ടിന്റെ പിറവിയോടെ കോഴിക്കോട് ലോകപ്രസിദ്ധിയാർജ്ജിച്ച ഒരു തുറമുഖമായിമാറി. മുസ്ലിംകൾ കേരോൽപ്പന്നങ്ങൾ ശേഖരിച്ച് പുറമേയ്ക്കയക്കുന്നതിൽ വ്യാപൃതരാവുകയും ചെയ്തു. കാർഷികോൽപ്പന്നങ്ങൾ തേടി നദികളിലൂടെ സഞ്ചരിച്ച് അവർ പല ഉൾപ്രദേശങ്ങളിലേക്കും നീങ്ങിത്തുടങ്ങി. കച്ചവടത്തിൽ മാത്രമല്ല, സാമൂതിരിയുടെ നാവികപ്പടയിലും അവർ പ്രധാന പങ്ക് വഹിച്ചു അങ്ങനെ മുസ്ലിംകൾ കേരളത്തിലെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിലും വിദേശവ്യാപാരം പരിപോഷിപ്പിക്കുന്നതിലും നാട്ടിന്റെ പ്രതിരോധ നിര ശക്തിപ്പെടുത്തുന്നതിലും ഗണ്യമായ പങ്കു വഹിക്കുകയുണ്ടായി.

അടുത്ത കാലംവരെ മുസ്ലിംകൾ കച്ചവടത്തിലുള്ള അവരുടെ സ്ഥാനം നിലനിർത്തി പോന്നു. എത്ര കഴിവില്ലാത്തവനും ഒരു പെട്ടിക്കടയോ ഒരു ചെറിയ ചായക്കടയോ മുക്കിലും മൂലകളിലും പോലും ഏർപ്പാട് ചെയ്തു സ്വതന്ത്രമായി ജീവിതം നയിക്കുന്നതായിട്ടാണ് നാം കാണുന്നത്. കൃഷിയിൽ താൽപര്യമുള്ളവർ അവരുടെയിടയിൽ കുറവാണ്. അതുപോലെ സർക്കാർ ജോലികളിലും. ചുരുങ്ങിയ കാശ് മുതലിറക്കി ചുരുങ്ങിയ കാലയളവിൽ നല്ല ലാഭമുണ്ടാക്കുന്ന എത്രയോ പേരെ നമ്മുടെ സമുദായത്തിൽ ധാരാളം കാണാം. എന്തിലും ചെന്നുചാടാ

KERALA HERITAGE CENTER KALPAKANCHERY

നും കാശ് ''സെയ്യ്'' ആക്കാനുമുള്ള അവരുടെ നെഞ്ഞൂക്ക് പ്രസിദ്ധമാണ്.

പക്ഷെ കാററ് മാറി വീശിത്തുടങ്ങിയിരിക്കയാണ്. പല പ്രധാന പട്ടണങ്ങളിലും മുസ്ലിംകളുടെ കുത്തകയായിരുന്ന പല വ്യവസായങ്ങളും അവരിൽനിന്നും വഴുതിപോവുകയാണ്. കല്ലായിയിലെ മരവ്യവസായം ഒട്ടുമുക്കാലും മുസ്ലിംകളുടെ കയ്യിലായിരുന്നു. അതുപോലെ കോഴിക്കോട്ടെ കൊപ്ര, അടക്ക തുടങ്ങിയ കേരോൽപ്പന്ന വ്യവസായം, തുണിക്കച്ചവടം, അരിയിലുള്ള മൊത്തവ്യാപാരം എന്നിവയും. എന്നാൽ ഇന്ന് ഈ രംഗങ്ങളിൽ മററുള്ളവർ ധാരാളമായി കടന്നുകൂടിയിട്ടുണ്ട്. മരക്കച്ചവടം കല്ലായിയിൽനിന്നും യാത്ര പറയുന്നതായും മംഗലാപുരം, ചാലക്കുടി, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നീങ്ങുന്നതായുമാണ് കാണുന്നത്.

നൂററാണ്ടുകളായി വ്യാപാര രംഗത്ത് ആധിപത്യം സ്ഥാപിച്ച ഒരു സമുദായമാണ് മുസ്ലിം സമുദായമെങ്കിലും ഈ സമുദായത്തിൽ വൻകിട വ്യവസായികൾ കേവലം രണ്ടോ മൂന്നോ മാത്രമേ കേരള പ്രദേശത്തുണ്ടായുള്ളു വെന്നത് ഖേദകരമാണ്. പരമ്പരാഗതമായൊരു തൊഴിലെന്നതിൽ കവിഞ്ഞ് വ്യാപാരത്തെ കണക്കാക്കാതിരുന്നതാണ് ഈ ദുരവസ്ഥക്ക് കാരണം. പുതിയതരം വ്യവസായങ്ങൾ നടത്തിക്കൊണ്ടു പോകാനുള്ള സാങ്കേതിക പരിജ്ഞാനം (Knowhow) നേടാൻ നാം ശ്രമിച്ചിട്ടില്ല. ഇപ്പോഴും നമ്മുടെ സന്തതികളെ ഇത്തരം രംഗത്ത് പരിശീലനം നേടാൻ നാം വിടുന്നില്ല. കൂടാതെ കഠിനാദ്ധ്വാനം ചെയ്യാനും ഭാവിയിലേക്ക് ദൃഷ്ടി നാട്ടാനും സാഹസപ്പെടാനും പുതിയ വഴികൾ വെട്ടിത്തുറക്കാനും നമ്മുടെ ചെറുപ്പക്കാരിൽ പലരും മിനക്കെടുന്നില്ല.

ഏററവും വലിയ ദുരവസ്ഥ നമ്മുടെ സമ്പന്ന കുടുംബം രണ്ടോ മൂന്നോ തലമുറക്കപ്പുറം അതേ നിലക്ക് അവശേഷിക്കുന്നതാണ്. കൂററൻ വീടുകൾ പണിതും കല്യാണം കഴിച്ചും നാം സമ്പത്ത് നശിപ്പിക്കുന്നു. കൂടാതെ സമ്പന്നരുടെ മക്കൾ ആഡംബരപ്രിയരായും അലസരായും പലപ്പോഴും വഴികേടിലും ജീവിക്കുന്നു. മക്കളെ നിരാഡംബരരായി ജീവിക്കാൻ ശീലിപ്പിക്കുന്നതിൽ രക്ഷിതാക്കൾ നിഷ്ക്കർഷിക്കാത്തതാണിതിന്നു കാരണം. കൂടാതെ പിതാവിന്റെ ബിസിനസ്സിൽനിന്ന് വ്യത്യസ്തമായി ചെറുപ്പത്തിൽതന്നെ സ്വന്തം ബിസിനസ്സ് നടത്താനും അതിന്നായി മെയ്യനക്കാനും മക്കളെ നിർബന്ധിക്കണം. മക്കളുടെ കഴിവുകേടും ധൂർത്തും കാരണം ചിലരുടെയൊക്കെ ബിസിനസ്സ് അവരുടെ കണക്കപ്പിള്ളമാരുടേതായി മാറുകയുണ്ടായി.

വ്യാപാര വ്യാവസായിക രംഗത്ത് ഇപ്പോൾ പല വെല്ലുവിളികളും അനുഭവപ്പെടുന്നുണ്ട്. അവയെ ശരിക്കും നേരിടാനും അതിജീവിക്കാനും നാം നേരത്തെതന്നെ തയ്യാറെടുത്തിരിക്കണം. പാരമ്പര്യം മാത്രം കൈമുതലാക്കിയാൽ വെല്ലുവിളികൾ നേരിടാൻ നമുക്ക് കഴിഞ്ഞെന്ന് വരില്ല. അതിന്ന് അത്യാധുനികങ്ങളായ ശാസ്ത്ര തത്വങ്ങൾ ഈ രംഗത്ത് പ്രയോഗിക്കാൻ കഴിയണം. പല പഴയ വ്യാപാരങ്ങളും വ്യവസായങ്ങളും പുതിയവക്ക് മിന്നൽവേഗതയിൽ വഴിമാറിക്കൊടുക്കുന്നത് നാം

KERALA HERITAGE CENTER KALPAKANCHERY

കാണുന്നു. ഈ മാററം മണത്തറിയാനും അതുറക്കൊള്ളാനും അങ്ങനെ പ്രതിസന്ധികളെ അതിജീവിക്കാനുമുള്ള കരുത്ത് നാം ആർജ്ജിച്ചിരിക്കണം.

ഇന്ന് വ്യാപാരവും വ്യവസായവും ഏതെങ്കിലുമൊരു പ്രദേശത്തെ മാത്രം ആശ്രയിച്ചു നിലകൊള്ളുന്നില്ല. പല ബിസിനസ്സുകളും ഇന്ന് അന്താരാഷ്ട്രീയാടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. ഏതെങ്കിലുമൊരു പ്രദേശത്ത് സാമ്പത്തിക കുഴപ്പമോ ഗവർമ്മെണ്ടിന്റെ അമിതമായ ഇടപെടലോ, തൊഴിൽ കുഴപ്പമോ ഉണ്ടാവുകയാണെങ്കിൽ ഏർപ്പാടുകൾ സൈ്വരമായ സ്ഥലത്തേക്ക് മാററാൻ ഉടമകൾക്ക് കഴിയണം. നമ്മിൽ പലരും വീട്ടിന്നുമ്മറത്ത് മാത്രം ബിസിനസ്സ് ചെയ്തു ശീലിച്ചവരാണ്. പക്ഷെ, ഇങ്ങിനെ മാററാൻ കഴിയണമെങ്കിൽ ബിസിനസ്സും ആ നിലക്ക് വളർന്നിരിക്കണം. ഓറക്ക് നടത്തപ്പെടുന്ന ബിസിനസ്സുകൾ ഈ നിലക്ക് വളർത്താൻ കഴിയുകയില്ല. പലരും മൂലധനം ഒന്നിച്ച് സ്വരൂപിച്ചാലേ ഇത്തരം സൗകര്യങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളു.

ഇതുപോലെത്തന്നെ ഏതെങ്കിലും ഒരു പ്രത്യേക ബിസിനസ്സിൽ മുഴുവൻ മൂലധനവും ആശ്രയവും കേന്ദ്രീകരിക്കുന്നത് പലപ്പോഴും അപകടം വരുത്തിവെക്കും. പ്രത്യേകിച്ചും നവംനവങ്ങളായ പ്രയുക്ത ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളുടെ ഈ കാലഘട്ടത്തിൽ, പല രംഗങ്ങളിലും സർക്കാർ കയ്യേററം നടത്തുന്നത്കൊണ്ട് ആ രംഗങ്ങളെല്ലാം സ്വകാര്യ ഉടമകൾക്ക് നഷ്ടപ്പെടുന്നു. കയററിറക്കുമതി രംഗത്ത് സർക്കാറിന്റെ ഈ കടന്നാക്രമണം നല്ല പോലെ അനുഭവപ്പെടുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പുതിയ മേച്ചിൽസ്ഥലങ്ങൾ കണ്ടെത്താൻ നമ്മുടെ ആളുകൾക്ക് കഴിയണം.

ഏതായാലും ചെറുകിട വ്യവസായ രംഗത്ത് ധാരാളം മുസ്ലിംകളെ കാണുന്നത് ശുഭോദർക്കംതന്നെ. പലരും ഒന്നിച്ചുചേർന്ന് ഒരു വൻകിട വ്യവസായവും അതിനോടനുബന്ധമായി കുറെ ചെറുകിട ഉപവ്യവസായങ്ങളും തുടങ്ങിയിരുന്നുവെങ്കിൽ വിപണനം ഒരു പ്രശ്നമാവുകയില്ലായിരുന്നു. സർക്കാറിന്റെ സഹകരണവും ഇക്കാര്യത്തിൽ തേടാവുന്നതാണ്. വ്യവസായം മുഖേനയല്ലാതെ ഇനി രാഷ്ട്രത്തിന്നോ സമൂഹത്തിന്നോ നിലനിൽപില്ല. അത് നാം നമ്മുടെ യുവാക്കളെ ധരിപ്പിക്കേണ്ടിയിരിക്കുന്നു. സമ്പത്തിന്റെ ചെലവിനങ്ങളെല്ലാം യുവാക്കൾക്ക് സുപരിചിതമാണ്. പക്ഷെ സമ്പത്തിന്റെ സമ്പാദന മാർഗ്ഗമോ? ഏതെങ്കിലും ഒരു മെഷീനിന്റെ നട്ടോ ബോൾട്ടോ ആയി ഓരോ വീട്ടിന്നും ബന്ധമുണ്ടാക്കലായിരിക്കണം നമ്മുടെ ലക്ഷ്യം.

വ്യാപാര വ്യവസായ രംഗങ്ങളിൽ വിഹരിക്കുന്ന മുസ്ലിം മുതലാളികളായാലും തൊഴിലാളികളായാലും അവരുടെ ജീവിത ശൈലിയിൽ മററുള്ളവരിൽനിന്നും വ്യത്യസ്തമായി പലപ്പോഴും ഒന്നും നമുക്ക് കാണാൻ കഴിയുന്നില്ല. കുറെ ആളുകൾ റമസാൻ മാസത്തിൽ കൃത്യമായി സക്കാത്ത് വിതരണം ചെയ്യുന്നുവെന്നതൊഴിച്ചു, തൊഴിലാളികളെയും മുതലാളികളെയും ഇസ്ലാമിക തത്വങ്ങൾ സ്വാധീനിച്ചിരുന്നുവെങ്കിൽ അവർക്ക് മററുള്ളവരെ തങ്ങളിലേക്ക് കൂടുതൽ ആകർഷിക്കാൻ

KERALA HERITAGE CENTER KALPAKANCHERY

കഴിയുമായിരുന്നു. ആളുകളുടെ വിശ്വാസം ആർജജിക്കാനും വ്യാപാര വ്യവസായ രംഗങ്ങളിൽ സമാധാനം സ്ഥാപിക്കാനും അവക്കു കഴിയുമായിരുന്നു.

കച്ചവടരംഗത്ത് ഒരു മുസ്‌ലിം എങ്ങിനെ വർത്തിക്കേണമെന്നതിനെ സംബന്ധിച്ച് ഖുർആനിലും ഹദീസിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു:

"നിങ്ങൾ നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ, ഭൂമിയിൽ സഞ്ചരിച്ചു അല്ലാഹുവിന്റെ അനുഗ്രഹത്തെ തേടിപ്പിടിക്കുക.'' (62:10), ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹമെന്നതു കൊണ്ടുദ്ദേശിക്കപ്പെട്ടവയിൽ ധനസമ്പാദനവും പെടുമെന്നതുകൊണ്ടു കച്ചവടത്തെ ഇതിൽ പെടുത്താം.

''(ഹജജ്‌വേളയിൽ) നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള അനുഗ്രഹത്തെ അന്വേഷിക്കുന്നതിൽ നിങ്ങൾക്ക് കുററമൊന്നുമില്ല.'' (2:198)

''നിങ്ങളുടെ നിലനിൽപിന്നാധാരമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്ന നിങ്ങളുടെ ധനത്തെ വിവേചന ശക്തിയില്ലാത്തവർക്ക് നിങ്ങൾ വിട്ടുകൊടുക്കരുത്.'' (4:5).

''ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളത്രെ.''(17:27)

''ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾക്കിടയിൽ അന്യായമായി നിങ്ങൾ തിന്നരുത്. (പക്ഷെ) നിങ്ങളിൽനിന്നും അന്യോന്യം തൃപ്തിയോടെയുള്ള വല്ല കച്ചവടവും ആയാലൊഴികെ.'' (4: 29)

''കച്ചവടം അല്ലാഹു അനുവദനീയമാക്കുകയും പലിശ അവൻ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു.'' (2:275).

''നിങ്ങൾക്കിടയിൽ നിങ്ങൾ നടത്തുന്ന വല്ല റൊക്കക്കച്ചവടവും ആയാലൊഴികെ'' (2:282) എന്ന അല്ലാഹുവിന്റെ നിർദ്ദേശം എല്ലാ എടപാടുകളും രേഖപ്പെടുത്തേണമെന്ന് പറഞ്ഞതിനോടനുബന്ധിച്ച് പ്രതിപാദിച്ചതാണെങ്കിലും മുൻകൂർ കച്ചവടം നിരോധിച്ചുകൊണ്ടുള്ള സൂചനയാണ് ഇതിലടങ്ങിയിട്ടുള്ളത്.

അളത്തവും തൂക്കവും:

''ആകാശത്തെ അവൻ ഉയർത്തി. അവൻ നീതിയുടെ ത്രാസ് വെയ്ക്കുകയും ചെയ്തു. നിങ്ങൾ തൂക്കുന്നതിൽ പരിധി ലംഘിക്കാതിരിക്കുന്നതിന്ന്. അതുകൊണ്ട് നീതിയോടുകൂടി തൂക്കത്തെ നേരെ നിറുത്തുവിൻ. അളവു കുറച്ചു കൊടുക്കുകയുമരുത്.

'നിങ്ങൾ അളക്കുമ്പോൾ അളവ് നിറച്ചു കൊടുക്കുകയും നേരെയുള്ള ത്രാസുകൊണ്ട് തൂക്കുകയും ചെയ്യുവീൻ. അത് ഏററവും ഉത്തമവും അന്ത്യഫലത്തിൽ ഏററവും നല്ലതുമത്രെ.' (17:35).

''എന്റെ ജനങ്ങളെ! നീതിയോടെ അളവും തൂക്കവും തികച്ചു കൊടുക്കുവിൻ. മനുഷ്യർക്ക് അവരുടെ സാധനങ്ങൾ (കൊടുക്കേണ്ടതിൽ ഒട്ടും) കുറച്ചുകളയരുത്. ഭൂമിയിൽ അനർത്ഥകാരികളായി അഴിമതി ചെയ്യുകയുമരുത്''-(11:85). ശുഐബ് നബി(അ)

KERALA HERITAGE CENTER KALPAKANCHERY

തന്റെ ജനതയായ മദ്‌യൻകാരോട് ഉപദേശിച്ചതാണിത്.

“അളവിൽ കുറയ്ക്കുന്നവർക്ക് മഹാനാശം! അതായത് യാതൊരു കൂട്ടർക്ക്: അവർ ജനങ്ങളോട് അളന്നുവാങ്ങുന്നതായാൽ അവർ (അളവ്) പൂർത്തിയായി എടുക്കും. അവർക്ക് (അങ്ങോട്ട്) അളന്നു കൊടുക്കുകയോ അല്ലെങ്കിൽ തൂക്കിക്കൊടുക്കുകയോ ചെയ്യുന്നതായാൽ അവർ (ജനങ്ങൾക്ക്) നഷ്ടം വരുത്തുകയും ചെയ്യും. അക്കൂട്ടർ വിചാരിക്കുന്നില്ലേ, തങ്ങൾ (മരണാനന്തരം) എഴുന്നേൽപ്പിക്കപ്പെടുന്നവരാണെന്ന്, വമ്പിച്ച ഒരു ദിവസത്തിലേക്ക്! അതെ! ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേററ് വരുന്നദിവസം'' (83_1മുതൽ 6വരെ)

നബിതിരുമേനി ഇപ്രകാരം അരുളുകയുണ്ടായി: ''വല്ലതും വിൽക്കുകയാണെങ്കിൽ ശരിക്കും അളന്നുകൊടുക്കുക; അതുപോലെ വാങ്ങിക്കമ്പോൾ ശരിക്കും അളന്നു വാങ്ങുകയും ചെയ്യുക'' (ബുഖാരി).

ഇബ്നു അബ്ബാസ് (റ)യിൽനിന്നും നിവേദനം: അളത്തവും തൂക്കവുമായി ബന്ധപ്പെട്ടവരോട് നബിതിരുമേനി ഇപ്രകാരം പറയുകയുണ്ടായി: ''നിങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ള രണ്ടു കാര്യങ്ങൾ കാരണമാണ് മുൻജനത നാശമടഞ്ഞത്''. (തിർമുദി).

സത്യം ചെയ്ത് വിൽക്കൽ

അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്തുകൊണ്ട് ഒരു സാധനത്തിന്റെ മേൻമയെപ്പററി പറയുകയും അങ്ങിനെ വാങ്ങുന്നവനെ ചതിക്കുകയും ചെയ്യുന്നവർക്കെതിരെ ഖുർആൻ ഇപ്രകാരം താക്കീത് ചെയ്യുന്നു: നിശ്ചയമായും അല്ലാഹുവിനോടുള്ള കരാറിന്നും (പ്രതിജ്ഞയ്ക്കും) തങ്ങളുടെ സത്യ(ശപഥ)ങ്ങൾക്കും തുഛമായ വില വാങ്ങുന്നവർ-അവർക്ക് പരലോകത്ത് യാതൊരു ഓഹരിയുമില്ല'' (3:77).

'സത്യസന്ധനും കണിശത പാലിക്കുന്നവനുമായ വ്യാപാരി അന്ത്യനാളിൽ പ്രവാചകന്മാർ, സത്യപാലകന്മാർ രക്തസാക്ഷികൾ, സദ്‌വൃത്തർ എന്നിവരുടെ കൂടെയായിരിക്കും.' (തിർമുദി)

'വിൽപനച്ചരക്കുകളുടെ ന്യൂനതകൾ വിൽപനക്കാരൻ വാങ്ങുന്നവന്ന് വിവരിച്ചുകൊടുക്കേണ്ടതാണ്. എങ്കിൽ ആ ഇടപാട് സ്വീകാര്യംതന്നെ. അല്ലാത്തപക്ഷം അത് മ്ളേഛവുമാണ്.' (ബുഖാരി)

'ജനങ്ങളെ! നിങ്ങൾ അങ്ങാടിയിൽ നിന്ന് വഴിയിൽ കടന്നുചെന്ന് ധാന്യങ്ങൾ മേടിക്കരുത്. ഒരു കച്ചവടം നിജപ്പെട്ടുകഴിഞ്ഞാൽ ആ സാധനത്തിന് കൂടുതൽ വില വാഗ്ദാനം ചെയ്യുകയുമരുത്.' (ബുഖാരി, മുസ്ലിം)

'ഒരു സാധനം വിററഴിയാൻവേണ്ടി സാധനങ്ങളുടെ മേന്മ ഊന്നിപ്പറയുന്നത് ശുദ്ധമായ ഏർപ്പാടല്ല' (ബുഖാരി, മുസ്ലിം)

വില നിലവാരം

'ഉമർ (റ) ഒരിക്കൽ അങ്ങാടിയിലൂടെ നടന്നുപോവുമ്പോൾ ഒരാൾ ഉണക്കമുന്തിരി നിലവിലുള്ള വിലയേക്കാൾ താഴ്ന്ന നിലവാരത്തിന്നു വിൽക്കുന്നത്

(ബാക്കി 44-ാം പേജിൽ)

KERALA HERITAGE CENTER KALPAKANCHERY

‘ഖിബ്‌ല’

സൂത്ര നിർണ്ണയം

ടി. പി. കുട്ടിയമ്മു സാഹിബ്

ഉൽബുദ്ധരായ, ജീവനുള്ള, മുസൽമാന്മാർ– അതായത് മുജാഹിദുകൾ വിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും ഉറച്ചുനിന്നുകൊണ്ട് അതിന്റേതായ അടിസ്ഥാനത്തിൽ പുരോഗമന പരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടേയിരിക്കേണ്ടതാണ്. ചലനമില്ലാത്ത ജീവിതം മുരടിച്ചുപോകും; ചലനത്തെ നേരെ ചൊവ്വെ നിർത്തുന്നത് ആദർശപ്പൊരുത്തമാണ് താനും. നമ്മുടെ മുജാഹിദ് പണ്ഡിതന്മാർ ആദ്യകാലം മുതൽക്കെ ഇതെല്ലാം ശ്രദ്ധിച്ചിട്ടുണ്ട്. ഇതിന്നൊരുദാഹരണമാണ് ഖിബ്‌ലയുടെ കാര്യത്തിൽ അവർ സ്വീകരിച്ച നിലപാട്, മർഹൂം ചാലിലകത്ത് കുഞ്ഞഹമദ് ഹാജി മൌലവിയും ശിഷ്യന്മാരും കേരളത്തിലെ ചില പള്ളികളിലെ ഖിബ്‌ല ശരിയല്ലെന്ന് ചൂണ്ടിക്കാട്ടുകയും, അവ ശരിപെടുത്തേണ്ട ആവശ്യകതയെ ഊന്നിപ്പറയുകയും, അന്നുണ്ടായിരുന്ന അറിവിന്റെ അടിസ്ഥാനത്തിൽ അതെങ്ങിനെ ചെയ്യാമെന്ന് പഠിപ്പിക്കുകയും ചെയ്തു. മൌലവി സാഹിബിന്റെ മകൻ മർഹൂം എം. സി. സി, അഹമദ് മൌലവി ഈ വിഷയത്തെപ്പററി രണ്ട് പുസ്തകങ്ങൾതന്നെ എഴുതുകയുണ്ടായി. (1) ''രിസാലത്തുൽ മാറദീനി'' അതായത് ''കാലദേശ നിർണ്ണയം''. (2) ''ദിഗംശ നിർണ്ണയം'' അതായത് ''ഖിബ്‌ല സൂത്രം'' എന്നീ പുസ്തകങ്ങൾ 1955–57കളിൽ പ്രസിദ്ധീകരിച്ചത് ഇപ്പോൾ കിട്ടാൻ പ്രയാസമാണ്. എന്നാൽ ഇവയുടെ ഓരോ കോപ്പി വീതം മദീനത്തുൽ ഉലൂം അറബികോളേജ് ലൈബ്രറിയിലും, കോഴിക്കോട് സിവിൽസ്റേറഷൻ 'സെൻട്രൽ ഇസ്‌ലാമിക് ലൈബ്രറി' യിലും സൂക്ഷിച്ചിരിക്കുന്നു.

KERALA HERITAGE CENTER
KALPAKANCHERY

2. ഏക ഇലാഹിനെ വന്ദിക്കുവാൻ ഭൂമുഖത്ത് നിർമ്മിതമായ ഒന്നാമത്തെ ദേവാലയമായ കഅബാ ശരീഫിനെ അഭിമുഖീകരിച്ചായിരിക്കണം ലോകത്തിന്റെ നാനാ ഭാഗത്തുമുള്ള മുസ്ലിംകൾ നിസ്കരിക്കേണ്ടത്. ഇത് ഓരോ കാലത്തും ഓരോ സന്ദർഭത്തിലും എത്രത്തോളം കൃത്യമായും സത്യമായും ചെയ്യാൻ കഴിയുമോ, അത്രയും കണിശമായിതന്നെ ചെയ്യണം. ഓരോ ദേശത്തുമുള്ള മുസ്ലിംകൾ ഖിബ്ല മനസ്സിലാക്കുന്നത് അവിടെയുള്ള പള്ളി മഹ്റാബിനെ ആശ്രയിച്ചു കൊണ്ടായിരിക്കുമെന്നത് കൊണ്ട്, പള്ളികളുടെ ഖിബ്ല നിർണ്ണയിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണ്. കേരളത്തിൽ ഇസ്ലാം അതിന്റെ ആരംഭകാലത്ത്തന്നെ വന്നിരുന്നുവല്ലോ മാലിക്കിബ്നു ദീനാറും (റ) സഖാക്കളും പള്ളികൾ സ്ഥാപിച്ചുകൊണ്ടാണ് മതപ്രചരണം നടത്തിപ്പോന്നത്. അവരും തുടർന്നുവന്ന പണ്ഡിതന്മാരും ഖിബ്ലാസൂത്രം നിർണ്ണയിക്കുന്നതിൽ പ്രത്യേകം സൂക്ഷ്മത പാലിച്ചിരുന്നു. ഖിബ്ലാസൂത്രവും, നിസ്ക്കാര സമയങ്ങളും മറ്റും നിശ്ചയിക്കുന്ന ശാസ്ത്രങ്ങൾ വികസിപ്പിച്ചെടുത്തതും, ലോകത്തിന് പഠിപ്പിച്ചുകൊടുത്തതും ആദ്യകാല മുസ്ലിം പണ്ഡിതന്മാരായിരുന്നു. പിൽകാലത്ത് വിദ്യാഭ്യാസ വിഷയത്തിൽ അക്ഷന്തവ്യമായ അനാസ്ഥ കാണിച്ചത് കാരണം അത്തരം മതപാഠങ്ങൾപോലും അവഗണിക്കപ്പെടുകയുണ്ടായി. എം. സി. സി.യുടെ പുസ്തകങ്ങൾ പുറത്തു വരുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന കിതാബിയായ ''രീതിയനുസരിച്ച് ക്രിയചെയ്യുന്ന പക്ഷം ഒരു ദിവസം മുഴുവൻ മെനക്കെട്ടാലും ഒരു നാളിലെ ദിവസ ദൈർഘ്യമോ, നിസ്ക്കാര സമയമോ, ഗ്രഹണ സമയമോ, മാസപ്പിറവിയോ, ഖിബ്ലാ സൂത്രമോ ഗണിച്ചുകഴിഞ്ഞു എന്നുവരില്ല.'' (ഉദ്ധരണികൾ എം. സി.യുടെ പുസ്തകങ്ങളിൽനിന്നാണ്. (ടി. പി. കെ.) 'എന്നാൽ മൌലവിയുടെ ഗ്രന്ഥത്തിൽ' ഖിബ്ല ഗണിതം വളരെ ലഘൂകരിക്കുകയും, ഒരു മണിക്കൂറുകൊണ്ട് ഒന്നിലധികം ദിക്കുകളുടെ ഖിബ്ലാസൂത്രം ഗണിച്ചു കാണാൻ സാധിക്കുമാറാകുകയും ചെയ്തു.' ഇതിന് അദ്ദേഹം അഞ്ചാറു വർഷത്തെ

ഓരോ ദേശത്തുമുള്ള മുസ്ലിംകൾ ഖിബ്ല മനസ്സിലാക്കുന്നത് അവിടെയുള്ള പള്ളി മിഹ്റാബിനെ ആശ്രയിച്ചു കൊണ്ടായിരിക്കുമെന്നത് കൊണ്ട്, പള്ളികളുടെ ഖിബ്ല നിർണ്ണയിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിക്കേണ്ടതാണ്.

KERALA HERITAGE CENTER KALPAKANCHERY

നിരന്തര പരിശ്രമംതന്നെ ചെയ്തിരുന്നു.

3. മേൽപറഞ്ഞ പ്രയാസങ്ങൾ കൊണ്ടായിരിക്കാം പലേടത്തും ഖിബ്ല നിശ്ചയിച്ചിരിക്കുന്നതിൽ മുസ്ലിം ''ഉലമാക്കളും ഉമറാക്കളും'' പിൻകാലങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാതെ പോയത്. മലബാർ പ്രദേശത്തെ മിക്ക പള്ളികളും ''പടിഞ്ഞാർ- വടക്കു പടിഞ്ഞാർ'', അതായത് പടിഞ്ഞാറു നിന്ന് ഇരുപത്തിരണ്ടര ഡിഗ്രി വടക്ക് തിരിഞ്ഞിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. ഇത് ഏകദേശം ശരിയാണെന്നുവെക്കാം. എന്നാൽ ചില പള്ളികൾ നേരെ പടിഞ്ഞാറ് അഭിമുഖമായി നിർമ്മിച്ചതുമുണ്ട്! മഞ്ചേരിയിലെ നിലമ്പൂർ റോഡിലും, മേലാററൂർ റോഡിലുമുള്ള ജുമാ മസ്ജിദുകളിൽ ഈ വ്യത്യാസം കാണാം. ഈ ലേഖകൻ താമസിക്കുന്ന എരഞ്ഞിപ്പാലത്തെ പള്ളി മിഹ്റാബ് നേരെ പടിഞ്ഞാറായതുകൊണ്ട് കുട്ടിച്ചുമരുകൾകെട്ടി ഖിബ്ല ശരിപ്പെടുത്തിയതനുസരിച്ചാണ് അവിടെ നിസ്കാരം നടത്തുന്നത്. അടുത്ത കാലത്ത് പുതുക്കിപ്പണിത പല പള്ളികളുടെയും ഖിബ്ല പുതുക്കി ശരിപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ആദ്യകാല മുജാഹിദ് പണ്ഡിതന്മാർ ഖിബ്ല സൂത്രം നേരെയാക്കാൻ ശ്രമം ആരംഭിച്ചപ്പോൾ യാഥാസ്ഥിതികന്മാർ ഒരു ''ഖിബ്ലാ തർക്കം'' ഉണ്ടാക്കി വർഷങ്ങളോളം തുടർന്നുപോന്നത് ഈ ലേഖകൻ ഓർക്കുന്നു.

4. ശരിയായ ഖിബ്ല കണ്ടുപിടിക്കുന്നതിന് എം. സി. സി. നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വളരെ ചുരുക്കത്തിൽ ഇവിടെ ഉദ്ധരിക്കാം:—

(i) ''ഖിബ്ല സൂത്രം നിർണ്ണയിക്കുന്നതിന് വടക്ക് കൃത്യമായി കണ്ടുപിടിക്കേണമല്ലോ.'' അതിന് എം. സി. സി. കൊടുത്ത മാർഗ്ഗം വളരെ എളുപ്പമുള്ളതത്രെ. തണൽ വരാത്ത സമനിരപ്പായ സ്ഥലത്ത് രണ്ടടി വ്യാസമുള്ള ഒരു വൃത്തം വീശി അതിന്റെ കേന്ദ്രത്തിൽ കാലത്ത് ഒരടി നീളമുള്ള ഒരു ശങ്കുകുററി നാട്ടുക. നാട്ടുമ്പോൾ അതിന്റെ നിഴൽ വൃത്തപരിധിയുടെ പുറത്തേക്ക് നീണ്ടിരിക്കണം. പിന്നെ നിഴൽ ചുരുങ്ങിച്ചുരുങ്ങി പടിഞ്ഞാറെ വൃത്ത പരിധിയിൽ നിഴലിന്റെ അററം തട്ടുമ്പോൾ പരിധിയിൽ അടയാളപ്പെടുത്തുക. പിന്നെ ഉച്ചക്ക്ശേഷം നിഴൽ കിഴക്കോട്ട് നീണ്ടുനീണ്ട് കിഴക്കെ വൃത്ത പരിധിയെ നിഴൽത്തുമ്പ് സ്പർശിക്കുമ്പോൾ അവിടെയും അടയാളപ്പെടുത്തുക. ഇത് മാർച്ച് 21—ാംനുയോ, സപ്തമ്പർ 22—ാംനു-യോ ആയാൽ വിശേഷമായി. ആ രണ്ട് ബിന്ദുക്കളെ തമ്മിൽ യോജിപ്പിക്കുന്ന ഋജുരേഖ കിഴക്കു പടിഞ്ഞാറൻ രേഖയായിരിക്കും. ഇത് ഏതാണ്ട് സ്ഥൂലമായിരിക്കുമെന്ന് മാത്രം. ഈ രേഖക്ക് ലംബമായി മറെറാരു സരള രേഖയും വരക്കുക. ഇത് തെക്ക്‌വടക്ക് രേഖയായിരിക്കും. ഈ ദിഗ്സൂചിയുടെ കേന്ദ്രത്തിൽ തവുക്കവെച്ച് തവുക്കയുടെ വ്യത്യാസം സൂക്ഷ്മമായി ഗ്രഹിക്കുക— ഇനി തവുക്ക മുഖേന ഖിബ്ല സൂത്രം നിർണ്ണയിക്കുക.'

(ii) നമ്മെ സംബന്ധിച്ചേടത്തോളം പടിഞ്ഞാറ്—വടക്കു പടിഞ്ഞാറ് ഏകദേശഖിബ്ല തരുന്നതാണ്, വടക്കും പടിഞ്ഞാറും മീതെ (i)ൽ സൂചിപ്പിച്ച മാർഗ്ഗത്തിലോ, തവുക്ക ഉപയോഗിച്ചോ കണ്ടുപിടിച്ചു കഴിഞ്ഞാൽ ''വട

KERALA HERITAGE CENTER KALPAKANCHERY

സൂര്യൻ അതിൻെറ വാർഷികായന സഞ്ചാരത്തിൽ കൊല്ലത്തിൽ രണ്ടു തവണ കഅബയുടെ നഭോശിരസ്സിൽ കൂടി നീന്തിക്കടക്കുന്നതാണ്. അത് ഇടവം 13-ാം തിയ്യതിയും കർക്കിടകം 1-ാം തിയ്യതിയുമാണ്. അതായത് മേയ് 27-ാം തിയ്യതിയും ജൂലായ് 16-ാം തിയ്യതിയും. ഇതിന് ഒരു ദിവസം മുമ്പോ പിമ്പോ ആയാലും വലിയ വ്യത്യാസമൊന്നും കാണുന്നതല്ല. അന്ന് ഇന്ത്യൻ സമയം 2.45. 58-0, 2.56.04-0 ആയിരിക്കും.....ആ സമയത്ത് നാട്ടിയ ശങ്കു കുററിയുടെ നിഴൽ സൂതമത്രെ ഖിബ്'ല.

ക്കുപടിഞ്ഞാറായി ഒരു രേഖ സങ്കൽപിക്കുക. അതിൻെറ ഇടത്തായി നമുക്ക് വീണ്ടും ഒരു രേഖ സങ്കൽപിക്കുക. അതു പടിഞ്ഞാറ് നിന്ന $22\frac{1}{2}$ ഡി. വടക്കോട്ടായിരിക്കും പിന്നെ വ്യത്യാസം ഗ്രഹിച്ചു വേണ്ടുന്ന മാററങ്ങൾ വരുത്തുക.''

iii ''കഅബയുടെ നേരെ മേലെ മദ്'ധ്യത്തിൽ സൂര്യൻ എത്തുന്ന സമയം മനസ്സിലാക്കി ആ സൂര്യനെ ഉന്നം വെച്ചു അഭിമുഖമായി നിന്നാൽ കഅബയെ നേരിട്ട നിലയാണുള്ളതെന്ന് തീർച്ചയാണല്ലൊ. സൂര്യൻ അതിൻെറ വാർഷികായന സഞ്ചാരത്തിൽ കൊല്ലത്തിൽ രണ്ടുതവണ കഅബയുടെ നഭോശിരസ്സിൽകൂടി നീന്തിക്കടക്കുന്നതാണ്. അത് ഇടവം 13-ാനു-യും, കർക്കിടകം 1-ാനു-യുമാണ്. അതായത് മേയ് 27-ാനു-യും ജൂലായി 16-ാനു-യും. ഇതിന് ഒരു ദിവസം മുമ്പോ പിമ്പോ ആയാലും വലിയ വ്യത്യാസമൊന്നും കാണുന്നതല്ല....അന്നു ഇന്ത്യൻ സമയം 2.45, 58-0, 2.56 04 0 ആയിരിക്കം... ആ സമയത്തു നാട്ടിയ ശങ്കുകുററിയുടെ നിഴൽ സൂത്രമത്രെ ഖിബ്'ല''.

(iv) മേൽപറഞ്ഞ സൂത്രങ്ങളെല്ലാം ഗണിതപ്രകാരവും കാണാം. അതു എം. ന്നി. സി.യുടെ പുസ്തകങ്ങളിൽ സവിസ്തരം ചർച്ച ചെയ്തിട്ടുണ്ട്. ''മക്കാ പട്ടണത്തിൻെറ ഉത്തരാക്ഷാംശം 21.20 കലാന്തവും, പൂർവ്വധ്രുവകാംശം 40.14 കലാന്തവുമാണ്. നമുക്ക് ഏതു ദേശത്തിൻെറ ഖിബ്'ലയാണോ അറിയേണ്ടത്, ആ ദേശത്തിൻെറ അക്ഷാംശവും ധ്രുവകാംശവും ഭൂപടം നോക്കി കണ്ടുപിടിക്കാവുന്നതാണ്. മക്കയും ഇഷ്ടദേശത്തിൻെറയും അക്ഷാംശ മഹജ്യാവിനെ സംയോഗം ചെയ്തു ചാപിച്ച് കോടി ജ്യാവ് വരുത്തി, മക്കാക്ഷകോടി മഹജ്യാവിൽനിന്നു വാങ്ങി ചാപിച്ചാൽ ഉത്തരദികാശകോടി സിദ്ധിക്കും. 90-ൽനിന്ന് കളഞ്ഞാൽ ഖിബ്'ലയും വരും. മക്കത്തിന് കിഴക്കായത്കൊണ്ട് അതു വടക്കുപടിഞ്ഞാറായിരിക്കുകയും ചെയ്യും'' ഈ ക്രിയക്കാവശ്യമായ പാദമട്ടവും (PROTRACTOR) എം. സി. സി. വരഞ്ഞു കാണിച്ചിട്ടുണ്ട്. ഇങ്ങിനെ ഗണിച്ചെടുത്ത ഖിബ്'ലസൂത്രം കോഴിക്കോട്ട് 12.18 ഡിഗ്രിയും പരപ്പനങ്ങാടി 21.24 ഡിഗ്രിയും ആണെന്ന് കൊടുത്തിരിക്കുന്നു.

KERALA HERITAGE CENTER KALPAKANCHERY

5. നമ്മുടെ പക്കൽ ഇപ്പോൾ കൂടുതൽ കണിശമായും കൃത്യമായും ഖിബ്‌ല കണ്ടുപിടിക്കാനുള്ള കണക്കുകളും ഉപകരണങ്ങളും ഉണ്ടല്ലോ. അവയുടെ സഹായത്തോടെ മേൽപറഞ്ഞ അളവുകൾ ഒന്നു പുനഃപരിശോധിക്കാം:

(i) നമുക്ക് ലഭ്യമായിട്ടുള്ള ഏററവും വലിയ മേപ്പിൽ (Lambert Conformal Conic)– സ്കെയിൽ 1:3, 00,000– കഅബാ ശരീഫിൻെറ അക്ഷാംശവും ധ്രുവാംശവും 21.24.36–0, 39,36.36–0 ആണ്. ശരാശരി 21,25X39.37 എന്ന് എടുക്കാം.

(ii) അതുപോലെ ഇന്ത്യാ ഗവർമ്മെണ്ടിൻെറ ജി. ടി. എസ്. മേപ്പിൽ (സ്കെയിൽ 1:63360) നിന്ന് കോഴിക്കോട് സുൽത്താൻ മസ്ജിദ് (പട്ടാപ്പള്ളി)യുടെ അക്ഷാംശ ധ്രുവാംശങ്ങൾ 11.15X75.4) ആണെന്നു കിട്ടുന്നു.

(iii) കേരളത്തിലെ മററു ചില സ്ഥലങ്ങളുടെ അക്ഷാംശ ധ്രുവാംശങ്ങൾ താഴെ കൊടുക്കാം. ട്രാൻസ്പോർട്ട്–ടൂറിസം മേപ്പുകളിൽനിന്നു (സ്കെയിൽ 1:000,000) എടുത്തതാണ് ഈ അളവുകൾ:

	അക്ഷാംശം	ധ്രുവാംശം
കേരളത്തിൻെറ വടക്കെ അററം	12.48	75.00
കാസർഗോട്...	12 31	75.00
കോഴിക്കോട്...	11.15	75.47
കൊച്ചി.........	09.57	76 15
തിരുവനന്തപുരം	08.28	76.53
കേരളത്തിൻെറ തെക്കെ അററം	08.17	77.07

(iv) ഖിബ്‌ലാ സൂത്രം കൃത്യമായി ഗണിച്ചെടുക്കുന്നതിന്ന് ഇപ്പോൾ ഉപയോഗിക്കുന്നത് ഗോളാകാര ത്രികോണമിതി (SPHERICAL TRIGNOMETRY) യിലെ നിയമവ്യവസ്ഥകൾ (FORMULAS) ആണ്. അവയിൽ കഅബാ ശരീഫിൻെറയും ഇഷ്ട ദേശത്തിൻെറയും അക്ഷാംശ ധ്രുവാംശങ്ങൾ, ആ ദേശങ്ങൾ തമ്മിലുള്ള വൃത്തദൂരം മുതലായവ ഉൾപ്പെടുന്നു. ഭൂമിയുടെ തലം ഏതാണ്ട് വൃത്താകൃതിയിലാണല്ലോ. അതുകൊണ്ടാണ് വൃത്തദൂരം കണക്കിൽ വരുന്നത്. ഈ നിയമങ്ങളും ക്രിയയും ഇവിടെ കൊടുക്കുന്നില്ല. ക്രിയ നടത്തി കിട്ടിയ ഫലങ്ങൾ മാത്രം കൊടുക്കാം.

(v) കോഴിക്കോടുനിന്ന് കഅബ ശരീഫിലേക്ക് ദൂരം ഗണിച്ചുകിട്ടിയത് 4007.76 കിലോമീററർ ആണ്.

(vi) കോഴിക്കോട് സുൽത്താൻ മസ്ജിദിൻെറ ഖിബ്‌ല സൂത്രം സാക്ഷാൽ പടിഞ്ഞാറുനിന്ന് 21.2.12 ഡിഗ്രി വടക്കോട്ടാണ്.

(vii) ഈ പ്രകാരം മററു ചില സ്ഥലങ്ങളുടെ ഗണിച്ചെടുത്ത ഖിബ്‌ല സൂത്രം താഴെ കൊടുക്കുന്നു.

കേരളത്തിൻെറ വടക്കെ അററം	19.12.20
കാസർഗോഡ്	19.35.21
കോഴിക്കോട്	21.02.16
കൊച്ചി	22.31.45
തിരുവനന്തപുരം	24.03.01
കേരളത്തിൻെറ തെക്കെ അററം	24.12.25

(viii) ഇതെല്ലാം സാക്ഷാൽ വടക്കും പടിഞ്ഞാറും വെച്ചുകൊണ്ടു കണക്കാക്കിയിട്ടുള്ള അളവുകളാണ്. സാ

KERALA HERITAGE CENTER KALPAKANCHERY

ക്ഷാൽ ഉത്തരവും കാന്തികോത്തരവും (True North And Magnetic North) തമ്മിൽ 3 ഡിഗ്രിയുടെ വ്യത്യാസം ഉണ്ട്. ഇത് നേരത്തെ ചൂണ്ടിക്കാട്ടിയതാണ്. സാക്ഷാൽ വടക്കിൽനിന്നു 3 ഡിഗ്രി പടിഞ്ഞാറോട്ട് മാറിയാണ് കാന്തിക വടക്ക് കിടക്കുന്നത്. തവുക്ക ഉപയോഗിച്ച് ദിക്ക് കണ്ടുപിടിക്കുമ്പോൾ ഈ വ്യത്യാസം കണക്കിലെടുക്കാൻ വിട്ടുപോകരുത്. അതായത് ശരിയായ പടിഞ്ഞാറുനിന്നു 21 ഡിഗ്രി വടക്കോട്ടാണ് ഖിബ്‌ലയെങ്കിൽ, തവുക്ക ഉപയോഗിച്ച് കിട്ടുന്ന പടിഞ്ഞാറിൽ നിന്ന് അത് 24 ഡിഗ്രി വടക്കായിരിക്കും.

(ix) സാക്ഷാൽ വടക്ക് കണ്ടുപിടിക്കാൻ ഏററവും നല്ലത് ധ്രുവനക്ഷത്രം നോക്കുകയാണ്. മററൊരു മാർഗ്ഗം സൂര്യഗതിയനുസരിച്ച് നിഴൽകുററി ഉപയോഗിക്കുകയാണ്. ഇത് മീതെ 4(i)ൽ കാണാം. ഇങ്ങിനെ കിട്ടുന്ന വടക്കുസൂത്രം കൈവശമുള്ള തവുക്ക ഉപയോഗിച്ചു കിട്ടുന്ന സൂത്രവുമായി ഒത്തുനോക്കി വ്യത്യാസം കണ്ടുപിടിക്കാം. ശരിയായ തവുക്കയും സൂത്രനിർണ്ണയവുമാണെങ്കിൽ ഈ വ്യത്യാസം 3 ഡിഗ്രിയായിരിക്കും. നമുക്ക് എപ്പോഴും എളുപ്പം ഒരു തവുക്ക ഉപയോഗിക്കുന്നതാണ്. ചുരുങ്ങിയത് 15 സെ. മീ. എങ്കിലും വ്യാസമുള്ള വലിയ തവുക്കതന്നെ ഉപയോഗിക്കണം. ചെറിയ തവുക്ക ഉപയോഗിച്ചു നൂൽ വലിക്കുമ്പോൾ തെററു പററിയേക്കാൻ കൂടുതൽ സാദ്ധ്യതയുണ്ടല്ലൊ. പൊതുമരാമത്ത്, സർവ്വെ മുതലായ ഡിപ്പാർട്ടുമെൻറുകൾ ഉപയോഗിക്കുന്ന തിയോഡലൈററ് വിശ്വാസയോഗ്യമായ ഉപകരണമത്രെ. ചെറിയ ചെറിയ തവു

കേരള മുസ്‌ലിംകളും വ്യാപാരവും

[38-ം പേജിലെ ബാക്കി]

കാണുകയുണ്ടായി. അപ്പോൾ അദ്ദേഹം ഇപ്രകാരം കൽപിച്ചു: ഒന്നുകിൽ നിലവിലുള്ള വിലക്ക് വിൽക്കുക. ഇല്ലെങ്കിൽ സ്ഥലം വിടുക'
(മാലിക്ക്-മുവത്താ)

'ധാന്യങ്ങൾക്ക് വില കയററാനായി അവ നാൽപത് ദിവസങ്ങളിലേറെ വല്ലവനും പൂഴ്ത്തിവെക്കുന്ന പക്ഷം അവൻ ദൈവാസ്തികൃത്തെക്കുറിച്ച് ബോധവാനല്ല. അഥവാ അവൻ ദൈവവുമായി അകന്നവനാണ്.' (തൈസീറുൽ ഉസൂൽ)

'കൂടിയ വിലക്ക് വിൽപാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ കുററവാളിയാണ്.' (ഇബ്നുമാജ:)

'ധാന്യം പൂഴ്ത്തിവെപ്പുകാരനും കൊലയാളിയും അന്ത്യനാളിൽ ഒരേ മാതിരി ഗണിക്കപ്പെടുന്നതാണ്''. (തൈസീറുൽഉസൂൽ)

'സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവൻ നല്ലവനാണ്. എന്നാൽ അവ പൂഴ്ത്തിവെച്ച് വില കയററുന്നവൻ ശപിക്കപ്പെട്ടവനാണ്.' (ഇബ്നുമാജ:)

മുതൽ തൊഴിൽ ബന്ധം

ഇസ്‌ലാമിൽ തൊഴിലാളിയും മുതലാളിയും രണ്ട് വ്യത്യസ്ത വർഗ്ഗക്കാരല്ല. അവർ സഹോദരങ്ങളാണ്.

KERALA HERITAGE CENTER KALPAKANCHERY

ക്കകളുടെ കൃത്യത അത്രയും വരില്ല. നല്ല തവുക്ക കിട്ടാൻ പ്രയാസമാണെങ്കിൽ, കൈവശമുള്ള തവുക്ക ശരിയാണെന്ന് വിശ്വസിക്കാവുന്ന പള്ളികളിലെ ഖിബ്‌ല സൂത്രവുമായി ഒത്തുനോക്കുന്നത് നന്നായിരിക്കും.

(x) നേരിട്ട് ഖിബ്‌ല കണ്ടുപിടിക്കുന്നതിന് കഅബാശരീഫിൻെറ നേരെ മുകളിൽ വർഷത്തിൽ രണ്ട് പ്രാവശ്യം സൂര്യൻ ഉണ്ടാകുന്ന നിമിഷങ്ങളിൽ ശങ്കുകുററിയുടെ നിഴൽ അടയാളപ്പെടുത്തി അത് സ്വീകരിക്കാവുന്നതാണ്. ഈ മാർഗ്ഗം മീതെ 4 (iii) ൽ കൊടുത്തിരിക്കുന്നു. ശരിയായ കണക്കു പ്രകാരം അത് താഴെ പറയുന്ന തിയ്യതികളിലും സമയത്തും ആയിരിക്കും,

(a) മേയ് 27-ാംനു- ഉച്ചതിരിഞ്ഞ് 2-34-35

(b) ജൂലായ് 16-ാംനു- ഉച്ചതിരിഞ്ഞ് 2-42-53

6. ഖിബ്‌ല സൂത്രനിർണ്ണയത്തെ അധികരിച്ച് മീരററിലെ ഒരു പണ്ഡിതൻ ജ: എസ്. എ. എ. സബ്‌സ്വാരി ഒരു പഠനം നടത്തിക്കൊണ്ടിരിക്കുന്നതായി ''റേഡിയൻസ്'' വാരിക (20-12-81)യിൽ വായിച്ചു. കഅബാശരീഫിൻെറ മുകളിൽ ദൽഹിയിൽനിന്ന് സൂര്യൻ ദർശിക്കേണ്ട സമയങ്ങൾ മേയ് 28 ഉച്ചതിരിഞ്ഞു 2.48നും, ജൂലായി 16 ഉച്ചതിരിഞ്ഞു 2.57നുമാണെന്ന് അദ്ദേഹം കൊടുത്തിരിക്കുന്നു. ഇതേ വിഷയത്തെപ്പററി പാക്കിസ്താനിൽ മാലിക്ബഷീർ അഹമദ്ബാഗ്വി എഴുതിയ പുസ്തകത്തിൻെറ ഒരു കോപ്പി ലഭിക്കുവാൻ സെൻട്രൽ ലൈബ്രറി ശ്രമിക്കുന്നുണ്ട്. ഇതിലെല്ലാം അൽപസ്വൽ

ഒരാൾക്ക് മറേറയാളേക്കാൾ ഔന്നത്യം കൽപിക്കുന്നുമില്ല. എല്ലാവരും ആദമിൻെറയും ഹവ്വയുടെയും സന്തതികളാണെന്നും ദൈവഭക്തിയൊന്നു മാത്രമാണ് മനുഷ്യർ തമ്മിൽ വലിപ്പച്ചെറുപ്പത്തിൻെറ മാനദണ്ഡമെന്നും ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. (ഖുർആൻ 49:13) മാത്രമല്ല മൂലധനവും അദ്ധ്വാനവും സാമ്പത്തിക സംരംഭത്തിൻെറ രണ്ട് അവിഭാജ്യ ഘടകങ്ങളാണെന്നും അത്രാമൊരു സംരംഭത്തിൽ മുതലും അദ്ധ്വാനവും ചേർന്നുണ്ടാകുന്ന ആദായം രണ്ട് ഘടകങ്ങൾക്കും തുല്യമായി അവകാശപ്പെട്ടതാണെന്നും ഇസ്‌ലാം പണ്ടേ നിശ്ചയിച്ചിട്ടുള്ള കാര്യമാണ്. മൂലധനം നൽകുന്നവനും അദ്ധ്വാനം നൽകുന്നവനും അവനവനിൽ അർപ്പിതമായ ചുമതല സത്യസന്ധമായി നിർവ്വഹിക്കേണമെന്നും മതം നിഷ്ക്കർഷിക്കുന്നു. റസൂൽ തിരുമേനി ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിൽ തൊഴിലാളികളുടെ അവകാശത്തെക്കുറിച്ച് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. 'അവർ നിങ്ങളുടെ വേലക്കാർ മാത്രമല്ല, സഹോദരന്മാർകൂടിയാണ്. അല്ലാഹു അവരെ നിങ്ങളുടെ അധികാരത്തിൻകീഴിൽ വെച്ചിരിക്കുന്നുവെന്നേയുള്ളു. അതുകൊണ്ട് വല്ലവൻെറയും അധികാരത്തിൻകീഴിൽ തൻെറ ഒരു സഹോദരൻ ജീവിക്കുന്നുവെങ്കിൽ താൻ കഴിക്കുന്ന അതേമാതിരി ആഹാരവും താൻ ധരിക്കുന്ന തരത്തിലുള്ള വസ്ത്രവും അവന് നൽകട്ടെ. കഴിയാത്ത ജോലിചെയ്യാൻ അവനെ ഒരിക്കലും നിർബ്ബന്ധിക്കരുത്. ഇനി വല്ലപ്പോഴും അത്തരം ജോലി അവരെക്കൊണ്ട്

KERALA HERITAGE CENTER KALPAKANCHERY

പ വ്യത്യാസം കാണുന്നത് വായന ക്കാർ ശ്രദ്ധിക്കുമല്ലൊ.

7. നമുക്കു നമ്മുടെതായ കണ ക്കുകൾ കഴിയുന്നത്ര ശരിക്കു തയ്യാറാ ക്കേണ്ടതുണ്ട്. വലിയ മേപ്പുകളിൽ നിന്നു കഅബാശരീഫിൻെറ ശരിയായ നിൽപ് കണ്ടുപിടിക്കാം. സൂര്യൻ അ തിൻെറ നേർമുകളിൽ വരുന്ന സമയം ഗണിപ്പെടുക്കാം. ഇതു രണ്ടും കൃത്യമാ യി അറിയിച്ചുതരുന്നതിന് സഊദി അറേബ്യയിലെ ഇസ്ലാമിക് യൂനി വേർസിററിയെ സമീപിക്കാം. ജി.ടി. എസ്. മേപ്പുകളുടെ അടിസ്ഥാന ത്തിൽ കേരളത്തെ വിവിധ മേഖലകളാ ക്കിതിരിച്ച് ഓരോ മേഖലയുടെയും ശ രിയായ ഖിബ്ല സൂത്രം ഗോളാകാര ത്രികോണമിതി വ്യവസ്ഥകളനുസരി ച്ചു ഗണിപ്പെടുക്കാം. ഇതെല്ലാം ഗണി പ്പെടുക്കുന്നതിന് കംപ്യൂട്ടറിൻെറ സ ഹായം വേണമെങ്കിൽ കോട്ടാമ്പുറത്തെ ജലവിഭവ പഠനകേന്ദ്ര (CWRDM) ത്തിൽ നിന്ന് സഹായം ലഭ്യമാക്കാം. നമ്മു ടെ അറബികോളേജുകൾ ഉൾപെടെയുള്ള കോളേജുകളിലും പ്രധാന പള്ളികളി ലും ഖിബ്ല കണ്ടുപിടിച്ചു അടയാള പ്പെടുത്താം. വിശദമായി എഴുതി ഒരു പുസ്തകവും ഗൈഡും പ്രസിദ്ധീ കരിക്കാം. ഇതിന് മുൻകൈയെടുക്കേ ണ്ടത് കേരള ഹിലാൽകമ്മററിയുടെ സാ

[ബാക്കി 49—ാം പേജിൽ]

ചെയ്യിക്കേണ്ടിവന്നാൽ നിങ്ങൾ അവനെ സഹായിക്കുക.' (ബുഖാരി,മുസ്ലിം)

''തൊഴിലാളിയെ ദൈവം സ്നേ ഹിതനെപ്പോലെ കണക്കാക്കുന്നു'' (ബൈ ഹഖി).

''കൂലി നിജപ്പെടുത്താതെ നിർബ്ബ ന്ധിച്ചു ജോലി ചെയ്യിക്കുന്നത് തി രുമേനി വിരോധിച്ചിരിക്കുന്നു'' (ബൈ ഹഖി).

നബി തിരുമേനി ഇപ്രകാരം അരു ളി: ''അല്ലാഹു പ്രസ്താവിച്ചു: അ ന്ത്യനാളിൽ മൂന്നുതരം മനുഷ്യരുടെ ശ ത്രുവായിരിക്കും ഞാൻ. ഒന്ന്, എ ന്നെ മുൻനിർത്തി കരാറ് ചെയ്യുകയും എന്നിട്ട് വഞ്ചിക്കുകയും ചെയ്തവൻ. രണ്ട്. സ്വതന്ത്രനായ മനുഷ്യനെ വി ററു കാശു വാങ്ങുന്നവൻ. മൂന്ന്. തൊ ഴിലാളിയെകൊണ്ട് പണിയെടുപ്പിച്ച് കൂലി നൽകാത്തവൻ'' (ബുഖാരി).

''വാഗ്ദത്തം ചെയ്ത കൂലി തൊ ഴിലാളിക്ക് നൽകാതിരിക്കുന്നത് മഹാ പാപമാണ്''. (കനൂസുൽ ഹഖാഇഖ്)

''വിയർപ്പു വററും മുമ്പ് തൊഴി ലാളിക്ക് അവൻെറ കൂലി നൽകുക'' (മസാബീഹുസ്സുന്ന).

''തൊഴിലാളി മുതലുടമയോടുള്ള കടപ്പാട് സദുദ്ദേശത്തോടെ നിർവ്വഹി ക്കുന്നപക്ഷം അവൻെറ ജീവിതമാണ് ഏററവും നല്ലത്''. (അഹ്മദ്_മജ്മഉ സ്സവാഇദ്).

മേൽവിവരിച്ച തത്വങ്ങളുടെ അടി സ്ഥാനത്തിൽ വ്യാപാര വ്യവസായങ്ങൾ നടത്തുന്നവനാണ് യഥാർത്ഥ മുസ്ലിം അഥവാ മുജാഹിദ്. നാം ഓരോരുത്ത രും ആ നിലയിലേക്ക് ഉയർന്നിട്ടുണ്ടോ എന്നു സ്വയം ചിന്തിക്കേണ്ടതാണ്.

★

KERALA HERITAGE CENTER KALPAKANCHERY

കേരളത്തിൽ സംഘടിത ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്കു കളമൊരുക്കിയ നേതാക്കൾ

—അബൂബശീർ—

ഹിജ്റ വഷം ഒന്നാംശതകത്തിൽതന്നെ മുഹമ്മദ് നബി (സ) യുടെ പ്രബോധനത്തിന്റെ പ്രകാശരശ്മി കേരളത്തിലേക്ക് വ്യാപിച്ചിരുന്നുവെന്നതിൽ ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരാണ്. അക്കാലത്ത് കേരളത്തിൽ പ്രബോധനം ചെയ്യപ്പെട്ട ഇസ്‌ലാം അന്ധവിശ്വാസങ്ങളാലോ അനാചാരങ്ങളാലോ മലീമസമായിരുന്നില്ലെന്നതും അവിന്തർക്കിതമത്രെ. എന്തെങ്കിലും അന്ധവിശ്വാസമോ അനാചാരമോ മതത്തിൽ കടത്തിക്കൂട്ടാൻ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽ അപ്പപ്പോൾതന്നെ ഇസ്‌ലാഹീ പ്രവർത്തകർ അതിനെ എതിർത്തുപോന്നിട്ടുമുണ്ട്.

എന്നാൽ കാലാന്തരത്തിൽ കേരള മുസ്‌ലിംകൾക്കിടയിൽ അനേകം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പടർന്നുപിടിക്കാൻ തുടങ്ങി. ഖുർആനും സുന്നത്തും ജീവിത പ്രമാണങ്ങളായംഗീകരിച്ച ഇസ്‌ലാഹീ പ്രവർത്തകർ അവയെ എതിർത്തുകൊണ്ടിരിക്കുകയും ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ, കേരളത്തിൽ കഴിഞ്ഞുപോയ ഇസ്‌ലാഹീ പ്രവർത്തകരുടേയോ, പ്രവർത്തനങ്ങളുടേയോ ചരിത്രം വസ്തുനിഷ്ഠമായി രേഖപ്പെടുത്തിവെക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. അതിനാൽ ഒരു നൂററാണ്ടിന്നു മുമ്പ് കഴിഞ്ഞുപോയ സംഭവങ്ങൾ വളരെയൊന്നും അറിയാൻ നമുക്ക് സാധിച്ചിട്ടില്ല. ഇരുപതാം ശതകം ആരംഭിക്കുന്നതിന്റെ തൊട്ടുമുമ്പും പിമ്പും ജീവിച്ച ഇസ്‌ലാഹീ പ്രവർത്തകരിൽ പ്രമുഖരാണ് സനഉല്ലാമക്തി തങ്ങൾ, ഹമദാനി ശൈഖ്, മൗലവി അബ്ദുൽ കരീം, കരേക്കാട് കുഞ്ഞിപ്പോക്കു മുസ്‌ലിയാർ,

KERALA HERITAGE CENTER KALPAKANCHERY

പല ക്രിസ്തുമത നേതാക്കൻമാരുമായി വാദപ്രതിവാദംനടത്തി അവരെയെല്ലാം മുട്ടുകുത്തിച്ച മഹാനായിരുന്നു അദ്ദേഹം. ഈ വിഭാഗത്തെ എതിർക്കാൻ വേണ്ടി കച്ചകെട്ടിയിറങ്ങിയതിൻെറ പേരിൽ അദ്ദേഹം അനുഭവിക്കേണ്ടിവന്നിട്ടുള്ള യാതനകളും കഷ്ടപ്പാടുകളും അവർണ്ണനീയങ്ങളായിരുന്നു.

സി. സൈതാലിക്കുട്ടി മാസ്റ്റർ, മൗലാനാ ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി, വക്കം അബ്ദുൽഖാദിർ മൗലവി മുതലായവർ. 1921ന് ശേഷമുണ്ടായ സംഘടിത ഇസ്ലാഹീ പ്രവർത്തനങ്ങൾക്ക് കളമൊരുക്കിയത് ഇത്തരം മഹാന്മാരുടെ നിഷ്കളങ്കവും നിസ്തുല്യവുമായ സേവനങ്ങളായിരുന്നു. അവരുടെ ത്യാഗോജ്ജ്വലമായ സേവന ചരിത്രത്തിലേക്ക് നമുക്കൊരു വിഹഗ വീക്ഷണം നടത്താം.

മക്തി തങ്ങൾ (1847 1912)

ഇസ്ലാമിനെ താറടിച്ചു കാണിക്കുന്ന പ്രചണ്ഡമായ പ്രചാരവേലകളിൽ വ്യാപൃതരായ ക്രിസ്ത്യൻ മിഷ്യനറി പ്രവർത്തകരെ എതിർക്കാൻവേണ്ടി ഗവർമ്മെൻറുദ്യോഗം വലിച്ചെറിഞ്ഞു സേവനരംഗത്തേക്കിറങ്ങിവന്ന മഹാനായിരുന്നു സയ്യിദ് സനാഉല്ലാ മക്തിതങ്ങൾ. തങ്ങളവർകൾ ക്രിസ്ത്യൻ മിഷ്യനറിമാർക്കൊരു കണ്ണുകോടാലി തന്നെയായിരുന്നു. പല ക്രിസ്തുമത നേതാക്കന്മാരുമായി വാദപ്രതിവാദം നടത്തി അവരെയെല്ലാം മുട്ടുകുത്തിച്ച മഹാനായിരുന്നു അദ്ദേഹം. ഈ വിഭാഗത്തെ എതിർക്കാൻവേണ്ടി കച്ച കെട്ടിയിറങ്ങിയതിൻെറ പേരിൽ അദ്ദേഹം അനുഭവിക്കേണ്ടിവന്ന യാതനകളും കഷ്ടപ്പാടുകളും അവർണ്ണനീയങ്ങളായിരുന്നു.

മക്തിതങ്ങൾ ക്രിസ്ത്യൻ മിഷ്യനറിമാരെ എതിർത്തുകൊണ്ടിരുന്ന അതേയവസരത്തിൽതന്നെ മുസ്ലിംകൾക്കിടയിൽ കടന്നുകൂടിയ അനാചാരങ്ങളെയും എതിർത്തുപോന്നു. മുഹർറാഘോഷം, കൊടികുത്ത്, ചന്ദനക്കുടം, ആദിയായ നേർച്ചകളെയും, മരിച്ചുപോയ പുണ്യവാന്മാരുടെ പൊരുത്തത്തിന്നും പ്രീതിക്കുമായി ആടു, കോഴി മുതലായവയെ നേർച്ചയാക്കുന്നതിനെയും റാത്തീബ്, മൗലൂദ്, മാലപ്പാട്ട് മുതലായവയെയും മക്തിതങ്ങൾ ശക്തിയായ ഭാഷയിൽ എതിർത്തുപോന്നു.

ഒരിക്കൽ അദ്ദേഹം കായംകുളത്തെ ഒരു പീടികയിലിരുന്നപ്പോൾ വലിയ ഒരു കൂററനാട് പീടികയിൽ കടന്നു അരി തിന്നാൻ തുടങ്ങി. തൽസമയം അവിടെയുണ്ടായിരുന്ന ഒരു കുട്ടിയോട് തങ്ങൾ പറഞ്ഞു: ''കുട്ടീ, നീ കാണുന്നില്ലേ ആട് അരി തിന്നുന്നത്. അതിനെ ആട്ടിയോടിക്കൂ!''

KERALA HERITAGE CENTER KALPAKANCHERY

''ആട്ടാൻ പാടില്ല. അത് മുഹ്‌യിദ്ദീനാടാണ്.'' എന്നായിരുന്നു കുട്ടിയുടെ മറുപടി.

''എന്തെടോ, മുഹ്‌യിദ്ദീനാടോ?'' തങ്ങൾ ചോദിച്ചു.

''മുഹ്‌യിദ്ദീൻ ശൈഖിന് നേർന്നിട്ട ആടാണ്. അതിന്ന് ഇഷ്ടംപോലെ എവിടെയും പോകാം.'' എന്തും തിന്നാം. അതിനെ ആട്ടാൻ പാടില്ല.'' കുട്ടി വിശദീകരണം നൽകി.

തുടർന്ന് ''ആട് മുഹ്‌യിദ്ദീനാവുകയില്ല, മുഹ്‌യിദ്ദീൻ ആടാവുകയുമില്ല.'' എന്ന വിഷയത്തെ പുരസ്കരിച്ചു തുടർച്ചയായി നാല് ദിവസം അദ്ദേഹം അവിടെ പ്രസംഗിക്കുകയുണ്ടായി. ശൈഖന്മാരെക്കൊണ്ടും തങ്ങന്മാരെക്കൊണ്ടും ജീവിക്കുന്ന അന്നത്തെ യാഥാസ്ഥിതിക പണ്ഡിതന്മാർ ഒററക്കെട്ടായി തങ്ങളവർകൾക്കെതിരിൽ ശബ്ദമുയർത്താനും പാമര ജനങ്ങളെ ഇളക്കിവിടാനും തുടങ്ങി. അല്ല, കാശു തന്നാലും അദ്ദേഹത്തിന് ഹോട്ടലുകളിൽനിന്ന് ചോറുകൊടുക്കരുതെന്ന് ഫത്‌വകളിറക്കി. തങ്ങളവർകൾ തന്നെ സ്വാനുഭവം വിവരിക്കുന്നത് കാണുക:

''തിരുവനന്തപുരത്തുള്ള ശത്രുജനം കൂടിയാലോചിച്ച് ഭയങ്കരമായ ക്രിമിനൽ ചാർജുകൾ നിർമ്മിച്ച് അകപ്പെടുത്തിയതിൽ ഇടവലം കാണാതെ വ്യാകുലചിത്തനായി പരിഭ്രമിച്ചു. മുസ്‌ലിംകൾ അടുത്തുവരാതെയും അടുപ്പിക്കാതെയും ഒഴിഞ്ഞു മറിഞ്ഞതിനാൽ പട്ടന്മാരുടെ ഭക്ഷണശാലകളിൽ ഉണ്ടാക്കുന്ന ചോറും ചാറും വാങ്ങി ആത്മാവിനെ രക്ഷിച്ചു. ആറ് മാസം വ്യവഹരിച്ചു.'' (മക്‌തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ – പേ: 1034, 1035)

''സമാധാന ലംഘനം ഉണ്ടാവാതെയും ഉണ്ടാക്കാതെയും ഇരിക്കുമെന്നുള്ളതിലേക്ക് 300ഉം 500ഉം രൂപക്ക് ജാമ്യം ഹാജരാക്കണമെന്ന് കൊല്ലം ഡിവിഷൻ കച്ചേരിയിൽനിന്നും കണ്ണൂര് കണ്ടോൺമെൻറ് മജിസ്ട്രേട്ട് കോടതിയിൽനിന്നും നോട്ടീസുകളുണ്ടായി. ആ നോട്ടീസിന്നെതിരായി വാദിക്കുകയോ ജാമ്യമാവാമെന്ന് സമ്മതിക്കുകയോ ചെയ്യുന്ന ഒററ ഇസ്‌ലാമിനെയും കാണാതെ ഏകനായി സങ്കടപ്പെട്ടു. ആ സന്ദർഭത്തിൽ സഹായിച്ചു രക്ഷിച്ചതും ഹിന്ദുജനംതന്നെ.

കണ്ണൂർ കണ്ടോൺമെൻറിൽ നിന്നുണ്ടായ പ്രസംഗമദ്ധ്യെ കല്ലെറിഞ്ഞും

(46-ാം പേജിലെ ബാക്കി)

ങ്കേതികവ് ഭാഗമായിരിക്കുന്നത് എന്തുകൊണ്ടും ഭൂഷണമായിരിക്കും.

8. കഴിയുന്നത്ര ശരിയായും കണിശമായും ഖിബ്‌ല കണ്ടുപിടിക്കേണ്ടതും അതനുസരിച്ചു പള്ളികൾ നിർമ്മിക്കുകയും നിസ്കാരം സംഘടിപ്പിക്കുകയും ചെയ്യേണ്ടതും നമ്മുടെ സാമൂഹ്യമായ കടമയാണ്. എന്നാൽ ജനങ്ങൾക്കു പ്രയാസം സൃഷ്ടിക്കുന്ന ഒരു വസ്‌വാസ് ആയിപ്പോകരുതുതാനും. ''വിശുദ്ധ പ്രാർത്ഥനാലയത്തിൻെറ നേർക്ക് നിൻെറ മുഖത്തെ നീ തിരിക്കുക. നിങ്ങൾ എവിടെ ആയിരുന്നാലും അതിൻെറ നേർക്ക് നിങ്ങളുടെ മുഖങ്ങൾ തിരിക്കുവിൻ'' (വി. ഖു. 2: 144)

★

KERALA HERITAGE CENTER KALPAKANCHERY

വടികൊണ്ടടിച്ചും ഉപദ്രവിച്ചു സമാധാന ലംഘനമുണ്ടാക്കി പ്രസംഗം വിരോധിപ്പിക്കണമെന്നുണ്ടായിരുന്ന മനോരാജ്യം സാധിക്കാതിരിക്കുന്നതിലേക്കുണ്ടായ ഒത്താശകളും ഹിന്ദു ജനങ്ങളിൽ നിന്നു തന്നെ.

മേൽ പറഞ്ഞ ആത്മീയദുഃഖങ്ങളും ദേഹോപദ്രവങ്ങളും ഏകനായി സഹിച്ചു മുപ്പതുകൊല്ലംവരെ നടന്നും നടത്തിയും വന്നതിൽ ആത്മീയജയംകൊണ്ടു സന്തുഷ്ടനായതല്ലാതെ ഐഹീക സുഖം സ്വപ്നത്തിൽപോലും അനുഭവിച്ചിട്ടില്ല.'' (IBID: പേ: 1035, 1036)

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ക്രമാതീതമായി വ്യാപിക്കുന്നതിന്റെ മൂലകാരണം ജനങ്ങളുടെ അജ്ഞതയാണെന്നു മനസ്സിലാക്കിയ തങ്ങൾ വിജ്ഞാനപ്രചരണത്തിന്നായി നാനോന്മുഖമായ പദ്ധതികളാവിഷ്ക്കരിച്ചിരുന്നു. വിലപ്പെട്ട അനേകം ഗ്രന്ഥങ്ങളുടെ കർത്താവാണ് തങ്ങൾ. മതവിദ്യാഭ്യാസരീതി പരിഷ്ക്കരിക്കുന്നതിന്നു ചില പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തുവാനും അദ്ദേഹം തുടങ്ങി. അക്കാലത്ത് അതിന്റെ ഫലം വേണ്ടത്ര കണ്ടു തുടങ്ങിയില്ലെങ്കിലും പിൽക്കാലത്ത് അതു പരിപൂർണ്ണ വിജയമായി കലാശിച്ചിട്ടുണ്ട്. അക്കാലത്തെ അവസ്ഥ തങ്ങളവർ തന്നെ വിവരിക്കുന്നത് കാണുക:

''വായനക്കാരേ, ഖുർആൻ ഓത്തിന്റെ കഥ കേൾക്കണം! അഞ്ചും ആറും വയസ്സ് പ്രായമുള്ള കുട്ടികളെ ഓത്തിന്നിരുത്തി മടിയിൽ ഒരു പലകവെച്ചു കൊടുക്കുന്നു. സാമാന്യ ബുദ്ധിയുള്ളവന് ആറേഴു മാസംകൊണ്ടും, ബുദ്ധി മന്ദിച്ചവന് കഷ്ടിച്ചു ഒരുവൽസരംകൊണ്ടും അവസാനിപ്പിക്കാവുന്ന ഖുർആൻ രണ്ടും മൂന്നും വൽസരംകൊണ്ടു അവസാനിപ്പിക്കാതെ കാലം കഴിക്കുന്നു. ഒരു വിധം അവസാനിപ്പിച്ചിരുന്നാലും പേന (ഖലം) പിടിക്കേണ്ടത് എങ്ങിനെ? എഴുതേണ്ടത് എങ്ങിനെ? എന്നറിയുന്നില്ല. ഈ വക ദോഷങ്ങൾക്കുള്ള കാരണം പഠിപ്പിക്കേണ്ട മുറയും ക്രമവും അറിവില്ലായ്ക തന്നെ.

ആകയാൽ ഓത്തുപുരയിൽ ഒരു 'ബോർഡ്' ഉണ്ടായിരിക്കണം. ആദ്യം ഓരോ അക്ഷരങ്ങളും, കൂട്ടി എഴുതേണ്ട മുറകളും ഗുരുനാഥന്മാർ എഴുതിക്കാണിച്ചും, കുട്ടികളെക്കൊണ്ടു എഴുതിപ്പിച്ചും ധരിപ്പിക്കയും അഭ്യസിപ്പിക്കയും വേണം.

(2) അതത് പാഠക്കാരെ തരംതിരിച്ചു ക്ളാസ്സ് (ദറജത്ത്) ആക്കണം.

(3) ക്ളാസ്സു മുറപ്രകാരം പാഠം കേൾക്കണം. അതായത് ഒന്നാമൻ മുതൽ വായിക്കുകയും മററവർ നോക്കി തെററ് പറയുകയും വേണം.

എന്നും മററും വിവരിക്കുന്ന ഒരു ചട്ടമുണ്ടാക്കി 'സലാഹുൽ ഇഖ്വാൻ' എന്ന നാമത്തിൽ നടപ്പായിരുന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. പത്രാധിപരായിരുന്ന സി. സെയ്താലിക്കുട്ടി അതു അത്യാവശ്യമാണെന്നും മററും അഭിപ്രായപ്പെടുകയും ചെയ്തു. എങ്കിലും ഇന്നത്തെ മൊല്ലമാർ പൂർവ്വരീതി ഒഴിയാതെ നടന്നുവരുന്നു.'' (മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ. പേ: 1025, 1026).

KERALA HERITAGE CENTER
KALPAKANCHERY

മത–ഭൗതിക വിജ്ഞാനങ്ങൾ ഒരു വസ്ത്രത്തിന്റെ ഊടും പാവുമെന്നപോലെ പരസ്പര ബന്ധമുള്ളവയാണെന്ന അഭിപ്രായക്കാരനായിരുന്നു തങ്ങൾ. പക്ഷെ അക്കാലത്തെ മുസ്ലിംകളിൽ അധികപേരും അതംഗീകരിച്ചിരുന്നില്ല. തങ്ങൾ പറയുന്നത് കാണുക:

"ഇംഗ്ലീഷ് ഭാഷ നരകഭാഷയും, സ്വന്തം ഭാഷയായ മലയാളം ഹിന്ദുശാസ്ത്രഭാഷയും ആകയാൽ അതുകൾ രണ്ടും പഠിക്കുന്നതിൽ മതവിരോധമുണ്ടെന്നു ധരിപ്പിക്കുകയും വടക്കു മുതൽ തെക്കവസാനം വരെയുള്ള ഇസ്ലാംജനം യോജിച്ചും കാലം കഴിച്ചിരുന്നു. ഈ അപകട അഭിപ്രായത്തിൽനിന്നു ജനങ്ങളെ വീണ്ടെടുക്കുന്നതിലേക്ക് വേണ്ടിവന്ന പ്രയാസം സ്വൽപമല്ല. ഇന്നും വിരോധിക്കുന്ന വികട ബുദ്ധികൾ കിടപ്പുണ്ട്. ദൈവകടാക്ഷംകൊണ്ടു ഇംഗ്ലീഷ് ഭാഷാഭ്യാസം വടക്കു ആരംഭിച്ചു. ഉയർന്ന പരീക്ഷകൾ വിജയിച്ചവരെ ഇസ്ലാം സമൂഹത്തിൽ കാണാറായി. അവർ ആക്ഷേപിക്കപ്പെടുന്നുമുണ്ട്. ഏതായാലും ഇതാ തെക്കെ അററത്തും ഉൽസാഹികളെ കാണുന്നു. ലക്ഷണം ശുഭംതന്നെ. (മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ. പേ: 1006)

മത–ഭൗതിക വിജ്ഞാനങ്ങൾ ഒരു വസ്ത്രത്തിന്റെ ഊടും പാവുമെന്നപോലെ പരസ്പരബന്ധമുള്ളവയാണെന്ന അഭിപ്രായക്കാരനായിരുന്നു തങ്ങൾ. പക്ഷെ അക്കാലത്തെ മുസ്ലിംകളിൽ അധികപേരും അതംഗീകരിച്ചിരുന്നില്ല. തങ്ങൾ പറയുന്നതു കാണുക.

സംഘടിത രൂപത്തിലുള്ള ഇസ്ലാഹീ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ തുടക്കം കുറിച്ച പ്രദേശമായ കൊടുങ്ങല്ലൂരിൽ ഇസ്ലാഹീ ആശയം മുളച്ചുവരുന്നതിൽ തങ്ങളവർകൾക്കുണ്ടായ പങ്ക് ഇ. കെ. മൗലവീ സാഹിബ് വിവരിക്കുന്നത് കാണുക:

"1919ലാണ് ഞാൻ കൊടുങ്ങല്ലൂരിൽ താമസം തുടങ്ങിയത്. ഇവിടെയും അയൽപ്രദേശങ്ങളിലും ചില വഹാബികളുണ്ടെന്നും അവരെ സൂക്ഷിക്കണമെന്നും അപരിചിതനായ എന്നെ അക്കാലത്ത് ചില സുഹൃത്തുക്കൾ ഉപദേശിക്കുകയുണ്ടായി. അവർ ആരാണെന്നറിയാൻ കൗതുകം ജനിക്കൽ സ്വാഭാവികമാണല്ലോ...പരിചയപ്പെടുക മാത്രമല്ല, അവരുടെ വാദഗതികൾ ഞാൻ വിശദമായി മനസ്സിലാക്കകപോലും ചെയ്തു.....ഞാൻ അവരോടു ഇങ്ങിനെ ചോദിച്ചു: "നിങ്ങളുടെ നാട്ടിലെ ബഹുഭൂരിപക്ഷത്തിന്റെ വിശ്വാസത്തിന്നെതിരായ 'ഈ ആശയം നിങ്ങളെ പിടികൂടിയതെങ്ങിനെ?' ഇതിന്നു കൂട്ടത്തിലൊരാൾ നൽകിയ മറുപടി ഇതായിരുന്നു. 'സനാഉല്ലാമക്തി തങ്ങളാണ് ഞങ്ങളിൽ ഈ ആശയം പ്രചരിപ്പിച്ചത്'' (അൽമുർശിദ് മലയാള മാസിക 1966 ആഗസ്ത് ലക്കം പേ: 5,6)

KERALA HERITAGE CENTER
KALPAKANCHERY

കേരളത്തിൻെറ ഒററം മുതൽ മററെ യാററംവരെ സഞ്ചരിച്ചു, പ്രസംഗങ്ങളും സാഹിത്യവിതരണവും നടത്തിക്കൊണ്ടു ഇസ്ലാഹീ പ്രസ്ഥാനത്തിന്നു തങ്ങളവർകൾ ചെയ്തുകൊണ്ടിരുന്ന മഹത്തായ സേവനങ്ങൾ തങ്കലിപികളിൽ എഴുതിവെക്കേണ്ടവയാണ്.

ഹമദാനീ ശൈഖ്

കേരളത്തിലെ പ്രമുഖ ഇസ്ലാഹീപ്രസ്ഥാന നേതാക്കളിലൊരാളായിരുന്നു 1922ൽ ദിവംഗതനായ 'ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി'. അദ്ദേഹത്തിൻെറ പ്രധാന പ്രവർത്തനരംഗം തിരുവിതാംകൂറും കൊച്ചിയുമായിരുന്നു. 1920ൽ മലബാറിൻെറ ചില ഭാഗങ്ങളിലും ചുററിസഞ്ചരിച്ചു പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്.

മുസ്ലിംകളുടെ പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നത് അനൈക്യവും അന്തഛിദ്രതയുമാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അല്ലാഹുവിൻെറ പാശം മുറുകെ പിടിച്ചകൊണ്ടുള്ള ഐക്യമേ സ്ഥായിയായി നിലനിൽക്കുകയുള്ളൂവെന്നും വിശ്വസിച്ചിരുന്ന ആളായിരുന്നു അദ്ദേഹം. 'ഇൽഫത്തുൽ ഇസ്ലാം' (ഇസ്ലാമികൈക്യം) എന്ന പേരിൽ ഒരു ചെറുഗ്രന്ഥം അദ്ദേഹം അറബി മലയാളത്തിൽ രചിച്ചു പ്രസിദ്ധീകരിച്ചിരുന്നു. ആശയ ഗാംഭീര്യമുള്ളതും പഠനാർഹവും ആകർഷകവുമായിരുന്നു ആ ഗ്രന്ഥം.

ഖുർആനും സുന്നത്തുമനുസരിച്ചു ജീവിക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. അതേയവസരത്തിൽ 'ഹമദാനീ ത്വരീഖത്തി'ൻെറ ശൈഖ് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഇക്കാര്യത്തെപ്പററി ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തിന്നു അദ്ദേഹം ഇങ്ങിനെ മറുപടി നൽകി.

,,ഇന്നത്തെ ജനങ്ങളുടെ ഇടയിൽ ഐക്യവും സംഘടനാബോധവുമുണ്ടാക്കണമെങ്കിൽ ഏതെങ്കിലുമൊരു ത്വരീഖത്തിൻെറ പേര് പറഞ്ഞേ പററൂ. ഹമദാനീ ത്വരീഖത്തിലാണെങ്കിൽ ഖുർആനിന്നും സുന്നത്തിന്നുമെതിരായി ഒന്നുമില്ല. ആ ത്വരീഖത്തിലേക്ക് വന്നുകഴിഞ്ഞാൽ ജനങ്ങളെ ഖുർആനിലേക്കും സുന്നത്തിലേക്കും ആകർഷിക്കാൻ നിഷ്പ്രയാസം കഴിയും.''

'നിഷ്പക്ഷ സംഘം' (ഈ സംഘമാണ് പിന്നീട് -1922ൽ- കേരള മുസ്ലിം ഐക്യ സംഘമായി രൂപാന്തരപ്പെട്ടത്) രൂപീകരിക്കാൻവേണ്ടി 1921ൽ കൊടുങ്ങല്ലൂർ താലൂക്കിൽ ചേർന്ന യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചത് ഹമദാനീ ശൈഖായിരുന്നു.

മൗലവി അബ്ദുൽ കരീം

ബേങ്ക്ളൂർ സ്വദേശിയായിരുന്ന മൗലവി അബ്ദുൽ കരീം സാഹിബ് 20-ാം ശതകത്തിൽ ആദ്യത്തിൽ കൊച്ചിയിൽ വന്നു ഇസ്ലാഹീ പ്രവർത്തനങ്ങൾ നടത്തിത്തുടങ്ങി. ചിന്തകന്മാരായ പലരും അദ്ദേഹത്തിൻെറ പ്രബോധനം ചെവികൊണ്ടു. എന്നാൽ അദ്ദേഹവും, അദ്ദേഹത്തിൻെറ പ്രബോധനം ചെവികൊണ്ടവരും പൊതുജനങ്ങളു

KERALA HERITAGE CENTER KALPAKANCHERY

ശാദുലിയ്യാ ഥരീഖത്തിന്റെ ശൈഖായിരുന്ന കുപ്പത്ത് ഉമർ മുസ്‌ലിയാരുടെ നേതൃത്വത്തിലുള്ള ഒരു വിഭാഗം യാഥാസ്ഥിതിക പണ്ഡിതൻമാർ പൊതുജനങ്ങളെ അവർക്കെതിരിൽ ഇളക്കിവിട്ടതായിരുന്നു. ആ ഥരീഖത്തുകാർ ചെയ്തു വരുന്ന പലതും ബിദ്അത്തുകളാണെന്ന് മൗലവി അബ്ദുൽ കരീം സാഹിബ് പറഞ്ഞതോടെയാണ് ശൈഖും മുരീദൻമാരും ഇളകിവശായത്.

ടെ മർദ്ദനങ്ങൾക്ക് പാത്രവാന്മാരായി ത്തീർന്നു. ശാദുലിയ്യാഥരീഖിന്റെ ശൈഖായിരുന്ന കുപ്പത്ത് ഉമർ മുസ്‌ലിയാരുടെ നേതൃത്വത്തിലുള്ള ഒരു വിഭാഗം യാഥാസ്ഥിതിക പണ്ഡിതന്മാർ പൊതുജനങ്ങളെ അവർക്കെതിരിൽ ഇളക്കിവിട്ടതായിരുന്നു. ആ ഥരീഖത്തുകാർ ചെയ്തുവരുന്ന പലതും ബിദ്അത്തുകളാണെന്ന് മൗലവി അബ്ദുൽ കരീം സാഹിബ് പറഞ്ഞതോടെയാണ് ശൈഖും മുരീദന്മാരും ഇളകിവശായത്. ഉമർ മുസ്‌ലിയാരും മൗലവി അബ്ദുൽ കരീമും തമ്മിൽ ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ നടന്നിരുന്നു. അതിലെല്ലാം മൗലവിതന്നെ വിജയിച്ചു. അവർ തമ്മിൽ നടന്ന വാദപ്രതിവാദങ്ങളുൾക്കൊള്ളുന്ന ഒരു 'രിസാല' പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

മൗലവിയെയും കൂട്ടുകാരെയും ജനങ്ങൾ ബഹിഷ്ക്കരിക്കാൻ തുടങ്ങി. അവരെ പള്ളിയിൽ കടത്തരുതെന്നായി. ഭാഗ്യവശാൽ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപെട്ട ഒരാളായിരുന്നു ഹാജി അബ്ദുല്ലാഹാജി ആദം സേട്ടു. വലിയൊരു ധനവാനും ധീരനും ജനസ്വാധീനവും ഭക്തിയുമുള്ള ആളുമായിരുന്ന ഇദ്ദേഹം തന്റെ കക്ഷിക്കായി ഒരു പള്ളി പണിയിച്ചു. അതത്രെ മട്ടാഞ്ചേരിയിലെ പുതിയ പള്ളി. അന്നു പൊതുജനങ്ങൾ ഈ പള്ളി ബഹിഷ്ക്കരിച്ചിരുന്നുവെങ്കിലും ഇന്നു ജുമുഅക്ക് സ്ഥലം പോരാതെയാണിരിക്കുന്നത്. ഇവിടെ ഖുത്ബ മാതൃഭാഷയിലുള്ള ഉപദേശമുൾക്കൊള്ളുന്നതായതു കൊണ്ട് ദൂരദേശങ്ങളിൽ നിന്നുപോലും ആളുകൾ വരുന്നുണ്ട്.

കാരക്കാട്ട് കുഞ്ഞിപ്പോക്കു മുസ്‌ല്യാർ

ഏതാണ്ട് അക്കാലത്ത്തന്നെ മലബാർ ഭാഗങ്ങളിൽ ബിദ്അത്തുകളെ എതിർത്തുകൊണ്ടിരുന്ന മഹാനായിരുന്നു കരേക്കാട്ടിൽ കുഞ്ഞിപ്പോക്കു മുസ്‌ലിയാർ. അക്കാലത്ത് മലപ്പുറം നേർച്ചയെ ആരെങ്കിലും എതിർത്തു പറഞ്ഞാൽ അയാളുടെ തലയെടുക്കണമെന്നായിരുന്നു നിശ്ചയം. കുഞ്ഞിപ്പോക്കു മുസ്‌ലീയാരാകട്ടെ അതിനെ ശക്തിയായി എതിർത്തുകൊണ്ടിരുന്ന ആളാണ്. നേർച്ച തുടങ്ങുന്നതിനു മുമ്പായി 'തോലിടുക' എന്നൊരു സമ്പ്രദായമുണ്ട്. അതായത് കൊട്ടു തുടങ്ങുക. ഖാസിയും കാരണവന്മാരുമൊത്തുചേർന്നു ജുമുഅ നമസ്ക്കാരത്തിന്നു ശേഷമാണ് ഈ ചടങ്ങ് ആരംഭിക്കുക പതിവ്. ഒരു പ്രാവശ്യം ജുമുഅ കഴിഞ്ഞ ഉടനെ മുസ്‌ലിയാർ നേർച്ചയെ എതിർത്തു സംസാരിക്കുകയുണ്ടായി. അതു കേട്ടു

KERALA HERITAGE CENTER KALPAKANCHERY

ക്ഷുഭിതരായ ജനങ്ങൾ ആദ്ദേഹത്തെ പള്ളിയിൽനിന്നു പിടിച്ചു പുറത്താക്കി, മുസ്‌ലിയാർ നേരെ ജാറത്തിനടുത്തു വന്നു ഏതാണ്ടിങ്ങിനെ പറഞ്ഞു:

''ശുഹദക്കളെ, നിങ്ങൾക്ക് കറാമത്തുണ്ടെങ്കിൽ ഇപ്പോഴല്ലേ കാണേണ്ടത്! ഇസ്‌ലാം ദീനിന്നു വിരുദ്ധമുയ ഈ തോന്ന്യവാസങ്ങൾ നിങ്ങളുടെ ഖബ്റിങ്കൽവെച്ചു നടക്കുന്ന ഈ യവസരത്തിലല്ലേ നിങ്ങൾക്ക് കറാമത്തുണ്ടെങ്കിൽ അതു കാണിക്കേണ്ടത്!''

ഇത് കേട്ടു കോപാന്ധരായ ജനങ്ങൾ അദ്ദേഹത്തെ കണക്കിനു പ്രഹരിച്ചു.

തന്നെ 1931ൽ സന്ദർശിച്ച ഏതാനും മുജാഹിദ് പ്രവർത്തകരോട് അദ്ദേഹം ഇങ്ങിനെ പറയുകയുണ്ടായി:

''നിങ്ങളുടെ ആഗമനം എന്നെ ആവേശം കൊള്ളിക്കുന്നു. ഞാൻ ഒററക്ക് ചെയ്തുവന്നിരുന്ന ജോലി നിങ്ങളെപ്പോലെയുള്ളവർ സംഘടിച്ചു ചെയ്തു വരുന്നതായി കാണുന്നതിൽ എനിക്കു അളവററ സന്തോഷമുണ്ട്. എന്തു ദുരിതങ്ങൾ സഹിക്കേണ്ടി വന്നാലും നിങ്ങൾ മുമ്പോട്ട്വെച്ച കാൽ പിന്നോട്ട് വലിക്കരുത്.''

സി. സെയ്താലിക്കുട്ടി മാസ്ററർ

കേരളത്തിലെ ഇസ്‌ലാഹീ പ്രവർത്തനങ്ങളുടെ വിജയത്തിൽ ഏററവുമധികം പങ്കു വഹിച്ചതും വഹിച്ചുകൊണ്ടിരിക്കുന്നതും പത്രപ്രവർത്തനമാണ്. ഈ രംഗത്ത് അനർഘ സേവനങ്ങളർപ്പിച്ച പല ഉൽപതിഷ്ണുക്കളുമുണ്ടെങ്കിലും ഇരുപതാം ശതകം ആരംഭിക്കുന്നതിന്റെ തൊട്ടു മുമ്പും പിമ്പും സി. സെയ്താലിക്കുട്ടി മാസ്ററർ ശോഭിച്ച പോലെ ആ രംഗത്ത് ശോഭിച്ച ആരുമുണ്ടായിരുന്നില്ലെന്നു പറയാം. മതവിദ്യാഭ്യാസരീതി പരിഷ്ക്കരിക്കുന്നതിലും അദ്ദേഹം ചെയ്ത സേവനങ്ങൾ വിലപ്പെട്ടതായിരുന്നു. ഈ വിഷയത്തിൽ മക്തിത്തങ്ങളെയും ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയെയുമൊക്കെ അദ്ദേഹം വളരെയേറെ സഹായിച്ചിട്ടുണ്ട്.

മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി

കേരളത്തിലെ ഉന്നത ശീർഷനായ ഒരു ഇസ്‌ലാഹീ പ്രവർത്തകനായിരുന്നു 1919ൽ ദിവംഗതനായ മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി. കേരളത്തിലെ അശാസ്ത്രീയവും, കുത്തഴിഞ്ഞതും, വിരസവുമായിരുന്ന മതവിദ്യാഭ്യാസ രീതിയെ ഒരു സമൂല പരിവർത്തനത്തിനു വിധേയമാക്കിയത് അദ്ദേഹമായിരുന്നു. മേൽപറഞ്ഞ തകരാറുകൾ നിമിത്തം മുസ്‌ലിം സമുദായത്തിൽ ഖുർആൻ നോക്കി വായിക്കാൻ കഴിയുന്നവർപോലും അക്കാലത്ത് കേരളത്തിൽ വളരെ കുറവായിരുന്നു. മതവിജ്ഞാനം നേടിയ പണ്ഡിതന്മാരാണെങ്കിൽ അംഗുലീപരിമിതവും. അക്കാലത്ത് ഏതെങ്കിലുമൊരാൾ 'അൽഫിയ്യ'യും 'ഫത്ഹുൽ മുഈ'നും ഓതിക്കഴിഞ്ഞാൽ മഹാപണ്ഡിതനായി എന്നാണ് വെപ്പ്. 'ബർക്കത്തി'ന്നു വേണ്ടി- മതനിയമങ്ങൾ പഠിക്കാൻവേണ്ടിയല്ല- ജലാലൈനിയും ഓതിയെന്നു വരും. മതവിജ്ഞാനങ്ങളിൽ വ്യുൽപത്തി നേടുന്നതിന്നു സഹായകവും അത്യന്താപേക്ഷിതവുമായ ഗോളശാസ്ത്രം,

KERALA HERITAGE CENTER KALPAKANCHERY

ഗണിതശാസ്ത്രം, തത്വശാസ്ത്രം, തർക്കശാസ്ത്രം മുതലായ വിവിധ വിഷയങ്ങളിൽ മുൻകാലത്തുള്ള മുസ്ലിം പണ്ഡിതന്മാർ അറബിഭാഷയിൽതന്നെ അമൂല്യ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടല്ലോ. കേരളത്തിലെ ദർസുകളിൽ അതൊന്നും പഠിപ്പിക്കപ്പെടുന്ന സമ്പ്രദായം അക്കാലത്ത് തീരെയുണ്ടായിരുന്നില്ല. ശുദ്ധ മലയാളവും ഇംഗ്ലീഷുമൊക്കെ കേരള മുസ്ലിംകൾക്ക് വിലക്കപ്പെട്ട കനിയുമായിരുന്നു.

ഇതെല്ലാം മൗലാനയെ അങ്ങേയററം അസ്വസ്ഥനാക്കി. മതവിദ്യയും അതോടൊപ്പം ഭൗതിക വിജ്ഞാനവും നേടുന്നതുകൊണ്ടു മാത്രമെ ഏത് രംഗത്തും പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂവെന്നു അദ്ദേഹം വിശ്വസിച്ചിരുന്നു അതിനാൽ കുത്തഴിഞ്ഞു കിടന്നിരുന്ന പള്ളി ദർസുകളെയും, ഓത്തുപള്ളികളെയും വ്യവസ്ഥാപിത രൂപത്തിൽ പുനസ്സംഘടിപ്പിക്കാനാവശ്യമായ പരിപാടികൾ അദ്ദേഹം ആസൂത്രണം ചെയ്തു നടപ്പിൽ വരുത്താൻ തുടങ്ങി. മതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതുതായി ഏതെല്ലാം വിഷയങ്ങൾ ഇനിയും ഉൾപ്പെടുത്തേണ്ടതുണ്ടോ അതൊക്കെ കൂട്ടിച്ചേർക്കാനും ആവശ്യമായ നടപടി സ്വീകരിച്ചു.

ഉന്നത പഠനത്തിന്നായി പല നാടുകളിലും സഞ്ചരിച്ചു വിവിധ വിജ്ഞാന ശാഖകളിൽ പ്രാവീണ്യം നേടി നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം ശാസ്ത്രീയവും ആകർഷകവുമായ രൂപത്തിൽ അറബിഭാഷയും മതവിദ്യയും അഭ്യസിപ്പിച്ചു തുടങ്ങി. 1909ൽ വാഴക്കാട് ദാറുൽ ഉലൂമിലാണ് ഉന്നത നിലവാരത്തിലുള്ള ഒരു 'ദർസ്' അദ്ദേഹം നടത്തിയത് ഇവിടെ വെച്ചാണ്. തന്റെ പരിഷ്ക്കരണ സംരംഭം സമാരംഭിച്ചതും. തന്റെ ഹിതത്തിനും ആഗ്രഹത്തിനും യോജിച്ച വിധം പഠനരീതി പരിഷ്ക്കരിക്കുവാൻ ദാറുൽ ഉലൂമിന്റെ മാനേജരായ കൊയലത്തൊടി മുഹമ്മദ്കുട്ടി അധികാരി അദ്ദേഹത്തിന്നു പരിപൂർണ്ണ സ്വാതന്ത്ര്യം നൽകിയിരുന്നു.

തികച്ചും പരിഷ്കൃത രീതിയിൽ തന്നെ മൗലാനാ ദർസ് പുനസ്സംഘടിപ്പിച്ചു. പ്രാഥമിക ക്ലാസ്സുകളിൽ ബെഞ്ചും ഡസ്ക്കും കസേലയുമൊക്കെ ഉപയോഗിച്ചു തുടങ്ങി. ക്ലാസ്സുകളിലേക്കാവശ്യമായ പാഠപുസ്തകങ്ങളും അദ്ദേഹം തന്നെ രചിച്ചു. ദീനിയ്യാത്ത്, അമലിയ്യാത്ത്, നഹ്വ്, സർഫ് മുതലായ വിഷയങ്ങൾ മാതൃഭാഷയിൽ തന്നെ പഠിപ്പിച്ചുവന്നു. പാഠ്യ വിഷയങ്ങളിൽ ഇംഗ്ലീഷ്, മലയാളം മുതലായവയും ഉൾപ്പെടുത്തി. ഉയർന്ന ക്ലാസ്സുകളിൽ 'മൻഥിഖ്' 'ഫൽസഫ' മുതലായ വിഷയങ്ങൾ മൗലാനാ തന്നെയാണ് പഠിപ്പിച്ചിരുന്നത്. ഫിഖ്ഹ്, തസവ്വുഫ് മുതലായവ പഠിപ്പിക്കാൻ സഹാദ്ധ്യാപകന്മാരുമുണ്ടായിരുന്നു. ക്ലാസ്സുകളുടെ ക്രമീകരണത്തിലും മററും സി. സെയ്താലിക്കുട്ടി മാസ്ററുടെ സഹായസഹകരണം അദ്ദേഹത്തിനു കിട്ടി.

അതോടെ കേരളമൊട്ടാകെ ഒരു കൊടുങ്കാററ് തന്നെ വീശി. വാഴക്കാട്ട് മദ്രസയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വൈരസഞ്ചാരം തന്നെ പ്രയാസമായിത്തീർന്നു. പേരും പെരുമയും പെററ 'അൽ ആലിമുൽ അല്ലാമ'മാർ അധികാരിയെ സമീപിച്ചു ദുർബോധനം നൽകിവന്നു. ഒടുവിൽ കേരളത്തിലെ

KERALA HERITAGE CENTER KALPAKANCHERY

''നഞ്ഞെന്തിന് നാനാഴി?''
കാര്യം വീണ്ടും കുഴപ്പത്തിലായി.
പരിഷ്ക്കരണ പരിപാടികളെല്ലാം ഒഴിവാക്കി
പഴയ രൂപത്തിൽതന്നെ ദർസ് നടത്തിക്കൊള്ളണമെന്ന്
അധികാരി, അധികാരസ്വരത്തിൽ തന്നെ കൽപന കൊടുത്തു.
മൗലാനാ വഴങ്ങിയില്ല. തന്നിമിത്തം ശിഷ്യഗണങ്ങളോ
ടൊപ്പം അദ്ദേഹം വാഴക്കാടെന്ന നാടും
ദാറുൽ ഉലൂം എന്ന വീടും വിട്ട്
ഹിജ്റ പോകേണ്ടി വന്നു.

പേരെടുത്ത ആലിമീങ്ങളെ മദ്രസയിൽ വിളിച്ചുവരുത്തി ഒരു പരീക്ഷ നടത്താനും അവരുടെ അഭിപ്രായത്തിൻെറ വെളിച്ചത്തിൽ ഭാവി നിർണ്ണയിക്കാനും ബന്ധപ്പെട്ടവർ തീർച്ചപ്പെടുത്തി. അങ്ങിനെ കട്ടിലശ്ശേരി ആലി മുസ്‌ലിയാർ, പൊന്നാനി കുഞ്ഞിബാവ മുസ്‌ലിയാർ തുടങ്ങിയ പല പണ്ഡിതന്മാരെയും പരീക്ഷ നടത്താൻ ക്ഷണിച്ചുവരുത്തി. പരീക്ഷക്കുശേഷം അവിടെവെച്ചുതന്നെ ആ പണ്ഡിതന്മാരുടെ അഭിപ്രായം ആരാഞ്ഞു. നല്ല അഭിപ്രായമേ അവർക്കു പറയാനുണ്ടായിരുന്നുള്ളൂ. മൗലാനയുടെ പരിഷ്ക്കാരങ്ങളിൽ യാതൊരു തെറ്റും ചൂണ്ടിക്കാണിക്കാൻ അവർക്ക് കഴിഞ്ഞില്ല.

പ്രശസ്താതിഥികൾക്ക് അധികാരിയുടെ വസതിയിൽ ഒരു സൽക്കാരം ഏർപ്പെടുത്തിയിരുന്നു. മൗലാനാ അതിൽ പങ്കെടുത്തിരുന്നില്ല. അവിടെ വെച്ചു സമുദായ നായകരായ ആ പണ്ഡിതന്മാർ അധികാരിയോട് ഇങ്ങിനെ പറഞ്ഞു: ''നാം മദ്രസക്കായി വലിയ സംഖ്യ ചിലവ് ചെയ്യുന്നു. ആ സ്ഥിതിക്ക് തർക്കത്തിലിരിക്കുന്ന ഒരു സ്ഥാപനത്തിന്ന് ചിലവ് ചെയ്യുന്നതിനേക്കാൾ നല്ലത് തർക്കമില്ലാത്ത വിഷയങ്ങളിൽ ചിലവു ചെയ്യുന്നതല്ലേ?''

''നഞ്ഞെന്തിന് നാനാഴി?'' കാര്യം വീണ്ടും കുഴപ്പത്തിലായി. പരിഷ്ക്കരണ പരിപാടികളെല്ലാം ഒഴിവാക്കി പഴയ രൂപത്തിൽതന്നെ ദർസ് നടത്തിക്കൊള്ളണമെന്നു അധികാരി, അധികാര സ്വരത്തിൽതന്നെ കൽപന കൊടുത്തു. മൗലാനാ വഴങ്ങിയില്ല. തന്നിമിത്തം ശിഷ്യഗണങ്ങളോടൊപ്പം അദ്ദേഹം വാഴക്കാടെന്ന നാടും ദാറുൽ ഉലൂം എന്ന വീടും വിട്ടു ഹിജ്ര പോകേണ്ടി വന്നു.

മൗലാനയുടെ പരിശ്രമവും മാർഗ്ഗദർശനവും നിമിത്തം പരിഷ്കൃത രീതിയിലുള്ള മദ്രസകൾ പലതും പലേടങ്ങളിലും മുളച്ചുവന്നു. അവയെ മുളയിൽതന്നെ നുള്ളിക്കളയുവാൻ യാഥാസ്ഥിതിക വിഭാഗം ഉറച്ചു ശ്രമിച്ചും വന്നു. 1919-ൽ മൗലാനാ ദിവംഗതനായെങ്കിലും അദ്ദേഹം തുടങ്ങിവെച്ച പ്രസ്ഥാനം അപ്രതിഹിതമായ നിലയിൽ മുമ്പോട്ടു നീങ്ങിക്കൊണ്ടേയിരിക്കുകയും കാലാന്തരത്തിൽ പരിപൂർണ്ണ വിജയം കൈവരിക്കുകയും ചെയ്തു.

നാട്ടിൽ നടപ്പുള്ളതെന്തും ഇസ്‌ലാമാണെന്നു പറഞ്ഞു നടക്കുന്ന പിന്തിരിപ്പൻ നയത്തിൻെറ കഠിന ശത്രുവായിരുന്നു മൗലാനാ. മുമ്പു കഴിഞ്ഞുപോയ

(ബാക്കി 60-ാം പേജിൽ)

KERALA HERITAGE CENTER KALPAKANCHERY

കേരളത്തിലെ സംഘടിത ഇസ്‌ലാഹീ പ്രവർത്തനങ്ങൾ

നിഷ്പക്ഷ സംഘവും, കേരള മുസ്‌ലിം ഐക്യ സംഘവും.

എൻ. കെ. അഹ്മദ് മൗലവി

ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനത്തിന്റെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് 'കേരള മുസ്‌ലിം ഐക്യ സംഘം'. വ്യക്തികളിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന ഇസ്‌ലാഹീ പ്രവർത്തനം ഇതിന്റെ ആവിർഭാവത്തോടെയാണ് സംഘടനാ രൂപം പ്രാപിച്ചത്. 1922 മുതൽ 1934 വരെയുള്ള ഒരു വ്യാഴവട്ടക്കാലം അതു സമുദായോൽക്കർഷത്തിന്നുവേണ്ടി തളരാതെയും പതറാതെയും പ്രവർത്തിച്ചുകൊണ്ടിരുന്നു. യാഥാസ്ഥിതികത്വത്തിന്റെ കരിമ്പടം പുതച്ചു ഗാഢനിദ്രയിൽ ആണ്ടു കഴിഞ്ഞിരുന്നവരെ അതു തട്ടിയുണർത്തി, കർമ്മോൽസുകരാക്കി. ഐക്യസംഘം മുഴക്കിയ സുമോഹന സന്ദേശങ്ങളുടെ അലയൊലികൾ ഇന്നും കേരളത്തിലുടനീളം മാറെറാലിക്കൊള്ളുകയാണ്.

കേരളത്തിൽ ഇസ്‌ലാം ആദ്യമായി ഉദയം ചെയ്തതെവിടെയാണോ ആ മുസരിപട്ടണത്തിൽ– കൊടുങ്ങല്ലൂരിൽ- തന്നെയാണ് കേരള മുസ്‌ലിം ഐക്യസംഘവും പിറവിയെടുത്തത്. കൊടുങ്ങല്ലൂര് താലൂക്കിലെ അഴീക്കോടും എറിയാടും മുസ്‌ലിം ഭൂരിപക്ഷ വില്ലേജുകളാണ്. ഇവിടങ്ങളിൽ അധികപേരും പണക്കാരുമായിരുന്നു. അതോടൊപ്പം തന്നെ തികഞ്ഞ മതനിഷ്ഠയുള്ളവരുമായിരുന്നു അവർ. എങ്കിലും വഴക്കും വക്കാണവും അവരുടെ ഒരു ഇരുണ്ടവശമായിരുന്നു. ഇടക്കിടെ അന്തഛിദ്രതകളുണ്ടാവും. കുറെക്കാലം പിണങ്ങിനിൽക്കും. പിന്നെ ഇണങ്ങും. ഇത് അവർക്കിടയിൽ സർവ്വ സാധാരണമായിരുന്നു. എന്നാൽ 1921ലെ മലബാർ കലാപം കൊടുങ്ങല്ലൂര് മുസ്‌ലിംകളെ ചിന്താധീനരാക്കി. അടങ്ങിക്കിടന്നിരു

KERALA HERITAGE CENTER KALPAKANCHERY

ഏതു നല്ല പ്രവൃത്തിക്കും വിരോധികളുണ്ടാവുക സാധാരണമാണല്ലോ. കക്ഷിവഴക്കുകളിൽ നിന്നും മുതലെടുത്തു ജീവിക്കുന്ന ഒരു വലിയ വിഭാഗം ആ പ്രദേശങ്ങളിലുണ്ടായിരുന്നു. അവർ ഐക്യസംഘത്തെ പല്ലും നഖവുമുപയോഗിച്ചെതിർത്തു തുടങ്ങി. പക്ഷെ ഐക്യസംഘം പ്രവർത്തകരെ ഇത് കൂടുതൽ കർമ്മനിരതരാക്കിയതേയുള്ളു.

ന്ന അവിടുത്തെ കക്ഷിവഴക്ക് ഫണമുയർത്തിയ കാലമായിരുന്നു അത്. അതുകൊണ്ടു പലരുടെയും മനം നൊന്തു. വഴക്കുകൾക്ക് അറുതി വരുത്തുന്നതിനെക്കുറിച്ചുള്ള ചിന്തയായി. സാമൂഹ്യ പുരോഗതിക്കും സ്വൈരജീവിതത്തിന്നും അതു അനിവാര്യമാണെന്നു പരക്കെ ബോധ്യം വന്നുതുടങ്ങി. അങ്ങിനെയാണ് ഏതാനും സമുദായ സ്നേഹികൾ ഹമദാനീ ശൈഖിൻെറ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു "നിഷ്പക്ഷസംഘം" എന്ന പേരിൽ ഒരു പ്രസ്ഥാനമാരംഭിച്ചത്. അന്നു ആ കമ്മിററിയിൽ പതിനൊന്നു പേരാണുണ്ടായിരുന്നത്. നാട്ടിൽ നടമാടുന്ന കക്ഷിവഴക്കുകൾ പറഞ്ഞവസാനിപ്പിക്കുക, കഴിയുന്നത്ര മെമ്പർമാരെ ചേർത്ത് അംഗസംഖ്യ വർദ്ധിപ്പിക്കുക തുടങ്ങിയവയായിരുന്നു ഉദ്ദേശ്യം. ഏതാനും ദിവസങ്ങൾ മാത്രം കഴിയുമ്പോഴേയ്ക്കും അംഗസംഖ്യ ഗണ്യമായി വർദ്ധിച്ചു. അതോടെ അയൽദേശങ്ങളിലേക്കുകൂടി പ്രവർത്തനം വ്യാപിച്ചു. അവിടങ്ങളിലെ വഴക്കുകളിലും നിഷ്പക്ഷ സംഘക്കാർ ഇടപെട്ടു ഐക്യം സ്ഥാപിച്ചു തുടങ്ങി. അത്തരം പ്രദേശങ്ങളിൽ സംഘത്തിൻെറ ശാഖകളും രൂപീകൃതമായി.

നിഷ്പക്ഷസംഘം അടിക്കടി പുരോഗമിച്ചുകൊണ്ടിരുന്നു. ആയിടക്കാണ് അതിൻെറ ഒരു പൊതുയോഗം 1922_ൽ എറിയാട് മൈതാനത്ത് വിളിച്ചുകൂട്ടിയത്. ഇത് ഒരു താൽക്കാലികസംഘം മാത്രമായാൽ പോരെന്നും, കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ശക്തമായ പ്രസ്ഥാനമായിതിക്കണമെന്നും പ്രവർത്തകൻമാർ അഭിപ്രായപ്പെട്ടു. അങ്ങിനെയാണ് ആ യോഗത്തിൽവെച്ചു നിഷ്പക്ഷസംഘം 'കേരള മുസ്ലിം ഐക്യ സംഘമെന്ന പുതിയ നാമത്തിൽ കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മഹത്തായ പ്രസ്ഥാനമായി മാറിയത്.

അധികകാലം കഴിഞ്ഞില്ല, ഐക്യസംഘത്തിന്നു കൊടുങ്ങല്ലൂരിൻെറ അയൽപ്രദേശങ്ങളിലെല്ലാം ശാഖകളുണ്ടായി. സുശക്തമായ ഒരു വളണ്ടിയർ കോറും സംഘടിപ്പിക്കപ്പെട്ടു.

ഏതു നല്ല പ്രവൃത്തിക്കും വിരോധികളുണ്ടാവുക സാധാരണമാണല്ലോ. കക്ഷി വഴക്കുകളിൽനിന്നും മുതലെടുത്തു ജീവിക്കുന്ന ഒരു വലിയ വിഭാഗം ആ പ്രദേശങ്ങളിലുണ്ടായിരുന്നു. അവർ ഐക്യസംഘത്തെ പല്ലും നഖവും ഉപയോഗിച്ചെതിർത്തു തുടങ്ങി. പക്ഷെ ഐക്യസംഘം പ്രവർത്തകരെ ഇത് കൂടുതൽ കർമ്മനിരതരാക്കിയതേയുള്ളു.

ഐക്യത്തിന്നു വേണ്ടി ശ്രമിച്ചാൽ മാത്രം പോരാ, ജീവിതം നന്നാക്കിത്തീർ

KERALA HERITAGE CENTER KALPAKANCHERY

ക്കുകകൂടിവേണം എന്നുള്ള വിചാരം പ്രവർത്തകൻമാരിൽ അങ്കുരിച്ചു തുടങ്ങി. തൽഫലമായി ഖുർആനും സുന്നത്തുമനുസരിച്ചു ജീവിതം നയിക്കുകയും മററുള്ളവരെ അതിന്നാഹ്വാനം ചെയ്യുകയും വേണമെന്നു സംഘം തീരുമാനമെടുത്തു. പ്രവർത്തകൻമാർ ഇവിടെയും നിന്നില്ല. സമുദായത്തിൽ കടന്നുകൂടിയ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അകററുകയെന്ന ലക്ഷ്യവും കൂടി അവർ അംഗീകരിച്ചു. അതനുസരിച്ചു മൗലൂദ്, റാത്തീബ്, മാലപ്പാട്ട്, കൊടികുത്ത് നേർച്ച മുതലായ അനാചാരങ്ങളെ വിരോധിച്ചു തുടങ്ങി. ഇതോടെ ശത്രുക്കളുടെ എതിർപ്പിന്നു രൂക്ഷത കൂടി. പക്ഷെ പ്രവർത്തകൻമാർ അതൊന്നും ശ്രദ്ധിച്ചതേയില്ല; ദൃഢനിശ്ചയത്തോടെ ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടേയിരുന്നു.

1923_ൽ എറിയാട്ട് വെച്ചുതന്നെ ഐക്യസംഘത്തിൻെറ ഒന്നാം വാർഷിക സമ്മേളനം വക്കം അബ്ദുൽഖാദിർ മൗലവിയുടെ അധ്യക്ഷതയിൽ ചേർന്നു. വക്കം മൗലവി മുമ്പുതന്നെ 'വഹാബി' എന്നു മുദ്രകുത്തപ്പെട്ട ആളായിരുന്നു. ഇത് കണ്ടു യാഥാസ്ഥിതിക വർഗ്ഗം ക്ഷോഭിച്ചിളകി. ഐക്യസംഘം ഒരു സാമുദായിക സംഘടനയല്ലെന്നും ഗവർമ്മെണ്ടിന്നെതിരിൽ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുന്ന സംഘമാണെന്നും രഹസ്യമായി ആയുധങ്ങൾ ശേഖരിക്കുന്നുണ്ടെന്നും മററും ആരോപിച്ചുകൊണ്ടുള്ള വാറോലകൾ ഗവർമ്മെൻറിലേക്ക് തുരുതുരെ പോയ്ക്കൊണ്ടിരുന്നു. പക്ഷെ ഐക്യസംഘത്തിൻെറ പ്രവർത്തനം സ്തംഭിപ്പിക്കാൻ വാറോലകൾക്ക് കഴിഞ്ഞില്ല.

ഖുറാഫികൾ ഒരു പൊടിക്കൈകൂടി പ്രയോഗിച്ചു നോക്കി. ഞമണക്കേട്ടുകാരൻ ഏനുക്കുട്ടി മുസ്ലിയാർ എന്ന ഒരു പ്രസിദ്ധ വാഗ്മിയെ വരുത്തി ഐക്യസംഘം വകയായുള്ള പ്രസിദ്ധീകരണങ്ങൾ അദ്ദേഹത്തെ കാണിച്ചു. തദ്വിഷയകവുമായി അദ്ദേഹം ഐക്യസംഘത്തിൻെറ ആസൂത്രകനും മാർഗ്ഗദർശിയുമായിരുന്ന കെ. എം. മൗലവിയുമായി ചർച്ച നടത്തി. അനന്തരം, സംഘത്തിൻെറ ഒരു പൊതുയോഗം വിളിക്കണമെന്നും, തൻെറ തീരുമാനം അതിൽ പ്രഖ്യാപിക്കാമെന്നും ഏനുക്കുട്ടി മുസ്ലിയാർ പറഞ്ഞു. എല്ലാവരും സമ്മതിച്ചതിനെത്തുടർന്നു പൊതുയോഗം വിളിച്ചു. അദ്ധ്യക്ഷൻ ഏനുക്കുട്ടി മുസ്ലിയാർ തന്നെയായിരുന്നു. അദ്ദേഹം തൻെറ പ്രാരംഭ പ്രസംഗത്തിൽ ഏതാണ്ടിങ്ങിനെ പറഞ്ഞു: "കേരള മുസ്ലിംകളുടെ ഇന്നത്തെ ശോച്യാവസ്ഥ കാണുമ്പോൾ ഇമ്മാതിരി ഒരു സംഘടന അനിവാര്യമാണെന്നു എനിക്കു തോന്നുന്നു.'' ഇത് കേട്ടപ്പോൾ ഖുറാഫികൾക്ക് ''മുന്തിരിങ്ങ പുളിച്ചു''. ''ഏനുക്കുട്ടി മുസ്ലിയാർ മുമ്പേ പിഴച്ച ആളാണെ''ന്നു പറഞ്ഞുകൊണ്ടു അവർ പിരിഞ്ഞു പോവുകയാണുണ്ടായത്.

ഇതിനിടക്കു സംഘം ഒരടികൂടി മുമ്പോട്ടുവെച്ചു. 'മുസ്ലിം ഐക്യസംഘം' എന്ന പേരിൽ ഒരു മാസിക തുടങ്ങി. ഒരിക്കൽ ആ മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഇ. കെ. മൗലവി സാഹിബിൻെറ ഒരു ലേഖനത്തിൽ ''ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ പറഞ്ഞത്പോലെ'' എന്നു എഴുതിയിരുന്നു. ഇത്കണ്ട ചില ഖുറാഫി പണ്ഡിതൻമാർ ഒരു പ്രക്ഷോഭംതന്നെ സൃഷ്ടിച്ചുവിട്ടു. ''കണ്ടില്ലേ ഈ ലേ

KERALA HERITAGE CENTER KALPAKANCHERY

ഖനം? ഇബ്നുതൈമിയ്യാ ശൈഖുൽ ഇസ്ലാമാണ്പോൽ! അയാശം വഴിതെററിയവനും വഴി തെററിക്കുന്നവനുമാണെന്നല്ലേ ഇബ്നുഹജർ ഫത്താവയിൽ പറഞ്ഞിട്ടുള്ളത്?'' എന്നൊക്കെ പറഞ്ഞും, 'ഫത്താവാ' വായിച്ചുകേംപ്പിച്ചും ഐക്യസംഘത്തിൻെറ അനുഭാവികളായിരുന്ന ചില ആളുകളെ അവർ ഇളക്കിവിടാൻ ശ്രമിച്ചു. ഇബ്നുഹജറിൻെറ ഫത്താവക്ക് ഖുർആനിൻെറ സ്ഥാനമാണല്ലോ അന്നു ജനങ്ങശം കൽപിച്ചിരുന്നത്. ഒടുവിൽ ഒരു യോഗം വിളിക്കാനും, അതിൽ ലേഖനകർത്താവായ ഇ. കെ. മൗലവിയെ ക്ഷണിക്കാനും, അയാളോട് വിശദീകരണം ആവശ്യപ്പെടാനും തീരുമാനിക്കപ്പെട്ടു. യോഗത്തിൽ ലേഖകൻ ആദ്യം തന്നെ ഇബ്നുഹജറിൻെറ ഫത്ത്വയുടെ അവസാനഭാഗം ഉദ്ധരിച്ചു. അത് ഏതാണ്ടിങ്ങിനെയായിരുന്നു:

''ഇബ്നു തൈമിയ്യായുടെ പേരിലുള്ള ആരോപണങ്ങളൊന്നും അദ്ദേഹത്തിൻെറ കൃതികളിൽ കാണുകയില്ലെന്നാണ് ചിലർ പറയുന്നത്. ഞാൻ അദ്ദേഹത്തിൻെറ കൃതികളൊന്നും കണ്ടിട്ടില്ല. അങ്ങിനെയാണെങ്കിൽ അല്ലാഹു അദ്ദേഹത്തിന്നു പൊറുത്തുകൊടുക്കട്ടെ''

ഇത് വായിച്ചുകഴിഞ്ഞതിൽശേഷം ഇ. കെ. മൗലവി സദസ്യരോടായി ഇങ്ങിനെ പറഞ്ഞു: ''വെറും കേട്ടുകേശവിയെ അടിസ്ഥാനപ്പെടുത്തിയാണ് ഇബ്നുഹജറിൻെറ ഫത്ത്വാ എന്നു മനസ്സിലായല്ലോ. അങ്ങിനെയാണെ

[56–ം പേജിലെ തുടർച്ച]

മഹാന്മാരാരും കുററം പറഞ്ഞിട്ടില്ലാത്തതിനാൽ അക്കാലത്ത് നിലവിലുണ്ടായ എല്ലാ പള്ളികളും ഖിബ്ലക്ക് നേരെയാണെന്നും, വലത്തോട്ടും അൽപം തെററിനിന്നു നമസ്ക്കരിക്കുന്നവൻെറ നമസ്ക്കാരം 'ബാഥിലാ'ണെന്നും വാദിച്ചു നടന്നവരെ മൗലാനാ വെറുതെ വിട്ടില്ല. അതിൻെറ പേരിൽ മൗലാനാ ഒട്ടേറെ വാദപ്രതിവാദങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ടത്രെ 'ഖിബ്ലക്കാരൻ കഞ്ഞഹ്മദ്ഹാജി' എന്ന പേരിൽ അദ്ദേഹം അറിയപ്പെടുന്നത്.

മൗലാനയുടെ മരണശേഷം കേരളത്തിലെ ഇസ്ലാഹീ പ്രവർത്തനങ്ങളുടെ സാരഥ്യം വഹിച്ചവരിൽ പ്രധാനികളെല്ലാംതന്നെ അദ്ദേഹത്തിൻെറ സന്താനങ്ങളോ ജാമാതാക്കളോ ശിഷ്യഗണങ്ങളോ ആയിരുന്നു.

വക്കം മുഹമ്മദ് അബ്ദുൽഖാദിർ മൗലവി (1873–1932)

കേരളത്തിലെ ഇസ്ലാഹീ പ്രവർത്തന മാർഗ്ഗത്തിലെ സുപ്രധാന നാഴികക്കല്ലായിരുന്നു വക്കം മുഹമ്മദ് അബ്ദുൽ ഖാദർ മൗലവി. ഖുർആനും സുന്നത്തും മുറുകെ പിടിച്ചു ജീവിതം നയിക്കുക, അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും പാടെ വർജ്ജിക്കുക, ശിർക്കിൻെറ തായ്വേരറുക്കുക തുടങ്ങിയ ഇസ്ലാഹീ ചിന്താഗതി പുലർത്തിപ്പോന്ന പലരും മൗലവി സാഹിബിൻെറ കാലത്തുണ്ടായിരുന്നുവെങ്കിലും അതുറക്കെ പ്രഖ്യാപിക്കാൻ അ

KERALA HERITAGE CENTER KALPAKANCHERY

ങ്കിൽ പൊറുത്തുകൊടുക്കേണ്ടത് ഇബ്നു തൈമിയ്യക്കല്ല, ഇബ്നുഹജറിനാണ് ''

അനന്തരം, സുസമ്മതരായ പല പണ്ഡിതന്മാരും രചിച്ച ഒട്ടേറെ ഗ്രന്ഥങ്ങളിൽ ഇബ്നു തൈമിയ്യയെ പററി 'ശൈഖുൽ ഇസ്ലാം' എന്നു പ്രയോഗിച്ചത് അദ്ദേഹം ഉദ്ധരിക്കുകയും ചെയ്തു. ഇതോടെ ആ ബഹളം കെട്ടടങ്ങി.

കേരള ജംഇയ്യത്തുൽ ഉലമാ

ഐക്യസംഘം നേരിടേണ്ടി വന്ന എതിർപ്പുകളെല്ലാംതന്നെ ''മതം അപകടത്തിൽ'' എന്ന പേരിലായിരുന്നു. അതുകൊണ്ടു അടുത്ത വാർഷികയോഗം കേരളത്തിന്റെ പുറത്തുള്ള ഏതെങ്കിലുമൊരു മഹാപണ്ഡിതന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടുവാനും, കേരളത്തിലെ പേരെടുത്ത ആലിമീങ്ങളെയെല്ലാം ക്ഷണിച്ചുവരുത്തി യോഗത്തിൽവെച്ചു ഒരു ഉലമാസംഘം രൂപീകരിക്കാനും, ആ ഉലമാസംഘത്തിന്റെ ഉപദേശം സ്വീകരിച്ചുകൊണ്ടു ഐക്യസംഘത്തിന്റെ പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോകുവാനും ഭാരവാഹികൾ തീരുമാനിച്ചു. കേരളത്തിലെ പേരെടുത്ത അനേകം ആലിമീങ്ങളുടെ ഗുരുവര്യനും വെല്ലൂര് ബാഖിയാത്തു സ്സാലിഹാത്ത് അറബിക്കോളേജ് പ്രിൻസിപ്പാളുമായ ശൈഖ് അബ്ദുൽജബ്ബാർ ഹസ്രത്ത് ഐക്യസംഘം വാർഷികത്തിലും അതേ പന്തലിൽ കൂടുന്ന ഉലമാ കോൺഫറൻസിലും അദ്ധ്യക്ഷം വഹിക്കാമെന്നു സദയം സമ്മതിച്ചു. യോഗം നടത്താൻ തിരഞ്ഞെടു

ധികമാരും മുമ്പോട്ട് വന്നിരുന്നില്ല. മൗലവി സാഹിബാകട്ടെ കാര്യം വെട്ടിത്തുറന്നു പറയുകതന്നെ ചെയ്തു.

തന്റെ നവോത്ഥാന സംരംഭത്തിന്റെ നാന്ദിയെന്ന നിലക്ക് അദ്ദേഹം 'അൽ ഇസ്ലാം' എന്ന പേരിൽ അറബി മലയാളത്തിൽ ഒരു മാസിക പ്രസിദ്ധം ചെയ്തു. ഒരു ബോമ്പു പൊട്ടിയ പ്രതീതിതാണത് സൃഷ്ടിച്ചിരുന്നത്. രണ്ടു ലക്കം പുറത്ത് വന്നപ്പോഴേക്കും പല മുസ്ലിയാക്കന്മാർക്കും ഹാലിളകി. മാസികയെ ധൂമകേതുവായി ചിത്രീകരിച്ചു, അവർ അതിന്നെതിരിൽ സംഘടിതമായ ആക്രമണങ്ങൾ തൊടുത്തുവിട്ടു. എന്നാൽ കാര്യവിവരമുള്ളവരും ചിന്താശീലരുമായ പലരും മൗലവി സാഹിബിനെ അനുകൂലിച്ചതിനാൽ എതിർപ്പുകൾ വിലപ്പോയില്ല.

തിരുവിതാംകൂറിലുള്ള 'ചിറയൻകീഴ്' ആയിരുന്നു മൗലവി സാഹിബിന്റെ താലൂക്ക്. അവിടെ ഒരു മുസ്ലിം സമാജം' രൂപീകരിക്കപ്പെട്ടു. 'അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിർമ്മാർജ്ജനം ചെയ്തു ജനങ്ങളെ തൗഹീദിൽ അണിനിരത്തുക, എന്നതായിരുന്നു സമാജത്തിന്റെ ലക്ഷ്യം. അതിന്റെ പ്രവർത്തനഫലമായി താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ മൗലവിയുടെ പ്രസ്ഥാനം തഴച്ചു വളർന്നു. ഇത്തരം പ്രവർത്തനങ്ങളിൽ വ്യാപൃതനായിക്കൊണ്ടിരിക്കുന്നതിന്നിടയിൽ തന്നെ കഴിവും കരുത്തുമുള്ള വ്യക്തികളെ വാർത്തെടുക്കാനും അദ്ദേഹം ശ്രമം നടത്തിക്കൊണ്ടിരുന്നു. തന്നിമിത്തം നല്ല കുറെ എഴുത്തുകാരും പ്രാസംഗികന്മാരും വളർന്നുവന്നു.

KERALA HERITAGE CENTER KALPAKANCHERY

ക്കപ്പെട്ട സ്ഥലം ആലുവയായിരുന്നു. സംഘം തീരുമാനിച്ചതനുസരിച്ചു ഇ. കെ. മൗലവി, മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി, ടി. കെ. മുഹമ്മദ് മൗലവി എന്നിവർ കേരളത്തിന്റെ ഒരററം മുതൽ മററെ അററംവരെ സഞ്ചരിച്ചു പ്രമാണികന്മാരായ ആലിമീങ്ങളെയെല്ലാം ക്ഷണിക്കുകയും യാത്രച്ചിലവു കൊടുക്കുന്നതാണെന്നു അറിയിക്കുകകും ചെയ്തു. ഐക്യസംഘത്തെപ്പററി പലർക്കും എതിരഭിപ്രായമുണ്ടായിരുന്നുവെങ്കിലും അദ്ധ്യക്ഷൻ അബ്ദുൽ ജബ്ബാർ ഹസ്രത്തായതുകൊണ്ടു എല്ലാവരും വരാമെന്നു സമ്മതിക്കുകയും മിക്കപേരും യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു.

ഉലമാ സമ്മേളനത്തിന്റെ വിഷയനിർണ്ണയക്കമ്മിററി യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നത് വെല്ലൂര് ബംഖിയാത്ത്ലെ തന്നെ മറെറാരു പ്രഗൽഭ അദ്ധ്യാപകനായ ശൈഖ് അബ്ദുറഹീം ഹസ്രത്തായിരുന്നു. അതിൽ പരിഗണനക്കു വന്ന ഒന്നാമത്തെ പ്രമേയം ഇതായിരുന്നു:

''നല്ലതിനെ ഉപദേശിക്കുകയും ചീത്തയെ വിരോധിക്കുകയും ചെയ്യുന്ന ഒരു സംഘമുണ്ടായിരിക്കൽ ഫർസു കിഫായയാണ്. അതുകൊണ്ട് കേരളത്തിലെ ഉലമാക്കളുടെ ഒരു സംഘമുണ്ടായിരിക്കണമെന്നു ഈ യോഗം തീരുമാനിക്കുന്നു.''

മൗലവി സാഹിബിന്റെ പരിഷ്ക്കരണ പ്രസ്ഥാനം പഴയ കൊച്ചിൻ സ്റ്റേററിലേക്കും മലബാറിലേക്കും വ്യാപിച്ചു കൊണ്ടിരുന്നു. അവിടങ്ങളിൽ അദ്ദേഹത്തിന്നു ധാരാളം പുതിയ അനുയായികളുണ്ടായി. 'അൽഇസ്ലാം' മാസികയായിരുന്നു ഇതിന്ന് സഹായിച്ചത്. തിരുവിതാംകൂറിന്റെ സീമകളെ ലംഘിച്ചു കൊച്ചിയിലും മലബാറിലും അദ്ദേഹത്തിന്റെ പ്രസ്ഥാനം ജനസഹസ്രങ്ങളെ സ്വാധീനിച്ചപ്പോൾ എതിരാളികൾ അങ്കലാപ്പിലായി. പുതിയൊരായുധം പുറത്തെടുക്കുകയാണ് പിന്നീടവർ ചെയ്തത്. അതായത് മൗലവി സാഹിബ് പ്രചരിപ്പിക്കുന്നത് വഴിതെററിയ ഇബ്നുത്തൈമിയ്യാ, ഇബ്നു അബ്ദിൽ വഹാബ് മുതലായവരുടെ വാദങ്ങളാണെന്നും അവ ഇസ്ലാമിന്നു കടകവിരുദ്ധമാണെന്നും അവർ വാദിച്ചു തുടങ്ങി. ഇതിന്നു 'ഊഉസ്സുബാഹ്'' എന്ന മഹത്തായ കൃതിയിലൂടെ അദ്ദേഹം അവർക്ക് വായടപ്പൻ മറുപടി നൽകി. ഈ മഹൽ കൃതിയെ എതിർക്കുവാൻ ആരും ഇന്നോളം മുന്നോട്ടു വന്നിട്ടില്ല.

അനേകം മഹൽ ഗ്രന്ഥങ്ങളുടെ കർത്താവും മികവുററ പത്രപ്രവർത്തകനും ഏററവും നല്ല ഇസ്ലാഹീ പ്രസ്ഥാന നേതാവുമായ മൗലവി സാഹിബ് തികഞ്ഞ ദേശാഭിമാനിയും പ്രഗൽഭനായ സ്വാതന്ത്ര്യസമര സേനാനിയും കൂടിയായിരുന്നു.

ഇസ്ലാഹീ പ്രസ്ഥാനത്തിന്നു നിസ്തുല്യവും നിസ്സീമവും നിസ്വാർത്ഥവുമായ സേവനങ്ങളർപ്പിച്ചു കൊണ്ടിരുന്ന മേൽപ്പറഞ്ഞ പരേതാത്മാക്കൾക്ക് അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ. ആമീൻ!

KERALA HERITAGE CENTER
KALPAKANCHERY

പ്രമേയം ചർച്ചക്ക് വന്നപ്പോൾ ആ യോഗത്തിലുണ്ടായിരുന്ന ഒരു ബാഖവി "ഇങ്ങിനെ ഒരു സംഘമുണ്ടായിരിക്കൽ ഫർസു കാഫിയാണെ''ന്നതിന്നു എന്താണ് തെളിവെന്നു ചോദിച്ചു. ഇതിന്ന് മറുപടിയായി ''നന്മയിലേക്കു ക്ഷണിക്കുകയും നല്ലത് കൽപിക്കുകയും തിയ്യത് വിരോധിക്കുകയും ചെയ്യുന്ന ഒരു വിഭാഗം നിങ്ങളുടെ കൂട്ടത്തിലുണ്ടായിരിക്കണം. അവരത്രെ വിജയികൾ'' എന്നർത്ഥം വരുന്ന ഖുർആൻ വാക്യം ഇ. കെ. മൗലവി സാഹിബ് ഉദ്ധരിച്ചു. ''ഖുർആനായത്ത് അവിടെ നിൽക്കട്ടെ. ഇമാമീങ്ങൾ എന്തു പറഞ്ഞുവെന്നാണ് ഞാൻ ചോദിച്ചത്'' എന്നായിരുന്നു ബാഖവി മുസ്ലിയാരുടെ പ്രതികരണം. തൽസമയം ''ഖുർആനായത്ത് തെളിവിന്നു കൊള്ളുകയില്ലേ?'' എന്നു ഇ. കെ. മൗലവി അദ്ധ്യക്ഷനോടു ചോദിച്ചു. "ഖുർആനോളം തെളിവിന്നു കൊള്ളുന്ന യാതൊന്നുമില്ലെന്നും, പ്രഥമവും പ്രധാനവുമായി നാം തെളിവായുദ്ധരിക്കേണ്ടത് ഖുർആനാണെന്നും അദ്ധ്യക്ഷൻ കാര്യകാരണസഹിതം വിവരിച്ചതോടെ ബാഖവി മുസ്ലിയാർ നിശ്ശബ്ദനായി.

വൈകീട്ട് അബ്ദുൽ ജബ്ബാർ ഹസ്രത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉലമാ സമ്മേളനം ''കേരള ജംഇയ്യത്തുൽ ഉലമാ'' രൂപീകരിച്ചുകൊണ്ടുള്ള പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. താഴെ പറയുന്നവയായിരുന്നു ലക്ഷ്യങ്ങൾ:—

1. ഛിന്നഭിന്നമായി കിടക്കുന്ന ഉലമാക്കളുടെ ഇടയിൽ ഐക്യമുണ്ടാക്കുക

2. മുസ്ലിംകളുടെ ഇടയിലുള്ള വഴക്കുകളെ അവരുടെ വക പഞ്ചായത്ത് സ്ഥാപിച്ചു അതിൽവെച്ച് തീരുമാനിക്കുക.

3. ദാറുൽ ഇഫ്ത്താഉ് ഏർപ്പെടുത്തുക.

4. മുസ്ലിംകളുടെ ഇടയിലുള്ള അന്ധവിശ്വാസങ്ങളും, മത വിരുദ്ധവും ആപൽക്കരവുമായ ദുരാചാരങ്ങളും ദൂരീകരിക്കുക.

5. ഇസ്ലാം മത പ്രചരണത്തിന്നായി ഉചിതമായ പ്രവർത്തികൾ ചെയ്യുക.

ഐക്യസംഘം, ഇതിന്നുശേഷവും കേരള ജംഇയ്യത്തുൽ ഉലമയുമായി കൈകോർത്തുപിടിച്ച് മതത്തിനും സമുദായത്തിനുംവേണ്ടി നിസ്തുല്യവും നിസ്സീമവുമായ സേവനങ്ങളർപ്പിച്ചുകൊണ്ടിരുന്നുവെങ്കിലും ഒരു ദശവൽസരങ്ങൾക്കുശേഷം ഇസ്ലാഹീ പ്രവർത്തനങ്ങളുടെ നേതൃത്വം ജംഇയ്യത്തുൽ ഉലമായുടെ കരുത്തുററ കരങ്ങളിലർപ്പിച്ചുകൊണ്ട് രംഗത്തുനിന്ന് മാറുകയാണുണ്ടായത്. ജംഇയ്യത്തുൽ ഉലമാ ഇന്നും ഒരു അജയ്യ ശക്തിയായി വിലസുന്നുവെന്ന് മാത്രമല്ല, വികേന്ദ്രീകരണ പ്രക്രിയയിലൂടെ ഇസ്ലാഹീ പ്രവർത്തനങ്ങൾ കൂടുതൽ സൗകര്യപ്രദവും സുഗമവും കാര്യക്ഷമവും വിജയകരവുമാക്കിത്തീർക്കാൻവേണ്ടി കേരളാടിസ്ഥാനത്തിൽ മഹത്തായ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന വേറെ മൂന്ന് സലഫീ സംഘടനകൾക്ക്കൂടി ജന്മം നൽകാനും അതിനു കഴിഞ്ഞിട്ടുണ്ട്.

കീശയിൽ കുഫ്ർ ഫത്വയുമായി

ഐക്യ സംഘത്തിന്റെ പ്രവർത്തനം മുന്നേറും തോറും അതിന്നെതിരിലുള്ള

KERALA HERITAGE CENTER KALPAKANCHERY

കുപ്രചരണത്തിന്നും ഊക്ക് കൂടിക്കൊണ്ടിരുന്നു.

സംഘത്തിന്റെ മൂന്നാംവാർഷികം കോഴിക്കോട് ഹിമായത്തിൽവെച്ച് നടത്താൻ തീരുമാനിക്കുകയും ഖാൻ ബഹദൂർ പി. എം. ആററക്കോയ പ്രസിഡണ്ടായി അതിന്റെ സ്വാഗതസംഘം രൂപീകരിക്കുകയും ചെയ്തു. ഇതോടെ വിരോധികൾക്ക് ഹാലിളകി. ഐക്യ സംഘത്തിന്റെ യോഗം കോഴിക്കോട് വെച്ച് നടത്താൻ പാടില്ലെന്നും, അതൊരു പിഴച്ച കക്ഷിയാണെന്ന് തെളിയിക്കാൻ തങ്ങൾ തയ്യാറാണെന്നും കാണിച്ച് ഹിമായത്തുൽ ഇസ്ലാം സംഘത്തിന്ന് അവർ ഹരജി സമർപ്പിച്ചു. അങ്ങിനെയാണെങ്കിൽ ഐക്യസംഘ ഭാരവാഹികളെ താൻ വരുത്താമെന്ന് ആററക്കോയയും സമ്മതിച്ചു. അതനുസരിച്ച് ഉഭയകക്ഷി പ്രതിനിധികൾ വരക്കലുള്ള ഒരു കെട്ടിടത്തിൽ ഒരുമിച്ചുകൂടി. ഐക്യ സംഘക്കാർ പിഴച്ചവരാണെന്ന് തെളിയിക്കാൻ വേണ്ടിവന്നത് ചാലിയത്ത് ശിഹാബുദ്ദീൻ അഹ്മദ്കോയ മുസ്ലിയാരും അച്ചിപ്ര കുഞ്ഞഹമ്മദ് മുസ്ലിയാരും മററുമായിരുന്നു. അവിടെവെച്ച് നടന്ന ചോദ്യോത്തരം ചുരുക്കി വിവരിക്കാം.

അഹ്മദ്കോയ മുസ്ലിയാർ:_

''ഐക്യ സംഘത്തിന്റെ അംഗങ്ങളെ ചേർക്കുമ്പോൾ സത്യം ചെയ്യിക്കാറില്ലേ?''

മണപ്പാട്ട് കുഞ്ഞു മുഹമ്മദ് ഹാജി:_

''ആരംഭത്തിൽ അതുണ്ടായിരുന്നു. പിന്നീടത് വേണ്ടെന്നുവെച്ചു.

മുസ്ലിയാർ:—

''അങ്ങിനെ സത്യംചെയ്ത് ചേർന്ന ഒരു മെമ്പർ തെററ് ചെയ്താൽ നിങ്ങൾ പിഴ കൽപിക്കാറില്ലേ?''

ഹാജി:—

''സംഘാംഗങ്ങൾ മതവിരുദ്ധമായി വല്ലതും ചെയ്താൽ മാലിക്കീ മദ്ഹബിലെ വിധിയനുസരിച്ച് പിഴ കൽപിക്കാറുണ്ട്.''

ഇവിടെ എനിക്കൊരു വിശദീകരണം നൽകേണ്ടതായുണ്ടെന്നു പറഞ്ഞുകൊണ്ട് ഹാജി സാഹിബ് ഇങ്ങനെ തുടർന്നു:—

''ഈ രണ്ട് ചോദ്യങ്ങൾ ഇങ്ങിനെ കൊണ്ടുവന്നിട്ടുള്ളത് ദുരുദ്ദേശത്തോടുകൂടിയാണെന്ന് എനിക്ക് തോന്നുന്നു. സത്യം ചെയ്തുകൊണ്ട് സംഘത്തിൽ ചേർന്നവർ അതിന്നെതിരിൽതെററ് ചെയ്യുകയാണെങ്കിൽ പിഴ കൽപിക്കാറുണ്ടെന്ന് ഞങ്ങൾ സമ്മതിച്ചുകഴിഞ്ഞാൽ സത്യത്തിൽ പിഴച്ചതിനുള്ള പ്രായശ്ചിത്തം ഇന്നതാണെന്ന് ഖുർആനിൽ വ്യക്തമായി പറഞ്ഞിരിക്കെ ഞങ്ങൾ 'പിഴ കൽപിക്കുക' എന്ന പുതിയൊരു മതവിധി നിർമ്മിച്ചുണ്ടാക്കിയെന്നൊരു കുററം ചുമത്തി ഞങ്ങളുടെ മേൽ കുഫ്ർ ഫത്ത്വ പുറപ്പെടുവിക്കാമെന്നൊരു ദുരുദ്ദേശം ഈ ചോദ്യങ്ങളുടെ പിന്നിലുണ്ടോ എന്നാണെന്റെ സംശയം. എന്നാൽ സത്യത്തിൽ പിഴച്ചതിനുള്ള കഫ്ഫാറത്തായി ഞങ്ങൾ പിഴ കൽപിക്കാറില്ല. കുഫ്ർ ഫത്ത്വ എഴുതി കീശയിൽ വെച്ചിട്ടില്ലേ എന്നുപോലും ഞാൻ സംശയിക്കുന്നു.''

ഇത്രയും പറഞ്ഞ് അദ്ദേഹം അച്ചിപ്രയുടെ നേരെ തിരിഞ്ഞു 'ശരിയ

KERALA HERITAGE CENTER KALPAKANCHERY

ല്ലേ മുസ്‌ലിയാരെ' എന്ന് ചോദിച്ചു. തികച്ചും അപ്രതീക്ഷിതമായ ഈ ചോദ്യം കേട്ടമ്പരന്നുപോയ മുസ്‌ലിയാര് പെട്ടെന്നത് സമ്മതിച്ചു കീശയിൽ കൈയിടുകയാണ് ചെയ്തത്.

ഇനിയെന്താണ് ചോദിക്കാനുള്ളതെന്നന്വേഷിച്ചപ്പോൾ അഹ്മദ്കോയ മുസ്‌ലിയാര് ഇങ്ങിനെ പറഞ്ഞു:—

''ഇവരുടെ വകയായുള്ള മുസ്‌ലിം ഐക്യം മാസികയിൽ മുസ്‌ലിയാന്മാർക്ക് ഇസ്‌ലാമിക ചരിത്രം ശരിക്ക് അറിഞ്ഞുകൂടെന്ന് എഴുതിയിട്ടുണ്ട്. അത് ശരിയല്ല.''

ഇതിന്നു ഇ. കെ. മൗലവി ഇങ്ങിനെ മറുപടി പറഞ്ഞു:—

''ഞാനാണതെഴുതിയത ; ഉത്തമ വിശ്വാസത്തോടെതന്നെ! അതിൽ വല്ല സംശയവുമുണ്ടെങ്കിൽ ഇവിടെ പല മുസ്‌ലിയാന്മാരുമുണ്ടല്ലോ, അവരോട് ഞാൻ ചിലത് ചോദിക്കാം. അവരുടെ മറുപടിയിൽനിന്നു നമുക്ക് കാര്യം തീരുമാനിക്കാൻ കഴിയും.'' ഇത്കേട്ട് അവിടെ കൂടിയവർ 'അതൊക്കെ പോകട്ടെ' എന്നു പറഞ്ഞ് തടിതപ്പുകയാണുണ്ടായത്.

ഇത്രയും നടന്നപ്പോൾ ഐക്യ സംഘത്തിന്റെ ആദർശോദ്ദേശ്യങ്ങൾ വിവരിച്ചു കേൾക്കണമെന്നായി സദസ്സിന്റെ പൊതുവെയുള്ള ആവശ്യം. ആററക്കോയ നിർദ്ദേശിച്ചതനുസരിച്ച് കെ.എം. സീതി സാഹിബ് സംഘത്തിന്റെ ആദർശ ലക്ഷ്യങ്ങൾ വ്യാവരിച്ചുകൊണ്ട് സദസ്സിനെ കോൾമയിർ കൊള്ളിച്ച ഒരു ചെറുപ്രസംഗം ചെയ്തു.

ഇതൊക്കെ നടന്നതുകൊണ്ടായിരിക്കണം, പ്രതീക്ഷിച്ചതിൽ എത്രയോ കൂടുതൽ ആളുകൾ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. മഹ്മൂദ് ചെമ്മനാട് സാഹിബായിരുന്നു അദ്ധ്യക്ഷൻ.

അദ്ധ്യക്ഷ പ്രസംഗാനന്തരം മുഹമ്മദ് ശറൂൽ സാഹിബ് ഇങ്ങിനെ ഒരു പ്രസ്താവന ചെയ്തു: ''ഐക്യസംഘത്തിന്റെ പ്രസിദ്ധീകരണങ്ങളിൽ മതത്തിനു വിരുദ്ധമായി പലതുമുണ്ടെന്ന് പലരും പറഞ്ഞു കേൾക്കുന്നുണ്ട്. അവയെപ്പററി ഞാൻ ചിലതു ചോദിക്കാം.''

ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞതു ഇ. കെ. മൗലവിയായിരുന്നു. ചോദ്യോത്തരങ്ങൾക്ക് ശേഷം ശറൂൽ സാഹിബ് ഇങ്ങിനെ അന്വേഷിച്ചു: ''ഈ പറഞ്ഞു കേട്ടതിൽ മതവിരുദ്ധമായി വല്ലതുമുണ്ടോ? ''ഇതിലൊന്നും ഒരു തെററുമില്ലെ''ന്നു അവിടെ കൂടിയ ഉലമാക്കൾ ഏകോപിച്ചു സമ്മതിച്ചു. ഈ സംഭവത്തെ ഒരു പ്രമേയ രൂപത്തിൽ പി. എൻ. മുഹമ്മദ് മൗലവി സഭയിൽ അവതരിപ്പിച്ചു. ''ഈ സംഘത്തെ ലോകാവസാനംവരെ അല്ലാഹു നിലനിറുത്തട്ടെ'' എന്ന പ്രാർത്ഥനയോടെ പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാര് അത് പിന്താങ്ങി.

ഈ സമ്മേളനം കഴിഞ്ഞതോടെ ഐക്യസംഘത്തിന്റെ വിരോധികളുടെ വിമർശനങ്ങൾക്ക് ശക്തി കുറഞ്ഞു തുടങ്ങി. സംഘം ഭാരവാഹികൾക്ക് തലയുയർത്തി നടക്കുവാനുള്ള അവസരവും കൈവന്നു.

നാലാം വാർഷിക സമ്മേളനം 1926-ൽ മൗലാനാ മുഹമ്മദ് മാർമെഡ്യൂ

KERALA HERITAGE CENTER KALPAKANCHERY

ക്ക് പീക്ക്താം സാഹിബിന്റെ അദ്ധ്യക്ഷതയിൽ തലശ്ശേരി വെച്ചാണ് നടന്നത്. സമ്മേളനം പരാജയത്തിൽ കലാശിപ്പിക്കാൻ എതിരാളികൾ പല അടവും പയററിനോക്കിയിരുന്നുവെങ്കിലും അതൊന്നും വിലപ്പോയില്ല.

അഞ്ചാം വാർഷികം 1927_ൽ കണ്ണൂരിൽ ചേർന്നു. ആരംഭകാലത്ത് ഐക്യസംഘത്തിലെ ഒരംഗവും പ്രവർത്തകനുമായിരുന്ന കണ്ണൂരിലെ ഒരു പണ്ഡിതൻ സംഘത്തിന്നെതിരിൽ ഗൂഢമായ പ്രചാരവേല നടത്തിയിരുന്നു. അദ്ദേഹം തന്റെ സിൽബന്ധികളെ വിളിച്ചു വരുത്തി ഇങ്ങിനെ പറയാൻ തുടങ്ങി;

ഐക്യസംഘക്കാരിൽ നേർക്കുനേരെ തെററൊന്നും കണ്ടുപിടിക്കുക സാധ്യമല്ല. എങ്കിലും ഇബ്നു തൈമിയ്യയുടെ അഖീദയും അഭിപ്രായവുമാണ് അവർ സ്വീകരിക്കുന്നത്. അദ്ദേഹത്തിന്നാവട്ടെ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്നെതിരായ അഖീദയും അഭിപ്രായവുമാണുള്ളത്. ഇത് സാധാരണക്കാർക്കു മനസ്സിലാക്കാൻ പ്രയാസമാണ്. ഇബ്നു തൈമിയ്യ വഴി തെററിയവനും വഴി തെററിക്കുന്നവനുമാണെന്നാണ് ഇബ്നു ഹജർ പറഞ്ഞിട്ടുള്ളത്.''

പാമര ജനങ്ങളിൽ പലരും ഈ പ്രചാരവേലയിൽ കുടുങ്ങിയിരുന്നു. കുപ്രചരണങ്ങൾ നടക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ ഭാരവാഹികൾ കണ്ണൂര്, തലശ്ശേരി, മാഹി, വളപട്ടണം മുതലായ പല സ്ഥലങ്ങളിലും സമ്മേളനത്തിന്റെ പ്രചരണ യോഗങ്ങൾ നടത്താൻ തുടങ്ങി. മിക്ക സ്ഥലത്തും സീതി സാഹിബ് പ്രസംഗിച്ചിരുന്നു. തന്നിമിത്തം കുപ്രചാര വേലകൾ മങ്ങി മറിഞ്ഞു. സമ്മേളനം വിജയകരമായി കഴിഞ്ഞുകൂടി.

തിരൂർ സമ്മേളനം

ഐക്യ സംഘത്തിന്റെ 6_ാം വാർഷികം 1928_ൽ തിരൂരിൽവെച്ച് ചേരാനാണ് തീരുമാനിച്ചത്. അതിനുള്ള പ്രവർത്തനം കാലേക്കൂട്ടി ആരംഭിക്കുകയും ചെയ്തു. അദ്ധ്യക്ഷ സ്ഥാനത്തേക്ക് ക്ഷണിച്ചത് മദിരാശിയിലെ ഡോക്ടർ അബ്ദുൽ ഹഖിനെയായിരുന്നു. കയനിക്കക്കാരുടെ അങ്ങാടിയിലുള്ള ഒരു പീടിക മുകളിൽ സ്വാഗത സംഘം ഓഫീസ് തുറന്നു പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ആദ്യം അലട്ടൊന്നുമുണ്ടായില്ലെങ്കിലും സമ്മേളനം അടുത്തതോടെ പൊന്നാനിയിൽനിന്നും മററും എതിർ പ്രചാരവേലക്കാർ വന്നു പ്രവർത്തിച്ചുതുടങ്ങി. കൊടുങ്ങല്ലൂരിൽനിന്ന് ചില കുസൃതികൾ വന്നു ഐക്യ സംഘത്തിന്നെതിരായി കവല പ്രസംഗങ്ങൾ നടത്തുകപോലുമുണ്ടായി. ഇവരുടെ സംഘടിത പ്രവർത്തനം സമ്മേളന ഭാരവാഹികളെ കുറച്ചൊന്നുമല്ല ശല്യപ്പെടുത്തിയത്. പുറത്തിറങ്ങി സ്വൈരമായി സഞ്ചരിക്കാൻകൂടി അവർക്ക് വയ്യാതായി. എവിടെനിന്നല്ലാതെ കല്ലുകൾ അവരുടെ തലയിലും മററും വീണുതുടങ്ങി. പോലീസിൽ ആവലാതിപ്പെട്ടു നോക്കി. യാതൊരു ഫലവുമുണ്ടായില്ല. അവിടെയുള്ള പണക്കാരെയും പ്രമാണിമാരെയുമെല്ലാം ശത്രുക്കൾ സ്വാധീനിച്ചുകളഞ്ഞിരുന്നു. അതുകൊണ്ട് തന്നെയായിരിക്കണം ആവശ്യത്തിന്ന്, എത്ര ചാർജ്ജ് കൊടുത്താലും ഒരു ഓ

ക്സി കാർപോലും സമ്മേളന ഭാരവാഹികൾക്ക് കിട്ടാതായി.

സമ്മേളനത്തിന്റെ തലേ ദിവസം മദിരാശിയിൽനിന്ന് മെയിലിന്ന് അദ്ധ്യക്ഷൻ വന്നിറങ്ങി. അദ്ദേഹത്തെ ടി. ബി. യിലെത്തിക്കാൻ. സമ്മേളന ഭാരവാഹികൾക്ക് ഒററ വാഹനവും കിട്ടിയില്ല. അവർ സ്റേറഷനിൽ പോയി സ്ഥിതിഗതികളും നിസ്സഹായാവസ്ഥയും അദ്ധ്യക്ഷനെ ധരിപ്പിച്ചു അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു.

''ആവട്ടെ; നല്ല കാര്യത്തിന്നിറങ്ങിയാൽ ഇങ്ങിനെയൊക്കെ സംഭവിക്കും. അതിൽ നിരാശപ്പെടാൻ പാടില്ല ... നമുക്കു നടക്കാം.'' കാൽനടയായി അദ്ധ്യക്ഷനും അദ്ദേഹത്തെ സ്വീകരിക്കാൻ പോയ പ്രവർത്തകരും ടി. ബി. യിലെത്തി.

രാത്രിവണ്ടിക്ക് മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയും സീതി സാഹിബും വരുന്നുണ്ടെന്ന വിവരമറിഞ്ഞു സമ്മേളന ഭാരവാഹികൾ സ്റേറഷനിലേക്ക് കുതിച്ചു, കോഴിക്കോട്ടേക്കുള്ള രണ്ടു ടിക്കററുമെടുത്ത് പ്ളാററുഫോമിൽ വണ്ടിവരുന്നത് കാത്തുനിന്നു. വണ്ടി വന്നു. ഇരുവരേയും കാണേണ്ട താമസം! ഭാരവാഹികൾ അവരെ വിവരങ്ങളെല്ലാം ധരിപ്പിച്ചു. കൈവശമുണ്ടായിരുന്ന രണ്ടു ടിക്കററ് അവരുടെ പക്കൽ കൊടുത്തുകൊണ്ട് ഇങ്ങിനെ പറഞ്ഞു: ''നിങ്ങളിരുവരും നേരെ കോഴിക്കോട്ട് പോയി സൂപ്രണ്ടിനെ കണ്ടു കാര്യം ധരിപ്പിച്ചു വേണ്ട പരിഹാരമുണ്ടാക്കണം!''

ഇരുവരും കോഴിക്കോട്ടേക്ക് പോയി. പക്ഷെ സൂപ്രണ്ടന്റ് മഞ്ചേരിയിലായിരുന്നു. ഉടനെ ടാക്സിയുമെടുത്തു മഞ്ചേരിയിലേക്ക് പോയി. നേരം വെളുക്കാൻ നേരത്ത് നാലുമണിക്കാണ് സൂപ്രണ്ടൻറിനെ കാണാൻ കഴിഞ്ഞത്. അദ്ദേഹം മണപ്പാടന്റെ ഒരു സുഹൃത്തായിരുന്നു. തിരൂര് സബ് ഇൻസ്പെക്ടർ സൂപ്രണ്ടന്റിന്റെ മരുമകനുമായിരുന്നു. അപ്പോൾതന്നെ അദ്ദേഹം സബ്ഇൻസ്പെക്ടർക്ക് ചൂടുള്ള ഒരു കത്ത് കൊടുക്കുകയും സമ്മേളനത്തിന്നു വന്നു ചേരാമെന്നു ഉറപ്പു നൽകുകയും ചെയ്തു. സീതി സാഹിബും മണപ്പാടനും കത്തുമായി കാറിൽതന്നെ തിരൂരിൽ വന്നു. സ്വാഗതസംഘം ഭാരവാഹികളിൽപെട്ട പി. എം. സിക്കന്തർ സാഹിബ് ആ കത്ത് ഇൻസ്പെക്ടർക്കു കൊണ്ടു പോയി ക്കൊടുത്തു. അതു കണ്ടപ്പോൾ അയാൾ വിറച്ചുതുടങ്ങി. ''എന്തിനാണ് നിങ്ങൾ അമ്മാവനെ സമീപിച്ചത്? ഞാൻ തന്നെ കാര്യങ്ങളെല്ലാം ശരിപ്പെടുത്തിത്തരുമായിരുന്നില്ലേ'' എന്നു ഇൻസ്പെക്ടർ പറഞ്ഞു. ''നിങ്ങളുടെ ശരിപ്പെടുത്തലൊക്കെ ഞങ്ങൾ കണ്ടു'' എന്നു മാത്രം പറഞ്ഞുകൊണ്ടു സിക്കന്തർസാഹിബ് തിരിച്ചുപോന്നു.

അധികം കഴിഞ്ഞില്ല പോലീസുകാർ റോന്തു ചുററുന്നതും കവലകളിലെല്ലാം കാവൽ നിൽക്കുന്നതും കാണാറായി. അതുവരെ കേട്ടുകൊണ്ടിരുന്ന അപശബ്ദങ്ങളൊക്കെ അതോടെ അടങ്ങി.

സമ്മേളനത്തിനു തെക്കുനിന്നും വടക്കുനിന്നും ആയിരക്കണക്കിനാളുകൾ വന്നെത്തി. കൂട്ടത്തിൽ വക്കം അബ്ദുൽ ഖാദിർ മൗലവിയുമുണ്ടായിരുന്നു. സമ്മേളനത്തിൽ സീതി സാഹിബിന്റെയും മണപ്പാടന്റെയും പ്രസംഗങ്ങൾ കേട്ട

KERALA HERITAGE CENTER KALPAKANCHERY

വാർഷിക യോഗത്തിനുള്ള പ്രവർത്തനമാരംഭിച്ചതോടെ പാങ്ങിൽ അഹ്മദ്കുട്ടി മുസ്ലിയാരും പാർട്ടിയും മലപ്പുറം കുന്നുമ്മൽ പള്ളിയിൽ കേമ്പ് ചെയ്ത് എതിർ പ്രചാരവേല ആരംഭിച്ചു. ''ഈ സംഘത്തെ ലോകാവസാനംവരെ അല്ലാഹു നിലനിർത്തട്ടെ'' എന്നു കോഴിക്കോട്ടു വെച്ചു പ്രാർത്ഥിച്ച ആളായിരുന്നു പാങ്ങിക്കാരൻ.)

ത് മതിയായില്ലെന്നായിരുന്നു സദസ്യരുടെ ആവലാതി.

സമ്മേളനാനന്തരം അദ്ധ്യക്ഷനെ ടി. ബി.യിൽനിന്നു റെയിൽവെ സ്റ്റേഷനിലേക്ക് കാറിൽ കൊണ്ടുപോകാൻ നാട്ടുകാരും പോലീസുകാരും ഒരു തീവ്രശ്രമംതന്നെ നടത്തിനോക്കിയിരുന്നു. എന്നാൽ അദ്ദേഹം കൂട്ടാക്കിയില്ല. ''ഇങ്ങോട്ടു വന്നപോലെ തിരിച്ചുപോകാനും എനിക്കറിയാം'' എന്നു പറഞ്ഞുകൊണ്ടു കാൽനടയായിത്തന്നെ അദ്ദേഹം ടി. ബി. യിൽനിന്നു സ്റ്റേഷനിലേക്കു പോയി.

ഐക്യസംഘത്തിന്റെ ഏഴും എട്ടും വാർഷിക സമ്മേളനങ്ങൾ എറണാകുളത്തുവെച്ചും തിരുവനന്തപുരത്തു വെച്ചുമാണ് നടന്നത്. പറയത്തക്ക പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല

മലപ്പുറം സമ്മേളനം

ഐക്യ സംഘത്തിന്റെ 9-ാം വാർഷിക സമ്മേളനം മലപ്പുറം ഹൈസ്ക്കൂളിൽ ചേരാൻ തീർച്ചപ്പെടുത്തി. അദ്ധ്യക്ഷസ്ഥാനത്തേക്ക് ക്ഷണിക്കപ്പെട്ടത് വടക്കെ മലബാർ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജി ഖാൻ ബഹദൂർ മീർ സൈനദ്ദീൻ സാഹിബായിരുന്നു.

മലപ്പുറത്തും പരിസരത്തും ഐക്യസംഘത്തെപ്പറ്റി വലിയ ആക്ഷേപമൊന്നുമുണ്ടായിരുന്നില്ല. വാർഷിക യോഗത്തിനുള്ള പ്രവർത്തനമാരംഭിച്ചതോടെ പാങ്ങിൽ അഹ്മദ്കുട്ടി മുസ്ലിയാരും പാർട്ടിയും മലപ്പുറം കുന്നുമ്മൽ പള്ളിയിൽ കേമ്പ് ചെയ്ത് എതിർ പ്രചാരവേല ആരംഭിച്ചു. ('ഈ സംഘത്തെ ലോകാവസാനംവരെ അല്ലാഹു നിലനിർത്തട്ടെ' എന്ന് കോഴിക്കോട്ട് വെച്ച് പ്രാർത്ഥിച്ച ആളായിരുന്നു പാങ്ങിക്കാരൻ.) പാങ്ങും പാർട്ടിയും വളരെ ഗോപ്യമായ നിലയിലാണ് പ്രചാര വേല നടത്തിയിരുന്നത്.

സമ്മേളന ദിവസം അടുത്തുവന്നതോടെ എന്തോ ഒരു പന്തികേട് അനുഭവപ്പെട്ടുതുടങ്ങി. സമ്മേളനത്തിന്റെ തലേദിവസം ഖാൻ ബഹദൂർ ആററക്കോയയും, ടി. എം. മൊയ്തു സാഹിബും ഒരു കാറിൽ സ്ക്കൂൾ അങ്കണത്തിൽ വന്നിറങ്ങി. അവിടെ സ്വീകരിക്കാനെത്തിയ ഒരു മാസ്ററരോട് രണ്ട് സോഡ വരുത്താനാവശ്യപ്പെട്ടു. സോഡ വാങ്ങാൻ പോയ ആൾ മടങ്ങിവന്നു ഇങ്ങിനെ പറഞ്ഞു: ''സോഡ പോകട്ടെ ഐക്യ സംഘക്കാർക്ക് പച്ചവെള്ളംപോലും കൊടുക്കുകയില്ലെന്നാണ് പീടികക്കാരൊക്കെ പറയുന്നത്.''

KERALA HERITAGE CENTER KALPAKANCHERY

''ഐക്യ സംഘക്കാരിൽ
തെററുണ്ടെന്ന നിലക്കല്ല ഞാൻ അങ്ങിനെ
പറഞ്ഞത്; മറിച്ച് അവരുടെ ഭാഷ ഈ
നാട്ടുകാർക്ക് മനസ്സിലാകാത്തത് കൊണ്ട്
തെററിദ്ധരിക്കപ്പെടാൻ ഇടവന്നേക്കുമെന്നു കരുതി മാത്രമാണ്.''

വിവരമറിഞ്ഞ ആററക്കോയയും മൊയ്തു സാഹിബും വന്ന കാറിൽതന്നെ ഡി. എസ്. പി. യുടെ ആഫീസിലേക്ക് പോയി. ഡി. എസ്. പി. അവരെ ആദരിച്ചിരുത്തിയ ശേഷം 'എന്തുണ്ട് വിശേഷം?' എന്നു ചോദിച്ചപ്പോം 'ഞങ്ങം സോഡ കുടിക്കാൻ വന്നതാണെന്നായിരുന്നു അവരുടെ മറുപടി. സംഗതിയന്വേഷിച്ച ഡി. എസ്. പി. യോട് അവർ വിവരങ്ങളൊക്കെ പറഞ്ഞു. ഇതെല്ലാം കേട്ട ഡി. എസ്. പി. പാങ്ങിക്കാരനെ കൂട്ടിവരാൻ ആളെ അയച്ചുവെങ്കിലും അദ്ദേഹം അതിന് മുമ്പ് സ്ഥലം വിട്ടിരുന്നു.

ഹോട്ടൽക്കാരുടെയും ചായക്കടക്കാരുടെയും മററും നിസ്സഹകരണം മണത്തറിഞ്ഞ സമ്മേളന ഭാരവാഹികം സ്ക്കൂളിന്നു മുമ്പിലുള്ള സത്രം വാങ്ങുകയും ഒരു താൽക്കാലിക ഹോട്ടൽ നടത്താനാവശ്യമായ സാധനങ്ങളൊക്കെ കോഴിക്കോട്ടുനിന്നു വരുത്തുകയും ചെയ്തിരുന്നു. സമ്മേളന ദിവസം അതിരാവിലെ തന്നെ സത്രത്തിൽ ഹോട്ടലും തുടങ്ങി. അപ്പോഴാണ് തലേ ദിവസത്തെ നിസ്സഹകരണത്തിൻെറ ഫലം ഹോട്ടൽക്കാർക്കും ചായക്കടക്കാർക്കുമൊക്കെ അനുഭവപ്പെട്ടത്. അതോടെ അവർ സംഘത്തിൻെറ വിരോധികളെ ആക്ഷേപിക്കാനും ചീത്തപറയാനും തുടങ്ങി.

വൈകുന്നേരം നടന്ന പൊതുയോഗത്തിൽ മണപ്പാടൻെറ സുദീർഘമായ പ്രസംഗത്തിന്നുശേഷം കാദേരി മുഹമ്മദ് മുസ്ലിയാർ ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു:'' ''ഞാൻ വളരെയധികം തെററിദ്ധരിച്ചു പോയിരുന്നു. ഇപ്പോം എൻെറ സംശയങ്ങളെല്ലാം നീങ്ങി. ഞാൻ ഈ പ്രസ്ഥാനത്തിൻെറ അനുഭാവിയിത്തീർന്നിരിക്കയാണ്.''

അങ്ങിനെ മലപ്പുറം സമ്മേളനവും സമംഗളം പര്യവസാനിച്ചു.

സംഘത്തിൻെറ പത്താം വാർഷിക സമ്മേളനം കാസർക്കോട്ടുവെച്ചാണ് നടന്നത്. അദ്ധ്യക്ഷൻ മദ്രാസുകാരനായ സയ്യിദ് അബ്ദുൽവഹാബ് ബുഖാരി സാഹിബുമായിരുന്നു.

''ഇവിടെവെച്ചു ഐക്യസംഘത്തിൻെറ വാർഷികയോഗം നടക്കാൻ പോകുന്നുണ്ടെന്നു കേട്ടു. ആ യോഗത്തിൽ ആരും പങ്കെടുക്കരുത്'' എന്നു അന്നത്തെ കാസർക്കോട്ടെ ഖാസിയും മുദർരിസുമായ തറക്കണ്ടി അബ്ദുർറഹിമാൻ മുസ്ലിയാർ ജനങ്ങളോട് പറഞ്ഞിരുന്നു. എന്നാൽ അറബിഷം നാട് അദ്ദേഹത്തെ കണ്ട് സംസാരിച്ചപ്പോം ''ഐക്യസംഘക്കാരിൽ തെററുണ്ടെന്ന നിലക്കല്ല ഞാൻ അങ്ങിനെ പറഞ്ഞത്. മറിച്ചു അവരുടെ ഭാഷ ഈ നാട്ടുകാർക്ക് മനസ്സിലാകാത്തതുകൊണ്ടു തെററിദ്ധരിക്കപ്പെടാൻ ഇടവന്നേക്കുമെന്നു കരു മാത്രമാണ്'' എന്നു പറഞ്ഞു മുസ്ലിയാര് ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. സമ്മേളനം കഴിഞ്ഞു രണ്ടാഴ്ചക്ക

KERALA
HERITAGE
CENTER
KALPAKANCHERY

കം മുസ്ലിയാർ കാസർക്കോട് വി ടുകയും ചെയ്തു.

ഐക്യസംഘത്തിൻെറ പതിനൊന്നാം വാർഷികം അതിൻെറ ജന്മദേശമായ എറിയാട്ട് വെച്ചു തന്നെയാണ് ആഘോഷിക്കപ്പെട്ടത്. അദ്ധ്യക്ഷൻ അഡ്വക്കേററ് ബി. പോക്കർ സാഹിബുമായിരുന്നു. രണ്ടു ദിവസങ്ങളിലായിട്ടായിരുന്നു സമ്മേളനം നടന്നത്. രണ്ടാം ദിവസത്തെ യോഗം അവസാനിക്കുന്നതിൻെറ അൽപം മുമ്പായി സെൻറ് ജോർജ്ജ് ഗസററുമായി ഒരാൾ ആഹ്ലാദത്തോടെ അവിടെ വന്നു ഇങ്ങിനെ പറഞ്ഞു:— മലബാർ ലഹളയുടെ പേരിൽ പിടികിട്ടുവാനുള്ളവരുടെ പേരിലുണ്ടായിരുന്ന ചാർജജുകൾ ഗവർമ്മെൻറ് പിൻവലിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ കെ. എം. മൗലവിയുടെ പേരുമുണ്ട്. (1921_ലെ മലബാർ കലാപത്തിൻെറ പേരിൽ ബ്രിട്ടീഷ് ഗവർമ്മെൻറ് രാജ്യദ്രോഹക്കുററം ചുമത്തിയ ക്രിമിനൽ പുള്ളികളിലൊരാളായിരുന്നു കെ. എം. മൗലവി സാഹിബ്. പക്ഷെ ദൈവാനുഗ്രഹത്താൽ പിടികൊടുക്കാതെ ബ്രിട്ടീഷ് ഭരണപ്രദേശമല്ലാത്ത കൊടുങ്ങല്ലൂരിൽ എങ്ങിനെയോ അദ്ദേഹം എത്തിപ്പെട്ടു. അങ്ങിനെ ഏകദേശം ഒരു വ്യാഴവട്ടക്കാലം അദ്ദേഹം അവിടെ കഴിച്ചുകൂട്ടി.) മേൽപറഞ്ഞ സന്തോഷവാർത്ത കേട്ടപ്പോൾ ആ സദസ്സിലുണ്ടായിരുന്ന ആഹ്ലാദത്തിനു കയ്യും കണക്കുമില്ല. ഇതിന്നുവേണ്ടി നിരന്തരം പരിശ്രമിച്ചു കൊണ്ടിരുന്ന യോഗാദ്ധ്യക്ഷൻെറ സന്തോഷം സീമാതീതവുമായിരുന്നു.

ഉടനെ എം. സി. സി. അബ്ദുറഹ്മാൻ മൗലവി ഒരപേക്ഷയുമായി മുമ്പോട്ടുവന്നു. കെ. എം. മൗലവി സാഹിബിനെ മലബാറിലേക്ക് വിട്ടുതരണമെന്ന യിരുന്നു ആ അപേക്ഷ. അതിനെ പലരും എതിർത്തിരുന്നുവെങ്കിലും സംഘത്തിൻെറ ഉദ്ദേശങ്ങളും ആദർശങ്ങളും മലബാറിലുംകൂടി വ്യാപിപ്പിക്കുന്നതിന്ന് അതു നന്നായിരിക്കുമെന്ന നിലക്കു ഒടുവിൽ ആ അപേക്ഷ സ്വീകരിക്കപ്പെടുകയാണുണ്ടായത്.

ഐക്യസംഘത്തിൻെറ പന്ത്രണ്ടാമത്തേതും അവസാനത്തേതുമായ വാർഷിക സമ്മേളനം കണ്ണൂര് അറക്കൽ കെട്ടിനകത്ത്വെച്ചു അബ്ദുൽ ഹമീദ്ഖാൻെറ (മദിരാശി) അദ്ധ്യക്ഷതയിൽ ഭംഗിയായി കൊണ്ടാടപ്പെട്ടു.

ഇസ്ലാം ധർമ്മപാലന സംഘം

കേരള മുസ്ലിം ഐക്യസംഘത്തിൻെറ പന്ത്രണ്ടു കൊല്ലത്തെ പ്രവർത്തന ചരിത്രമാണ് ചുരുക്കി വിവരിച്ചത്. ഏതാണ്ടതേ കാലത്തു തന്നെ തിരുവിതാംകൂർ ചിറയിൻകീഴ് താലൂക്കിൽ ''ഇസ്ലാം ധർമ്മ സ്ഥാപന സംഘം'' എന്ന പേരിൽ മറെറാരു സംഘം ഉയിരെടുക്കുകയുണ്ടായി. അതിൻെറ ആദർശലക്ഷ്യവും ഐക്യസംഘത്തിൻേറതു തന്നെയായിരുന്നു. ഐക്യസംഘത്തിൻെറ നേതൃത്വം വഹിച്ചത് കെ. എം. മൗലവി സാഹിബായിരുന്നെങ്കിൽ 'ഇസ്ലാം ധർമ്മപാലന സംഘത്തിൻെറ നേതൃത്വം വഹിച്ചത് വക്കം അബ്ദുൽ ഖാദിർ മൗലവിയായിരുന്നു. അതിൻെറ പ്രവർത്തനം അഭിവൃദ്ധിപ്പെട്ടു വന്നതോടെ പരാന്നഭുക്കുകളായ മുസ്ലിയാക്കൾ അതിനെ തകർക്കാൻ തങ്ങളുടെ പക്കലുള്ള ആവനാഴിയിലെ അവസാനത്തെ അസ്ത്രംപോലും പ്രയോഗിച്ചു നോക്കിയിരുന്നു. എന്നാൽ ആ

KERALA HERITAGE CENTER KALPAKANCHERY

സംഘം കൊളുത്തിയ ദീപം ഇന്നും തിരുവിതാംകൂർ പ്രദേശത്ത് വെളിച്ചം പരത്തിക്കൊണ്ടിരിക്കുന്നുണ്ട്.

അൽമുർശിദും അൽമനാറും ശബാബും

1934ന്ശേഷം കേരളത്തിലെ ഇസ്ലാഹീ പ്രവർത്തനങ്ങളുടെ മുഴുവൻ ഉത്തരവാദിത്വങ്ങളും കേരള ജംഇയ്യത്തുൽ ഉലമായിലർപ്പിച്ചുകൊണ്ടു ഐക്യസംഘം രംഗത്ത്നിന്നു പിന്മാറി. ഐക്യസംഘത്തിന്റെ സ്ഥാപക നേതാക്കളിൽപെട്ട പണ്ഡിത വര്യന്മാർതന്നെയായിരുന്നു കേരള ജംഇയ്യത്തുൽ ഉലമായുടെയും സാരഥികൾ. സമുദായ മദ്ധ്യത്തിൽ കണ്ടുവരുന്ന എല്ലാവിധ അനിസ്ലാമിക പ്രവണതകളുടെയും മൂലകാരണം ഖുർആനും സുന്നത്തും വെളിച്ചം നൽകിയ രൂപത്തിലുള്ള മതപരമായ അറിവിന്റെ അഭാവമാണെന്നു മനസ്സിലാക്കിയ ജംഇയ്യത്തുൽ ഉലമാ പ്രഥമവും പ്രധാനവുമായ പരിഗണന നൽകിയതു സാർവ്വത്രികമായ വിജ്ഞാന പ്രചരണത്തിനായിരുന്നു. ആ രംഗത്ത് ജംഇയ്യത്തുൽ ഉലമാ നൽകിയ, അനർഘവും അതുല്യവുമായ സംഭാവനയത്രെ അൽമുർശിദ് മാസിക.

ഇസ്ലാഹീ ആശയ പ്രചരണത്തിന്നുള്ള പത്രമാസികകൾ പലതും മുമ്പും പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നുവെങ്കിലും അധികകാലം നിലനിൽക്കാൻ ഒന്നിന്നും കഴിഞ്ഞിരുന്നില്ല. അത്തരമൊരു സാഹചര്യമാണ് അന്നുണ്ടായിരുന്നത്. എന്നാൽ 1935 മുതൽ കേരള ജംഇയ്യത്തുൽ ഉലമാ ഔദ്യോഗികമായിത്തന്നെ പ്രസിദ്ധീകരിക്കാൻ തുടങ്ങിയ അൽമുർശിദ് മാസികയുടെ നില അതായിരുന്നില്ല ഇത് പ്രസിദ്ധീകരിച്ചത് അറബിമലയാളത്തിലായിരുന്നു. അതിന്നു കാരണമുണ്ട്. ഇസ്ലാം മതത്തിന്റെ ആധികാരിക വക്താക്കളെന്നു ജനങ്ങൾ വിശ്വസിച്ചുപോന്നിരുന്ന യാഥാസ്ഥിതിക പണ്ഡിത–പുരോഹിത വർഗ്ഗം മലയാളം എഴുതാനും വായിക്കാനും പഠിക്കുന്നതിൽനിന്നു മുസ്ലിം സമുദായത്തെ അകററി നിറുത്തിയിരുന്നതിനാൽ അവർക്കിടയിൽ മലയാളം വായിക്കുന്നവരുടെ ശതമാനം നന്നെ കുറവായിരുന്നു. അതേയവസരത്തിൽ അറബിമലയാളം വായിക്കാനറിയുന്നവർ മുസ്ലിംകളിൽ–മുസ്ലിം സ്ത്രീകളിൽപോലും–ഒട്ടും കുറവായിരുന്നുമില്ല.

അപാരമായ മത–ഭൗതിക വിജ്ഞാനങ്ങളുടെയും കരുത്തുററ തൂലികകളുടെയും ഉടമകളും, കാലത്തിന്റെ ചുമരെഴുത്ത് വായിച്ചവരുമായ ഏററവും നല്ല എഴുത്തുകാരുടെ പഠനാർഹമായ സാഹിത്യ സൃഷ്ടികളാൽ അലംകൃതമായ ആ മാസിക അറബിമലയാളം വായിക്കാനറിയുന്ന മുഴുവൻ കേരളീയരുടെയും ശ്രദ്ധ പിടിച്ചുപററി. മതപ്രബോധന–വിജ്ഞാന പ്രചരണ രംഗങ്ങളിൽ അതിനോട് കിടപിടിക്കുന്ന ഒററ പ്രസിദ്ധീകരണവും കേരളം കണ്ടിട്ടില്ല. കേരള മുസ്ലിംകൾക്കിടയിൽ ചലനാത്മകമായ ഒരു വിപ്ലവം തന്നെയാണ് ഈ മാസിക സൃഷ്ടിച്ചു വിട്ടത്. സാമാന്യം നല്ല ഒരു മതപണ്ഡിതന്നുണ്ടാകുന്ന അറിവ് സമ്പാദിക്കാനും അതോടൊപ്പം, ഇസ്ലാമിന്നും ഇസ്ലാഹീ പ്രസ്ഥാനത്തിന്നുമെതിരിൽ ഏതുഭാഗത്ത്നിന്നു വരുന്ന എതിർപ്പുകളെയും ചങ്കുററത്തോടെ, ഫലപ്രദമായി നേരിടാനുള്ള യോഗ്യത നേടുവാ

KERALA HERITAGE CENTER KALPAKANCHERY

നും ഈ മാസിക തുടർച്ചയായി മൂന്നോ നാലോ വർഷം സശ്രദ്ധം വായിച്ച ഏതൊരാൾക്കും കഴിഞ്ഞിരുന്നു.

നാലു വാല്യങ്ങൾ പുറത്ത് വന്നതിന്നുശേഷം സംഗതിവശാൽ പ്രസ്തുത മാസികയുടെ പ്രസിദ്ധീകരണം താൽക്കാലികമായി നിർത്തിവെക്കേണ്ടി വന്നു. താഴെ പറയുന്ന കാരണങ്ങൾ നിമിത്തം ആ ഇടവേള എട്ടു വർഷങ്ങളോളം നീണ്ടുപോയി. 1947_ൽ അഞ്ചാം വാല്യം പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ അതിൻെറ ഒന്നാം ലക്കത്തിലെ പ്രസ്താവനയിൽ പ്രസ്തുത കാരണങ്ങൾ ഇങ്ങിനെ വിവരിക്കുന്നു.

''എന്നാൽ നാലുകൊല്ലത്തെ അതിൻെറ വിജയകരമായ നടത്തിപ്പിന്നുശേഷം ചില അത്യാവശ്യമായ മാററങ്ങൾ വരുത്തുവാൻവേണ്ടി താൽക്കാലികമായി പ്രസിദ്ധീകരണം നിറുത്തിവെക്കേണ്ടിവന്നു. ഉടനെ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയും തുടർന്നു കടലിസ്സിന്നുള്ള നിയന്ത്രണം വന്നുകൂടുകയും ചെയ്തു. എത്രതന്നെ ശ്രമിച്ചിട്ടും വീണ്ടും പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിയോ കടലാസ്സ് കോട്ടയോ ലഭിച്ചില്ല ..... ഈയിടെ മാത്രമാണ് അൽമുർശിദിൻെറ ഡിക്ളറേഷൻ വീണ്ടും നടന്നത്.''

അഞ്ചാം വാല്യത്തിൻെറ പന്ത്രണ്ടു ലക്കവും ഒരുവിധം വിജയകരമായിത്തന്നെ നടന്നുവെങ്കിലും, മുസ്ലിം സമുദായത്തിൽ അറബിമലയാളം വായിക്കാനുള്ള താൽപര്യം അപ്പോഴേയ്ക്കും ഗണ്യമായി കുറയുകയും. തനി മലയാളം വായിക്കാനുള്ള വാഞ്ഛ അസൂയാർഹമാംവിധം വർദ്ധിച്ചുവരികയും ചെയ്തിരുന്നു. തന്നെയുമല്ല, ഇസ്ലാഹി പ്രവർത്തകരുടെ നിരന്തരമായ പ്രവർത്തന ഫലമായി മുസ്ലിം സ്ത്രീകളിലും നല്ലൊരു ശതമാനം മലയാളം എഴുതാനും വായിക്കാനും അഭ്യസിച്ചു കഴിഞ്ഞിരുന്നു. ഈ പരിതസ്ഥിതിയിൽ ഇനിയും അറബിമലയാളത്തിൽ തന്നെ മാസിക നടത്തിക്കൊണ്ടു പോകുന്നത്കൊണ്ടു പ്രതീക്ഷിച്ച വിജയം കൈവരികയില്ലെന്നും ഇനി തനി മലയാളത്തിലുള്ള ഒരു പ്രസിദ്ധീകരണമാണാവശ്യമെന്നും പ്രവർത്തകന്മാർക്ക് ബോധ്യം വന്നു. അങ്ങിനെയാണ് 1950 മുതൽ അൽമനാർ പ്രസിദ്ധീകരിച്ചു തുടങ്ങിയത്. അൽമനാറിൻെറ നടത്തിപ്പിന്നായി ജംഇയ്യത്തുൽ ഉലമാ ഒരു പ്രത്യേക കമ്മിററി രൂപീകരിക്കുകയും അതിൻെറ എല്ലാ കാര്യങ്ങളും ആ കമ്മിററിയെ ഏൽപിക്കുകയും ചെയ്തു. ജംഇയ്യത്തുൽ ഉലമാ മെമ്പർമാരായ പണ്ഡിതന്മാരെയും, പണ്ഡിതന്മാരല്ലാത്ത കേരളത്തിലെ സലഫീ ആദർശക്കാരായ മററു വ്യക്തികളെയും ഉൾപ്പെടുത്തിക്കൊണ്ടു 1950ൽ തന്നെ – അൽമനാർ പ്രസിദ്ധീകരണമാരംഭിച്ചു ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ—''കേരള നദ്‌വത്തുൽ മുജാഹിദീൻ'' രൂപീകൃതമായി. അതിന്നുശേഷം അൽമനാർ നടത്തിപ്പിൻെറ മുഴുവൻ മേൽനോട്ടവും നദ്‌വത്തുൽ മുജാഹിദീൻ ഏറെറടുത്തു. അല്ലാഹുവിൻെറ അനുഗ്രഹത്താൽ അൽമനാർ ഇന്നും മുടങ്ങാതെ വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു.

അറബിമലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന അൽമുർശിദിൻെറ പ്രധാന പത്രാധിപർ മർഹൂം കെ. എം. മൗലവിയായിരുന്നു. അൽമനാറിൻെറ പ്രധാന പത്രാധിപർ ആരംഭം മുതൽ

KERALA HERITAGE CENTER KALPAKANCHERY

ഇന്നുവരെയും പുളിക്കൽ സ്വദേശിയായ പി. കെ. മൂസാമൗലവിയാണ്. ഇരുവരും മൗലാനാ ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജിയുടെ ജാമാതാക്കളത്രെ.

കേരള നദ്‌വത്തുൽ മുജാഹിദീന്റെ പോഷക സംഘടനയായി 1966-ൽ ഐ. എസ്സ്. എം. നിലവിൽവന്നു. ഈ സംഘടന 197 മുതൽ ശബാബ് എന്ന പേരിൽ ഒരു പ്രതിപക്ഷ പത്രവും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിന്റെ പ്രധാ പത്രാധിപർ ചെറിയമുണ്ടം അബ്ദുൽ റസ്സാഖ് മൗലവിയാണ്. അതും വിജയകരമായിത്തന്നെ മുടങ്ങാതെ നടന്നു കൊണ്ടിരിക്കുന്നു.

അറബിക്കോളേജുകൾ

പത്രപ്രവർത്തനങ്ങൾ കൊണ്ടോ, മതപ്രഭാഷണങ്ങളും പൊതുയോഗങ്ങളും നടത്തുന്നതുകൊണ്ടോ മതവിജ്ഞാനത്തിൽ പ്രാവീണ്യം നേടിയ പണ്ഡിതന്മാരെ വാർത്തുവിടുക സാദ്ധ്യമല്ലല്ലോ. അതിനാൽ ഉന്നത മതപണ്ഡിതന്മാരെ വാർത്തെടുക്കുന്ന അറബിക്കോളേജുകൾ സ്ഥാപിക്കുന്ന കാര്യവും, അതർഹിക്കുന്ന ഗൗരവത്തോടെതന്നെ ജംഇയ്യത്തുൽ ഉലമാ പരിഗണിക്കാതിരുന്നില്ല. അങ്ങിനെയാണ് മദീനത്തുൽ ഉലൂം അറബിക്കോളേജ് നിലവിൽ വന്നത്. ഇന്നു കേരളാടിസ്ഥാനത്തിലുള്ള ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരിൽ ഒരു വലിയ ശതമാനം ഈ സ്ഥാപനത്തിന്റെ സൃഷ്ടികളായ പ്രഗൽഭ പണ്ഡിതരത്രെ. പുരുഷന്മാർക്കു പുറമെ മതവിജ്ഞാനത്തിൽ പ്രാവീണ്യം നേടിയ ധാരാളക്കണക്കിലുള്ള വനിതകളും അത്യാവശ്യമാണെന്നും, എന്നാൽ മാത്രമേ സ്ത്രീകൾക്കിടയിൽ രൂഢമൂലമായിക്കഴിഞ്ഞിട്ടുള്ള അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഫലപ്രദമായി നേരിടാൻ കഴിയൂ എന്നും മനസ്സിലാക്കിയ ജംഇയ്യത്തുൽ ഉലമാ, പെൺകുട്ടികളെ മാത്രം പഠിപ്പിക്കുന്ന ഒരു അറബിക്കോളേജ് കൂടി നടത്തിവരുന്നുണ്ട്. അതത്രെ മോങ്ങം വനിതാ അറബിക്കോളേജ്. ഈ കോളേജിൽ പഠിച്ചു അഫ്സലുൽ ഉലമാ ബിരുദം നേടി പുറത്ത് വന്ന എത്രയോ മതപണ്ഡിതകൾ ഇസ്‌ലാമിന്നും ഇസ്‌ലാഹീ പ്രസ്ഥാനത്തിന്നും ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ വിലപ്പെട്ടതാണ്. മുസ്‌ലിം പെൺകുട്ടികൾക്ക് ഉന്നത മതവിദ്യാഭ്യാസം നൽകുന്ന സമ്പ്രദായം കേരളത്തിൽ ആദ്യമായി ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തിയത് അരീക്കോട് സുല്ലമുസ്സല്ലാം അറബിക്കോളേജിന്റെ സ്ഥാപക നേതാവായ എൻ. വി. അബ്ദുസ്സലാം മൗലവിയാണ്. മുസ്‌ലിം വനിതകൾ യൂനിവേർസിററി പരീക്ഷകൾക്കെഴുതി അഫ്സലുൽ ഉലമാ ബിരുദം കരസ്ഥമാക്കാൻ ആദ്യമായി തുടങ്ങിയത് ഈ കോളേജിൽ വെച്ചത്രെ. പ്രസ്തുത കോളേജുകൾക്ക് കാലിക്കററ് യൂനിവേർസിററിയുടെ അംഗീകാരവും കേരള ഗവർമ്മെണ്ടിന്റെ എയിഡുമുണ്ടെന്ന കാര്യം പ്രസ്താവ്യമത്രെ.

ജംഇയ്യത്തുൽ ഉലമാ നേരിട്ടു നടത്തുന്ന അറബിക്കോളേജുകൾ രണ്ടെണ്ണം മാത്രമാണെങ്കിലും അവയുടെ മാതൃകയിലുള്ള ദശക്കണക്കിനു അറബിക്കോളേജുകൾ ഇന്നു കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. അവയിൽ 'റൗസത്തുൽ ഉലൂം അറബിക്കോളേജ് (ഫറോക്ക്), സുല്ലമുസ്സലാം അറബിക്കോളേജ് (അരീക്കോട്), അൻസാർ അറബിക്കോളേജ് (വളവന്നൂര്) എന്നി

KERALA HERITAGE CENTER KALPAKANCHERY

വയുടെ പേര് പ്രത്യേകം പ്രസ്താവ്യമാണ്. കേരള നദ്‌വത്തുൽ മുജാഹിദീൻ നേരിട്ടു നടത്തുന്ന 'ജാമിഅാ നദവിയ്യാ' (എടവണ്ണ)യും ഉന്നത മതപണ്ഡിതന്മാരെ വാർത്തുവിടുന്ന ഒരു മഹൽസ്ഥാപനമത്രെ.

കേരള ജംഇയ്യത്തുൽ ഉലമായിലുണ്ടായിരുന്ന തബ്‌ലീഗിന്റെ വക്താക്കളായ യാഥാസ്ഥിതിക പണ്ഡിതന്മാർ പ്രസ്തുത സംഘടനയെ പൊളിക്കാൻ വേണ്ടി അതിൽനിന്നു തെററിപ്പിരിഞ്ഞു. കോഴിക്കോട് യോഗം ചേർന്നു 1926ൽ അതേ പേരിൽത്തന്നെ ഒരു സമാന്തര സംഘടനയുണ്ടാക്കി. എന്നാൽ സലഫികളുടെ 'കേരള ജംഇയ്യത്തുൽ ഉലമാ' 1934ൽ സൊസൈററി ആക്ട് പ്രകാരം റജിസ്റ്റർ ചെയ്യപ്പെട്ടതോടെ അതേ പേരിലുള്ള വേറൊരു സംഘടനക്ക് കേരളത്തിൽ നിയമ സാധുതയില്ലാതായി. അങ്ങിനെയാണ് യാഥാസ്ഥിതികരുടെ ഉലമാ സംഘടനയായ 'ജംഇയ്യത്തുൽ ഉലമാ'ക്ക് 'സമസ്ത'യെന്ന ഒരു വാലുണ്ടായത്.

സ്വാർത്ഥംഭരികളും നിക്ഷിപ്ത താൽപര്യക്കാരുമായ നേതാക്കളാൽ നയിക്കപ്പെടുന്ന ഏതൊരു സംഘടനക്കും അധികനാൾ ഒന്നിച്ചു പ്രവർത്തിക്കുക സാധ്യമല്ലല്ലോ. അതുകൊണ്ടുതന്നെ, കേരള ജംഇയ്യത്തുൽ ഉലമായെ തകർത്തു തരിപ്പണമാക്കിയിട്ടല്ലാതെ അടങ്ങിയിരിക്കുകയില്ലെന്ന ദൃഢപ്രതിജ്ഞയോടെ രംഗത്ത് വന്നു അതിന്നെതിരിൽ ഒററക്കെട്ടായിനിന്നു എല്ലാ അടവുകളും പ്രയോഗിച്ചുകൊണ്ടിരുന്ന 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പിളർന്നു, പിളർന്നു തുണ്ടം തുണ്ടമായി ഭാഗിക്കപ്പെട്ടു കഴിഞ്ഞു. സമസ്തയുടെ പ്രവർത്തനങ്ങളിൽ മനംമടുത്ത തെക്കൻ മേഖലയിലെ പണ്ഡിതന്മാർ നേരത്തെ തന്നെ വേർപിരിഞ്ഞു, 'ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുണ്ടാക്കി. കുറെക്കൂടി കഴിഞ്ഞപ്പോൾ സമസ്തയിൽ നിന്നു തെററിപ്പിരിഞ്ഞ മലബാർ ഭാഗത്ത് തന്നെയുള്ള പണ്ഡിതന്മാരിൽ ഒരു വിഭാഗം 'സംസ്ഥാന കേരള ജംഇയ്യത്തുൽ ഉലമാ'യും മറെറാരു വിഭാഗം 'അഖില കേരള ജംഇയ്യത്തുൽ ഉലമാ'യും രൂപീകരിച്ചു അവരവരുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. അടുത്ത കാലത്തായി ഖുത്ബാ പരിഭാഷയുടെയും മററും പേരിൽ സമസ്തയുമായി സലാം ചൊല്ലിപ്പിരിഞ്ഞ അതിലെ ഒരു വിഭാഗം പണ്ഡിതന്മാർ ''ജംഇയ്യത്തുൽ ഉലമാ ഇസ്സുന്നിയ്യീൻ'' രൂപീകരിച്ചു, സമസ്തയെ വെല്ലുവിളിച്ചുകൊണ്ടു നാടുനീളെ പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

ഇപ്പോൾ, സമസ്തയുടെ ചില നെടുംതൂണുകൾക്കിടയിൽ നടന്നുകൊണ്ടിരിക്കുന്ന തുറന്ന സംഘട്ടനം അതിനെ മറെറാരു പിളർപ്പിന്റെ വക്കത്തെത്തിച്ചിരിക്കയാണ്. ഒരു വിഭാഗം ഖുർആൻ പരിഭാഷ ചെയ്തു പുറത്തിറക്കി. അതു ന്യായീകരിക്കുമ്പോൾ, മറുവിഭാഗം പല്ലും നഖവുമുപയോഗിച്ച് അതിനെ എതിർത്തുകൊണ്ടിരിക്കുന്നു. ഇനിയെന്തൊക്കെ സംഭവിക്കാനിരിക്കുന്നുവെന്നു കണ്ടുതന്നെ അറിയണം.

കേരള നദ്‌വത്തുൽ മുജാഹിദീൻ

കേരള ജംഇയ്യത്തുൽ ഉലമായിൽ മെമ്പർഷിപ്പെടുക്കാനുള്ള അർഹത മതപണ്ഡിതന്മാരിൽ മാത്രം പരിമിതമാണല്ലോ. തന്നിമിത്തം മതപണ്ഡിതന്മാ

KERALA HERITAGE CENTER KALPAKANCHERY

കേരളത്തിലെ ഇസ്‌ലാഹീ ആദർശക്കാരായ ആബാലവൃദ്ധം
ജനങ്ങൾക്കും (സ്ത്രീ-പുരുഷ, പണ്ഡിത-പാമര ഭേ
ദമെന്യെ) മെമ്പർഷിപ്പെടുക്കാനും പ്രവർത്തനങ്ങളിൽ
ഔദ്യോഗികമായിത്തന്നെ പങ്കാളികളാകാനും
പററിയ 'കേരള നദ്‌വത്തുൽ മുജാഹിദീൻ'
രൂപീകരിക്കുകയും ചെയ്തു. ഈ മഹൽ
സംഘടന ചെയ്തു കൊണ്ടിരിക്കുന്ന മഹത്തായ
പ്രവർത്തനങ്ങളുടെ പട്ടിക ഒരു സുവനീറിലെ
ലേഖനത്തിൽ നിരത്തിവെക്കുക സാദ്ധ്യമല്ല.

ഒല്ലാത്ത, സലഫീ ആദർശക്കാരായ പതിനായിരക്കണക്കിലുള്ള കേരള മുസ്‌ലിംകൾക്ക് സംഘടിത രൂപത്തിലുള്ള ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്കുള്ള വേദിയില്ലാതായി. ഇതൊരു വലിയ പ്രശ്നമായിത്തീർന്നു. ഈ കാര്യത്തെപ്പററി ചിന്തിക്കുവാനും പ്രായോഗികമായ പരിഹാരം കണ്ടെത്താനുംവേണ്ടി കേരളത്തിലെ പണ്ഡിതരും, അല്ലാത്തവരുമായ ഏതാനും സലഫീ ആദർശക്കാർ 1950 ഏപ്രിൽ 20-ാം തിയ്യതി കോഴിക്കോട് അൽമനാർ ആപ്പീസിൽ യോഗം ചേരുകയും കേരളത്തിലെ ഇസ്‌ലാഹീ ആദർശക്കാരായ ആബാലവൃദ്ധം ജനങ്ങൾക്കും (സ്ത്രീ-പുരുഷ, പണ്ഡിത-പാമര ഭേദമെന്യെ) മെമ്പർഷിപ്പെടുക്കാനും പ്രവർത്തനങ്ങളിൽ. ഔദ്യോഗികമായിത്തന്നെ പങ്കാളികളാകാനും പററിയ 'കേരള നദ്‌വത്തുൽ മുജാഹിദീൻ' രൂപീകരിക്കുകയും ചെയ്തു. ഈ മഹൽ സംഘടന ചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ പ്രവർത്തനങ്ങളുടെ പട്ടിക ഒരു സുവനീറിലെ ലേഖനത്തിൽ നിരത്തിവെക്കുക സാദ്ധ്യമല്ല. നദ്‌വത്തുൽ മുജാഹിദീന്റെ പ്രവർത്തനങ്ങൾ ഇന്നു കേരളത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ലെന്നത് ശ്രദ്ധേയമാണ്. തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും അതിന്റെ ശാഖകൾ രൂപീകരിക്കപ്പെട്ടു കഴിഞ്ഞു.

സംഘത്തിന്റെ കീഴിൽ, ഇസ്‌ലാഹീ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങൾ വ്യവസ്ഥാപിതമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്ന ഒട്ടേറെ വകുപ്പുകളുണ്ട്. പ്രസിദ്ധീകരണ വകുപ്പ്, വിദ്യാഭാസവകുപ്പ്, ഹിലാൽ കമ്മിററി, ബിസ്മി (ബോർഡ് ഓഫ് ഇസ്‌ലാമിക്ക് സർവ്വീസസ് ആൻ മിഷ്യനറി ഇൻഫർമേഷൻ) എന്നിവ അവയിൽ ചിലതു മാത്രമാണ്.

പ്രസിദ്ധീകരണ വകുപ്പ് നദ്‌വത്തിന്റെ ഔദ്യോഗിക ജിഹ്വയായ അൽമനാർ നടത്തുന്നതിന്നു പുറമെ ധാരാളം പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു കൊടുക്കുന്നുണ്ട്. ഈ വകുപ്പ് പുറത്തിറക്കുന്ന ഖുർആൻ പരിഭാഷയും വ്യാഖ്യാനവും കേരളത്തിലെ നിഷ്പക്ഷ മതികളായ സകലരുടെയും മുക്തകണ്ഠമായ പ്രശംസക്ക് പാത്രമായിട്ടുണ്ട്. തികച്ചും സലഫീ മാതൃകയിലുള്ളതും, എന്നാൽ ശാസ്ത്രീയവുമായ അതിന്റെ വ്യാഖ്യാന ശൈലി എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപററിയിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശതക്കണക്കിനു മദ്രസകൾ നടത്തിവരുന്നു. പ്രസ്തുത മദ്രസകളിലെ

KERALA HERITAGE CENTER KALPAKANCHERY

പഠനരീതി സുഗമവും, കാര്യക്ഷമവും ഫലപ്രദവുമായിത്തീരണമെന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പ് തന്നെ ഒരു വിദഗ്ദ കമ്മിററിയെ നിയോഗിച്ചുകൊണ്ട് ആധുനികവും ശാസ്ത്രീയവുമായ ഒരു സിലബസ്സനുസരിച്ച് പഠിപ്പിക്കാൻ ഏററവും അനുയോജ്യമായ നല്ല നല്ല പാഠപുസ്തകങ്ങളും തയ്യാർ ചെയ്തിട്ടുണ്ട്. ബോധനരീതിയും പരീക്ഷാസമ്പ്രദായവും കാര്യക്ഷമമായിത്തീരാൻവേണ്ടി അദ്ധ്യാപകൻമാർക്ക് ഹ്രസ്വകാല പരിശീലന കോഴ്സും നടത്തപ്പെടാറുണ്ട്. മദ്രസകളിൽ നടത്തപ്പെടുന്ന പൊതു പരീക്ഷാരീതി അത്യാധുനികമത്രെ. മദ്രസകളുടെയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സ്ഥിതി മെച്ചപ്പെടുത്തുവാനും നിലവാരം ഉയർത്തുവാനും വേണ്ടി പുതിയ പുതിയ പല പദ്ധതികളും ഈ വകുപ്പ് ആവിഷ്ക്കരിക്കുകയും നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

കഴിഞ്ഞ കാലങ്ങളിൽ നോമ്പ്, പെരുന്നാൾ, അറഫാ ദിനം, ആശൂറാഉ് മുതലായ പുണ്യദിനങ്ങൾ ആഘോഷിക്കപ്പെട്ടിരുന്നത് തികച്ചും കുത്തഴിഞ്ഞ രൂപത്തിലായിരുന്നു. ഉദാഹരണമായി ഒരു നാട്ടിൽ റമസാൻ നോമ്പാരംഭിക്കുന്നത് ഒരു ദിവസമാണെങ്കിൽ അടുത്ത നാട്ടിൽ പിറെറ ദിവസമായിരിക്കും. തൊട്ടടുത്ത്തന്നെയുള്ള വേറൊരു നാട്ടിൽ മൂന്നാമതൊരു ദിവസമായെന്നു വരും. പെരുന്നാളിൻെറയും മററു പുണ്യ ദിവസങ്ങളുടെയും സ്ഥിതിയും മറിച്ചായിരുന്നില്ല. കേരളത്തിൽ എവിടെയെല്ലാം ഏതേതു ഡയരക്ഷനിൽ ഏതേതു സമയത്ത് മാസപ്പിറവി കാണാൻ സാദ്ധ്യതയുണ്ടെന്ന് മുൻകൂട്ടി നിർദ്ദേശം കൊടുക്കാനും, എവിടെയെങ്കിലും കണ്ടിട്ടുണ്ടോയെന്നു ഫലപ്രദമായന്വേഷിക്കാനും, ഏതെങ്കിലുമൊരിടത്ത് കണ്ടതായി സ്ഥിരീകരിക്കപ്പെട്ടുകഴിഞ്ഞാൽ കേരളത്തിലങ്ങോളമിങ്ങോളം തൽക്ഷണം അതറിയിക്കാനും പററിയ ഒരു ഏജൻസിയുടെ അഭാവമായിരുന്നു മേൽപറഞ്ഞ വിരോധാഭാസത്തിൻെറ കാരണം. ഇതിന്നൊരറുതി വരുത്തുമെന്ന ലക്ഷ്യത്തോടെയായിരുന്നു നദ്വത്തുൽ മുജാഹിദീൻ 1976ൽ കേരള ഹിലാൽ കമ്മിററി രൂപീകരിച്ചത്. മാസപ്പിറവി കാണുന്നതിൻെറ സാദ്ധ്യതയെപ്പററി മുൻകൂട്ടി വിവരം നൽകുന്നതിന്നുവേണ്ടി ഒരു അസ്ട്രോണമി വിഭാഗവും ഹിലാൽ കമ്മിററിക്കുണ്ട്. ഹിലാൽ കമ്മിററിയുടെ പ്രവർത്തനങ്ങൾക്ക് ബഹുജനങ്ങളിൽനിന്ന് അസൂയാർഹമായ പിന്തുണ ലഭിച്ചതിനാൽ കുറെ വർഷങ്ങളായി മലബാർ ഭാഗങ്ങളിലെങ്കിലും മേൽപറഞ്ഞ സുദിനങ്ങൾ ആഘോഷിക്കുന്നതിൽ ഐക്യരൂപ്യം ദൃശ്യമായിത്തുടങ്ങിയിരിക്കുന്നു. ഹിലാൽ കമ്മിററിയുടെ ആരംഭദശയിൽ അത് പൊളിക്കാൻവേണ്ടി യാഥാസ്ഥിതിക വിഭാഗത്തിൽപ്പെട്ട പല ഖാസിമാരും അരയും തലയും മുറുക്കി രംഗത്തിറങ്ങിയിരുന്നുവെങ്കിലും ചുരുങ്ങിയ കാലത്തിനുള്ളിൽ അവർ ആയുധം വെച്ച് കീഴടങ്ങേണ്ടി വരികയാണുണ്ടായത്. തന്നെയുമല്ല ഹിലാൽ കമ്മിററിയെ മാതൃകയാക്കിക്കൊണ്ട് മാസപ്പിറവി നിർണ്ണയിക്കാൻവേണ്ടി ''ജംഇയ്യത്തുൽ ഖുലാത്തിൽ മലൈബാരിയ്യീൻ'' എന്ന ഒരു സംഘടനക്ക് രൂപം നൽകാനും അവർ നിർബ്ബന്ധിതരായിത്തീർന്നു.

സാമൂഹ്യ രംഗത്ത്— വൈവാഹിക രംഗത്ത് വിശേഷിച്ചും— പടർന്നു പി

(ബാക്കി 78—ാം പേജിൽ)

KERALA HERITAGE CENTER KALPAKANCHERY

സാമ്പത്തിക നീതി

ഇസ്ലാമിലും കമ്യൂണിസത്തിലും

പ്രൊഫ: പി. എ. റഹ്മാൻ.

ഇവ്വിഷയകമായി വളരെയധികം ചർച്ചകളും പ്രസിദ്ധീകരണങ്ങളും ഇവിടെയുണ്ടായിട്ടുണ്ടെങ്കിലും മാർക്സിയൻ സോഷ്യലിസത്തിന്ന് ചൈതന്യം നൽകുന്ന പ്രമേയമായ ചൂഷണ സിദ്ധാന്തം — അഥവാ മിച്ചമൂല്യ സിദ്ധാന്തം, ചൂഷണം ഒഴിവാക്കുന്നതിന്ന സോഷ്യലിസ്ററ് രാഷ്ട്രങ്ങൾ ആവിഷ്കരിച്ച സാമൂഹ്യവൽക്കരണം, ഇവയോട് താരതമ്യപ്പെടുത്തുമ്പോൾ ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥിതിയുടെ സവിശേഷതകളെ വ്യക്തമാക്കുന്ന ചർച്ചകളോ പ്രസിദ്ധീകരണങ്ങളോ മലയാളത്തിൽ കാര്യമായൊന്നും ഉണ്ടായിട്ടില്ല.

ശാസ്ത്രീയ സോഷ്യലിസം

മുതലാളിത്ത വ്യവസ്ഥിതിയുടെ ആരംഭദശയിൽ യൂറോപ്പിൽ തൊഴിലാളികൾ ഹീനമായി ചൂഷണം ചെയ്യപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ സർക്കാർ ഇടപെടണമെന്നും മുതലാളിത്തത്തിന്റെ കടിഞ്ഞാണില്ലാത്ത പോക്ക് നിയന്ത്രിക്കണമെന്നുമുള്ള ആശയത്തിന്നു പ്രചാരം സിദ്ധിച്ചു. സാമ്പത്തിക രംഗത്ത് സർക്കാറിന്റെ ഉത്തരവാദിത്വം കൂടുതൽ വ്യാപകമാക്കണമെന്ന ആശയത്തിന്നും ഇക്കാലത്ത് സ്വാധീനം സിദ്ധിച്ചു. 19–ാം നൂററാണ്ടിന്റെ മാധ്യമത്തോടുകൂടി ഈ ആശയം ഒരു പുതിയ സിദ്ധാന്തത്തിന്റെ പരിവേഷമണിഞ്ഞു. സ്റ്റെയിററ് സോഷ്യലിസം, കലക്ററിവിസം, കസേല സോഷ്യലിസം, ഗിൽഡ് സോഷ്യലിസം, സിണ്ടിക്കലിസം, ട്രേയ്ഡ് യൂനിയനിസം, കമ്മ്യൂണിസം, ഫാബിയൻ സോഷ്യലിസം എന്നീ സോഷ്യലിസങ്ങൾ ഇക്കാലത്താണ് ജന്മമെടുത്തത്. ആശയപരമായി ഇവയെല്ലാം തമ്മിൽ അൽപാൽപം വ്യത്യാസമുണ്ടായിരുന്നെങ്കിലും ഉൽപാദന വിതരണോപാധികളുടെ ഉടമാവകാശം സമൂഹത്തിന്ന് അഥവാ സ്റ്റെയ്ററായിരിക്കണമെന്ന ഇവയുടെ പൊതു സ്വഭാവമായിരുന്നു. തൊഴിലാളികളെ ചൂഷണം ചെയ്താണ് മുതലാളിമാർ കഴിഞ്ഞു

KERALA HERITAGE CENTER KALPAKANCHERY

കൂടുന്നതെന്നും ഇവർ വിശ്വസിച്ചിരുന്നു. എന്നാൽ ഈ ചൂഷണം എങ്ങിനെ നടക്കുന്നുവെന്നതിന്നു ഒരു ശാസ്ത്രീയ രൂപം നൽകാൻ അവർക്ക് കഴിഞ്ഞില്ല. കാറൽമാർക്സ് (1818–1883) ഈ ചൂഷണ സിദ്ധാന്തത്തെ വികസിപ്പിച്ച് അതിന് ഒരു ശാസ്ത്രീയ പരിവേഷമണിയിച്ചു. മിച്ചമൂല്യ സിദ്ധാന്തം (Surplus Value Theory) എന്നാണ് ഈ ചൂഷണ സിദ്ധാന്തത്തിന്ന് അദ്ദേഹം നൽകിയ പേര്. ഇതുകൊണ്ടാണ് മാർക്സിയൻ സോഷ്യലിസം ശാസ്ത്രീയ സോഷ്യലിസം എന്ന പേരിൽ അറിയപ്പെടുന്നത്. ലോകമൊട്ടുക്കും കമ്മ്യൂണിസമെന്ന പേരിൽ അറിയപ്പെടുന്നതും ഇതുതന്നെയാണ്. മാർക്സിയൻ തത്വങ്ങളനുസരിച്ച് സോഷ്യലിസവും കമ്മ്യൂണിസവും മാനവചരിത്രത്തിന്റെ അവസാനത്തെ രണ്ടു ഘട്ടങ്ങളാണ്. ലോകം മുഴുവനും സോഷ്യലിസത്തിന്റെ പിടിയിലമർന്നാൽ പൂർണ്ണ സോഷ്യലിസത്തിലേക്ക് അഥവാ ഭരണവും, പോലീസും, സ്വാത്ഥതയും, ചൂഷണവുമില്ലാത്ത സമത്വസുന്ദരവും ഐശ്വര്യപൂർണ്ണവുമായ ഒരവസ്ഥയിലെത്തുമെന്നായിരുന്നു മാർക്സിസിന്റെ നിഗമനം. ഈ അവസ്ഥയാണ് കമ്മ്യൂണിസം അഥവാ ശാസ്ത്രീയ കമ്മ്യൂണിസം. ഇത്രയും പറഞ്ഞത് മാർക്സിയൻ തത്വമനുസരി

[76-ാം പേജിലെ തുടർച്ച]

ടിച്ചിട്ടുള്ള അനാചാരങ്ങൾക്ക് പ്രായോഗികമായിത്തന്നെ അറുതിവരുത്താനും അമുസ്ലിംകൾക്കിടയിൽ ഇസ്ലാമിക സന്ദേശമെത്തിക്കുന്നതിന്നുവേണ്ടി ആവുന്നതൊക്കെ ചെയ്യാനുമായി 1980ൽ നദ്‌വത്തുൽ മുജാഹിദിന്റെ കീഴിൽ രൂപീകൃതമായ സംഘടനയാണ് ''ബിസ്മി''. (ബോർഡ് ഓഫ് ഇസ്ലാമിക് സർവ്വീസസ് ആൻറ് മിഷ്യനറി ഇൻഫർമേഷൻ). ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങളും വിജയകരമായിത്തന്നെ മുന്നേറിക്കൊണ്ടിരിക്കുന്നു.

ഐ. എസ്. എമ്മും എം. എസ്. എമ്മും

ഏതു സംഘടനയായാലും പ്രസ്ഥാനമായാലും അതിന്റെ തലമുതിർന്ന നേതാക്കൾ പ്രവർത്തനങ്ങളിൽനിന്നു വിരമിക്കുമ്പോൾ തൽസ്ഥാനം നികത്തുവാൻവേണ്ടി പിൻതലമുറയെ സജ്ജമാക്കുകയെന്നത് കാലത്തിന്റെ ആവശ്യമായി മാറിയിരിക്കുകയാണ്. ഈ ആവശ്യത്തിന്നായി ഏതു പ്രസ്ഥാനത്തിന്നും ഇന്നു യുവജന നിരകാണാം. നദ്‌വത്തുൽ മുജാഹിദീന്റെ കീഴിലുള്ള യുവജന സംഘടനയത്രെ ഐ. എസ്. എം. (ഇത്തിഹാദു ശുബ്ബാനിൽ മുജാഹിദീൻ) 1966ലാണ് ഈ യുവ സംഘടന രൂപീകൃതമായത്.

കേരള ജംഇയ്യത്തുൽ ഉലമായുടെയും നദ്‌വത്തുൽ മുജാഹിദീന്റെയും ഉപദേശ നിർദ്ദേശാനുസരണം ഐ. എസ്. എം. അതിന്നെത്തിപ്പെടാൻ കഴിയുന്ന എല്ലാ മേഖലകളിലും കനപ്പെട്ട സേവനങ്ങളർപ്പിച്ചുകൊണ്ടിരിക്കുന്നു. യുവജനങ്ങൾക്കിടയിൽ തൗഹീദിന്റെ ശബ്ദവും ഖുർആനിന്റെയും സുന്നത്തിന്റെയും സന്ദേശവുമെത്തിക്കുന്ന കാര്യത്തിൽ ഐ. എസ്. എം. അസൂയാർഹ

KERALA HERITAGE CENTER KALPAKANCHERY

ച്ച് സോഷ്യലിസവും കമ്മ്യൂണിസവും രണ്ടല്ല, സോഷ്യലിസത്തിന്റെ രണ്ട് ഘട്ടങ്ങളാണ് എന്ന് സൂചിപ്പിക്കാനാണ്.

മിച്ചമൂല്യ സിദ്ധാന്തം

മുതലാളിത്തത്തിന്റെ പ്രത്യേകതകളാണ് സ്വകാര്യ സ്വത്തുൽപാദനവും വിനിമയവും. വിനിമയം ചെയ്യപ്പെടുന്ന ഓരോ ചരക്കിലും സാമൂഹികാധ്വാനത്തിന്റെ അംശം അടങ്ങിട്ടുണ്ട്. ഈ അംശമാണ് വിനിമയ മൂല്യം നിർണ്ണയിക്കുന്നത്. ഇതു കണക്കാക്കുന്നതിന്നു ചരക്ക് ഉൽപാദിപ്പിക്കാൻ വേണ്ടി ചിലവഴിക്കപ്പെടുന്ന അധ്വാനത്തിന്റെ സമയം കണക്കാക്കിയാൽ മതിയാകും. ഒരു സാധനത്തിന്റെ വിനിമയ മൂല്യം അതിലടങ്ങിട്ടുള്ള സാമൂഹികമായി ആവശ്യമുള്ള അധ്വാനമാണ്. സമുദായത്തിന്റെ അധ്വാനശക്തി പലതരം ഉൽപാദന മാർഗ്ഗങ്ങളിലായി വിഭജിക്കപ്പെടുന്ന രീതിയിൽ നിന്നാണ് ചരക്കുകൾക്ക് വിനിമയമൂല്യം സിദ്ധിക്കുന്നത്. ഓരോ ഉൽപാദകനും തന്റെ അധീനത്തിലുള്ള വിഭവങ്ങളും സൌകര്യങ്ങളും ഉപയോഗിച്ചു സ്വതന്ത്രമായി ഉൽപാദനം നടത്തുന്ന ഒരു വ്യവസ്ഥിതിയിൽ ഇടപാടുകൾ തുടങ്ങുന്നതും അവസാനിക്കുന്നതും ചരക്കുകളിലാണ്. ഈ ഇടപാടുകളെ മാർക്സ് പ്ര

മായ വിജയം കൈവരിച്ചിരിക്കുകയാണ്. കുത്തഴിഞ്ഞ ജീവിത ക്രമങ്ങളിൽ നിന്നും അധാർമ്മിക പ്രവണതകളിൽ നിന്നും യുവജനങ്ങളെ ഒരളവോളം തടുത്തുനിറുത്തുവാൻ ഐ. എസ്. എമ്മിന്നു കഴിഞ്ഞിട്ടുണ്ട്.

ഐ. എസ്. എം. 1975 മുതൽ ''ശബാബ്'' എന്ന പേരിൽ ഒരു പ്രതിപക്ഷ പത്രം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പത്രത്തിന്റെ ഓരോ പേജും പാനാർഹമായ ലേഖനങ്ങളുൾക്കൊള്ളുന്നു.

വിദ്യാർത്ഥി വിഭാഗമില്ലാത്ത സംഘടന ഇക്കാലത്ത് ഒരു സംഘടനയേ അല്ലെന്നു വേണം പറയാൻ. കേരള നദ്‌വത്തുൽ മുജാഹിദീന്റെ വിദ്യാർത്ഥി വിഭാഗമത്രെ എം. എസ്. എം. (മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ്) 1971ലാണ് ഇതു സ്ഥാപിതമായത്.

കലാലയങ്ങളെ കൊലാലയങ്ങളും, വിദ്യാഭ്യാസരംഗത്തെ കലാപ കലുഷിതവുമാക്കി മാററിയ ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തിന്നു എം. എസ്. എം. ഒരപവാദംതന്നെതാണ്.

അല്ലാഹുവിലും പരലോകത്തിലും അടിയുറച്ചു വിശ്വസിക്കുകയും, മാതാപിതാക്കളോടും ഗുരുനാഥന്മാരോടും അനുസരണക്കേട് കാണിക്കൽ മനുഷ്യനെ നരകക്കുഴിയിൽ ചാടിക്കുന്ന മഹാപാപമാണെന്നുമൊക്കെ ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ മനസ്സിലാക്കുകയും ചെയ്യവരാണ് എം.എസ്.എമ്മുകാർ. ഇത്തരം വിദ്യാർത്ഥികൾക്ക് മതനിയമങ്ങളെ മറികടന്നു ജീവിക്കുക സാദ്ധ്യമല്ല. ഗുരുനാഥന്മാരെയോ, സഹവാദ്യാർത്ഥികളെയോ വേദനിപ്പിക്കുന്ന ഒരു വാക്ക പറയാൻപോലും അവരുടെ മന:സാക്ഷിക്കത്ത് അനുവദിക്കുകയില്ല. അതുകൊണ്ടത്രെ അനുസരണക്കേടിന്റെയും, അച്ചടക്കരാഹിത്യത്തിന്റെയും, താന്തോന്നിത്വ

KERALA HERITAGE CENTER KALPAKANCHERY

തീകാത്മകമായി ച. പ. ച. (ചരക്ക് പണം_ചരക്ക്) എന്നു വിളിക്കുന്നു.

മുതലാളിത്ത വ്യവസ്ഥിതിയിൽ ഇതല്ല രീതി. മുതലാളി പണവുമായി കമ്പോളത്തിലിറങ്ങി അധ്വാന ശക്തിയും മററു ഉൽപാദനോപാധികളും വാങ്ങുകയും അവ ഉപയോഗിച്ച് ഉൽപാദനം നടത്തി അതിന്നുശേഷം ഉൽപന്നവുമായി കമ്പോളത്തിൽ മടങ്ങിചെന്ന് അതു വിററു പണമാക്കുകയും ചെയ്യുന്നു. ഈ പ്രക്രിയ പ_ച-പ. (പണം ചരക്ക്_പണം) എന്ന സൂത്രവാക്യമാണ് മാർക്സ് ഉപയോഗിച്ചത്. ചരക്ക് വാങ്ങാൻ മുടക്കുന്ന പണവും അവ വിററുകിട്ടുന്ന പണവും സമമാണെങ്കിൽ മതലാളിയുടെ ശ്രമം പാഴ്‌വേലയാണ്. ആദ്യം മുടക്കുന്ന പണത്തെക്കാൾ കൂടുതൽ തിരിച്ചു കിട്ടുന്നതുകൊണ്ടാണ് മുതലാളിക്ക് ഇതിൽ താൽപര്യം. അതായത് ആദ്യത്തെ പ.യെക്കാൾ വലുതാണ് അവസാനത്തെ പ. ഈ വിനിമയ പ്രക്രിയക്കു മുടക്കുന്ന പണവും തിരിച്ചു കിട്ടുന്ന പണവും തമ്മിലുള്ള വ്യത്യാസമാണ് മിച്ചമൂല്യം.

ത്തിന്റെയുമൊക്കെ പര്യായമായി മാറിക്കഴിഞ്ഞ ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തിന്നൊരപവാദമാണ് എം. എസ്. എം. പ്രവർത്തകരെന്നു പറയാൻ കാരണം. എം. എസ്. എം. മതത്തിന്നും സമുദായത്തിന്നും നാട്ടിന്നും ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളും വിലപ്പെട്ടവയാണ്.

അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്തു അന്ത്യവിജയം കൈവരിക്കുവാൻ അവൻ നമ്മെ തുണക്കട്ടെ. ആമീൻ!

★

മുതലാളിയുടെ ആദായമാർഗ്ഗം ഇതല്ലാതെ മറെറാന്നുമില്ല.

യന്ത്രസാമഗ്രികളും, അസംസ്കൃത പദാർത്ഥങ്ങളും അധ്വാനശക്തി എന്നിവയാണ് മുതലാളി വാങ്ങുന്നത്. ഉൽപാദന പ്രക്രിയയിൽ ഉൽപാദനോപകരണങ്ങളുടെ മൂല്യം എത്രമാത്രം നഷ്ടപ്പെടുന്നുവോ അത്ര മൂല്യം മാത്രമെ അവ ഉൽപന്നത്തിലേക്ക് പകരുന്നുള്ളു. അതു മനുഷ്യാധ്വാനത്തിന്റെ ഫലമല്ലെങ്കിൽ ഉൽപന്നത്തിലേക്ക് യാതൊരു മൂല്യവും പകരുന്നില്ല. (മൂലധനം—മലയാള പരിഭാഷ. പേ. 297.)

ഉൽപാദനോപകരണങ്ങളും അസംസ്കൃത സാധനങ്ങളും പ്രതിനിധാനം ചെയ്യുന്ന മൂലധനത്തിന്റെ ഭാഗത്തിന്ന് ഉൽപാദന പ്രക്രിയയിൽ പരിമാണ ഭേദങ്ങളൊന്നും സംഭവിക്കുന്നില്ല. മൂലധനത്തിന്റെ സ്ഥായിയായുള്ള ഭാഗത്തിന്ന് സ്ഥിരമൂലധനമെന്ന് പറയാം. നേരെമറിച്ചു അധ്വാനശക്തി പ്രതിനിധാനം ചെയ്യുന്ന മൂലധന ഭാഗത്തിന്ന് ഉൽപാദന പ്രക്രിയയിൽ മൂല്യഭേദം സംഭവിക്കുന്നുണ്ട്. അതു സ്വന്തം മൂല്യത്തിന്ന് തുല്യമായ ഒരു വസ്തുവിനെ ഉൽപാദിക്കുന്നതോടൊപ്പംതന്നെ അധികപ്പററായ ഒരു മിച്ചമൂല്യംകൂടി സൃഷ്ടിക്കുന്നു. മൂലധനത്തിന്റെ വർദ്ധമാനമായുള്ള ഭാഗത്തിന്നു അസ്ഥിര മൂലധനമെന്നു പറയാം. (Ibid. P. 302)

അധ്വാനശക്തി (തൊഴിൽ) എന്ന ചരക്ക് മുതലാളി മററു ചരക്കുകളെപ്പോലെ വില കൊടുത്തു തന്നെയാണ് കമ്പോളത്തിൽനിന്നു വാങ്ങുന്നത്. എന്നാൽ ആറുമണിക്കൂർ നേട്ടത്തെ അധ്വാനംകൊണ്ട് തൊഴിലിന്റെ വിനിമയ

KERALA HERITAGE CENTER KALPAKANCHERY

മൂല്യത്തിന്ന് സമമായ ഉൽപന്നം ഉണ്ടാക്കുന്നുവെങ്കിൽ മററൊരു ആറു മണിക്കൂർകൂടി തൊഴിലാളിയെക്കൊണ്ട് ജോലി ചെയ്യിക്കുന്നു. ഇതാണ് മുതലാളിക്കു ലഭിക്കുന്ന മിച്ചമൂല്യം. മേൽ കൊടുത്ത ഉദാഹരണമനുസരിച്ചു മിച്ച മൂല്യനിരക്ക് $\frac{6}{6}$ x 100 = 100 ശതമാനമാണ്.

പ്രസക്തി:

ഈ സിദ്ധാന്തത്തിന്റെ അപ്രസക്തിയും യുക്തിരാഹിത്യവും മനസ്സിലാക്കാൻ അത്ര പ്രയാസമൊന്നുമില്ല. ചൂഷണത്തിന്നു ഒരു ശാസ്ത്രീയാവിഷ്ക്കരണ മാഗ്രഹിച്ചിരുന്ന സ്ഥിതിസമത്വവാദികൾക്ക് ചൂഷണത്തിന്ന് വിധേയമായിരുന്ന തൊഴിലാളി വർഗ്ഗത്തിന്ന് ആശ്വാസവും ആവേശവും നൽകിയ ഈ സിദ്ധാന്തത്തിന്റെ യുക്തിരാഹിത്യം അവരുടെ ചിന്തക്ക് സ്വാഭാവികമായും വിഷയീഭവിച്ചില്ല യുക്തിവാദികളായി ചമയുന്ന ഇന്നത്തെ സ്ഥിതി സമത്വവാദികളും ഇത് വിലയിരുത്താറില്ല. യന്ത്രോപകരണങ്ങൾക്ക് അവ ഉൽപാദിപ്പിക്കാൻ ഉപയോഗിച്ച തൊഴിലിന്റെ മൂല്യത്തിൽ കവിഞ്ഞൊന്നും ഉൽപന്നത്തിലേക്ക് സംക്രമിപ്പിക്കാൻ കഴിയുകയില്ല എന്ന വാദം ഉൽപാദനരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വമ്പിച്ച പുരോഗതിയെയും തന്മൂലമുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പുരോഗതിയെയും അപ്പടി നിഷേധിക്കലായിരിക്കും. 150 പവൻ അല്ലെങ്കിൽ 500 തൊഴിൽദിനം ഉപയോഗിച്ചുണ്ടാക്കിയ ഒരു യന്ത്രത്തിന്ന് 150 പവനിൽ കൂടുതൽ ഉൽപാദനപ്രക്രിയയിൽ പ്രദാനം ചെയ്യാൻ കഴിയുകയില്ലെങ്കിൽ പിന്നെ ആരുംതന്നെ യന്ത്രോപകരണങ്ങൾ നിർമ്മിക്കാൻ മുതിരുകയില്ലല്ലോ. യന്ത്രം ഉപയോഗിച്ച് ഉൽപാദനം നടത്തുമ്പോൾ ലഭിക്കുന്ന ആദായവും വെറും മനുഷ്യാവയവങ്ങൾകൊണ്ട് മാത്രം ഉൽപാദനം നടത്തുമ്പോൾ ലഭിക്കുന്ന ആദായവും തമ്മിലുള്ള വ്യത്യാസമാണ് യന്ത്രത്തിന്റെ യഥാർത്ഥ സംഭാവന. ഒരു പ്രാഥമിക തൊഴിലുപകരണമായ തൂമ്പ (കൈക്കോട്ട്) ക്കുപോലും അത് നിർമ്മിക്കാൻ ഉപയോഗിച്ച തൊഴിലിന്റെ മൂല്യത്തെക്കാളും നൂറുകണക്കിനിരട്ടി ഉൽപാദനശേഷിയുണ്ട്. തൂമ്പകൊണ്ട് കിളക്കുന്നതിന്നു പകരം കൈകൊണ്ട് കിളച്ചാൽ...? (കാപ്പിററലിസം സോഷ്യലിസം, ഇസ്ലാം... പേ: 74–130 നോക്കുക)

പൊതു ഉടമാ സമ്പ്രദായം

ഉൽപാദന വിതരണോപാധികൾ സ്റ്റേററിന്റെ ഉടമയിലാക്കുക എന്നതാണ് ചൂഷണമൊഴിവാക്കാൻ സോഷ്യലിസം ആവിഷ്ക്കരിച്ച മാർഗ്ഗം. പ്രത്യക്ഷത്തിൽ ഇതു ആകർഷണീയമായി തോന്നിയേക്കാം. എന്നാൽ ഇത് പ്രയോഗത്തിൽ കൊണ്ടുവന്ന രാഷ്ട്രങ്ങളിൽ മുതലാളിത്വത്തിന്റെ ആരംഭകാലത്ത് നടന്നുവന്നിരുന്നതിൽനിന്ന് അധികമൊന്നും വ്യത്യാസമില്ലാത്ത ചൂഷണം മറക്കുപിന്നിൽവെച്ച് നടക്കുന്നു. മുതലാളിത്വത്തിന് വിപരീതമായി ഉൽപാദനക്ഷമതയും സാധനങ്ങളുടെ ഗുണനിലവാരവും കുറയുകയും ചെയ്യുന്നു. ഇവിടെ ചൂഷക മുതലാളിമാരുടെ സ്ഥാനം വഹിക്കുന്നത് പാർട്ടി നേതാക്കളും മററു ഭരണ കർത്താക്കളുമാണെന്നുമാത്രം. മുതലാളിത്ത രാഷ്ട്രങ്ങളിൽ കൂടുതൽ ആനുകൂല്യങ്ങൾക്ക്വേണ്ടി വില പേശാം, സമരം ചെയ്യാം, കമ്പോളം

KERALA HERITAGE CENTER KALPAKANCHERY

ളത്തിൽനിന്ന് ഇഷ്ടമുള്ള സാധനങ്ങൾ വാങ്ങാം, സോഷ്യലിസത്തിൽ സർക്കാർ പ്രദാനം ചെയ്യുന്ന, കണക്കാക്കിയ സാധനങ്ങൾ കണക്കാക്കിയ വിലക്ക് കണക്കാക്കിയ സ്റ്റോറുകളിൽനിന്ന് ക്യൂ നിന്ന് വാങ്ങണം.

സമത്വം

പോളിററ് ബ്യൂറോ അംഗങ്ങൾക്കും മന്ത്രിമാർക്കും ഇറക്കുമതിചെയ്ത സാധനങ്ങളും ആഡംബര വസ്തുക്കളും മുന്തിയതരം മററു ഉപഭോഗ വസ്തുക്കളും വളരെ കുറഞ്ഞ വിലക്ക് ലഭിക്കുന്നു. ഉയർന്ന ഉദ്യോഗസ്ഥന്മാർക്കുള്ള സ്റ്റോറുകളിൽ അടുത്ത താഴെ പടിയിലുള്ള സാധനങ്ങൾ അൽപം കൂടിയ വിലക്ക് വിൽക്കപ്പെടുന്നു. താഴോട്ടുപോകുന്തോറും സാധനങ്ങളുടെ നിലവാരവും വൈവിദ്ധ്യവും കുറയുകയും വില കൂടുകയും ചെയ്യുന്നു. സാധാരണ തൊഴിലാളികൾക്ക് താണതരം സാധനങ്ങൾ ഏററവും കൂടിയ വിലക്ക് വാങ്ങേണ്ടിവരുന്നു. ഇതാണ് സോഷ്യലിസ്ററ് രാഷ്ട്രങ്ങളുടെ പിതൃരാഷ്ട്രമായ സോവിയററ് യൂനിയനിലെ സ്ഥിതിസമത്വം.

സ്വകാര്യ മേഖല

സോവിയററ് യൂനിയനിൽ കർഷക തൊഴിലാളികൾക്ക് അര ഹെക്ററർ വീതം ഭൂമി സ്വന്തമായി കൃഷി ചെയ്യാൻ വിട്ടുകൊടുത്തിട്ടുണ്ട്. ഇങ്ങനെ വിതരണം ചെയ്യപ്പെട്ട നിലം മൊത്തം കൃഷിഭൂമിയുടെ ഒരു ശതമാനം മാത്രമാണ്. എന്നാൽ ഈ സ്വകാര്യഭൂമിയിൽ നിന്നാണ് സോവിയററ് യൂനിയനിൽ മൊത്തം ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉല്പന്നങ്ങളുടെ ഏകദേശം 30%വും ഉണ്ടാക്കുന്നതെന്നതാണ് ശ്രദ്ധേയമായ വസ്തുത. ഇതിന്റെ അർത്ഥം സ്വകാര്യമേഖല പൊതുമേഖലയെക്കാൾ 30 ഇരട്ടി കാര്യക്ഷമമാണെന്നാണല്ലോ.

സോവിയററ് യൂനിയനിൽ കർഷക തൊഴിലാളികൾക്ക് അര ഹെക്ററർ വീതം ഭൂമി സ്വന്തമായി കൃഷി ചെയ്യാൻ വിട്ടുകൊടുത്തിട്ടുണ്ട്. ഇങ്ങനെ വിതരണം ചെയ്യപ്പെട്ട നിലം മൊത്തം കൃഷിഭൂമിയുടെ ഒരു ശതമാനം മാത്രമാണ്. എന്നാൽ ഈ സ്വകാര്യ ഭൂമിയിൽ നിന്നാണ് സോവിയററ് യൂനിയനിൽ മൊത്തം ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ ഏകദേശം 30 ശതമാനവും ഉണ്ടാക്കുന്നതെന്നാണ് ശ്രദ്ധേയമായ വസ്തുത. ഇതിന്റെ അർത്ഥം സ്വകാര്യ മേഖല പൊതുമേഖലയെക്കാൾ 30 ഇരട്ടി കാര്യക്ഷമമാണെന്നാണല്ലോ.

സ്വകാര്യ കൃഷിയിടങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിൽപന നടത്താൻ സ്വകാര്യ കമ്പോളങ്ങളങ്ങളും സോവിയററു യൂനിയനിലുണ്ട്. ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട അത്തരം 8000 സ്റ്റോറുകളുണ്ട് പോൽ. അവയിൽ 30 എണ്ണവും മോസ്കോവിൽ തന്നെയാണ്. ഈ സ്വകാര്യ മാർക്കററുകൾ ഒരു വലിയ അനുഗ്രഹമായിട്ടാണ് സോവിയററ് ജനത കണക്കാക്കുന്നത്. ഇവിടെ മൽസരം നടക്കുന്നു. സാധനങ്ങൾക്ക് വൈവിധ്യമുണ്ട്. ക്യൂ നിൽക്കേണ്ടതുമില്ല. സോഷ്യലിസ്ററ് വ്യ

KERALA HERITAGE CENTER KALPAKANCHERY

വസ്ഥിതിയിൽ സ്വകാര്യ മേഖല സ്വയം അപ്രത്യക്ഷമാകുമെന്ന കമ്യൂണിസ്റ്റ് തത്വത്തിന്ന് വിപരീതമായാണ് പൂർണ്ണ കമ്മ്യൂണിസത്തിലേക്ക് ത്വരിതഗമനം ചെയ്യുകയാണെന്നു പറയപ്പെടുന്ന സോവിയററു യൂനിയനിൽപോലും കാര്യങ്ങരം നീങ്ങുന്നത്.

ലിബർമാനിസം:

തങ്ങളുടെ അദ്ധ്വാനഫലം ആസ്വദിക്കാൻ കഴിയാത്ത ഒരു വ്യവസ്ഥിതിയിൽ സ്വാർത്ഥികളായ മനുഷ്യർ ആത്മാർത്ഥമായി ജോലി ചെയ്യുകയില്ല എന്നു മനസ്സിലാക്കിയതുകൊണ്ടായിരിക്കണം, പ്രൊഫസർ ലിബർമാൻ ഉൽപാദന പ്രക്രിയയിൽ ലാഭം ഒരു മുഖ്യ ഘടകമാണെന്നും കൂടുതൽ ലാഭമുണ്ടാക്കിയാൽ കൂടുതൽ പ്രോൽസാഹനം നൽകണമെന്നും സിദ്ധാന്തിച്ചത്. വിലനിലവാരം കമ്പോള സംവിധാനത്തിന്ന് വിട്ടുകൊടുക്കണമെന്നും ലാഭത്തിൻെറയും കാര്യക്ഷമതയുടെയും അടിസ്ഥാനത്തിൽ തൊഴിലാളികരംക്കും, മാനേജർമാർക്കും ബോണസ് നൽകണമെന്നും അദ്ദേഹം സമർത്ഥിച്ചു. ലിബർമാനിസം എന്നറിയപ്പെടുന്ന ഈ സിദ്ധാന്തം വിലയും വേതനവും സർക്കാർ നിജപ്പെടുത്തുക എന്ന സോഷ്യലിസ്ററ് തത്വത്തിന്ന് എതിരാണെങ്കിലും സോവിയററ് നേതൃത്വം അതിനെ എതിർത്തില്ല എന്നു മാത്രമല്ല ഗോർക്കിയിലും, മോസ്കോവിലും രണ്ടു തുണിമില്ലുകളിൽ അതു പരീക്ഷിച്ചു നോക്കുകയും ചെയ്തു. അതിൻെറ വിജയം കാരണം മററു പല ഫാക്ടറികളിലും അതു നടപ്പാക്കിയിരിക്കയാണ്.

അഴിമതിയും കളവും

സാമ്പത്തിക കുററങ്ങരംക്ക് വധശിക്ഷ നടപ്പാക്കിയ ഏകരാഷ്ട്രമാണ് സോവിയററ് യൂനിയൻ. 1932ലാണ് ആദ്യമായി സാമ്പത്തിക കുററങ്ങരംക്ക് വധശിക്ഷ നടപ്പാക്കിയത്. 1947 ൽ അത് പിൻവലിച്ചു. 1961ൽ വധശിക്ഷ വീണ്ടും നടപ്പാക്കി. അഴിമതിയും കളവും മുതലാളിത്ത വ്യവസ്ഥിതിയുടെ സന്തത സഹചാരികളാണെന്നും സോഷ്യലിസത്തിൽ അവ സ്വയം അപ്രത്യക്ഷമാകുമെന്നുമാണ് മാർക്സ് പ്രവചിച്ചത്. പക്ഷേ സോവിയററ് യൂനിയനിൽ ഇത്തരം കുററകൃത്യങ്ങരം പെരുകിവരുന്നു. 1972ൽ റഷ്യൻ റിപ്പബ്ളിക്കിൽ മാത്രം 200ൽ അധികം വൻകിട കളവുകരം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. അഭ്യന്തര സുരക്ഷിതത്വ മന്ത്രി കാര്യാലയത്തിൻെറ കീഴിൽ 'സോഷ്യലിസ്ററ് സ്വത്ത് കൊള്ളയടിക്കുന്നത് തടയാനുള്ള' ഒരു വകുപ്പുതന്നെയുണ്ട്.

സോവിയററ് യൂനിയനിൽ 'പ്യട്ക്കയും' 'ബ്ളാററും' (കൈക്കൂലിയും അവിഹിത ബന്ധവും) വഴി ഏത് കാര്യവും നേടാവുന്നതാണെന്നാണ് പൊതുസംസാരം. വികസ്വര രാജ്യങ്ങളുടേതുപോലെ കൈക്കൂലിയും സമാന്തര സമ്പദ് ഘടനയും (വിപരീത സമ്പദ് ഘടന എന്നാണവിടെ പേര്) അവിടെ നിലനിൽക്കുന്നു

മനുഷ്യൻ സ്വാർത്ഥിയാണെന്നും ധാർമ്മിക മൂല്യങ്ങളിലധിഷ്ഠിതമായ വ്യക്തി സംസ്ക്കരണംകൊണ്ട് മാത്രമെ കുററകൃത്യങ്ങളിൽനിന്ന് അവനെ പിന്തിരിപ്പിക്കാൻ കഴിയുകയുള്ളു എന്നുമുള്ള അടിസ്ഥാന തത്വം കമ്യൂ

KERALA HERITAGE CENTER KALPAKANCHERY

കൂടുതൽ ധനം സമ്പാദിക്കാൻ കഴിഞ്ഞവർ അങ്ങിനെസമ്പാദിക്കാൻ കഴിയാത്ത ദരിദ്രർക്ക് തങ്ങളുടെ സമ്പാദ്യത്തിൽ നിന്ന് സഹായം നൽകി ദാരിദ്ര്യത്തിൽ നിന്ന് അവരെ മോചിപ്പിക്കണമെന്ന് ഇസ്ലാം അനുശാസിക്കുന്നു ''അവരുടെ ധനത്തിൽ ആവശ്യക്കാരനും ജീവിത മാർഗ്ഗം തടയപ്പെട്ടവനും അവകാശമുണ്ട്'' [വി.ഖു. 51:19] ധനവാന്റെ ഔദാര്യം എന്ന നിലക്ക് ഉഛിഷ്ടം എറിഞ്ഞു കൊടുക്കലല്ല ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

ണിസവും ഇതര ഇസങ്ങളും വിസ്മരിച്ചിരിക്കയാണ്.

ഇസ്ലാം

മനുഷ്യന്റെ സാമൂഹ്യവും, സാംസ്ക്കാരികവും, സാമ്പത്തികവും, ആദ്ധ്യാത്മികവുമായ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വ്യക്തമായ മാർഗ്ഗദർശനം നൽകുന്ന മതമാണ് ഇസ്ലാം. നശ്വരമായ ഈ ലോകത്തിലെ ജീവിതം ശാശ്വതമായ മറ്റൊരു ജീവിതത്തിലേക്കുള്ള തയ്യാറെടുപ്പാണെന്ന് അത് സമർത്ഥിക്കുന്നു. നമ്മുടെ നിരീക്ഷ പരീക്ഷണങ്ങൾക്കതീതമായ ആ ശാശ്വത ജീവിതത്തിലെ വിജയം ഈ ലോകജീവിതത്തിന്നനുസരിച്ചായിരിക്കുമെന്നും അത് പഠിപ്പിക്കുന്നു.

ഇസ്ലാം മനുഷ്യപ്രകൃതിക്കനുയോജ്യമായ മതമാണ്. സ്വാർത്ഥിയായ മനുഷ്യൻ ഉൽപാദന രംഗത്ത് അവന്റെ മുഴുവൻ കഴിവും വിനിയോഗിക്കണമെങ്കിൽ അവന്റെ അദ്ധ്വാന ഫലം അവനും അവന്റെ അനന്തിരവന്മാർക്കും ആസ്വദിക്കാൻ കഴിയണം. അതുകൊണ്ട് ഇസ്ലാം സ്വകാര്യ ഉടമാസമ്പ്രദായവും അനന്തരാവകാശവും അനുവദിക്കുന്നു. വ്യത്യസ്തമായ കഴിവുകളോടുകൂടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അററമില്ലാത്ത അവന്റെ ആവശ്യങ്ങൾ നിറവേററാൻവേണ്ടി കൂടുതൽ ധനം സമ്പാദിക്കാൻവേണ്ടി പരിശ്രമിക്കുന്നു. ഈ ശ്രമത്തിൽ ഓരോരുത്തരും വിജയത്തിന്റെ വിവിധ പടികളിൽ നിൽക്കുന്നു. അതായത് ധനികരും, ദരിദ്രരും, ഇടത്തരക്കാരുമെല്ലാം ഇവിടെയുണ്ടാകുന്നു. കൂടുതൽ ധനം സമ്പാദിക്കാൻ കഴിഞ്ഞവർ അങ്ങിനെ സമ്പാദിക്കാൻ കഴിയാത്ത ദരിദ്രർക്ക് തങ്ങളുടെ സമ്പാദ്യത്തിൽനിന്ന് സഹായം നൽകി ദാരിദ്ര്യത്തിൽനിന്ന് അവരെ മോചിപ്പിക്കണമെന്ന് ഇസ്ലാം അനുശാസിക്കുന്നു. ''അവരുടെ ധനത്തിൽ ആവശ്യക്കാരനും ജീവിതമാർഗ്ഗം തടയപ്പെട്ടവനും അവകാശമുണ്ട്.' (വി. ഖു. 51:19) ധനവാന്റെ ഔദാര്യം എന്ന നിലക്ക് ഉഛിഷ്ടം എറിഞ്ഞുകൊടുക്കലല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. ദരിദ്രന്റെ അവശതതീർക്കാനുള്ള ധനവാന്റെ കടമ വിളിച്ചുണർത്തുകയാണ്. സ്ഥിതി സമത്വവാദികൾക്ക്പോലും വിഭാവനം ചെയ്യാൻ പ്രയാസമായ ഒരു മനുഷ്യാവകാശ പ്രഖ്യാപനമാണിത്.

ഒരു പരിധിക്കപ്പുറമുള്ള വരുമാനത്തിന്റെ നിശ്ചിത തോതിൽ സക്കാ

(ബാക്കി 88-ാം പേജിൽ)

KERALA HERITAGE CENTER KALPAKANCHERY

മർഹൂം പി. പി. അബൂബക്കർ ഹാജി

സ്വന്തം കുടുംബത്തേയും മുജാഹിദ് പ്രവർത്തകരെയും തീരാദുഃഖത്തിലാഴ്ത്തിക്കൊണ്ട് 1981 ജനുവരി 18ന്ന് പി. പി. അബൂബക്കർഹാജി രക്തസാക്ഷിത്വം വരിച്ചു, സ്നേഹവാൽസല്യത്തിന്റേയും ആദർശനിഷ്ഠയുടെയും പ്രതീകമായ ആ നല്ല മനുഷ്യൻ എന്നും ഓർമ്മിക്കപ്പെടും.

പണ്ടാരപറമ്പിൽ മമ്മി മുസ്ല്യാരുടെ മകനായി 1931ലാണ് പരേതന്റെ ജനനം. അതുകൊണ്ടുതന്നെ പൂനൂരിൽ ഇന്ന് കാണുന്ന മുജാഹിദ് പ്രവർത്തകരുടെയെല്ലാം മാർഗ്ഗദർശിയായിരുന്നു പരേതൻ. പ്രബോധനരംഗത്തിലൂടെ മാത്രമേ ജനങ്ങളെ ആദർശം മനസ്സിലാക്കാൻ കഴികയുള്ളുവെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതിനാൽ 1971ൽ പി. സൈദു മൗലവിയെ പൂനൂരിൽ ക്ഷണിച്ചുവരുത്തി ഒരു മതപ്രസംഗം നടത്തുന്നതിന്ന് ആവശ്യമായ നടപടികൾ അദ്ദേഹം സ്വീകരിച്ചു. അങ്ങനെയാണ് പൂനൂരിലെ ചെറുപ്പക്കാർ ഈ പ്രസ്ഥാനത്തെ മനസ്സിലാക്കിയതും സംഘടനാ പ്രവർത്തനം ആരംഭിച്ചതും. അതുവഴി മതപ്രബോധനരംഗം പൂനൂരിലും പരിസരപ്രദേശങ്ങളിലും സജീവമാകാൻ തുടങ്ങി. യാഥാസ്ഥിതികരുടെ എതിർപ്പും ഇതോടെ ആരംഭിച്ചു. തുടർച്ചയായുള്ള ഈ പരിപാടികൾ സംഘടിപ്പിക്കയാണെങ്കിൽ പണ്ഡിതന്മാർക്ക് വിശ്രമിക്കാനും മററ് കാര്യങ്ങൾക്കും സ്ഥലത്തെ ഒരു മുജാഹിദ് പ്രവർത്തകനായ ജ: കെ. ആർ. ഹംസ സാഹിബിന്റെ വീട്ടിലാണ് സൗകര്യം ചെയ്യാറുണ്ടായിരുന്നത്. അവരെ പരിചരിക്കുന്ന കാര്യത്തിലും മററും അദ്ദേഹത്തിന്ന് വളരെ താൽപര്യമായിരുന്നു.

ഫിർദൗസി

ഇങ്ങനെ പൂനൂരിൽ മുജാഹിദ് പ്രസ്ഥാനം ദൈനംദിനം പുരോഗതി പ്രാപിച്ചു. 1973ൽ ഐ. എസ്. എം. ശാഖ രൂപീകരിച്ചു. സ്ഥലത്തുണ്ടായിരുന്ന ഇസ്ലാമിക് ലൈബ്രറി അവർ ഏറെറടുത്തു. ധാരാളം മതഗ്രന്ഥങ്ങൾ അതിലുണ്ട്. മുസ്ലിം യുവാക്കൾ വായനാരംഗത്ത് സജീവമായി. അതോടെ ഇസ്ലാഹീ പ്രവർത്തനരംഗത്തും. ക്രമത്തിൽ ഒരു മദ്രസയും ആരംഭിക്കുവാൻ അല്ലാഹു അനുഗ്രഹിച്ചു. അബൂബക്കർ ഹാജിയുടെ ഉപദേശനിർദ്ദേശങ്ങളനുസരിച്ചാണ് മദ്രസ തുടങ്ങിയത്. അദ്ദേഹം അവിടുത്തെ അദ്ധ്യാപകനുമായി. തുടക്കത്തിൽ പതിനെട്ടു

KERALA HERITAGE CENTER KALPAKANCHERY

കുട്ടികളോടുകൂടി തുടങ്ങിയ ആ സ്ഥാപനത്തിൽ ഇന്ന് നൂറിൽപരം വിദ്യാർത്ഥികൾ പഠിക്കുകയും അഞ്ച് അദ്ധ്യാപകർ ജോലി നോക്കുകയും ചെയ്യുന്നു.

മദ്രസ ജോലി കഴിഞ്ഞാൽ ഹംസ സാഹിബിൻെറ വസതിയിലാണ് അദ്ദേഹം അധിക സമയവും ചെലവഴിക്കുക. ഹംസ സാഹിബിനെ മുജാഹിദ് ആശയത്തിൽ അരക്കിട്ടുറപ്പിക്കുന്നതിൽ പരേതൻെറ പങ്ക് കുറച്ചൊന്നുമല്ല. പട്ടിക്കാട്ടും പിന്നീട് ചേന്ദമംഗല്ലൂരിലും പഠിച്ച്‌വന്ന ഒരാളെ മുജാഹിദ് ആക്കുക മാത്രമല്ല അതിൻെറ ഒരു മുന്നണിപ്പോരാളിയാക്കി കർമ്മരംഗത്തിറക്കുക കൂടി ചെയ്ത ശേഷമാണ് ഹംസ സാഹിബിൻെറ തന്നെ വസതിയിൽവെച്ച് അദ്ദേഹം ദാരുണമാംവിധം കൊലചെയ്യപ്പെട്ടത്.

മഗ്‌രിബ് നമസ്കാരം കഴിഞ്ഞാൽ ഹംസയുടെ മകൻ ഹാരിസിന്ന് മദ്രസയിലേയും സ്കൂളിലേയും പാഠങ്ങൾക്ക് ട്യൂഷൻ കൊടുക്കും. കൂട്ടത്തിൽ മററു ചില വിദ്യാർത്ഥികൾക്കും. സാധാരണയായി വീട്ടിലുള്ള ഗസ്ററു റൂമിലാണ് അദ്ദേഹം കിടന്നുറങ്ങുക. 1981 ജനവരി 18നും അവിടെത്തന്നെയുറങ്ങി. പ്രസ്തുത റൂമിൽ കട്ടിലിന്മേൽ ഡൺലപ് മെത്തയുണ്ടായിരുന്നിട്ടും ഒരു പായ വിരിച്ച് അതിലാണ് അന്നേ ദിവസം ഉറങ്ങാൻ കിടന്നിരുന്നത്. ലോകത്തുള്ള മുഴവൻ ജീവജാലങ്ങളും അന്തിയുറങ്ങി കൂർക്കം വലിക്കുന്ന ആ സന്ദർഭത്തിൽ ഏതോ ഒരു ദുഷ്ടൻ ജനൽപ്പഴുതിലൂടെ ഹാജിയെ ലക്ഷ്യം വെച്ചുകൊണ്ട് ഒരു നാടൻ ബോമ്പെറിഞ്ഞു. നെഞ്ചിന്മേലാണ് പ്രസ്തുത ബോമ്പ് വന്നുവീണത്. ആ മഹാമനുഷ്യൻ അന്നേദിവസം കിടന്നുറങ്ങിയിരുന്ന മുറി കണ്ടാൽ ഏതൊരു മനുഷ്യൻെറ ഹൃദയമാണ് വിറക്കാതിരിക്കുക. മുറി രക്തപ്പുഴയായിട്ടാണ് കാണാൻ കഴിഞ്ഞത്. ഈ നിഷ്ഠൂര കൃത്യത്തിന്ന് അദ്ദേഹം ചെയ്ത തെററ് എന്തെന്നല്ലേ: കേരള നദ്‌വത്തുൽ മുജാഹിദീൻ വിഭാവനം ചെയ്യുന്ന രീതിയിൽ ഇസ്‌ലാമിക മൂല്യങ്ങൾ അനുസരിച്ച് ജീവിക്കുകയും അതിന്ന് മററുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്തുവെന്നത് മാത്രം!

പരേതന്ന് മൂന്ന് ആൺമക്കളും നാല് പെൺമക്കളും ഭാര്യയും ഉണ്ട്. മൂന്ന് ആൺമക്കളും ഐ. എസ്. എമ്മിൻേറയും എം. എസ്. എമ്മിൻേറയും പ്രവർത്തകരാണ്. മൂത്തമകൻ അബ്ദുൽഖാദർ ഒരു ഉർദു ടീച്ചർ കൂടിയാണ്. കെ. ആർ. ഹംസ സാഹിൻെറ നേതൃത്വത്തിൽ സാമാന്യം ഒരു നല്ലവീട് ഇവർക്കുവേണ്ടി പണിതു കൊടുത്തിട്ടുണ്ട്. നദ്‌വത്തുൽ മുജാഹിദീൻ സ്റേററ് കമ്മററി ഈ കുടുംബത്തിന്ന് വേണ്ടി ''മർഹൂം അബൂബക്കർഹാജി കുടുംബക്ഷേമനിധി'' എന്ന പേരിൽ ഒരു ഫണ്ടിന്ന് രൂപം കൊടുത്തിട്ടുണ്ട്. നദ്‌വത്ത് പ്രസിഡണ്ടും സെക്രട്ടറിയും തന്നെയാണ് ഇതിന്നു നേതൃത്വം കൊടുക്കുന്നത്. പൂനൂരിലെ ജ: ആർ. പി. അഹ്‌മദുകുട്ടി സാഹിബ് മുഖേന ഈ ഫണ്ട് വിനിയോഗിക്കുന്നു.

അല്ലാഹു പരേതന്ന് മഗ്‌ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ! ആമീൻ!

KERALA HERITAGE CENTER KALPAKANCHERY

ഇസ്‌ലാഹീ പ്രസ്ഥാനം വിദ്യാഭ്യാസ മണ്ഡലത്തിൽ

—കരുവള്ളി മുഹമ്മദ് മൗലവി—

പ്രാകൃതമായ ഒന്നിനെ സംസ്കരിച്ചു സ്ഫുടം ചെയ്യുക, അധസ്ഥമായ ഒന്നിനെ സമുദ്ധരിക്കുക എന്നൊക്കെയാണ് ഇസ്‌ലാഹീ പ്രവത്തനംകൊണ്ടു വിവക്ഷിക്കുന്നത്. ഏതു സാധനവും ഹൃദ്യവും പഥ്യവുമാകുന്നത് അതു സംസ്കരിച്ചു ശുദ്ധിചെയ്യപ്പെടുമ്പോഴാണല്ലോ. ലോഹങ്ങളുടെ സംസ്കരണമാണ് അതിന്നു മാററുകൂട്ടുന്നതും മൂല്യം ഏററുന്നതും. ഇതുപോലെ മതത്തെ ബാധിച്ച അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാകുന്ന മാലിന്യങ്ങളിൽനിന്നു സ്ഫുടം ചെയ്ത് അതിന്റെ സുന്ദരരൂപത്തെ വെളിവാക്കുക എന്നതാണ് ഇസ്‌ലാഹീ പ്രവർത്തനത്തിന്റെ ഉദ്ദേശം.

ഏതു പരിഷ്കരണ പ്രവർത്തനത്തിന്റെയും പിന്നിൽ സംശയരഹിതമായ അറിവും സുവ്യക്തമായ രൂപവും ഉണ്ടെങ്കിലേ അതു വിജയിക്കുകയുള്ളൂ. അപ്പോൾ ഇസ്‌ലാമില ഇസ്‌ലാഹീ പ്രവർത്തനത്തിന്റെ പശ്ചാത്തലം തന്നെ വിജ്ഞാനമാണ്. അതുകൊണ്ടു തന്നെയാണ് ഇസ്‌ലാഹീ പ്രവർത്തകരെല്ലാം തങ്ങളുടെ പ്രവർത്തനത്തിന്റെ പ്രഥമവും പ്രധാനവുമായ രംഗമായി വിദ്യാഭ്യാസമണ്ഡലം തിരഞ്ഞെടുത്തതും. സത്യവും അസത്യവും വേർതിരിച്ച് വിവേചിച്ചറിയുകയാണ് വിജ്ഞാനത്തിന്റെ ഫലം. ഇതു രണ്ടും വ്യക്തമായി വേർതിരിക്കുന്നതെന്ന അർത്ഥത്തിലാണ് യഥാർത്ഥ വിജ്ഞാനത്തിന്റെ ഉറവിടമായ ഖുർആന്ന് 'ഫുർഖാൻ' എന്നു പറയുന്നത്.

വിദ്യാഭ്യാസത്തിന്റെ അഭാവമാണ് സമുദായ പുരോഗതിയിൽ പ്രധാന പ്രതിബന്ധമെന്ന് മനസ്സിലാക്കിയ ഇസ്‌ലാഹീ പ്രവർത്തകർ വിദ്യാഭ്യാസ രംഗത്ത് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചു. എന്തു വിഷമതകൾ സഹിച്ചെങ്കിലും കുട്ടികളെ ആൺപെൺ വ്യത്യാസമില്ലാതെ സ്കൂളിലയക്കുവാൻ അവർ സമുദായത്തെ ആഹ്വാനം ചെയ്തു. മുമ്പ് മലബാർ പ്രദേശത്ത് ഒന്നുരണ്ട് വില്ലേജുകൾക്ക് ഒരു സ്കൂൾ എന്ന

KERALA HERITAGE CENTER KALPAKANCHERY

നിലയായിരുന്നു. ആരിയൻ എഴുത്തു മുസ്‌ലിംകൾക്ക് പാടില്ല എന്ന് പണ്ടേ പറഞ്ഞുവന്ന മുസ്‌ലിയാക്കൾക്ക് പെൺകുട്ടികളെ സ്കൂളിലയക്കുന്നതും എഴുത്തു പഠിപ്പിക്കുന്നതും ഒട്ടും ദഹിച്ചില്ല. പെൺകുട്ടികൾ എഴുത്ത് പഠിക്കുന്നത് ഹറാമാണ് എന്ന് പറഞ്ഞു അവർ ഫത്‌വാ ഇറക്കി. ഇന്നത്തെ യുവതലമുറക്ക് ഇത് വിശ്വസിക്കുവാൻ പ്രയാസമായിരിക്കും. സമസ്തയുടെ ആറാം വാർഷികത്തിലെ പന്ത്രണ്ടാം പ്രമേയം നോക്കുക. ആറാം വാർഷിക റിപ്പോർട്ട് പേജ് 34-35.

തെക്കൻ ഭാഗങ്ങളിൽ വക്കം അബ്ദുൽ ഖാദർ മൗലവിയുടെയും മലബാർ പ്രദേശങ്ങളിൽ മൌ. ചാലിലകത്ത് കുഞ്ഞഹമ്മദാജി സാഹിബിന്റെയും പരിശ്രമഫലമായി വിദ്യാഭ്യാസ രംഗത്ത് വിപ്ലവാത്മകമായ മാററങ്ങൾ ഉളവായി. അറബിമലയാളത്തിലും മലയാളത്തിലും മതസാഹിത്യങ്ങൾ പുറത്തുവന്നു. ഒരു സമുദായത്തിന്റെ ധിഷണാപരമായ കഴിവിന്റെ ലക്ഷണമാണ് ആ സമുദായത്തിന്റെ സാഹിത്യങ്ങൾ. അൽഇസ്‌ലാം, അൽഹിദായാ, ദീപിക, അൽഇസ്‌ലാഹ്, അൽമുർശിദ്,

(84-ം പേജിലെ ബാക്കി)

ത്ത് കൊടുത്തതുകൊണ്ട് ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറക്കാൻ കഴിയുകയില്ലെന്നും അതിന്ന് വരുമാനം കൂടുന്നതനുസരിച്ചു കൂടിയ തോതിൽ വസൂലാക്കുന്ന പ്രോഗ്രസ്സീവ് നികുതി സമ്പ്രദായത്തിന്നെ കഴിയുകയുള്ളുവെന്നും ചിലർ വാദിക്കാറുണ്ട്. 'സക്കാത്ത്' കൊടുക്കുന്നതുകൊണ്ട് മാത്രം ദരിദ്രരെ സഹായിക്കുവാനുള്ള ധനികന്റെ ഉത്തരവാദിത്തത്തിൽ നിന്നു ഒഴിഞ്ഞു മാറാനൊക്കുകയില്ലെന്ന്, വി. ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ''അവരുടെ സ്വത്തുക്കളിൽ ചോദിക്കുന്നവന്നും (അവകാശം) നിഷേധിക്കപ്പെട്ടവന്നും അവകാശമുണ്ട്'' (അദ്ദാരിയാത്ത്-19) (വി. ഖു., 2:19). ഒരു പ്രദേശത്തുനിന്ന് പിരിച്ചെടുക്കുന്ന സക്കാത്ത് അവിടത്തെ ദരിദ്രരുടെ അവശത തീർക്കാൻ മതിയാകാതെ വരികയാണെങ്കിൽ ആവശ്യമായ തുക ധനികരിൽ നിന്നു പിരിച്ചെടുക്കണമെന്ന് നാലാം ഖലീഫ അലി(റ)യെ ഉദ്ധരിച്ചു ഇബ്നു ഹസം രേഖപ്പെടുത്തീട്ടുണ്ട്.

പ്രോഗ്രസ്സീവ് നികുതി സമ്പ്രദായം നിലവിൽ വന്നത് ആൽഫ്രഡ് മാർഷൽ (1842-1924) തന്റെ സീമന്തോപയുക്തതാ സിദ്ധാന്തം (Marginel Utility Theory) ആവിഷ്കരിച്ചതിന്നു ശേഷമാണ്. ധനികരിൽനിന്നു കൂടുതൽ നികുതി ഈടാക്കി ദരിദ്രർക്കു ഉപകാരപ്രദമായ നിലയിൽ ചിലവഴിച്ചാൽ പൊതുവായ പുരോഗതിയും ക്ഷേമവും കൈവരിക്കാൻ അതു സഹായകമാവുമെന്ന ക്ഷേമധനശാസ്ത്രതത്വം (Welfore Economics) രൂപംകൊണ്ടതു ഈ അടുത്ത കാലത്താണ്. എന്നാൽ 14 നൂററാണ്ടുകൾ മുമ്പ് ആവിഷ്കരിച്ച ഇസ്‌ലാമിക സാമ്പത്തിക സിദ്ധാന്തം ഇവയെയെല്ലാം ആവരണം ചെയ്തു ഇവയ്ക്കുപരിയായി അതിന്റെ പ്രകാശം ചൊരിയുന്നു. എന്നതാണതിന്റെ ചിന്താർഹമായ സവിശേഷത. ''അവർ സംശുദ്ധമാകേണ്ടതിന്നും അതുകൊണ്ട് അവർക്ക് വർദ്ധനവ് ഉണ്ടാകാൻ വേണ്ടിയും അവ

KERALA HERITAGE CENTER KALPAKANCHERY

യുവലോകം, നിസാഉൽ ഇസ്‌ലാം, അൽഅമീൻ തുടങ്ങിയ പല പ്രസിദ്ധീകരണങ്ങളും വിദ്യാഭ്യാസ ശേഷി വർദ്ധിപ്പിക്കുവാൻ പോന്നവയായിരുന്നു. വിദ്യാഭ്യാസ രംഗത്തു ഇസ്‌ലാഹീ പ്രവർത്തനം വരുത്തിയ ഈ മാററം പിന്നീട് വന്ന പ്രവർത്തകരുടെ ഭാരം വളരെ ലഘൂകരിക്കയുണ്ടായി.

മത പഠനത്തിന്റെ പ്രാരംഭ ഘട്ടം പണ്ട് ഓത്തുപുര (പള്ളി)കളായിരുന്നു. മൊല്ലാക്ക (സീതി) തന്റെ വീട്ടിലോ പറമ്പിലോ എവിടെയെങ്കിലും വെച്ച് കെട്ടുന്ന ഓലപ്പുരയായിരിക്കും ഈ ഓത്തുപള്ളി. ഓത്തിന് ആദ്യം ഒരു കുട്ടിയെ ചേർക്കുമ്പോൾ നിശ്ചിത പണവും പലഹാരവും പിന്നെ ഓരോ ഘട്ടത്തിലും വെവ്വേറെ പിരിവ്. ആഴ്ചതോറും വ്യാഴാഴ്ച കാശ്. ഇങ്ങിനെ സാമാന്യം പിരിവുള്ള ഒരേർപ്പാടായിരുന്നു ഓത്തുപുര. മുതൽമുടക്ക് വളരെ നിസ്സാരം. രണ്ട് കല്ലുകൾ അൽപം വിട്ട് വെച്ച് അതിനുമീതെ ഒരു മരപ്പലക വെക്കുന്നു. അതായിരിക്കും കുട്ടികൾക്ക് ഇരിക്കാനുള്ള ഉപകരണം.

രുടെ ധനത്തിൽനിന്ന് ദാനം വാങ്ങുക'' (വി. ഖു 9:103) എന്നതുകൊണ്ടുദ്ദേശിക്കുന്നത് ദാതാവിന്റെ ധനം വർദ്ധിക്കുമെന്നും പൊതുവായ സാമ്പത്തിക വളർച്ചയുണ്ടാകുമെന്നും തന്നെയാണ്. ഇതിന്നുപോൽബലമായി വേറെയും തെളിവുകൾ ഖുർആനിലുണ്ട്. (ക്യാപ്പിററലിസം സോഷ്യലിസം ഇസ്‌ലാം പേ. 293_302 നോക്കുക.

അമേരിക്കയിൽ ഇയ്യിടെ രൂപം പ്രാപിച്ചു വരുന്ന പ്രദാനവശ ധനശാസ്ത്ര (Supply Side Economics) വും ആർതർലാഫർ എന്ന ധനശാസ്ത്രജ്ഞന്റെ ലാഫർ വക്രവും ആനുപാദിക സകാത്ത് വ്യവസ്ഥയുടെ പ്രസക്തിയിലേക്കു വെളിച്ചം വീശുന്നു. കുത്തനെ ഉയർന്നു പോകുന്ന നികുതി നിരക്ക് ഉൽപാദനത്തിന്നുള്ള താൽപര്യം കുറക്കുമെന്നും നികുതി നിരക്കു കുറച്ചാൽ ഉൽപാദനം വർദ്ധിക്കാനും, അതുവഴി ഐശ്വര്യം വളരാനും കൂടുതൽ നികുതി ലഭിക്കാനും അതു സഹായകമാകുമെന്നാണ് 'ലാഫർ വക്രം' തെളിയിക്കുന്നത്.

കാപ്പിററലിസവും സോഷ്യലിസവും അവ രണ്ടിന്റെയും ദോഷവശങ്ങൾ പ്രതിഫലിക്കുന്ന സങ്കര സന്തതിയായ മിശ്രസമ്പദ് വ്യവസ്ഥയും, പരീക്ഷണവും തെററുമെന്ന പ്രക്രിയയിലൂടെ നിരന്തരം മാററത്തിരുത്തലുകൾക്ക് വിധേയമായി നീങ്ങുമ്പോൾ 'പഴഞ്ചനായ' ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ അവക്കെല്ലാം ഉപരിയായി എല്ലാ കാലത്തിന്നും പ്രസക്തമായ അതിന്റെ പ്രകാശം ചൊരിയുന്നു. അവശതാനിവാരണത്തിന്നും, സാമ്പത്തിക നീതിക്കും വഴികാട്ടിയായ ഈ പ്രകാശത്തിന്റെ കൊടിവാഹകർ യാചകരെ സൃഷ്ടിക്കുന്ന ഒരേർപ്പാടായി ഈ വ്യവസ്ഥിതിയെ തരംതാഴ്ത്തിയിരിക്കയാണ്.

KERALA HERITAGE CENTER KALPAKANCHERY

ചെറിയ ഒരു മരപ്പലകമേൽ ചെകിടി മണ്ണു തേച്ച് മരപ്പലകക്ക് മൂക്കുകുത്തി കയറിട്ട് അതും തൂക്കിപ്പിടിച്ച് ഓത്തുപുരയിൽ കഴിഞ്ഞുകൂടിയ നമ്മുടെ മുതിർന്നവരുടെ ഗതികേട് ഇന്ന് ഒന്ന് ആലോചിച്ചുനോക്കു. ഇന്നത്തെ വിദ്യാർത്ഥികളെ അതിൽനിന്ന് മോചിപ്പിക്കുവാൻ ഇസ്‌ലാഹീ പ്രവർത്തകർക്ക് വളരെ വിഷമിക്കേണ്ടിവന്നിട്ടുണ്ട്. മണ്ണുതേച്ച പലകയിൽ മൊല്ലാക്ക എഴുതിക്കൊടുത്തത് ഉരുവിടുന്നതാണ് ഓത്ത്. ഇന്നത്തെ ഓത്തല്ല അന്ന്. നമ്മുടെ ചെറുപ്പക്കാരുടെ അറിവിന്നായി ഒരു സാമ്പിൾ കാണിക്കാം. ഇന്ന് അഊദ് എന്ന് പറയുന്നത് അന്ന് അലിഫിന് 'അ', അയിനിന് 'ഉ', വാ'ന്നീട്ട 'ദാലിന് 'ദു' അഊദു എന്നാണ് പാഠം. ഇങ്ങിനെ ഒരു സൂറത് ഓതാനുള്ള എന്നായിരിക്കും. ഹർകത്തുകളുടെ പേർ ഫത്ഹ്, കസ്റ്, ളമ്മു എന്നൊന്നും ആയിരുന്നില്ല. ഹർകതിന് 'എറാബ്' എന്നായിരുന്നു പറഞ്ഞുവന്നിരുന്നത്. വട്ടെറാബ്, നീട്ടെറാബ്, വളഞ്ഞെറാബ്, എന്നൊക്കെയായിരുന്നു അന്നത്തെ പ്രയോഗം. പത്തു കുട്ടിക്കും പത്ത് ജാതി പാഠമായിരുന്നു. ക്ലാസ് സമ്പ്രദായം ഉണ്ടായിരുന്നില്ല. ഒററ മൊല്ലാക്കയും ഒരു വടിയും എല്ലാവരെയും നിയന്ത്രിച്ചിരുന്നു. ഇന്നത്തെ അശ്രേണീകൃത അദ്ധ്യയന (Ungrades Teaching) ത്തിനു നമ്മുടെ ഓത്തുപുരയോടു കടപ്പാടുണ്ടോ ആവൊ. ഓത്തുപള്ളിയിലെ മറക്കാനാവാത്ത മററൊരു സമ്പ്രദായമാണ് ''കയ്യടി'', ആദ്യം വന്നവന് ഒന്ന് രണ്ടാമത് വന്നവന് രണ്ട് അങ്ങിനെ ക്രമനമ്പ്ര് അനുസരിച്ച അത്ര എണ്ണം അടി ദിവസേന മുടങ്ങാതെ നടക്കും. ഈ ഓത്തുപുരയിൽ നീണ്ടകാലം നരകിച്ചിട്ട് കഷ്ടിച്ച് ഓതാൻ പഠിച്ചവൻ പിന്നെ ഉപരിപഠനത്തിന് പള്ളിദർസിൽ ചേരുന്നു. അവിടെ ആദ്യം അറബിയിലെഴുതിയ അറബി വ്യാകരണ ഗ്രന്ഥങ്ങളാണ് കുട്ടിക്ക് പഠിക്കാനുള്ളത്. തനിക്ക് അറിയാത്ത ഭാഷ, പോരെങ്കിൽ അതിന്റെ വ്യാകരണവും. ഇതൊക്കെ ആദ്യം തന്നെ കുട്ടിയിൽ വെറുപ്പും മടുപ്പും ഉണ്ടാക്കുന്നു. കടുപ്പമുള്ള കിതാബ് തിരിയാതെ കുട്ടികൾ കഷ്ടപ്പെടും. സഞ്ചാൻ ഓതിയിരുന്ന ഒരു കുട്ടിക്ക് മടുപ്പ് തോന്നി ദേഷ്യപ്പെട്ടു കിതാബ് പള്ളിയിലെ ഹൌസിലേക്ക് വലിച്ചെറിഞ്ഞു. ''സഞ്ചാനൊന്ന് പാകംവരട്ടെ ഞാൻ നാട്ടിൽപോയി വരട്ടെ'' എന്നു പറഞ്ഞു പള്ളിവിട്ടു പോയ വർത്തമാനം ആരോ പറഞ്ഞു കേട്ടിട്ടുണ്ട്. ദർസിലെ അദ്ധ്യാപന രീതി ചൊല്ലിക്കൊടുക്കലായിരുന്നു. ഭാഷ വിചിത്രവും, ''ആരിയൻ എഴുത്തു''കാരുടെ ഭാഷക്ക് അവിടെ പ്രവേശനം പാടില്ല. അവിടത്തെ ഭാഷ കേൾക്കണൊ. ശ്രദ്ധിക്കു. ഞെട്ടാന്തരം (അൽഭുതകൃത്യം) നുറുമ്പിര്യാരം (അക്രമം) എളക്കറായിമ (അത്യാവശ്യം) ഉങ്കിരിയപാട് (ശിക്ഷ) ഞെട്ടുറുമ (കുററം) വെട്ടുറുമ (വ്യവസ്ഥ) എടംതട്ടിക്കൽ (പരീക്ഷ). വഅസു പറയുമ്പൊളും ഇതെ പദങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. യാഥാസ്ഥിതികരുടെയിൽ ''തൌബ ചൊല്ലിക്കൊടുക്കൽ എന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. അതിലെ ചില വാചകങ്ങൾ ശ്രദ്ധിക്കുക. ''പശിപിശയും നുറുമ്പിരിയായിരവും ഏററമേററം ചെയ്ത് പിശയും മൂളി നിന്റെ തൌബ എന്ന വാതുക്കൽ ഞങ്ങൾ ഇതാ വന്നിരിക്കുന്നെൻ തൻഫുരാനെ''. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മാററി എടുക്കുന്നതുപോലയൊ അതിലുപരിയൊ ശ്രമകരമായ

KERALA
HERITAGE
CENTER
KALPAKANCHERY

ജോലിയായിരുന്നു ഈ ഭാഷയിൽ നിന്ന് മോചിപ്പിക്കൽ. എന്നി ദർസിലെ പാഠ്യവിഷയങ്ങളൊ, വെറും കർമ്മശാസ്ത്ര പ്രധാനമായ ഗ്രന്ഥങ്ങൾ. അറബി ഒരു ഭാഷ എന്ന നിലക്ക് പഠിപ്പിച്ചിരുന്നില്ല. ഖുർആനും ഹദീസും ബക്ത്തിനല്ലാതെ ആശയം ഗ്രഹിക്കവാൻ വേണ്ടി പഠിപ്പിച്ചിരുന്നില്ല. കിതാബിൽ എവിടെയെങ്കിലും വല്ല ആയത്തിൻെറയോ ഹദീസിൻെറയോ ശകലം വന്നാൽ അതിൻെറ അർത്ഥം പറയുകയില്ല. അതു മിസാൽ (ഉദാഹരണം) ആണെന്ന് പറഞ്ഞുവിടും. ഈ നിലയിൽനിന്ന് ഒരു പരിവർത്തനം ആവശ്യമാണെന്ന് പ്രബുദ്ധരായ പലരും ചിന്തിച്ചു തുടങ്ങി. ഓത്തുപള്ളി തൊട്ടു ദർസടക്കം ഒരു സമൂല പരിവർത്തനം ആവശ്യമാണെന്ന് ബുദ്ധിജീവികൾ പറഞ്ഞുതുടങ്ങി. ഈ വഴിക്കുള്ള ഇസ്ലാഹി പ്രവർത്തകരുടെ എഴുത്തും പ്രസംഗവുമെല്ലാം ജനങ്ങളെ ആകർഷിച്ചു. മലബാർ പ്രദേശത്ത് അന്നു ഡപ്യൂട്ടി ഇൻസ്പെക്ടറായിരുന്ന ബാവസാഹിബിന് ഇസ്ലാഹി പ്രവർത്തകരുടെ നിർദ്ദേശം വളരെ ഹൃദ്യമായി. അദ്ദേഹം പണ്ഡിതന്മാരും പൌരപ്രധാനികളും ബുദ്ധിജീവികളുമായ പലരെയും ബന്ധപ്പെട്ടു. മുസ്ലിംകളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെ പററി ചർച്ച ചെയ്യുവാൻ കോഴിക്കോട് കുററിച്ചിറയിൽവെച്ച് ഒരു യോഗം കൂടി. പല പ്രമുഖരും അതിൽ സംബന്ധിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും മററു ചില ഇസ്ലാഹീ പ്രവർത്തകരും സംബന്ധിച്ചിരുന്നു. വിശദ ചർച്ചക്ക്ശേഷം മതപഠന പദ്ധതി പരിഷ്കരിക്കേണ്ടുന്ന ആവശ്യകതയോട് എല്ലാവരും യോജിച്ചു. ഒരു പരിഷ്കരണ പദ്ധതി മൌ: കുഞ്ഞഹമ്മദാജി ആസൂത്രണം ചെയ്തത് യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. ഈ പദ്ധതിക്കു പൂർണ്ണ അംഗീകാരം സിദ്ധിച്ചു. ഈ യോഗത്തിൽ സംബന്ധിച്ച കൊയപ്പത്തൊടി അഹമ്മദ്കുട്ടി ഹാജിക്ക് അവരുടെ നാട്ടിലെ (വാഴക്കാട്) ദർസ് പരിഷ്കരിക്കണമെന്ന ആഗ്രഹം ജനിച്ചു. അദ്ദേഹം മൌലാനാ കുഞ്ഞഹമ്മദാജിയെ വാഴക്കാട്ടേക്ക് ക്ഷണിച്ചു. അങ്ങിനെ കേരളത്തിലെ പ്രഥമ പരിഷ്കൃത ദർസ് വാഴക്കാട് ദാറുൽ ഉലൂം ആയി. ആധുനിക ബോധന സമ്പ്രദായങ്ങൾ, ക്ലാസ്സ് വിഭജനം, പിരിയഡ് നിർണയം, പരീക്ഷാ സമ്പ്രദായം, പഠനകാല നിർണ്ണയം ഇങ്ങിനെ പലതും നടപ്പിലാക്കി. ബെഞ്ച്, ഡസ്ക്, മേശ, ബോർഡ്, പഠനോപകരണങ്ങൾ തുടങ്ങി ആധുനിക ഉപകരണങ്ങളും ദർസിൽ സജ്ജമാക്കി. വിദ്യാർത്ഥികൾക്ക് അറബിയിലും മലയാളത്തിലും പ്രസംഗ പരിശീലനവും ഏർപ്പെടുത്തി. കെ. എം. മൌലവി, മൊയ്തുമൌലവി, മൂസമൌലവി തുടങ്ങിയവർ അന്ന് വാഴക്കാട്ട് മൌലാനാ കുഞ്ഞഹ്മദ് ഹാജിയുടെ സഹാദ്ധ്യാപകരായിരുന്നു പാഠ്യപദ്ധതിക്ക് യോജിച്ച പാഠപുസ്തകങ്ങളും മൌലാന രചിക്കയുണ്ടായി. വ്യാകരണ പുസ്തകത്തിന് പുറമെ അറബി ഒരു ഭാഷ എന്ന നിലക്ക് പഠിക്കുവാൻ പററുന്ന ഭാഷാ പാഠകങ്ങളും രചിക്കപ്പെട്ടു. വിദ്യാഭ്യാരംഗത്ത് അതിമഹത്തായ മറെറാരു നേട്ടമാണ് മൌലാനാ കുഞ്ഞഹമ്മദാജിയുടെ അറബി മലയാള പരിഷ്ക്കരണശ്രമം. മലയാളത്തിലെ പല അക്ഷരങ്ങളും മുമ്പ് അറബി മലയാളത്തിൽ ഉണ്ടായിരുന്നില്ല. അറബി അക്ഷരമാലയിലെ അക്ഷരങ്ങൾ മാത്രം ഉപയോഗിച്ചിരുന്ന അറബി മലയാളത്തിൽ ഞ. ള. ധ. ക്ഷ.

KERALA HERITAGE CENTER KALPAKANCHERY

ഒ ഴ. തുടങ്ങിയ അക്ഷരങ്ങളൊന്നും ഉണ്ടായിരുന്നില്ല. അങ്ങിനെ മലയാളം വികൃതവും വ്യത്യസ്തവുമായിട്ടാണ് അറബി മലയാളത്തിൽ എഴുതിയിരുന്നത്. ഈ പോരായ്മ പരിഹരിച്ച് മലയാള ഭാഷയിലെ അക്ഷരങ്ങൾക്കും ഉച്ചാരണത്തിന്നും സമാനമായ അക്ഷരങ്ങൾ അറബി മലയാളത്തിൽ നിശ്ചയിച്ചു. അങ്ങിനെ അറബി മലയാളത്തെ ഒരു ശുദ്ധ ഭാഷയായി പരിഷ്കരിച്ചെടുത്തു. ഇതുവഴി അറബി മലയാളത്തെ സജീവമാക്കയും നമ്മുടെ ഇടയിൽ ഭാഷാശുദ്ധിക്ക് സഹായിക്കുകയും ചെയ്തു. ചുരുക്കത്തിൽ ഭാഷക്കുള്ളിൽ ഒരു ഭാഷതന്നെ കുഞ്ഞഹമ്മദാജി ആവിഷ്ക്കരിച്ചു. ഈ ഭാഷാ പരിഷ്ക്കരണത്തോടൊപ്പംതന്നെ ദർസ് പരിഷ്ക്കരണത്തിലും അദ്ദേഹം ശ്രദ്ധിച്ചു. മൻതിവ്, മആനി, ജുഗ്റാഫിയ, ഹിസാബ്, താരീഖ് തുടങ്ങിയ ഫൻനുകൾക്കും ഇംഗ്ലീഷ് ഭാഷക്കും പാഠ പദ്ധതിയിൽ മൌലവി സാഹിബ സ്ഥാനം നല്കി. ഈ വിഷയങ്ങൾക്കെല്ലാം മുമ്പ് ദർസിൽ പ്രവേശനമുണ്ടായിരുന്നില്ല.

മൌ: കുഞ്ഞഹമ്മദ്ഹാജിയുടെ പരിഷ്ക്കരണ പ്രവർത്തനങ്ങൾ മുസ്ലിയാക്കൾക്ക് പിടിച്ചില്ല. അവർ അദ്ദേഹത്തിന്നെതിരിൽ ബാലിശമായ പല ന്യായങ്ങളും പറഞ്ഞ് ജനങ്ങളെ ഇളക്കുവാൻ ശ്രമിച്ചു. മദ്രസയിൽ ബോർഡ് ഉപയോഗിച്ചാൽ ബോർഡിൽ എഴുതുന്ന ഖുർആൻ ആയത്തുകൾ മായിച്ചുകളയുമ്പോൾ ആ ചോക്കുപൊടി നിലത്തു വീഴും. അത് വലിയ ഹുർമത്ത് കേടാണ്. അതുകൊണ്ട് ഈ പുത്തൻ രീതി ഹറാമാണ്. ഇതായിരുന്നു അവരുടെ മുടന്തൻ വാദം. പോരെങ്കിൽ വഖഫ് സ്വത്തുകൊണ്ട് നടക്കുന്ന മദ്രസ്സകളിൽ ഇതൊരിക്കലും പാടില്ല. ശറഇന് എതിരാണ് എന്നൊക്കെ മുസ്ലിയാക്കൾ പ്രസംഗിക്കുകയും ഫത്വ ഇറക്കുകയും ചെയ്തു. പ്രശസ്തമായ നിലയിൽ നടന്നുവന്നിരുന്ന വാഴക്കാട്ടു ദാറുൽ ഉലൂമിനെ ഈ എതിർ പ്രചാരവേല ബാധിച്ചു കണ്ടപ്പോൾ മൌ. കുഞ്ഞഹമ്മദാജി വാഴക്കാട് വെടിയുകയാണുണ്ടായത്. അനന്തരം വാഴക്കാട് വെടിയുവാനുണ്ടായ കാരണവും മുസലിയാക്കളുടെ കുപ്രചരണവും താൻ ഉദ്ദേശിക്കുന്ന പാഠ്യ പദ്ധതിയുടെ വിവരണവും എല്ലാം അടങ്ങിയ സാമാന്യം വലിയ ഒരു നോട്ടീസ് കുഞ്ഞഹമ്മദാജി പ്രസിദ്ധപ്പെടുത്തി വിതരണം ചെയ്യുകയുണ്ടായി. ഇംഗ്ലീഷ് ഫർസ് കിഫായയാകയാൽ അതിനും മദ്രസയിൽ സ്ഥാനം കാണേണ്ടതാണെന്ന് അദ്ദേഹം ജനങ്ങളെ ഉണർത്തി. മൌലവി സാഹബിൻെറ പദ്ധതിക്ക് യുവാക്കളിലും ചിന്തകരിലും വലിയ സ്വീകാര്യത ലഭിച്ചു. പല സ്ഥലത്തും ഈ പദ്ധതിപ്രകാരമുള്ള മദ്രസകൾ നിലവിൽ വന്നു. കണ്ണൂർ, വളപട്ടണം, വടകര, കൊടിയത്തൂർ, പുളിക്കൽ, പറവണ്ണ, എറിയാട് എന്നിവിടങ്ങളിലെ മദ്രസകൾ പ്രത്യേകം പ്രസ്താവ്യമാണ്. കുഞ്ഞഹമ്മദാജിയുടെ ശിഷ്യന്മാർ പല ഭാഗത്തും മദ്രസാ പ്രചരണം നടത്തി വന്നു മുസ്ലിയാക്കൾ ശക്തിയായ എതിർപ്പുകൾ സംഘടിപ്പിച്ചു. ശുദ്ധ മലയാളം പറയുന്നതും മദ്രസയിൽ പഠിക്കുന്നതുമെല്ലാം മതഭ്രഷ്ടിന് കാരണമായി. വഅസുകളിൽ എടുത്തുപറയുകയും അതിൽനിന്ന് സമുദായത്തെ രക്ഷിക്കുവാൻ തേടുകയും ചെയ്തിരുന്നു. ''പച്ച മലയാളം പറയുന്നതും മദ്രസയിൽ പഠിക്കുന്നതും ദോശിയാക്കളുടെ

KERALA HERITAGE CENTER KALPAKANCHERY

കൂട്ടത്തിൽ നീ ഞങ്ങളെ ആക്കല്ലെ തൻ ഹുരാനെ'' എന്ന് തേടി ആളുകളെ ക്കൊണ്ട് ആമീൻ ചൊല്ലിച്ച ഒരു മുസ ലിയാരുടെ കഥ മർഹൂം ഇ കെ. മൗ ലവി പറഞ്ഞത് ഞാൻ ഓർക്കുകയാണ്.

മദ്രസകൾ പലേടത്തും ഉയർന്നു വന്നു. പുതിയ രീതിയിൽ പഠനം തു ടങ്ങി. മുസ്‌ലിയാക്കൾ ആലോചിച്ചു ഏനി എന്ത് വേണം! അപ്പോഴാണ് ഖു ത്ബിയുടെ ഒരു ഫത്‌വ വരുന്നത്— ''പെൺകുട്ടികൾക്ക് എഴുത്തു പഠിപ്പി ക്കൽ കറാഹത്താണെന്നും ഹറാമാണെ ന്നും ഖൌലുള്ളതിനാൽ പെൺകുട്ടി കൾക്ക് എഴുത്തു പഠിപ്പിക്കുവാൻ മത ത്തിൽ പാടില്ലാത്തതാകുന്നു.'' ഈ ഫ ത്‌വയും കൊണ്ട് നാടുനീളെ ഓടി. മു സ്‌ലിയാക്കളുടെ എല്ലാ വഅസിലും ഇ തെടുത്ത് ഉദ്ധരിച്ചു. ഇതിൻെറ ഫല മായി പലരും പെൺകുട്ടികളെ മദ്രസ യിലേക്ക് അയക്കുന്നത് നിറുത്തലാ ക്കി. ഇന്നും സമസ്തയുടെ പരീക്ഷ യിൽ പെൺകുട്ടികൾക്ക് എഴുത്ത് പ രീക്ഷ പാടില്ലപ്രെ. പണ്ടൊക്കെ ഈ വി ലക്കിന്ന് കാരണം പറഞ്ഞിരുന്നത് സ്ത്രീ കൾ പ്രേമലേഖനങ്ങളെഴുതി പുരുഷ ന്മാരെ വശീകരിക്കുമെന്നായിരുന്നു. ഇ ന്നാരും അതു പറഞ്ഞുകാണുന്നില്ല. ഖു തുബയുടെ മേൽപറഞ്ഞ ഫത്ത്‌വയെ അന്നു കേരളത്തിലെ നേതാക്കളും ബു ദ്ധിജീവികളും ശക്തമായി എതിർ ത്തു. ജനാബ് മുഹമ്മദ് അബ്ദുറഹ് മാൻ സാഹബ് ''അൽഅമീനി''ലൂടെ യും കെ സി. സി. കോരുക്കുട്ടി മൌ ലവി ''യുവലോക''ത്തിലൂടെയും ഈ ഫത്‌വയുടെ നിരർത്ഥത തുറന്നുകാ ട്ടി. ഇ. മൊയ്തുമൌലവി, ഇ. കെ. മൌലവി, കുററ്യാടി അബ്ദുല്ലക്കുട്ടി മൌലവി തുടങ്ങിയ പല പണ്ഡിത ന്മാരും ഖുതുബിയുടെ ഫത്‌വയെ എ തിർത്തവരിൽ പെടും. ഖുതുബിയു ടെ ഫത്‌വയെ അവഗണിച്ചുകൊണ്ട് ആളുകൾ തങ്ങളുടെ പെൺമക്കളെ പ ഠിപ്പിക്കുവാൻ തുടങ്ങി. അക്കാലത്ത് സ്ത്രീകളെ ഉദ്ദേശിച്ചുകൊണ്ട് ജ: കെ. സി. കോമുക്കുട്ടി മൌലവി അറബിമല യാളത്തിൽ ''നിസാഉൽ ഇസ്‌ലാം'' എ ന്ന ഒരു മാസിക തുടങ്ങി. തെക്കുഭാഗ ത്ത് വക്കം മൗലവിയുടെ ''അൽഇസ്ലാ മും'' സ്ത്രീ വിദ്യാഭ്യാസത്തെ വളരെയ ധികം പ്രോൽസാഹിപ്പിക്കയുണ്ടായി.

സമുദായത്തിൽ ഇന്ന് കാണുന്ന എല്ലാ പ്രബുദ്ധതയുടെയും പിന്നിൽ ഇസ്‌ലാഹി പ്രവർത്തകരെ കാണാം. തിരൂരങ്ങാടിയിലെ സ്ഥാപനങ്ങളുടെ മുഖ്യശിൽപി കെ. എം. മൌലവി ആ യിരുന്നു. പുളിക്കൽ മദീനത്തുൽഉലൂം അറബികോളേജിൻെറ ആദ്യജീവൻ എം. സി. അബ്ദുൽറഹ്മാൻ മൌലവിയാ യിരുന്നു. ഫറോക്ക് അറബികോളേജും ആർട്ട്സ് കോളേജും വാസ്തവത്തിൽ അബുസ്സബാഹ് മൌലവിയുടെ പദ്ധ തിയാണ്. അരീക്കോട് സുല്ലമുസ്സലാം അറബികോളേജ് എൻ. വി. സഹോദര ന്മാരുടെ പരിശ്രമമാണ്. ഉന്നതവിദ്യാ ഭ്യാസത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള ജാമി അ: നദവിയയും ഇസ്‌ലാഹി പ്രവർത്ത കരുടെ പ്രവർത്തനഫലമാണ്. വളവ ണ്ണൂർ, പറളി, മോങ്ങം തുടങ്ങി ഇന്ന് കുറെഏറെ അറബികോളേജുകൾ ഇസ്ലാ ഹി പ്രവർത്തകരുടെ പരിശ്രമഫലമാ യി നിലവിൽവന്നിട്ടുണ്ട്. സ്ത്രീകൾ ക്ക് മാത്രമുള്ള മോങ്ങം വനിതാ അറ ബികോളേജ് അടുത്തകാലത്തുണ്ടായ മ ഹാനേട്ടങ്ങളിൽ ഒന്നാണ്. പുളിക്കൽ. അരീക്കോട്, പറളി, വളവണ്ണൂർ മുത ലായ സ്ഥലങ്ങളിലെ അറബികോളേ

KERALA HERITAGE CENTER KALPAKANCHERY

ജുകളിൽ ധാരാളം പെൺകുട്ടികളും പഠിക്കുന്നുണ്ട്. മാത്രമല്ല അഫ്സലുൽ ഉലമാ പാസ്സായ കുറെ സഹോദരിമാർ ഇന്ന് നമ്മുടെ ഇടക്കുണ്ട്. ഇവർക്കെല്ലാം ജന്മം നൽകിയ അറബികോളേജുകളും ഇസ്ലാഹി പ്രവർത്തനത്തിന്റെ മായാത്ത അദ്ധ്യായമായി എന്നും സ്മരിക്കപ്പെടും. ഈ അറബികോളേജുകളുടെ സന്തതികളിലാണ് നാളത്തെ ഇസ്ലാഹി പ്രവർത്തനം സ്ഥിതി ചെയ്യുന്നതെന്ന് പറഞ്ഞാൽ അതു തെററാവുകയില്ല. ഇങ്ങിനെ നോക്കിയാൽ വിദ്യാഭ്യാസരംഗത്ത് ഇസ്ലാഹി പ്രവർത്തനം വരുത്തിയ പരിവർത്തനം അതി മഹത്താണെന്ന് കാണാം. വെറും ഒരു വിഹഗവീക്ഷണമല്ലാതെ ഈ പരിമിത പംക്തികളിൽ പ്രസ്താവിക്കുവാൻ സാധിക്കയില്ല. ഇസ്ലാഹി പണ്ഡിതൻമാരുടെ പരിശ്രമമില്ലാതിരുന്നെങ്കിൽ ഈ സമുദായം ഇന്നും ''നുറുമ്പിരിയാരത്തി''ലും ''ഞെട്ടുമയി''ലും കിടന്ന് ''ഇങ്കിരായപാടി''ൽ പെടുമായിരുന്നു

ആധുനിക വിദ്യാഭ്യാസ പ്രചരണാർത്ഥം ഇസ്ലാഹി പ്രവർത്തകർ നാടെങ്ങും പ്രസംഗങ്ങളും പ്രചരണങ്ങളും നടത്തി. യാഥാസ്തികത്വത്തിന്റെയും അജ്ഞതയുടെയും നീരാളിപ്പിടുത്തത്തിൽനിന്ന് സമുദായത്തെ ക്രമേണ മോചിപ്പിക്കുവാൻ തുടങ്ങി. മുഹമ്മദബ്ദുറഹ്മാൻ സാഹബ്, സീതിസാഹബ് തുടങ്ങിയവർ സമുദ്ധരണ പരിശ്രമത്തിൽ ആശയും ആവേശവും നൽകിയവരാണ്.

ഇസ്ലാഹീ പ്രവത്തകരുടെ ദൃഷ്ടിയിൽ മതപരമായ അറിവും ലൗകിക വിജ്ഞാനവും ഒരു നാണയത്തിന്റെ അകവും പുറവുമായിരുന്നു അതു കൊണ്ടാണ് ലൗകിക വിജ്ഞാന രംഗത്തും സമുദായത്തെ ഉദ്ധരിക്കുന്നുപയുക്തമായ പ്രായോഗിക പരിപാടികളുമായി അവർ മുന്നോട്ടുവന്നത്. അവരുടെ ആസൂത്രിതവും കാര്യക്ഷമവും നിരന്തരവുമായ പ്രവർത്തനങ്ങളില്ലായിരുന്നുവെങ്കിൽ ഇന്നിക്കാണുന്നവിധം ലൗകിക വിജ്ഞാന ശാഖകളിൽ ഉന്നത ബിരുദം നേടിയവരെ ഈ സമുദായത്തിൽ കാണാൻ കഴിയുമായിരുന്നില്ല.

ഈ രംഗത്ത് ആസൂത്രിതവും സയുക്തികവുമായ പ്രവർത്തന പരിപാടികളുമായി മുന്നോട്ടുവന്ന കേരളത്തിലെ ഒന്നാമത്തെ പരിഷ്ക്കർത്താവ് വക്കം അബ്ദുൽ ഖാദിർ മൗലവിയായിരുന്നു. അക്കാലത്ത് മുസ്ലിം കുട്ടികളെ—പെൺകുട്ടികളെ മാത്രമല്ല ആൺകുട്ടികളെയും— മാതൃഭാഷയും ലൗകിക വിഷയങ്ങളും പഠിപ്പിക്കപ്പെടുന്ന പ്രൈമറി സ്ക്കൂളുകളിൽപോലും അയക്കുന്ന പതിവ് കേരളത്തിലുണ്ടായിരുന്നില്ല. അവരെ ആകർഷിക്കാൻ വേണ്ടിയാണ് പ്രൈമറി സ്ക്കൂളുകളിൽ അറബി അദ്ധ്യാപകരെ നിയമിക്കുന്ന സമ്പ്രദായം തിരുവിതാംകൂർ ഭാഗങ്ങളിൽ ആദ്യമായി തുടങ്ങിയിരുന്നത്. അന്നു അറബി അദ്ധ്യാപകർക്ക് പറഞ്ഞിരുന്ന പേരുതന്നെ 'മുല്ലാടീച്ചർമാർ' എന്നായിരുന്നു. വക്കം മൗലവിയുടെ നേതൃത്വത്തിൽ ഏതാനും ഇസ്ലാഹീ പ്രവർത്തകർ തിരുവിതാംകൂർ ഭരണാധികാരികൾക്ക് നിരന്തരമായി മെമ്മോറാണ്ടങ്ങൾ കൊടുത്തുകൊണ്ടിരുന്നതിന്റെ ഫലമാ

KERALA HERITAGE CENTER KALPAKANCHERY

യാണിത് സാധിച്ചത്. താനൂരും വിനാ കൊച്ചി ഭാഗങ്ങളിലും ഈ സമ്പ്രദായം നിലവിൽ വന്നു. അതിന്റെ ഫലമായി ധാരാളം മുസ്‌ലിം ബാലികാ ബാലന്മാർ സ്കൂളുകളിൽ പഠിക്കാൻ തുടങ്ങി. വക്കം മൗലവിയുടെയും അനുയായികളുടെയും പ്രേരണകൊണ്ടു തന്നെ അവിടങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവും നേടിയ മുസ്‌ലിംകൾ ധാരാളമുണ്ടായി.

ലൗകിക വിജ്ഞാന വിഷയത്തിൽ വളരെ വളരെ പിന്നാക്കാവസ്ഥയിലായിരുന്ന മലബാർ മുസ്‌ലിംകളെ ഉദ്ധരിക്കാൻ വേണ്ടി മലബാർകാരായ ഇസ്‌ലാഹീ പ്രവർത്തകരും പല പല പരിപാടികളും ആവിഷ്കരിച്ചു നടപ്പിൽ വരുത്തിക്കൊണ്ടിരുന്നു. ആ മാർഗ്ഗത്തിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്ന മലപ്പുറം ഗവർമ്മെന്റ് ഹൈസ്കൂൾ. കെ. എം. മൗലവി, സീതിസാഹിബ് സി. ഒ. ടി കുഞ്ഞിപ്പക്കി സാഹിബ്, ടി. കെ. മുഹമ്മദ് മൗലവി (പാനൂർ) മുതലായ ഇസ്‌ലാഹീ പ്രവർത്തകരായിരുന്നു അതിന്റെ സൂത്രധാരകന്മാർ. മലബാറിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചു മുസ്‌ലിം രക്ഷിതാക്കളെ കണ്ടു, കുട്ടികളെ പ്രസ്തുത സ്കൂളിലേക്കയക്കാൻ അവരിൽ ചിലർ പ്രചാരവേല ചെയ്തു കൊണ്ടിരിക്കുകയും ചെയ്തിരുന്നു. പ്രാപ്തരും പക്വമതികളുമായ അദ്ധ്യാപകരെ മാത്രമേ അവിടെ നിശ്ചയിച്ചിരുന്നുള്ളൂ. അതിന്റെ അന്നത്തെ പ്രധാന അദ്ധ്യാപകനായ സി. ഒ. ടി. കുഞ്ഞിപ്പക്കി സാഹിബിന്റെ പാണ്ഡിത്യവും അധ്യാപന വൈഭവവും ഭരണ നൈപുണ്യവുമൊക്കെ അസൂയാർഹമായിരുന്നു. അങ്ങിനെ ധാരാളം മുസ്‌ലിം കുട്ടികൾ അവിടെ പഠിച്ചു തുടങ്ങി. ഇതെല്ലാം കണ്ടു വിറളി പിടിച്ച യാഥാസ്ഥിതികന്മാർ ഈ ഹൈസ്കൂൾ നശിച്ചില്ലെങ്കിൽ 'മതം അപകടത്തിൽ' എന്ന കുപ്രചരണവുമായി നാടൊട്ടുക്കു പ്രസംഗിച്ചു നടന്നിരുന്നു.

മുസ്‌ലിം സമുദായത്തിന്റെ മതപരവും ലൗകികവുമായ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ അത്ഭുതകരമായ പരിവർത്തനമുണ്ടാക്കിയ അതുല്യനായ പരിഷ്ക്കർത്താവായിരുന്ന മൗലവി അബുസ്സബാഹ് അഹ്മദലി അസ്ഹരി. വന്യമൃഗങ്ങളുടെയും ഇഴജീവികളുടെയും സ്വൈരവിഹാര കേന്ദ്രമായിരുന്ന ഫറോക്ക് കുന്നിനെ ഒരു സർവ്വകലാശാലയുടെ പ്രതീതിയുളവാക്കത്തക്ക വിദ്യാഭ്യാസ കേന്ദ്രമാക്കി മാററിയത് അദ്ദേഹത്തിന്റെ തലച്ചോറായിരുന്നു. ഇന്നു അവിടെ ഉയർന്നു നിൽക്കുന്ന അറബിക്കോളേജ്, ആർട്ട്സ് ആൻറ് സയൻസ് കോളേജ്, ട്രെയിനിംഗ് കോളേജ്, ഹൈസ്കൂൾ മുതലായ എല്ലാ സ്ഥാപനങ്ങളുടെയും ഉപജ്ഞാതാവും സൂത്രധാരകനും അദ്ദേഹമായിരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ സംസ്കാര സമ്പന്നരും മാതൃകാജീവിതത്തിന്റെ ഉടമകളുമായ എത്രയെത്ര ഉന്നത ബിരുദധാരികളെയാണ് മുസ്‌ലിം സമുദായത്തിന്നു സമ്പാദിച്ചുകൊടുത്തത്? ഫാറൂഖ് കോളേജ് സ്ഥാപിക്കപ്പെടുന്ന അവസരത്തിൽ അതിനെ എതിർത്തുകൊണ്ട് യാഥാസ്ഥിതിക പണ്ഡിതന്മാർ ഫറോക്കിലും പരിസരപ്രദേശങ്ങ

KERALA HERITAGE CENTER KALPAKANCHERY

ളിലും 'വഅസ്'' പറഞ്ഞു നടക്കുകയായിരുന്നു

തിരൂരങ്ങാടിയിൽ കാണുന്ന യത്തീംഖാന, ഓറിയന്റൽ ഹൈസ്കൂൾ, ട്രെയിനിംഗ് സ്കൂൾ. അറബികോളേജ്. പോക്കർ സാഹിബ് കോളേജ് മുതലായവ കാണുന്ന ഏതൊരാൾക്കും ഇതൊരു യൂനിവേർസിററിയാണോ എന്ന തോന്നിപ്പോകാതിരിക്കകയില്ല. അപാരമായ പാണ്ഡിത്യത്തിന്റെയും മാതൃകായോഗ്യമായ ഇസ്ലാമിക സംസ്കാരത്തിന്റെയും ഉടമകളായ എത്രയെങ്കിലും ഉന്നത ബിരുദധാരികളെ ഈ സ്ഥാപനങ്ങളും മുസ്ലിം സമുദായത്തിന്നു സംഭാവന ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. കെ. എം. മൗലവി, എം. കെ. ഹാജി മുതലായ ഇസ്ലാഹീ പ്രവർത്തകരായിരുന്നു ഈ സ്ഥാപനങ്ങളുടെ സൂത്രധാരകന്മാർ. തിരുരങ്ങാടി യത്തീംഖാനക്കും മററുമെതിരിൽ യാഥാസ്ഥിതിക പണ്ഡിതൻമാരും നേതാക്കളും നടത്തിക്കൊണ്ടിരുന്ന കുപ്രചരണങ്ങൾക്ക് കയ്യും കണക്കുമില്ല ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുകാർക്കും അധ്യാപകൻമാർക്കും അന്തേവാസികൾക്കുമെതിരിൽ തനി തെറിപ്രസംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുക. പാട്ടും മററും അച്ചടിച്ചു വിതരണം ചെയ്യുക മുതലായവ അവരുടെ നിത്യതൊഴിലായിരുന്നു.

വിദ്യാഭ്യാസ മണ്ഡലത്തിൽ ഇസ്ലാഹീ പ്രവർത്തകർ ചെലുത്തിയ സ്വാധീനത്തിന്റെ ആവേശം അടങ്ങാതെ നിലനിറുത്തുവാൻ നമുക്ക് സാധിക്കുമാറാകട്ടെ.

With Best Complements From:-

V. R. M.

TEXTILES & FOOT WEAR

VANIYAMBALAM – 679 339

MALAPPURAM Dt.

KERALA HERITAGE CENTER
KALPAKANCHERY

സ്ത്രീധനം

അഥവാ

തലതിരിഞ്ഞ മഹ്റ്

ഐ. അഹ്മദ് കോയ,
ചെയർമാൻ ബിസ്മി.

ഇസ്ലാം പ്രയാസത്തിന്റെ മതമല്ല, എളുപ്പത്തിന്റെ മതമാണ്. 'മതത്തിൽ അവൻ നിങ്ങൾക്ക് യാതൊരു പ്രയാസവും ഉണ്ടാക്കിയിട്ടില്ല.' ഖുർആനിന്റെ പ്രഖ്യാപനമാണത് ഇസ്ലാമിലെ ഇബാദത്തുകളിലെന്നപോലെ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ വ്യവസ്ഥകളിലും ഈ വസ്തുത വളരെ വ്യക്തമായി ദർശിക്കാൻ കഴിയും. പ്രയാസം കൂടിയതും അല്ലാത്തതുമായ രണ്ട് മാർഗ്ഗങ്ങളുള്ളേടത്ത് രണ്ടാമത്തേത് അവലംബിക്കുകയെന്നതായിരുന്നു നബി (സ) യുടെ സമ്പ്രദായം. താങ്ങാനാവാത്ത യാതൊന്നും മതനിയമമെന്ന നിലക്ക് ഇസ്ലാം മനുഷ്യന്റെ ചുമലിൽ വെച്ചുകെട്ടിയതായി ഒരു ഉദാഹരണവും എടുത്തു കാണിക്കുക സാധ്യമല്ല.

എല്ലാ പ്രയാസങ്ങളെയും എടുത്തു മാററി ജീവിതം നിർമ്മലവും ക്ലേശരഹിതവുമാക്കിത്തീർക്കാനാണ് നബി (സ) നിയുക്തനായതെന്ന് പരിശുദ്ധ ഖുർആൻ ഉണർത്തുന്നു. 'അദ്ദേഹം (നിരക്ഷരനായ ആ പ്രവാചകൻ) എല്ലാ ശുദ്ധമായ വസ്തുക്കളും അവർക്ക് അനുവദനീയമാക്കിക്കൊടുക്കുകയും വൃത്തികെട്ട സർവ്വതും അവർക്ക് നിഷിദ്ധമാക്കുകയും അവരുടെ മേൽ കെട്ടിവെക്കപ്പെട്ടിരുന്ന എല്ലാ ഭാരങ്ങളും കുരുക്കുകളും അവരിൽനിന്ന് ഇറക്കിവെക്കുകയും ചെയ്യുന്നു. (സൂറ: അൽ അഅ്റാഫ്)

സ്വാർത്ഥികളായ പ്രമാണിമാരും ദുർമ്മോഹികളായ പുരോഹിതന്മാരും താഴെക്കിടയിലുള്ള സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും മേൽ കെട്ടിവെച്ച ഭാരങ്ങളും കുരുക്കുകളും നിര

KERALA HERITAGE CENTER KALPAKANCHERY

വധിയായിരുന്നു. സമൂഹത്തിലെ സ്ത്രീ വിഭാഗമായിരുന്നു അതിൻെറ ദുരിതം ഏററവും കൂടുതൽ അനുഭവിച്ചിരുന്നത്. എന്നാൽ ഇസ്ലാം അതെല്ലാം ദുർബ്ബലപ്പെടുത്തി. സ്ത്രീക്ക് സമുദായത്തിൽ മാന്യമായ സ്ഥാനവും ബഹുമതിയും നൽകി. അവളെ ഗൃഹനാഥയായി അവരോധിച്ചു. അവളുടെ മാന്യതക്കുള്ള അംഗീകാരമെന്ന നിലക്ക് പുരുഷൻ അവളെ വധുവായി ഏററെടുക്കുമ്പോൾ വിവാഹമൂല്യം കൊടുക്കണമെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തു.

വൈവാഹിക വിഷയത്തിൽ ഇസ്ലാമിക നിർദ്ദേശങ്ങളുടെ പ്രയാസരഹിതമായ പ്രായോഗികത അനുഭവങ്ങളിലൂടെ തെളിഞ്ഞുകഴിഞ്ഞതാണ്. എന്നാൽ മററ് പല വിഷയങ്ങളിലുമെന്നപോലെ വിവാഹത്തിലും സുന്നത്തുകൾക്ക് പകരം പല ബിദ്അത്തുകളും കടത്തിക്കൂട്ടിയതിനാൽ വൈവാഹിക ജീവിതം സമുദായത്തിൻെറ ഒരു സങ്കീർണ്ണ പ്രശ്നമായി മാറിയിരിക്കയാണ്.

പ്രായപൂർത്തിയെത്തി, ദാമ്പത്യ ബന്ധത്തിലേർപ്പെടുന്നതിന്നുള്ള കഴിവ് ആർജ്ജിച്ചാൽ വിവാഹബന്ധത്തിലേർപ്പെടണമെന്ന് ഇസ്ലാം ശക്തിയായി ഉപദേശിക്കുന്നു. സത്യവിശ്വാസികൾ സംശുദ്ധരും സംസ്കാരസമ്പന്നരുമായിരിക്കണമെന്നു ഇസ്ലാമിന്ന് നിർബ്ബന്ധമുണ്ട്, പ്രായപൂർത്തിയെത്തിയ അവിവാഹിതരായ യുവതീയുവാക്കൾ എമ്പാടുമുള്ള ഒരു സമൂഹത്തിൽ ധാർമ്മിക ഭദ്രത നിലനിർത്തുകയെന്നത് പ്രയാസമേറിയ കാര്യമാണ്.

പരിശുദ്ധ ഖുർആൻ സമൂഹത്തോട് പൊതുവിലും രക്ഷിതാക്കളോട് പ്രത്യേകിച്ചും ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: ''നിങ്ങളിൽ അവിവാഹിതരായിട്ടുള്ള സ്ത്രീ പുരുഷൻമാരെയും (അതെപോലെ) നിങ്ങളുടെ അധീനതയിലുള്ള അർഹരായ പരിചാരക പരിചാരികമാരെയും നിങ്ങൾ വിവാഹിതരാക്കുക; അവർ ദരിദ്രരാണെങ്കിൽ അല്ലാഹു അവൻെറ അനുഗ്രഹത്തിൽനിന്നും അവരെ ഐശ്വര്യവാൻമാരാക്കിത്തീർക്കുന്നതാണ്'' (സൂറ: അന്നൂർ).

ബുഖാരി ഉദ്ധരിച്ച നബിവചനത്തിൽ ഇങ്ങിനെ കാണാം. ''യുവജനങ്ങളേ,! നിങ്ങളിലാർക്കെങ്കിലും വിവാഹത്തിനുള്ള കഴിവുണ്ടായാൽ ഉടനെ വിവാഹം നടത്തട്ടെ! ലൈംഗിക സുരക്ഷിതത്വത്തിന്നും ദൃഷ്ടിയെ നിയന്ത്രിക്കുന്നതിന്നും ഏററവും ഉപയുക്തമാണത്. ഇനി ആരെങ്കിലും അതിന്നുള്ള കഴിവ് നേടീട്ടില്ലെങ്കിൽ അവൻ വ്രതം അനുഷ്ടിക്കട്ടെ. തീർച്ചയായും അതവന്ന് രക്ഷയാണ്''. ഇവിടെ പരാമർശിക്കപ്പെട്ട കഴിവ് പ്രധാനമായും സാമ്പത്തികമാണെന്ന് ഈ ഹദീസ് ആദ്യന്തം പരിശോധിച്ചാൽ വ്യക്തമാകും. കാരണം ശാരീരിക കഴിവില്ലാത്തവനെ സ്സംബന്ധിച്ചേടത്തോളം വ്രതമെടുത്ത് വികാരശമനം വരുത്തേണ്ട പ്രശ്നമുൽഭവിക്കുന്നില്ല. സാമ്പത്തികശേഷിയില്ലാത്തവൻ സ്ത്രീയുടെ ഭാഗത്ത്നിന്നും പണം കരസ്ഥമാക്കി കഴിവുണ്ടാക്കി വിവാഹം നടത്തണമെന്നു ഇസ്ലാം കൽപ്പിക്കുന്നില്ല. നേരെമറിച്ചു വിവാഹത്തിനുപകരം വ്രതം മുഖേന ആത്മനിയന്ത്രണം നേടിയെടുക്കാനാണ് അവനോടു അനുശാസിക്കുന്നത്.

പ്രായമെത്തുകയും കഴിവാർജ്ജിക്കുകയും ചെയ്തവരെ വിവാഹത്തിനു പ്രേരിപ്പിക്കുന്ന വചനങ്ങൾ ഖുർ

KERALA HERITAGE CENTER KALPAKANCHERY

ആനിലും ഹദീസിലും ധാരാളമുണ്ട്. ബ്രഹ്മചര്യം പ്രകൃതിക്ക് നിരക്കാത്തതാകയാൽ പ്രകൃതിമതമായ ഇസ്ലാം അതംഗീകരിക്കുന്നില്ല. ഇസ്ലാമിൽ സന്യാസമില്ല. പരിത്യാഗ ജീവിതം കൈക്കൊള്ളാൻ പ്രതിജ്ഞയെടുത്തവരെപ്പററി കേട്ടപ്പോൾ നബി(സ) കഠിന ഭാഷയിൽ അവരെ ആക്ഷേപിക്കുകയാണുണ്ടായത്. ''അത്തരം ആളുകൾ നമ്മുടെ കൂട്ടത്തിൽ പെട്ടവരല്ല'' അവിടുന്നു പ്രഖ്യാപിച്ചു.

ഇസ്ലാമിക വിവാഹം

സ്ത്രീയുടെ കൈകാര്യ കർത്താവ് രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പുരുഷനോട് അവളെ അയാൾക്കു വിവാഹം ചെയ്തു കൊടുത്തതായി പ്രഖ്യാപിക്കുക; താൻ അത് സ്വീകരിച്ചുവെന്നു വരനും പ്രഖ്യാപിക്കുക. ഇതാണ് ഇസ്ലാമിലെ വിവാഹം. എന്നാൽ വരൻ വധുവിന്ന് മഹ്റ് (വിവാഹമൂല്യം) നൽകിക്കൊണ്ടായിരിക്കണം അവളുമായി ദാമ്പത്യ ബന്ധത്തിലേർപ്പെടേണ്ടതെന്ന് ഇസ്ലാം നിഷ്കർഷിച്ചിട്ടുണ്ട്.

നബിയുടെ അടുക്കൽ ആഗതയായ ഒരു സ്ത്രീയെ, തനിക്ക് വിവാഹം ചെയ്തു തരേണമെന്ന് ഒരു സഹാബി നബിയോട് അപേക്ഷിച്ചു. വിവാഹമൂല്യമായി സ്ത്രീക്ക് നൽകാൻ ആ സഹാബിയുടെ പക്കൽ വിലപിടിപ്പുള്ള വല്ലതും ഉണ്ടോ എന്നു നബി(സ) ആരാഞ്ഞു. ഇല്ലെന്നറിഞ്ഞപ്പോൾ ഒരു ഇരുമ്പ് മോതിരമെങ്കിലും ഉണ്ടോ എന്നു നബി(സ) തിരക്കി. ഉടുത്തിരിക്കുന്ന ഗുണ്ടല്ലാതെ മറെറാന്നും തൻെറ വശമില്ല എന്നായിരുന്നു സ്വഹാബിയിൽ നിന്നുമുള്ള പ്രതികരണം.

ബുഖാരി ഉദ്ധരിച്ച പ്രസ്തുത സംഭവത്തിൽനിന്നും സ്ത്രീക്ക് വരൻ വിവാഹമൂല്യമായി വല്ലതും കൊടുത്തേ പററൂ എന്നും അത് വിവാഹത്തിലെ ശർത്ത് അഥവാ നിബന്ധനയാണെന്നും മനസ്സിലാക്കാം. മറിച്ചു ഒരു മൊട്ടുസൂചിയെങ്കിലും വരന്ന് അങ്ങോട്ട് കൊടുക്കാൻ ശറഇൽ നിബന്ധനയുള്ളതായി ഒരു സൂചനപോലും കാണുകയില്ല.

ഇഷ്ടദാനം

മുൻകൂട്ടിയുള്ള യാതൊരു കണ്ടീഷനുമില്ലാതെ സ്വന്തം അഭിലാഷമനുസരിച്ച സൗജന്യമായി ഒരാൾ തൻെറ ജാമാതാവിന്ന് എന്തെങ്കിലും കൊടുക്കുന്നതിനെയോ സഹായിക്കുന്നതിനെയോ മതം നിരോധിക്കുന്നില്ല. എന്നാൽ ഇന്നു നമ്മുടെ നാട്ടിൽ നടപ്പുള്ള സ്ത്രീധനസമ്പ്രദായം അത്തരത്തിലുള്ള സഹായ സഹകരണമാണോ? അല്ലെന്ന് സർവ്വരും സമ്മതിക്കും. ഇവിടെ ഒരുതരം തലതിരിഞ്ഞ മഹ്റാണ് നടക്കുന്നത്. വിവാഹത്തിന്നു സമ്മതിക്കേണമെങ്കിൽ സ്ത്രീയുടെ ഭാഗത്തുനിന്നും ഭീമമായ ഒരു തുകയോ അതിൻെറ വിലക്കുള്ള വസ്തുവോ കിട്ടേണമെന്ന് പുരുഷൻ ശഠിക്കുന്നു. വിലപേശി അത് ആദ്യം ഉറപ്പിക്കുകയും ചെയ്യുന്നു. അതേ അവസരം സ്ത്രീക്ക് കൊടുക്കേണ്ടുന്ന മഹ്റ് പലേടങ്ങളിലും ചർച്ചാ വിഷയമാവുകപോലും ചെയ്യാറില്ല.

KERALA HERITAGE CENTER KALPAKANCHERY

ഇനി ആവശ്യപ്പെട്ട സ്ത്രീധനം മുഴുവനും വിവാഹാനന്തരം നിശ്ചിത അവധിക്കകം കൊടുത്തുവിടുന്നതിൽ വീഴ്ച വന്നുപോയെങ്കിലോ, അങ്ങിനെ ഉപാധി വെച്ചു നടന്ന ബന്ധം അലസിപ്പിരിയുകയായി. അപ്പോൾ സംഗതി സൗജന്യത്തിന്റെയോ സംഭാവനയുടേയോ ഒന്നുമല്ല. അവിഹിത മാർഗ്ഗത്തിൽ ധനം സമ്പാദിക്കാനുള്ള മാദ്ധ്യമമായി തരംതാണിരിക്കുകയാണ് ഇത്തരം വിവാഹങ്ങൾ.

സ്ത്രീധനത്തെച്ചൊല്ലി

പ്രശ്നഹേതുകവും ഹീനവുമായ സ്ത്രീധന സമ്പ്രദായത്തിന്റെ പേരിൽ കുടുംബങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ നിരവധിയത്രെ. വിവാഹപ്രായമെത്തി പുരനിറഞ്ഞു നിൽക്കുന്ന മകളെ പണ്ടവും പണവും നൽകി വിവാഹം ചെയ്തുകൊടുക്കുവാൻ യാതൊരു മാർഗ്ഗവും കാണാതെ സഹായാഭ്യർത്ഥനയുമായി തെരുവ് തെണ്ടുന്ന പിതാക്കൾ, തദാവശ്യാർത്ഥംതന്നെ രശീതി പുസ്തകങ്ങളുമായി കടകൾതോറും കയറിയിറങ്ങുന്ന സാമൂഹ്യ പ്രവർത്തകർ, സ്ത്രീധനത്തിനുള്ള വകയൊരുക്കാൻവേണ്ടി കിടപ്പാടം വിററും ഭാരിച്ച കടബാദ്ധ്യതയിലകപ്പെട്ടു നിത്യ ദു:ഖിതരായി കഴിയുന്ന കുടുംബങ്ങൾ — ഇവരുടെ യാതനകൾ അറിഞ്ഞിട്ടില്ലാത്ത ഭാവത്തിൽ നിർലജ്ജം പണം വാങ്ങി കീശയിൽ താഴ്ത്തുന്ന സാക്ഷാൽ വരനാകുന്ന യാചകൻ. സമുദായം എത്ര ആഴത്തിൽ അധ:പതിച്ചിരിക്കുന്നു!

സ്ത്രീധന സമ്പ്രദായം വരുത്തിവെച്ച വിനകൾ

പൊന്നും പണവും നൽകി പെൺമക്കളെ വിവാഹം ചെയ്തുകൊടുക്കാൻ നിവൃത്തി മാർഗ്ഗം കാണാതെ മനം നൊന്ത് മാനസിക രോഗികളായിത്തീരുന്ന മാതാക്കൾ, നിശ്ചയമുള്ളപ്രകാരം തുകയും മററും ജാമാതാവിന് അവധിക്ക് മുമ്പ് കൊടുക്കാൻ കഴിയാതെ മാനഹാനി ഭയന്ന് ജീവനൊടുക്കുന്ന കുടുംബനാഥൻ — സ്ത്രീധന സമ്പ്രദായത്തിന്റെ രക്തസാക്ഷികളാണിവർ!

ഇതിനെ ന്യായീകരിക്കാൻ സാമാന്യ ബുദ്ധിയുള്ള ആരെങ്കിലും മുതിരുമോ?

ദീനിൽ ഇല്ലാത്ത ശർത്ത്

നബി (സ)യുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നിബന്ധനകൾ ഇടപാടുകളിൽ ഏർപ്പെടുത്തുവാൻ നമുക്കധികാരമില്ല. ആയതിനാൽ വിവാഹമാകുന്ന ഇടപാടിൽ സ്ത്രീധനമെന്നത് സുന്നത്തിന്ന് നിരക്കാത്ത ശർത്താണെങ്കിൽ അത് നിഷിദ്ധവും വർജ്ജ്യവുമാണ്.

KERALA HERITAGE CENTER
KALPAKANCHERY

പ്രൊഫസർ: കെ. അഹമദ്കുട്ടി സാഹിബ്
(പ്രിൻസിപ്പാൾ P. S. M. O. കോളേജ്, തിരൂരങ്ങാടി)

മാസപ്പിറവി

റമളാനും പെരുന്നാളും അടുത്തു വരുമ്പോൾ എല്ലാവരും 'മാസം' നോക്കും. മഗ്‌രിബിന്നുശേഷം പടിഞ്ഞാറുഭാഗത്തേക്ക് നോക്കിയിരിക്കയും ഹിലാൽ കാണാതെ നിരാശപ്പെട്ട് മടങ്ങുകയും ചെയ്യും. ആ നിരാശ തീർക്കാനെന്നവണ്ണം പിന്നീടുള്ള ഒന്നുരണ്ട് രാത്രികളിൽ ചന്ദ്രന്റെ ഉയരവും വലിപ്പവും നോക്കി ഒന്നാംരാവോ രണ്ടാംരാവോ എന്ന സംശയം പ്രകടിപ്പിക്കും. തുടർന്നുള്ള രാത്രികളിൽ ചന്ദ്രൻ എപ്പോൾ പ്രത്യക്ഷപ്പെട്ടാലും ആരും അത് ശ്രദ്ധിക്കാറില്ല. ശ്രദ്ധിക്കേണ്ട ആവശ്യവുമില്ല. ഇതാണ് സാധാരണക്കാരനും മാസപ്പിറവിയും തമ്മിലുള്ള ബന്ധം.

ഹിലാൽ (മാസപ്പിറവി) കാണാൻ സാദ്ധ്യതയില്ലാത്തപ്പോൾ വല്ല മേഘശകലവും കണ്ട് ഹിലാലെന്നു നാം തെറ്റിദ്ധരിച്ചേക്കും; ഹിലാൽ കാണാൻ സാദ്ധ്യതയുള്ളപ്പോൾ തന്നെ ഹിലാൽ എത്ര സമയം എവിടെ പ്രത്യക്ഷപ്പെടും എന്നൊന്നും അറിയാത്തതുകൊണ്ട് നമുക്കത് കാണാൻ കഴിഞ്ഞില്ലെന്നു വരും. ഇതുരണ്ടും ഒഴിവാക്കുകയും മാസപ്പിറവി നോക്കുവാൻ പൊതുജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുവാനാണ് നദ്‌വത്തുൽ മുജാഹിദീന്റെ ആഭിമുഖ്യത്തിൽ ഹിലാൽ കമ്മിറ്റി രൂപംകൊണ്ടത്. മാസപ്പിറവിയെക്കുറിച്ച് പലർക്കും പല സംശയങ്ങളും കാണാം. അത്തരം സംശയങ്ങൾ നീക്കുവാനും മാസപ്പിറവിയെക്കുറിച്ച് ഒരു സാമാന്യ ജ്ഞാനം നൽകാനുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ന്യൂമൂൺ

ഭൂമി അതിന്റെ അച്ചുതണ്ടിൽ സ്വയം ഭ്രമണം ചെയ്യുന്നത് കൊണ്ടാണല്ലോ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം കിഴക്കുദിച്ച് പടിഞ്ഞാറസ്തമിക്കുന്നതായി നമുക്ക് തോന്നുന്നത്. തൽകാലത്തേക്ക് ഭൂമിയുടെ ഈ ചലനം നിർത്തിവെച്ചുവെന്ന് സങ്കൽപിക്കുക. എങ്കിൽ എന്തായിരിക്കും നമ്മുടെ അനുഭവം. സൂര്യൻ പടിഞ്ഞാറുദിച്ച് വളരെ സാവധാനം സഞ്ചരിച്ച് 6 മാസം കൊണ്ട് കിഴക്ക് അസ്തമിക്കും. ചന്ദ്രനാകട്ടെ പടിഞ്ഞാറുദിച്ച്

KERALA HERITAGE CENTER KALPAKANCHERY

കിഴക്ക് അസ്തമിക്കുവാൻ $13\frac{1}{2}$ ദിവസവുമെടുക്കും. ഭൂമി അതിന്റെ അച്ചുതണ്ടിൽ ഭ്രമണം ചെയ്യുമ്പോഴും ഇത് തന്നെയാണ് സംഭവിക്കുന്നത്. പക്ഷെ സൂര്യന്റെ കിഴക്കോട്ടുള്ള ഈ ചലനം നമുക്ക് ദൃശ്യമാകുന്നില്ല. എന്നാൽ ചന്ദ്രന്റേത് നോക്കിക്കാണാൻ പ്രയാസമില്ല. മാസപ്പിറവിക്ക് ശേഷം ചന്ദ്രൻ പടിഞ്ഞാറെ ചക്രവാളത്തിൽ കൂടുതൽ കൂടുതൽ ഉയരത്തിൽ പ്രത്യക്ഷപ്പെടുന്നത് നാം ശ്രദ്ധിച്ചിരിക്കും. ചന്ദ്രൻ പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് നീങ്ങുന്നുണ്ടെന്നാണ് ഇത് കാണിക്കുന്നത്.

കൃത്യമായി പറഞ്ഞാൽ, ഭൂമിക്കു ചുറ്റും ഒരു പ്രാവശ്യം പ്രദക്ഷിണം വെക്കാൻ ചന്ദ്രൻ 27.321661 ദിവസവും സൂര്യൻ 365.25636042 ദിവസവുമെടുക്കുന്നു. സൂര്യനും ചന്ദ്രനും നമുക്കു ചുറ്റും മൽസരിച്ചോടിക്കൊണ്ടിരിക്കുന്ന രണ്ട് അത്ലറ്റുകളാണെന്ന് സങ്കൽപിക്കുക. 'ഔട്ടർ ട്രാക്കി'ലൂടെ കൂടുതൽ ദൂരം ഓടേണ്ടി വരുന്ന സൂര്യൻ ഒരു റൗണ്ട് പൂർത്തിയാക്കുമ്പോഴേക്കും 'ഇന്നർ ട്രാക്കി'ലൂടെ ചന്ദ്രൻ എളുപ്പത്തിൽ അനേകം റൗണ്ടുകൾ പൂർത്തിയാക്കുന്നു. അതിനാൽ ചന്ദ്രന്ന് പല പ്രാവശ്യവും സൂര്യനെ മറികടക്കാൻ അവസരം ലഭിക്കുന്നു. ഇങ്ങിനെ ചന്ദ്രൻ സൂര്യനെ 'ഓവർടെയ്ക്ക്' ചെയ്യുമ്പോൾ ഭൂമിയിൽ നിന്ന് നോക്കുന്ന നമുക്ക് സൂര്യനെയും ചന്ദ്രനെയും ഒരു നിമിഷനേരത്തേക്ക് ഒരേ ദിശയിൽ 'കാണാം'. ചന്ദ്രന്റെ ഈ മറികടക്കലിനെയാണ് ന്യൂമൂൺ, കറുത്തവാവ്, അമാവാസി എന്നൊക്കെ പറയുന്നത്. ഒരു ന്യൂമൂൺ കഴിഞ്ഞ് ശരാശരി 29.530589 ദിവസം കഴിഞ്ഞാൽ മറ്റൊരു ന്യൂമൂൺ ഉണ്ടാകുന്നു.

ഹിലാൽ ഉദയം

ഒരു ന്യൂമൂൺ സംഭവിക്കുന്നതോടെ പുതിയ മാസം പിറക്കുകയായി. പക്ഷെ പുതിയ ചന്ദ്രനെ (ഹിലാലിനെ)ഉടനെ കണ്ടെന്നു വരില്ല. പകലാണ് ന്യൂമൂൺ ഉണ്ടാകുന്നതെങ്കിൽ, സൂര്യപ്രകാശത്തിൽ ചന്ദ്രൻ ദൃശ്യമാകുന്നില്ല. (സൂര്യ ഗ്രഹണ സമയത്ത് ചന്ദ്രന്റെ ഇരുണ്ട ഭാഗം നാം കാണുന്നുവെങ്കിലും) രാത്രിയാണ് ന്യൂ മൂൺ ഉണ്ടാകുന്നതെങ്കിൽ, സൂര്യൻ ചക്രവാളത്തിനു താഴെയായിരിക്കും; അതിന്റെ തൊട്ടടുത്ത് നിൽക്കുന്ന ചന്ദ്രനും ചക്രവാളത്തിനു താഴെത്തന്നെ. അതിനാൽ അപ്പോഴും ഹിലാലിനെ കാണാൻ കഴിയുന്നില്ല,

ഒരു ന്യൂമൂണിന് തൊട്ടുമുമ്പ് ചന്ദ്രൻ സൂര്യനെ പടിഞ്ഞാറ് നിന്ന് സമീപിക്കുന്നു. ന്യൂമൂൺ കഴിഞ്ഞാൽ ചന്ദ്രൻ സൂര്യന്റെ കിഴക്ക് ഭാഗത്തായി. രണ്ട് പേരും പടിഞ്ഞാറ് നിന്ന് കിഴക്കോട്ടേക്ക് മൽസരിച്ചോടുകയാണെന്ന് നേരത്തെ പറഞ്ഞതോർക്കുമല്ലോ.

ഒരു ന്യൂമൂണിനു ശേഷം ഹിലാൽ ദൃശ്യമാവുകുവാൻ അടുത്ത സൂര്യാസ്തമനം വരെ കാത്തിരിക്കണം. സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിന് താഴെ മറഞ്ഞാൽ അതിന്റെ കിഴക്ക് സ്ഥിതി ചെയ്യുന്ന ഹിലാൽ ചക്രവാളത്തിന് മീതെ പ്രത്യക്ഷപ്പെടും.

ഹിലാൽ—അസ്തമനം

ന്യൂമൂണിനുശേഷം മണിക്കൂറിൽ $\frac{1}{2}$ ഡിഗ്രി വേഗതയിൽ ഹിലാൽ സൂര്യനിൽ നിന്നും അകന്നകന്ന് കിഴക്കോട്ട് നീങ്ങുന്നു. ഒരു പ്രദേശത്ത് രാ

KERALA HERITAGE CENTER KALPAKANCHERY

ത്രി 12 മണിക്ക് ന്യൂമൂൺ ഉണ്ടാകുകയും അവിടെ പിറേറന്ന് 6 മണിക്ക് സൂര്യൻ അസ്തമിക്കുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. എങ്കിൽ ന്യൂമൂൺ ഉണ്ടായി 18 മണിക്കൂർ കഴിഞ്ഞാണ് അവിടെ സൂര്യാസ്തമനം. ഈ 18 മണിക്കൂർ സമയത്ത് ഹിലാൽ സൂര്യനിൽനിന്നും 9 ഡിഗ്രി ($18 \times \frac{1}{2} = 9$) അകന്ന് കിഴക്കോട്ട് പോയിട്ടുണ്ടാകും. അതിനാൽ സൂര്യൻ അസ്തമിക്കുമ്പോൾ ഹിലാൽ പടിഞ്ഞാറെ ചക്രവാളത്തിൽ നിന്ന് 9 ഡിഗ്രി മീതെയായിരിക്കും, അതായത് മേൽപ്പറഞ്ഞ പ്രദേശത്ത് സൂര്യൻ അസ്തമിച്ച് 36മിനിട്ട് ($9 \times 4 = 36$) കഴിഞ്ഞ് ഹിലാൽ അസ്തമിക്കുന്നു. (ഭൂമി പടിഞ്ഞാറു നിന്ന് കിഴക്കോട്ട് അതിന്റെ അച്ചുതണ്ടിൽ ഭ്രമണം ചെയ്യുന്നത് 24 മണിക്കൂറിൽ 360 ഡിഗ്രി അഥവാ 4മിനുട്ടിൽ ഒരു ഡിഗ്രി എന്ന വേഗതയിലാണ്.)

ഫറോക്ക്

1982 ഫിബ്രവരി 24–ാംനു- രാവിലെ 2–43ന്നാണ് ന്യൂമൂൺ ഉണ്ടാകുന്നത്. പിന്നീട് ഏകദേശം 16 മണിക്കൂർ കഴിഞ്ഞാൽ ഫറോക്കിൽ സൂര്യാസ്തമനമായി. ഈ സമയത്തിനുള്ളിൽ ഹിലാൽ സൂര്യനിൽനിന്നും 8 ഡിഗ്രി അകന്ന് കിഴക്കോട്ട് പോയിട്ടുണ്ടാകും. അതിനാൽ സൂര്യൻ അസ്തമിച്ച് 32മിനുട്ട് കഴിഞ്ഞാണ് അന്ന് ഫറോക്കിൽ ഹിലാൽ അസ്തമിക്കുന്നത്. മേൽപറഞ്ഞത് ശരാശരി കണക്ക് മാത്രമാണ്. ഫറോക്കിന്റെ കൃത്യമായ ധ്രുവാംശരേഖയും അക്ഷാംശരേഖയും ഉപയോഗിച്ച് ചന്ദ്രാസ്തമനം കണക്കാക്കിയാൽ സൂര്യൻ അസ്തമിച്ച് 33 മി. കഴിഞ്ഞാണ് ചന്ദ്രാസ്തമനമെന്ന് കാണാം.

ക്ലോക്കിലെ ന്യൂമൂൺ

ഒരു ക്ലോക്ക് നിങ്ങളുടെ സ്വീകരണ മുറിയുടെ വടക്കെ ചുമരിൽ തൂക്കിയിട്ടുകൊണ്ട് മാസപ്പിറവി നിങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാം. വലിയ സൂചിയുടെ അററം M എന്നും ചെറിയ സൂചിയുടെ അററം S എന്നും അടയാളപ്പെടുത്തുക. ക്ലോക്കിന്റെ കേന്ദ്രബിന്ദുവായ O യിലാണ് S ന്റെയും M ന്റെയും നീക്കങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന നിരീക്ഷകനിരിക്കുന്നത്. 9, 3 എന്നീ അക്കങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് O യിലൂടെ ഒരു രേഖ ചുമരിൽ ഇരുവശത്തേക്കും നീട്ടിവരച്ചാൽ, അതായിരിക്കും O യെ സംബന്ധിച്ചേടത്തോളം ചക്രവാളം. സൂചികൾ ഈ രേഖയുടെ താഴെ വരുമ്പോൾ, Sഉം Mഉം ചക്രവാളത്തിന് താഴെ മറയുന്നു; O യിലെ നിരീക്ഷകന് അവയെ കാണാൻ കഴിയുന്നില്ല. 12 മണി സമയത്ത് S നെയും M നെയും ഒരേ ദിശയിലായിരിക്കും O കാണുന്നത്. ക്ലോക്കിലെ ന്യൂമൂൺ സംഭവിച്ചുവെന്നർത്ഥം. ഇത് ഒരു നിമിഷ നേരം മാത്രം അനുഭവപ്പെടുന്നു. അപ്പോഴേക്കും വലിയ സൂചി (ചന്ദ്രൻ) ചെറിയ സൂചി (സൂര്യൻ) യിൽ നിന്നും അകന്നു കിഴക്കോട്ട് സഞ്ചരിക്കുകയായി. പിന്നീട് മറെറാരു ന്യൂമൂൺ ഉണ്ടാകാൻ ഒരു മണിക്കൂർ കഴിഞ്ഞാൽ പോരാ. $1\frac{1}{11}$ മണിക്കൂർ കഴിയണം. ഭൂമിയെ ഒരു പ്രാവശ്യം ചുററാൻ ചന്ദ്രന് 27.321661 ദിവസം മതിയെങ്കിലും ഒരു ന്യൂമൂൺ ഉണ്ടായി മറെറാന്നുണ്ടാകുവാൻ 29.530589 ദിവസം കഴിയണം) പിന്നീട് $2\frac{2}{11}$ മണിക്ക് മറെറാരു ന്യൂമൂണുണ്ടാകുന്നു. ഇത് രണ്ടും O യെ സംബന്ധിച്ചേടത്തോളം 'പകലാ'ണ്

KERALA HERITAGE CENTER KALPAKANCHERY

ഉണ്ടാകുന്നത്. എന്നാൽ $8\frac{6}{11}$ മണിക്കു ണ്ടാകുന്ന ന്യൂമൂൺ 'രാത്രി'യാണ് സംഭവിക്കുന്നത്. ഈ ന്യൂമൂൺ ഉണ്ടാ യി അൽപസമയം കാത്തിരുന്നാൽ O യിലെ നിരീക്ഷകനു പ്രഥമ ചന്ദ്രനെ കാണാം. 8-46നു- വലിയ സൂചി (M) പടിഞ്ഞാറെ ചക്രവാളത്തിന് മുകളി ലും ചെറിയത് (S) ചക്രവാളത്തിനു താഴെയും വരുമ്പോഴാണ് ഈ 'ഹിലാൽ' ഉദിക്കുന്നത്.

ചന്ദ്രൻ—അക്ഷാംശവും ധ്രുവാംശവും

ഭൂമിയുടെ ഉപരിതലത്തിൽ ഒരു സ്ഥലത്തിൻെറ സ്ഥാനം നിർണ്ണയി ക്കുന്നത് അക്ഷാംശ രേഖകളേയും (Latitude) ധ്രുവാംശരേഖകളെയും (Longitude) അടിസ്ഥാനമാക്കിയാണ്. ആദ്യത്തേത് ആ സ്ഥലം ഭൂമദ്ധ്യരേ ഖയിൽനിന്ന് ഇത്ര വടക്ക് അല്ലെങ്കിൽ ഇത്ര തെക്ക് സ്ഥിതി ചെയ്യുന്നു എ ന്ന് കാണിക്കുന്നു. രണ്ടാമത്തേത് ആ സ്ഥലം ഗ്രീനിച്ച് ധ്രുവാംശ രേഖ യിൽനിന്ന് ഇത്ര ഡിഗ്രി കിഴക്ക് അ ല്ലെങ്കിൽ ഇത്ര ഡിഗ്രി പടിഞ്ഞാറ് സ്ഥിതിചെയ്യുന്നുവെന്നും കാണിക്കു ന്നു. ഇതുപോലെ ആകാശഗോളത്തിൽ ഒരു വസ്തുവി (ചന്ദ്രൻ, സൂര്യൻ, ന ക്ഷത്രങ്ങൾ) ൻെറ സ്ഥാനം നിർണ്ണയി ക്കുവാൻ ഒരു ലാററിററ്യൂഡും ലോൺ ജിററ്യൂഡും നിർവ്വചിക്കപ്പെട്ടിട്ടുണ്ട്.

ഭൂമി വർഷത്തിലൊരിക്കൽ സൂ ര്യനു ചുററും സഞ്ചരിക്കുന്നുണ്ടല്ലോ. ഈ സഞ്ചാരം നമുക്ക് അവലേപ്പെടുന്ന ത്, സൂര്യൻ വർഷത്തിലൊരിക്കൽ ഭൂ മിക്കു ചുററും പോകുന്നതായിട്ടാണ്.

ഈ വാർഷിക സഞ്ചാരത്തിൽ സൂ ര്യൻ ആകാശഗോളത്തിൽ വരക്കുന്ന വൃ ത്തമാണ് എക്ളിപ്ററിക്ക് (Ecliptic) ഈ വൃത്തത്തിൽ നിന്ന് (ഭൂമദ്ധ്യരേഖ യിൽ നിന്നെന്നപോലെ) വടക്കോട്ടും തെക്കോട്ടും അളക്കുന്ന ദൂരങ്ങളെ ലാ ററിററ്യൂഡെന്ന് പറയുന്നു. ഈ വൃ ത്തത്തിൽ സ്ഥിരമായ ഒരു ബിന്ദു സ ങ്കൽപിക്കുന്നു. ഈ ബിന്ദുവിൽ നി ന്ന് എക്ളിപ്ററിക്കിലൂടെ ലോൺജി ററ്യൂഡും അളക്കുന്നു.

ഹൊറിസോണ്ടൽ പാരലാക്സ്

ചന്ദ്രാസ്തമനം ഭൂമിയുടെ ഉപ രിതലത്തിൽ O എന്ന സ്ഥാനത്തു നി ന്നുകൊണ്ട് ഒരാൾ വീക്ഷിക്കുന്നു. ച ന്ദ്രൻെറ കേന്ദ്രബിന്ദു M എന്നും ഭൂമി യുടെ കേന്ദ്രബിന്ദു C എന്നും സങ്കൽ പിക്കുക. എങ്കിൽ |OMC എന്ന കോ ണിനെ ഹൊറിസോണ്ടൽ പാരലാക്സ് എന്നു വിളിക്കുന്നു.

ചന്ദ്രാസ്തമനം നിർണ്ണയിക്കൽ

ചന്ദ്രൻ എപ്പോഴും ചലിച്ചുകൊ ണ്ടിരിക്കുന്നതിനാൽ അതിൻെറ ലാററി ററ്യൂഡും ലോൺജിററ്യൂഡും ഹൊറി സോണ്ടൽ പാരലാക്സും എപ്പോഴും മാറിക്കൊണ്ടിരിക്കും. ഒരു പ്രത്യേക ദിവസം പ്രത്യേക സമയത്ത് ഇവയുടെ വിലകൾ നിർണ്ണയിക്കുവാൻ ചില ഗ ണിതശാസ്ത്ര സൂത്രങ്ങളും ടേബിളു കളും ഉണ്ട്. അവ അനേകം പേജുകൾ വരുന്നതുകൊണ്ട് ഇവിടെ വിവരിക്കു ക സാദ്ധ്യമല്ല.

എന്നാൽ അവയുടെ വിലകൾ ല ഭിച്ചുകഴിഞ്ഞാൽ എങ്ങിനെ ചന്ദ്രാസ് തമനം നിർണ്ണയിക്കാമെന്നു മാത്രം പ

KERALA HERITAGE CENTER KALPAKANCHERY

റയാം. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. ഭൂമിയിൽ 0 ഡിഗ്രി ലോൻജി. 10 ഡിഗ്രി ലാററി എന്ന ഒരു സ്ഥലത്ത് 1980 ഒക്ടോബർ 9ാംനു ചന്ദ്രാസ്തമന സമയം കാണണം. അവിടെ വൈകുന്നേരം 6 മണിക്കും (18മണി) 7 മണിക്കും (19 മണി) ഇടയിലാണ് ചന്ദ്രാസ്തമനമെന്ന് നമുക്കറിയാമെന്നു സങ്കൽപിക്കുക.

താഴെ പറയുന്ന സൂത്രവാക്യങ്ങളാണ് നമുക്ക് ഉപയോഗിക്കേണ്ടത്.

(1) $E = 23.45229444 - 0.0130125T - 0.00000164T^2 + 0.000000503T^3$

(2) $\cos d \cos c = \cos b \cos a$

(3) $\cos d \sin c = \cos b \sin a \cos e - \sin b \sin e$

(4) $\sin d = \cos b \sin a \sin e + \sin b \cos e$

(5) $t = 6.646065555 + u + 2400.051261T + 0.0000258055555T^2$

(6) $h = t - c$

(7) $\cos z = \sin 10 \sin d + \cos 10 \cos d \cos (15h)$

മേൽ കൊടുത്ത വാക്യങ്ങളിൽ കാണുന്ന ചരങ്ങളെ വിവരിക്കാം.

T = 1900 ജനവരി 1 ന്റെ തലേനാം ഗ്രീനിച്ച് ഉച്ച 12 മണി മുതൽ 1980 ഒക്ടോബർ 9ാംനു വൈകുന്നേരം 18 മണിവരെ കഴിഞ്ഞ ദിവസങ്ങളുടെ എണ്ണത്തേയും അതിന്റെ ഭിന്നത്തേയും 36525 കൊണ്ട് ഹരിച്ചാൽകിട്ടുന്ന ഫലം.

a = 1980 ഒക്ടോബർ 9_ാംനു വൈ. 18മണി സമയത്തെ ചന്ദ്രന്റെ ലോൻജിററ്യൂഡ്.

b = 1980 ഒക്ടോബർ 9_ാംനു വൈകുന്നേരം 18 മണി സമയത്തെ ചന്ദ്രന്റെ ലാററിററ്യൂഡ്

u = 18

T, a, b, u എന്നിവയുടെ വിലകൾ (1) മുതൽ (5)വരെയുള്ള വാക്യങ്ങളിൽ ഉപയോഗിച്ചാൽ, c, d, t എന്നിവയുടെ വിലകൾ ലഭിക്കും. ഈ വിലകൾ (6) ലും (7)ലും ഉപയോഗിച്ചാൽ Zന്റെ വില ലഭിക്കും. 18മണി സമയത്ത് ചന്ദ്രൻ ഉച്ചിൽനിന്ന് എത്ര ദൂരെയായിരിക്കാമെന്ന് Zന്റെ വില കാണിക്കുന്നു. ഇതുപോലെ അന്ന് 19മണിസമയത്ത്, Z എന്തായിരിക്കാമെന്ന് അറിയുവാൻ, T, a, b, u എന്നിവയിൽ ആവശ്യമായ മാററം വരുത്തി മേൽ സൂത്രവാക്യങ്ങൾ വീണ്ടും ഉപയോഗിക്കണം.

അസ്തമന സമയത്ത് Zന്റെ വില 90° 34 00.3—0.72755p ആയിരിക്കണം. ഇവിടെ p കുറിക്കുന്നത് ചന്ദ്രന്റെ ഹൊറിസോണ്ടൽ പാരലാക്സാണ്. ഒക്ടോബർ 9—ാംനു pയുടെ വില 0°53' 55'' ആകുന്നു. അപ്പോൾ അസ്തമന സമയത്ത് Z ന്റെ വില 89° 54' 47' ആണെന്നു കിട്ടും. അതായത് ഒക്ടോബർ 9_ാംനു ചന്ദ്രൻ അസ്തമിക്കുമ്പോൾ ഉച്ചിയിൽ നിന്നുള്ള അതിന്റെ ദൂരം 89 ഡി: 54'47'' ആയിരിക്കണം. എന്നാൽ മേൽ പറഞ്ഞ സൂത്ര വാക്യങ്ങൾ ഉപയോഗിച്ച് കൊണ്ട് Z ന്റെ വില കണ്ടാൽ അത് 18 മണിക്ക് 83 ഡി: 15' 36'' ആണെന്നും 19 മണിക്ക് 101 ഡി: 30'57'' ആണെന്നും മനസ്സിലാക്കാം. 83 ഡി: 15'

KERALA HERITAGE CENTER KALPAKANCHERY

36''ൽ നിന്ന് 89 ഡി: 54' 47'' ആയി Z ഉയരാൻ 1 മണിക്കൂർ വേണമെങ്കിൽ, 89 ഡി: 54'47'' ആയി ഉയരാൻ 21 മിനുട്ട് സമയം വേണം. അപ്പോൾ ചന്ദ്രാസ്തമയം 18–21നു- ആയിരിക്കും.

ജ്യോതിഷം

സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും എപ്പോൾ ഉദിക്കും എപ്പോൾ അസ്തമിക്കും എന്ന് മുൻകൂട്ടി പറയുന്നത് 'ഭാവിഫലം' പറയുന്ന ജ്യോൽസ്യൻെറ ജോലിയാണെന്നു തെററിദ്ധരിച്ചവരുണ്ട്. ജ്യോതിഷവും ജ്യോതിർഗണിതവും രണ്ടും രണ്ടാണ്. ഒന്ന് വ്യാജ ശാസ്ത്രവും മറേറത് ശാസ്ത്രവുമാണ്. ഗ്രഹ നക്ഷത്രങ്ങളെ ആധാരമാക്കി ജീവിതത്തിലെ ഗുണദോഷ ഫലങ്ങളെ പ്രവചിക്കുന്ന 'ശാസ്ത്ര'മാണ് ജ്യോതിഷം അഥവാ ജ്യോൽസ്യം. എന്താണ് ജോൽസ്യൻ ചെയ്യുന്നത്? ഒരാൾ അയാളുടെ ഭാവി അറിയുവാൻ ജോൽസ്യനെ സമീപിക്കുമ്പോൾ, ജോൽസ്യൻ അയാളുടെ ഹൊറോസ്കോപ് (ജാതകം) പരിശോധിക്കുന്നു– അയാൾ ജനിക്കുമ്പോൾ സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും എവിടെയായിരുന്നുവെന്നു കാണിക്കുന്ന ചിത്രം. സൂര്യൻ അതിൻെറ വാർഷിക സഞ്ചാരത്തിൽ ആകാശഗോളത്തിൽ വരക്കുന്ന വൃത്തമാണല്ലോ ക്രാന്തിവൃത്തം. അഥവാ എക്ളിപ്ററിക്ക്. ഈ വൃത്തത്തിൻമേൽ 16 ഡിഗ്രി വീതിയിൽ ഒരു ബെൽററ് ഇട്ടതായി സങ്കൽപിക്കാം. ഈ ബെൽററിനെ (രാശിചക്രം) 12 ഭാഗങ്ങളാക്കുകയും അവയ്ക്ക് മേടം, ഇടവം എന്നിങ്ങനെ പേരുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സൂര്യനും ചന്ദ്രനും പ്ളൂട്ടോ ഒഴികെയുള്ള എല്ലാ ഗ്രഹങ്ങളും ഈ ബെൽററിലൂടെയാണ് നീങ്ങുന്നത്. (പ്ളൂട്ടോയെ ഈ അടുത്ത കാലത്താണ് കണ്ടുപിടിച്ചത്. രാശി ചക്രത്തെ ചുററിപററിയുള്ള അന്ധവിശ്വാസത്തിന് വളരെ പഴക്കമുണ്ട്. പ്ളൂട്ടോയെ കൂടി ഉൾപ്പെടുത്തത്തക്കവണ്ണം രാശി ചക്രത്തിന് വീതികൂട്ടാൻ ഈ അന്ധവിശ്വാസത്തിനു രൂപം നൽകിയവർക്ക് കഴിഞ്ഞില്ലായിരിക്കാം.) ഈ 12 മണി രാശിമണ്ഡലങ്ങളുമായി മനുഷ്യൻെറ ഓരോ കാര്യങ്ങൾ— ജീവൻ, ആരോഗ്യം ധനം, വിവാഹം, എന്നിങ്ങനെ—ബന്ധിപ്പിച്ചിരിക്കയാണ്. ഒരു കുട്ടിയുടെ ജനന സമയത്ത് സൂര്യചന്ദ്രന്മാരും ഗ്രഹങ്ങളും ഏതേത് രാശി മണ്ഡലങ്ങളിലായിരുന്നുവെന്നും അവയിൽ ഏതെല്ലാം കിഴക്ക് പൊന്തിവരികയും ഏതെല്ലാം പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നുവെന്നും നോക്കുകയും അതിലൂടെ ആ കുട്ടിയുടെ ഭാവി പ്രവചിക്കുകയും ചെയ്യുകയാണ് ജോൽസ്യൻ ചെയ്യുന്നത്. അന്ധ വിശ്വാസത്തിൽ അധിഷ്ഠിതമായ ഈ പ്രവചനം ഒരിക്കലും സത്യമായി പുലരുകയില്ല.

എന്നാൽ മേൽപറഞ്ഞ രീതിയിലുള്ള പ്രവചനമല്ല ഗോളശാസ്ത്രം നടത്തുന്നത്. ഇവിടെയുള്ള മനുഷ്യരുടെ വിധി നിർണ്ണയിക്കുന്നതിലല്ല ജ്യോതിർഗണിത ശാസ്ത്രജ്ഞന്മാർ വ്യാപൃതരായിരിക്കുന്നത്. സൂര്യൻ, ചന്ദ്രൻ, ഭൂമി, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, ഗാലക്സികൾ എന്നിവയുടെ ചലനങ്ങളെക്കുറിച്ച് സൂക്ഷ്മപരിശോധന നടത്തുക; ഇതിൽനിന്നും ഉരുത്തിരിഞ്ഞ് വരുന്ന ഗണിതശാസ്ത്ര സൂത്രങ്ങൾ ഉപയോഗിച്ച് അടുത്ത ദിവസം, അടുത്ത മാസം, അടുത്ത വർഷം അവ എവിടെയായിരിക്കും സ്ഥിതി ചെയ്യുക എന്നു മുൻകൂട്ടി പറയുക; ഈ പ്രവചനം ശരിയാ

KERALA HERITAGE CENTER KALPAKANCHERY

ഖുത്ത്ബയിൽ അറബിയല്ലാത്ത ഭാഷ ഉപയോഗിക്കൽ - സമസ്തയുടെ പ്രമേയത്തിനു മുമ്പ്

1947 മാർച്ച് 15-ാംനു- സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ അതിന്റെ 'ഖുത്ത്ബാ പ്രമേയം' പാസ്സാക്കുന്നതിന് മുമ്പ് ഖുത്ത്ബയുടെ 'അർക്കാൻ' ഒഴികെയുള്ള ഉപദേശങ്ങൾ മാതൃഭാഷയിലാകാമെന്ന കാര്യത്തിൽ കേരളത്തിലെ മുസ്ലിം മതപണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. 80ൽ പരം വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെ ഒരു മഹാപണ്ഡിതൻ നബാത്തിയ്യാ ഖുത്ത്ബ പരിഭാഷപ്പെടുത്തി അറബിമലയാളത്തിൽ പ്രസിദ്ധീകരിച്ചതും, കേരളത്തിലെ പ്രാമാണികരായ നാൽപതു ഉലമാക്കൾ അതിന്നു സമ്മതപത്രമെഴുതിക്കൊടുത്തതുമായ സംഭവത്തിൽനിന്നു ഇക്കാര്യം വ്യക്തമാകുന്നതാണ്.

ഹിജ്റ 1320-ാമാണ്ടിൽ തിരൂരിലെ മലബാർ ദീനുൽ ഇസ്ലാം സഭാ മാനേജരും പ്രസിദ്ധ മതപണ്ഡിതനുമായിരുന്ന പൊന്നാനി താലൂക്ക് വൈലത്തൂരംശം ഞവനേക്കാട് ദേശത്ത് പുതിയവീട്ടിൽ മൂലയിൽ മുഹ്യിദ്ദീൻ മൗലവി സാഹിബ് അവർകൾ ഇബ്നുനുബാത്തത്തിന്റെ ജുമുഅ ഖുത്ത്ബാ സമാഹാരം ''യാഖൂത്തുഅത്തിയ്യ:, അലാ ഖുത്തബീൻ നബാത്തിയ്യ:, ബിലുഗത്തിൽ മലൈബാരിയ്യ:'' എന്ന പേരിൽ അറബി മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു. കേരളത്തി

ണോ എന്ന് പിന്നീട് സമയം വരുമ്പോൾ ദൂരദർശിനികളിലൂടെ പരിശോധിക്കുക; ശരിയാണെങ്കിൽ ഗണിതശാസ്ത്രസൂത്രങ്ങളെ അംഗീകരിക്കുക; ശരിയല്ലെങ്കിൽ അവയിൽ ആവശ്യമായ മാററങ്ങൾ വരുത്തി വീണ്ടും പരിശോധിക്കുക ഇതാണ് ശാസ്ത്രജ്ഞൻ ചെയ്യുന്നത്. ഇതൊരിക്കലും ജ്യോൽസ്യന്റെ പ്രവചനവുമായി താരതമ്യപ്പെടുത്തിക്കൂടാ. അസ്ട്രോണമിയെപ്പോലെ അസ്ട്രോളജിയും ഒരു ശാസ്ത്രമാണെന്നു തെററിദ്ധരിച്ച യാഥാസ്ഥിതികരും അസ്ട്രോളജിയിലെന്നപോലെ അസ്ട്രോണമിയിലും അന്ധവിശ്വാസമുണ്ടെന്ന് തെററിദ്ധരിച്ച ''പുരോഗമനവാദി''കളും ഉണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ.

KERALA
HERITAGE
CENTER
KALPAKANCHERY

ലെ അക്കാലത്തെ പ്രാമാണികൻമാരായ നാൽപതു ഉലമാക്കൾ സമ്മതപത്രവും എഴുതിയിരുന്നു, ആ ഗ്രന്ഥത്തിൽ, അവരെല്ലാം ഏകകണ്ഠമായി ജുമുഅ ഖുതുബ പരിഭാഷപ്പെടുത്തണമെന്നു സമർത്ഥിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ സ്ഥാപകനേതാവായിരുന്ന എ. പി. അഹമദ്കുട്ടിമൗലവി (പാങ്ങിൽ) അവർകളും ഉൾപ്പെടുന്നു.

ഉലമാക്കളുടെ സമ്മതപത്രങ്ങൾ:

(1) തിരൂര് മലബാർ ദീനുൽ ഇസ്ലാംസഭ മാനേജർ പി. എം. മുഹ്യിദ്ദീൻ മൗലവിയെന്നവർ ഇയ്യിടെ ഇസ്ലാഈല്ബുനുനബാത്തത്തുൽ മിസ്വ്രിയ്യ് എന്ന തങ്ങളാൽ നിർമ്മിച്ച് ഉപയോഗപ്പെട്ടതും നമ്മുടെ കേരളത്തിൽ മിക്ക പള്ളികളിലും വെള്ളിയാഴ്ചതോറും ഉപയോഗിച്ചുവരുന്ന ഖുത്ത്ബ: എന്ന കിത്താബിനെ മലയാളഭാഷയിൽ തർജമപ്പെടുത്തിയതിനെ മുഴുവനും ആദ്യംമുതൽ അവസാനംവരെ അച്ചടിക്കുന്നതിൻെറ മുമ്പും പിറകെയും ഞാൻ പരിശോധിച്ചതിൽ പിഴവു കണ്ടില്ലെന്നു മാത്രമല്ല, ഈ തർജുമ: ഖുത്ത്ബയുടെ വാചകാർത്ഥങ്ങളും വായനച്ചുരുക്കവും വാചകമഹത്വവും ഗുണം സിദ്ധിക്കത്തക്ക നിലയിൽ ഇതിയിൽ അടക്കപ്പെട്ടു കാണുകയാൽ എല്ലാ ഇസ്ലാം സഹോദരന്മാരും ഇതിനെ സ്വാധീനപ്പെടുത്തി പള്ളിതോറും വെള്ളിയാഴ്ച ദിവസം ജുമുഅക്ക് ഉപയോഗിക്കേണ്ടത് അത്യന്ത ഫലമായതാണെന്നും പരോജനങ്ങൾക്ക് അറിവു വർദ്ധിപ്പാൻ ഇടയാണെന്നും എനിക്ക് കാണപ്പെടുന്നത് തന്നെ. ആകയാൽ എല്ലാ മുസ്ലിമീങ്ങളും ഇതിനെ വാങ്ങി ഉപയോഗിക്കുമെന്നും ഉപയോഗഫലമാണെന്നും തന്നെ വിശ്വസിച്ചു കൊള്ളുന്നു. യെന്നു ഞാവനക്കാട് പീടികക്കൽ ഏനിക്കുട്ടി മുസ്ല്യാർ_വാളിള് (ഒപ്പ്)

(2) ''ഇതിനെ ഞാൻ പരിശോധിച്ച് സ്വഹീഹായി കണ്ടിരിക്കുന്നു. ഇതിനെ ജുമുഅക്ക് നടപ്പാക്കിയിരുന്നാൽ ജനങ്ങൾ ഉറുദി സിദ്ധിക്കുന്നതാണെന്നു എനിക്ക് അഭിപ്രായമുണ്ടായിരിക്കയാൽ എല്ലാവരുടെ ഇടയിലും പള്ളികളിലും ഇതിനെ നടപ്പാക്കുമെന്നു വിശ്വസിക്കുന്നു.'' എന്ന്, കരിൻ ചാപ്പാടി കട്ടിലശ്ശേരി ആലി മുസ്ല്യാർ ഖാളി (ഒപ്പ്)

(3) ''ഇതിനെ ഞാൻ പരിശോധിച്ചു നോക്കിയേടത്തോളം സ്വഹീഹായി കണ്ടിരിക്കുന്നു. ഇതിനെ ജുമുഅക്ക് നടപ്പാക്കുന്നതിൽ ജനങ്ങൾക്കു ഉറുദി

അറബി ഗ്രന്ഥങ്ങൾ

സ്കൂൾ, കോളേജ് ഗൈഡുകൾ, അറബിക് കോളേജുകൾക്കും, ആർട്ട്സ് കോളേജുകൾക്കും, ആവശ്യമായ അറബി_ഇസ്ലാമിക ഗ്രന്ഥങ്ങൾ, മുസ്ഹഫുകൾ, വിവിധ വിഭാഗങ്ങളുടെ മദ്രസകളിലേക്കുള്ള പാഠപുസ്തകങ്ങൾ, ദർസീ കിതാബുകൾ, വൈവിധ്യമാർന്ന ഇസ്ലാമിക സാഹിത്യങ്ങൾ, നിഘണ്ടുകൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവക്ക്

ആവശ്യപ്പെടുക!

അയ്യൂബി ബുക്ക് ഹൗസ്

മസ്ജിദ് ബസാർ

കോഴിക്കോട്_1.

KERALA HERITAGE CENTER KALPAKANCHERY

സിദ്ധിക്കുന്നതാണെന്ന് എനിക്കഭിപ്രായമുണ്ടായിരിക്കയാൽ എല്ലാ ഇടങ്ങളിലും പള്ളികളിലും ഇതിനെ നടപ്പാക്കുമെന്നു വിശ്വസിക്കുന്നു.''

എന്നു, പൊന്നാനി മഖ്ദൂം തങ്ങളെ മകൻ പുതിയകത്ത് അബ്ദുർറഹ്മാൻ എന്ന കുഞ്ഞൻബാവ മുസ്ല്യാർ, ഖാളി (ഒപ്പ്)

(4) ഫർളുകറം അല്ലാത്തവയെ തർജുമയായി ഉപയോഗിക്കുന്നതിൽ അല്ലാതെ മലയാളക്കാർക്ക് ഉപയോഗം ഇല്ലാത്തതാകയാലും ഈ വിധം തർജമ:യെത്രയോ അനുഭവമാക്കപ്പെട്ടതായി ഞാൻ കണ്ടതുകൊണ്ടും ഇങ്ങിനെ ജുമുഅക്ക് തർജുമയായി ഉപയോഗിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.''

എന്ന്, പള്ളിപ്പുറം മടത്തൊടുക യൂസുഫ് മുസ്ല്യാർ, മുദരീസ് (ഒപ്പ്)

(5) ഇത് പ്രകാരമുള്ള തർജുമയെ ജനങ്ങളിൽ വെള്ളിയാഴ്ച മിമ്പറുമ്മൽ ഖുത്ത്ബ ഓതുമ്പോറം ഉപയോഗിച്ചു പോരേണ്ടതിനെപ്പററി അനേകകാലം വളരെ ആഗ്രഹിക്കപ്പെട്ടിരുന്നതാകകൊണ്ട് അതേ കാര്യത്തിൽ മനസ്സിനെ പൂർത്തിയാക്കുന്ന ഈ തർജമയെ കണ്ടത്കൊണ്ടു ഏററവും സന്തോഷിച്ചു പടച്ചവനെ സ്തുതിക്കുന്നു.

എന്ന്, പൊന്നാനി വെട്ടം വീടെന്ന തുന്നൻവീട്ടിൽ മുഹമ്മദ് മുസ്ല്യാർ, മുദരിസ് (ഒപ്പ്)

(6) ''ഇതിനെ എൻെറ പരിശോധനയിൽയെത്രയോ സവാബായി * (1) ട്ടും സഹീഹായി ** (2) ട്ടും യെത്തിക്കപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ല; ഇതിനെ ജുമുഅക്ക് ഉപയോഗിക്കുന്നപക്ഷം കേറക്കുന്ന ജനങ്ങറക്ക് അനുഭവമാകുന്നതും അവർ അല്ലാഹുവിനെ ഭയന്നു വഴിപ്പെടുന്നതുമാണെന്നും ഞാൻ ഏററവും അഭിപ്രായപ്പെടുന്നു.''

എന്ന്, രാമനാട്ട് (പുളിക്കൽ) കൊല്ലോളി അഹ്മദുകുട്ടി മുസ്ല്യാർ-വാളള് (ഒപ്പ്.)

(7) ''എട്ട് ദിവസത്തിൽ ഒരിക്കൽ പൊതുജനയോഗം മുസ്ലിമീങ്ങറം ആയ നമ്മുടെ പള്ളികളിൽ ജുമുഅക്ക് എന്നുവെച്ചു കൂടി വരുന്നുണ്ടല്ലൊ. ആ കൂടുന്നതിനാലുള്ള മുഖ്യാവശ്യവും ഫലവും അവർ ഈ നസ്വീഹത്ത് *** (3) കേട്ട് മനസ്സിനെ തെളിക്കൽ ആയിരിക്കെ അറബിയ്യത്ത് നിർഭാഗ്യവശാൽ അറിഞ്ഞുകൂടാതെ മേപ്പടി മുഖ്യഫലം ജുമുഅക്ക് കൂടുന്ന അധികപേർക്കും അസാധ്യമായി പോകയാൽ അവർക്ക് മനസ്സിലാവുന്ന ഭാഷയിൽ ഉപദേശിക്കൽ വളരെ കാലമായിട്ട് മനസ്സിൽ താൽപ്പര്യമുള്ള കാര്യമായിരുന്നു. എന്നാൽ ഈ താൽപ്പര്യം ഇതാ ഇപ്പോറം നമ്മുടെ അഖുൽഫില്ലാഹി മുഹ്യിദ്ദീൻ മൗലവി അവർകളാൽ പൂർത്തിയായി വെളിവായിരിക്കുന്നു....അതുകൊണ്ട് മേൽപറഞ്ഞ ഈ തർജമയെ വിരോധംകൂടാതെ മലയാള രാജ്യത്തിലെ ജുമുഅകളിൽ ഉപയോഗിക്കപ്പെടുമെന്ന് നിഷ്കളങ്കം വിശ്വസിക്കുന്നു''.

എന്നു, ഹിന്ദുസ്ഥാനി മുൻഷി തലശ്ശേരി, ടി യു കുഞ്ഞഹമ്മദ് മൗലവി-മുദരിസ് (ഒപ്പ്)

(8) ''ഈ ഖുത്ത്ബ തർജമ വാചകമിനുസവും കരുണരസവും ഉറപ്പെടെ ഖുത്ത്ബയുടെ ഉപകാരാർത്ഥം പൊതുജനങ്ങറക്ക് കൊടുക്കപ്പെടും.

---

* (1) പ്രതിഫലാർഹമായത് ** (2) ശരിയായത് *** (3) ഉപദേശം.

KERALA HERITAGE CENTER KALPAKANCHERY

ഈ അഭിപ്രായം നമുക്ക് കാണപ്പെട്ടിരിക്കകൊണ്ട് മുത്തർജമി*(1)ന്നു നാം എത്രയോ നന്ദി പറഞ്ഞുകൊള്ളുന്നു. എന്നു മാത്രമല്ല; ഖത്തീബമാർ ജുമുഅക്ക് ഇതിനെ ഉപയോഗിച്ചുവരുന്നത് എത്രയും വേണ്ടതാണെന്നു ഇതിനാൽ അറിവിക്കുന്നു''.

എന്നു, ചാപ്പനങ്ങാടി വെള്ളോങ്ങര ഹസ്സൻമുസ്ല്യാർ വാഇള്. (ഒപ്പ്)

(9) ''ഇതിനെ ഞാൻ പരിശോധിച്ചതിൽ സഹീഹായും മനുഷ്യർക്ക് ഗുണം സിദ്ധിക്കുന്നതായും ജുമുഅക്ക് ഉപയോഗിപ്പാനും മററു സമയങ്ങളിൽ അറബിഭാഷ അറിവില്ലാത്തവർക്ക് വായന ചെയ്വാനും ആയിട്ട് മിനുസമായതായും നിലയിലുള്ള തർജുമയായിട്ട് ഇതിനെ ഞാൻ എത്തിച്ചിരിക്കുന്നു. പടച്ചവൻ ഇതിനെ തർജമ ചെയ്തവർക്കും നമ്മൾക്കും രണ്ടു വീട്ടിലും ഗുണത്തെതരട്ടെ–'' (ആമീൻ)

പൊന്നാനി പുതിയപടത്തല അലീ മുസ്ലിയാർ, മുദരിസ് (ഒപ്പ്)

(10) ''ഇതിനെ ഞാൻ പരിശോധിച്ചതിൽ പരോപകാരമായതും ചുരുക്കവാചകത്തിൽ പെരുത്ത് സാരം ഉൾപ്പെട്ടതും ജനങ്ങൾക്ക് മുഖ്യാവശ്യമായതും ജുമുഅക്ക് ഉപയോഗിപ്പാൻ ഏററവും വിശേഷമായതും സർവർക്കും സന്തോഷിക്കത്തക്ക നിലയിലായിട്ടും ഞാൻ ഇതിനെ എത്തിച്ചു''.

എന്ന്, പാറൂര് വെളിയത്ത് കുഞ്ഞഹമ്മദ് മുസ്ല്യാർ, വാഇള് (ഒപ്പ്)

(11) ഇതിനെ ഞാൻ പരിശോധിച്ചതിൽ സ്വഹീഹായി കണ്ടിരിക്കുന്നു. എന്നു മാത്രമല്ല, ഇതിനെ മലബാറിലുള്ള ജുമുഅ പള്ളികളിൽ ഓതിവരുന്നതായാൽ കേൾക്കുന്ന ജനങ്ങൾ ഉറുദി സിദ്ധീകരിക്കുന്നതാണെന്നു എനിക്കും അഭിപ്രായം ഉണ്ടായിരിക്കയാൽ എല്ലാവരുടെ ഇടകളിലും പള്ളിങ്ങളിലും ഇതിനെ നടപ്പാക്കണമെന്ന വിശ്വസിക്കുന്നു''.

ചേറൂര് മണ്ടോട്ടിൽ മൊയ്തീൻ മുസ്ല്യാർ. മുദരിസ് (ഒപ്പ്)

(12) ''ഞാൻ കുറേകാലമായിട്ട് തന്നെ തർജുമയാക്കി ഓതിവരുന്നവരിൽപ്പെട്ടവനും എല്ലാവരുടെ ഇടങ്ങളിലും പള്ളികളിലും അങ്ങിനെ നടപ്പാക്കണമെന്നു ഉപദേശിക്കുന്നവനുമാകയാൽ ഇതിനെ മേപ്പടിയാൻമാരായ ഉലമാക്കൾ ഒപ്പിട്ട് സമ്മതിച്ചതിൽ അത്യന്തം സന്തോഷിക്കുന്നു''.

എന്നു, മൗലവി മുഹമ്മദ് ബുനു യൂസ്ഫുൽ ഫള്ഫരിയിൽ മടത്തൊടിയ്യി, മുദരിസ് (ഒപ്പ്)

(13) ഖുത്ബകളിലുള്ള ഫർളുകൾ അറബിയ്യത്തിലും മററുള്ളവകൾ കേൾവിക്കാർക്ക് അറിയുന്ന ഭാഷയിലും ആവേണ്ടതും അതല്ലാതെ എല്ലാം അറബിഭാഷയാകുന്നതിൽ കിത്താബ് ഓതിയവർക്കല്ലാതെ പ്രയോജനമില്ലാത്തതുമാണെന്നു നഖ്ലാ (2)ലും അഖ്ലാ *(3)ലും അറിയപ്പെട്ടതാകയാലും ഇതിനെ എൻെറ പരിശോധനയിൽ നല്ലതായും സ്വഹീഹായും കാണപ്പെട്ടിരിക്കയാലും ഇതിനെ എല്ലാ ഇടങ്ങളിലും ജുമുഅക്ക് പള്ളികളിൽ നടപ്പാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

* (1) പരിഭാഷകൻ (2) രേഖ—* (3) ബുദ്ധി

KERALA HERITAGE CENTER KALPAKANCHERY

എന്നു, കോക്കൂര് പുത്തൻ പുരയിൽ മക്കു എന്ന മരക്കാര് മുസ്ല്യാർ മുദരിസ് (ഒപ്പ്)

(14) ഈ തർജമയെ മഹാൻമാരായ ഉലമാക്കൾ പരിശോധിക്കുകയും ഇതിനെ ജുമുഅക്ക് നടപ്പാക്കേണ്ടതാണെന്നും കാണിച്ചു അവർ ഒപ്പുവെക്കുകയും ചെയ്തതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. ഇതിനെ പിന്താങ്ങി സമ്മതിക്കുകയും അങ്ങിനെത്തന്നെ നല്ലതാണെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു''

എന്ന്, കോഴിക്കോട് ഖാളി സയ്യിദ് ഹുസൈൻതങ്ങൾ (ഒപ്പ്)

(15) ''ഇതിനെ ഞാനും പരിശോധിച്ചു നോക്കിയതിൽ സ്വഹീഹായി കണ്ടിരിക്കുന്നു. ഇതിനെ നടപ്പാക്കുന്നതിൽ ജനങ്ങൾ ഉറുദി സിദ്ധിക്കുന്നതാണെന്ന് എനിക്കും അഭിപ്രായം ഉണ്ടായിരിക്കയാൽ എല്ലാ ഇടങ്ങളിലും പള്ളികളിലും നടപ്പാക്കുമെന്ന് വിശ്വസിക്കുന്നു ''

എന്ന്, മലപ്പുറത്ത് സയ്യിദ് അബ്ദുർറഹ്മാൻ ഐദ്രോസ് കുഞ്ഞിക്കോയ തങ്ങൾ (ഒപ്പ്)

(16) ''ഇബ്നുന്നബാത്തത്ത് തങ്ങളുടെ ഖുത്ത്ബ: ഉറുദികൾ മലയാളക്കാർക്ക് മലയാള ഭാഷയിൽ തിരിയുന്നതാകയാൽ ഈ ഭാഷയിൽ ഖുത്തുബയുടെ ഉറുദികളെ കേൾപ്പിക്കുന്നത് ജനങ്ങൾ കേട്ട് ധരിച്ചു സർവ്വശക്തനായ അല്ലാഹുവിനെ ഭയപ്പെട്ട് വഴിപ്പെടുവാൻ വളരെ നല്ലതാണെന്നു എല്ലാ ഹൃദയങ്ങളും സമ്മതിക്കുന്നതിനാൽ മേൽ പ്രകാരം മലയാളത്തിൽ അർത്ഥം പറഞ്ഞു കേൾപ്പിക്കുന്നവരിൽ ഞാനും പെട്ടവനാകയാലും ഈ തർജമയെ പരിശോധിച്ചതിൽ സന്തോഷം പൂർത്തിയായ പടച്ചവനെ സ്തുതിക്കുന്നു.''

എന്ന്, വെളിയങ്കോട്ട് ഒദളക്കാട്ടിൽ അഹ്മദ് മുസ്ല്യാർ വാഇള് (ഒപ്പ്)

(17) ''എന്റെ പൂർവ്വികന്മാർ പല രാജ്യങ്ങളിൽ ഖാളികളും ആ രാജ്യങ്ങളിൽ ഇപ്പോൾ ഞാൻ ഖാളിയും ആകുന്നു. എന്നാൽ ഖുത്ത്ബയെ കേൾക്കുന്ന ജനങ്ങൾക്ക് അറിയാത്ത ഭാഷയെകൊണ്ട് ഉറുദി പറഞ്ഞാൽ അല്ലാതെ അവർക്ക് യാതൊരു പ്രയോജനവും ഇല്ലെന്നു ഏവരും അഭിപ്രായപ്പെടുന്നതാകയാൽ ഈ തർജമയെ എല്ലാവരുടെ ഇടങ്ങളിലും പള്ളികളിലും നടപ്പാക്കുമെന്ന് ഞാൻ ഏററവും വിശ്വസിച്ചു കൊള്ളുന്നു.''

എന്ന്, ഇരുമ്പേരി പുതിയ പുരയിൽ മുഹ്യിദ്ദീൻകുഞ്ഞു മുസ്ല്യാർ ഖാളി (ഒപ്പ്)

(18) ''ഖുത്ത്ബ തർജമയോടുകൂടി ജുമുഅക്ക് ഓതുന്നത് പ്രത്യേകം നല്ലതാകകൊണ്ട് അത്പ്രകാരം എല്ലാവരും ചെയ്യുമെന്നു ഞാൻ വിശ്വസിച്ചു കൊള്ളുന്നു.''.

എന്ന്, തിരൂരങ്ങാടി ചാലിലകത്ത് മൗലവി മുഹമ്മദ്ഹാജി വാഇള് (ഒപ്പ്)

(19) ''ഇതിനെ എന്റെ പരിശോധനയിൽ എത്രയോ സ്വവാബായിട്ടും സ്വഹീഹായിട്ടും എത്തിക്കപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ലാ, ഇതിനെ ജുമുഅക്ക് ഉപയോഗിക്കുന്ന പക്ഷം കേൾക്കുന്ന ജനങ്ങൾക്ക് അനുഭവമാകുന്നതും അവർ അല്ലാഹുവിനെ ഭയന്നു വഴിപ്പെടുന്നതുമാണെന്നു ഞാൻ ഏററവും അഭിപ്രായപ്പെടുന്നതിനും പുറമെ ഖു

KERALA HERITAGE CENTER KALPAKANCHERY

ത്തുബ അറബോടും തർജമയോടും ശേഷം തവാബിളുകൾ*(1) തർജമയോടും കൂടി തന്നെയാണ് ഉപയോഗിക്കേണ്ടത് അല്ലാതെ കേൾക്കുന്നവർക്ക് അനുഭവമാകുന്നതെല്ലെന്നുംകൂടി പറയുന്നു. ഇങ്ങനെ എല്ലാ രാജ്യങ്ങളിലും എല്ലാ ജുമുഅക്കും ഉപയോഗിക്കുവാൻ അപേക്ഷിക്കലോടും കൂടി അങ്ങിനെ ഉപയോഗിക്കുമെന്ന് വിശ്വസിച്ചുകൊള്ളുന്നു'

എന്ന്, അണ്ടതോട് തേൻപാമ്പിൽ ഖാദിർകുട്ടി മുസ്ല്യാർ, വാഇള് (ഒപ്പ്)

(20) ഇതിനെ എന്റെ ചെറുബുദ്ധികൊണ്ട് ഞാൻ വായിച്ചു ആലോചിച്ചു നോക്കിയതിൽ മനസ്സിന്നു എത്രയോ തൃപ്തിയായ തർജമയായിട്ട് കണ്ടതിനാൽ ഇതിനെ ജുമുഅക്ക് ഓതിവന്നാൽ ഇസ്ലാം സഹോദരൻമാർക്ക് വലിയ നൻമയുണ്ടാകാൻ വഴിയുണ്ടെന്നു ഞാൻ ഏററവും അഭിപ്രായപ്പെടുന്നു''.

എന്ന്, പെരുമ്പടപ്പ് തോപ്പിൽ വീരാൻ മുസ്ലിയാർ, മുദരിസ് (ഒപ്പ്)

(21) ''ഇതിനെ പലേ മഹാൻമാരും പരിശോധിച്ചതിന്നു പുറമേ ഞാനും പരിശോധിക്കൽ ഉണ്ടായി. എന്നാൽ യാതൊരു പിഴവുകൾ കണ്ടില്ലെന്നു മാത്രമല്ല: ഈ തർജമയെ ജുമുആക്ക് നടപ്പാക്കേണ്ടതാണെന്നും അങ്ങിനെ ആയാൽ ജുമുഅയുടെ സാധ്യം നിറവേറുന്നതാണ് എന്നും ഞാൻ അഭിപ്രായപ്പെടുന്നതിനു പുറമെ അങ്ങിനെ എല്ലാ രാജ്യങ്ങളിലും നടപ്പാക്കുവാൻ അപേക്ഷിച്ചു കൊള്ളുന്നു''.

എന്ന്, പൊൻമണ്ടത്ത് വലിയാക്കതൊടുകയിൽ ഖാളി സയ്യിദ് മുഹമ്മദു ബുഖാരിയ്യിൽ ഹുസൈനിയ്യ്

എന്ന ആററക്കോയതങ്ങൾ (ഒപ്പ്)

(22) ''ഈ തർജമയെ ഞാനും പരിശോധിച്ചതിൽ സ്വഹീഹായിട്ട് എത്തിക്കപ്പെട്ടിരിക്കുന്നു. ഇതിനെ ജുമാഅക്ക് എല്ലാ പള്ളികളിലും നടപ്പാക്കണമെന്നപേക്ഷിക്കുകയും അങ്ങിനെ ചെയ്യുമെന്നു വിശ്വസിക്കയും ചെയ്യുന്നു''.

എന്നു, തിരൂര പടിഞ്ഞാറെ പീടിയക്കൽ കുഞ്ഞമ്മു മുസ്ല്യാർ, വാഇള് (ഒപ്പ്)

(23) ''ഖുത്ത്ബയിലെ ഉർദികൾ മലബാറല്ലാത്ത രാജ്യങ്ങളിൽ അനേക കാലമായിട്ടുതന്നെ അവരവരുടെ ഭാഷയിൽ ഓതിവരൽ നടപ്പായിട്ടുണ്ട്. എന്നാൽ മലബാറിൽ താനും അങ്ങിനെ ചില രാജ്യങ്ങളിൽ കണ്ടുവരുന്നു. പക്ഷേ ഇന്നുവരെ ആരും തക്ക തർജമ മലയാള ഭാഷയിൽ ഉണ്ടാക്കിട്ടില്ല. എന്നാൽ ഈ തർജമ എത്രയോ വിശേഷമായതും സ്വഹീഹായതുമായിരിക്കെ ഇതിനെ എല്ലാ ഇടങ്ങളിലും ഓതിവരേണ്ടതിലേക്ക് ആശിച്ചും അപേക്ഷിച്ചു കൊള്ളുന്നു''.

എന്നു, കൂട്ടായി ചട്ടിക്കൽ അബ്ദുല്ലക്കുട്ടി മുസ്ലിയാർ, മുദരിസ് (ഒപ്പ്)

(24) ''മലബാർ മുസ്ലിമീങ്ങൾ, ജുമുഅക്ക് പോകുന്നവരോ ചുരുക്കം, ഇനി പോകലുണ്ടെങ്കിലുംകൂടി ഖുത്ത്ബ ഓതുന്ന സമയം തൂങ്ങി ഉറങ്ങിയും സംസാരിച്ചും സമയം കഴിച്ചു കൂട്ടുന്നു. ഇതിനുള്ള കാരണം ഖുത്ത്ബയിൽ പറയുന്ന ഉറുദികളും മററും അവർക്ക് തിരിയായ്കതന്നെ. എന്നാൽ ഈ തർജമയെ മഹാൻമാരായ ഉലമാക്കൾ പരിശോധിക്കുകയും ജുമാഅക്ക് ഇതിനെ നടപ്പാക്കേണ്ടതാണെന്നും കാണിച്ചു ഒപ്പുവെക്കുകയും ചെയ്തതിൽ അൽ

* (1) അനുബന്ധങ്ങൾ

KERALA HERITAGE CENTER KALPAKANCHERY

ഹംദുലില്ലാ. ഇങ്ങിനെ എല്ലാ രാജ്യങ്ങളിലും ചെയ്‌വാൻ ആഗ്രഹിച്ചു അപേക്ഷിച്ചും നിഷ്ക്കളങ്കം വിശ്വസിക്കുകയും ചെയ്യുന്നു''.

എന്ന്, കോക്കൂര് മാമ്പയിൽഹാജി അഹമദു മൗലവി, വാഇള്, മുദരിസ് (ഒപ്പ്)

(25) ''ഖുത്ത്ബയെ അറബിയ്യത്തോട് കൂടെ തർജമയായിട്ടും ശേഷം തവാബിഉകളെ തർജമയായിട്ടും ഓതി വന്നാൽ അല്ലാതെ മലബാർ മുസ്‌ലിമീങ്ങൾക്ക് അനുഭവമാകയില്ലെന്ന് ഏവരും സമ്മതിക്കുന്ന കാര്യമാകയാലും ഈ തർജമയെ ഞാൻ പരിശോധിച്ചു സ്വഹീഹായി കണ്ടതിനാലും മഹാൻമാരായ ഉലമാക്കൾ ഒപ്പിട്ടുസമ്മതിച്ചതിനാലും ഞാൻ അത്യന്തം സന്തോഷിക്കുകയും അങ്ങിനെ ചെയ്യുകയും ചെയ്യുന്നു''.

എന്ന്, ഇരിങ്ങാവൂർ മാടക്കൽ അബ്ദുർറഹ്മാൻ മുസ്‌ല്യാർ, വാഇള്, മുദരിസ് (ഒപ്പ്)

(26) ''ഈ ഖുത്ത്ബ തർജമയെ മഹാൻമാരായ ഉലമാക്കൾ പരിശോധിക്കുകയും ഇതിനെ ജുമുഅക്ക് നടപ്പാക്കേണ്ടതാണെന്നും മററും കാണിച്ചു ഒപ്പുവെക്കുകയും ചെയ്തതിന്നു പുറമെ ഞാനും എന്റെ ചെറുബുദ്ധികൊണ്ടു പരിശോധിക്കുകയും സ്വഹീഹായിട്ട് എത്തിക്കുകയും ചെയ്തതിനാൽ ഞാൻ പടച്ചവനെ സ്തുതിക്കുകയും അങ്ങിനെ ചെയ്യുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.''

എന്ന്, ഷർണ്ണൂർ ചോരാത്ത് കോയമുസ്‌ലിയാർ മുദരിസ് (ഒപ്പ്)

(27) ''ഖുത്ത്ബയിലെ ഹംദ്, സ്വലാത്ത്, വസിയ്യത്ത്, ആയത്ത് എന്നിങ്ങനെയുള്ളത് അറബിയ്യത്താവണം. ശേഷം തവാബിഉകൾ കേൾക്കുന്ന ജനങ്ങൾ അറിയുന്ന ഭാഷകൊണ്ട് ഉറുതി പറഞ്ഞാലല്ലാതെ കേൾവിക്കാർക്ക് മനസ്സിലാകയില്ലല്ലോ. അതുകൊണ്ട് ഈ തർജജുമയെ എല്ലാ ഇടങ്ങളിലും ജുമുഅക്ക് പള്ളികളിലും നടപ്പാക്കിയാൽ അവർ ഉറുദി സിദ്ധിച്ചു പടച്ചവനെ ഭയന്നു വഴിപ്പെടുവാൻ കാരണമാകുന്നതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.'

എന്ന്, പൊന്നാനി പുളിക്കലകത്ത് കുഞ്ഞാവ മുസ്‌ലിയാർ, വാഇള്, മുദരിസ് (ഒപ്പ്)

(28) ''സുആലിൻ പറഞ്ഞ പ്രകാരം ഖുത്ത്ബയുടെ ഉദ്ദേശം ഉറുദി ആകയും ഇക്കാലത്ത് മലയാള ജില്ലയിലെ അധിക സ്ഥലത്തും അറബിഭാഷയിൽ ഖുത്ത്ബ ഓതുന്നതിൽ മേൽപറഞ്ഞ ഉദ്ദേശം ഫലം സിദ്ധിക്കാതെ കാണുകയും മലയാള ഭാഷയിൽ തർജമയായി ഓതുന്നതിൽ മേൽപറഞ്ഞ ഉദ്ദേശം പലേടങ്ങളിലും പലേ വട്ടവും വളരെ അനുഭവമായി കാഴ്ചയിൽ തന്നെ എത്തിക്കുകയും ചെയ്കയാൽ ഖുത്ത്ബയുടെ ഫർളുകൾ അല്ലാത്ത ഉറുദിയെ തർജജുമയായി ഓതുന്നത് ശാഫിഈ മദ്ഹബിൽ ജാഇസായതിനോടും കൂടെ മേൽപറഞ്ഞ കാരണത്താൽ അതേറെ നല്ലതും പ്രത്യേകം വേണ്ടതുമാകുന്നു.''

മൗലവി അഹ്മദ്ബ്നു നൂറുദ്ദീൻ മുല്ലവി (ഒപ്പ്)

[ഈ അഭിപ്രായം എഴുതിയ ജ: എ. പി. അഹമ്മദ്കുട്ടി മൗലവി സാഹിബ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സ്ഥാപക നേതാവാണെന്ന യാഥാർത്ഥ്യം വായനക്കാർ അനുസ്മരിക്കേണ്ടതാണ്.]

KERALA HERITAGE CENTER KALPAKANCHERY

അൽ-മൻഹൽ

അറബി-മലയാള നിഘണ്ടു

(by പ്രൊഫ: വി. മുഹമ്മദ് സാഹിബ് & മൗലവി അബുസ്സലാഹ് ബാഖവി)

ഒററ വാള്യമായി പുതിയ പതിപ്പ് അച്ചടിക്കുന്നു. ക്രൗൺ 1/4ൽ 800ൽ പരം പേജ്

വില: **120** രൂപ.

പ്രസിദ്ധീകരണം റമസാനിൽ മുൻകൂട്ടി പണമടക്കുന്നവർക്ക് ഒന്നിച്ച് 75രൂപ. ഗഡുക്കളായി 80രൂപ

ഖുർആൻനിഘണ്ടു

by അബുസ്സലാഹ് മൗലവി

ഡമ്മി 1/8ൽ 300ൽപരം പേജ്

വില: **30**രൂപ.

മുൻകൂട്ടി പണമടക്കുന്നവർക്ക് 20രൂപ ഗഡുക്കളായി 10+10 രണ്ട് നിഘണ്ടുവിനും കൂടി ഒന്നിച്ച് പണമടക്കുന്നവർ 90രൂപ അടച്ചാൽ മതി.

മാനേജർ

അൽ-അമാൻ കിത്താബ് ഭവൻ

മസ്ജിദ് ബസാർ
കോഴിക്കോട്-1

വൈലത്തൂർ
തിരൂർ-6

(29) ''ഈ തർജമയെ മഹാൻമാരാക ഉലമാക്കളും ഉമറാക്കളും പരിശോധിക്കുകയും ഇതിനെ ജുമുഅക്ക് നടപ്പാക്കേണ്ടതാണെന്നും മററും കാണിച്ച് ഒപ്പു വെക്കുകയും ചെയ്തതിൽ പടച്ചവനെ സ്തുതിക്കുന്നു വിശേഷിച്ച് മലയാള ഭാഷക്കാർക്ക് ആ ഭാഷയിലല്ലാതെ ഉറുദ പറഞ്ഞാൽ ഫലമില്ലെന്നും ഖുത്തുബ ഉർദിയാണെന്നും ഏവർക്കും അറിയപ്പെട്ട കാര്യമാകയാൽ ഇതിനെ വിരോധം കൂടാതെ എല്ലാ ജുമുഅക്കും എല്ലാ പള്ളികളിലും ഓതുവാൻ ആഗ്രഹിച്ചു അപേക്ഷിക്കുകയും അങ്ങിനെ ചെയ്യുമെന്ന് വിശ്വസിച്ചുകൊള്ളുകയും ചെയ്യുന്നു.'' എന്ന്, കൊണ്ടുവെട്ടി താനാരി ഹസ്സൻകുട്ടി മൗലവി വാളള്, മുദരിസ്, (ഒപ്പ്)

(30) ''ഈ തർജ്ജമയെ മഹാൻമാരായ ഉലമാക്കൾ പരിശോധിക്കുകയും സ്വഹീഹായി കാണുകയും ഇതിനെ ജുമുഅക്ക് ഉപയോഗിക്കേണ്ടതാണെന്നും മററും കാണിച്ച് ഒപ്പ് വെക്കുകയും ചെയ്തതിൽ അൽഹംദുലില്ലാ. എന്നാൽ അങ്ങിനെ സകല ജുമുഅക്കും ഖത്തീബൻമാർ വിരോധം കൂടാതെ ഓതിവരുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു.'

എന്ന്, പൊൻമണ്ടത്ത് പരമ്പാട്ട് മൂസാലിക്കുട്ടി മുസ്ല്യാർ, വാളള്.
(ഒപ്പ്)

(31) ''ഈ ഖുത്ത്ബ തർജമയെ മഹാൻമാരായ ഉലമാക്കൾ പരിശോധിക്കുകയും സ്വഹീഹായി കാണുകയും അവർ ഇതിനെ ജുമുഅക്ക് ഓതിവന്നാൽ ജനങ്ങൾ കേട്ടുധരിച്ച് പടച്ചവനെ ഭയന്ന് വഴിപ്പെടുകയും ചെയ്യുന്നതാണെന്ന് അഭിപ്രായപ്പെട്ടതിൽ അൽഹംദുലില്ല. എന്നാൽ അത് പ്രകാരം എല്ലാ ജുമുഅ

KERALA HERITAGE CENTER
KALPAKANCHERY

ക്കും ഇതിനെ ഓതി നടപ്പാക്കി കാൺമാൻ ആഗ്രഹിച്ച് അപേക്ഷിക്കുകയും അങ്ങിനെ ചെയ്യുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു വിശേഷിച്ച് ഖുത്തുബ തർജമയോടുകൂടെ ഓതുന്നതിൽ ആമ്മായ ഇൻതിഫാഅ്*(1) ഉണ്ടാകയാൽ ഇപ്രകാരം എല്ലാവരും ചെയ്യുമെന്നു വിശ്വസിക്കുന്നു.''

എന്ന്, കൈപ്പററ കരിമ്പനക്കൽ മമ്മദ്കുട്ടി മുസ്ല്യാർ, വാഇള് (ഒപ്പ്)

(32) ''ഈ ഖുത്ത്ബ തർജമയെ മഹാൻമാരായ ഉലമാക്കളും ഉറഫാക്കളും *(2) മശാഇഖൻമാരും പരിശോധിക്കുകയും ഇതിനെ മലയാളം അറിയുന്ന എല്ലാ രാജ്യങ്ങളിലും ജുമുഅക്ക് ഓതി നടപ്പാക്കേണ്ടതാണെന്നും മററും കാണിച്ചു ഒപ്പുവെക്കുകയും ചെയ്തതിൽ അൽഹംദുലില്ല. അതുകൊണ്ട് ഈശൽ കൂടാതെ ഇതിനെ നടപ്പാക്കി കാൺമാനും ജനങ്ങൾ സ്വിറാത്തുൽ *(3) മുസ്തഖീമിൽ ആയിത്തീരുവാനും അർഹമുർറാഹിമീൻ സംഗതിയാക്കട്ടെ-ആമീൻ.''

എന്ന്, മയ്യഴിയിൽ ശൈഖ്ഹാജി മുഹമ്മദ് മൗലവി (ഒപ്പ്)

(33) ''ഈ നബാത്തിയ്യ: തർജുമ എത്രയും അത്യാവശ്യമായതും അനുഭവത്തെ ആഗ്രഹിച്ചവർ ഈ തർജുമക്ക് ഓതി നടപ്പാക്കേണ്ടതുമാകുന്നു.''

എന്ന്, നെട്ടൂര്, ശാഹുൽ ഹമീദ് എന്ന കൊച്ചുണ്ണി മുസ്ലിയാർ, വാഇള്, (ഒപ്പ്)

(34) ഖുത്ത്ബയെ അറബോടുകൂടെ തർജമയായിട്ടു ശേഷം തവാബിഉകളെ അവരവരുടെ ഭാഷയായിട്ടു ഓതേണ്ടതാണെന്നും അല്ലാത്തപക്ഷം ഖുത്ത്ബകൊണ്ടുള്ള ഉദ്ദേശം നിറവേററുകയില്ലെന്നും മഹാഉലമാക്കൾ അഭിപ്രായപ്പെട്ടതിൽ ഞാൻ ഏററവും സന്തോഷിക്കുന്നു ഇതിനെ ഞാൻ പരിശോധിച്ചതിൽ സ്വഹീഹായി കണ്ടിരിക്കുന്നു. അതുകൊണ്ട് എല്ലാ ജുമുഅക്കും ഇതിനെ നടപ്പാക്കി കാൺമാൻ ആഗ്രഹിക്കുന്നു.

എന്ന്, ആലവായി കുഞ്ഞുണ്ണിക്കരയിൽ ഹൈദ്രുമുസ്ലിയാർ, മുദരീസ് (ഒപ്പ്)

(35) 'ഖുത്ത്ബ കൊണ്ടുള്ള സാദ്ധ്യം ഉറുദിയായിരിക്കയാലും തിരിയാത്ത ഭാഷകൊണ്ടു പറഞ്ഞാൽ ആ സാദ്ധ്യം നിറവേറാതിരിക്കയാലും തർജുമ ഏററവും ആവശ്യമായിരിക്കുന്നു. എന്നാൽ ഈ തർജമയെ എല്ലായിടങ്ങളിലും ജുമുഅക്ക് നടപ്പാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.'

എന്ന്, ആലപ്പുഴ 5-ാം നമ്പ്ര് മാളികയിൽ സുലൈമാൻ മൗലവി, വാഇള് (ഒപ്പ്)

(36) ''വെള്ളിയാഴ്ച ദിവസം ഖുത്ത്ബ ഓതുക എന്നൊരു ഏർപ്പാട് ദീനിൽ വെച്ചിട്ടുള്ളതിൻെറ ഉദ്ദേശം ജനങ്ങൾക്ക് സൻമാർഗ്ഗോപദേശം ചെയ്യുക എന്നുള്ളതാണ്. എത്രതന്നെ വിലയേറിയ ഉപദേശങ്ങളായിരുന്നാലും ഉപദേശം ചെയ്യപ്പെടുന്ന ഭാഷ ജനങ്ങൾക്ക് അറിവില്ലാത്തത് ആയിരിക്കുമ്പോൾ ദീനിൻെറ ഉദ്ദേശം സഫലമാകുന്നില്ലെന്നുള്ളത് സ്പഷ്ടമാണല്ലോ. അതിനാൽ പൊതുജനങ്ങൾക്ക് തങ്ങളുടെ മുമ്പിൽ നിന്ന് ഖത്തീബ് വിളിച്ചു പറയുന്ന ഉപദേശങ്ങൾ എന്തൊക്കെയാണെന്നു ഗ്രഹിക്കുന്നതിന്നും തൻമൂലം ഖുത്ത്ബ കൊണ്ടുള്ള ദീനിൻെറ മഖ്സൂദ്*(4)

---

* (1) പൊതുനൻമകൾ * (2) വിജ്ഞാനികൾ * (3) നേർമാർഗ്ഗം * (4) ഉദ്ദേശ്യം

KERALA HERITAGE CENTER KALPAKANCHERY

നിറവേററുന്നതിനും ഇടയാകുമാറ് മുഹ്‌യിദ്ദീൻ മുസ്‌ലിയാർ അവർകൾ ചെയ്‌തിരിക്കുന്ന ഈ പ്രയത്നം അഭിനന്ദനീയമായിരിക്കുന്നു. ഇതിനിടയിൽ മുസ്‌ലിമീങ്ങളുടെ പൊതുവായ നന്ദിക്ക് അദ്ദേഹം പാത്രവാനുമായിരിക്കുന്നു. ഈ തർജുമയെ എല്ലാ പള്ളികളിലും നടപ്പാക്കേണമെന്നു മലയാള മുസ്‌ലിം സഹോദരങ്ങളോട് ഞാൻ ശുപാർശ ചെയ്യുകയും അത് പ്രകാരം നടപ്പിൽവരുത്തുമെന്നു വിശ്വസിക്കുകയും ചെയ്‌തുകൊള്ളുന്നു''.

എന്ന്, 'മുസ്‌ലീം' പത്രാധിപർ, എം, മുഹമ്മദ് അബ്ദുൽഖാദർ മൗലവി, വക്കം, തിരുവിതാംകൂർ.

(37) ''ദീനുൽ ഇസ്‌ലാം ഉന്നതിയെ പ്രാപിക്കുന്നതിനു സദാ പ്രയത്നിച്ചുവരുന്ന മുഹ്‌യിദ്ദീൻ ഉണ്ണിമൗലവിയാരുടെ ഈ പ്രയത്നം അതിവിശിഷ്ടമായിട്ടുണ്ട്. ഇങ്ങിനെയുള്ള പൊതുകാര്യത്തിൽ ഉൽസാഹിക്കലാണ് സാക്ഷാൽ ഉലമാക്കളുടെ ഉദ്യോഗചുമതല. മുസ്‌ലിംകളായ നമ്മൾ സദാ നടക്കേണ്ടതായ മുറകളേയും വഴികളേയും ചൂണ്ടിക്കാണിച്ചുപദേശിക്കുന്ന പ്രസംഗമാണ് ഖുത്ത്ബ (ലച്ചർ) പ്രസംഗം എന്നത്. എന്നാൽ അതിനെ അറബി ഭാഷയിൽ തന്നെയാണ് ഓതേണ്ടത്. പക്ഷേ നമ്മിൽ അനേകർക്കും അറബി ഭാഷ നിശ്ചയമില്ലാത്തതുകൊണ്ട് പ്രസംഗത്തിൽ എന്താണ് പറയുന്നതെന്ന് തിരിയാതെ അനേകം ബുദ്ധിമുട്ടുണ്ടായിരിക്കും എന്നു മാത്രമല്ല, അതാത് കാലാനുസൃതമായതും ദേശാനുസരണമായതും ആയ ഉപദേശങ്ങളാണ് ഓരോ ആഴ്ചവട്ടങ്ങളിലും ഖത്തീബുമാർ പ്രസംഗിക്കേണ്ടത്. അനേക അറിവു ലഭിക്കുവാൻ ഈ തർജമ വളരെ വിശേഷമായിട്ടുണ്ടെന്നു തന്നെയാണ് എന്റെ അഭിപ്രായം. ആയതുകൊണ്ട് ഇതിനെ എല്ലാ മുസ്‌ലിമീങ്ങളും വാങ്ങിവായിക്കുകയും പള്ളികളിൽ ജുമുഅക്കു ഓതി കേൾപ്പിച്ചു ജനങ്ങളെ സിറാത്തുൽ മുസ്തഖീമിൽ ആക്കുവാൻ ശ്രമിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാകുന്നു''.

വടുതല മുഹമ്മദ് ഹാജി ഹമദാനി ശൈഖ് തങ്ങൾ (ഒപ്പ്)

(38) ''അനേക രാജ്യങ്ങളിലും പലേകാലമായിട്ട് ഖുത്തുബയെ തർജുമയായി ഓതൽ നടപടിയായിട്ടുണ്ട്; ഈ തർജമയും ജുമുഅക്ക് നടപടിയായിട്ട് ഓതുമെന്ന് വിശ്വസിക്കുന്നു''.

എന്ന്, കായൽപട്ടണം നടുത്തെരുവിൽ ലബ്ബമാറകത്ത് ദൈറവീ അബ്ദുൽ ഖാദിർ ലബ്ബ മൗലവി സിറാസി (ഒപ്പ്)

(39) ''മലയാള ഭാഷ വിവരമുള്ള എല്ലാ ഇടങ്ങളിലും ഇത് നടപ്പാക്കുകയും കേൾവിക്കാർ സ്വിറാത്തുൽ മുസ്തഖീമിൽ ആയിത്തീരുകയും ചെയ്യട്ടെ''.

എന്ന്, ശൈഖ് ഇബ്രാഹീം ആരിഫ് ബില്ലാഹി ചിശ്ത്തിൽ ഖാദിരിയ്യിൽ വേലൂരി (ഒപ്പ്)

(40) ''ഈ തർജുമയെ എല്ലാ ജുമുഅക്കും ഓതുന്നതിൽ ഇരുലോക ഫലം നൽകട്ടെ''.

എന്ന്, ശൈഖ് മുഹമ്മദുൽചിശ്ത്തിൽ ഖാദിരിയ്യി കവരത്തീ (ഒപ്പ്)

KERALA HERITAGE CENTER KALPAKANCHERY

സമസ്തക്കാരുടെ ചില പ്രമേയങ്ങൾ

സമസ്തക്കാരും ദേശീയ പ്രസ്ഥാനവും

"ഭരണ കർത്താക്കളോട് എതിർക്കലും അവരുടെ കൽപന അനാദരവ് ചെയ്യലും മതവിരോധമായിട്ടുള്ള കാര്യമായിരിക്കെ കോൺഗ്രസ്സു കക്ഷിക്കാരുമായി യോജിക്കലും അവരോട് സഹകരിക്കലും ഒരിക്കലും യഥാർത്ഥ മുസ്ലിംകൾക്ക് ചെയ്‌വാൻ പാടില്ലാത്തതാകുന്നു."

അവതാരകൻ:– കെ. മമ്മുട്ടി സാഹിബ് ബഹദൂർ.
(ഏറനാട് താലൂക്ക്)
ബോർഡ് മെമ്പർ

അനുവാദകൻമാർ:–
1. പി. കെ. മുഹമ്മദ് മീരാൻ മൗലവി.
2. എ. പി. അഹ്മദ് കുട്ടി മൗലവി.

(സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ ആറാം വാർഷിക റിപ്പോർട്ട് പേജ്: 34, 35.)

അതേ സമ്മേളനത്തിൽ പാസ്സാക്കിയ 15–ാം പ്രമേയത്തിലെ 2–ാം ഖണ്ഡിക കാണുക:–

"സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സംഘത്തിൽ അംഗങ്ങളായി ചേരുന്ന മുസ്ലിയാൻമാർ എല്ലാവരും കോൺഗ്രസ്സുകാരല്ലാത്തവരും, ഗവർമ്മെൻറ് കക്ഷിയും ആയിരിക്കണമെന്നും, അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൻെറ വിശ്വാസ നടപടികളെയും അതിന്നുള്ള ഉപകരണങ്ങളെയും പൊതുസമാധാന പാലനത്തെയും പുനർജീവിപ്പിക്കൽ മേപ്പടി സംഘത്തിൻെറ മൂലസിദ്ധാന്തങ്ങളിൽ പെട്ടതാണെന്നുമുള്ള മുൻനിശ്ചയത്തെ ഈ യോഗം പുനരാവർത്തിച്ചു ശക്തിപ്പെടുത്തുകയും ചെയ്യുന്നു."

മുസ്ലിം സ്ത്രീകൾ എഴുത്ത് പഠിക്കൽ

"സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ ശറഇൽ മക്റൂഹാണെന്നും. മ

KERALA HERITAGE CENTER KALPAKANCHERY

ററും പലേ മഹാൻമാരായ ഉലമാക്കളും മുമ്പുതന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്നു ഈ യോഗം തീരുമാനിക്കുന്നു.''

സി. കെ. മുഹമ്മദ് മൗലവി അവതരിപ്പിച്ചു. എ. പി. അഹ്മദ്കുട്ടി മൗലവി പിന്താങ്ങി.

(അൽബയാൻ അറബിമലയാള മാസിക. പുസ്തകം: 1, ലക്കം: 5– 1930 ഏപ്രിൽ)

''സ്ത്രീ അക്ഷരവിദ്യ'' (സ്ത്രീ എഴുത്ത് പഠിക്കൽ) ഹറാം തന്നെ?

''ഇക്കാലത്തുള്ള'' ''സ്ത്രീ അക്ഷരവിദ്യ'' അധികവും ദീനിയ്യായ വിഷയത്തിലോ, ശറഅ് അനുസരിച്ച തോതിലോ, കാര്യമായ ആവശ്യത്തിനോ അല്ലാത്തതോടുകൂടി അതിനാൽ കണക്കില്ലാത്ത പാപങ്ങൾ വന്നു വശാകുന്നതും അതുപോലെ പാപങ്ങൾക്കും ഉപകരണമാകുന്നതും ദൃഷ്ടിയാൽ അറിയപ്പെടുന്നതായും അനുഭവപ്പെട്ടതായും വരുന്നതുകൊണ്ട് ''സ്ത്രീ അക്ഷരവിദ്യ'' ശറഅ് അനുസരിച്ച വിധത്തിലും ദീനിയ്യായ വിഷയത്തിലും ആയാൽ അത് അസ്ലിൽ മക്റൂഹ് മാത്രമാണെങ്കിലും ഇക്കാലത്തുള്ള ''സ്ത്രീ അക്ഷരവിദ്യ'' തീർച്ചയായും ഹറാമാവാൻ മാത്രമേ വഴി കാണുന്നുള്ളൂ ''

(പി. മമ്മദ് എന്ന ആളുടെ ചോദ്യത്തിന്നു സമസ്തയുടെ മുഫ്ത്തി എഴുതിയ മറുപടിയിൽനിന്നു)

(അൽബയാൻ, പുസ്തകം:1, ലക്കം: 3)

ഫറോക്ക് പ്രമേയം (8–ാം പ്രമേയം)

1933 മാർച്ച് 5–ാംനു ഫറോക്കിൽ ചേർന്ന സമസ്തയുടെ 6–ാം വാർഷിക സമ്മേളനത്തിൽ ശിഹാബുദ്ദീൻ അഹ്മദ്കോയ മൗലവി (ചാലിയം) അവതരിപ്പിച്ചതും പി. കമ്മുമൗലവി (പരപ്പനങ്ങാടി ജുമുഅത്ത് പള്ളി മുദരീസ്) പിന്താങ്ങിയതും സമ്മേളനം സർവ്വസമ്മതമായി പാസ്സാക്കിയതുമായ ഈ 8 ാം പ്രമേയം 1947 മാർച്ച് 15, 16, 17 തിയ്യതികളിൽ മീഞ്ചന്തയിൽ ചേർന്ന 17–ാം വാർഷിക സമ്മേളനത്തിൽ വീണ്ടും അവതരിപ്പിച്ചു സർവ്വസമ്മതമായി പാസ്സാക്കി. പ്രമേയം താഴെ ചേർക്കുന്നു:–

''കേരളത്തിലെ മുസ്ലിമീങ്ങളിൽ അനേകം കൊല്ലമായിട്ട് നിരാക്ഷേപമാ

Phone : 379

TEEKAY STORES

KUTHUPARAMBA

വസ്ത്രങ്ങൾക്ക്!

ടീക്കെ സ്റ്റോർസ്

കൂത്ത്പറമ്പ്

KERALA HERITAGE CENTER KALPAKANCHERY

യി നടന്നുവരുന്നതും താഴെ വിവരിക്കുന്നതുമായ കാര്യങ്ങൾ അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ ഉലമാക്കളാൽ മതാനുസരണങ്ങളാണെന്നു സ്ഥിരപ്പെടുത്തപ്പെട്ടവയാണെന്നും അവ മതവിരുദ്ധങ്ങളാണെന്നോ, അഥവാ ശിർക്കാണെന്നോ പറയുന്നവർ സുന്നികളല്ലെന്നും അവർ ഇമാമത്തിന്നും ഖത്തീബു സ്ഥാനത്തിന്നും കൊള്ളരുതാത്തവരാണെന്നും ഈ യോഗം തീരുമാനിക്കുന്നു.

സംഗതികൾ:

(1) ''മരിച്ചുപോയ അമ്പിയാ,ഔലിയാ, സാലിഹീൻ അവരുടെ ദാത്ത് കൊണ്ടും, ജാഹ്, ഹഖ്, ബർക്കത്ത്, ഇത്യാദികൊണ്ടും തവസ്സുൽ (ഇടതേടൽ) ചെയ്യുന്നതും അവരെ നേരിട്ടു വിളിച്ച സഹായത്തിന്നു അപേക്ഷിക്കലും അവരുടെ ആസാറുകളെക്കൊണ്ടു ബർക്കത്ത് മതിക്കലും.

(2) മരിച്ചുപോയ അമ്പിയാ,ഔലിയാ മുതലായവർക്കും മററു മുസ്ലിംകൾക്കും കൂലികിട്ടുവാൻ വേണ്ടി ധർമ്മം ചെയ്യലും ആട്, കോഴി മുതലായവ നേർച്ച ചെയ്യലും, അവർക്ക് വേണ്ടി ഖുർആൻ ഓതലും, ഓതിക്കലും, മുസ്ലിം മയ്യത്തുകളെ മറവ് ചെയ്തതിന്നു ശേഷം ഖബറുങ്ങൽവെച്ചു തൽഖീൻ ചൊല്ലിക്കൊടുക്കലും മയ്യത്തിന്നു വേണ്ടി ഖബറുങ്ങൾ വെച്ചും മററു സ്ഥലങ്ങളിൽ വെച്ചും ഖുർആൻ ഓതലും.

(3) ഖബർ സിയാറത്ത് ചെയ്യലും ഖബറാളികൾക്ക് സലാം പറയലും അവർക്ക്‌വേണ്ടി ദുആയിരക്കലും ഖബർ സിയാറത്തിന്നുവേണ്ടി യാത്ര പോകലും.

(4) ആയാത്ത് ഹദീസ്, മററു മുഅസ്സമായ അസ്മാഉകളെക്കൊണ്ട് മന്ത്രം ചെയ്യലും, ഉറുക്കെഴുതിക്കെട്ടലും, പിഞ്ഞാണം എഴുതിക്കൊടുക്കലും, വെള്ളം, നൂല് മുതലായവ മന്ത്രിച്ചു കൊടുക്കലും, ബുർദ ഓതി മന്ത്രിക്കലും.

(5) ഖാദിരിയ്യ; ശാദുലിയ്യ; രിഫാഇയ്യ; മുതലായ ശരിയായ തരീഖത്തുകളിലെ ശരിയായ ശൈഖൻമാരുടെ കൈതുടർച്ചയും, ഒററക്കും യോഗം ചേർന്നും നടപ്പുള്ള റാത്തീബും തരീഖത്തിലെ ദിക്‌റുകൾ ചൊല്ലലും, ദലാഇലുൽ ഖൈറാത്ത്, ഹിസ്ബുന്നബാവി, അസ്മാഉന്നബി, അസ്ഹാഉൽ ബദ്‌രിയ്യീൻ, ഹിസ്ബുൽ ബഹർ മുതലായ വിർദുകളെ പട്ടമാക്കലും, ദിക്‌റുകൾ കണക്കാക്കാൻ തസ്ബീഹുമാല ഉപയോഗിക്കലും.

(6) മൻഖൂസ് മുതലായ മൗലിദുകൾ ഓതിക്കലും, ബദ്‌രിയ്യത്ത്, ഖുത്തുബിയ്യത്ത് മുതലായ ബൈത്തുകൾ ചൊല്ലലും ചൊല്ലിക്കലും, മുഹ്‌യിദ്ദീൻമാല, രിഫാഈമാല മുതലായ പാട്ടുകൾ പാടലും പാടിക്കലും''.

അവതാരകൻമാർ:—

1. കമ്മു മൗലവി
2. ശൈഖാദം മൗലവി ഹസറത്ത്
3 മൂസാ മൗലവി

(സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ 17—ാം വാർഷിക സമ്മേളന റിപ്പോർട്ട് പേജ് 10, 11)

സമസ്തയുടെ നാലാം വാർഷികത്തിലെ നാലാം പ്രമേയം

''ചോററൂർ കൈക്കാർ, കൊണ്ടോട്ടി കൈക്കാർ, ഖാദിയാനികൾ, വഹാബികൾ മുതലായവരുടെ ദുർവിശ്വാസ നടപടികൾ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ സുന്ദരമായ വിശ്വാസ നട

KERALA HERITAGE CENTER KALPAKANCHERY

പടികളോട് കേവലം മാറാകകൊണ്ട് അവരുടെ വിശ്വാസ നടപടികളോട് പിന്തുടരലും അവരോടുള്ളതായ കൂട്ടുകെട്ടും സുന്നി മുസ്‌ലിംകൾക്ക് കേവലം പാടുള്ളതല്ലെന്ന് ഈ യോഗം തീർച്ചപ്പെടുത്തുന്നു.''

(യോഗാദ്ധ്യക്ഷൻ ജ: കാപ്പിൽ വെള്ളങ്ങര മുഹമ്മദ് മൗലവി പ്രമേയം അവതരിപ്പിച്ചു. കരിമ്പനക്കൽ അഹ്മദ് മൗലവി പിന്താങ്ങി.)

അൽബയാൻ പുസ്തകം: 1. ലക്കം 5

സമസ്തയും ജുമുഅ ഖുത്തുബയുടെ ഭാഷയും

''ജുമുഅന്റെ ഖുത്ബയിൽ അറബി ഭാഷ അല്ലാതെ ഭാഷ ഉപയോഗിക്കുന്നത് നല്ലതല്ലാത്തതും മുങ്കറത്തായ ബിദ്അത്തുമാണെന്ന് ഈ യോഗം തീർച്ചപ്പെടുത്തുന്നു. ഇന്ന് ഖുത്ബ പരിഭാഷ നടപ്പിലുള്ള ജുമുഅത്ത് പള്ളി ഭാരവാഹികളോടും ഖത്തീബന്മാരോടും അത് നിറുത്തൽ ചെയ്‌വാൻ ഈ യോഗം ഉപദേശിക്കുകയും ചെയ്യുന്നു.''

അവതാരകൻ:

ഖുതുബി മുഹമ്മദ് മുസ്‌ലിയാര്
(ചൊക്‌ളി)

അനുവാദകന്മാർ:

1. അദ്ധ്യക്ഷനവർകൾ
2. റശീദുദ്ദീൻ കെ. മൂസാ മൗലവി
(പൊറത്തയിൽ)

പ്രമേയം സർവ്വസമ്മതമായി പാസ്സാക്കി.

(സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ 17ാം വാർഷിക റിപ്പോർട്ട്, പേജ്:5,6)

ENNEL'S
SUNAYNA
CONVENT ROAD, ERNAKULAM, COCHIN-11
Dealing in
Childcare, Garments, Toys, Furniture, Utility Items, Cassettes, Posters, Song Books, Wall Papers, Bags, Gift Articles Etc.
JEAN Paradise
CONVENT ROAD, ERNAKULAM, COCHIN-11
Dealing in
Jean Machine, Avis Jeans, Fus, wanted Jeans, Apache Jeans, La-Belle Jeans and above all Wrangler and Levis Jeans, T. Shirts Etc.
FOR EVERYTHING UNDER ONE ROOF
Visit Our
NEW SHOW ROOM
ENNEL'S SUNAYNA
THE SUPER MARKET
Convent Road
ERNAKULAM
PROPRIETOR :
NASSER LATIF (ENNEL)

KERALA HERITAGE CENTER KALPAKANCHERY

ഇസ്‌ലാഹി

പത്രമാസികകൾ

പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ കേരള മുസ്‌ലിംകളിൽ ഒരു ചെറിയ ന്യൂനപക്ഷം മാത്രമാണ് പത്രപ്രവർത്തനത്തിൽ താൽപര്യം പ്രകടിപ്പിച്ചിരുന്നത്. ഈ നൂററാണ്ടിൻെറ ആരംഭത്തിൽ മുസ്‌ലിംകൾ പത്രലോകവുമായി കൂടുതൽ അടുത്തുവന്നു. കേരള മുസ്‌ലിംകൾക്കിടയിൽ വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവുമായ പരിവർത്തനങ്ങൾ സംജാതമാക്കുന്നതിൽ പത്രങ്ങൾ പരിഗണനാർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. അടുത്തകാലംവരെ മുസ്‌ലിംകൾ വരമൊഴിക്കും വിജ്ഞാനപ്രചാരണത്തിന്നും അറബി–മലയാള ലിപിയെയാണ് അംഗീകരിച്ചിരുന്നത്. സമുദായം ഒരു കാലത്ത് പൊതുവെ ഇംഗ്ലീഷ് ഭാഷയെ നരകഭാഷയായും മലയാള ഭാഷയെ ആര്യനെഴുത്തായും പരിഗണിച്ചു. അവർ അറബി മലയാള ഭാഷാലിപിക്ക് മാത്രം പ്രാമുഖ്യം കൽപിച്ചു പോന്നു. കേരള മുസ്‌ലിംകളുടെ ഇസ്‌ലാഹി (പരിഷ്കരണം)നു വേണ്ടിയും പണ്ഡിതൻമാർ അറബി–മലയാളത്തെ മാധ്യമമായി അംഗീകരിച്ചിരുന്നു. കേരള മുസ്‌ലിംകളുടെ ഒന്നാമത്തെ പത്രമാസിക അറബി മലയാളത്തിലായിരുന്നു. മാസികയുടെ പേർ 'ഹിദായത്തുൽ ഇഖ്‌വാൻ'; പത്രാധിപർ സയ്യിദ് അബ്ദുല്ല കോയതങ്ങൾ. തിരൂരങ്ങാടിയിൽ കാരക്കൽ സെയ്താലി സ്ഥാപിച്ചിരുന്ന കല്ലച്ചിൽ നിന്നാണതു മുദ്രണം ചെയ്തിരുന്നത്. മൂന്നു വർഷം നടന്നു. അൽമുർശിദ് ഒന്നാം പുസ്തകം ഒന്നാം ലക്കത്തിലെ പ്രസ്താവനയിൽ ജ: കെ. എം. മൗലവി സാഹിബ് ഇങ്ങിനെ പ്രസ്താവിക്കുന്നു:

മതപരവും സാമുദായികവുമായ പരിഷ്കരണത്തെ ലക്ഷ്യമാക്കികൊണ്ട് അറബി മലയാളത്തിൽ ഇതിന്നു മുമ്പ് തന്നെ പല പത്രങ്ങളും ഉണ്ടായിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ അറബി–മലയാള പത്രം മമ്പുറത്തെ ബഹുമാന

—കെ. കെ. മുഹമ്മദ് അബ്ദുൽ കരീം—

KERALA HERITAGE CENTER KALPAKANCHERY

പ്പെട്ട സയ്യിദ് അലവി (ഖദ്ദസല്ലാഹു സിർറഹു) തങ്ങളുടെ സിബ്ത്വ് (പേരക്കുട്ടി) ആയ അബ്ദുല്ലക്കോയ തങ്ങളാൽ സ്ഥാപിതമായ 'ഹിദായത്തുൽ ഇഖ്വാൻ' എന്ന പത്രമാണ്''.

പിന്നീട് കേരള മുസ്ലിം നവോത്ഥാനശിൽപികളിൽ പ്രാമാണികനായ മർഹൂം സി. സെയ്താലിക്കുട്ടി മാസ്റ്റർ (തിരൂർ) അവർകൾ ഒരു അറബി-മലയാള പത്രം നടത്താനായി 'സ്വലാഹുൽ ഇഖ്വാൻ കമ്പനി' സ്ഥാപിച്ചു. ആ കമ്പനി ഡയരക്ടർമാർ താഴെ പറയുന്നവരായിരുന്നു. 1. മുഹമ്മദ് അക്റം സാഹിബ്, 2. പാട്ടത്തിൽ മൊയ്തീൻ സാഹിബ്. 3. മണ്ടകത്തിൽ മൊയ്തീൻ കുട്ടി സാഹിബ്. 4. അണിയാപ്പുറത്ത് അമ്മുസാഹിബ് 5. സി. സെയ്താലിക്കുട്ടി മാസ്ററർ. 6. കിഴക്കാം കുന്നത്ത് അഹ്മദുസാഹിബ്.

ഹിജ്റ 1317 മുഹർറ മാസത്തി (ക്രിസ്താബ്ദം 1899)ൽ 'സ്വലാഹുൽ ഇഖ്വാൻ പത്രം തിരൂരിൽനിന്നും പ്രസിദ്ധീകരണം തുടങ്ങി. മാസത്തിൽ രണ്ടും മൂന്നും ലക്കങ്ങൾ വീതമാണ് പ്രസിദ്ധീകരിച്ചിരുന്നത്. ജ: സെയ്താലിക്കുട്ടി മാസ്ററർ വളരെ വിഷമിച്ചുകൊണ്ട് എട്ടു വർഷക്കാലം ആ പത്രം നടത്തി. കേരള മുസ്ലിംകളുടെ പരിഷ്കരണ കാര്യത്തിൽ 'സ്വലാഹുൽ ഇഖ്വാൻ' അവിസ്മരണീയമാത പങ്ക് വഹിച്ചിട്ടുണ്ട്. സാമ്പത്തികമായ വിഷമംനിമിത്തം 'സ്വലാഹുൽ ഇഖ്വാൻ' ഒമ്പതാം വർഷം മുതൽ നിർത്തേണ്ടിവന്നു. പക്ഷേ അനിതര സാധാരണമായ ഉൽഗമനേച്ഛയുടെയും ഉൽസാഹശീലത്തിൻെറയും പ്രതീകമായിരുന്ന സെയ്താലിക്കുട്ടി മാസ്ററർ അവർകൾ തിരൂരിൽനിന്നുതന്നെ ഹിജ്റ 1327 (ക്രിസ്താബ്ദം 1909)ൽ അറബി മലയാള ലിപിയിൽ 'റഫീഖുൽ ഇസ്ലാം' വാരിക പ്രസിദ്ധീകരിച്ചു. മഹത്തായ ആ വിജ്ഞാന വാരിക നാല് വർഷം നടന്നു. മൗലാനാ കുഞ്ഞഹമ്മദ് ഹാജി, അദ്ദേഹത്തിൻെറ മാതുലനായ മൗലാനാ ചാലിലകത്ത് അബ്ദുല്ല മുസ്ല്യാർ (സി. എ. മുഹമ്മദ് മൗലവി സാഹിബ് (തിരൂരങ്ങാടി) അവർകളുടെ വന്ദ്യപിതാവ്) മുതലായവർ റഫീഖുൽ ഇസ്ലാമിൽ കനപ്പെട്ട ലേഖനങ്ങൾ എഴുതിയിരുന്നു.

ദക്ഷിണ കേരളത്തിലെ പ്രഗത്ഭ മത പണ്ഡിതനും വക്കം മൗലവി സാഹിബിൻെറ വന്ദ്യഗുരുനാഥന്മാരിൽ ഒരാളും മുസ്ലിം പരിഷ്ക്കർത്താക്കളിൽ പ്രാതഃസ്മരണീയനുമായിരുന്നു ആലപ്പുഴ സ്വദേശിയായിരുന്ന മൗലാനാ സുലൈമാനുബ്നുനു ആദം മുസ്ല്യാർ അവർകൾ. അദ്ദേഹം പ്രസിദ്ധ ഗ്രന്ഥകാരനും ബഹു ഭാഷാപണ്ഡിതനുമായിരുന്നു. ഹിജ്റ 1312 മുതൽ അദ്ദേഹം ആലപ്പുഴയിൽ 'ആമിറുൽ ഇസ്ലാം' എന്ന പേരിൽ ഒരു ലിത്തോ പ്രസ്സ് സ്ഥാപിച്ചു. അനേകം അറബി മലയാള ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. ഹിജ്റ 1317ൽ അദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽ 'മണിവിളക്ക്' എന്ന പേരിൽ ഒരു അറബി-മലയാള വാരിക പുറത്ത് വന്നു. മൂന്നു വർഷകാലം അതു നടന്നു. വക്കം മൗലവി സാഹിബ് മണിവിളക്കിൻെറ പ്രധാന ലേഖകന്മാരിൽ ഒരാളായിരുന്നു. സയ്യിദ്സനാ ഉല്ലാഹ് മക്തി തങ്ങൾ, ശൈഖ് മുഹമ്മദു മാഹിൻ ഹമദാനി തങ്ങൾ മുതലായവരും മണിവിളക്കിൻെറ ലേഖകന്മാരിൽപ്പെടുന്നു. ദക്ഷിണ കേരള മുസ്ലിം നവോത്ഥാനത്തിന്നു

KERALA HERITAGE CENTER KALPAKANCHERY

'മണിവിളക്ക്'' മാർഗ്ഗദർശനം നൽകിയിരുന്നു.

സയ്യിദ് സനാഉല്ലാഹ് മക്തി തങ്ങൾ

കേരള മുസ്ലിം പരിഷ്കരണ നായകന്മാരിൽ അഗ്രേസരനായിരുന്നു മക്തി തങ്ങൾ. അദ്ദേഹത്തെ പത്രപ്രവർത്തന കാര്യത്തിൽ സഹായിക്കാൻ നേരത്തെതന്നെ സന്നദ്ധനായതു മൗലവി അബ്ദുൽകരീം സാഹിബ് (കൊച്ചി) അവർകളുടെ ശിഷ്യനും സമ്പന്നനും പണ്ഡിതനും കൊച്ചി കൽവത്തി സ്വദേശിയുമായ ജനാബ് ഖാദിർഷാ ഹാജി ബാപ്പു സാഹിബ് അവർകളായിരുന്നു. കാക്കാസാഹിബ് എന്ന അപരാഭിധാനത്തിലാണദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നത്. കാക്കാസാഹിബ് പത്രാധിപരും മക്തിതങ്ങൾ സഹപത്രാധിപരുമായി കൊച്ചിയിൽനിന്നു ക്രിസ്താബ്ദം 1888-ൽ 'സത്യപ്രകാശം' എന്ന പേരിൽ ഒരു വാരിക പ്രസിദ്ധീകരിച്ചു. ''കേരള മുസ്ലിംകളുടെ നാനാവിധമായ പരിഷ്ക്കരണത്തേയും ലക്ഷ്യംവെച്ചു നടത്തിയ ആദ്യത്തെ കേരള മുസ്ലിം ഭാഷാവാരികയായിരുന്നു അത്. ഒമ്പത് മാസം മാത്രമാണതു നടന്നത്. ജ: ആദംജിഭീജീം സേട്ടുസാഹിബ് കൊച്ചിയിൽ സ്ഥാപിച്ചിരുന്ന ഭാരത കേസരി പ്രസ്സിൽ നിന്നാണ് 'സത്യപ്രകാശം' മുദ്രണം ചെയ്തിരുന്നത്.'' (2) കാക്കാസാഹിബ് 1908-ൽ അന്തരിച്ചു.

മക്തിതങ്ങൾ കൊച്ചിയിൽനിന്നു ഹിജ്റ: 1312ൽ ''തുഹ്ഫത്തുൽ അഖ്യാർ വ ഹിദായത്തുൽ അശ്റാറ്'' എന്ന പേരിൽ ഒരു അറബി മലയാള പാക്ഷികം പ്രസിദ്ധപ്പെടുത്തി. ചേനത്ത് വളപ്പിൽ സയ്യിദ് അബ്ദുർറഹ്മാൻ ഹൈദ്രോസ് എന്ന അടിമ മുസ്ല്യാർ (കൊച്ചി), അണിയാപുറത്ത് അമ്മുസാഹിബ് (തലശ്ശേരി), അറക്കൽ കുഞ്ഞഹ്മദ് മൗലവി (കൊച്ചി) എന്നിവരായിരുന്നു പത്രാധിപ സമിതി അംഗങ്ങൾ. യാഥാസ്ഥിതികന്മാർക്കെതിരിൽ ആ പത്രം ശക്തിയായ സമരം നടത്തികൊണ്ടിരുന്നു. ഒരു വർഷം മാത്രം നടന്നു. ആ പത്രത്തിലെ മരിക്കാത്ത മുദ്രാവാക്യം ഇതായിരുന്നു.

''അടുക്കള വിട്ടുപോയില്ല; അറിവുള്ളോരെ കണ്ടില്ല; കിത്താബൊന്നും പഠിച്ചില്ല; ഫത്വാക്കൊട്ടും മുട്ടില്ല''.

സത്യപ്രകാശം, തുഹ്ഫത്തുൽ അഖ്യാർ....എന്നീ പത്രങ്ങളുടെ അസ്തമനാനന്തരം മക്തി തങ്ങൾ കോഴിക്കോട്നിന്നും കൊച്ചിയിൽനിന്നുമായി 'പരോപകാരി' എന്ന പേരിൽ മൂന്നു വർഷത്തോളം ഒരു മാസിക രണ്ടുതവണ പ്രസിദ്ധീകരിച്ചിരുന്നു. അക്കാലത്ത് കേരള മുസ്ലിംകൾ ആ പരിഷ്കർത്താവിനെ സഹായിച്ചില്ല. 'പരോപകാരി' പത്രപ്രവർത്തനം നിമിത്തം സ്വന്തം ഭവനംപോലും ദുർവ്വഹമായ ഋണബാധ്യതമൂലം അദ്ദേഹം വിൽക്കേണ്ടിവന്നു. 1912ൽ കേരള മുസ്ലിം പരിഷ്കർത്താക്കളിൽ അഗ്രേസരനായിരുന്ന മക്തിതങ്ങൾ അന്തരിച്ചു. മുസ്ലിംകൾക്കിടയിൽ സാഹിത്യാഭിരുചി വളർത്തുന്നതിൽ അദ്ദേഹം വഹിച്ച ത്യാഗസേവനങ്ങൾ പുതിയ തലമുറ വിസ്മരിക്കരുത്.

---

(2) മലബാർ ഇസ്ലാം. പുസ്തകം 1. ലക്കം 2

KERALA HERITAGE CENTER KALPAKANCHERY

വക്കം മൗലവി സാഹിബ്

അതുല്യനായ ബഹുഭാഷാപണ്ഡിതൻ, സമ്പന്നനും മാതൃകായോഗ്യനുമായ അദ്ധ്യാപകൻ, അനുകരണീയനായ മതഭക്തൻ, അക്ഷോഭ്യനായ സമുദായ പരിഷ്കർത്താവ്, അത്യുന്നതനായ തൂലികാനായകൻ, സത്യസന്ധനായ പത്രപ്രവർത്തകൻ, നിരുപമനായ ദേശാഭിമാനി എന്നീ വിവിധ നിലകളിലാണ് വക്കം, എം. മുഹമ്മദ് അബ്ദുൽഖാദിർ മൗലവി സാഹിബ് അവർകൾ അറിയപ്പെടുന്നത്. അദ്ദേഹം അക്കാലത്തെ ഏറ്റവും ഉയർന്നൊരു പ്രസ്സ് അഞ്ചുതെങ്ങിൽ സ്ഥാപിച്ചു. മലയാളവർഷം 1079ൽ 'സ്വദേശാഭിമാനി' പത്രം ആരംഭിച്ചു. 'സ്വദേശാഭിമാനി' കേരള മുസ്ലിം നവോത്ഥാനത്തിന്നും രാഷ്ട്രീയാഭ്യുന്നതിക്കുമായി ധീരസേവനം നടത്തി. അവസാനം തിരുവിതാംകൂർ ദിവാൻ സർ, സി.പി. സ്വദേശാഭിമാനി പ്രസ്സ് കണ്ടുകെട്ടി. പത്രം നിരോധിച്ചു. മൗലവി സാഹിബിന്നു സാമ്പത്തികമായ കനത്തനഷ്ടം സഹിക്കേണ്ടിവന്നു. 1910 സപ്തംബർ 26–ാംനുയാണ് പ്രസ്സ് കണ്ടു കെട്ടിയത്.

ക്രിസ്താബ്ദം 1906 മുതൽ മൗലവി സാഹിബ് മലയാള ഭാഷയിൽ 'മുസ്ലിം' മാസിക നടത്തി–ഏഴു വർഷംവരെ അതു നടന്നു. പിന്നീടു മൗലവി സാഹിബിൻെറ സ്യാലനും ഉന്നത പണ്ഡിതനുമായിരുന്ന എ. മുഹമ്മദു കുഞ്ഞു മൗലവി സാഹിബ് (വക്കം) 'മുസ്ലിം' മൂന്നു വർഷത്തോളം ആലപ്പുഴയിൽനിന്നു ദിനപത്രമായി നടത്തിയിരുന്നു. 1910ൽ മൗലവി സാഹിബ് 'അൽ–ഇസ്ലാം' എന്ന പേരിൽ ഒരു അറബി മലയാള മാസിക തുടങ്ങി. അതിലെ 'തൗഹീദ്' എന്ന ലേഖനം കേരളീയ മുസ്ലിം പണ്ഡിതലോകത്ത് വലിയ കോളിളക്കം സൃഷ്ടിച്ചു. സ്ത്രീ വിദ്യാഭ്യാസത്തിന്നു 'അൽ–ഇസ്ലാം' മാർഗ്ഗദർശനം നൽകി. അൽ–ഇസ്ലാം അഞ്ചു ലക്കങ്ങൾ മാത്രമേ നടന്നുള്ളു. 1931ൽ മൗലവി സാഹിബ് അവർകൾ വക്കത്ത് 'ഇസ്ലാമിക പ്രസിദ്ധീകരണാലയം' സ്ഥാപിച്ചു. അൽ–ഫാറൂഖ്, ഇസ്ലാം മത സിദ്ധാന്തസംഗ്രഹം, നബിമാർ, ഇസ്ലാമിൻെറ സന്ദേശം' മുതലായ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി–1931ൽ മൗലവി സാഹിബ് വക്കത്തനിന്നു 'ദീപിക' മാസിക ആരംഭിച്ചു. അതിൽ അദ്ദേഹം വിശുദ്ധ ഖുർആൻ പരിഭാഷയും വ്യാഖ്യാനവും ഖണ്ഡശ്ശ: എഴുതികൊണ്ടിരുന്നു. ഒന്നരവർഷം 'ദീപിക' നടന്നു. 1932 ഒക്ടോബർ 31–ാംനു വക്കം മൗലവി സാഹിബ് ഉദര രോഗബാധ നിമിത്തം അന്തരിച്ചു. കേരള മുസ്ലിം നവോത്ഥാന നേതാവായിരുന്നു മൗലവി അവർകൾ. അദ്ദേഹം വെട്ടിതെളിച്ചപാതയിലൂടെയാണ് സമുദായം മൊത്തത്തിൽ ഇന്നു സഞ്ചരിക്കുന്നത്.

'അൽ–മനാറും' 'ഖിലാഫത്ത് പത്രിക'യും

മർഹൂം, വക്കം എം. മുഹമ്മദു കുഞ്ഞു മൗലവി സാഹിബ് (മുഹമ്മദു കുഞ്ഞുക്കാക്ക എന്ന പേരിൽ പ്രസിദ്ധൻ) അവർകൾ ഇസ്ലാഹി ആദർശ പ്രചരണത്തിന്നായി 'അൽ–മനാർ' എന്ന പേരിൽ ഒരു മാസിക വക്കത്തനിന്നു പ്രസിദ്ധീകരിച്ചു. ആറ് ലക്കങ്ങൾ മാത്രമേ പുറത്ത് വന്നുള്ളു. 1921ൽ അദ്ദേഹം വക്കത്തനിന്നു 'ഖിലാഫത്ത്'

KERALA HERITAGE CENTER KALPAKANCHERY

പത്രിക' എന്ന പേരിൽ മററൊരു ഇസ്ലാഹ് മാസികയും ഒരു വർഷത്തോളം നടത്തി. ആ രണ്ടു പത്രങ്ങളും അന്ധവിശ്വാസനാചാരങ്ങൾക്കെതിരിൽ വീറോടെ പടപൊരുതിയിരുന്നു. മുൻ ചൊന്ന 'ഖിലാഫത്ത് പത്രിക' ഇസ്ലാഹി ആശയത്തോടൊപ്പം കോൺഗ്രസ്സ്—ഖിലാഫത്താദർശത്തിന്നും മുൻഗണന നൽകിയിരുന്നു.

'മുഹമ്മദീയ ദർപ്പണവും' 'മുസ്ലിം വനിത'യും

മുനമ്പം സ്വദേശിയായിരുന്ന ജ: പി. കെ. മൂസക്കുട്ടി സാഹിബ് അവർകൾ ഉന്നതനായ പുരോഗമനവാദിയും ദേശീയനേതാവും ആദ്യകാലത്തെ ശ്രദ്ധേയനായ എഴുത്തുകാരനുമായിരുന്നു. അദ്ദേഹം എറണാകുളത്ത് സ്വന്തമായി ഒരു പ്രസ്സ് സ്ഥാപിച്ചു 'മുഹമ്മദീയ ദർപ്പണം' മാസിക ആരംഭിച്ചു. മുസ്ലിംകൾക്കിടയിൽ മതപരവും ആധുനികവുമായ വിദ്യാഭ്യാസ പ്രചരണത്തിന്നും, മാമൂലാചാരങ്ങൾക്കുമെതിരിൽ ആ മാസിക പടപൊരുതി. ഒരുവർഷം മാത്രമാണതു നടന്നത്. പിന്നീട് അദ്ദേഹം മുസ്ലിം സ്ത്രീകളുടെ ഉദ്ധാരണത്തിന്നായി 'മുസ്ലിം വനിതാ മാസിക എറണാകുളത്ത്നിന്നു പ്രസിദ്ധീകരിച്ചു. ആ മാസികയും ഒരു വർഷം നടന്നു. സ്ത്രീ വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ചു അദ്ദേഹം അക്കാലത്ത് ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. 'സ്ത്രീകളും വൈദ്യവിദ്യയും', 'ഇരവ് വാങ്ങിയ ആഭരണം' (സാമുദായിക നോവൽ) എന്നീ പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. 1921ൽ ഖിലാഫത്ത്—കോൺഗ്രസ്സ് ആദർശത്തെ അനുകൂലിക്കുന്ന ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചതു നിമിത്തം അദ്ദേഹത്തെ അറസ്ററു ചെയ്തുവെങ്കിലും താക്കീതു ചെയ്തു വിട്ടയച്ചു 1927ൽ മഹാനായ ആ പരിഷ്കർത്താവ് ദിവംഗതനായി.

മുസ്ലിം മിത്രം

വക്കം മൗലവി സാഹിബിൻെറ ബന്ധുക്കളിൽ ഒരാളും പ്രസിദ്ധ സാഹിത്യകാരനുമായിരുന്ന ജ എം., അഹ്മദുകണ്ണുസാഹിബ് (തിരുവിതാംകോട്) അവർകൾ 1930—ൽ തിരുവനന്തപുരത്ത് നിന്നു 'മുസ്ലിം മിത്രം' മാസിക പ്രസിദ്ധീകരണം ആരംഭിച്ചു. ഇസ്ലാഹി പ്രസ്ഥാനത്തിന്നു ശക്തിമത്തായ പ്രോൽസാഹനമായിരുന്ന ആ മാസിക ഒന്നരവർഷം മാത്രമേ നടന്നുള്ളൂ. എം. അഹ്മദുകണ്ണ് ഉത്തിഷ്ടമാനസനായ സാഹിത്യകാരനും ഉൽകൃഷ്ടങ്ങളായ പല ഗ്രന്ഥങ്ങളുടെയും കർത്താവുമാണ്. 1966ൽ അദ്ദേഹം അന്തരിച്ചു.

ഇശാഅത്ത്

കോട്ടയം സ്വദേശിയായിരുന്ന പി. എം. അബ്ദുൽഖാദിർ മൗലവി സാഹിബ് അവർകൾ കേരള മജ്ലിസുൽ ഉലമായുടെ സ്ഥാപക നേതാവായിരുന്നു. അന്ധവിശ്വാസനാചാരങ്ങൾക്കെതിരിൽ അവിശ്രമം പടപൊരുതിയിരുന്ന ഉൽപതിഷ്ണുവായിരുന്ന ആ പണ്ഡിതൻ ഇശാഅത്ത് പ്രചരണരംഗത്ത് ഉറച്ചുനിന്നു. അദ്ദേഹം ധാരാളം ഇസ്ലാമിക ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ഹിജ്റ 1351 മുതൽ അദ്ദേഹം ആലപ്പുഴയിൽനിന്നു 'ഇശാഅത്ത്' മാസിക പ്രസിദ്ധീകരണം തുടങ്ങി. ആ മഹത്തായ മാസിക ഏഴുവർഷംവരെ മുടങ്ങാ

KERALA HERITAGE CENTER KALPAKANCHERY

തെ നടന്നു, അക്കാലത്ത്തന്നെ ആലപ്പുഴയിൽനിന്നു ജ: കെ. കെ. മുഹമ്മദു ശാഫിമൗലവിസാഹിബ് 'സാരസൻ' വാരികയും എറണാകുളത്തു നിന്നു ഡോക്ടർ, തയ്യിൽ കമാൽപാഷ അവർകൾ 'പ്രകാശം' വാരികയും പ്രസിദ്ധീകരിച്ചിരുന്നു. 'ഇശാഅത്തും' 'സാരസനും' 'പ്രകാശ'വും ഇസ്ലാംമത പ്രചരണരംഗത്ത് മറക്കാനാവാത്ത സേവനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്.

മലബാർ ഇസ്ലാം

കേരള മുസ്ലിംകളുടെ സർവ്വതോന്മുഖമായ പുരോഗതിയെ ഉന്നംവെച്ച് കൊണ്ടു കൊച്ചിയിൽനിന്നു പ്രസിദ്ധീകൃതമായിരുന്ന ശ്രദ്ധേയമായൊരു വാരികയാണ് 'മലബാർ ഇസ്ലാം'– സ്ഥാപക പത്രാധിപർ പ്രസിദ്ധ പണ്ഡിതനായിരുന്ന ഹാജി. അബ്ദു മുഹമ്മദ് ഹാജിസാഹിബ് (കൊച്ചി) അവർകൾ. 1916ൽ ആരംഭിച്ച പ്രസ്തുത വാരിക 1921 മുതൽ പ്രസിദ്ധ പണ്ഡിതനും സീറത്ത് കമ്മററി കേരള ശാഖാ പ്രസിഡണ്ടും ഗ്രന്ഥകാരനുമായിരുന്ന ജ: സി. വി. എ. ഹൈദ്രൂസ് സാഹിബിൻെറ പത്രാധിപത്യത്തിൽ പുനഃപ്രസിദ്ധീകരണം ആരംഭിച്ചു. ആകെ 13 വർഷത്തോളം ആ വാരിക നടന്നു.

'അൽ–ഇർശാദു'ം 'അൽ–ഇസ്ലാഹും'

1922 മുതൽ സ്ഥാപിതമായ കേരള മുസ്ലിം ഐക്യസംഘത്തിൻെറ അറബി മലയാള ജിഹ്വകളായിരുന്നു 'അൽ–ഇർശാദും' 'അൽ–ഇസ്ലാഹും'. 'അൽ ഇർശാദ്' ഒന്നര വർഷം നടന്നു. പത്രാധിപർ മണപ്പാട്ടു പി. കുഞ്ഞിമുഹമ്മദുസാഹിബ്. 'അൽ–ഇസ്ലാഹ്' ആദ്യത്തെ അരവർഷം വാരികയായും പിന്നീട് ആറുമാസം മാസികയായും നടന്നു. 'അൽ–ഇസ്ലാഹ്' വാരികയുടെയും മാസികയുടെയും പത്രാധിപർ ജ: ഇ. മൊയ്തുമൗലവി സാഹിബ് അവർകളായിരുന്നു. കെ. എം. മൗലവിസാഹിബ്, ഇ. കെ. മൗലവിസാഹിബ് മുതലായവർ ആ പത്രങ്ങളിൽ ധാരാളം കനപ്പെട്ട ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. കെ. എം. മൗലവി സാഹിബിൻെറ വിലപ്പെട്ട ഫത്വാകൾ പ്രസിദ്ധീകരിക്കാൻ തുടങ്ങിയതും ആ പത്രങ്ങൾ തന്നെ.

'മുസ്ലിം ഐക്യ'വും 'ഐക്യ'വും

കേരള മുസ്ലിം ഐക്യസംഘത്തിൻെറ ആദർശ പ്രചരണത്തിന്നായി കൊടുങ്ങല്ലൂരിൽനിന്നു ജനാബ് പി. എ. അഹ്മദുണ്ണിയുടെ പത്രാധിപത്യത്തിൽ 'മുസ്ലിം ഐക്യം' മാസിക പതിനാലു ലക്കങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. പിന്നീട് ജ: കെ. എം. സീതിസാഹിബ്, എ. മുഹമ്മദുകണ്ണു സാഹിബ് (വർക്കല) എന്നിവരുടെ പത്രാധിപത്യത്തിൻ കീഴിൽ എറണാകുളത്ത് നിന്നു രണ്ടു വർഷത്തോളം 'ഐക്യം' വാരികയും പ്രശംസനീയമാംവിധം നടന്നു.

'യുവമുസ്ലി'മും 'മുസൽമാനും'

പ്രസിദ്ധ ഗ്രന്ഥകാരനും പത്രപ്രവർത്തകനുമായിരുന്ന ജ: എ. എം. ഖാദിർസാഹിബ് (കൊടുങ്ങല്ലൂർ) അവർകൾ 1926ൽ ഐക്യസംഘത്തോടു ആശയപ്പൊരുത്തമുള്ള 'സമസ്ത കേരള മുസ്ലിം യുവജനസംഘം' സ്ഥാ

KERALA HERITAGE CENTER KALPAKANCHERY

പിച്ചു. സംഘത്തിൻെറ ജിഹ്വയായിരുന്നു 'യുവമുസ്ലിം'– ആറുമാസം നടന്നു. 1945 മുതൽ അദ്ദേഹം 'മുസൽമാൻ' എന്ന പേരിൽ മറെറാരു സ്വതന്ത്ര മാസികയും ആരംഭിച്ചു. അഞ്ച് വർഷത്തോളം ആ മാസിക നടന്നു കേരള മുസ്ലിംകളുടെ ഉദ്ധാരണ രംഗത്ത് 'മുസൽമാൻ' ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്.

കേരള മുസ്ലിം നവോത്ഥാന പരിശ്രമങ്ങൾക്ക് ശക്തിയായ പിന്തുണ നൽകിയ മറെറാരു മാസികയായിരുന്നു 1921ൽ കൊടുങ്ങല്ലൂരിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'നവലോകം'. പത്രാധിപർ എൻ. എ. അബ്ദുർറഹ്മാൻ സാഹിബ്. ആറു ലക്കങ്ങൾ മാത്രം നടത്തി സാമ്പത്തിക ക്ലേശം നിമിത്തം നിർത്തേണ്ടിവന്നു.

അൽ–അമീൻ

കോഴിക്കോട്ടുനിന്നു ശേറെ മലബാർ ജ: മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിൻെറ പത്രാധിപത്യത്തിൻ കീഴിൽ 1923 മുതൽ 1931വരെ ത്രൈവാരികയായി നടന്നു. പിന്നീട് 1936വരെ ദിനപത്രമായി പ്രസിദ്ധീകരിച്ചു. ഇസ്ലാഹീ ആദർശങ്ങൾക്കും ദേശീയ പ്രസ്ഥാനത്തിന്നുമായി 'അൽ–അമീൻ' പടപൊരുതി. ബ്രിട്ടീഷ് ഗവർമ്മേണ്ടു രണ്ടു മൂന്നു തവണ അൽ–അമീൻെറ പ്രസിദ്ധീകരണം നിരോധനോത്തരവ് മുഖേന തടഞ്ഞു. കേരള മുസ്ലിംകളുടെ നാനാ വിധമായ പുരോഗതിക്കും വഴി തെളിയിച്ച നിത്യസ്മരണീയമായ പത്രങ്ങളിൽ ഒന്നാണ് 'അൽ–അമീൻ'. അൽ–അമീൻ ആരംഭിച്ച അടുത്ത കാലത്ത് തന്നെയാണ് തലശ്ശേരിയിൽനിന്നു 'ചന്ദ്രിക' വാരികയായി ആരംഭിച്ചത്. ചന്ദ്രിക മുഖേന ഇസ്ലാഹി പ്രസ്ഥാനത്തിന്നു ലഭിച്ചതും ഇന്നും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ സഹായ സഹകരണങ്ങൾ അനുസ്മരണീയമത്രെ.

'അൽ–ഹിദായ'യും 'നിസാഉൽ ഇസ്ലാമും'

ജ: കെ. സി. കോമുക്കുട്ടി മൗലവി സാഹിബിൻെറ ശ്വശുരനായിരുന്ന ഇരിമ്പിളിയം സ്വദേശി ഹൈദർ വൈദ്യർ അവർകൾ ഉൽപതിഷ്ണുവായ ഒരു പണ്ഡിതനായിരുന്നു. അദ്ദേഹം ഇരിമ്പിളിയത്ത് ഹൈദരിയ്യ പ്രസ്സ് സ്ഥാപിച്ചു. സ്വ പത്രാധിപത്യത്തിൽ 'അൽ–ഹിദായ' എന്ന പേരിൽ ഒരു അറബിമലയാള മാസിക ഇരിമ്പിളിയത്തിൽ നിന്നും പ്രസിദ്ധീകരിച്ചു. അതിൽ പ്രധാന പങ്കാളി ജ: കോമുക്കുട്ടി മൗലവിയായിരുന്നു. 'ഹിദായ' പ്രസിദ്ധീകരണം നിന്നതിന്നുശേഷം മുസ്ലിം സ്ത്രീകളുടെ ഉദ്ധാരണത്തെ ഉന്നംവെച്ചു ജ: കോമുക്കുട്ടി മൗലവി 'നിസാഉൽ ഇസ്ലാം' എന്ന പേരിൽ ഒരു കനത്ത അറബി മലയാള മാസികയും പ്രസിദ്ധീകരിച്ചു. ഒരു വർഷം മാത്രമേ അതും നടന്നുള്ളു.

യുവലോകം

1929ൽ കോഴിക്കോട് നിന്നു കെ. മുഹമ്മദു സാഹിബ് (ചേന്ദമംഗല്ലൂർ) അവർകൾ ആറുമാസം മാസികയായി നടത്തി. പിന്നീട് അദ്ദേഹത്തിൽനിന്നു പത്രാധിപസ്ഥാനം ജ: കെ. സി. കോമുക്കുട്ടി മൗലവി സാഹിബ് ഏറെറടുത്തു. മൗലവി സാഹിബ് എട്ടുവർഷക്കാലം യുവലോകം പ്രശംസനീയമാം

KERALA HERITAGE CENTER KALPAKANCHERY

വിധം നടത്തി. ഇസ്ലാഹി പ്രസ്ഥാനത്തിന്നും ദേശീയ നവോദ്ധാരണത്തിന്നും യുവലോകം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

1929ൽ കോഴിക്കോട്ടുനിന്നു സി. എച്ച്. മുഹമ്മദിന്റെ പത്രാധിപത്യത്തിൽ 'മുസ്ലിം സഹകാരി' എന്ന പേരിൽ ഒരു മാസിക അഞ്ചു ലക്കങ്ങൾ മാത്രം പ്രസിദ്ധീകരിച്ചു. അക്കാലത്ത് തന്നെ ഖിലാഫത്ത് അഹമദ് സാഹിബ് എന്ന പേരിൽ അറിയപ്പെടുന്ന കെ അഹമദു സാഹിബ് കോഴിക്കോട് അവർകൾ 'ഹിദായത്ത്' എന്ന പേരിൽ ഒരു മാസിക നടത്തിയിരുന്നു. ഇസ്ലാഹി പ്രസ്ഥാനത്തിന്നു ഗണ്യമായ സേവനം നൽകിയ ആ മാസിക ഒരു വർഷം മാത്രമേ നടന്നുള്ളു.

1932ൽ കോഴിക്കോട് നിന്നു :ജ എ. സി. സി. ഹസ്സൻ മൗലവി സാഹിബിന്റെ പത്രാധിപത്യത്തിൻ 'മാർഗ്ഗദർശകൻ' മാസിക പ്രസിദ്ധീകരിച്ചു. ആറു ലക്കങ്ങൾ മാത്രം പുറപ്പെട്ടു. സാമ്പത്തികവിഷമം നിമിത്തം ആ നല്ല ഇസ്ലാഹി മാസിക അസ്തമിച്ചുപോയി!

'യുവജനമിത്രവും'

'മുജാഹിദും'

തലശ്ശേരിയിൽനിന്നു ജ: തയ്യലക്കണ്ടി മൊയ്തു സാഹിബ്, ഒ. മാഹിനലി സാഹിബ് എന്നിവരുടെ പത്രാധിപത്യത്തിൻകീഴിൽ 'യുവജനമിത്രം' മാസിക ഒരു വർഷത്തോളം നടന്നു. 1945 മുതൽ ജ: ഒ. മാഹിനലി സാഹിബ് 'മുജാഹിദു' മാസികയും നടത്തിയിരുന്നു. അതിന്റെ അഞ്ചുലക്കങ്ങൾ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളു. മുജാഹിദു മാസികയിൽ ജ: പി. വി. മുഹമ്മദു മൗലവി സാഹിബ് (പുളിക്കൽ) അവർകളുടെ ലേഖനങ്ങളും ഭാഷാകവിതകളുമുണ്ടായിരുന്നു. എറണാകുളത്ത് നിന്നു ജ: പി. എ. നൈനാൻകുട്ടി സാഹിബിന്റെ ആധിപത്യത്തിൽ ഒരു വർഷത്തോളം 'മുജാഹിദ്' എന്ന പേരിൽ ഒരു വാരികയും പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇസ്ലാഹി പ്രസ്ഥാനത്തിന്നും മുസ്ലിം ലീഗിനും മുജാഹിദു വാരിക ശക്തിയായ പിന്തുണ നല്കി.

1921, 23 വർഷങ്ങളിൽ ആലപ്പുഴയിൽനിന്നു ജ: സി. കെ. ബാവ സാഹിബ് (എറണാകുളം) അവർകൾ 'മുഹമ്മദലി' മാസിക പ്രസിദ്ധീകരിച്ചു. ഇസ്ലാഹി പ്രസ്ഥാനത്തിന്നും ഇശാഅത്ത് പ്രചരണത്തിന്നും ദേശീയ നവോത്ഥാനത്തിന്നും 'മുഹമ്മദലി' മാസിക കനത്ത സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. മുസ്ലിം മഹിളാ ശംസുൽ ഇസ്ലാം, ഇസ്ലാം ദൂതൻ, മുസൽമാൻ, യുവകേസരി, മലയാളി എന്നീ നാമധേയങ്ങളിൽ ചില മാസികകൾ ഈ നൂററാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. മുൻചൊന്ന മാസികകൾ മിക്കതും ആലപ്പുഴയിൽനിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്. അവയിൽ 'ഇസ്ലാം ദൂതൻ', ഒരു വർഷത്തോളം നടന്നു. മററു പലതും ആറ് മാസങ്ങൾക്കിടയിൽ അസ്തമിക്കുകയാണുണ്ടായത്, കാരണം സമുദായത്തിന്റെ അശ്രദ്ധ തന്നെ.

'അൽ-മുർശിദും'

'അൽ-ഇത്തിഹാദും'

കേരള ജംഇയ്യത്തുൽ ഉലമായുടെ ജിഹ്വയായിരുന്ന 'അൽ-മുർശിദ്' അറ

KERALA HERITAGE CENTER KALPAKANCHERY

ബി മലയാള മാസികയിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്നും സാമുദായിക നവോത്ഥാനത്തിന്നും അത്യനർഘങ്ങളായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. 1935 ഫിബ്രവരി മുതൽ അൽ–മുർശിദ് ആരംഭിച്ചു. സ്ഥാപക പത്രാധിപർ വന്ദ്യരായ ജ: കെ. എം. മൗലവി സാഹിബ്. സ്ഥാപനം മുതൽ നാലു വർഷം ആ മാസിക മുറക്ക് നടന്നു. അവസാനം ചില സാങ്കേതിക കാരണങ്ങളാൽ പ്രസിദ്ധീകരണം നിലച്ചു. പിന്നീട് 1948ൽ 'അൽ–മുർശിദു' പുനഃപ്രസിദ്ധീകരണം തുടർന്നുവെങ്കിലും അഞ്ചാം പുസ്തകം പൂർത്തീകരിക്കാൻ മാത്രമേ സാധ്യമായുള്ളു–അൽ–മുർശിദിലെ ഫത്‌വാകളും ലേഖനങ്ങളും ഒരു ഇസ്‌ലാമിക വിജ്ഞാന കോശം തന്നെയാണ്. ഖുറാഫാത്തിനെതിരിൽ ആഞ്ഞുവീശിയ മൂർച്ചയുള്ള ഒരു പടവാളായിരുന്നു അൽ–മുർശിദ് മാസിക. പിൽക്കാലത്ത് തിരൂരങ്ങാടിയിൽനിന്നു ജ: ഇ. കെ. മൗലവിസാഹിബിൻെറ പത്രാധിപത്യത്തിൽ 'അൽ–ഇത്തിഹാദ്'' എന്ന പേരിൽ ഒരു അറബി മലയാള മാസിക ഒന്നരവർഷത്തോളം നടന്നു. കെ. എം. മൗലവി സാഹിബിൻെറ വിയോഗാനന്തരം 'അൽ–മുർശിദ്'' മലയാള മാസിക രണ്ടു വർഷകാലം ജ: ഇ. കെ. മൗലവി സാഹിബിൻെറ തന്നെ പത്രാധിപത്യത്തിൽ അതേ പ്രദേശത്തുനിന്നും പ്രസിദ്ധീകരിച്ചു.

1959ൽ ജ: എൻ. വി. അബ്ദുസ്സലാം മൗലവി സാഹിബ് അരീക്കോട്ടുനിന്നു ''മിശ്കാത്തുൽ ഹുദാ' എന്ന പേരിൽ കനപ്പെട്ടൊരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഒരു വർഷം മാത്രമേ അതു നടന്നുള്ളു.

1951–ൽ സി. എൻ. അഹ്മദു മൗലവി സാഹിബ് അവർകൾ ഒരു വർഷത്തിലധികം സ്വന്തം നിലയിൽ കരുവാരകുണ്ടിൽനിന്നു അൻസാരി മാസിക നടത്തി പിന്നീട് ജ: മജീദുമരക്കാർ സാഹിബ് നടത്തിയിരുന്ന 'അൻസാരി' യുടെ പത്രാധിപത്യം ഒരു വർഷംവരെ വഹിച്ചതും സി. എൻ. മൗലവിയായിരുന്നു. 1955, '56 വർഷങ്ങളിൽ അദ്ദേഹം കോഴിക്കോട്ടുനിന്നു 'ന്യൂ അൻസാരി' മാസികയും പ്രസിദ്ധീകരിച്ചു.

'യുവകേസരി'യും 'ഹിലാലും'

1946 മുതൽ ഇടവയിലെ സി. എം. പ്രസ്സിൽനിന്നു ജ: എം. എസ്സ്. അബ്ദുൽ അസീസ് സാഹിബ് പ്രസിദ്ധീകരിച്ചിരുന്ന ഒരു കനത്ത ഇസ്‌ലാമിക മാസികയായിരുന്നു 'യുവകേസരി'. ആ ഉപകാരപ്രദമായ മാസിക അഞ്ചു വർഷം മുടങ്ങാതെ നടന്നു. അക്കാലത്ത് തന്നെ എം. ഹലീമാബീവി 'മുസ്‌ലിം വനിത' എന്ന പേരിൽ ഒരു മാസികയും നടത്തിയിരുന്നു. പിന്നീട് അവർ 'വനിത' എന്ന പേരിൽ മറെറാരു മാസികയും മൂന്നുവർഷത്തോളം നടത്തി. 1951ൽ ഇടവായിലെ സി. എം. പ്രസ്സിൽനിന്നു ടി. എ. മജീദിൻെറ പത്രാധിപത്യത്തിൽ 'ഹിലാൽ' മാസിക 7 മാസത്തോളം നടന്നു. ഇസ്‌ലാഹീ പ്രസ്ഥാനത്തിന്നു ആ മാസികകളെല്ലാം മഹത്തായ സഹകരണവും സഹായവും നൽകിയിട്ടുണ്ടെന്ന വസ്തുത സുവിദിതമത്രെ.

1929ൽ തലശ്ശേരിയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'നാറജീൽസ്ഥാൻ' എന്ന ഉർദു മാസികയും കെ. പി. മുഹമ്മദു മൗലവിയുടെ ആധിപത്യത്തിൽ മുദ്രണം ചെയ്തിരുന്ന 'അൽ–ബുശ്റാ' അറബി മാസികയും ഇത്തരുണത്തിൽ അനുസ്മരണീയമത്രെ. ആ രണ്ടു പത്രങ്ങളും കേരള മുസ്‌ലിം നവോത്ഥാന സംരംഭ ചരിത്രങ്ങൾ കേരളത്തി

KERALA HERITAGE CENTER KALPAKANCHERY

ന്നകത്തും പുറത്തും പ്രചരിപ്പിക്കുന്ന തിൽ സാരമായ പങ്ക് വഹിച്ചിട്ടുണ്ട്. കെ. ഉമർമൗലവിയുടെ സൽസബീൽ, പി. എം. സാദിഖ് മൗലവിയുടെ അൽ–ഫാറൂഖ്, പ്രധാനം എന്നീ മാസികകൾ, പി. മുഹമ്മദു സാലിഹ് മൗലവിയുടെ 'പുലരി', പുന്നയൂർക്കുളം ബി. ബാപ്പുസാഹിബിന്റെ 'മിത്രം' വാരിക, ഇസ്ലാമിക് കൾച്ചർ (ചങ്ങനാശ്ശേരി), 'അമീർ' (തിരുവല്ല), ജമാഅത്ത് ടൈംസ് (കൊച്ചിൻ), ഇസ്ലാമികദർശനം (കൊച്ചിൻ) മാപ്പിളറവ്യൂ, മലബാറി, കൊച്ചിൻ മെയിൽ, പ്രഭാതം, മലയാളം, സ്വരാജ് മുതലായവ കേരള മുസ്ലിംകളുടെ ഉന്നമനത്തിന്നും ഉൽഗതിക്കുമായി അശ്രാന്തം പരിശ്രമിച്ച പത്രഗണങ്ങളിൽപ്പെടുന്നു അൽ–മനാർ ശബാബ്, ബിസ്മി മുതലായ മാസികാ പത്രങ്ങൾ മുജാഹിദുകൾ നടത്തിവരുന്നു. അൽ–മുർശിദു വെട്ടിതെളിയിച്ച പാതയിലൂടെ അൽ–മനാറും ശബാബും ആ ചന്ദ്രതാരം സഞ്ചരിക്കട്ടെ എന്നു നമുക്ക് ഇത്തരുണത്തിൽ പ്രാർത്ഥിക്കാം. ★

KERALA HERITAGE CENTER
KALPAKANCHERY

മാനവരാശിയുടെ മോചനം ഇസ്ലാമിലൂടെ മാത്രം

—എൻ. സുബൈർ, തളിപ്പറമ്പ്—

ഒരു വ്യവസ്ഥിതി എന്ന നിലയിൽ കമ്മ്യൂണിസം ഇന്ന് വമ്പിച്ച പരാജയത്തെ നേരിടുകയാണ്. കമ്മ്യൂണിസത്തിന്റെ പൊള്ളത്തരങ്ങളും കാപട്യങ്ങളും തുറന്ന് കാട്ടുംവിധമാണ് ലോകത്തു നടക്കുന്ന ഓരോ സംഭവവികാസവും. കഴിഞ്ഞ രണ്ട്മൂന്ന് ദശകങ്ങളിൽ കമ്മ്യൂണിസവും ഒരു പരാജയമാണെന്ന് അതിന്റെ വാക്താക്കൾ തന്നെ തെളിയിച്ചിരിക്കുന്നു. രണ്ട് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിൽ അതിർത്തിത്തർക്കം എന്ന ആശയം ഉയർന്നുവന്നിരിക്കുന്നു. ഈ നൂററാണ്ടിലെ ഏററവും ശക്തമായ ''ശീതസമരം'' റഷ്യയും ചൈനയും തമ്മിലാണെന്ന് പറയാം.

ചൈനീസ് വൻമതിലിന്നുള്ളിൽ നിന്ന് വരുന്ന വാർത്തകൾ ഹിററ്ലറെപ്പോലും നാണിപ്പിക്കുന്നതാണ്. ചൈനീസ് സാംസ്കാരിക വിപ്ളവത്തിന്ന നേതൃത്വം നൽകിയ മാവോ പത്നിയടക്കമുള്ള ''നാൽവർ സംഘം'' പ്രതിനിധികൾ തൂക്കുമരത്തിന്റെ നിഴലിൽ ജീവിക്കുകയാണിന്ന്. റഷ്യൻ സാമ്രാജ്യക്കരടി സർവ്വവിധ അന്താരാഷ്ട്ര നിയമങ്ങളേയും തൃണവൽഗണിച്ചു കൊണ്ട് അഫ്ഘാനിസ്ഥാനിൽ താണ്ഡവ നൃത്തമാടുന്നു. കമ്മ്യൂണിസ്റ്റ് സ്വർഗ്ഗമായ പോളണ്ടിൽ ജനലക്ഷങ്ങൾ സ്വാതന്ത്ര്യത്തിന്നും നീതിക്കുംവേണ്ടി പൊരുതുകയും രാജ്യവ്യാപകമായ പണിമുടക്കിലൂടെയും ഹർത്താലിലൂടെയും അവകാശത്തിന്നുവേണ്ടി ആർത്തിരമ്പുകയും ചെയ്തപ്പോൾ അവിടെ അടിയന്തിരാവസ്ഥയും പട്ടാളഭരണവും നടപ്പിലാക്കുകയാണുണ്ടായത്. കമ്മ്യൂണിസ്റ്റ് ലോകത്തിലെ ഏക സ്വതന്ത്ര ട്രേഡ്‌യൂനിയനായ ''സോളിഡാരിററി''യുടെ പ്രവർത്തനം തടയപ്പെടുകയും അതിന്റെ തലവനായ ലെക് വാലെസയെ ജയിലിലടക്കുകയുമാണ് ചെയ്തത്. മാത്രമല്ല, പോളണ്ടിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്നുശേഷം അവിടത്തെ ലക്ഷക്കണക്കിന്ന് ജനങ്ങൾ ഇന്നും കൽതുറങ്കുകൾക്കുള്ളി

KERALA HERITAGE CENTER KALPAKANCHERY

ലാണ്. കമ്മ്യൂണിസ്റ്റൈക്യം ഒരു മരീചികയാണിന്ന്. അഥവാ മുതലാളിത്ത വ്യവസ്ഥിതിയെക്കാൾ സങ്കുചിതമാണ് കമ്മ്യൂണിസം എന്ന് വേണം കരുതാൻ.

മൂല്യശോഷണവും ധർമ്മച്യുതിയുംകൊണ്ടു നട്ടംതിരിയുന്ന പാശ്ചാത്യ മുതലാളിത്ത വ്യവസ്ഥിതിയുടെയും അവസ്ഥയും ഭിന്നമല്ല. മാനവരാശിയുടെ മോചനം ഇസ്ലാമിലൂടെ മാത്രമെ സാദ്ധ്യമാകൂ എന്ന ചിന്തക്ക് ആക്കം കൂടിക്കൂടി വരികയാണ്. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന സങ്കീർണ്ണ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇസ്ലാമിന്ന് മാത്രമെ കഴിയൂ എന്നുള്ള ചിന്ത, ലോക ചിന്താമണ്ഡലത്തിൽ ഉരുത്തിരിഞ്ഞു വന്നുകൊണ്ടിരിക്കുന്നു. മതം മനുഷ്യനെ മയക്കുന്ന 'കറുപ്പാ'ണെന്ന സിദ്ധാന്തത്തിന്ന് സൈദ്ധാന്തിക രാഷ്ട്രങ്ങളിൽപോലും പ്രസക്തിയില്ലെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. ആരാധനാ സ്വാതന്ത്ര്യമെങ്കിലും നൽകാൻ ഭരണാധികാരികൾ നിർബ്ബന്ധരായിരിക്കുകയാണ്.

ലോകമെങ്ങും ഇസ്ലാമിക ചലനങ്ങൾ ദൃശ്യമാണിന്ന്. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽപോലും ജനങ്ങൾ മനുഷ്യവിമോചന പ്രസ്ഥാനമായ ഇസ്ലാമിനെക്കുറിച്ച് ചിന്തിക്കുവാനും പഠിക്കുവാനും തുടങ്ങിക്കഴിഞ്ഞു. ലോകമെമ്പാടുമുള്ള ഇസ്ലാമിക ചലനങ്ങളും ഉത്ഥാനങ്ങളും മാനവരാശിയെ പുളകം കൊള്ളിക്കുമ്പോൾ , ഇസ്ലാമിൻെറ ശത്രുക്കൾ അരയും തലയും മുറുക്കി നമുക്കെതിരിൽ മുന്നേറുന്നുണ്ടെന്ന കാര്യം മറക്കാവതല്ല. ഇസ്ലാമികരാഷ്ട്രങ്ങളുടെ ഉല്ലകോടിപോലും ചിലർക്ക് തലവേദന സൃഷ്ടിക്കുന്നത് ഈ ശത്രുതയുടെ നിദർശനമാണ്. ജറൂസലം പ്രശ്നത്തിൽ സമ്മേളനം കൈക്കൊണ്ട തീരുമാനം 'സമാധാനപ്രേമ'മുള്ള ചില ദേശീയ മലയാള ജിഹ്വകളെപ്പോലും വെറളിപിടിപ്പിക്കുകയുണ്ടായി.

ഇസ്ലാമിക വ്യവസ്ഥിതി താത്വികമായി അംഗീകരിക്കുകവഴി ഇറാൻ ഈ നൂററാണ്ടിലെ ഏററവും വലിയ സംഭവത്തിന്ന് സാക്ഷ്യം വഹിച്ചിരിക്കയാണ്. (ഇസ്ലാമിക ശരീഅത്തിന്ന് വിരുദ്ധമായിട്ടാണ് ഇപ്പോൾ ഇറാനിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ) ഇസ്ലാമിൻെറ ശത്രുക്കൾ ഇത് തികച്ചും മനസ്സിലാക്കി മുന്നേറിക്കൊണ്ടിരിക്കുന്നു. ലോകത്തങ്ങോളമിങ്ങോളമുള്ള ഏകാധിപതികളെയും സാമ്രാജ്യവാദികളെയും ഇസ്ലാമിക വിപ്ലവം അക്ഷരാർത്ഥത്തിൽ അമ്പരപ്പിച്ചിരിക്കുകയാണ്. ചില മുസ്ലിം രാഷ്ട്രത്തലവന്മാർ, തങ്ങളുടെ രാഷ്ട്രങ്ങളെ ചുവപ്പ് തീ കാർന്നുതിന്നുമ്പോഴും, വീണ വായിച്ചു കൊണ്ടിരിക്കുന്ന വിരോധാഭാസം കാണുന്നു. ഇതു അവസാനിപ്പിച്ച് ബുദ്ധിക്കും വിവേകത്തിന്നും വഴിമാറിക്കൊടുക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കയാണ്.

''ദൈവത്തിൻെറ പാശത്തെ മുറുകെ പിടിക്കുക; നിങ്ങൾ ഭിന്നിക്കരുത്'' എന്ന വിശുദ്ധ ഖുർആനിലെ ശ്രദ്ധേയമായ ആഹ്വാനത്തിൻെറ പ്രസക്തി എന്നത്തേക്കാളുപരി ഉയർന്നുവന്ന ഒരു നൂററാണ്ടാണ് ഹിജ്റ പതിനഞ്ചാം നൂററാണ്ട്. ഹിജ്റ പതിനഞ്ചാം നൂററാണ്ടിൻെറ ആഹ്വാനം ഇസ്ലാമിക ഐക്യമാണ്. അന്താരാഷ്ട്ര രംഗത്ത് ഇസ്ലാമിക ഐക്യത്തിൻെറ ആവശ്യകത മനസ്സിലാക്കി മുസ്ലിംലോകം

KERALA HERITAGE CENTER KALPAKANCHERY

ആദർശ സുന്ദരമായ ഒരു വിദ്യാർത്ഥി പ്രസ്ഥാനം

അസ്വസ്ഥ കലുഷിതമായ വിദ്യാർത്ഥി ലോകത്ത് ഇന്ന് സംഘടനകളുടെ ബാഹുല്യം ക്രമാതീതമാണ്. രാഷ്ട്രീയ-മത-സാമൂഹ്യ-സാംസ്കാരിക സംഘടനകളും, ഭൗതിക-നിർമ്മത-വിപ്ളവ പ്രസ്ഥാനങ്ങളും ഇന്ന് കലാലയകളിൽ അപൂർവ്വങ്ങളല്ല. എന്നാൽ ഈ സംഘടനകൾക്കൊന്നും സദാചാരബോധമുള്ള, ഗുരുശിഷ്യ ബന്ധത്തെ മാനിക്കുന്ന, സമൂഹത്തിനും രാഷ്ട്രത്തിനും ഉപകരിക്കുന്ന, ലക്ഷ്യബോധമുള്ള ഒരു വിദ്യാർത്ഥി നിര വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ കാരണം മനുഷ്യ മനസ്സുകളിലെ വിശ്വാസത്തിന്റെ ദൗർബല്യമാണ്. നിഷ്കളങ്കമായ വിശ്വാസം വിദ്യാർത്ഥികളുടെ അന്ത:കരണങ്ങളിൽ വേരൂന്നിയാൽ മാത്രമെ ലക്ഷ്യബോധമുള്ള ഒരു വിദ്യാർത്ഥി നിര ഇവിടെ വളരുകയുള്ളു എന്ന് വിശ്വസിക്കുന്നവരാണ് കേരളത്തിലെ മുജാഹിദുകൾ. അതുകൊണ്ട് തന്നെയാണ് ഇസ്ലാഹീ സംഘടനകളുടെ കൂട്ടത്തിൽ വിദ്യാർത്ഥികൾക്ക് വേണ്ടി മാത്രം 'മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ്' [M. S. M.] എന്ന പേരിൽ ഒരു സംഘടന ഇസ്ലാഹീ പ്രസ്ഥാവത്തിന്റെ നേതാക്കൾ 1970ൽ രൂപീകരിച്ചതും. ഈ സംഘടന ഇന്ന് കേരളത്തിൽ അറിയപ്പെടുന്ന ഒരു വിദ്യാർത്ഥി പ്രസ്ഥാനമാണ്. ഇതിന്റെ പ്രവർത്തനം ഇന്ന് വിദ്യാർത്ഥി ലോകത്ത് ഒരു

നല്ലളം നാസർ മദനി

സിക്രട്ടറി, എം. എസ്. എം. കേരള.

വമ്പിച്ച പരിവർത്തനം ഉണ്ടാക്കിയിട്ടുണ്ട് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല മുസ്ലിം വിദ്യാർത്ഥികളുടെ വിശ്വാസാചാരങ്ങളിൽ കടന്നുകൂടിയ അനിസ്ലാമിക മുൾച്ചെടികളെ പറിച്ചെടുത്ത് തൽസ്ഥാനത്ത് യഥാർത്ഥ ഈമാനിന്റെ വിത്ത് വിതസ്സാൻ M. S. M. ന് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാ മുഹമ്മദുർറസൂലുല്ലാ' എന്ന മഹത്തായ തൗഹീദിന്റെ വചനം വിദ്യാർത്ഥിലോകത്തിനു പ്രബോധ

മുന്നേറുമെന്ന് നമുക്ക് പ്രത്യാശിക്കാം. കോൺഫ്രൻസുകളിൽ മാത്രം പരിമിതമാക്കാതെ പ്രവർത്തനരംഗത്ത് ലോക ഇസ്ലാമിക സംഘടനകൾ എത്രത്തോളം മുന്നേറുന്നുവെന്നതിനെ ആശ്രയിച്ചായിരിക്കും ഇസ്ലാമിന്റെ-മാനവരാശിയുടെ വിജയം.

★

KERALA HERITAGE CENTER KALPAKANCHERY

നം ചെയ്യുന്നത് ഇന്ന് M. S. M. മാത്രമാണ്.

വിദ്യാർത്ഥി ലോകം വികലമായ വിശ്വാസത്തിന്റെ അടിമകളാണിന്ന്. ഈ വിശ്വാസങ്ങളിൽനിന്നും അവരെ മോചിപ്പിച്ച് ഏകദൈവ വിശ്വാസത്തിൽ അവരെ ഊട്ടിയുറപ്പിക്കുകയാണ് M.S.M. ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാഹു മാത്രമെ ആരാധനക്കർഹനുള്ളു എന്ന ഉന്നത യാഥാർത്ഥ്യം വിദ്യാർത്ഥി ലോകത്തെ പഠിപ്പിക്കുക എന്നതാണ് M. S. M. ന്റെ ലക്ഷ്യം.

വിദ്യാർത്ഥികളെ സംബന്ധിച്ചേടത്തോളം പഠിക്കുക എന്നതാണവരുടെ പ്രധാന കർത്തവ്യം. എന്നാൽ ഇന്നത്തെ വിദ്യാർത്ഥിലോകം ഈ കർത്തവ്യത്തെ സംബന്ധിച്ച് എത്രമാത്രം ബോധവാന്മാരാണെന്ന് വർത്തമാനകാല സംഭവങ്ങളിൽ നിന്നും നമുക്ക് ഗ്രഹിക്കാവുന്നതേയുള്ളു. പഠിക്കാതെ, പഠിക്കാനനുവദിക്കാതെ, കലാലയങ്ങളെ കലാപശാലകളാക്കി, കല്ലേറു സമരം നടത്തി, പരീക്ഷയിൽ പൂജ്യം മാർക്കുവാങ്ങി, മാർക്കു തട്ടിപ്പു നടത്തി ഡോക്ടറാവാൻ ഒരു എം. എസ്. എം. വിദ്യാർത്ഥിയെ അവന്റെ വിശ്വാസം അനുവദിക്കുകയില്ല. പഠിപ്പു മുടക്കി കല്ലേറുസമരം നടത്താനോ നഗരത്തെ പ്രകമ്പനം കൊള്ളിക്കുന്ന പ്രകടനങ്ങൾ നടത്തി ഗതാഗതം സ്തംഭിപ്പിക്കാനോ, മനുഷ്യ രക്തംകൊണ്ട് കലാലയ ചുമരുകളെ പങ്കിലമാക്കാനോ M. S .M. അവനോടാവശ്യപ്പെടുകയില്ല. M. S. M. ആവശ്യപ്പെടുന്നത് ജീവിതം പരിശുദ്ധമാക്കാനാണ്. അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾ അനുസരിച്ച് ജീവിതം ക്രമപ്പെടുത്തി, വിജയം നേടാനും, പരലോക മോക്ഷം കരസ്ഥമാക്കാനും.

പരിഷ്കാരമെന്ന ഓമനപ്പേരിട്ട് വിദ്യാർത്ഥികൾ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകളെ M. S. M. ഒരിക്കലും അനുകൂലിക്കുന്നില്ല. പാശ്ചാത്യരുടെ അപരിഷ്കൃത സംസ്കൃത സംസ്കാരം കടമെടുത്ത് അധഃപതിക്കാൻ M.S.M. ഒരിക്കലും വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ പ്രേരിപ്പിക്കുന്നില്ല. മുസ്ലിം വിദ്യാർത്ഥികൾ,— ഒരു മഹത്തായ സംസ്കാരത്തിന്റെ സന്ദേശവാഹകർ, ഇസ്ലാമിക സംസ്കാരം ഉൾക്കൊണ്ട് ജീവിച്ച് ദൈവപ്രീതിയും, പരലോക വിജയവും നേടാനാണ് M. S. M. ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ തൗഹീദിന്റെയും, സമാധാനത്തിന്റെയും, സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും, ഐക്യത്തിന്റെയും സന്ദേശങ്ങളാണ് ഈ സംഘടന വിതറിക്കൊണ്ടിരിക്കുന്നത്.

എന്നാൽ വിദ്യാർത്ഥികളുടേത് മാത്രമായ ആനുകാലിക പ്രശ്നങ്ങൾക്ക് നേരെ M. S. M. കണ്ണടക്കുന്നില്ല, പ്രശ്നങ്ങളുണ്ടാവുമ്പോൾ, M. S. M. അതിന്റെ നയം വ്യക്തമാക്കേണ്ടി വരുമ്പോൾ സംഘടനയുടെ ഭാരവാഹികളും ഉപദേശക സമിതികളും ഉപരിഘടകങ്ങളും ഒന്നിച്ചിരുന്ന് കൂടിയാലോചിച്ചെടുക്കുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തുക എന്നതാണ് M. S. M. നയമായി സ്വീകരിക്കുന്നത്.

ഖുർആനും സുന്നത്തുമനുസരിച്ച് ജീവിക്കുന്ന, ഏകദൈവത്തെ മാത്രം ആരാധിക്കുന്ന, അനിസ്ലാമിക വിശ്വാസാചാരങ്ങൾക്കെതിരിൽ പോരാടുന്ന, പഠിക്കുന്ന, പഠിക്കാനനുവദിക്കുന്ന, സാഹോദര്യ—ഗുരു ശിഷ്യ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന, സ്വസ്ഥരായ, സമൂഹത്തിനും, രാഷ്ട്രത്തിനും ഒരു പ്ര

KERALA HERITAGE CENTER KALPAKANCHERY

ഇസ്‌ലാഹീ പ്രവർത്തകരും ഗ്രന്ഥ രചനയും

(കെ. കെ. മുഹമ്മദ് അബ്ദുൽകരീം & എൻ. കെ. അഹ്മദ് മൗലവി)

ഇസ്‌ലാഹീ പ്രവർത്തനങ്ങളുടെ വിജയകരമായ മുന്നേററത്തിൽ അതിമഹത്തായ പങ്കുവഹിച്ച പ്രധാന ഘടകമത്രെ ഗ്രന്ഥരചന. ബ്രഹത്തായ വിജ്ഞാനത്തിൻെറയും കരുത്തുററ പേനകളുടെയും . ഉടമകളായ കേരളത്തിലെ അനേകം ഇസ്‌ലാഹീ പ്രവർത്തകർ, മുസ്‌ലിംകൾ അറിഞ്ഞിരിക്കേണ്ടുന്ന എല്ലാ കാര്യങ്ങളും ഖുർആനിൻെറയും സുന്നത്തിൻെറയും വെളിച്ചത്തിൽ വിവരിക്കുന്ന ചെറുതുംവലുതുമായ ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്ത തത്വങ്ങളിൽ പ്രഥമ ഗണനീയവും ഏററവും ശ്രേഷ്ഠവുമായ തൗഹീദിനെ പ്രവാചകൻമാർ പഠിപ്പിച്ച അതേ രൂപത്തിൽ പരിചയപ്പെടുത്തുന്നതും ഖുർആനും സുന്നത്തും പഠിപ്പിച്ച വിശ്വാസ സിദ്ധാന്തങ്ങളെയും അനുഷ്ഠാന മുറകളെയും സലഫീമാതൃകയിൽ വിവരിക്കുന്നവയുമായ ഗ്രന്ഥങ്ങൾ. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും കാര്യകാരണസഹിതം എതിർക്കുന്ന മഹൽ പുസ്തകങ്ങൾ. ഇസ്‌ലാമി

യോജനമായ ഒരു വിദ്യാർത്ഥി സമൂഹം ഇവിടെ വളർന്നുവരാൻ M. S. M. ആഗ്രഹിക്കുന്നു പഠന ക്യാമ്പുകളും, സെമിനാറുകളും, സ്റഡി ക്ളാസ്സുകളും, ചർച്ചാ ക്ളാസുകളും നടത്തി M. S. M. ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നു.

അല്ലാഹുവിന്ന് കീഴ്പ്പെടുക എന്ന ആദർശം. അഥവാ ഇസ്‌ലാം മാത്രമാണ് മാനവൻെറ രക്ഷാമാർഗ്ഗമെന്നു പൂർണ്ണാർത്ഥത്തിൽ വിശ്വസിക്കുന്നവരാണ് M. S. M. പ്രവർത്തകർ. അതു കൊണ്ട് തന്നെ ഇവർക്ക് കലാലയങ്ങളിൽ കയറിച്ചെന്നു പറയാനുള്ളതിനു ഏതെങ്കിലും രാഷ്ട്രീയക്കാരുടെ വക്കാലത്ത് പിടിക്കുകയോ, ഏതെങ്കിലും 'ഇസങ്ങളുടെ അനുയായികളാവുകയോ . വേണ്ട. മറിച്ച്,

KERALA HERITAGE CENTER KALPAKANCHERY

ന്നു നേരെ എതിരാളികളിൽ നിന്നു വരുന്ന ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും യുക്തിയുടെയും പ്രമാണങ്ങളുടെയും വെളിച്ചത്തിൽ വായടപ്പൻ മറുപടി നൽകുന്ന, ഖണ്ഡനമണ്ഡന കൃതികൾ. ഇസ്ലാമിനെക്കുറിച്ചുള്ള തെററിദ്ധാരണകൾ നീക്കുന്ന വിലപ്പെട്ട സാഹിത്യങ്ങൾ മുതലായവ അവയിലുൾപ്പെടുന്നു. ഖുർആനിന്റെയും സുന്നത്തിന്റെയും മൂലഭാഷയായ അറബി എളുപ്പത്തിൽ പഠിക്കാൻവേണ്ടി ശാസ്ത്രീയവും ആധുനികവുമായ രീതിയിൽ രചിക്കപ്പെട്ട പുസ്തകങ്ങൾ വേറെയുമുണ്ട്. ബാലസാഹിത്യങ്ങൾ, പാഠപുസ്തകങ്ങൾ, എന്നുവേണ്ട, ഇസ്ലാമിന്റെ പ്രചരണത്തിന്നും മുസ്ലിം സമുദായത്തിന്റെ നവോത്ഥാനത്തിന്നും അവശ്യം ആവശ്യമായ എല്ലാതരം ഗ്രന്ഥങ്ങളും കേരളത്തിലെ ഇസ്ലാഹീ പണ്ഡിതൻമാർ രചിച്ചിട്ടുണ്ട്. അറബി മലയാളത്തിലും ഭാഷയിലും രചിക്കപ്പെട്ട പ്രസ്തുത ഗ്രന്ഥങ്ങളാകട്ടെ, പഠനാർഹവും, അമൂല്യവും, ഇസ്ലാമിക വിജ്ഞാന നവീകരണത്തിന്നുപയുക്തവുമത്രെ.

കേരളത്തിലെ ഇസ്ലാഹീ ഗ്രന്ഥകാരൻമാരെയും അവർ രചിച്ച മഹൽ ഗ്രന്ഥങ്ങളെയും പററി ഞങ്ങളുടെ അറിവിൽപെട്ടത് സംക്ഷിപ്തമായി വിവരിക്കുകയാണിവിടെ. ഗ്രന്ഥകാരൻമാരുടെ ചരിത്രത്തിലേക്കൊരെത്തിനോട്ടമോ ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെപ്പററി ഒരു വിഹഗവീക്ഷണമോ നടത്താൻ ഇവിടെ സാധിക്കാതെ വന്നതിൽ ഖേദമുണ്ട്. അതു സാധിക്കണമെങ്കിൽ തടിച്ച വാല്യങ്ങൾ തന്നെ വേണ്ടിവരും. എന്നിരുന്നാലും ഇസ്ലാഹീ പ്രവർത്തകരുടെ ഗ്രന്ഥരചനയെ വിലയിരുത്താൻ ഈ ലേഖനം വലിയൊരളവോളം ഉപകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പ്രവാചകൻമാർ പ്രബോധനം ചെയ്ത ഇസ്ലാമിന്റെ അന്യൂന തത്വങ്ങൾ ഉറക്കെ പ്രഖ്യാപിക്കുകയാണ് M. S. M.ന് ചെയ്യാനുള്ളത്. പ്രവാചകൻമാരുടെ പ്രബോധന മാതൃക ഈ യുഗത്തിൽ പ്രായോഗികമല്ലെന്നും, പുതിയ തിയറികളും, പോളിസികളും സ്വീകരിക്കണമെന്നുമുള്ള ചിലരുടെ വാദം M. S. M. അംഗീകരിക്കുന്നില്ല. സത്യവിശ്വാസത്തിൽനിന്നു തുടങ്ങുന്ന ഒരു സാംസ്കാരിക വിപ്ളവത്തിനു മാത്രമെ മാററങ്ങൾ സൃഷ്ടിക്കാൻ കഴിയൂ എന്നാണ് ഈ സംഘടനയുടെ വിശ്വാസം. അതുകൊണ്ടുതന്നെ വിശ്വാസത്തിലധിഷ്ഠിതമായ പ്രവർത്തനത്തിലൂടെ M. S. M ഇസ്ലാമിന്റെ പ്രതീകങ്ങളെ വാർത്തെടുക്കുന്നു.

അസ്വസ്ഥമായ വിദ്യാർത്ഥി ലോകത്തോട് M. S. M. നു പറയാനുള്ളത ഏകദൈവവിശ്വാസത്തിലേക്ക് മടങ്ങിവരൂ എന്നാണ്. ആധുനികതയുടെ ഉച്ചിയിൽ, മയക്കുമരുന്നുകളുടെ ലഹരിയിൽ സ്വസ്ഥത തേടിയലയുന്ന വിദ്യാർത്ഥി ലോകമേ നിങ്ങൾക്ക് സ്വസ്ഥത M. S. M. വാഗ്ദാനം ചെയ്യുന്നു. 'അറിയുക അല്ലാഹുവിനെ സ്മരിക്കുന്നതുകൊണ്ട് ഹൃദയങ്ങൾ സ്വസ്ഥമാവുന്നു' (വി. ഖു.) അതെ, ഏകനായ അല്ലാഹുവിനെ സ്മരിക്കുക എന്നാൽ നിങ്ങൾക്കു സ്വസ്ഥത നേടാം. വിദ്യാർത്ഥികളെ, നിങ്ങൾക്ക്വേണ്ടി M.S.M ന്റെ കവാടം ഇതാ, തുറന്നിരിക്കുന്നു...! കടന്നുവരൂ വിജയത്തിന്റെ പാതയിലേക്ക്; ദൈവത്തിന്റെ മാർഗ്ഗത്തിലേക്ക്...!

★

KERALA HERITAGE CENTER
KALPAKANCHERY

ഏതെങ്കിലും ഗ്രന്ഥകർത്താവിനെയോ പ്രധാനഗ്രന്ഥത്തെയോ ചേർക്കപ്പെടാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ അതു ശ്രദ്ധയിൽപ്പെടുന്നവർ ആ സംഗതി സ്നേഹബുദ്ധ്യാ അറിയിക്കണമെന്ന പ്രാർത്ഥിക്കുന്നു

ഗ്രന്ഥകാരൻമാരും ഗ്രന്ഥങ്ങളും

1. സുലൈമാൻ മൗലവി, ആലപ്പുഴ

'മണിവിളക്ക്' പത്രാധിപരായിരുന്ന ഇദ്ദേഹം വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവിയുടെ പ്രധാന ഗുരുനാഥനായിരുന്നു. അറബി, ഉർദു, പേർഷ്യൻ മുതലായ ഭാഷകൾ അനായാസേന കൈകാര്യം ചെയ്തിരുന്ന ബഹുഭാഷാ പണ്ഡിതൻ. ഹിജ്റ 1319ൽ നിര്യാതനായി.

പ്രധാന ഗ്രന്ഥങ്ങൾ:-

(1) മഅ്ദിനുസ്സൗർ ഫീ തഫ്സീരി സൂറത്തിന്നൂർ.

(2) നഫ്ഹത്തുൽ കിറാം.

(3) അഹ്ക്കാമുൽ ഹയവാൻ ഫിൽ ഹലാലി വൽ ഹറാം.

(4) യവാഖീത്തുസ്സർഫ്.

കുട്ടികളെ സർഫ് പഠിപ്പിക്കാൻ വേണ്ടിയുള്ളതായിരുന്നു ഈ ഗ്രന്ഥം.

2. പാടൂര് കോയക്കുട്ടിത്തങ്ങൾ

സയ്യിദ് മുഹമ്മദ് ഫഖ്റുദ്ദീൻ എന്നാണിദ്ദേഹത്തിന്റെ ശരിയായപേര്. നല്ലൊരു അറബിക്കവികൂടിയായിരുന്ന ഇദ്ദേഹം. 'ഫവാഇദ്', 'തിർയാഖുശ്ശിഫാ' മുതലായ അറബി കാവ്യങ്ങളും രിസാല, 'അർറദ്ദുൽ മത്തീൻ' മുതലായ അറബി ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ഹിജ്റവർഷം 1279ൽ കണ്ണൂരിൽ വെച്ചു നിര്യാതനായി. അറബി മലയാളത്തിലുള്ള പ്രധാന ഗ്രന്ഥങ്ങൾ:-

(1) 'ഖസ്ദുസ്സബീൽ ഫീ ഥാഅത്തില്ലാഹിൽ മലിക്കിൽ ജലീൽ' എന്ന 'വൈതുല്യം'

(2) 'മനാസിക്കുൽ മലൈബാരി'

(3) 'വിശേഷ രിസാല'

ഒന്നേകാൽ ശതാബ്ദത്തിന്നു മുമ്പു നിര്യാതനായ ഈ മഹാൻ എഴുതിയ 'വൈതുല്യം' തർജമയിൽ മുഹ്യിദ്ദീൻ മാലയെ കണക്കിനു കശക്കുകയും ഥരീഖത്തുകളെ നിശിതമായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്.

3. കരിമ്പനക്കൽ കുഞ്ഞിപ്പോക്കു മുസ്ലിയാർ

സമസ്തയിൽനിന്നു തെററിപ്പിരിഞ്ഞ ചില മുസ്ലിയാൻമാരുടെ സംഘടനയായ 'സംസ്ഥാന കേരള ജംഇയ്യത്തുൽ ഉലമാ'യുടെ സ്ഥാപകനേതാവായ സദഖത്തുല്ലാ മൗലവിയുടെ പിതൃവ്യനാണിദ്ദേഹം. ഹിജ്റവർഷം 1354ൽ തന്റെ 98-ാമത്തെ വയസ്സിൽ നിര്യാതനായി. തന്റെ യൗവനകാലത്ത് മലപ്പുറം നേർച്ചയെ പരസ്യമായി അദ്ദേഹം എതിർത്തിരുന്നു. പ്രധാനഗ്രന്ഥം:-

(1) 'ഇർശാദുൽ ആമ്മ'

ചാവടിയന്തരത്തെ ശക്തിയുക്തം എതിർത്ത ഒരു മഹൽ ഗ്രന്ഥമാണിത്.

KERALA HERITAGE CENTER KALPAKANCHERY

'ഇഹ്യാഉസ്സുന്നത്തിൽ ഇസ്ലാമിയ്യ: വഇമാത്തത്തുൽ ബിദഇൽ ജാഹിലിയ്യ:' എന്ന പേരിൽ ബ്രഹത്തായ ഒരു ഗ്രന്ഥം അദ്ദേഹം എഴുതിയിരുന്നു. അതു പ്രസിദ്ധപ്പെടുത്തിയിട്ടില്ലെന്നാണറിയുന്നത്.

4. കോട്ടിലുങ്ങൽ മൊയ്തുണ്ണി മുസ്ലിയാർ

പുന്നയൂർക്കുളം സ്വദേശിയായ ഇദ്ദേഹം ഇസ്ലാഹീ പ്രവർത്തകരിൽപെട്ട നല്ലൊരു മതപണ്ഡിതനായിരുന്നു. ക്രിസ്താബ്ദം 1915ൽ അന്തരിച്ചു.

(1) ഫൈസുൽ മന്നാൻ

(2) തൻബീഹുസ്സാല്ലീൻ തർജ്ജമ എന്നിവ ഇദ്ദേഹത്തിന്റെ കൃതികളാകുന്നു.

5. സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ

ഒരു വശത്ത്, ഇസ്ലാമിന്നെതിരിൽ ക്രിസ്ത്യൻ മിഷ്യനറിമാർ തൊടുത്തുവിട്ടുകൊണ്ടിരുന്ന ആക്ഷേപ ശരങ്ങളെയും മറുവശത്ത്, മുസ്ലിംകൾക്കിടയിൽ പടർന്നുപിടിച്ച അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്തുകൊണ്ടിരുന്ന ആ ധീരമുജാഹിദ് 1847ലാണ് ജനിച്ചത്. 1912ൽ നിര്യാതനായി. അനേകം ഗ്രന്ഥങ്ങളുടെ കർത്താവായ അദ്ദേഹത്തിന്റെ പ്രധാന കൃതികൾ ചുവടെ ചേർക്കുന്നു.

(1) കഠോര കുഠാരം.

(2) പാർക്കലീത്താ പോർക്കളം

(3) സത്യദർശിനി.

(4) തൃശ്ശിവപേരൂർ ക്രിസ്തീയ വായടപ്പ്.

(5) നബിനാണയം.

(6) തണ്ടാൻ കണ്ഠമാല

(7) തണ്ടാന്റെ കൊണ്ടാട്ടചെണ്ട

(8) മക്തി സംവാദജയം മുക്തി വിളംബരം.

(9) ജയാനന്താഘോഷം.

(10) സുവിശേഷ നാശം

(11) അഹങ്കാരഘോഷം

(12) പാദുവാദം പാതക പാതകം.

(13) മദ്യപാനം മശിഹാമതാഭിമാനം.

(14) ഞാൻ ഞാൻതന്നെ.

(15) മതമതിപ്പ്.

(16) സമ്മാനക്കുറിപ്പ്.

(17) മുസ്ലിം ജനവും വിദ്യാഭ്യാസവും.

(18) ലാമൗജൂദിൻ ലാപോയിന്റ്.

(19) അമേരിക്ക കണ്ടവർ ആർ.

(20) രാജഭക്തിയും ദേശാഭിമാനവും.

(21) മുസ്ലിംകളും മരുമക്കത്തായവും

(22) യൂദാസോ പിലാത്തോസോ; സ്വർഗ്ഗത്തിലേക്ക് വഴികാട്ടിയതാർ?

(23) മക്തിതങ്ങൾ ആഘോഷം മശീഹാമത മൂലനാശം.

(24) തങ്ങളാഘോഷംമഹാഘോഷം

(25) ഖുർആൻ വേദവിലാപം.

(26) ക്രിസ്തീയ മൂഢ പ്രൗഢി ദർപ്പണം.

(27) ക്രിസ്തീയ മനപ്പൂർവ്വ മോഷണം മുഹമ്മദ്നബി അവകാശ പോഷണം.

(28) നാരി നരാഭിചാരി.

KERALA HERITAGE CENTER KALPAKANCHERY

(29) ഒരു വിവാദം.
(30) ദൈവം
(31) മത്കി മനക്ളേശം.
(32) തഅ്ലീമുൽ ഇഖ്വാൻ.
(33) മുഅല്ലിമുൽ ഇഖ്വാൻ.

6. സി. സെയ്താലിക്കുട്ടി മാസ്ററർ. (തിരൂർ)

1856_ൽ ജനിച്ചു. മാതൃഭാഷക്കു പുറമെ അറബിയും ഇംഗ്ളീഷും നന്നായി അറിയാമായിരുന്നു. പ്രസിദ്ധ ഇസ്ലാഹീ പത്രപ്രവർത്തകനായിരുന്ന ഇദ്ദേഹം 1919ൽ നിര്യാതനായി. പ്രധാന കൃതികൾ:_

(1) ഇസ്ലാംമത സാരസംഗ്രഹം
(2) അദ്ദീനുൽ ഇസ്ലാം (ദീനിയ്യാത്ത്, അമലിയ്യാത്ത്) അഞ്ചുഭാഗം.
(3) തഅ്ലീമുൽ മുബ്ത്തദിഅ്
(4) മതവിജ്ഞാനരശ്മി.

7. ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനീ

തിരുവിതാംകൂറിൻെറ വടക്കെ അററത്തു സ്ഥിതിചെയ്യുന്ന അരൂക്കുററി വടുതലക്കാരനായ ഇദ്ദേഹം 1922ൽ നിര്യാതനായി. പ്രധാന ഗ്രന്ഥങ്ങൾ:-

(1) ഇൽഫത്തുൽ ഇസ്ലാം.
(2) അൽ ഖുത്ത്ബത്തുൽ ഹമദാനിയ്യ (കെ. എം. മൗലവിസാഹിബ് ഇത് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.)
(3) മുഅ്ജമുൽ മുഫ്റദാത്ത് (അറബി_ സംസ്കൃതം_ മലയാളം നിഘണ്ടു. ശിഷ്യൻ മുഹമ്മദു സാഹിബും കൂടി എഴുതിയത്.)

8. ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി, തിരൂരങ്ങാടി

1919ൽ നിര്യാതനായി. പ്രധാന കൃതികൾ:_

(1) അദ്ദഅ്വാ [ഖിബ്ലാ പ്രശ്നം സംബന്ധിച്ച ഒരു അറബി ഗ്രന്ഥം.]
(2) രിസാലത്തുൽ മാറദീനിയുടെ ശറഹ്.
(3) തഅ്ലീമുൽ ഖുർആൻ.
(4) ദീനിയ്യാത്ത്.
(5) അമലിയ്യാത്ത്.
(6) മബാദി ഉൽ ഖിറാഅത്ത്.
(7) കിത്താബുസ്സർഫ്.
(8) അന്നഹ്വുൽ കബീർ (അപ്രകാശിതം)
(9) അല്ലുഗത്തുൽ അറബിയ്യ:
(10) ഖാദിയാനീ ഖണ്ഡനം
(11) തസ്ഹീഹ് അദ്ഹാനെ ഇഖ്വാൻ ഫീ തഅ്ലീമി സുബ്ബാനെ ഹിന്തുസ്ഥാൻ
(12) അറബി മലയാള അക്ഷരമാല

9. എം.സി.സി. അഹ്മദ്മൗലവി പരപ്പനങ്ങാടി.

ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജിയുടെ പുത്രൻ 1904ൽ ജനിച്ചു. 1962ൽ നിര്യാതനായി. പ്രധാന കൃതികൾ:_

(1) കാലദേശനിർണ്ണയം (രിസാലത്തുൽ മാറദീനിയുടെ പരിഭാഷ)

KERALA HERITAGE CENTER KALPAKANCHERY

(2) സമയനിർണ്ണയം
(3) ദിഗംശ നിർണ്ണയം
(4) മദ്ഹബുകൾ
(5) മാസപ്പിറവി
(6) ശരീഅത്ത് കിത്താബ് (രണ്ടു ഭാഗങ്ങൾ)
(7) സ്ത്രീകൾക്കവകാശമുണ്ടോ?
(8) റാത്തീബ്

10. എം. സി. സി. അബ്ദുർ റഹ്മാൻ മൗലവി, പരപ്പനങ്ങാടി.

ചാലിലകത്ത് കുഞ്ഞഹമദ് ഹാജിയുടെ പുത്രൻ: 190[illegible]ൽ ജനിച്ചു. മദീനത്തുൽ ഉലൂം അറബിക്കോളേജിന്റെ സ്ഥാപകനും പ്രഥമപ്രിൻസിപ്പാളും. 1964ൽ നിര്യാതനായി.

പ്രധാന കൃതികൾ:—

(1) അൽഖുർആനു വസ്സുന്ന:
(2) ശട്ടത്തിനൊരു പൊട്ട്.

മുസ്ലിം ലിറററേച്ചർ സൊസൈററി പ്രസിദ്ധീകരിച്ച ഖുർആനിന്റെ ഒന്നും രണ്ടും ഭാഗങ്ങളുടെ പരിഭാഷയും വ്യാഖ്യാനവും എഴുതിയവരിൽ ഒരാൾ ഇദ്ദേഹമായിരുന്നു.

11. കെ. എം. മൗലവി, തിരൂരങ്ങാടി.

ചാലിലകത്ത് കുഞ്ഞഹമദ് ഹാജിയുടെ പ്രധാന ശിഷ്യനും ജാമാതാവും. ഹിജ്റ: 1303ൽ ജനിച്ചു. തിരൂരങ്ങാടി യത്തീംഖാനയുടെ സ്ഥാപകനാണ്. 1964ൽ നിര്യാതനായി പ്രധാനകൃതികൾ:

ANOTHER MASTER PIECE
From
SENNEL'S SUNAYNA
FOR THE BEAUTIES OF KERALA!
CLASSIC
THE SAREE MIRACLE
CONVENT ROAD, ERNAKULAM
CLASSIC WHERE EVERY SAREE IS A MIRACLE

KERALA HERITAGE CENTER KALPAKANCHERY

(1) നിദാഉൻ ഇലൽ ആലമിൽ ഇസ്ലാമി

(2) അൽ ഇബാദത്തു വൽ ഉബൂദിയ്യ

(3) അന്നഫ്ഉൽ അമീം (അരജുസ്അ് തർജമ)

(4) അസ്സലാത്ത് - നമസ്കാരം

(5) അദ്ദുആഉ വൽ ഇബാദഃ

(6) അൽവിലായത്തു വൽ കറാമഃ

(7) ഖാദിയാനീ വാദഖണ്ഡനം (മൂന്നു ഭാഗങ്ങൾ)

(8) മനാസിക്കുൽ ഹജ്ജ്

(9) ഇസ്ലാമും സ്ത്രീകളും

(10) മആശിറ വിളി

(11) ഖത്ത്മുന്നുബുവ്വത്ത്

കെ. പി. ബ്രദേഴ്സ് പ്രസിദ്ധീകരിച്ചുതുടങ്ങിയ ഖുർആൻ പരിഭാഷ മുസ്ലിം ലിററേച്ചർ സൊസൈററി പ്രസിദ്ധീകരിച്ച ഖുർആൻ പരിഭാഷയും ഫത്തഹുൽ ഖവി ഫിർറദ്ദി അലൽ ഫുർഥവി മുതലായവ എഴുതിയവരിൽ പ്രധാനി കെ.എം. മൗലവിയായിരുന്നു.

12. പി. കെ. മൂസ മൗലവി (പുളിക്കൽ)

ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജിയുടെ ശിഷ്യനും ജാമാതാവും. ഹിജ്റ: 1307ൽ ജനിച്ചു. പ്രധാന കൃതികൾ:-

(1) സൂറത്തുൽ ഇഖ്ലാസ് തർജമ

(2) തുഹ്ഫത്തുൽ ഈദ്

(3) അൽഖിസ്ഥാസുൽ മുസ്തഖീം

ലിററേച്ചർ സൊസൈററി പ്രസിദ്ധീകരിച്ച ഖുർആൻ ഭാഷാ പ്രവർത്തനത്തിൽ പങ്കുവഹിച്ചു. ഇദ്ദേഹവും പി. മുഹമ്മദ് മൈതീൻ (വക്കം) അവർകളുംകൂടി അമ്മ ജുസ്അ്, സൂറത്ത് യാസീൻ എന്നിവ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

13. വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവി

കേരളത്തിലെ ഇസ്ലാഹീ പ്രവർത്തകരിൽ പ്രമുഖനായ ഇദ്ദേഹം 1868ൽ ജനിച്ചു. 1932ൽ നിര്യാതനായി. ഇദ്ദേഹത്തിന്റെ വിവർത്തന ഗ്രന്ഥങ്ങൾ:—

(1) കീമിയാഉസ്സആദ (മൂലഗ്രന്ഥം ഇമാം ഗസ്സാലിയുടേത്)

(2) അഹ്ലു സ്സുന്നത്തി വൽ ജമാഅത്ത്.

(3) ഇസ്ലാമിന്റെ സന്ദേശം.

(4) നബിമാർ— അഥവാ പ്രവാചകന്മാർ (മൂന്നിന്റെയും മൂലഗ്രന്ഥം സയ്യിദ് സുലൈമാൻ നദ്വിയുടേത്)

(5) സഫീറുൽ ഇസ്ലാം. (മൂലഗ്രന്ഥം ഫരീദ്വജ്ദിയുടേത്)

മൗലവി സാഹിബിന്റെ സ്വതന്ത്ര കൃതികൾ:—

(6) ഊഉസ്സബാഹ്

(7) ഇസ്ലാംമത സിദ്ധാന്ത സംഗ്രഹം.

(8) അഹ്ക്കാമുത്തജ്വീദ്

(9) തഅ്ലീമുൽ ഖുർആൻ

(ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ, ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹാബ് എന്നിവരുടെ പേരിൽ എതിരാളികൾ പറഞ്ഞുപരത്തിയ അപവാദങ്ങളെ യുക്തിയുക്തം ഖണ്ഡി

KERALA HERITAGE CENTER KALPAKANCHERY

ച്ചിട്ടുള്ള പഠനാർഹവും വിശിഷ്ടവുമായ ഗ്രന്ഥമത്രെ ഊഉസ്സബാഹ്.)

എം. അബ്ദുസ്സലാം, ബി.എ.

വക്കം.

വക്കം മൗലവിയുടെ പുത്രൻ. 1905ൽ ജനിച്ചു. 1935ൽ നിര്യാതനായി. വവർത്തന ഗ്രന്ഥം.

അൽഫാറൂഖ് (മൂലഗ്രന്ഥം അല്ലാമാ ശിബ്ലി നുഅ്മാനിയുടേത്)

15. വക്കം അബ്ദുൽഖാദിർ

വക്കം നാലാമത്തെ മകൻ. 1912ൽ ജനിച്ചു. 1976ൽ നിര്യാതനായി. പ്രധാന കൃതികൾ:–

(1) ഇസ്ലാമിലെ ചിന്താ പ്രസ്ഥാനങ്ങൾ
(2) ഇഖ്ബാൽ (ജീവചരിത്രം)
(3) അസ്റാറെ ഖുദി (ആത്മരഹസ്യങ്ങൾ)
(4) ശിക്ക്വാ ഔർ ജവാബേ ശിക്ക്വാ (ആത്മനിവേദനങ്ങൾ) (ഇതു രണ്ടും ഇഖ്ബാലിന്റെ ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയതാണ്)
(5) അതുല്യനായ മനുഷ്യൻ
(6) പ്രാർത്ഥന (കവിത)
(7) ആത്മാർപ്പണം (ഉമർ ഫാറൂഖിന്റെ ചരിത്രത്തെ അവലംബിച്ചെഴുതിയ നാടകം)

16. എ.മുഹമ്മദ് കുഞ്ഞുമൗലവി,

വർക്കല

വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവിയുടെ സ്യാലൻ. 1890ൽ ജനിച്ചു. 1964ൽ നിര്യാതനായി. പ്രധാന കൃതി:–

മുസ്ലിയാരും മൗലവിയും പുതിയ വെളിച്ചത്തിൽ (കഥാരൂപത്തിൽ)

17. എ. എം. അബ്ദുൽ ഖാദിർ മൗലവി (വർക്കല)

വക്കം മൗലവിയുടെ സ്യാലൻ. 1951ൽ നിര്യാതനായി. പ്രധാന കൃതികൾ:

1. ഖുർആൻ ഭാഷ്യം
2. ഇസ്ലാം സാമ്രാജ്യം
3. മുഹമ്മദ് നബിയുടെ മാതൃകാ ജീവിതം
4. നാൽപത് നബിവചനങ്ങൾ.
5. ഹൃദയ കൗമുദി (ബാലസാഹിത്യം)

18. കരുനാഗപ്പള്ളി യൂസുഫ് കുഞ്ഞു

ഖുറാഫത്ത്മാല (മാപ്പിളപ്പാട്ട്)

19. യൂസുഫ് ഇസ്സുദ്ദീൻ മൗലവി (കരുനാഗപ്പള്ളി)

മലബാർ പ്രദേശത്ത് എടവണ്ണ മുതലായ പ്രദേശങ്ങളിൽ ഇസ്ലാഹീ പ്രസംഗങ്ങൾ നടത്തിയ ഉജ്ജ്വല വാഗ്മി. 1934ൽ അന്തരിച്ചു. പ്രധാന കൃതികൾ:

1. സന്മാർഗ്ഗബോധിനി
സത്യബോധിനി

20. എ മുഹമ്മദ് കണ്ണു, ബി.എ.

വർക്കല സ്വദേശി. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അൽ

KERALA HERITAGE CENTER KALPAKANCHERY

അമീൻ പത്രാധിപ സമിതി അംഗമായി രുന്നു. 1956ൽ അന്തരിച്ചു. പ്രധാന കൃതികൾ:

(1) പ്രേതലോകം അഥവാ ആത്മ വാദം
(2) ഇസ്ലാമിക വിശ്വാസം (വി വർത്തനം. മൂലഗ്രന്ഥം–അ ബ്ദുല്ലാ കവിലൃത്തിന്റെത്)
(3) ഫലസ്തീൻ പ്രശ്നം
(4) അന്ത്യപ്രവാചകൻ

21. ശൈഖ് അലി മൗലവി

1967ൽ നിര്യാതനായി. പ്രധാന കൃതി:

ഹിദായത്തുസ്സാലിക്കീൻ (മാപ്പിള പ്പാട്ട്)

മിക്ക ഖുറാഫത്തുകളെയും എതിർ ത്തുകൊണ്ടുള്ള ഒരു കൃതിയാണിത്.

22. കോടഞ്ചേരി മരക്കാർ മുസ്ല്യാർ

ഇസ്ലാഹീ പ്രസ്ഥാന നേതാവാ യിരുന്ന മരക്കാർ മുസ്ലിയാർ കൊച്ചി യിലെ അബ്ദുൽ കരീം മൗലവിയുടെ ശിഷ്യനാണ്. ഹിജ്റ: 1354ൽ നിര്യാ തനായി. പ്രധാന കൃതികൾ:

(1) ദുരാചാര മർദ്ദനം
(2) മൂസാ ഫിർഔൻ കിസ്സപ്പാട്ട്

23. പുലിക്കോട്ടിൽ ഹൈദർ, വണ്ടൂര്

മാപ്പിളപ്പാട്ട് രംഗത്ത് വ്യക്തിമു ദ്ര പതിപ്പിച്ച ആ അനുഗ്രഹീത കവി 1975ൽ നിര്യാതനായി. അദ്ദേഹത്തി ന്റെ പ്രധാന കവിതയാണ്:

'പരിഷ്ക്കാര ഖണ്ഡന കാവ്യം'. (മാപ്പിളപ്പാട്ട്)

മുജാഹിദ് പ്രസ്ഥാനത്തെ ആ ക്ഷേപിച്ച ഒരു കവിതക്ക് മറുപടിയാ യി രചിച്ച ഈ കാവ്യത്തിൽ മരിച്ചുപോ യവർക്കുവേണ്ടി ഖുർആൻ ഓതി പാർ സലാക്കുന്നതിനെയും ഖബ്റു പൂജ യെയും വിമർശിച്ചത് കാണുക:

''മൊല്ലാക്ക രണ്ടു
പണത്തിനോത്ണെ ഖത്തം
മോൻ വാങ്ങിയാൽ
മാതാപിതാക്കളെ കുററം
കുല്ലും പൊറുക്കും എന്നു പാട്ടിൽ
അർത്ഥം
കൊടുത്തുള്ളതും മുറി ആലിമീങ്ങളെ
ഖൗലാ
ഇസ്ലാം മതം അതുകൊണ്ടു
സ്ഥാപിക്കൂലാ
കതിരം തുളങ്കം നല്ല ഐക്യസമാജാ-
ക്കാരിന്നു ഇസ്ലാമോരിലുള്ള
സിറാജാം
കഥകെട്ടവർ ഖബ്റിൻ കരമ്മൽ
പൂജാ
കഴിക്കുന്നതും മുറി ആലിമീങ്ങളുടെ
ഖൗലാം.
ഇസ്ലാം മതം അതുകൊണ്ടു
സ്ഥാപിക്കൂലാ

24. പി. മുഹമ്മദ് മൈതീൻ (വക്കം)

വക്കം മൗലവിയുടെ ഭാഗിനേയൻ. മുസ്ലിം ലിററേച്ചർ സൊസൈററിക്ക് വേണ്ടി ഖുർആൻ പരിഭാഷാ പ്രവർത്ത നത്തിൽ പങ്കാളിയായി. 1966ൽ അന്ത രിച്ചു. പ്രധാന കൃതികൾ

(1) മുസ്ലിംകൾ എന്തുകൊണ്ട് പിന്നോക്കത്തിലായി.
(2) അറേബ്യയിലെ ജ്യോതിർ ദീ പം അഥവാ മുഹമ്മദ്നബി.

KERALA HERITAGE CENTER KALPAKANCHERY

(3) ഇസ്ലാം മതതത്വ പ്രദീപം.
(4) ഹൃദയത്തിലെ അൽഭുതങ്ങൾ (രണ്ടു ഭാഗം)
(5) ഖുർആൻ 27-ാം ഭാഗം (ഖാല ഫമാ ജുസുഅ്) പരിഭാഷ
(6) ഖുർആൻ 28-ാംഭാഗം (ഖദ്-സമിഅ ജുസുഅ്) പരിഭാഷ.
(7) ഖുർആൻ 29-ാംഭാഗം (തബാ-റക്ക ജുസുഅ്) പരിഭാഷ.
(8) ഖുർആൻ 30-ാംഭാഗം (അമ്മ ജുസുഅ്) പരിഭാഷ.
(9) സൂറാ അഅ്റാഫ് മുതൽ കഹ്ഫ് വരെ പരിഭാഷ.
(10) സൂറത്തുന്നൂർ പരിഭാഷ.
(11) ഒരു താരതമ്യ വിവേചനം അഥവാ ക്രിസ്തു ഇസ്ലാം മതങ്ങളിലെ ഖഡ്ഗ പ്രയോഗം
(12) അൽ ഇസ്ലാം.
(13) അൽ ഈമാൻ.
(14) മൗലികമായ മൂന്നു കാര്യങ്ങൾ
(15) അറബി വ്യാകരണ പാഠങ്ങൾ

ഇദ്ദേഹം സമ്പൂർണ്ണ ഖുർആൻ പരിഭാഷ എഴുതിയിട്ടുണ്ട്. ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

25 എം. അഹ്മദ്കണ്ണു

തിരുവിതാംകോട്.

1957ൽ നിര്യാതനായി. പ്രധാന കൃതികൾ:-

(1) ഒന്നാം ഖലീഫ അബൂബക്കർ സിദ്ദീഖ്.
(2) ഇസ്ലാംമതവും സ്ത്രീകളും.
(3) മുഹമ്മദ് നബിയും ക്രിസ്തു മതവും.
(4) വിപ്ലവം അഥവാ സാഇദ (മുസ്ലീം സാമുദായിക നാടകം)
(5) മുല്ലുമാല (ചെറുകഥാ സമാഹാരം).
(5) കുമാരി സഫിയ.

26. എസ്. മുഹമ്മദ്, ആലപ്പുഴ.

1889ൽ ജനിച്ചു. 1951ൽ നിര്യാതനായി പ്രധാന ഗ്രന്ഥങ്ങൾ.

(1) കർമ്മയോഗി [നബി (സ) യുടെ ചരിത്രം.]
(2) സമത്വ കാഹളം.
(3) വിശുദ്ധ റംസാൻ.

27. പി. എസ്. മുഹമ്മദ്,

ആലപ്പുഴ.

1889ൽ ജനിച്ചു. 1951ൽ നിര്യാതനായി. പ്രധാന കൃതി:

'ഖിലാഫത്തും തുർക്കികളും.'

28. ഒ. മാഹിൻകുട്ടി, ആലപ്പുഴ.

1938ൽ നിര്യാതനായി. പ്രധാന കൃതികൾ:-

( ) ഇസ്ലാമിന്റെ സാർവ്വത്രികത്വം.
(2) ക്രിസ്തു പ്രവചിച്ച നബി മുഹമ്മദ് തന്നെ.
(3) മനുഷ്യാ നീ ആര്?
(4) ഇസ്ലാമും ഹരിജനങ്ങളും.
(5) വാളാൽ പ്രചരിച്ച മതമേത്? (രണ്ടുഭാഗം)
(6) സ്വർഗ്ഗത്തിലേക്ക് വഴികാട്ടി മുഹമ്മദ്നബി തന്നെ.
(7) പാപവും കുഞ്ഞാടും.
(8) കുരിശു സംഭവം.
(9) പാറാനിലെ പരിശുദ്ധൻ.

KERALA HERITAGE CENTER KALPAKANCHERY

29. എൻ. എം മുഹമ്മദ്കുഞ്ഞു മൗലവി

1965ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) ശുചീകരണ സിദ്ധാന്തങ്ങൾ
(2) ബറാഅത്ത്
(3) റംസാൻ.

30. മൗലവി മുഹമ്മദ് യൂസുഫ് തങ്ങൾ

കിഴക്കൻ ഏറനാട്ടുകാരൻ. ഖിലാഫത്ത് സമരകാലത്ത് പോലീസ് പിടിയിൽ പെടാതെ തിരുവനന്തപുരത്തെത്തി. വക്കം മൗലവിയുടെ ശിഷ്യൻ. 1956ൽ അന്തരിച്ചു. പ്രധാന കൃതികൾ:

(1) മുഹമ്മദ് നബി.
(2) ദില്ലിയും അജ്മീറും

31 ഫലക്കി കുഞ്ഞഹമ്മദ് മൗലവി.

നല്ല ഒരു അറബിക്കവിയായിരുന്നു. ഇന്നു ജീവിച്ചിരിക്കുന്ന പ്രസിദ്ധ അറബിക്കവിയായ മുഹമ്മദ് ഫലക്കി മൗലവിയുടെ പിതൃവ്യൻ. 1960ൽ നിര്യാതനായി. പ്രധാന കൃതികൾ;

(1) അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത്.

(2) വാഗ്ദത്തം ചെയ്യപ്പെട്ട ദജ്ജാൽ (ഖാദിയാനിസത്തെ വിമർശിക്കുന്ന ഒരുത്തമ ഗ്രന്ഥമാണിത്.)

32. അബ്ദുല്ലാ അൽയമാനി, കൊച്ചി.

1950ൽ അന്തരിച്ചു. പ്രധാന കൃതികൾ:

(1) മുസ്ലിംകളും സംഘടനയും
(2) രക്താശ്രുക്കൾ.
(3) ഇസ്ലാം ചരിത്രശകലങ്ങൾ
(4) ലോകാനുഗ്രഹം (റസൂലിന്റെ ചരിത്രം)

33. ഇ. കെ. മൗലവി, കടവത്തൂര്

1974ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) ശൈഖ് ജീലാനി
(2) ഇസ്ലാമും കമ്യൂണിസവും
(3) ഇസ്ലാമും എച്ച്. ജി. വെൽസും.
(4) അൽ ഇസ്ലാം.
(5) ഇസ്ലാംമത വിശ്വാസങ്ങൾ
(6) കിത്താബുന്നഹ്വ്.

34. ടി. കെ മുഹമ്മദ് മൗലവി, കൈവേലിക്കൽ, പാനൂര്.

1940ൽ നിര്യാതനായി.

(1) കിത്താബു മുഖ്ത്തസറുൽ അമലിയ്യാത്ത്
(2) കിത്താബുല്ലുഗത്തിൽ അറബിയ്യ

എന്നീ പാഠപുസ്തകങ്ങൾ ഇദ്ദേഹവും ഇ. കെ. മൗലവിയും എം. സി. സി. അബ്ദുറഹ്മാൻ മൗലവിയും ചേർന്നെഴുതി.

KERALA HERITAGE CENTER KALPAKANCHERY

35. മണപ്പാട്ട് കുഞ്ഞു മുഹമ്മദ് ഹാജി, കൊടുങ്ങല്ലൂര്

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ സിക്രട്ടറിയായിരുന്നു. 1959ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) മനുഷ്യൻ
(2) ഭക്ഷണം
(3) ഇസ്‌ലാം സാഹോദര്യം

36. കെ. എം. സീതി സാഹിബ് (കൊടുങ്ങല്ലൂർ)

1961ൽ നിര്യാതനായി. പ്രധാന കൃതി: 'മൗലാനാ മുഹമ്മദലി'

37. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കൊടുങ്ങല്ലൂര്

1898ൽ ജനിച്ചു. 1945ൽ നിര്യാതനായി. പ്രധാന കൃതികൾ:

[1] മുഹമ്മദ് നബിയും പരിശുദ്ധ ഖുർആനും
[2] ഇബ്നു സുഊദ്
[ഈ രണ്ട് പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തിട്ടില്ല]

38. സി. വി. എ. ഐദ്രൂസ്

മലബാർ ഇസ്‌ലാം പത്രാധിപർ. 1947ൽ നിര്യാതനായി. നാൽപതോളം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. പ്രധാനപ്പെട്ട ചില കൃതികൾ:

Wish the Mujahid Conference
A
grant success:

M/S. CRESCENT ENTERPRISES

9/195 Crosscut Road, COIMBATORE - 641 012

Authorised Distributors:

For Bhor's Feather Touch & Raja Quality Leather Cloth.

Phone : 36949 Grams : CRESCENT

KERALA HERITAGE CENTER KALPAKANCHERY

(1) കാരുണ്യത്തിന്റെ പ്രവാചകൻ.
(2) ഇസ്ലാമും ഹരിജനോദ്ധാരണവും.
(3) ഇസ്ലാമും ശാസ്ത്രവും
(4) വർജജീന (ചരിത്ര നോവൽ)
(5) ഇസ്ലാമും ഐത്താചരണവും.
(6) ഖിലാഫത്ത് വിഷയം (മുസ്ലിമീങ്ങളും ഖിലാഫത്തും)

സീറത്തു കമ്മിററിയുടെ അനേകം ലഘു ലേഖകൾ വേറെയും.

39. എ. കെ. അലി മുഹമ്മദ് കൊടുങ്ങല്ലൂര്

പ്രധാന കൃതികൾ:

(1) സത്യവിശ്വാസ സാക്ഷ്യം
(2) ചുംബനം (ചെറുകഥാ സമാഹാരം—സാമുദായിക കഥകൾ.

40. എ. അഹ്മദ് കുഞ്ഞു

വക്കം മൗലവിയുടെ സഹോദര പുത്രൻ. 1899ൽ ജനിച്ചു. 1954ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) സഹകരണ ത്യാഗി
(2) മോഹനൻ (ഖുറാഫത്തിനെ എതിർക്കുന്ന സാമുദായിക നോവൽ)

41. പാറോൽ ഹുസൈൻ മൗലവി

സമസ്തയുടെ സ്ഥാപക സിക്രട്ടരിയായിരുന്ന ഇദ്ദേഹം പിന്നീട് സജീവ ഇസ്ലാഹീ പ്രവർത്തകനായി മാറി. 'മലബാരി' പത്രാധിപർ. 1954ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) ഇസ്ലാമിലെ വിവാഹ നിയമങ്ങൾ.
(2) ടിപ്പു സുൽത്താൻ.
(3) മൂസാനബി ഫിർഔൻ ക്സ്സ

42. എം. അബ്ദുല്ലക്കുട്ടി മൗലവി

ജനിച്ചു വളർന്നത് വാഴക്കാട്ടാണെങ്കിലും കുററിയാടിക്കാരനായി അറിയപ്പെടുന്നു. 1889ൽ ജനിച്ചു. 1972ൽ നിര്യാതനായി. പ്രധാന കൃതികൾ:—

(1) മത്ആനിൽ അൽഫാള്.
(2) തൻസീഹുദ്ദീൻ അൻ തംവീഹി ഇ. വി. മൊയ്തീൻ.

43. കെ. കെ. മുഹമ്മദ് ജമാലുദ്ദീൻ മൗലവി, ആയഞ്ചേരി

1910ൽ ജനിച്ചു. 1965ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) നിഷ്പക്ഷ നിരൂപണം.
(2) ചിന്താർഹമായ പ്രവചനം.
(3) അഹ്ക്കാമുൽ ഖുത്ബ.
(4) സൈനബ.
(5) ഖിള്റ് നബിയെക്കണ്ട നഫീസ.

44. കെ. സി. കോമുക്കുട്ടി മൗലവി ഒളവട്ടൂർ.

1967ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) റസൂൽ കരീം.
(2) ഖുലഫാ ഉർ റാശിദീൻ.
(3) ബനൂഉമയ്യാ ഖലീഫമാർ
(4) അബ്ബാസിയ്യാ ഭരണം (ഒന്നാം ഭാഗം)

KERALA HERITAGE CENTER KALPAKANCHERY

(മൗലാനാ മുഹമ്മദ് അസ്‌ലം ജിറാജ് പൂരിയുടെ ഗ്രന്ഥങ്ങളുടെ വിവർത്തനമാണീ നാലു കൃതികളും.)

(5) ഉമർഫാറൂഖ്.
(6) നാലു ഇമാമുകൾ.
(7) കർബലാ പോർക്കളം.
(8) ഉസ്‌വത്തു ഇബ്രാഹീം.
(9) യൂനുസ് ഖിസ്സ.
(10) അഹ്സനുൽ ഖസ്സ
(11) അറബ് രാഷ്ട്രങ്ങൾ.
(12) നജ്ദ് സുൽത്താന്മാർ.
(13) മൗലാനാ ആസാദ്.

45. കെ. മുഹമ്മദലി സാഹിബ്, എറണാകുളം.

1965ൽ നിര്യാതനായി. പ്രധാന കൃതികളിൽ ചിലത്:

(1) അൽ ഹദീസ് പരിഭാഷ.
(2) മുസ്‌ലിം സ്‌പെയിൻ.

46. പി. മുഹമ്മദ് സാലിഹ് മൗലവി, വളപട്ടണം.

1946ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) സ്വാതന്ത്ര്യദായകൻ. (മുഹമ്മദ് നബിയെപ്പററി).
(2) സൂക്തിഹാരം (ഹദീസ് തർജമ).
(3) ഇബ്നുകാസിം.

47. എം. ശൈഖ് മുഹമ്മദ് മൗലവി, ഉഗ്രപുരം.

1977ൽ നിര്യാതനായി. പ്രധാന കൃതി:

'തറാവീഹ്'.

48. എ. കെ. അബ്ദുല്ലത്തീഫ് മൗലവി, പാനൂർ.

1977ൽ നിര്യാതനായി. പ്രധാന കൃതി:

അനുഷ്ഠാന മുറകൾ.

49. വി. വി. മുഹമ്മദ് മൗലവി, മാട്ടൂൽ.

പ്രധാന ഗ്രന്ഥങ്ങൾ:

(1) മഹാപാപങ്ങൾ.
(2) മയ്യിത്ത് സംസ്കരണം.

With best complements from:

SULAIMAN'S WATCH COMPANY

DEALERS OF WATCHES, CLOCKS, TIME-PEECES etc;

Super Bazar, M. G. Road, ERNAKULAM

KERALA HERITAGE CENTER KALPAKANCHERY

(3) സൂറത്തുൽ ഹുജുറാത്ത് പരിഭാഷ.

50. മൗലവി മുഹമ്മദ് അമാനി, വാണിയമ്പലം.

നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന ഖുർആൻ പരിഭാഷ എഴുതിയ മഹാൻ. മററു പ്രധാന കൃതികൾ.

(1) നബിചര്യയും ഇസ്ലാം ശരീഅത്തിൽ അതിൻെറ സ്ഥാനവും.
(2) ഖുറൂസുത്താരീഖിൽ ഇസ്ലാമി
(3) നമ്മുടെ നബി.
(4) ഇസ്‌ലാം ചരിത്രകഥകൾ.
(5) സൂറത്തുന്നൂർ പരിഭാഷ.
(6) സൂറത്തു മർയം പരിഭാഷ.
(7) സൂറത്തു ത്വാഹാ പരിഭാഷ.
(8) സൂറത്തു യൂസുഫ് പരിഭാഷ
(9) മുതലിടപാടും നബി വാക്യങ്ങളും (രണ്ടുഭാഗം)
(10) നൂഹ്‌നബിയുടെ കപ്പൽ
(11) ഇമാം മാലിക്കിൻെറ കത്ത്.
(12) ഇമാം ശാഫിഈയുടെ യാത്ര

51. പി. പി. ഉണ്ണിമുഹ്‌യിദ്ദീൻ കുട്ടി മൗലവി, പുളിക്കൽ

1971ൽ നിര്യാതനായി. പ്രധാന കൃതികൾ.

(1) ഖുത്ബിയ്യത്ത് ബൈത്തിന്നൊരു വിമർശനം (അപ്രകാശിതം).
(2) ഖുലാസത്തു ത്താരീഖിൽ ഇസ്‌ലാമി (പി. എൻ. മൗലവിയോടൊപ്പം)

മദീനത്തുൽ ഉലൂം അറബിക്കോളേജധ്യാപകർ പ്രസിദ്ധീകരിച്ച 'മയ്യിത്ത് പരിപാലനം', 'യാത്രയിലെ നമസ്കാരം' മുതലായ ഗ്രന്ഥങ്ങളുടെ രചനയിൽ പങ്കെടുത്തു.

52. പി. എൻ. മുഹമ്മദ് മൗലവി, പുളിക്കൽ

1968ൽ അന്തരിച്ചു.

'ഖുലാസത്തു ത്താരീഖിൽ ഇസ്‌ലാമി' എന്ന ഗ്രന്ഥം ഇദ്ദേഹവും ഉണ്ണീൻകുട്ടി മൗലവിയും കൂടി രചിച്ചതാണ്.

53. പി. പി. ഉബൈദുല്ല മൗലവി പുളിക്കൽ

1963ൽ നിര്യാതനായി. പ്രധാന കൃതി:—

'ഉർദു മലയാള നിഘണ്ഡു' (5000ത്തോളം പേജ്. അപ്രകാശിതം.)

54. പി. അബ്ദുൽഖാദിർ മൗലവി കണ്ണൂര്

1946ൽ നിര്യാതനായി. പ്രധാന കൃതികൾ:—

(1) അത്തൗഹീദ് (കേരളത്തിലെ ഇസ്‌ലാഹീ പ്രവർത്തനരംഗത്ത് വിപ്ലവാത്മകമായ ചലനമുണ്ടാക്കിയ വിശിഷ്ട ഗ്രന്ഥം).
(2) പ്രവാചകത്വം
(3) ഖത്മുന്നുബുവ്വത്ത്

KERALA HERITAGE CENTER KALPAKANCHERY

(4) പ്രവാചകത്വ നാമാപ്തിയും മീർസാ ഗുലാം അഹ്മദ് ഖാദിയാനിയും.

(5) പരിശുദ്ധ ഖുർആനും ഖാദിയാനികളും.

(6) രക്ഷാമാർഗ്ഗത്തിന്നൊരു മറുപടി

(7) വിശുദ്ധ നബിയുടെ പ്രത്യേകതകൾ

(8) സിയാറത്തുൽ ഖുബൂർ

55. എം. അബൂബക്കർ, മുൻഷിഫാസിൽ, കണ്ണൂര്

1958ൽ നിര്യാതനായി. പ്രധാന കൃതികൾ:–

(1) സൂറത്തുസ്സുഹാ പരിഭാഷ

(2) പഠാണിയുടെ പുത്രൻ

(3) വിശുദ്ധ സന്ദേശം.

56. എം. കുഞ്ഞാവ വൈദ്യർ, പൊന്നാനി.

കരുനാഗപ്പള്ളി യൂസുഫ് ഇസ്സുദ്ദീൻ മൗലവിയുമായുള്ള ബന്ധം ഇദ്ദേഹത്തെ തികഞ്ഞ ഉൽപതിഷ്ണുവാക്കി. 1951ൽ നിര്യാതനായ ഇദ്ദേഹം അന്ധവിശ്വാസാനാചാരങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ട് നിരവധി മാപ്പിളപ്പാട്ടുകൾ രചിച്ചിട്ടുണ്ട്. അവയിൽ ചിലത്:

(1) ബിദ്അത്ത്മാല.

(2) റദ്ദു നസീഹത്തിശ്ശുബ്ബാൻ.

57. പി. എം. അബ്ദുൽഖാദിർ മൗലവി, കോട്ടയം.

'ഇശാഅത്ത്' പത്രാധിപരായിരുന്ന ഇദ്ദേഹം 1936ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) മക്തി ഗ്രന്ഥാവലി.

(2) വിശ്വവിജയി.

(3) മുസ്ലിംകളുടെ അധഃപതന കാരണം.

(4) മതപ്രചരണം.

58. ടി. കെ. അബ്ദുല്ല മൗലവി വെളിയങ്കോട്.

(പുതിയാപ്പിള അബ്ദുറഹിമാൻ മൗലവിയുടെ പുത്രൻ) 1967ൽ നിര്യാതനായി. പ്രധാന കൃതി:

'കുഷുണ്ടയും കുന്തിരിയും'

WITH BEST COMPLIMENTS FROM:

HOTEL REX

NEAR CENTRAL THEATRE
Mettupalayam Road
COIMBATORE-2

INTRODUCES THE MOST EXCITING TASTY AND NOURISHING CHINESE, TANDOORI & NORTH INDIAN DISHES

HOTEL "REX" WILL CONVINCE YOU WITH COURTESY SERVICE

Come and enjoy the opportunity
Your Satisfaction is our Motto

KERALA HERITAGE CENTER KALPAKANCHERY

59 ടി. ഉബൈദ് സാഹിബ്,

കാസർകോട്.

1908ൽ ജനിച്ചു. 1975ൽ നിര്യാതനായി. ഖുറാഫത്തിനെ വിമർശിക്കുന്ന ധാരാളം കവിതകളെഴുതി. പ്രധാന കൃതികൾ:

(1) നവരത്നമാല
(2) ചന്ദ്രക്കല.
(3) ഗാനവീചി.
(4) മാലിക്കുബ്നു ദീനാർ
(5) മുഹമ്മദ് ശറൂൽ സാഹിബിന്റെ ജീവചരിത്രം.

60. പുന്നയൂർക്കുളം വി. ബാപ്പു

1916ൽ ജനിച്ചു. ധാരാളം ഇസ്ലാഹീ കവിതകളും ചെറുകഥകളും എഴുതിയ ഇദ്ദേഹം 1973ൽ നിര്യാതനായി. പ്രധാന കൃതികൾ:

(1) മുത്ത്മാല.
(2) ശ്വസിക്കുന്ന ശവങ്ങൾ.
(3) ഘോഷയാത്ര.
(4) ചൈനയിലെ മുസ്ലിംകൾ,
(5) ജന്മദിനോൽസവം.

61. ഒ ചേക്കുട്ടി, രണ്ടത്താണി

1952ൽ നിര്യാതനായി. പ്രധാന കൃതികൾ:—

(1) എന്തിനീ വഴക്ക് (മുജാഹിദ് സുന്നീ വിവാദം ചോദ്യോത്തര രൂപത്തിൽ)
(2) ഇസ്ലാം മനുഷ്യമതം

62. ഇ. മൊയ്തു മൗലവി

1892ൽ ജനിച്ചു. ഹംദാനി ശൈഖ്, ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി മുതലായവരുടെ ശിഷ്യനായ ഇദ്ദേഹം ഒററക്കും കെ. എം. മൗലവിയുടെ ഒപ്പം ചേർന്നും ഗ്രന്ഥങ്ങൾ പലതും എഴുതിയിട്ടുണ്ട്. പ്രധാന കൃതികൾ:

(1) നബിചരിതം.
(2) തുർക്കി ജാപ്പാൻ സംവാദം
(3) എന്റെ കൂട്ടുകാരൻ.
(4) സ്വാതന്ത്ര്യ പ്രസ്ഥാനവും ഇന്ത്യൻ മുസ്ലിംകളും.

ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജിയുടെ നിർദ്ദേശപ്രകാരം ഇദ്ദേഹവും കെ. എം. മൗലവിയുംകൂടി ഒരു അറബി–മലയാള നിഘണ്ഡു എഴുതിയിരുന്നു. (അപ്രകാശിതം)

63. സി. എ. മുഹമ്മദ് മൗലവി,

തിരൂരങ്ങാടി.

1897ൽ ജനിച്ചു. പ്രധാന കൃതികൾ:

(1) ഫൈളുർ റഹ്മാൻ ഫീ തഫ്സീരി ഉമ്മിൽ ഖുർആൻ.
(2) ഫള്ലുൽ ജവാദിൽ അക്റം എന്ന അമ്മ ജുസ്അ് പരിഭാഷ
(3) അഖ്ലാഖ്.
(4) തഅ്ലീമുദ്ദീൻ,
(5) നൂറത്തുൽ മാഇദാ പരിഭാഷ
(6) അൽമുഈൻ (അറബി മലയാള നിഘണ്ഡു).

64. ഹാജി കെ. എ. ഉമർ. മാഹി.

നദ്വത്ത് ഓഫീസിൽ വളരെക്കാലം ഓഫീസ് സിക്രട്ടറിയായി ജോലി ചെയ്ത മാന്യൻ. പ്രധാന കൃതി.

KERALA HERITAGE CENTER KALPAKANCHERY

'മീർസാ സാഹിബിൻെറ പരാജയ സാക്ഷ്യങ്ങൾ.

65. എൻ. വി. അബ്ദു സ്സലാം മൗലവി, അരീക്കോട്.

പ്രധാന കൃതികൾ:

(1) മുസ്ലിംകളും സാമൂഹ്യ ബാധ്യതകളും.
(2) ബറാഅത്ത് രാവ്.
(3) ബയാനുൽ ഇഅ്റാബ്.

66. എം. കുഞ്ഞാമുട്ടി മൗലവി, കിഴുപറമ്പ്,

'കിത്താബുന്നഹ്‌വ്'

67. കെ. ഉമർ മൗലവി, വെളിങ്കോട്

സൽസബീൽ പത്രാധിപർ. പ്രധാന കൃതികൾ:

(1) ഇർശാദുൽ ഇഖ്‌വാൻ.
(2) നൂറുൽ ഈമാൻ.
(3) ഖുത്ത്ബത്തുൽ ജുമുഅ.
(4) മുസ്ലിംകളും ജമാഅത്തെ ഇസ്ലാമിയും
(5) മദ്ഹബുൻ ജദീദുൻ.
(6) തർജുമാനുൽ ഖുർആൻ (ഖുർആൻ മുഴുവൻ ഭാഗവും)

68. ഡോക്ടർ ഉസ്മാൻ സാഹിബ്, നിലമ്പൂര്.

പ്രധാന കൃതി:

(1) ഗൈബ്.
(2) മതവും യുക്തിവാദവും.

Phone : 31317

KASTHURI BHAVAN

High Class Vegetarian Restaurant & Sweet Stall

257, Dr. Nanjappa Road

COIMBATORE - 18

★

PHONE : 34461

OUR SISTER CONCERN

elite bakery

High class Bakers, Confectioners & General Merchant

Opp. C. M. A. HOSPITAL

Trichy Road

COIMBATORE

KERALA HERITAGE CENTER KALPAKANCHERY

69. കെ. കെ. മുഹമ്മദ് അബ്ദുൽകരീം, കൊണ്ടോട്ടി.

പ്രധാന കൃതികൾ;

(1) മുസ്ലിം ഭരണം സ്പെയിനിലും സിസ്‌ലിയിലും

(2) ചോര പുരണ്ട കഠാരി.

70. എം. ടി. അബ്ദുറഹ്മാൻ മൗലവി. വാഴക്കാട്.

പ്രധാന കൃതികൾ:

(1) ജുമുഅ ഖുത്ത്ബ മദ്ഹബുകളിൽ

(2) മതം പ്രകൃതിയുടെ ആവശ്യം (അപ്രകാശിതം)

71. ഡോക്ടർ പി. എം. അബ്ദുറഹ്മാൻ, തിരൂരങ്ങാടി.

പ്രധാന കൃതികൾ:

(1) അർബഇൗനന്നവവി പരിഭാഷ

(2) മലയാളത്തിലെ അറബി പദങ്ങൾ.

72. ഡോക്ടർ ഇ. കെ. അഹ്മദ് കുട്ടി, കടവത്തൂര്

പ്രധാന കൃതി:

'ഖുർആന്റെ അമാനുഷികത ശാസ്ത്രത്തിലൂടെ'.

73. മുഹമ്മദ്, നിലമ്പൂര്.

പ്രധാന കൃതി:

ബൈബിളും ഖുർആനും ഒരു പഠനം

74. പി കെ. അലി അബ്ദുർറസ്സാഖ്, മദനി, വല്ലിയോറ.

മുഹമ്മദ് അമാനി മൗലവിയോടൊപ്പം 'ബൈബിളിന്റെ വിശ്വാസനീയത' എന്ന ഗ്രന്ഥം എഴുതി.

75. എ. എ. ഹമീദ്, കൊച്ചി.

പ്രധാന കൃതികൾ:

(1) 'ഇബാദത്ത് ഒരു പഠനം'.

(2) നദ്‌വത്തുൽ മുജാഹിദീൻ എന്ത്? എന്തിന്?

76. ചെറിയമുണ്ടം അബ്ദുർറസ്സാഖ് മൗലവി

പ്രധാന കൃതികൾ:

(1) സർവ്വമതസത്യവാദം.

(2) കുരങ്ങൻമാരും തിന്നാമിനുങ്ങും കുറെ മരംകൊത്തികളും

(ഇസ്‌ലാഹീ ആദർശ സ്പർശമുള്ള കവിതകളാണിത്.)

77. പ്രൊഫസർ കെ. അഹ്മദ്കുട്ടി സാഹിബ്, അരീക്കോട്.

'മതവും ശാസ്ത്രവും' എന്ന ഗ്രന്ഥമെഴുതി.

78. കെ. എസ്. കെ. തങ്ങൾ

ഇസ്‌ലാമിലെ സാമൂഹ്യ ബാധ്യതകൾ' എന്ന ഗ്രന്ഥമെഴുതി.

79. ചെറിയമുണ്ടം അബ്ദുൽ ഹമീദ് മൗലവി.

പ്രധാന കൃതികൾ:

(1) ബുലൂഗുൽ മറാം പരിഭാഷ.

(2) അർബഇൗനന്നവവിപരിഭാഷ

KERALA HERITAGE CENTER KALPAKANCHERY

80. ടി. കെ. മുഹമ്മദ്,

വെളിയങ്കോട്

1955ൽ നിര്യാതനായി. പ്രധാന കൃതികൾ;

(1) മുഹമ്മദ് നബി.

(2) നബിയും നാലു സഹാബാക്കളും. (രണ്ടു ഭാഗങ്ങൾ)

(3) ഖദീജത്തുൽ കുബ്റാ.

(4) കർബലായിലെ രക്തക്കളം

(5) ഇസ്ലാമും സ്ത്രീകളും.

81. മൗലവി, പി. മുഹമ്മദ്

കുട്ടശ്ശേരി

പ്രധാന കൃതികൾ:

(1) ഇസ്ലാം എന്നാൽ

(1) മധുരപ്പകുതി.

82. പ്രൊഫസർ പി. അബ്ദുറഹ്മാൻ.

പ്രധാന കൃതി:

കേപ്പിറ്റലിസം, സോഷ്യലിസം, ഇസ്ലാം.

83 എം. കുഞ്ഞോയി വൈദ്യർ

കോഴിക്കോട്

പ്രധാന കൃതി:

(1) സൂറത്തുൽ കഹ്ഫ് പരിഭാഷ

ലഘുലേഖകൾ ധാരാളം എഴുതിയിട്ടുണ്ട്.

84. കെ. കെ. മുഹമ്മദ് അബ്ദുൽ കരീം, കൊണ്ടോട്ടി.

പ്രധാന കൃതികൾ:

With best compliments from:

INDIAN ATTAR STORE

Dealers in:

ALL KINDS OF AGAR BATHIES & PERFUMES

353, N. H. Road, COIMBATORE - 641 001

KERALA HERITAGE CENTER KALPAKANCHERY

(1) ഫത്ത്ഹുൽ മയ്യാൻ ഫീ സീറത്തിന്നബിയ്യിൽ അമീൻ

(2) മുഹമ്മദ് നബി പൂർവ്വവേദങ്ങളിൽ.

(3) ഇസ്‌ലാമിൻെറ സന്ദേശം

(4) സമസ്തക്കാരുടെ പ്രമേയങ്ങൾ—ഒരു നിരൂപണം.

(5) ഷേറെ കേരള— സീതി സാഹിബ്.

(6) ഖുത്ബത്ത് ഉമറുബ്നു അബ്ദിൽ അസീസ്.

(7) സുൽത്താൻ സലാഹുദ്ദീൻ അയ്യൂബി.

(8) അഭിനവ ക്രിസ്തുമതം അന്വേഷണത്തിൻെറ അന്ത്യമോ? (ഫാദർ അലവിക്ക ഖണ്ഡനം. അപ്രകാശിതം).

(9) മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ.

(10) മക്തി തങ്ങളുടെ ജീവചരിത്രം.

85 ടി. പി. മഹ്മൂദ് (ഇടവ

പ്രസിദ്ധ ഇസ്‌ലാമിക സാഹിത്യകാരൻ.

(1) റസൂൽ കരീം വിവിധ മണ്ഡലങ്ങളിൽ.

(2) വിശുദ്ധ നബിയുടെ പ്രസിദ്ധ സഹാബിമാർ.

(3) ഇസ്‌ലാം ചരിത്ര കഥകൾ.

86 എം. അബ്ദുർറഹ്മാൻ സാഹിബ്.

(1) ശംസുൽ ഫലാഹ്. (അറബി മലയാളം)

87. എസ്. മുഹമ്മദു അബ്ദു

(വക്കം മൗലവിയുടെ ജാമാതാവ്) പഴയ എഴുത്തുകാരൻ. ഇദ്ദേഹവും വക്കം മൗലവിയുടെ പുത്രനായിരുന്ന എം. അബ്ദുൽ വഹ ഹാബും കൂട്ടായി 'ഇസ്‌ലാം ചരിത്രത്തിലെ സുവർണ്ണ സംഭവങ്ങൾ' എന്ന ഗ്രന്ഥം രചിച്ചു. അതിന്നു പുറമെ വക്കം മൗലവിയുടെ 'ഖുർആൻ', വക്കം മൗലവിയുടെ തെരഞ്ഞെടുത്ത കൃതികൾ എന്നീ ഗ്രന്ഥങ്ങൾ എന്നിവ എഡിററു ചെയ്തു പ്രസിദ്ധീകരിച്ചതും അബ്ദു സാഹിബാണ്.

88. ഓടയം അബ്ദുൽ അസീസ്

പേരെടുത്ത ഇസ്‌ലാഹീ കവി. പ്രധാന കൃതികൾ:

(1) കവിതാരാമം

(1) ഹിജ്റ.

89. എം. മുഹമ്മദ് കണ്ണു

പ്രധാന കൃതികൾ:

(1) റസൂൽ കരീം.

(2) വക്കം മൗലവി.

90. കെ. കമ്മു മൗലവി

വാണിയമ്പലം.

മുസ്‌ലിം സ്ത്രീകളും ജുമുഅയും.

91. കെ. ഉമർ വൈദ്യർ, പാലക്കാട്

പ്രധാന കൃതികൾ:

(1) മിൻഹാജുൽ ആബിദീൻ പരിഭാഷ.

[ബാക്കി 158—ാം പേജിൽ]

KERALA HERITAGE CENTER KALPAKANCHERY

for superior china clay
suitable for paper, rubber,
insecticides, ceramics, paints etc.

Please Contact:

T. A. MAJEED
& Co. Pvt. Ltd.

Broadway, Ernakulam
COCHIN-682 031.

PHONE : 39136

Factory at: **KARIMUGAL**

KERALA HERITAGE CENTER
KALPAKANCHERY

പുളിക്കൽ സമ്മേളനം ഓർമ്മകളിൽ കൂടി..

1979 മാർച്ച് 8, 9, 10, 11 തിയ്യതികളിൽ പുളിക്കൽ മുജാഹിദ് നഗറിൽ ചേർന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിന്റെ ഭക്തിനിർഭരമായ സ്മരണകൾ അയവിറക്കിക്കൊണ്ടും, മതപ്രബോധനരംഗത്ത് പുതിയ പല കാൽവെപ്പുകൾക്ക് സന്നദ്ധമായിക്കൊണ്ടുമാണ് ഈ സംസ്ഥാന സമ്മേളനം നാം തീരുമാനിച്ചത്. ഈ സന്ദർഭത്തിൽ കഴിഞ്ഞ സമ്മേളന നഗരിയിൽ കൂടി ഒരു ഓട്ടപ്രദിക്ഷണം നടത്തുകയാണിവിടെ.

–കുഞ്ഞിമുഹമ്മദ്, പറപ്പൂര്–

പ്രവർത്തകൻമാരുടെ പ്രതീക്ഷകൾ മറികടക്കുന്നതായിരുന്നു പുളിക്കൽ സമ്മേളനം. അത്രവലിയ ഒരു സമ്മേളന സംവിധാനത്തിന്റെ പിന്നിൽ പണവും അംഗബലവുമായിരുന്നില്ല പ്രവർത്തിച്ചത്. നേരെ മറിച്ച് പ്രവർത്തകൻമാരുടെ ആത്മാർത്ഥമായ പ്രാർത്ഥനാഫലം മാത്രമായിരുന്നു. ''നിങ്ങൾ അല്ലാഹുവിനെ സഹായിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളെയും സഹായിക്കു''മെന്ന ദിവ്യവചനം ഇവിടെ ശ്രദ്ധേയമാണ്. കേരളക്കരയിലെ മാത്രം ഇസ്ലാഹീ പ്രവർത്തന ചരിത്രത്തിലേക്ക് ശ്രദ്ധിച്ചാലറിയാം ആ പ്രസ്ഥാനത്തിന്റെ വികാസവും വളർച്ചയും ഇന്നെത്രയായി എന്ന്. അഭിമാനിക്കാനല്ല. വിശ്വാസിയുടെ ശബ്ദം നിഷ്ഫലമായിപ്പോകുകയില്ലെന്ന ദിവ്യസന്ദേശത്തെപ്പററി കൂടുതൽ ചിന്തിക്കുവാനാണ് നാമീ സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തേണ്ടത്.

1979 മാർച്ച് രണ്ടാംവാരം എന്തുകൊണ്ടും കേരള മുസ്ലിംകളുടെ നവോത്ഥാനരംഗത്തെ മറക്കാനാവാത്ത ദിവസങ്ങളായിരുന്നു. ഒട്ടനവധി മഹാസമ്മേളനങ്ങൾക്കും, ജനപ്രവാഹങ്ങൾക്കും സാക്ഷ്യംവഹിച്ച മലയാളക്കരയിൽ മുജാഹിദ് സമ്മേളനം തികച്ചും പുത്തനായിരുന്നു. ഭാരതത്തിലെ മുസ്ലിം നവോത്ഥാന നായകരെ ആവേശം കൊള്ളിക്കുവാനും, ലോക മുസ്ലിം പണ്ഡിതശിരോമണികൾക്കും നായകൻമാർക്കും ആത്മവീര്യവും വിശ്വാസവും പകർന്നുകൊടുക്കുവാനും അന്നാ സമ്മേളനംകൊണ്ട് മുജാഹിദുകൾക്കു കഴിഞ്ഞു. സത്യദീനിന്റെ സേവനരംഗത്ത് അർപ്പണബോധത്തോടെ പ്രവർത്തിക്കുമ്പോൾ

KERALA HERITAGE CENTER KALPAKANCHERY

ദിവ്യമായ സഹായഹസ്തങ്ങളാൽ അവർ സംതൃപ്തരാവുമെന്നുകൂടി ആ സ്സമ്മേളനവിജയം വ്യക്തമാക്കി.

1972ലാണ് കോഴിക്കോട്ടുവെച്ച് ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ ഒരു സമ്മേളനം വിപുലമായി നടത്തപ്പെട്ടത്. കേരള നദ്വത്തുൽ മുജാഹിദിന്റെ ആഭിമുഖ്യത്തിൽ നടന്ന ആ സമ്മേളനം ഇസ്ലാഹീ രംഗത്തുണ്ടായിരുന്ന പ്രവർത്തന മാന്ദ്യം നിഷ്കാസനം ചെയ്യുകയും ശക്തമായ ഒരു മുന്നേററത്തിന്ന് തുടക്കംകുറിക്കുകയും ചെയ്തു. മുസ്ലിം സമൂഹത്തിൽ ഒരു ഭാഗത്ത് യാഥാസ്ഥിതിക പിന്തിരിപ്പൻ ചിന്താഗതികളും മറുഭാഗത്ത് മോഡേണിസ്റ്റ ചിന്തകളും കരാളഹസ്തങ്ങളുമായി സമൂഹത്തിന്റെ മജ്ജയും മാംസവും കാർന്നുതിന്നിരുന്ന അക്കാലഘട്ടത്തിൽ 1972ലെ ആ സമ്മേളനം സൃഷ്ടിച്ച പ്രതിധ്വനി വലിയതായിരുന്നു. മുജാഹിദ് പ്രവർത്തകൻമാരിൽ ഉരകണ്ടെത്തിയ ഇസ്ലാമിസ്ററുകൾ ഇസ്ലാഹീരംഗത്ത് പൊല്ലാപ്പുകൾ സൃഷ്ടിച്ചുകൊണ്ടു പ്രവർത്തിച്ചിരുന്നതും ആ കാലത്തായിരുന്നു. ഏകദേശം ഇക്കാലത്താണ് ഇസ്ലാഹീ വിഭാഗത്തിന്റെ യുവനിരയായ ഇത്തിഹാദുശുബ്ബാനിൽ മുജാഹിദീൻ (I. S. M.) യുവത്വത്തിന്റെ പ്രഭാവത്തോടെ, ഈമാനികാവേശത്തോടെ ഒരു സലഫീ ചലനത്തിന്നുവേണ്ടി മുണ്ടുമുറുക്കി രംഗത്തുവന്നതും, അവരുടെ കീഴിൽ മുജാഹിദ് വിദ്യാർത്ഥി വിഭാഗത്തിന്നായി ഒരു പ്രത്യേക ഘടകം രൂപീ

(155 പേജിലെ ബാക്കി)

(2) അയ്യുഹൽ വലദ് പരിഭാഷ
(3) കിമീയായേസആദാ പരിഭാഷ

92. കുഞ്ഞി മുഹമ്മദ്, പറപ്പൂർ

ഇസ്ലാമിലെ ഫത്ത്വകൾ.

93. സി. എ. മുഹമ്മദ് മൗലവി,

ബേപ്പൂര്

പ്രാർത്ഥന (നമസ്കാരത്തിന്നു ശേഷമുള്ളത്.)

94 ഇസ്മാഈൽ മൗലവി

കൊച്ചി

നമസ്ക്കാരം നബിചര്യയിലൂടെ.

95, 96. കെ. പി. മുഹമ്മദ് മൗലവിയും എ. പി. അബ്ദുൽ ഖാദർ മൗലവിയും.

'തഖ്ലീദ്' ഒരു പഠനം.

*

Phone : 26801

MADEENA STORES

GENARAL MERCHANTS

19/43 Big Bazaar Street

COIMBATORE-1

KERALA HERITAGE CENTER KALPAKANCHERY

കരിച്ചതും. ഇതോടെ ആദർശപ്രചാരണമാർഗ്ഗത്തിൽ അർപ്പണ ബോധത്തോടെ മുജാഹിദു പ്രവർത്തകർ രംഗത്തു വന്നു. പിന്നെയുണ്ടായ കാലഘട്ടങ്ങൾ ദുർഘടങ്ങളായിരുന്നു. മർദ്ദനങ്ങളും പ്രകോപനങ്ങളും മാത്രമായിരുന്നു പിന്നെയവർ അഭിമുഖീകരിച്ചത്. എങ്കിലും, ദൈവത്തിൽ ഭരമേൽപിച്ചുകൊണ്ട് മുജാഹിദുകൾ പ്രവർത്തിച്ചപ്പോൾ നാട്ടിന്റെ എല്ലാ മുക്കിലും മൂലയിലും സത്യത്തിന്റെ ശബ്ദം കേൾപിക്കാനവർക്കു കഴിഞ്ഞു. തദ്വാരാ മുസ്ലിം സമൂഹത്തിന്റെ വിശ്വാസാചാരങ്ങളിൽ വന്ന പാളിച്ചകളെപ്പററി ബോധവാൻമാരായ ഒരു വിഭാഗം, മലയാള മണ്ണിൽ ഇസ്ലാഹീരംഗത്ത് പ്രവർത്തിക്കാൻ മുന്നോട്ടുവന്നു.

ഈ പശ്ചാത്തലത്തിലാണ് പുളിക്കൽ സമ്മേളന പരിപാടികൾക്കു രൂപം നൽകപ്പെട്ടത്. മുജാഹിദ് സംസ്ഥാന സമ്മേളനം പുളിക്കൽവെച്ചു നടത്തുന്നുണ്ടെന്ന് പത്രങ്ങൾ പ്രസിദ്ധീകരിച്ചതോടെ, പ്രവർത്തകർ സർവ്വോൻമേഷവാൻമാരായി ഉയിർത്തെഴുന്നേററു. ആരൊക്കെയോ തെററിദ്ധരിപ്പിച്ചതിന്റെ പേരിൽ, മുജാഹിദുകൾ പുത്തൻ പ്രസ്ഥാനക്കാരാണെന്നും ഭിന്നിപ്പുകാരാണെന്നും ധരിച്ചുവശായ ഒരു വലിയ വിഭാഗം കേരളത്തിൽ പ്രത്യേകിച്ച് മുസ്ലിം സമൂഹത്തിലുണ്ടെന്നത് നേരാണ്. അവരുടെ മുമ്പിലെല്ലാം ചെന്ന് പ്രസ്ഥാനത്തിന്റെ സത്യാവസ്ഥ പരിചയപ്പെടുത്തുന്ന പ്രചരണയോഗങ്ങൾ ധാരാളം നടത്തപ്പെട്ടു. കലിമത്തുത്തൗഹീദിന്റെ സന്ദേശം എങ്ങും മാറെറാലികൊണ്ടു. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അപകടങ്ങളെപ്പററി താക്കീതു നൽകുന്ന പ്രസംഗങ്ങൾ ശ്രവിക്കാനും ചിന്തിക്കാനും സമൂഹം ഒട്ടാകെ സന്നദ്ധരായി. ദീനീസേവനരംഗത്ത് എന്തു ത്യാഗങ്ങൾ സഹിച്ചും പ്രവർത്തിക്കാൻ കൂട്ടംകൂട്ടമായി മുന്നോട്ടുവന്ന മുജാഹിദുകളുടെ മുന്നേററംമൂലം കേരള മുസ്ലിംകളുടെ ചരിത്രത്തിൽ തികച്ചും ഒരു നൂതനാദ്ധ്യായമാണ് ഇസ്ലാഹീ ചലനം കാഴ്ചവെച്ചത്.

സമ്മേളനത്തിന്നുള്ള ഒരുക്കങ്ങൾ നടക്കുന്നതോടൊപ്പം യാഥാസ്ഥിതികരുടെ ഭീഷണികളും തകൃതിയായി നടന്നു. കോഴിക്കോട് മുജാഹിദ സെൻററിന്നു നേരെ മൃഗീയമായ ആക്രമണം നടത്താൻവരെ പുരോഹിതന്മാരുടെ കഞ്ഞാടുകൾ തയ്യാറായി. മുജാഹിദു സമ്മേളനം സ്തംഭിപ്പിക്കുമെന്ന പ്രചരണങ്ങൾ ഖുറാഫികൾ പ്രഖ്യാപിക്കുവാൻ തുടങ്ങി. പുളിക്കലും പരിസരത്തുമുള്ള മുജാഹിദു പ്രവർത്തകരുടെയും മദീനത്തുൽ ഉലൂമിലെ മുജാഹിദ് വിദ്യാർത്ഥികളുടെയും സഹായത്തോടെ സ്റ്റേററ് ഐ. എസ്. എം. സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു മാസക്കാലത്തെ അശ്രാന്ത പരിശ്രമംമൂലം സജ്ജീകരിക്കപ്പെട്ട പന്തലിൽവെച്ചാണ് സമ്മേളനം നടന്നത്. കേരളത്തിന്നകത്തുനിന്നും പുറത്തുനിന്നുമുള്ള 10000 പ്രതിനിധികൾക്കും മററു ശ്രോതാക്കൾക്കും സൗകര്യപ്രദമായ രൂപത്തിലാണ് സമ്മേളന നഗരി സംവിധാനിച്ചിരുന്നത്. സമ്മേളന ദിവസത്തിന്റെ അഞ്ചുദിവസം മുമ്പ് ഒരു ചാറൽ മഴ പാററിയതോടുകൂടി വേണ്ടവിധം അമർന്നു നിരപ്പായ പെരിയമ്പലം വയലിൽ വൈക്കോലും അയ്യായിരത്തിലധികം പായകളും വിവരിച്ചപ്പോൾ ആ കട്ടപിടിച്ചു കിടന്നിരുന്ന വയലാണോ എന്ന് സന്ദർശകർ ആശ്ചര്യപ്പെട്ടുപോയി.

KERALA HERITAGE CENTER KALPAKANCHERY

സമ്മേളന നഗരിയിലേക്കാവശ്യമായ വെള്ളവും മററു ശുചീകരണ സൗകര്യങ്ങളും ഏർപ്പെടുത്തിയത് മുജാഹിദ് പ്രവർത്തകനും പണ്ഡിതനും കൂടിയായ കെ. കെ യുടെ നേതൃത്വത്തിലായിരുന്നു. പണ്ഡിതോചിതമായി പ്രസംഗിക്കുവാനും, കോളേജിൽ അദ്ധ്യാപനം നടത്തുവാനും സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുവാനും മാത്രമല്ല, കല്ലുവെട്ടുവാനും കുളം കുഴിക്കുവാനും ഞങ്ങൾ തന്നെ മതി എന്ന ഭാവത്തിലായിരുന്നു കെ. കെ യും സഹപ്രവർത്തകരും വകുപ്പ് കൈകാര്യം ചെയ്തിരുന്നത്.

മാർച്ച് 7-ാം തീയതി ആയപ്പോഴേക്കും സമ്മേളന നഗരിയിൽ ഒരു മഹാമന്ദിരം തന്നെ പ്രത്യക്ഷപ്പെട്ടു. ഇന്തോ സാരസൻ ശിൽപവൈദഗ്ധ്യങ്ങളുടെ അന്തിമയങ്ങളായ സ്മരണകളെ തട്ടിയുണർത്തുമാറുള്ള സമ്മേളന നഗരിയായിരുന്നു അത്. മദീനാ ഇസ്ലാമിക് യൂനിവേഴ്സിററി സെക്രട്ടറി ജനറലും മുസ്ലിം ലോകത്തെ തലയെടുപ്പുള്ള പണ്ഡിതന്മാരിൽ ഒരാളുമായ ശൈഖ് ഉമർ മുഹമ്മദ് ഫുല്ലാത്തയാണ് സമ്മേളനം ഉൽഘാടനം ചെയ്തത്. മഹാരാഷ്ട്രയിലെ അഹ്ലെ ഹദീസ് അദ്ധ്യക്ഷനായ സയ്യിദ് മുഖ്താർ അഹ്മദ് നദ്‌വി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഭാരവാഹികളുടെ കണക്കുകൾ മുഴുവൻ തെററിച്ചുകൊണ്ട് ഉൽഘാടന ദിവസംതന്നെ പന്തലിലെത്തിച്ചേർന്ന ജനപ്രവാഹത്തെക്കണ്ട് വളണ്ടിയർമാർപോലും ഇവരെ എങ്ങിനെ നിയന്ത്രിക്കുമെന്ന് ശങ്കിച്ചുപോയി. എങ്കിലും അനുഭവം മറിച്ചായിരുന്നു. വിജ്ഞാന പ്രഭാവം മുററിനിന്ന സമ്മേള

WHEN YOU VISIT PLEASE STEP IN

HOTEL IRANI

193, OPPANAKARA St.

COIMBATORE

Phone : 25396

Our Latest Introduction:

CHICKEN MONGALAI	CHICKEN PATTYALA
,, BARTHA	,, DAIVALA
,, SHAI KURMA	,, KASTEMINI
,, SAGU UALA	,, 69
,, KARTHI ROLE	,, 78
	,, 65

MANJOORI

KERALA HERITAGE CENTER KALPAKANCHERY

പ്പന്തലിൽ പ്രവേശിച്ചതോടെ അച്ച ടക്കം പാലിക്കുവാൻ എല്ലാവരും സ്വയം ശ്രമിക്കുന്നതായിക്കണ്ടു. അറബി ലോകത്തെ പണ്ഡിതന്മാരും നേതാക്കളും മുഴുവൻ തങ്ങളുടെ കയ്യിലണ് എന്ന് ധരിച്ചുവെച്ചിരുന്ന ചില ഇസ്‌ലാമിസ്‌ററു'കൾ വെപ്രാളപ്പെട്ടെങ്കിലും അവരെ സമ്മേളന സദസ്സിൽതന്നെ അച്ചടക്കത്തോടെയിരുത്താൻ വളണ്ടിയർമാർക്ക് പ്രയാസം വന്നില്ല. അന്നുതന്നെയാണ് എക്സിബിഷൻ ഉൽഘാടനകർമ്മം അന്നത്തെ മലപ്പുറം ജില്ലാ കലക്ടർ ശ്രീ. പി. വി. എസ്. വാരിയർ നിർവ്വഹിച്ചത്. ഇസ്‌ലാഹീ പ്രവർത്തകരുടെ ശക്തമായ കാൽവെപ്പുകൾ മൂലം മണ്ണടിഞ്ഞുപോയ ആചാര വൈകൃതങ്ങളുടെ അസ്ഥിപഞ്ജരങ്ങളടക്കം പഠിക്കാനും പകർത്താനും ഒട്ടനേകം വിഭവങ്ങളുണ്ടായിരുന്ന പ്രദർശനം നാലുദിവസംകൊണ്ട് 6 ലക്ഷം പേർ ദർശിക്കുകയുണ്ടായി. തുടർന്നുള്ള പരിപാടി അമാനി മൗലവി തയ്യാറാക്കിയതും, മുജാഹിദ് പ്രസിദ്ധീകരണ വകുപ്പ് ഏറെറടുത്ത് നടത്തുന്നതുമായ ഖുർആൻ പരിഭാഷയുടെ ബുക്കിംഗ് ഉൽഘാടനമായിരുന്നു. വന്ദ്യവയോധികനും, ഇസ്‌ലാഹീ പ്രസ്ഥാനത്തിൻെറ ശക്തനായ അമരക്കാരനുമായ ജ: പി. കെ. മൂസമൗലവിയാണ് അത് നിർവ്വഹിച്ചത്. തുടർന്നു മുസ്‌ലിംലോക പണ്ഡിതന്മാരുടെയും ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തുമുള്ള അഹ്‌ലെ ഹദീസ് സംഘടനകളുടെയും സാന്നിദ്ധ്യത്തിൽ മുജാഹിദ് സംഘടനകളുടെ സംയുക്ത കൗൺസിൽ സമ്മേളിച്ചു.

ഒമ്പതാം തിയതിയോടെ സമ്മേളനപ്പന്തൽ നിറഞ്ഞൊഴുകി. ഉലമാസമ്മേളനമായിരുന്നു ഈ ദിവസത്തെ ശ്രദ്ധേയമായ പരിപാടി. ഇന്ത്യക്കകത്തും പുറത്തുമുള്ള ഒട്ടനവധി പണ്ഡിത ശ്രേഷ്ഠൻമാർ പങ്കെടുത്ത ഈ പരിപാടിയിൽ, 'മതപ്രബോധനം, ലക്ഷ്യവും ശൈലിയും' എന്ന വിഷയം. കേരള നദ്‌വത്തുൽ മുജാഹിദീൻ ജനറൽ സെക്രട്ടറി കെ. പി. മുഹമ്മദ്ബിൻ അഹ്മദ് അവതരിപ്പിച്ചു. ഇത് പണ്ഡിതൻമാർക്കുവേണ്ടി മാത്രമായതിനാൽ പരിപാടികൾ മുഴുവൻ അറബിഭാഷയിലായിരുന്നു. മുസ്‌ലിം ലോകത്ത് സങ്കീർണ്ണങ്ങളായ ഒട്ടനവധി പ്രശ്നങ്ങളുണ്ടെന്നും, അവയുടെ പരിഹാരപ്രവർത്തനങ്ങൾ ഏതു അടിസ്ഥാനത്തിലും രീതിയിലുമാണ് നടത്തേണ്ടതെന്നും വിശദീകരിക്കുന്ന പണ്ഡിതൻമാരുടെ അഭിപ്രായപ്രകടനങ്ങൾ വ്യക്തമായ തീരുമാനങ്ങളായി രൂപം പ്രാപിച്ചു. പണ്ഡിത സമ്മേളനം പന്തലിൽവെച്ചു ആരംഭിച്ചുവെങ്കിലും ബഹുജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് അത് മദീനത്തുൽ ഉലൂം ഓഡിറേറാറിയത്തിലേക്ക് മാററുകയും, സമ്മേളനപ്പന്തലിൽ വെച്ചു മററു പഠനക്ളാസ്സുകൾ നടത്തപ്പെടുകയും ചെയ്തു.

സമ്മേളനത്തിൻെറ മൂന്നാം ദിവസം സുബ്ഹ്ബാങ്ക് വിളിച്ചതോടെ സമ്മേളനപ്പന്തലിലെ പതിനായിരങ്ങൾ ഒരു ക്യാമ്പിൻെറ പൂർണ്ണമായ അച്ചടക്കച്ചിട്ടയോടെ ഉണർന്നെഴുന്നേററു അംഗശുദ്ധി ചെയ്തു ജമാഅത്ത് നമസ്കാരത്തിന്നണിനിരന്നു. നമസ്കാരാനന്തരം കേരള ജംഇയ്യത്തുൽ ഉലമാ അദ്ധ്യക്ഷനായ പി. സൈദ് മൗലവിയുടെ ഖുർആൻ ക്ളാസ്സോടെ ആരംഭിച്ച ക്യാമ്പിൽ, ഇസ്‌ലാഹീ പ്രസ്ഥാനവും ഇതരപ്രസ്ഥാനങ്ങളും, മുജാഹിദ് പൊതുരംഗത്ത്, ഇസ്‌ലാഹീ പ്രസ്ഥാനം ചരിത്രത്തിലൂടെ, മൗലിക പ്രമാണങ്ങൾ, മുസ്‌ലീം

KERALA HERITAGE CENTER KALPAKANCHERY

ഐക്യം, മദ്ഹബുകൾ, താരീഖത്തുകൾ എന്നീ വിഷയങ്ങളെ അധികരിച്ച ആധികാരിക പ്രബന്ധങ്ങൾ യഥാക്രമം സി. പി. ഉമർ സുല്ലമി, അബ്ദുൽ ഗഫൂർ മൗലവി, പി. മുഹമ്മദ് കട്ടശ്ശേരി, എൻ. കെ. അഹ്മദ് മൗലവി, ടി. പി. അബ്ദുല്ലക്കോയ മദനി, അബ്ദുൽ ഹമീദ് മദീനി തുടങ്ങിയവർ വായിച്ചു.

ക്യാമ്പിന്റെ രണ്ടാം ദിവസം സുബ്ഹ് നമസ്കാരാനന്തരം ജ: കെ. സി അബൂബക്കർ മൗലവിയുടെ ഹദീസ് ക്ലാസ്സോടു കൂടിയാണ് പരിപാടികൾ ആരംഭിച്ചത്. തുടർന്നു 'മാതൃകാ വനിത', ഇസ്ലാം സവിശേഷതകളും പ്രായോഗികതയും'. ധാർമ്മിക പുരോഗതി വിദ്യാഭ്യാസത്തിലൂടെ, മതപ്രബോധനം കേരളത്തിൽ, എന്നീ വിഷയങ്ങളെ അധികരിച്ച ക്ലാസ്സുകൾ യഥാക്രമം എസ്. എം. ഐദീദ് തങ്ങൾ, ഡോ: ഇ. കെ. അഹ്മദ്കുട്ടി, പ്രൊ. കെ. അഹ്മദ്കുട്ടി, ടി. പി.. കുട്ടിയമ്മു എന്നിവർ നിർവ്വഹിച്ചു. ജ: ചാക്കീരി അഹ്മദ്കുട്ടി സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഏഴാം സമ്മേളനത്തിൽ എൻ. വി. ഇബ്രാഹീം, പ്രൊ. പി. എം. അബ്ദുറഹ്മാൻ, ഡോ: ഉസ്മാൻ എന്നിവർ യഥാക്രമം ലോക മുസ്ലിംകൾ പ്രശ്നങ്ങളും പരിഹാരങ്ങളും, മുസ്ലിം ദൈനംദിന ജീവിതത്തിൽ. യുക്തിവാദം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളെടുത്തു 11-ാംനു വൈകുന്നേരം മൗലാനാ ശംസുൽ ഹഖിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം സി. എച്ച്. മുഹമ്മദ് കോയാ സാഹിബ് ഉൽഘാടനം ചെയ്തു.

11-ാംന് വൈകുന്നേരമായപ്പോഴേക്കും പുളിക്കൽ പരിസരങ്ങൾ മുഴുവനും ജനസഹസ്രങ്ങളെക്കൊണ്ട് വീർപ്പുമുട്ടിയിരുന്നു. സമ്മേളനം തുടങ്ങുന്നതിന്റെ ഒരു ദിവസം മുമ്പാരംഭിച്ച പോലീസ് ഔട്ട് പോസ്റ്റിൽ നിയമിക്കപ്പെട്ട നിയമപാലകരുടെയും. വളണ്ടിയർമാരുടെയും ആത്മാർത്ഥമായ സേവനവും ത്യാഗപൂർണ്ണമായ ശ്രദ്ധയും നിമിത്തം പന്തലിന്നു പുറത്തുള്ള ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ കഴിഞ്ഞുവെങ്കിലും അനിയന്ത്രിതമായ ജനത്തിരക്കു കാരണം 11-ാംനു പൊതുസമ്മേളനം ആരംഭിക്കുന്നതിന്നു മുമ്പുതന്നെ അടച്ചിടേണ്ടി വന്നു.

കേരള നദ്വത്തുൽ മുജാഹിദീൻ അദ്ധ്യക്ഷൻ കെ. എ. സുലൈമാൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച പൊതുസമ്മേളനം ഉൽഘാടനം ചെ

Phone : 25396

★ IRANI ★

HIGH CLASS BIRIYANI HOTEL

Oppanakara St, COIMBATORE-1.

KERALA HERITAGE CENTER KALPAKANCHERY

യ്തത് ഷാർജയിലെ നീതിന്യായ വകുപ്പ് മേധാവി ജസ്ററീസ് അലി സാലിഹ് അൽമിഹ്‌വീത്തിയായിരുന്നു. തുടർന്ന് ശൈഖ് മുഹമ്മദ് ഫുല്ലാത്ത, ഇബ്രാഹീം സുലൈമാൻ സേട്ട്, ശൈഖ് ശംസുൽ ഹഖ് (ബനാറസ്) ശൈഖ് അബ്ദുസ്സമദ് അൽകാത്തിബ്, എ. പി. അബ്ദുൽഖാദിർ മൗലവി, പി. സീതി ഹാജി തുടങ്ങിയവർ പ്രസംഗിച്ചു.

11-ാംനു മൂന്നു മണിക്കാണ് വനിതാ സമ്മേളനം ആരംഭിച്ചത്. മദീനത്തുൽ ഉലൂം അങ്കണത്തിൽവെച്ചു നടത്താൻ നിശ്ചയിച്ചിരുന്ന വനിതാ സമ്മേളനം, പ്രതീക്ഷിച്ചതിലും കവിഞ്ഞ വനിതാ പ്രതിനിധികൾ പങ്കെടുത്തിരുന്നതിനാൽ താഴെയുള്ള സ്‌ക്കൂൾ ഗ്രൗണ്ടിലേക്ക് മാറേറണ്ടിവന്നു. പി. കെ. സുബൈദ മദനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വനിതായോഗം ഡോ: പി. കെ. റാബിയ ഉൽഘാടനം ചെയ്തു. സൽമാ അൻവാരിയ്യ, ജമീലാടീച്ചർ, ആയിഷാ ടീച്ചർ എന്നിവർ പ്രസംഗിച്ചു.

ഒരു സാധാരണ പൊതുസമ്മേളനത്തിൽനിന്നു തികച്ചും വ്യത്യസ്തമായ നിലക്ക് ഭക്തിനിർഭരമായ സദസ്സിൽ പുകവലിപോലും ഇല്ലാതെ പതിനായിരങ്ങൾ ഒന്നിച്ചുകൂടിയപ്പോൾ അവർക്കു പല അസൗകര്യങ്ങളും നേരിട്ടിരുന്നുവെന്നത് നേരാണ്. കെൽട്രോൺ കമ്പനിയുടെ പ്രത്യേക സഹകരണം കൊണ്ട് സജ്ജീകരിച്ച ടെലിവിഷൻ സെററുകളിൽകൂടി സ്റേറജിലെ ഓരോ ചലനങ്ങളും സമ്മേളനനഗരിയുടെ ഏതു ഭാഗത്തുനിന്നും കാണാമായിരുന്നു.

പുളിക്കൽ സമ്മേളനം കേരളത്തിലെ മുജാഹിദ് പ്രവർത്തനത്തെ അഖിലേന്ത്യാതലത്തിൽ വളർത്തിയെടുക്കാൻ സഹായിച്ചതിന്നു പുറമെ പ്രവർത്തകർക്ക് കൂടുതൽ ഉന്മേഷവും ഉൽസാഹവും പ്രദാനം ചെയ്യുകയുമുണ്ടായി. ഇസ്‌ലാഹീ പ്രസ്ഥാനത്തെപ്പററി പുരോഹിതൻമാർ തട്ടിപ്പടച്ച പല തെററിദ്ധാരണകളും കേരളക്കരയിൽനിന്ന് തുടച്ചുമാററാനും ആ സമ്മേളനം ഉപകരിച്ചു.

സമ്മേളനം കഴിഞ്ഞതോടെ കേരളത്തിലെ പുരോഹിതൻമാരിൽ നിന്നും, ഇസ്‌ലാമിസ്ററുകളിൽനിന്നും കേട്ട പ്രതികരണങ്ങൾ രസാവഹങ്ങളായിരുന്നു. കേരളത്തിൽ ഇനി മുതൽ നടത്തപ്പെടുന്ന പഞ്ചായത്ത്, പാർലമെൻറ്, അസംബ്ളി തെരഞ്ഞെടുപ്പുകളിൽ ഒരു മുജാഹിദ് സ്ഥാനാർത്ഥി ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ ടിക്കററിൽ മൽസരിക്കുന്നുണ്ടെങ്കിൽ അയാളെ ഒരു മുശ്‌രിക്കിന്ന് വോട്ടു കൊടുത്തിട്ടെങ്കിലും പരാജയപ്പെടുത്തണമെന്ന് അരിശംമൂത്ത മുസ്‌ലിയാക്കൾ ഫത്‌വ ഇറക്കി. ഇസ്‌ലാഹീ പ്രവർത്തകരുടെ നേരെ കയ്യാംകളിയുമായാണ് പിന്നെയവർ പ്രത്യക്ഷപ്പെട്ടത്. അപ്രകാരം ഇസ്‌ലാമിസ്ററു പാളയത്തിൽ നിന്നും പലതരം മുറുമുറുപ്പുകൾ ഉയർന്നു കേട്ടു.

പുളിക്കൽ സമ്മേളനം എന്തുകൊണ്ടും കേരള മുസ്‌ലിംകളെസ്സംബന്ധിച്ചിടത്തോളം പുത്തനായിരുന്നു. മുസ്‌ലിം ലോകത്തിൻെറ നാനാഭാഗത്തുനിന്നും എത്തിച്ചേർന്ന പണ്ഡിതൻമാരും, മൗലാനാ വഹീദുദ്ദീൻഖാനെപ്പോലെയുള്ള ബുദ്ധിശാലികളും ചിന്തകന്മാരുമടങ്ങിയ ശിരോമണികളും ഇത്രയധികം ഒത്തുചേർന്ന ഒരു സമ്മേളനം കേരളക്കരയിൽ ഇതാദ്യമായിരുന്നു. പ്രസ്തുത പണ്ഡിതൻമാരും മുജാഹിദ് സമ്മേളന ഭാരവാഹികളും സംയു

KERALA HERITAGE CENTER KALPAKANCHERY

ക്തമായിചേർന്ന പണ്ഡിത കോൺഫ്രൻസിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും കൂടി വായനക്കാരുടെ ഓർമ്മക്ക് വേണ്ടി ചേർത്തുകൊള്ളട്ടെ.

നിർദ്ദേശങ്ങൾ

(1) വിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുവാൻ എല്ലാ ഇസ്‌ലാമിക സംഘടനകളോടും സാംസ്കാരിക കേന്ദ്രങ്ങളോടും ആവശ്യപ്പെടുന്നു. കാരണം അല്ലാഹുവിന്റെ ഗ്രന്ഥത്തെ മുന്നിലൂടെയോ പിന്നിലൂടെയോ അസത്യം ബാധിക്കുകയില്ല. അത് അല്ലാഹുവിങ്കൽനിന്ന് അവതരിച്ചതാണ്. സഹീഹായ തിരുസുന്നത്താകട്ടെ അതിനെ തെളിയിച്ചു കാട്ടുകയും വിശദീകരിക്കുകയും ചെയ്യുന്നു.

(2) വിശുദ്ധ ഖുർആൻ മാത്രം സ്വീകരിച്ചാൽ മതിയെന്നും, തിരുസുന്നത്തിന്റെ ആവശ്യമില്ലെന്നുമുള്ള ഒരു ചിന്താഗതി ഇന്ന് ചിലർ പ്രചരിപ്പിച്ചു വരുന്നു. ഇവരെ എതിർത്തു തോൽപിക്കാൻ പരമാവധി പരിശ്രമിക്കേണ്ടതാണ്.

(3) നബി(സ)യുടെ ചരിത്രത്തിനും, ഇസ്‌ലാമിക ചരിത്രത്തിനും വേണ്ടത്ര പരിഗണന നൽകേണ്ടതാണ്.

(4) മുസ്‌ലിം യുവതീ യുവാക്കളെ ഇസ്‌ലാമിക ശിക്ഷണങ്ങൾക്കൊത്ത് ജീവിക്കാൻ പ്രേരിപ്പിക്കുകയും അതിന്ന വഴിയൊരുക്കി കൊടുക്കുകയും ചെയ്യേണ്ടതാണ്.

(5) പട്ടണങ്ങളിലും ഗ്രാമങ്ങളിലും പള്ളികൾ നിർമ്മിക്കുവാനും, അ

MESCO ASSOCIATES

BANK ROAD

CALICUT

AUTHORISED DEALERS:

FOR GOWRI BRAND STEEL FURNITURE

KERALA HERITAGE CENTER KALPAKANCHERY

വ പരിശുദ്ധമാക്കി വെക്കുവാനും മുസ്ലിം സ്ത്രീ പുരുഷന്മാരെ യഥാർത്ഥ ദീനിലേക്ക് കൊണ്ടുവരുന്നതിന്നാവശ്യമായ പ്രസംഗങ്ങളും സ്റ്റഡീ ക്ലാസ്സുകളും പള്ളികളിൽ ഇടക്കിടെ സംഘടിപ്പിക്കുവാനും ഇസ്ലാമിക സംഘടനകളെ പ്രേരിപ്പിക്കുക.

(6) യഥാർത്ഥ വിശ്വാസങ്ങളും ശരിയായ ഇസ്ലാമിക വിജ്ഞാനവും പ്രചരിപ്പിക്കുന്നതിന്ന് അറബിയിലും മററു പ്രാദേശിക ഭാഷകളിലും ഏതാനും ടേപ്പുകൾ സസൂക്ഷ്മം തയ്യാറാക്കുക.

(7) ആവശ്യമെന്ന് തോന്നുന്ന പട്ടണ ഗ്രാമപ്രദേശങ്ങളിലേക്ക് ഇസ്ലാമിക പ്രചരണത്തിന്നായി പ്രബോധകരെ നിയോഗിച്ചയക്കുന്നതിന്ന് രാജ്യത്തിന്നകത്തും പുറത്തുമുള്ള ഇസ്ലാമിക സംഘടനകളെ പ്രേരിപ്പിക്കുക.

(8) ഏററവും പൂർണ്ണമായ രൂപത്തിലും തത്വദീക്ഷയോടെയും ബോധപൂർവ്വം പ്രബോധനം നിർവ്വഹിക്കത്തക്കവിധം ഇസ്ലാമിക പ്രബോധകരെ തയ്യാറാക്കുക.

(9) തന്റെയും മററുള്ളവരുടെയും നിലപാടുകൾ വ്യക്തമായി ഗ്രഹിക്കത്തക്കവിധം, കഴിയുന്നത്ര മററു മതങ്ങളെയും ഇസ്ലാമിക ലോകത്തെ സംഭവ വികാസങ്ങളെയും വഴിപിഴച്ച സംഘടനകളെയും കുറിച്ച് പഠിക്കുവാൻ പ്രബോധകരെ പ്രേരിപ്പിക്കുക.

(10) ഇസ്ലാമിക ശിക്ഷണ രീതിക്കും ഇസ്ലാമിക പ്രബോധന മാർഗ്ഗങ്ങൾക്കും, വിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന യാഥാർത്ഥ വിശ്വാസത്തിന്നും പഠന വിഷയങ്ങളിൽ ആവശ്യമായ പരിഗണന നൽകാൻ കോളേജുകളുടെയും മററു സ്ഥാപനങ്ങളുടെയും തലവന്മാരെ പ്രേരിപ്പിക്കുക.

(11) ഇത്തരത്തിലുള്ള സലഫീ സംഘടനകളുടെ സംയുക്ത സമ്മേളനങ്ങൾ മൂമ്മൂന്ന് വർഷത്തിലൊരിക്കൽ ചേരുക.

(12) വർഷം മുഴുവനും ഇതിന്നുള്ള തയ്യാറെടുപ്പ് നടത്തുന്നതിന്നായി ഒരു പൊതു കാര്യാലയമേർപ്പെടുത്തുകയും കാര്യ നിർവ്വഹണത്തിന്നായി ഒരു പ്രത്യേക ഓഫീസ് തുറന്നു പ്രവർത്തിക്കുകയും ചെയ്യുക.

(13) ഇസ്ലാമിക ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുകയും വിവിധ ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ ശേഖരിക്കുകയും ചെയ്യുക.

(14) ഇന്നാട്ടിലുള്ള സലഫീ പാഠശാലകൾക്ക് പൊതു സിലബസ്സ് അംഗീകരിക്കുവാൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുക.

(15) സത്യപ്രചരണ രംഗത്ത് ആത്മാർത്ഥതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മററു സംഘടനകളിൽ നിന്ന് അനുഭവ പാഠങ്ങൾ ഉൾക്കൊള്ളുകയും അതിന്നായി സന്ദർശന പ്രതി സന്ദർശനങ്ങൾ നടത്തുകയും ചെയ്യുക.

(16) ഇസ്ലാമിക സമിതികളിൽ നിന്നും സംഘടനകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കുവേണ്ടി പരിശീലനക്കോഴ്സുകൾ ഏർപ്പെടുത്തുക.

(17) ഇസ്ലാമികമായ ഉൽബോധന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന

KERALA HERITAGE CENTER KALPAKANCHERY

തിന്നുവേണ്ടി പ്രാദേശിക പ്രക്ഷേപണ പരിപാടികളിൽ ഇസ്ലാമിക സംഘടനകൾ ഭാഗഭാക്കാകുക.

(18) രാഷ്ട്രാന്തരീയവും പ്രാദേശികവുമായ പത്രമാസികകളിൽ സാമ്പത്തികം, സാമൂഹികം തുടങ്ങിയ വിഷയങ്ങളിലും, ആനുകാലിക പ്രശ്നങ്ങളിലും ഇസ്ലാമിന്റെ യഥാർത്ഥ വിധികൾ വിവരിക്കുന്ന ലേഖനങ്ങൾ എഴുതുക.

(19) പള്ളികളിലേക്കായി ഇമാമുകളെയും ഖത്തീബുമാരെയും തയ്യാറാക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുക. കാരണം പള്ളികളിൽനിന്നും മിമ്പറുകളിൽനിന്നുമാണ് വിവിധ നാടുകളിലുള്ള ആബാലവൃദ്ധം ജനങ്ങൾക്കെല്ലാം ഒരുപോലെ ഉപകരിക്കത്തക്ക വിധം ഏററവും ശരിയായ ഇസ്ലാമിക ചിന്താ-പ്രവർത്തന സരണി രൂപം പ്രാപിക്കേണ്ടത്.

(20) ക്രിസ്തീയ മിഷ്യനറി പ്രവർത്തനങ്ങളുടെ അപകടങ്ങളെപ്പററി ബോധവാന്മാരാകുകയും ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുക. അപ്രകാരം മററു വിനാശകരമായ ചിന്താഗതികളെയും ശ്രദ്ധിക്കേണ്ടതാണ്. ലക്ഷ്യബോധത്തോടെയുള്ള നിർമ്മാണാത്മക പ്രവർത്തനങ്ങളിൽകൂടി അത്തരം ചിന്താഗതികളെല്ലാം എതിർത്തു തോൽപ്പിക്കാൻ ശ്രമിക്കുക.

(21) ഇസ്ലാമിന്റെ ശത്രുക്കൾ വിശുദ്ധ ഖുർആനും, തിരുസുന്നത്തും ദുർവ്യാഖ്യാനം ചെയ്യുന്നതു മൂലമുളവാകുന്ന വെല്ലുവിളിയെ യഥോചിതം നേരിടുക.

(22) ഖാദിയാനീ, ബഹാഈ എന്നീ അനിസ്ലാമിക സംഘടനകളുടെ പ്രവർത്തനങ്ങളെപ്പററി കരുതിയിരിക്കുവാൻ സമൂഹത്തെ ബോധവാൻമാരാക്കുക. കാരണം അവർ ഇസ്ലാമിന്റെ പേർ സ്വീകരിക്കുകയും അതിലൂടെ വിഷം കുത്തിച്ചെലുത്തുകയും ചെയ്യുകയാണ്.

(23) കേരളത്തിലുള്ള സലഫീ പള്ളികൾ മുഴുവനും ഒരു സമിതിക്കു കീഴിൽ കൊണ്ടുവരികയും അവയുടെ പ്രശ്നങ്ങൾ കയ്യാളുകയും ചെയ്യുന്നതിന്നുവേണ്ടി വേണ്ടതു ചെയ്യുക.

(24) ഫത്‌വ, പ്രബോധന കാര്യങ്ങൾ, ഉപകാരപ്രദമായ ഗ്രന്ഥങ്ങളുടെ രചന എന്നിവക്കായി പ്രത്യേക സമിതി രൂപീകരിക്കുക.

★

House of:

* Plywoods, Hardboard * Bus body Materials * Rexines, Canvas
* Tarpaulins, Linoleums * Sofa Springs, Rubber Goods * All Kinds of Adhesives

ABDULLA & SONS
328, Nawab Hakim Road
COIMBATORE - 641001

Gram : REXINE
Phone : 23741

KERALA HERITAGE CENTER KALPAKANCHERY

തുണയേകണേ!

—ചെറിയമുണ്ടം അബ്ദുർറസാഖ്—

ഇപ്രഭാതത്തെക്കനിഞ്ഞോനു-
മിമ്മട്ടു
ക്ഷിപ്രമെ; ശുസ്സ്ണച്ചോനും
ഇക്കാണുമുദ്സാഹ വീര്യം
പകർന്നണി
ദിക്കാകെ ചേർത്തുതന്നോനും
നീയാണു റബ്ബേ; നമിപ്പൂ ഞങ്ങൾ
സ്തുതി
നൂറായിരം നേർന്നുകൊണ്ടും
നാളെയെത്തൊട്ടു നിൻ കാവലി-
ന്നായിര-
വോതിക്കുനിഞ്ഞു വിരണ്ടും.

x x x x

വിണ്ണുമീ മണ്ണും തുടർന്ന
വിശുദ്ധമാം
കണ്ണികൾ കാറ്ററ്റ കാലം
പിന്നെയുമാലസ്യ വെണ്ണീർ
പൊടിയേറ്റു
ബന്ധം മരവിച്ച കോലം!
ആരായിടട്ടെ- വിളിച്ചുണർത്താൻ
വെമ്പി;
ആയവരോടൊത്തു മുമ്പെ

KERALA HERITAGE CENTER KALPAKANCHERY

ആഗമിച്ചോരിവർ ആസ്വാദി-
ച്ചീടട്ടെ
ഈ ഗതിമാററത്തെ റബ്ബേ!

x x x x

നിന്നെ മാത്രം നമിപ്പോരും
കൊതിപ്പോരും
നിൻദൂതരെ തുടർന്നോരും
നിന്നിലെല്ലാം തന്നുറപ്പിച്ചു
വിശ്വാസ
ശുദ്ധത കാത്തിടുന്നോരും
ഇല്ല, കരയിലിപ്പേർകളല്ലാ-
താരു-
മില്ല നീയല്ലാതവർക്കും
ആയവരെക്കനിഞ്ഞീട!
കാത്തീട! നീ
ആയവർക്കേകെ തുണയും!

—★—

With best compliments from,

V. P. MOHAMMED

Robinson Road

CALICUT

KERALA HERITAGE CENTER
KALPAKANCHERY

-ഇ. മൊയ്തു മൗലവി-

ഇസ്ലാഹീ പ്രസ്ഥാനം പുത്തൻ ആശയമല്ല

[1921നു ശേഷം ഉടലെടുത്ത ഒരു പുത്തൻ പ്രസ്ഥാനം എന്നാണ് ഇസ്ലാഹീ പ്രസ്ഥാനത്തെപ്പററി ഒരു വിഭാഗത്തിൻെറ ആക്ഷേപം. എന്നാൽ വളരെ പഴക്കമുള്ളതും ഇന്ന് അങ്ങിനെ ആക്ഷേപിക്കുന്നവർക്കു എത്രയോ മുൻപുള്ള തലയെടുപ്പുള്ള മുസ്ല്യാക്കൻമാർ പോലും ഉൾക്കൊണ്ടിരുന്നതുമായ ഒരു പ്രസ്ഥാനമാണ് യഥാർത്ഥത്തിൽ ഇസ്ലാഹീ പ്രസ്ഥാനം. ഈ വസ്തുത പഴയ തലമുറയോട് ബന്ധപ്പെട്ട വന്ദ്യവയോധികനായ– എന്നാൽ ഓർമ്മ ശക്തിയിലും ചരിത്ര പാണ്ഡിത്യത്തിലും മികച്ചുനിൽക്കുന്ന ഒരു നേതാവിൻെറ കാഴ്ചപ്പാടിലൂടെ തെളിയിക്കപ്പെടുന്നു.]

ഇസ്ലാഹീ പ്രസ്ഥാനം ഈ അടുത്ത കാലത്തായി വളർന്നുവന്ന ഒരു പുത്തൻ ആശയമാണെന്ന് ധരിച്ചവരും ധരിപ്പിക്കുന്നവരുമുണ്ട്. അത് ശരിയല്ല ഇന്നത്തെപ്പോലെ സംഘടിതമായ നിലയിലല്ലെങ്കിലും ഒററപ്പെട്ട മുജാഹിദുകൾ കേരളത്തിൻെറ നാനാഭാഗങ്ങളിലും അതിന്ന് പുറത്തുമായും ഉണ്ടായിരുന്നു. അന്ധവിശ്വാസത്തിന്നും, അനാചാരത്തിന്നും, മതത്തിൻെറ അംഗീകാരമില്ലാത്ത പുതുതായ അനുഷ്ഠാന കർമ്മങ്ങൾക്കും എതിരായി ശക്തമായ നിലയിൽ പോരാടിയിരുന്ന ഇസ്ലാഹീ പ്രവർത്തകരായിരുന്നു അവർ. എൻെറ അറിവിലുള്ള ബന്ധപ്പെട്ട ചില വ്യക്തികളെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്താം. ഒരു പക്ഷെ ഇന്നത്തെ തലമുറ അവരെപ്പററി കേട്ടുകേൾവിപോലും ഇല്ലാത്തവരായി എന്നു വന്നേക്കാം.

ബേങ്കളൂർ സ്വദേശിയായ ഒരു മൌലവി അബ്ദുൽ കരീം കൊച്ചിയിലും, മട്ടാഞ്ചേരിയിലും തൻെറ പ്രവർത്തനം ശക്തിപ്പെടുത്തിയിരുന്നു. അക്കാലത്ത് അവിടെയുണ്ടായിരുന്ന ഒരു വാണിക്കും, ധർമ്മിഷ്ഠനുമായ അബ്ദുല്ലാ സേട്ടു- മൌലവി കരീമിൻെറ ശിഷ്യത്വം സ്വീകരിക്കുകയും അദ്ദേഹത്തോടൊപ്പം ഇസ്ലാഹീ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്യുകയുണ്ടായി. അതോടൊപ്പം അവിടെയുണ്ടായിരുന്ന കച്ച് മേമൻ സമുദായത്തിൽപെട്ട കുറെ കച്ചവടക്കാരും, ഏതാനും ശാഫീ മദ്ഹബുകാരായ മലബാർ മുസ്ലിംകളും ഇസ്ലാഹീ പ്രസ്ഥാനത്തിൻെറ വളർച്ച

KERALA HERITAGE CENTER KALPAKANCHERY

ക്കായി മുതിരുകയും ചെയ്തു കൊച്ചി മട്ടാഞ്ചേരിയിലെ മാത്രമല്ല മലബാറിൻെറ അകത്തും പുറത്തുമുള്ളതുമായ ശക്തിയായ എതിർപ്പുകൾ അവർ സഹിക്കേണ്ടി വന്നിരുന്നു. എന്തിനേറെ മതഭ്രഷ്ട്പോലും അവർക്ക് കൽപിക്കപ്പെട്ടിരുന്നു. അന്നത്തെ പുരോഹിതന്മാരിൽപ്പെട്ട ചിലരായിരുന്നു അതിൻെറ പിന്നിലെ ശക്തികൾ. ഭ്രഷ്ടിന്നിരയായവർക്ക് പ്രാർത്ഥനക്കായി സ്വന്തമായി പള്ളിപോലും നിർമ്മിക്കേണ്ടതായി വന്നു. അങ്ങിനെ നിർമ്മിച്ച പുതിയ ജുമുഅ മസ്ജിദാണ് ഇന്ന് അറിയപ്പെടുന്ന മട്ടാഞ്ചേരി കൊച്ചിയിലെ ''പുതിയ പള്ളി''. ആ പള്ളിയിൽ പ്രാർത്ഥനക്കായി 'മുസ്ലിം'കളല്ലാതെ മററാരും ഏറെക്കാലം പ്രവേശിക്കാറുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോഴാസ്ഥിതിക്ക് സാരമായ മാററം സംഭവിച്ചിട്ടുണ്ട്. കൊച്ചിയിലെ ''വഹാബി പള്ളി''യെന്നുപോലും നാമകരണം ചെയ്യാൻ ആ പള്ളിയുടെ എതിരാളികൾ മുതിർന്നിരുന്നു. ഇപ്പോൾ ആ പേരുമില്ല. അതിനെ ആരും വർജ്ജിക്കുന്നുമില്ല. ഇസ്ലാഹീ പ്രസ്ഥാനത്തിന് കൊച്ചിയിൽ ധാരാളം പ്രചാരമുണ്ടായിരുന്നതായി കാണാം.

സുലൈമാൻ മൌലവി— ഇദ്ദേഹം കച്ച്മേമൻ സമുദായത്തിൽപെട്ട ഒരു വ്യക്തിയാണ് വളരെയധികം എതിർപ്പുകൾ നേരിട്ടിട്ടുണ്ടെങ്കിലും അടിപതറാതെ ഉറച്ചുനിന്നു. ആലപ്പുഴയിലും അദ്ദേഹത്തിന്ന് ഒട്ടേറെ അനുയായികൾ ഉണ്ടായിരുന്നു.

വക്കം അബ്ദുൽഖാദർ മൌലവി— സ്വദേശാഭിമാനി പത്രത്തിൻെറയും പ്രസ്സിൻെറയും സ്ഥാപകനായിരുന്ന അദ്ദേഹം പഴക്കം ചെന്ന മുസ്ലിഹും മുജാഹിദുമാണ്. വാചാ പ്രസംഗത്തിൽ വൈദഗ്ദ്യം കുറയുമെങ്കിലും പേരെടുത്ത എഴുത്തുകാരനായിരുന്നു. പല ഭാഷകളും അദ്ദേഹത്തിന്നറിയാമായിരുന്നു. അറബി മലയാളലിപി പരിഷ്കരിക്കുകയും അതിൽ എണ്ണപ്പെട്ട ചില ഗ്രന്ഥങ്ങൾ എഴുതുകയു, 'അൽ ഇസ്ലാം' എന്ന പേരിൽ ഒരറബി മലയാളം മാസിക കുറെകാലം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 'മുസ്ലിം' എന്ന മലയാള ഭാഷയിൽ നടത്തപ്പെട്ട പത്രത്തിൻെറ സ്ഥാപകനും അദ്ദേഹം തന്നെയായിരുന്നു. സ്വന്തം നാട്ടിൽ അനുയായികൾ ആദ്യകാലത്ത് കുറവായിരുന്നുവെങ്കിലും ആലപ്പുഴ മുതലായ പട്ടണങ്ങളിൽ അദ്ദേഹത്തിൻെറ ആദർശങ്ങളോട് യോജിച്ചിരുന്ന ഒട്ടനവധി പേർ അക്കാലത്ത് തന്നെയുണ്ടായിരുന്നു.

Zubaida Fancy Stores

CLOTH MERCHANTS

417, M. T. P. Road

COIMBATORE-2

PHONE NO: SHOP : 27394
RESI : 22594

KERALA HERITAGE CENTER KALPAKANCHERY

ഐദ്രു മുസ്ല്യാർ— ഇദ്ദേഹം ആലുവാ ഉണ്ണിക്കരയിലാണ് താമസിച്ചിരുന്നത്. പൊന്നാനിയിൽ നിന്നാണ് മതവിദ്യാഭ്യാസം സിദ്ധിച്ചത്. ബുദ്ധിമാനും ധീരനുമായിരുന്നു ആരെയും വകവെക്കുകയില്ല. ദരിദ്രനല്ലാത്തതുകൊണ്ട് ജീവിതത്തിന്ന് അന്യൻമാരെ ആശ്രയിക്കേണ്ടി വന്നിട്ടില്ല. നന്നെ ചെറുപ്പത്തിലാണ് ഞാൻ അദ്ദേഹത്തെ കണ്ടിരുന്നത്. എൻെറ പിതാവോടൊപ്പം ഞാൻ അദ്ദേഹത്തിൻെറ വീട്ടിൽ പോയിരുന്നു. എൻെറ പിതാവാകട്ടെ ഐദ്രു മുസ്ല്യാരുടെ ശിഷ്യനുമായിരുന്നു. അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അദ്ദേഹം ശക്തിയായി എതിർത്തിരുന്നത് ഒരു പുതിയ സമ്പ്രദായത്തിലൂടെയായിരുന്നു.

എനി നമുക്ക് മലബാറിലേക്ക് പ്രവേശിക്കാം. മലബാറിൻെറ നാനാഭാഗങ്ങളിലും ഇത്ര പുരോഗമനാശയക്കാർ ഉണ്ടായിരുന്നു. എന്നാൽ അധികം പേർക്കും അവരെപ്പററി വിവരമില്ല. അക്കൂട്ടത്തിൽ ഉള്ള ഒരു മഹാപണ്ഡിതനാണ് പാങ്ങ്കാരക്കാട് സ്വദേശിയായ കുഞ്ഞിപോക്കു മുസ്ല്യാർ— അദ്ദേഹം പരസ്യമായിതന്നെ മാലമൌലൂദുകളും മററും പാടുന്നതിനെ എതിർത്തിരുന്നു. മാത്രമല്ല, അതിൽ വെറുപ്പ് പ്രകടിപ്പിക്കുകയും സന്ദർഭോചിതം ചൂടുള്ള പരിഹാസം തൊടുത്തുവിടുകയും ചെയ്തിരുന്നു.

ചാലിലകത്ത് ആലി ഹസ്സൻ മുസ്ല്യാർ— കുഞ്ഞിപോക്കു മുസ്ല്യാരെപ്പോലെ മഹാപണ്ഡിതനായിരുന്നു. ഒരു വലിയ ദർസു നടത്തിയിരുന്ന അദ്ദേഹത്തിന്ന് ഒട്ടേറെ ശിഷ്യന്മാരെ ശരിയായ രൂപത്തിൽ പാകപ്പെടുത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനാൽ അക്കാലത്തെ മുസ്ല്യാക്കന്മാരുടെ എതിർപ്പ് ശക്തമായി അനുഭവപ്പെട്ടെങ്കിലും അതൊന്നും വകവെക്കുന്ന കൂട്ടത്തിലായിരുന്നില്ല ആലി ഹസ്സൻ മുസ്ല്യാർ. തൻെറ ആദർശം കോട്ടംകൂടാതെ പ്രകടമാക്കാൻ അദ്ദേഹം മുന്നോട്ടുതന്നെ നീങ്ങികൊണ്ടിരുന്നു. ശിഷ്യഗണത്തിൽ സ്നേഹമുള്ള ഒട്ടേറെ യുവവൃന്ദത്തെ വാർത്തെടുക്കാൻ അദ്ദേഹത്തിന്ന് കഴിഞ്ഞിട്ടുണ്ട്. ചാക്കേരി മൊയ്തീൻകുട്ടിക്കാക്കയെപോലെയുള്ള പല... സമ്പന്നന്മാരും ആലസ്സൻ മുസ്ല്യാരുടെ ശിഷ്യത്വം സ്വീകരിച്ചു. അവരുടെ സഹായത്തോടെ ആലി ഹസ്സൻ മുസ്ല്യാർ പല ഗ്രന്ഥങ്ങളും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

കല്ലട്ടി അയമുട്ടിക്കാക്ക. അരീക്കോട്— ഇദ്ദേഹം നല്ലൊരു ആദർശപുരുഷനായിരുന്നു. മാനസികമായി ദുർബലതയുള്ളവരെയും, ചിന്തിക്കാനും, ഗ്രഹിക്കാനും ശക്തിയില്ലാത്തവരെയും ആകർഷിക്കാൻ കെണിവെച്ച് നടക്കുന്നവരാണ് തൻെറ ചുററുമുള്ളവരെന്നും, അവരിൽനിന്ന് രക്ഷനേടാൻ തികച്ചും ഇസ്ലാമിക മാതൃക അവലംബിക്കണമെന്നും ഉറക്കെ പറയുന്ന ആ മനുഷ്യൻ ചുററുപാടുകൾക്ക് ഒരു മാതൃകയായിരുന്നു.

കല്ലുവളപ്പിൽ കുഞ്ഞാലൻ കുട്ടി— കോക്കൂര്. പേരെടുത്ത ധനികനും ധർമ്മിഷ്ഠനുമായ ഇദ്ദേഹം മുസ്ല്യാന്മാരുടെ ശക്തിയായ എതിർപ്പിന്ന് വിധേയനായിട്ടുണ്ട്. പണക്കാരനായതുകൊണ്ട് ശത്രുക്കളുടെ എതിർപ്പ് ഒളിഞ്ഞും, പാളിയുമായിരുന്നു. അതിനാൽ അതുകൊണ്ടുള്ള ഉപദ്രവം ഏൽക്കേണ്ടതായി കുഞ്ഞാലൻ കുട്ടിക്ക് ഇടയായില്ല.

KERALA HERITAGE CENTER KALPAKANCHERY

Telegram : WISROD

Telephone:
31916 (PMBX)
31619 (Office)
38619 (Office)
33895 (Office)
34199 (Resi)

METALEX AGENCIES

DEALERS IN IRON & STEEL

XXXIX / 1075, Kaloor Cross Road

ERNAKULAM, COCHIN - 18

Branch Office: 10/179, M. P. Road, CALICUT-1

Phone : Office : 72298 Residence : 73380

KERALA
HERITAGE
CENTER
KALPAKANCHERY

ഏന്തീൻകുട്ടി മുസ്ല്യാർ, പെരുമ്പടപ്പ്— ഇദ്ദേഹത്തെ ''കാഫർ ഏന്തീൻ'' എന്നായിരുന്നു അന്നത്തെ ചില മുസ്ല്യാക്കൻമാർ ഉൾപ്പെടെ പലരും പറഞ്ഞിരുന്നത്. വൈദ്യചികിൽസയിൽ പാണ്ഡിത്യമുള്ളതുകൊണ്ട് ജീവിതമാർഗ്ഗം തടസ്സപ്പെടുത്താൻ ശത്രുക്കൾക്ക് സാധിച്ചിരുന്നില്ല. ഉറുക്ക്, മന്ത്രം, ജപം സുഖക്കേടിന്ന് പരിഹാരമല്ലെന്നും യഥാർത്ഥത്തിലുള്ള ചികിൽസാ വിധികളേ അതിന്ന് പരിഹാരമുള്ളൂവെന്നും ഏന്തീൻകുട്ടി മുസ്ല്യാർ തുറന്നടിച്ചിരുന്നു.

ഏനിക്കുട്ടി മുസ്ല്യാർ, ഞവണക്കാട് സ്വദേശിയായ ഇദ്ദേഹം നല്ല ഒരു കവികൂടിയായിരുന്നു. ഭാഷാ സംബന്ധമായി നല്ല പാണ്ഡിത്യമുണ്ടായിരുന്നു. ആദർശങ്ങൾ തുറന്നു പറയുന്നതിൽ യാതൊരു മടിയും ഉണ്ടായിരുന്നില്ല.

മലയൻ കുളത്തറയിൽ മരക്കാർ മുസ്ല്യാർ— ധാരാളം കല്ല്യാണപ്പാട്ടുകളും കിസ്സപാട്ടുകളും മററും രചിച്ചിട്ടുണ്ട്. അറബി ഭാഷയിലും ചില ചരിത്ര ഗ്രന്ഥങ്ങൾ എഴുതി. അദ്ദേഹത്തിൻെറ ഒടുവിലത്തെ കൃതിയാണ് 'ദുരാചാര മർദ്ദനം' എന്ന പാട്ട്. അത് അച്ചടിച്ചു വിതരണം ചെയ്തത് മുസ്ലിം ഐക്യ സംഘക്കാരാണ്.

തിരുവിതാംകൂറിലെ 'ഉലമാക്കളെ' പ്പററി പറഞ്ഞകൂട്ടത്തിൽ ഹമദാനി ശൈഖിൻെറ പേർ പറയാൻ വിട്ടുപോയി. അരൂകുററി_വടുതല സ്വദേശിയായ അദ്ദേഹം നല്ല മതപണ്ഡിതനും സമുദായ സ്നേഹിയും മുസ്ലിം സമുദായത്തിൻെറ ഉന്നമനത്തിന്നായി ധാരാളം പ്രവൃത്തിച്ച വ്യക്തിയുമായിരുന്നു.

അറക്കൽ മുഹമ്മദ് സാഹിബ്—എടവണ്ണ സ്വദേശിയായ ഇദ്ദേഹം ചെറുപ്പം മുതൽക്കെ പുരോഗമന ആദർശങ്ങൾ ഉൾക്കൊണ്ടിരുന്ന വ്യക്തിയായിരുന്നു. കാഴ്ചയിൽ ഒരു 'ഏറനാടൻകാക്ക'യെന്ന് തോന്നാമെങ്കിലും പേരെടുത്ത മത പണ്ഡിതനാണ്. ഈജിപ്തിൽനിന്നു പുറപ്പെട്ടിരുന്ന 'അൽമനാർ' മാസികയിലൂടെയാണ് അദ്ദേഹം ഒരുറച്ച 'മുസ്ലിഹ്'' ആയിത്തീർന്നത്. തൻെറ സ്വദേശമായ എടവണ്ണയിലും പരിസര പ്രദേശങ്ങളിലും അദ്ദേഹത്തിന്ന് ധാരാളം അനുകൂലികളെ സൃഷ്ടിക്കാൻ സാധിച്ചു.

സി. സെയ്താലിക്കുട്ടിമാസ്ററർ. തിരൂർ സ്വദേശിയായ ഇദ്ദേഹം അറക്കൽ മുഹമ്മദ് സാഹിബിൻെറ ഉററസ്നേഹിതനും സഹപ്രവർത്തകനുമായിരുന്നു. അതേപോലെ എടവണ്ണയിലെ സമ്പന്നനായ പി. വി. മുഹമ്മദ്ഹാജി മുതലായവരും സെയ്താലിക്കുട്ടി മാസ്റ്ററോടൊപ്പം മുഹമ്മദ്കാക്കയുടെ അനുയായികളിൽ മുമ്പൻമാരായിരുന്നു,

പി. അബ്ദുൽഖാദർ മൌലവി_കണ്ണൂർ സ്വദേശിയായ ഇദ്ദേഹം വക്കം മൌലവിയുടെ പ്രധാന ശിഷ്യൻമാരിൽ ഒരാളായിരുന്നു_അത്തൌഹീദ് ഗ്രന്ഥ കർത്താവ്—കേരളത്തിൽ മാത്രമല്ല എങ്ങും കോളിളക്കം സൃഷ്ടിച്ച ഒരു വിലപ്പെട്ട ഗ്രന്ഥമാണ് 'അത്തൌഹീദ്'. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ലെന്ന് അടിയുറച്ച് വിശ്വസിക്കുകയും അത് ഇസ്ലാമിൻെറ മൂല പ്രമാണമായി അംഗീകരിക്കുകയും ബഹുദൈവവിശ്വാസം അതിഗൌരവമായ കുററമാണെന്നു കരുതുകയും ചെയ്യുന്ന മുസ്ലിംകളിൽപെട്ടവർ തന്നെ അ

KERALA HERITAGE CENTER KALPAKANCHERY

റിഞ്ഞോ, അറിയാതെയോ അല്ലാഹുവ ല്ല ത്തവർക്ക് അതായത് മഹാത്മാക്കൾ ക്കും, ഔലിയാക്കൻമാർക്കും മററും ദി വ്യത്വം കൽപിക്കുകയും, അവരോട് നേരിട്ടോ, അവരെ ഇടയാളൻമാരാക്കി യോ പ്രാർത്ഥിക്കുന്ന സ്വഭാവം കണ്ടു വന്നിരുന്നു. ഇത് തികച്ചും അനി സ്ലാമികവും ശിർക്കുമാണെന്ന് ഖുർ ആൻെറയും ഹദീസിൻെറയും പിൻബല ത്തോടെ തെളിവ് നൽകുന്ന ഒരുത്തമ ഗ്രന്ഥമാണ് 'അത്തൗഹീദ്'.

കുഞ്ഞിബാവ വൈദ്യർ—കല്ലായി. പൊന്നാനി സ്വദേശിയായിരുന്നു ഇദ്ദേ ഹം. കോഴിക്കോട് കല്ലായിയിൽ താ മസം. ഒന്നാംകിട ആര്യവൈദ്യൻ—കവി കൂടിയായിരുന്നു. ആരുടെ മുമ്പിൽ വെച്ചും തൻെറ അറിവും ആദർശവും തുറന്നു പറയാൻ മടിച്ചിരുന്നില്ല. വാദി ച്ചു വിജയിക്കാൻ ആർക്കും അദ്ദേഹ ത്തോട് കഴിയുമായിരുന്നില്ല. കടുത്ത യാഥാസ്ഥിതികൻമാർക്ക്പോലും വൈ ദ്യരെ ഭയമായിരുന്നു. പുരോഗമനപ രമായ ആദർശങ്ങളെ പ്രചരിപ്പിക്കുന്ന തിൽ വൈദ്യർ എപ്പോഴും ഔൽസുക്യം പ്രകടിപ്പിക്കാറുണ്ട്. കെട്ടുപിണഞ്ഞ മതപ്രശ്നങ്ങളുമായി വൈദ്യരെ സമീ പിക്കുന്നവർ ലളിതമായും, ഒററവാക്കി ലൂടെയും വൈദ്യരിൽനിന്ന് കിട്ടുന്ന മറുപടിയിൽ സംതൃപ്തരായിട്ടേ മട ങ്ങാറുള്ളൂ.

ഓടായപ്പുറത്ത് വലിയചേക്കുട്ടി. ഇദ്ദേഹം ഒരു രാഷ്ട്രീയ പ്രവർത്തക നായി മുൻപന്തിയിലുണ്ടായിരുന്ന വ്യ ക്തിയാണ്. അതോടൊപ്പം സാമൂഹ്യ പ്രവർത്തനവും ഇസ്ലാമിക നവോ ത്ഥാന പ്രവർത്തനവും മുറക്ക് നടത്തി യിരുന്നു. വളരെക്കാലം ഒളിവിൽ താ മസച്ചിട്ടുണ്ട്. 1921ലെ കലാപകാല ത്ത് ചേക്കുട്ടിയും അനുയായികളും കോട്ടക്കൽ കോവിലകത്തിന്ന് കാവൽ നിന്നിരുന്നു. ബ്രിട്ടീഷ് പട്ടാളം വന്ന ഉടനെ അവർ അറസ്ററ് ചെയ്യപ്പെട്ടു. നീണ്ടകാലം ജയിൽശിക്ഷ അനുഭവിച്ച ശേഷം മടങ്ങിവന്നു പൊതുരംഗത്ത് പ്രവേശിച്ചു രാഷ്ട്രീയപ്രവർത്തന വും, ഇസ്ലാഹീ പ്രവർത്തനവും ഒന്നി ച്ചു നടത്തി 1942ൽ വീണ്ടും ഒളിവിൽ കഴിയേണ്ടതായി വന്നു. മടങ്ങിവന്നതി ന്ന് ശേഷം തികഞ്ഞ ഇസ്ലാഹീ പ്ര വർത്തകനായി അതിൽ വ്യാപൃതനാവു കയും ചെയ്തു.

കട്ടിലശ്ശേരി മുഹമ്മദ് മൌലവി. മഹാപണ്ഡിതനും, ഭക്തനും ദിവ്യ

With Best Compliments From:

SAKTHI FOOT WEAR

831-A. BIG BAZAR ST.

COIMBATORE

KERALA HERITAGE CENTER KALPAKANCHERY

നായി ജനങ്ങളാൽ ആദരിക്കപ്പെട്ടിരുന്ന ആളുമായ കരിഞ്ചാപ്പാടി ആലി മുസ്ല്യാർ–തങ്ങളുപ്പാപ്പയുടെ പുത്രനാണ് ഇദ്ദേഹം. വെല്ലൂർ ബാഖിയാത്തുസ്സാലിഹാത്തിലാണ് കട്ടിലശ്ശേരി പഠനം നടത്തിയിരുന്നത്. കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ മലബാറിൽ ശക്തിപ്പെടുന്നതിന്റെ മുമ്പ് കുടിയാൻമാരുടെ മോചനത്തിന്നായി പ്രവർത്തിച്ചിരുന്ന വ്യക്തിയായിരുന്നു. ഒറ്റപ്പാലം രാഷ്ട്രീയ സമ്മേളനത്തിന്റെ ഉത്തരവാദിത്വം മിക്കവാറും അദ്ദേഹത്തിലായിരുന്നു. 21ലെ കലാപം ആരംഭിച്ചപ്പോൾ വള്ളുവനാട്ടിലേക്ക് അത് വ്യാപിക്കാതിരിക്കാൻ അദ്ദേഹം വളരെയധികം പണിപ്പെടുകയുണ്ടായി. ജനങ്ങളുടെ അജ്ഞതയിൽനിന്ന് മുതലെടുക്കാൻ ശ്രമിക്കുന്നവരുടെ പിടിയിൽ നിന്ന് പൊതുജനങ്ങളെ മോചിപ്പിക്കാൻ ശ്രമിച്ച ആ ദേശീയബോധമുള്ള വ്യക്തിക്ക് ഗത്യന്തരമില്ലാത്ത അവസ്ഥയിൽ മലബാർ വിട്ട് മറെറവിടേക്കെങ്കിലും ഒളിഞ്ഞുമാറി താമസിക്കേണ്ടതായി വന്നു. അദ്ദേഹം മദിരാശിയിലേക്ക് അറിയാതെ പുറപ്പെട്ടു. ബാഖിയാത്തുസ്സാലിഹാത്തിൽ ചെന്നു കൂടി. അവിടെയുണ്ടെന്ന വിവരം മണത്തറിഞ്ഞ പോലീസ് സൂപ്രണ്ട് ബാക്കിയാത്തുസ്സാലിഹാത്തിൽ എത്തി. ഒരു സ്നേഹിതൻ എന്ന നിലയിൽ മൌലവിയെ കാണാൻ വന്നതാണെന്ന സൂത്രത്തിൽ അദ്ദേഹത്തെ സമീപിച്ചു. പോലീസ് സൂപ്രണ്ട് മൌലവിയുടെ കൈക്ക് പിടിച്ചു. മൌലവിയാകട്ടെ സൂപ്രണ്ടിന്ന് ഊക്കേറിയ ഒരു തട്ട്കൊടുത്തു. സൂപ്രണ്ട് പിടുത്തംവിട്ടു തെറിച്ചുപോയി. ഉടനെ സൂത്രത്തിൽ ഒരു കാറിൽ കയറി മൌലവി ഫ്രഞ്ച് പ്രദേശത്തേക്ക്പോയി. വളരെകാലം കാരക്കലും ഫ്രഞ്ച് മാഹിയിലും ഒടുവിൽ എറണാകുളത്തുമായി കഴിഞ്ഞുകൂടി. പിടികിട്ടിയിരുന്നില്ല. പരേതനായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബാണ് പിന്നീട് അദ്ദേഹത്തിന്റെ വ്യക്തമായ മോചനത്തിന്ന് പരിശ്രമം ചെയ്തത്. അങ്ങിനെ അദ്ദേഹം സ്വതന്ത്രമായ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തു. മരണംവരെ അദ്ദേഹം ഒരു കോൺഗ്രസ്സുകാരനായിരുന്നു. അനാചാരങ്ങളേയും, അന്ധവിശ്വാസങ്ങളേയും എതിർക്കുന്നതിൽ അദ്ദേഹം എല്ലാവരുടെയും മുൻപന്തിയിലുണ്ടായിരുന്നു.

എൻ. എ മുഹമ്മദ് കുഞ്ഞി– ആലപ്പുഴ, ഉമ്മർകുട്ടി വൈദ്യർ–പാലക്കാട്, പരപ്പനമ്പിൽ കുഞ്ഞിപോക്കർ കുട്ടി–കൊടുങ്ങല്ലൂർ, മണപ്പാട് കുഞ്ഞിമുഹമ്മദ് ഹാജി, എടത്തോള കുഞ്ഞാലി എന്നിവർ ആദ്യകാല ഇസ്ലാഹീ പ്രവർത്തകരായിരുന്നു.

ബെൽജിയം മൊയ്തീൻകോയ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കെ. എം. മൊയ്തീൻകോയ, കരിമാടത്ത് മുഹമ്മദ് ഹാജി, ചേക്കുമൊല്ല ഇവരൊക്കെ കോഴിക്കോട്ടെ ആദ്യകാല ഇസ്ലാഹീ പ്രവർത്തകരാണ്.

ചാവക്കാട് പാടൂര് കോയക്കുട്ടി തങ്ങൾ:– ഇദ്ദേഹം ഇസ്ലാമിക വിഷയങ്ങളിൽ ഉന്നത നിലവാരത്തിൽ എത്തിയ ഒരു മഹാ ആലിമായിരുന്നു. മുസ്ലിം സമൂഹത്തിൽ കടന്നുകൂടിയ അന്ധവിശ്വാസങ്ങളേയും ശിർക്ക്പരമായ വിശ്വാസാചാരങ്ങളേയും അദ്ദേഹം നിശിതമായി ഖണ്ഡിച്ചു. അദ്ദേഹം രചിച്ച വൈതുല്യമെന്ന ഗ്രന്ഥം ഇതിന്ന് സാക്ഷ്യം വഹിക്കുന്നു.

KERALA HERITAGE CENTER KALPAKANCHERY

മായിൻകുട്ടി എളയ. കണ്ണൂർ അറക്കൽ കുടുംബത്തിലെ ബീവിമാരെ കല്യാണം കഴിക്കുന്നവരെ 'എളയ'മാർ എന്നാണ് പറയുക. മായിൻകുട്ടി എളയ ഒരു സമ്പന്ന കുടുംബത്തിലെ അംഗവും പണ്ഡിതനുമായിരുന്നു. അറബി മലയാള ലിപിയിൽ ഒന്നാമതായി പരിശുദ്ധ ഖുർആന്ന് ഒരു പരിഭാഷ എഴുതിയത് അദ്ദേഹമാണ്. അതിന്ന് മുമ്പ് അതിന്നാർക്കും ധൈര്യം വന്നില്ല. ഖുർആൻ അറബിയല്ലാത്ത ഭാഷയിൽ തർജ്ജമ ചെയ്യുന്നത് വൻദോഷമാണെന്ന് ജനങ്ങൾ ധരിച്ചിരുന്നു. അക്കാലത്തെ ഉലമാക്കൾ ആയിരുന്നു ആ ധാരണ പ്രചരിപ്പിച്ചിരുന്നത്. അങ്ങിനെയുള്ള ഒരു വിഷമഘട്ടത്തിലാണ് മായിൻകുട്ടി എളയ ഈ സാഹസത്തിന്ന് മുതിർന്നത്. ഇന്ത്യയിൽ ആദ്യമായി പരിശുദ്ധ ഖുർആന്ന് ഒരു തർജ്ജമ എഴുതാൻ രണ്ടും കൽപിച്ചു പുറപ്പെട്ടത് ഷാഹ് വലിയ്യുല്ലാ ദഹ്‌ലവിയായിരുന്നു എന്നത് ഈ അവസരത്തിൽ സ്മരണീയമാണ്. പാർസീ ഭാഷയിൽ എഴുതിയ ഭാഗം പുറത്തുവന്നപ്പോൾ വലിയ കോലാഹലമുണ്ടായി. അദ്ദേഹത്തിന്ന് മതഭ്രഷ്ട് പോലും കൽപിക്കപ്പെടുകയും, കൊന്നുകളയാനുള്ള പരിശ്രമം നടക്കുകയും ചെയ്തു. ഇന്നപ്പോൾ നാനാ ഭാഷകളിലും ഖുർആൻ തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന്നുള്ള തുടക്കം കുറിച്ചത് ഹസ്രത്ത് ശാഹ് വലിയ്യുല്ലായും ഇവിടെ മായിൻകുട്ടി എളയയുമാണെന്നുള്ളത് നാം പ്രത്യേകം ശ്രദ്ധിക്കണം. വളരെ അൽഭുതമെന്ന് പറയട്ടെ ഉയർന്ന പണ്ഡിതൻമാരെന്നും ആലിമുകളെന്നും ഉള്ള ഒരു വിഭാഗം ഉലമാക്കൾ ഖുർആൻ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നത് ഹറാമാണെന്ന് ഇ

With best compliments from:

Phone : Office : 30973
Show Room : 32188

KEPEI GARMENTS

**READY MADE MANUFACTURERS
&
WHOLESALE DEALERS**

123 NALLAMARAJA LANE

OPPANAKARA STREET
COIMBATORE - 641 001

PHONE : OFFICE : 32183
RESIDENCE : 30973

DESIGN CENTRE

READY MADE SHOP

157 Big Bazar Street
COIMBATORE - 641 001

KERALA HERITAGE CENTER
KALPAKANCHERY

പ്പോഴും ഉറക്കെ പറയുന്നതും എഴുതുന്നതുമായ അനുഭവമുണ്ട്.

മൌലവി അബ്ദുല്ലഹാജി:– കാസർകോട്ട് സ്വദേശിയായ അബ്ദുല്ലഹാജി ഒരുന്നത പണ്ഡിതനായിരുന്നു. 'കിബ്‌ലാ' പ്രശ്നകാലത്തു ഞാൻ അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. ശാന്തനും സൽസ്വഭാവിയും എന്നാൽ ധീരനും സത്യം തുറന്നു പറയുന്നതിൽ ലവലേശം മടിക്കാത്ത ഒരു മഹൽ വ്യക്തിയുമായിരുന്നു. കിബ്‌ലാ പ്രശ്നത്തിൽ അദ്ദേഹം മൗലവി കുഞ്ഞഹമ്മദ് സാഹിബിൻെറ അനുകൂലിയായിരുന്നു. കുഞ്ഞഹമ്മദ് ഹാജിയെ അനുകൂലിച്ചുകൊണ്ട് അബ്ദുള്ളാ ഹാജി ഒരു നീണ്ട ഫത്ത്‌വ എഴുതി–മംഗലാപുരം ജുമുഅ മസ്ജിദിലെ (ഖാസി) സ്ഥാനം അദ്ദേഹം പുല്ലുപോലെ വലിച്ചെറിഞ്ഞത് ജനങ്ങൾ അനിസ്‌ലാമികമായ ആചാരങ്ങൾ ഉപേക്ഷിക്കുന്നതിൽ വൈമുഖ്യം പ്രകടിപ്പിച്ചതുകൊണ്ടായിരുന്നു.

ഇബ്രാഹീംകുട്ടി മുസ്‌ല്യാർ– പൊന്നാനി സ്വദേശിയായ ഇദ്ദേഹം മഖ്ദൂം കുടുംബത്തിലെ ഒരു പ്രമുഖ ആലിമായിരുന്നു. അൽ കഹ്ഫ് സൂറത്തിന്ന് ഒരു തർജജമ എഴുതിയിട്ടുണ്ട്. അക്കാലത്തെ മുസ്‌ല്യാൻമാരുടെ ദൃഷ്ടിയിൽ അദ്ദേഹം പിഴച്ചവനായിരുന്നു. ചുററുപാടുകളിൽ നിന്നുള്ള വിഷമം കാരണം അദ്ദേഹം ഉളിയിൽ എ. കെ. കുഞ്ഞുമ്മായിൻ ഹാജിയുടെ മാതാവ് പുന്നാട് ആയിശുമ്മ ഹജ്ജുമ്മയുടെ വീട്ടിലാണ് താമസിച്ചിരുന്നത്. ആ സ്ത്രീ ഒരു തികഞ്ഞ ദീനീബോധമുള്ള ബുദ്ധിമതിയായിരുന്നു. അവിടെ വെച്ചാണ് ഇബ്രാഹിംകുട്ടി മുസ്‌ല്യാർ മരണം പ്രാപിച്ചതെന്നു ഞാൻ ഓർക്കുന്നു.

തോപ്പിൽ ഇബ്രാഹീംകുട്ടി മുസ്ല്യാർ: ചാവക്കാട് വകമ്പനാട് സ്വദേശി തോപ്പിൽ ഇബ്രാഹീംകുട്ടി മുസ്‌ല്യാർ മഹാപണ്ഡിതൻ എന്ന് മാത്രമല്ല ഉയർന്ന നിലവാരത്തിൽ ആദർശാഭിപ്രായങ്ങൾ വെച്ചുപുലർത്തിയിരുന്ന ഒരു പരിഷ്കൃത ആശയക്കാരൻ കൂടിയായിരുന്നു. അധികം സംസാരിക്കുന്ന മട്ടുകാരനല്ല അദ്ദേഹം. ഖിലാഫത്ത് പ്രസ്ഥാന കാലത്ത് ഞാൻ അദ്ദേഹത്തെ വീട്ടിൽപോയി കണ്ടിരുന്നു. ഒരു സ്വാതന്ത്ര്യ സമരാനുകൂലി കൂടിയായിരുന്ന അദ്ദേഹം. എനിക്ക് യോഗം വിളിച്ചു കൂട്ടുവാനും പ്രസംഗിക്കുവാനും ആ പ്രദേശത്ത് സൌകര്യമുണ്ടാക്കിതരാൻ തൻെറ മകൻ മുഹമ്മദ് മുസ്‌ല്യാരെ അദ്ദേഹം ഭരമേൽപിച്ചു. അതിന്നുള്ള മററു സൌകര്യങ്ങളും സ്വന്തമായദ്ദേഹം ചെയ്തുതന്നു.

ഉമ്മർവൈദ്യർ:– കാരക്കാട് സ്വദേശിയായ ഉമർ സാഹിബ് പേരെടുത്ത ആര്യവൈദ്യനും, അറബിഭാഷാ പരിജ്ഞാനമുള്ള ദേശീയവാദിയും ഖുറാഫികളുടെ കണ്ണുകോടാലിയുമായിരുന്നു. പാലക്കാടും പരിസരപ്രദേശങ്ങളിലും അദ്ദേഹത്തിന്ന് കുറെ അനുയായികളെ സൃഷ്ടിക്കാൻ സാധിച്ചു. ആരെയും വകവെക്കുകയില്ല. എന്നാൽ എല്ലാവർക്കും ഉമ്മർകുട്ടി വൈദ്യരെ ആവശ്യവും, വലിയ കാര്യവുമായിരുന്നു. ലൌകിക വിദ്യാഭ്യാസത്തിന്നും അദ്ദേഹം സ്ഥാനം കൽപിച്ചിരുന്നു.

കുഞ്ഞഹമ്മദ് മൌലവി:– 'നെക്ക്‌വി' എന്ന പേരിൽ അറിയപ്പെട്ട ഇദ്ദേഹം തലശ്ശേരിയിൽ താമസമാക്കിയിരുന്നു. അറബി, ഉർദു, പാർസി എന്നീ ഭാഷകളിൽ പാണ്ഡിത്യം സി

178ൽ

KERALA HERITAGE CENTER KALPAKANCHERY

FOR REQUIREMENTS
OF
SODIUM SULPHATE
(Anhydrous Quality)

Please Contact:

THE GWALIOR RAYON SILK MFG. (WVG.) CO. LTD.,

[STAPLE FIBRE DIVISION]

BIRLAKOOTAM - MAVOOR - KOZHIKODE

KERALA - 673 661

Gram : STAPLE
Telex : 0854-241

Telephones { Calicut : 76041
: 76042
Mavoor : 76 }

Registered Office : BIRLAGRAM, NAGDA (M. P.)

KERALA HERITAGE CENTER
KALPAKANCHERY

PHONE: { SHOP : 27386
RESI : 30367

GRAMS : WITCO

Witco Coimbatore

CONSIGNMENT STOCKISTS
FOR WEST INDIA PLASTIC TRADINGCo, MADRAS-1
449, RAJA STREET, COIMBATORE - 641 001

177ൽ നിന്ന്

ദ്ധിച്ചിരുന്ന ഒരു മഹാവ്യക്തിയായിരുന്നു കുഞ്ഞഹമ്മദ് മൌലവി. ഖിലാഫത്ത് പ്രസ്ഥാന കാലത്താണ് ഞാൻ അദ്ദേഹവുമായി പരിചയപ്പെട്ടത്. തലശ്ശേരിയിൽ ധാരാളം ശിഷ്യന്മാരെയും അനുയായികളെയും വാർത്തെടുക്കാൻ കഴിഞ്ഞ അദ്ദേഹം തികഞ്ഞ പരിഷ്കർത്താവും, പുരോഗമന വാദിയുമായിരുന്നു. ഇസ്ലാമികാദർശങ്ങളെ കലർപ്പില്ലാതെ കാണാൻ അനുയായികളെ ശക്തിയായി നിർബ്ബന്ധിക്കുന്ന ഒരു ദൃഢസ്വഭാവക്കാരനായിരുന്നു കുഞ്ഞഹമ്മദ് മൌലവി.

*

With best compliments from;

Phone : 73884
62513

CEYLON
UMBRELLA HOUSE

★ ★

PREMIER
UMBRELLA HOUSE

CALICUT

KERALA HERITAGE CENTER
KALPAKANCHERY

With Best Compliments From:

MODERN MEDICALS

C. S. I. BUILDINGS

CALICUT – 673 001

രുചിയുള്ള പുകക്ക്

6-ാം നമ്പ്ര് *K.M.T.* ബീഡികൾ

★

കടുപ്പവും വാടയും കൂടിയ പുകക്ക്

ജോക്കർ ബീഡികൾ

With Best Compliments From:

LIBERTY FOOT WEAR

BALUSSERY

KERALA HERITAGE CENTER
KALPAKANCHERY

'ബിസ്മി'യെ പരിചയപ്പെടുക

ഒ. കുഞ്ഞിമുഹമ്മദ്.
(സെക്രട്ടറി—ബിസ്മി)

കേരള നദ്‌വത്തുൽ മുജാഹിദീൻ സംഘടനയുടെ ആഭിമുഖ്യത്തിൽ മുജാഹിദു സെൻറർ ആസ്ഥാനമാക്കി വിവിധങ്ങളായ മേഖലകളിൽ സമൂഹത്തിനു മാർഗ്ഗനിർദ്ദേശവും പ്രോൽസാഹനവും നൽകുന്നതിനു 1980ൽ രൂപീകരിച്ചതാണ്. ബിസ്മി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന 'ബോർഡ് ഓഫ് ഇസ്‌ലാമിക് സർവ്വീസ് ആൻറ് മിഷ്യനറി ഇൻഫർമെഷൻ'.

ഇസ്‌ലാമിക സന്ദേശം എത്തിചേർന്നിട്ടില്ലാത്ത വിഭാഗങ്ങളിലേക്ക് അതു എത്തിക്കുകയും ഇസ്‌ലാമിനെ സംബന്ധിച്ചു ഇതര മതസ്ഥർക്കിടയിൽ കടന്നുകൂടിയ തെററിദ്ധാരണകൾ അകററുകയും ചെയ്യുക; ഭൌതിക വിദ്യാഭ്യാസവും മതവിദ്യാഭ്യാസവും ഒന്നിച്ച് നല്കുന്ന ബോർഡിംഗ് മദ്രസകൾ സ്ഥാപിക്കുന്നത് പ്രോൽസാഹിപ്പിക്കുക; ഉപയോഗിക്കപ്പെടാതെ പാഴാക്കിക്കളയുന്ന മൂലധനം സ്വരൂപിച്ചു വ്യക്തിക്കും സമൂഹത്തിനും ഉപകാരപ്രദമായ മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിടുന്നതിനു സമൂഹത്തെ പ്രേരിപ്പിക്കുക; കുത്തക തൊഴിലുകളിൽ സമുദായാംഗങ്ങൾക്ക് പരിശീലനം കൊടുക്കുന്നതിനു ശ്രമിക്കുക; വിവാഹത്തോടനുബന്ധിച്ചുള്ള ആർഭാടങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ സമൂഹത്തെ ഉണർത്തുക; സ്ത്രീധന സമ്പ്രദായം ആഭരണഭ്രമം എന്നിവ നിരുൽസാഹപ്പെടുത്തി ഉൻമൂലനം ചെയ്യാൻ ശ്രമിക്കുക എന്നിവയാണ് ബിസ്മിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ.

കെ. എൻ. എം. വൈസ്പ്രസിഡണ്ട് ഇട്ടോളി അഹ്മദുകോയ ഹാജി ചെയർമാനായുള്ള ഈ സംഘടയിൽ മുജാഹിദു പ്രസ്ഥാനത്തിൻെറ പ്രമുഖ പണ്ഡിതന്മാരും നേതാക്കളും ഉപദേഷ്ടാക്കളായും മെമ്പർമാരായും സേവനമനുഷ്ടിക്കുന്നുണ്ട്.

ഇന്നു സമൂഹത്തെ അങ്ങേഅററം വിഷമിപ്പിക്കുന്ന അനിസ്‌ലാമിക സമ്പ്രദായമായ സ്ത്രീധനത്തിന്നെതിരിലുള്ള പ്രവർത്തനവുമായാണ് ബിസ്മി ആദ്യമായി കർമ്മരംഗത്തിറങ്ങിയത്. ബിസ്മിയുടെ കീഴിൽ പ്രത്യേകമായി പ്രവർത്തിക്കുന്ന 'മേരിയേജ് ഇൻഫർമേഷൻ' ബിസ്മിയുടെ ഉൽവേത്തോടൊപ്പം കോഴിക്കോടു ടൌൺ ഹാളിൽവെച്ചു കൂടിയ വമ്പിച്ച സമ്മേളനത്തിൽ ഉൽഘാടനം ചെയ്യപ്പെടുകയുണ്ടായി. സ്വ

KERALA HERITAGE CENTER KALPAKANCHERY

Phone : 62371

Best

Wishes

From:

FASHION JEWELLERY

CALICUT

AND

TRICHUR

KERALA HERITAGE CENTER KALPAKANCHERY

ന്തം ആൺകുട്ടികൾക്ക് സ്ത്രീധനം വാങ്ങുകയില്ലെന്നു (പെൺകുട്ടികൾക്ക് നിർബ്ബന്ധ പരിതസ്ഥിതിയിൽ കൊടുക്കേണ്ടി വന്നാൽ പോലും) സ്വയം പ്രതിജ്ഞ എടുക്കുന്ന രക്ഷിതാക്കളുടെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പേർ റജിസ്റ്റ് ചെയ്തു യോജിച്ച ഇണകളെ കണ്ടെത്തുക എന്നതാണ് മേരിയേജ് ഇൻഫർമേഷൻ ചെയ്യുന്നത്. തുടക്കത്തിൽ അഞ്ചുരൂപാ റജിസ്ട്രേഷൻ ഫീസ് വസൂലാക്കിയിരുന്നെങ്കിലും ഇപ്പോൾ ഫോറത്തിന്റെ വില രണ്ടു രൂപ മാത്രമെ വസൂലാക്കുന്നുള്ളു. താൽപര്യമുള്ള രക്ഷിതാക്കൾ അവരുടെ സന്താനങ്ങളെ മേരിയേജ് ഇൻഫർമേഷനിൽ റജിസ്തർ ചെയ്യുന്നു.

പെൺകുട്ടികളെ റജിസ്തർ ചെയ്യുന്ന കാര്യത്തിൽ ഉള്ള അത്ര ഉൽസാഹം ആൺകുട്ടികളുടെ കാര്യത്തിൽ പ്രകടമാകുന്നില്ലെന്നതും അനുയോജ്യരായ ഇണകൾ റജിസ്തറിൽ വരുന്നില്ല എന്നതുമാണ് ഇൻഫർമേഷന്റെ വിജയകരമായ നടത്തിപ്പിനു വിഘാതമായി നൽകുന്ന പ്രധാന കാരണങ്ങൾ.

ഇതുവരെയുള്ള പ്രവർത്തനഫലമായി 6 വിവാഹങ്ങൾ മേരിയേജ് ഇൻഫർമേഷന്റെ നേരിട്ടുള്ള ആഭിമുഖ്യത്തിൽ നടത്താൻ സാധിച്ചിട്ടുണ്ട്. ആപേക്ഷികമായി നോക്കുമ്പോൾ ഇത് നിസ്സാരമായി കണക്കാക്കിക്കൂടാ. കൂടാതെ മേരിയേജ് ഇൻഫർമേഷന്റെ പ്രബോധനം വഴിയായും മററും നാട്ടിന്റെ നാനാഭാഗങ്ങളിലും ഇൻഫർമേഷൻ മുഖേനയല്ലാതെയും ധാരാളം സ്ത്രീധനരഹിത വിവാഹങ്ങൾ നടക്കുന്നുണ്ട് എന്ന

TIP TOP

Grams : BONANZA   Phone : 30481

TIP TOP SOUTHERN BONANZA

295, Oppanakara Street, COIMBATORE - 641 001

KERALA HERITAGE CENTER
KALPAKANCHERY

തും ഇതിന്റെ പ്രവർത്തന വിജയമായി കണക്കാക്കാവുന്നതാണ്.

കോഴിക്കോട് ഗാന്ധിഗൃഹത്തിൽ വെച്ചും പുളിക്കൽ, അരീക്കോട്, ഫറോക്ക് എന്നിവിടങ്ങളിലെ അറബിക്കോളേജുകളിലും മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളുടെ വിവിധ ഭാഗങ്ങളിലും മേരിയേജ് ഇൻഫർമേഷൻ സംഘടിപ്പിച്ചു. ''സ്ത്രീധനം അനിസ്ലാമികം വാങ്ങരുത് പ്രോൽസാഹിപ്പിക്കരുത്'' എന്ന പോസ്റ്റർ നാട്ടിന്റെ നാനാഭാഗങ്ങളിൽ പതിക്കുന്നുണ്ട്. കൂടാതെ മുജാഹിദ് പണ്ഡിതന്മാരുടെ പ്രബോധന പ്രസംഗങ്ങൾ, ജുമുഅ: ഖുത്തുബ, വിവാഹ ഖുത്തുബ എന്നിവയിലൂടെയും സ്ത്രീധന സമ്പ്രദായം അനിസ്ലാമികമാണെന്നും സമൂഹം ഇത് ഒഴിവാക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കയാണെന്നും ജനങ്ങളെ ബോധവാന്മാക്കുന്നു. ഇവയെല്ലാം മുഖേന സ്ത്രീധനത്തോടുള്ള സമീപനത്തിൽ നല്ല ഒരു മാററം ദൃശ്യമായി വരുന്നുണ്ടെന്നത് സന്തോഷകരമാണ്. ധാരാളം യുവാക്കൾ സ്ത്രീധനരഹിത വിവാഹങ്ങൾക്ക് മുന്നോട്ട് വരുന്നുണ്ടെങ്കിലും രക്ഷിതാക്കളുടെ വിരുദ്ധ സമീപനം അവരെ നിരുൽസാഹപ്പെടുത്തുന്നുവെന്ന് ഖേദപൂർവ്വം പറയാതിരിക്കാൻ നിർവ്വാഹമില്ല.

വിവാഹങ്ങൾ ലളിതവും ആർഭാടരഹിതവും ആക്കുന്ന കാര്യത്തിൽ ബിസ്മി മേരിയേജ് ഇൻഫർമേഷൻ തുടങ്ങിവെച്ച പരിപാടി സമൂഹം സ്വാഗതം ചെയ്തിട്ടുണ്ടെന്നതിനു ഒരു നല്ല തെളിവാണ് മേരിയേജ് ഇൻഫർമേഷൻ മുഖേനയും, അല്ലാതെയും, മുജാഹിദ് സെൻറർ ഓഡിറേറാറിയത്തിൽവെച്ചു നടത്തിയ ലളിതമായ വിവാഹങ്ങൾ. വൈവാഹികരംഗത്ത് സമൂഹത്തിൽ അള്ളിപ്പിടിച്ചു നിൽക്കുന്ന അനാചാരങ്ങൾ ക്രമത്തിൽ നിർമ്മാർജ്ജനം ചെയ്യുകയല്ലാതെ ഒററയടിക്ക് ഇതൊഴിവാക്കാൻ സമൂഹം തയ്യാറാവുകയില്ലെന്ന കാര്യത്തിൽ ബിസ്മി പ്രവർത്തകർ ശരിക്കും ബോധവാൻമാരാണ്. കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചും, ശക്തിയായ പ്രചരണങ്ങൾ നടത്തിയും ഇതിന്നെതിരിൽ സമൂഹത്തെ ബോധവാന്മാരാക്കാൻ സാധിക്കുമെന്നും ബിസ്മി പ്രവർത്തകർ വിശ്വസിക്കുന്നു. സ്ത്രീധനം വാങ്ങി നടത്തുന്ന വിവാഹങ്ങൾ വ്യക്തികൾ ഒററക്കും, കൂട്ടായും ബഹിഷ്ക്കരിക്കുക; മാനസികമായെങ്കിലും വെറുപ്പ് പ്രകടിപ്പിക്കുക; പണ്ഡിതൻമാർ ഇതനിസ്ലാമികമാണെന്നു ഉച്ചത്തിൽ പ്രഖ്യാപിക്കുക; മഹല്ലുകൾതോറും ഇതിന്നെതിരായി പ്രാദേശിക കമ്മററികൾ രൂപീകരിക്കുക; സ്ത്രീധനരഹിത വിവാഹങ്ങൾക്കു തയ്യാറുള്ള രക്ഷിതാക്കളുടെ വിവരങ്ങൾ ശേഖരിച്ചു അതിന്റെ അടിസ്ഥാനത്തിൽ ഇതര മഹല്ലുകളുമായി ബന്ധപ്പെട്ടു വിവാഹങ്ങൾ നടത്തുന്നതിനു ശ്രമം നടത്തുക; രക്ഷിതാക്കൾ ആൺകുട്ടികളുടെ വിവാഹ കാര്യത്തിൽ സ്ത്രീധനം ഒഴിവാക്കി മററുള്ളവർക്ക് മാതൃക കാണിച്ചു കൊടുക്കുക; തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഓരോ വ്യക്തിയും സംഘടനകളും സ്ത്രീധനമെന്ന മഹാവ്യാധിയെ ഉൽമൂലനം ചെയ്യാൻ ശ്രമിക്കുകയാണെങ്കിൽ സമൂഹം ഇതിന്റെ ദൂഷിത വലയത്തിൽനിന്നു രക്ഷപ്പെടുമെന്നതിൽ യാതൊരു സംശയവുമില്ല.

ബിസ്മി വിഭാവനം ചെയ്യുന്ന മററു ലക്ഷ്യങ്ങൾ പടിപടിയായി നടപ്പാക്കാൻ ശ്രമിച്ചു വരുന്നുണ്ട്. ബിസ്മിയുടെ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങൾ എല്ലാവിധ പ്രോൽസാഹനവും സഹായ സഹകരണവും നൽകുമെന്ന പ്രതീക്ഷയുണ്ട്. ★

KERALA HERITAGE CENTER KALPAKANCHERY

'മരിച്ചിട്ടും മാറാത്ത പക'

കേരളത്തിലെ ഇസ്ലാഹി സംഘടനകൾ അതിന്റെ ഐതിഹാസികമായ രണ്ടാം സംസ്ഥാന സമ്മേളനം നടത്തുന്ന ഈ വേളയിൽ തങ്ങൾ പിന്നിട്ട വഴിയെക്കുറിച്ചൽപം ചിന്തിക്കാൻ ഈ ലേഖനം ഉപകരിക്കുമാറാകട്ടെ. ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ തുടക്കത്തിൽ തന്നെ അതിന്നെതിരിൽ അതിശക്തമായ എതിർപ്പുകളും സുസംഘടിതമായ തോതിലുള്ള മർദ്ദനമുറകളും കേരളത്തിലങ്ങോളമിങ്ങോളം അഴിച്ചുവിടപ്പെട്ടുകൊണ്ടിരുന്നുവെന്നത് ഒരു ചരിത്ര യാഥാർത്ഥ്യമാണ്. തൗഹീദിന്റെ സന്ദേശവാഹകർക്കു അതിന്റെ ശത്രുക്കളിൽനിന്ന് എന്നും ഏൽക്കേണ്ടി വരുന്ന എതിർപ്പുകൾ അവലോകനം ചെയ്താൽ മൂന്നു ഘട്ടങ്ങളായി അതിനെ ദർശിക്കാം. പരിഹാസം; മർദ്ദനം; അനുസരണം എന്നിവയാണവ.

തൗഹീദുമായി രംഗപ്രവേശം ചെയ്ത റസൂൽ കരീം (സ)ക്ക് ശത്രുക്കളിൽനിന്നു ആദ്യമായി ഏൽക്കേണ്ടി വന്നത് അതിശക്തമായ പരിഹാസമായിരുന്നു. ഇതൊട്ടും വകവെക്കാതെ തിരുമേനി (സ) മുന്നോട്ടുപോയപ്പോൾ മർദ്ദനമുറയാകുന്ന രണ്ടാംഘട്ടവുമായാണവർ രംഗത്തുവന്നത്. അതിന്റെ ഫലമായി നിരന്തരം സംഘട്ടനങ്ങളും യുദ്ധങ്ങളും പ്രതിരോധങ്ങളും അഴിച്ചുവിടപ്പെട്ടു. ഈ രണ്ടു ഘട്ടങ്ങളെയും സ്ഥൈര്യത്തോടും സ്ഥിരചിത്തതയോടും കൂടി നേരിട്ടപ്പോൾ ശത്രുക്കൾ അവരുടെ ആയുധം താഴെവെച്ചു ഇസ്ലാമിന്നു മുമ്പിൽ കീഴടങ്ങി. ഈ കീഴടക്കവും അനുസരണവുമാണ് അവരുടെ മൂന്നാം ഘട്ടം. ''കൂട്ടം കൂട്ടമായി അല്ലാഹുവിന്റെ ദീനിലേക്കു ജനങ്ങൾ പ്രവേശിക്കുന്നതായി നീ കണ്ടാൽ'' എന്ന ഖുർആൻ സൂക്തം അതിനെയാണ് സൂചിപ്പിക്കുന്നത്. ആത്മാർത്ഥതയും ത്യാഗസന്നദ്ധതയുമില്ലാത്ത ജനവിഭാഗം ആദ്യത്തെ രണ്ടു ഘട്ടങ്ങളിൽ തന്നെ തകർന്നു തരിപ്പണമാവുകയാണ് സാധാരണ കണ്ടുവരാറുള്ളത്.

സി. പി. അബൂബക്കർ മൗലവി

കേരളത്തിൽ ഇസ്ലാഹീ പ്രസ്ഥാനം ഉടലെടുത്തപ്പോൾ പരിഹാസംകൊണ്ട് അതു മുളയിൽതന്നെ നുള്ളിക്കളയാൻ അതിന്റെ ശത്രുക്കൾ വ്യാമോഹി

KERALA HERITAGE CENTER KALPAKANCHERY

പവൻമാർക്ക് കുടകൾക്കും ! ഫോൾഡിങ്ങ് കുടകൾക്കും !!

ഫോൺ : 73351

സന്ദർശിക്കുക!

കേരള അമ്പ്രലാ മാർട്ട്

പാളയം റോഡ്, കോഴിക്കോട്

N. B: ഫോൾഡിങ്ങ് കുടകൾ റിപ്പേർ ചെയ്യപ്പെടും

With Best Compliments From:

★ ERNAKULAM TEXTILS CENTRE ★

S. M. STREET

CALICUT-1.

നല്ലതരം ഹൽവകൾക്കും, ഈത്തപ്പഴം, വറുവൽ, ബിസ്ക്കറ്റ്, കേക്ക്, മറ്റു ഫുഡ് ഐറ്റങ്ങൾക്കും

സന്ദർശിക്കുക!

അൽ അമീൻ ഹൽവാ സ്റ്റാൾ

പാലക്കാട്

KERALA HERITAGE CENTER KALPAKANCHERY

ച്ചു. ഐക്യസംഘക്കാർ, വഹാബികൾ, ഉൽപതിഷ്ണുക്കൾ, പുത്തംകൂററുകാർ എന്നിങ്ങനെ പരിഹാസപ്പേരുകളിട്ടു. അവരുടെ പ്രസിദ്ധീകരണങ്ങൾ വായിക്കുകയോ പ്രസംഗങ്ങൾ കേൾക്കുകയോ ചെയ്യരുതെന്നു സമൂഹത്തെ വിലക്കി. അവരുടെ സദസ്സുകൾ കല്ലെറിഞ്ഞും കൂക്കിവിളിച്ചും അലങ്കോലപ്പെടുത്തി. അടിച്ചമർത്താൻ ആവുന്നത്ര ശ്രമിച്ചു. എന്നിട്ടും ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ശക്തമായ വളർച്ച കണ്ടന്ധാളിച്ച യാഥാസ്ഥിതികർ ബലം പ്രയോഗിച്ചും ഗൂഢതന്ത്രങ്ങളാവിഷ്കരിച്ചും ഇസ്‌ലാഹീ പ്രവർത്തനങ്ങളെ തടയുവാനുള്ള തന്ത്രങ്ങൾ അണിയറയിൽ ഒരുക്കാൻ തുടങ്ങി. പള്ളികളും സ്ഥാപനങ്ങളും ഇസ്‌ലാഹീ പ്രവർത്തകരുടെ അശ്രാന്ത പരിശ്രമത്തിൻ ബലമായി ഉയർന്നുവരുന്നതും ജനങ്ങൾ സത്യസന്ദേശത്തിലേക്കാകർഷിക്കപ്പെടുന്നതും കണ്ടപ്പോൾ ഫത്‌വകളും പ്രമേയങ്ങളും നിരന്തരം അവരിൽ നിന്നിറങ്ങാൻ തുടങ്ങി. സാമൂഹ്യ ബഹിഷ്കരണം; ആരാധനാലയങ്ങളിൽനിന്നും ഖബർസ്ഥാനങ്ങളിൽനി തടഞ്ഞുകിട്ടാനുള്ള ഗൂഢപദ്ധതി എന്നീ കടുത്ത പ്രതിരോധങ്ങൾക്കുള്ള കരുക്കളവർ നീക്കി. പക്ഷെ, തങ്ങളുടെ വിലകുറഞ്ഞ ഫത്‌വകൾ കൊണ്ടൊന്നും ഈ അജയ്യ ശക്തിയെ തടുത്തുനിർത്താനാവില്ലെന്ന മനസ്സിലാക്കിയ യാഥാസ്ഥിതിക പുരോഹിതവർഗ്ഗം കോടതി മുഖേന വിധി സമ്പാദിക്കാനാണ് പിന്നീട് ശ്രമിച്ചത്. ഇതിന്റെ ഫലമായാണ് പ്രമാദമായ മുത്തന്നൂർ പള്ളിക്കേസ്സുത്ഭവിച്ചത്.

"മുത്തന്നൂർ പള്ളിക്കേസ്"

മഞ്ചേരിക്കടുത്ത ഒരു പ്രദേശമാണ് മുത്തന്നൂർ. വർഷം 1954. വിരലിലെണ്ണാവുന്ന ഇസ്‌ലാഹീ പ്രവർത്തകർ മാത്രമുള്ള കാലഘട്ടം. ആ പ്രദേശത്തെ സാമാന്യം ഭേദപ്പെട്ട ഒരു തറവാട്ടിലെ 'ചെമ്പേരി മൊയ്തീൻകുട്ടി മൊല്ല' എന്നയാൾ മരണമടഞ്ഞു. മുജാഹിദ് പ്രവർത്തകനായിരുന്ന സി. പി. കുഞ്ഞിമൊയ്തീൻ മൗലവിയുടെ പിതാവാണദ്ദേഹം. മൊയ്തീൻകുട്ടി മൊല്ലയുടെ മൃതദേഹം സംസ്കരിക്കാൻ പള്ളി ഖബറിടത്തിൽ കൊണ്ടു ചെന്നപ്പോൾ ആയുധധാരികളായ ഒരുപററം യാഥാസ്ഥിതികരായ സുന്നികൾ അത് തടസ്സപ്പെടുത്തുകയും, ഭയപ്പെടുത്തുകയും ചെയ്തു. ത്യന്തരമില്ലാതെ കൊണ്ടുചെന്നവർ മൃതശരീരം അവിടെവെച്ച് ഓടിപ്പോയി. അപ്പോൾ സുന്നികൾ മൃതശരീരം അവിടെ നിന്നെടുത്തു മൊയ്തീൻകുട്ടി മൊല്ലയുടെ വീട്ടുമുററത്തുതന്നെ കൊണ്ടു

With Best Compliments From:

LIGHT

10/100, G. H. Road

CALICUT

Phone : 60683

KERALA HERITAGE CENTER KALPAKANCHERY

With Best Compliments From:

ESTD : 1963

PHONE : OFFICE : 75148

" RESI : 60315

J A Y A AUTOMOBILES

SPECIALISTS:
CAR & JEEP PARTS

Red Cross Road, CALICUT-1

ഫോൺ : 72734

നിങ്ങളുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞു അല്ലേ!

കണ്ണഞ്ചിപ്പിക്കുന്ന ബനാറസ്, കാഞ്ചീപുരം സാരികളുമായി *കണ്ണൂര് ഷാപ്പ്* നിങ്ങളെ കാത്തിരിക്കുകയാണ്. കൂടാതെ മേത്തരം ഷർട്ടിംഗുകളും, സൂട്ടിംഗുകളും *കണ്ണൂർ ഷാപ്പിൽ* ധാരാളം വന്നുകൊണ്ടിരിക്കുന്നു. എക്കാലത്തും വിലയേക്കാൾ മൂല്യമുള്ള വസ്ത്രങ്ങൾ നൽകണമെന്ന് നിർബ്ബന്ധമുള്ള *കണ്ണൂർ ഷാപ്പ്* നിങ്ങളുടേതാണ്. ഇന്നും *കണ്ണൂർ ഷാപ്പ്* നിങ്ങളുടേതു മാത്രം.

കണ്ണൂർ ഷാപ്പ്

മിഠായിത്തെരു

കോഴിക്കോട്-1.

KERALA HERITAGE CENTER
KALPAKANCHERY

പോയി വെച്ചു. ആ മയ്യിത്ത് മറവു ചെയ്യാനാകാതെ ഏകദേശം 6 ദിവസങ്ങളോളം അവിടെത്തന്നെയിരുന്നു. സംഘർഷം മുററിനിൽക്കുന്ന ആ പ്രദേശത്തു അവസാനം 144 വകുപ്പ് പ്രകാരം സർക്കാർ നടപടി കൈക്കൊണ്ടശേഷം പോലീസ് ബന്തവസ്സോടെ മൃതദേഹം അതേ പള്ളി വളപ്പിൽ മറവു ചെയ്തു.

ദുർഗ്ഗന്ധം വന്നു അന്തരീക്ഷത്തിൽ ഭീകരത സൃഷ്ടിച്ച ആ ചുററുപാട് മുജാഹിദ് പ്രസ്ഥാനത്തിന്റെ പിന്നീടുള്ള ചരിത്രത്തിന്റെ ഗതിതന്നെ മാററാൻ ഇടവന്നിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. അന്നു ആ മയ്യിത്ത് അവിടെ ഖബറടക്കാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ! ഇന്നു മുജാഹിദുകളുടെ സ്ഥിതി വേറൊന്നാകുമായിരുന്നു.

പാറയേക്കാൾ കടുത്ത ഹൃദയം.

മൊയ്തീൻകുട്ടി മൊല്ലയുടെ മരണാനന്തര സംഭവങ്ങളുടെ ആഘാതത്താൽ അവരുടെ ഭാര്യയായിരുന്ന 'ആച്ചുട്ടിമ്മ' അടുത്ത ദിവസം മരണമടയുകയും അതേ ശ്മശാനത്തിൽതന്നെ മൃതദേഹം മറവു ചെയ്യുകയും ചെയ്തു. ഇതുകൊണ്ടൊന്നും മനസ്സലിയാതിരുന്ന പ്രദേശത്തെ സുന്നീ പ്രമുഖന്മാർ മേലിൽ മുജാഹിദ് വിഭാഗക്കാരുടെ മൃതദേഹങ്ങൾ മുത്തന്നൂർ പള്ളി ഖബർസ്ഥാനിൽ മറവു ചെയ്യുന്നത് നിരോധിച്ചു കിട്ടുവാനായി ഒരു ശാശ്വത ഇഞ്ചക്ഷൻ (ഉത്തരവ്) ലഭിക്കാനായി മഞ്ചേരി മുൻസിഫ് കോടതിയെ സമീപിച്ചു ഒരന്യായം ഫയൽ ചെയ്യിപ്പിച്ചു. ഈ അന്യായത്തിലെ പ്രസക്തഭാഗം ഇപ്രകാരമായിരുന്നു.

''ഈ അന്യായം, പ്രതികൾ വഹാബിയാ ഖാദിയാനിയാ വിഭാഗത്തിൽപെട്ടവരായതിനാൽ അവർ മുത്തനൂർ പള്ളിയിലോ പരിസരത്തിലോ പ്രവേശിക്കുന്നതിനേയും അന്യായക്കാരനോ സുന്നി വിഭാഗത്തിൽപെട്ടവരോ പ്രസ്തുത പള്ളിയിൽവെച്ചു നടത്തുന്ന മതകർമ്മങ്ങൾക്കു തടസ്സമുണ്ടാക്കുന്നതിനേയും തടഞ്ഞുകൊണ്ടുള്ള ഒരു ശാശ്വത ഇഞ്ചക്ഷൻ കിട്ടുന്നതിന്നു വേണ്ടിയുള്ളതാണിത്.'' രണ്ടു മൃതദേഹങ്ങൾ മറവു ചെയ്യേണ്ടി വന്നതിനെപ്പററി അന്യായത്തിൽ സുന്നികൾ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്. ''ഈ സംഭവങ്ങൾ സുന്നി വർഗ്ഗത്തിന്റെ മനോവേദനക്കും മാനഹാനിക്കും കാരണമായിട്ടുണ്ട്. അന്യായക്കാരന്റേയും കൂട്ടുകാരുടെയും മതവികാരങ്ങളെ വ്രണപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 144–ാം വകുപ്പ് പാസ്സാക്കിയതിനാൽ പ്രസ്തുത മയ്യിത്തു സംസ്കാരം തടയുവാൻ സുന്നികൾക്കു

With best compliments from:

★

TAJ SANITATIONS

Dealers in all kinds of Sanitarywares

RAMANATTUKARA

KERALA HERITAGE CENTER KALPAKANCHERY

With Best Compliments From:

★

METRO STORES

S. M STREET

CALICUT-1

സാധിച്ചില്ല. ഇരുവിഭാഗക്കാരും മുസ്‌ലിംകളാണെങ്കിലും അവർക്കുള്ള ശ്മശാനവും പള്ളിയും മറ്റും പ്രത്യേകം പ്രത്യേകമായിരിക്കണമെന്നു മതപണ്ഡിതൻമാർ തീരുമാനിച്ചിട്ടുണ്ട്.''

നോക്കുക! സുന്നികളുടെ മനോവേദന! ഒരു മുസ്‌ലിമാണ് പ്രതിഭാഗത്തിലെ മരണപ്പെട്ടവരെന്നു സമ്മതിക്കുന്നതോടൊപ്പം ആ മുസ്‌ലിമിൻെറ മൃതദേഹം 6 ദിവസം തട്ടിക്കളിച്ച് ദുർഗ്ഗന്ധം അടിച്ചു വീശത്തക്കവിധമാക്കിയശേഷം ഖബറടക്കിക്കഴിഞ്ഞിട്ടും അവർക്കു മാനഹാനിയും മനോവേദനയും സംഭവിക്കുകയും മതവികാരം വ്രണപ്പെടുകയും ചെയ്തിട്ടുണ്ടത്രെ!! അപ്പോൾ ഒരു മുസ്‌ലിമിൻെറ മയ്യിത്ത് മറവുചെയ്യാതിരിക്കൽ സംതൃപ്തി! തടസ്സപ്പെടുത്തൽ അഭിമാനകരം! മറവുചെയ്താൽ മതവികാരം വ്രണപ്പെടും! 144 നിലവിലുള്ളതിനാൽ പ്രസ്തുത മയ്യിത്ത് ഖബറടക്കം ചെയ്യപ്പെട്ടതിൽ അഗാധ ദുഃഖവും! ഇത്രയും കടുത്ത ഹൃദയത്തിൻെറ ഉടമകൾ ലോകത്ത് ഇവരല്ലാതെ മറ്റാരെങ്കിലും ഉണ്ടാകുമോ എന്നു തോന്നുന്നില്ല. സാധാരണ മൃതദേഹം പള്ളിയിലെത്തിയാൽ മറമാടാതെ തിരിച്ചു കൊണ്ടുവന്ന ചരിത്രം ലോകത്തു കേട്ടുകേൾവി പോലുമില്ല. എന്നാൽ മുത്തനൂരിലെ സുന്നികൾ അതു ചെയ്തു ചരിത്രം സൃഷ്ടിച്ചു റിക്കുർഡ് വാങ്ങി......! ഇതൊക്കെയും എന്തിന്? ഏക ഇലാഹിനെ മാത്രം ആരാധിക്കുക, അവനെ മാത്രം രക്ഷാധികാരിയായി സ്വീകരിക്കുക, ഖുർആനിലേക്കും സുന്നത്തിലേക്കും തിരിച്ചുവരിക എന്നു മുജാഹിദുകൾ ആഹ്വാനം ചെയ്ത ഒരൊറ്റ കാരണം!

With best compliments from:

M/S. C. P. M.

FABRICS

M. P. ROAD

CALICUT-1.

KERALA HERITAGE CENTER KALPAKANCHERY

അന്യായക്കാരും പ്രതികളും

മുജാഹിദ് പക്ഷത്തുനിന്നു 10 പേരെയും അഹ്മദിയാ വിഭാഗക്കാരിൽനിന്ന് ഒരാളെയും പ്രതി ചേർത്താണ് അന്യായം ഫയൽ ചെയ്യപ്പെട്ടിട്ടുള്ളത്. ഈ അന്യായം തെളിയിക്കാൻ കേരളത്തിലെ സുന്നി പണ്ഡിതരിൽ സമർത്ഥന്മാരാണെന്നു പറയപ്പെടുന്ന ഇ. കെ. അബൂബക്കർ മുസ്‌ലിയാരും കെ. കെ. അബൂബക്കർ മുസ്‌ലിയാരുമാണ് സാക്ഷികളായി രംഗത്തുവന്നത്. പ്രതിഭാഗത്തുനിന്ന് സി. പി. അബൂബക്കർ മൗലവി (ലേഖകൻ)യാണ് സാക്ഷി പറഞ്ഞത്.

സാക്ഷികളെ വിസ്തരിക്കുമ്പോൾ നല്ലൊരു ജനക്കൂട്ടം എല്ലാ ദിവസവും കോടതിയിലും പരിസരത്തിലും തടിച്ചു കൂടിയിരുന്നു. സാക്ഷിവിചാരണ 'ദിനപ്രഭ'പോലെയുള്ള പത്രങ്ങൾ വളരെ പ്രാധാന്യത്തോടെ കേരള ജനതയെ അതാതു ദിവസം അറിയിച്ചു കൊണ്ടിരുന്നു. 31 ദിവസത്തോളം നീണ്ടുനിന്ന സാക്ഷി വിസ്താരത്തിന്റെ ഏകദേശ രൂപംപോലും ഈ ഒരു ലേഖനത്തിലൂടെ കരുപ്പിടിപ്പിക്കാൻ സാധ്യമാകയില്ല. അതിനാൽ അവിസ്മരണീയവും വളരെ പ്രസക്തവുമായ ചില ഭാഗങ്ങൾ മാത്രം വിവരിക്കാം.

മയ്യിത്ത് വെക്കാത്തതിനെക്കുറിച്ചുള്ള ന്യായാന്യായങ്ങൾ, ഇസ്‌ലാമിന്റെ അടിസ്ഥാനപരവും അല്ലാത്തതുമായ മുജാഹിദുകളും സുന്നികളും അഭിപ്രായ വ്യത്യാസമുള്ള മതകാര്യങ്ങളിലേക്ക് പ്രവേശിച്ചുവെന്നതാണ് ഈ കേസ്സിന്റെ പ്രത്യേകത. അതാകട്ടെ മു

Phone : Office : 76637
Resi : 75633

Grams : SUPER LAND

SUPER PLASTIC LAND

10/422 C

M. P. Road, CALICUT

OUR WHOLE SALE SECTION:

10/199 M. P. ROAD, CALICUT-1

KERALA HERITAGE CENTER KALPAKANCHERY

With best compliments from:

Phone : 60578

K. A L I

SANITARY HOUSE

KALLAI ROAD

CALICUT-2

ജാഹിദുകളുടെ സത്യസന്ധതക്ക് അവരറിയാതെ അല്ലാഹു കനിഞ്ഞേകിയ ഒരു പ്രതിഫലമായിരുന്നു. അൽഹംദുലില്ലാഹി. ഈ കേസ്സ് ഈ ഗതിയിലേക്ക് തിരിയാനുണ്ടായ കാരണത്തെക്കുറിച്ചു മനസ്സിലാക്കാൻ ജഡ്ജിയുടെ വിധി ന്യായത്തിലെ താഴെ പറയുന്ന പരാമർശം മതിയാകുന്നതാണ്. ''സുന്നികളാണെന്നവകാശപ്പെടുന്ന അന്യായക്കാരും കൂട്ടുകാരും മുഹമ്മദ്നബി അവസാനത്തെ പ്രവാചകനാണെന്നു വിശ്വസിക്കുന്നവരും, ശരിയായ ഒരു മുസ്ലിം നേർച്ച കഴിക്കേണ്ടതും, റൂഹാനിയിൽ വീശ്വസിക്കേണ്ടതും, ജീവിച്ചിരിക്കുന്നവരുടെ കർമ്മംകൊണ്ട് മരിച്ചവർക്കു ഗുണം കിട്ടുമെന്നു വിശ്വസിക്കുന്നവരും, റംസാനിൽ 23 റക്അത്തു തറാവീഹു നമസ്കരിക്കണമെന്നും ഖത്തം ദുആ ഇരക്കലും മൗലൂദ് കഴിക്കണമെന്നും, മയ്യിത്ത് കൊണ്ടുപോകുമ്പോഴും മറവു ചെയ്യുമ്പോഴും കലിമ ചൊല്ലേണമെന്നു വിശ്വസിക്കുകയും ചെയ്യുന്നവരാണ്.'' ഇത്തരം കാര്യങ്ങൾ സുന്നികൾ ആ ന്യായഭാഗത്തുനിന്നു തെളിയിക്കേണ്ടി വന്നു. അതിനാലാണ് മേൽപറഞ്ഞ ഇ. കെ.യെയും, കെ. കെ.യേയും എഴുന്നള്ളിപ്പിക്കേണ്ടി വന്നത്. അപ്പോൾ മറുപക്ഷത്തുനിന്നും സാക്ഷി വേണ്ടിവന്നു.

"ഇ. കെ. യും കെ. കെ. യും സാക്ഷിക്കൂട്ടിൽ"

ഇ. കെ. അബൂബക്കർ മുസ്ല്യാർ, സാധാരണ വഅസിൽ പറയാറുള്ള പോലെയാണ് മിക്ക വിഷയങ്ങളെപ്പററിയും കോടതിയിലെ സാക്ഷിക്കൂട്ടിൽ നിന്നുകൊണ്ട് മറുപടി കൊടുത്തത്. ചില ദിവസങ്ങളിലെ മൊഴികൾ ഉദാഹരണ

KERALA HERITAGE CENTER KALPAKANCHERY

ത്തിന്നായി ഇവിടെ ഉദ്ധരിക്കാം. (1) 31_7_58ന്:— "നബിയുടെയും ഇമാമുകളുടെയും ചര്യകരം പിന്തുടരുന്ന ആളുകളെന്നാണ് 'സുന്നി' എന്നതിന്നർത്ഥം; സ്ത്രീകരം പള്ളിയിൽ വരുന്നതിൽ സുന്നികരംക്ക് യാതൊരു വിരോധവുമില്ല; എന്നാലത് നിർബ്ബന്ധമില്ല; 1953_ൽ മംഗലാപുരത്തു ഞാനൊരു പ്രസംഗം നടത്തിയിരുന്നു. അതൊരു കൊലപാതകത്തിന്നിടവരുത്തി എന്ന വസ്തുത ഞാനറിയുകയില്ല. B2 (മംഗലാപുരം കൊലക്കേസ്സിൻെറ വിധി ന്യായം) കണ്ടപ്പോരം കൊലപാതകത്തെപ്പററി ഞാനറിഞ്ഞു." (B2 തെളിവിനും സമ്മതത്തിനും വിധേയമാക്കി കോടതി മാർക്കു ചെയ്തു)

ഇതിനെ പരാമർശിച്ച് പ്രതിഭാഗം വക്കീൽ ടി.വി. സുബ്രഹ്മണ്യഅയ്യർ അദ്ദേഹത്തിൻെറ വാദത്തിൽ ഇപ്രകാരം പറഞ്ഞതുകൂടി കാണുക. "ഇ. കെ. അബൂബക്കർ മുസ്ലിയാരാണ് ക്രിമിനൽകേസ്സിനും ഈ കേസ്സിനും കാരണഭൂതർ. അയാളുടെ പ്രസംഗംകൊണ്ട് മുത്തനൂരിലെ പരിതസ്ഥിതി മലിനപ്പെട്ടു. അയാരം ഒരു കൊലപാതകത്തിന്നുപോലും പ്രോൽസാഹിപ്പിച്ചു എന്നതിന്ന് ഒരു വിധിന്യായം കോടതി മുമ്പാകെ ഹാജറാക്കകയുണ്ടായി. എവിഡൻസ് ആക്ട് 153-ാം വകുപ്പ് പ്രകാരം തീർച്ചയായും അത് തെളിവിൽ സ്വീകരിക്കാം".

(2) 7_8_55ന് കൊടുത്ത മൊഴികളിൽ ചിലത്:— "ഇയ്യാക്ക നഅ്ബുദു"വിന് ദൈവത്തെ മാത്രം ആരാധിക്കുക എന്നർത്ഥമില്ല. 'നഅ്ബുദുക്ക' എന്നാൽ ദൈവത്തെ ആരാധിക്കുക എന്നാണ്. മുമ്പിൽ 'ഇയ്യാക്ക' എന്ന പ്രയോഗം പ്രത്യേകമായി ഒരർത്ഥവും ദ്യോതിപ്പിക്കുന്നില്ല "(നഊദുബില്ലാഹ്)

ഇതിന്നനുയോജ്യമായ ഏതാദൃശമായ മറുപടി തന്നെയാണ് കെ. കെ. അബൂബക്കർ മുസ്ലിയാരും നൽകിയത്. 'ഇയ്യാക്ക നഅ്ബുദു' എന്നതിന് എല്ലാ ആധികാരിക രേഖകളിലും നിന്നെ മാത്രം ആരാധിക്കുന്നു എന്നാണല്ലോ അർത്ഥം നൽകപ്പെട്ടിരിക്കുന്നതെന്നുള്ള വക്കീലിൻെറ പ്രസ്താവത്തിന്നുശേഷം ചോദിച്ച ചോദ്യത്തിന്നാണ് ഈ ഉത്തരം അവർ നൽകിയത്.

'ഇയ്യാക്ക നഅ്ബുദു'വിന്ന 'നിന്നെ മാത്രം' ആരാധിക്കുക എന്നർത്ഥം നൽകിയ കോഴിക്കോട് വലിയഖാസി എഴുതിയത് കെ. കെ. യെക്കൊണ്ട് വായിപ്പിച്ചു. ശേഷം പ്രതിഭാഗം വക്കീൽ ചോദിച്ചു. കോഴിക്കോട് വലിയ ഖാസിയെ അറിയുമോ? ഉ: കേട്ടിട്ടുണ്ട്. ചോ: അദ്ദേഹം സുന്നി വിഭാഗത്തിൽ പെട്ടയാളാണോ?. ഉ: അറിയുകയില്ല. ചോ: അദ്ദേഹം വഹാബിയാണെന്ന കേട്ടിട്ടുണ്ടോ. ഉ: ഇല്ല. ചോ: "ഇയ്യാക്ക നഅ്ബുദു വഇയ്യാക്ക നസ്തഈൻ" എന്നതിന് ആ പുസ്തകത്തിൽ എന്താണർത്ഥം? (ഈ സമയം കോഴിക്കോട് വലിയ ഖാസി എഴുതിയ പുസ്തകം വക്കീൽ പൊക്കികാണിച്ചു). ഉ: 'നിന്നെ മാത്രം ആരാധിക്കുന്നുവെന്ന് അതിലുണ്ട്. മാത്രം എന്നതു ശരിയല്ല'.

നോക്കുക! അല്ലാഹു അല്ലാത്തവരെ കൂടി ആരാധിക്കാൻ സൂറത്തുൽ ഫാത്തിഹയിലും തെളിവുണ്ടെന്നു വരുത്താൻ വേണ്ടി കൊണ്ടുവന്ന ദുർവ്യാഖ്യാനം. തോളിലേററി നടക്കുന്ന വലിയ ഖാസിയെപ്പോലും തള്ളിപ്പറയേണ്ടി

KERALA HERITAGE CENTER KALPAKANCHERY

വന്ന ഒരു ഗതികേട്! അല്ലാഹു അല്ലാത്തവരെയും ആരാധിക്കാം എന്ന ന്യായം കണ്ടുപിടിക്കാൻ രണ്ടു പണ്ഡിതൻമാർ കച്ചകെട്ടിയിറങ്ങിയതിന് മാതൃക! ഇവർ ചെയ്യുന്ന ദുർവ്യാഖ്യാനങ്ങൾക്ക് എതിരായി ഖുർആനും, ഹദീസുകളും മററു രേഖകളും കോടതിയിൽവെച്ചു വായിപ്പിച്ചു അർത്ഥം പറയിപ്പിച്ചപ്പോൾ അവരാകെ ഇളിഭ്യരായ അനവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. അവ മുഴുവനും രേഖപ്പെടുത്താൻ ഈ ചെറു ലേഖനം അപര്യാപ്തമാണ്.

ഈ മുസ്‌ലിയാക്കൻമാരെക്കുറിച്ചു ജഡ്ജി തൻെറ വിധിന്യായത്തിൽ പറഞ്ഞഭാഗം ശ്രദ്ധേയമാണ്. "ഈ സംഗതിയെക്കുറിച്ചു ഖുർആൻ പറയുന്നതെങ്ങിനെയെന്നു നോക്കാം. ഖുർആനിനെപ്പററി പ്രതിപാദിക്കുന്നതിന്നു മുൻപായി യൂസുഫലിയുടെ ഖുർആൻ പരഭാഷയാണ് ഞാനീ വിഷയത്തിൽ സ്വീകരിക്കുന്നതെന്നു വ്യക്തമാക്കിക്കൊള്ളട്ടെ. യൂസുഫലിയുടെ ഖുർആൻ പരിഭാഷ സ്വീകാര്യമായ ഒരു ഗ്രന്ഥമല്ലെന്നു അഭിജ്ഞനായ അന്യായഭാഗം വക്കീൽ ഒരവസരത്തിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അന്യായഭാഗം ഒന്നും മൂന്നും സാക്ഷികളുടെ (ഇ. കെ. യും കെ.കെ.യും കലർപ്പ് കൂട്ടിയ മൊഴിയേക്കാൾ കൂടുതൽ പ്രാമാണ്യം നൽകേണ്ടത് യൂസുഫലിയുടെ ഗ്രന്ഥത്തിന്നാണെന്നു എനിക്കു തോന്നുന്നു". (മുസ്‌ലിയാക്കൻമാർ ഖുർആൻ സൂക്തങ്ങൾക്കു ദുർവ്യാഖ്യാനവും അർത്ഥവും പറയുമ്പോൾ മുൻസിഫ് യൂസുഫലിയുടെ ഇംഗ്ലീഷ് പരിഭാഷയാണ് നോക്കിയിരുന്നത്. അതിനാൽ,

അൽ-ഹുദാ ബുക്ക് ക്ലബ്ബ്

★ ഓരോ മുസ്‌ലിം വീടുകളിലും ഒരു ഇസ്‌ലാമിക ലൈബ്രറി
★ 100 രൂപക്ക് 160 രൂപയുടെ പുസ്തകങ്ങൾ
★ മാസംതോറും ഓരോ പുസ്തകം
★ ആദ്യത്തെ പുസ്തകം ഫെബ്രുവരി 20ന് പ്രസിദ്ധീകരിച്ചു

വളരെ ചെറിയ ഗഡുക്കളായി പണമടച്ച് ഈ സ്കീമിൽ ചേരാവുന്നതാണ്. ഗഡുക്കളായി 110 രൂപ. ഉടൻ 10രൂപ അടച്ച് പേർ റജിസ്ററർ ചെയ്യുക. ഒന്നിച്ചടക്കുന്നവർ 100 രൂപമാത്രം അടച്ചാൽ മതി ഗൾഫിൽനിന്നും പണമടക്കുന്നവർ 125 രൂപയുടെ ഡ്രാഫ്ററ് ഇന്ത്യയിലെ അഡ്രസ്സ് സഹിതം അയക്കുക.

—മാനേജർ

അൽ-ഹുദാ ബുക്ക്സ്ററാൾ
മസ്ജിദ് ബസാർ, കോഴിക്കോട്-1.

ഫോൺ : 61596

KERALA HERITAGE CENTER KALPAKANCHERY

ആ പരിഭാഷ സ്വീകാര്യയോഗ്യമല്ലെന്നു വക്കീലിനെക്കൊണ്ട് പറയിപ്പിച്ചതിനാലാണ് ഇക്കാര്യം മുൻസിഫ് പ്രത്യേകം എടുത്തുപറയാൻ കാരണം).

കെ. കെ. യെപ്പററി ജഡ്ജിമെൻറിൽ പ്രത്യേകം എടുത്തുപറഞ്ഞതുകൂടി കാണുക: ''ഈ സംഗതിയെപ്പററിയുള്ള അന്യായഭാഗം മൂന്നാം സാക്ഷിയുടെ തെളിവ് മുഴുവൻ നാം രേഖപ്പെടുത്തിയിരിക്കുന്നു. അതു വായിക്കാൻ രസമുള്ളതാണ്. പക്ഷെ അയാൾ പറയുന്നതിൽ സത്യത്തിൻെറ ഒരംശംപോലും നാം കാണുന്നില്ല. ഒരിക്കലും അത് (മൗലിദ്) നിർബന്ധമില്ലെന്നാണയാൾ പറഞ്ഞത്. അടുത്ത നിമിഷത്തിൽ സാധുക്കൾക്കുള്ള അന്നദാനം (മൗലിദ് ദിവസം) വിരോധിക്കപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. മൂന്നാമത്തെ നിമിഷത്തിൽ അത് അത്യന്താപേക്ഷിതമാണെന്നു പറയുന്നു. ഒരു യുവപണ്ഡിതനെന്നു അന്യായഭാഗം വക്കീലിനാൽ വിളിക്കപ്പെടുന്ന ഈ മനുഷ്യൻ, ഒരേ സമയത്തു ഇപ്രകാരം പരസ്പര വിരുദ്ധങ്ങളായ നിലപാട് സ്വീകരിക്കുന്നത് ദൗർഭാഗ്യകരമായിപ്പോയി. മൗലിദിനെക്കുറിച്ചുള്ള ചോദ്യത്തെ പ്രതിപാദിച്ചു ഈ സാക്ഷി മലയാളത്തിൽ ഇപ്രകാരം പറഞ്ഞു. ഈ ആരാധനയല്ലാത്ത മൗലിദിന് ഖുർആനിലോ ഹദീസിലോ ഞാൻ ഒരടിസ്ഥാനം കാണുന്നില്ല. ദീനിൽ അനുകരിക്കപ്പെടുന്ന ഒരാളിൽനിന്നും ഇതിന്നൊരു പിൻബലം കാണുന്നില്ല. അതു ശാപ്പാട്ടുരാമൻമാർ ഉണ്ടാക്കിയതാണ്. ഇതിന്നു മതം അനുവദിച്ചിട്ടില്ല. സഹാബികൾ ഇതു ചെയ്തിട്ടില്ല. അതിൽനിന്നും ആരാധനയല്ലാത്ത മൗലിദ് മതം കൽപിച്ചിട്ടില്ലെന്നു കാണുന്നുണ്ട്. മൗലിദിന്നു എതിരായ ഈ കടുത്ത വിമർശനം ഒരു ശാഫി പണ്ഡിതനായ സുയൂത്തിയുടെ 'അൽഹാവിയിലും' കാണുന്നുണ്ട്''.

''വലിഞ്ഞു കയറിയവന്ന് ജഡ്ജിയുടെ തൊഴി''

ഇ. കെ. യുടെ സഹോദരനും അന്യായഭാഗം വക്കീലിന്നു ഉപദേശം നൽകിക്കൊണ്ടിരുന്ന ആളുമായ ഇ. കെ. ഹസ്സൻ മുസ്ലിയാരെപ്പററി ജഡ്ജിമെൻറിൽ പറഞ്ഞ ഭാഗം വളരെ പ്രസക്തമാണ്. അതിപ്രകാരമാണ്. ''പ്രതിഭാഗം രണ്ടാം സാക്ഷി (ലേഖകൻ) എതിർവിസ്താരത്തിൽ നബി 8 റക്അത്തു മാത്രമാണ് (തറാവീഹ്) നമസ്കരിച്ചതെന്നു ബുഖാരിയിലുണ്ടെന്നു പറഞ്ഞിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഈ സാക്ഷിയെ അന്യായക്കാർ വിസ്തരിച്ച സമ്പ്രദായത്തെപ്പററി അൽപം പറയാൻ ഞാനാഗ്രഹിക്കുന്നു. ഒരു വിദഗ്ധനായ സാക്ഷി എന്ന നിലക്കാണ് ഇയാളെ സാക്ഷിയായി കൂട്ടിൽ കയററിയത്. അറബി പുസ്തകങ്ങളിൽനിന്ന് ചില ഭാഗങ്ങൾ വായിക്കുകയും പരിഭാഷപ്പെടുത്തുകയുമായിരുന്നു അയാളുടെ കർത്തവ്യം. തറാവീഹിനെപ്പററി ചോദ്യം ചെയ്യുമ്പോൾ പ്രസക്തമായ ഭാഗങ്ങൾ ചൂണ്ടിക്കാട്ടുവാൻ സാക്ഷിയോട് ആവശ്യപ്പെട്ടുകൊണ്ട് അന്യായഭാഗം വക്കീലിന്നുപദേശം നൽകികൊണ്ടിരുന്ന അന്യായഭാഗം ഒന്നാം സാക്ഷിയുടെ (ഇ. കെ. അബൂബക്കർ മുസ്ലിയാർ) സഹോദരൻ തറാവീഹിനെപ്പററിയുള്ള അദ്ധ്യായമുള്ളതും, ബുഖാരിയുടെ മുഴുവൻ ഭാഗവും അടങ്ങിയതാണെന്നു പറഞ്ഞുകൊണ്ട് ഒരു ഗ്രന്ഥം സാക്ഷിക്കു കൊ

KERALA HERITAGE CENTER KALPAKANCHERY

ടുക്കുകയുണ്ടായി. പക്ഷെ അതു കള്ളമാണെന്നു തെളിഞ്ഞു. അന്യായഭാഗം വക്കീലിന്നു ഉപദേശം നൽകിയിരുന്ന മതപണ്ഡിതൻമാരെന്നു പറയപ്പെടുന്ന പണ്ഡിതൻമാരുടെ നിരാശാവസ്ഥ ഇതിൽനിന്നു ഒരാൾക്കു നല്ലവണ്ണം മനസ്സിലാക്കാം.'' വലിഞ്ഞു കയറിവന്ന വക്കീലിന്റെ ഉപദേഷ്ടാവിന്നു ഒരു ജഡ്ജിയിൽനിന്നു കിട്ടിയ സർട്ടിഫിക്കററാണിത്. സുന്നി പണ്ഡിതന്മാർ എവിടെവെച്ചും എന്തും ചെയ്യാനും പറയാനും മടിക്കാത്തവരാണെന്നു ഇതിൽനിന്നു വ്യക്തമാകുന്നു.

ഫാത്തിമ ബീവിയെ കാഫിറാക്കുന്നു.

പ്രതിഭാഗം വക്കീൽ, സാക്ഷി വിസ്താരത്തിൽ കെ. കെ.യോട് ഇങ്ങനെ ചോദിച്ചു. മുഹമ്മദ് നബിക്ക് ''നീ നിന്റെ കുടുംബക്കാരെ മുന്നറിയിപ്പു നൽകുക'' എന്ന ഖുർആൻവാക്യം ഇറങ്ങിയപ്പോൾ അദ്ദേഹം ഓരോ ഗോത്രത്തേയും വിളിച്ച് 'നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ സ്വന്തം രക്ഷിക്കുക. നാളെ പരലോകത്തു അല്ലാഹുവിൽനിന്ന് രക്ഷിക്കാൻ എനിക്കു കഴിയുകയില്ല' എന്നു പറഞ്ഞിട്ടില്ലേ? ഉത്തരം: അതേ. അതു അവിശ്വാസികളെ രക്ഷിക്കാൻ കഴിയില്ല എന്നാണ്. (ദുർവ്യാഖ്യാനമാണീ ഉത്തരം). ചോദ്യം:– എന്നാൽ നബിയുടെ പുത്രി ഫാത്തിമയോടും അപ്രകാരം പറഞ്ഞിട്ടില്ലേ? ഉ:– അന്നു ഫാത്തിമ കാഫിറായിരുന്നു. (നഊദുബില്ലാഹ്) നോക്കുക. തങ്ങളുന്നയിക്കുന്ന വാദം ന്യായീകരിക്കാൻ ശ്രമിക്കുന്ന വേളയിൽ പ്രവാചകരുടെ പുത്രി ഫാത്തിമബീവി(റ)യെപോലും കാഫിറാക്കാൻ മുതിരുന്ന കൽസിത ബുദ്ധി!?

ജനസമ്മതി നേടിയ
ഒരു വാഷിങ്ങ് സോപ്പ്

ഫോൺ : 60283
പനാമ സോപ്പ് വർക്ക്സ്
കക്കോടി, കോഴിക്കോട് – 673 611

KERALA HERITAGE CENTER KALPAKANCHERY

"ചരിത്രത്തിലുള്ള സുന്നീ പാണ്ഡിത്യം"

കെ. കെ. അബൂബക്കർ മുസ്‌ലിയാരോട് പ്രതിഭാഗം വക്കീൽ ചോദിച്ചു. നബിയുടെ കാലത്തു നാലു മദ്ഹബുകളുണ്ടോ? ഉത്തരം: ഉണ്ട്. ചോ: മുസ്‌ലിംകളുടെയിടയിൽ ശിയാ എന്ന വിഭാഗം ഉണ്ടോ? ഉ: ഉണ്ട്. ചോ: അവർ നബിക്കുശേഷം എത്ര വർഷത്തിന്നിടയിലാണ് ഉൽഭവിച്ചത്? ഉ: നബിക്കുശേഷം 500 കൊല്ലങ്ങൾക്ക് ശേഷം. ചോ: അലിക്കു അധികാരം കിട്ടണമെന്നു വാദിച്ചവരല്ലെ ശിയാക്കൾ? ഉ: അതെ. ചോ: ഖുർആനിന്നും നബിചര്യക്കും എതിരായി വല്ല ഇമാമും പറഞ്ഞിട്ടുണ്ടെങ്കിൽ ആയത്തിലും ഹദീസിലും പറഞ്ഞതോ, അതോ ഇമാം പറഞ്ഞതോ സ്വീകരിക്കുക? ഉത്തരം: ഇമാം പറഞ്ഞതാണ് ഞങ്ങൾ സ്വീകരിക്കുക. ആയത്തിലും ഹദീസിലും പറഞ്ഞതല്ല. ചോദ്യം: റാസി പ്രമുഖ സുന്നി പണ്ഡിതനാണോ? ഉ: അതെ. ചോ: ആയത്തിനും ഹദീസിനും എതിരായി ഇമാം പറയുന്നത് സ്വീകരിക്കൽ ഒരു സുഖക്കേടാണെന്നു റാസി പറഞ്ഞിട്ടുണ്ടോ? ഉ: റാസി അങ്ങിനെ പറഞ്ഞിട്ടില്ല. ആയത്തു സ്വീകരിക്കാത്തതിനെപ്പററി ആക്ഷേപിച്ചു പറഞ്ഞിട്ടുണ്ട്.

വഹാബി എന്നു പേരിട്ടത് ആർ?

വഹാബി എന്നു പേർ സമസ്തക്കാരിട്ടതാണെന്നു കെ. കെ. കോടതിയിൽ തെളിവു കൊടുത്തു. സമസ്തയുടെ വൈ: പ്രസി: സദഖത്തുള്ള എഴുതിയ ലേഖനത്തിലാണീക്കാര്യം പറഞ്ഞിട്ടുള്ളതെന്നും കെ. കെ. പറയുകയുണ്ടായി. അത് കോടതിയിൽ വായിച്ചു. അതിപ്രകാരമാണ്: "ഓരോ കക്ഷിയും പിരിയുമ്പോൾ സുന്നികൾ അവർക്കു ഓരോ പേർ നൽകുന്നു. അതിൽ പെട്ടതാണ് വഹാബി മൗദൂദികൾ എന്നുള്ളതിൽ സംശയമില്ല. സന്താനങ്ങൾക്ക് പേരിടാനുള്ള അധികാരം മാതാപിതാക്കൾക്കുള്ളതുപോലെ സുന്നികളിൽനിന്നു പിരിയുന്നവർക്കു പേരിടാനുള്ള അധികാരം സുന്നികൾക്കുണ്ട്."

പഠനാർഹമായ വിധിന്യായം.

സുന്നികളെന്നവകാശപ്പെടുന്ന അന്യായവാദക്കാർക്കും പണ്ഡിത വേഷം കെട്ടി സാധാരണക്കാരെ ചൂഷണം ചെയ്യുന്ന യാഥാസ്ഥിക പൗരോഹിത്യത്തിന്നുമെതിരിലും ആഞ്ഞടിച്ച ഒരു കൊടുങ്കാററും ഇടിവാളും ദൈവീകശിക്ഷയുമായിരുന്നു ന്യായാധിപൻെറ വിധിന്യായമെന്നത് താഴെ പറയുന്ന സുപ്രധാനങ്ങളായ ഉദ്ധരണികളിൽനിന്ന് വായനക്കാർക്ക് ബോധ്യപ്പെടുന്നതാണ്. ഈ വിധിന്യായം പഠനാർഹവും സത്യത്തിൻെറ ഉയർത്തെഴുന്നേൽപും കേരളാ ഇസ്‌ലാഹി പ്രസ്ഥാന പ്രവർത്തകരുടെ സത്യത്തിൻെറ അംഗീകാരവുമാണെന്നതിന്നും ഒട്ടും സംശയമില്ല. കൂർമ്മബുദ്ധിമാനും യുവാവും ധാർമ്മികബോധവുമുള്ള ജഡ്ജി ശ്രീ. എം. ശേഖരൻ 1959 ഫെബ്രുവരി 27 വെള്ളിയാഴ്ച കോടതിയിൽ വായിച്ച വിധിന്യായത്തിൻെറ പ്രസക്ത ഭാഗങ്ങളിൽ ചിലത് കാണുക.

"മൊയ്തീൻകുട്ടി മൊല്ല വഹാബിയാ ഖാദിയാനിയാ ആയിരുന്നുവെന്നാണ് അന്യായത്തിൽ പറഞ്ഞിട്ടുള്ളത്. ഇത് വഹാബികളും ഖാദിയാനികളും

KERALA HERITAGE CENTER KALPAKANCHERY

തമ്മിലുള്ള വ്യത്യാസം അന്യായക്കാരനു തന്നെ മനസ്സിലായിട്ടില്ലെന്നു തെളി യുന്നു '' ''ഇ. കെ. അബൂബക്കർ മുസ്‌ലിയാർ നബിയേയും നബിയുടെ കഴിവുകളേയും നിസ്സാരമാക്കുന്നവരെ മതത്തിൽനിന്നു പുറംതള്ളേണ്ടതാണെന്നു പറയുന്നു. തെളിവ് 24-ാം പേജിൽ നബിയെ ദൈവസൃഷ്ടികളിൽ വെച്ച് അത്യുത്തമനാണെന്നു എല്ലാ മുസ്‌ലിംകളും സമ്മതിക്കുന്നുണ്ടെന്നു അയാൾ പറഞ്ഞിട്ടുണ്ട്. (എന്നാൽ) ഖുർആനിൽനിന്നു ചില ഉദ്ധരണികൾ ആവശ്യപ്പെട്ടപ്പോൾ സൂറ:41 ആയത്ത് 6ൽ ''നിങ്ങളുടെ ദൈവം ഏകനാണെന്നു പഠിപ്പിക്കാൻ നിയുക്തനായ മറ്റെതൊരു പ്രവാചകനെപ്പോലെയുള്ള ആ പ്രവാചകൻ തന്നെയാണ് നബിയും'' എന്നു പറഞ്ഞിട്ടുണ്ടെന്നു അയാൾ സമ്മതിക്കേണ്ടി വന്നു. അന്യായഭാഗം 3-ാം സാക്ഷി (കെ. കെ.) ഈ വ്യാഖ്യാനത്തോട് യോജിക്കുന്നുണ്ട്. നബിയും നമ്മെപ്പോലെ ഒരു മനുഷ്യനാണെന്നും വഹ്‌യ് മൂലം ദൈവം ഏകനാണെന്നു പ്രചരിപ്പിക്കുവാനുള്ള അധികാരം ലഭിച്ചതും വഹ്‌യ്മൂലം മറ്റെല്ലാ സൃഷ്ടികളേക്കാളും നബിയെ ഉയർത്തിയതുമാണ് വ്യത്യാസമുള്ളതെന്നും നബി തന്നെ സമ്മതിച്ചതായി മുൻപ്രസ്താവിച്ച ഖുർആൻ വചനങ്ങളിൽനിന്നു സംശയാതീതമായി തെളിയുന്നുണ്ട്. ആ ദിവ്യബോധനത്താൽ അദ്ദേഹം ദൈവ സൃഷ്ടികളിൽ ഏററവും ശ്രേഷ്ഠനും ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയുമായിത്തീർന്നു. പക്ഷെ അനശ്വരനാണെന്നു അതിനർത്ഥമില്ല. അല്ലാഹുവിനാൽ തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ട് അല്ലാഹുവുമായി ഏററവും അടുത്തു നിൽക്കുന്നു വെന്നതാണ് സാധരണക്കാർക്കും സമുന്നതനായ പ്രവാചകന്നുമിടയിലുള്ള വ്യത്യാസം. ഈ സംഗതിയെ നിഷേധിക്കാത്ത കാലത്തോളം മുഹമ്മദുനബി അൽഭുത കൃത്യങ്ങൾ കാണിച്ചത് അല്ലാഹുവിൻെറ സഹായത്തോടു കൂടിയാണെന്നു പറയുന്നതു കൊണ്ട് നബിയുടെ നബിത്വത്തെ നിസ്സാരമാക്കുകയാണെന്ന വാദത്തിനു ഞാനൊരർത്ഥവും കാണുന്നില്ല.''

മഹാന്മാരുടെ നേർച്ച, മരിച്ചവരോടും ശുഹദാക്കളോടും ഔലിയാക്കളോടുമുള്ള സഹായം തേടലിനെക്കുറിച്ചു ഇ. കെ.ക്കും കെ. കെ.ക്കും പല യാഥാർത്ഥ്യങ്ങളും കോടതിയിൽ തുറന്നു പറയേണ്ടി വന്നു. അതിന്നു വ്യക്തമാ

മുജാഹിദ് സമ്മേളനത്തിന്ന് ആശംസകൾ:

ഫോൺ : 75647

പക്കർകോയ

കോൺട്രാക്ടർ

പുതിയ പാലം :: കോഴിക്കോട് - 673 002

പന്തൽ. സ്റേറജ്, ഗാലറി, എന്നീ പ്രവൃത്തികൾക്കും, മേശ, കസേല, താർപായ മുതലായ സാധനങ്ങൾ വാടകക്കും ഞങ്ങളെ സമീപിക്കുക.

KERALA HERITAGE CENTER KALPAKANCHERY

യൊരു ഉദാഹരണമാണ് ജഡ്ജിയുടെ വിധി:— ''ഇബ്നുഹജറിൻെറ അൽഇഅ്ലാം 169–ാം പേജിൽ നിന്നൊരു ഭാഗത്തിൻെറ അർത്ഥം പറയാൻ അയാളോട് (കെ. കെ. യോട്) ആവശ്യപ്പെട്ടപ്പോൾ അല്ലാഹുവിൻെറയും മനുഷ്യൻെറയുമിടയിൽ മദ്ധ്യവർത്തികളെ സ്വീകരിക്കുന്ന മനുഷ്യൻ മതത്തിൽനിന്നു പുറത്തുപോകുന്നതാണെന്നു പറഞ്ഞു. ഖുർആനിലെ സൂറത്തു 5 (മാഇദ) 116, 117, 118 എന്നീ ആയത്തുകളിൽ അല്ലാഹുവിനെയല്ലാതെ മററാരേയും ആരാധിക്കുന്നത് തെററാണെന്നു വ്യക്തമായിട്ടുള്ളതായി സാക്ഷി അയാളുടെ തെളിവിൻെറ 32-ാം പേജിൽ സമ്മതിച്ചിട്ടുണ്ട്. ബുഖാരി വാള്യം 11, പേജ് 490, 491 ഉദ്ധരിച്ചുകൊണ്ട് അല്ലാഹുവിൻെറ ശാസനക്കെതിരായ നേർച്ച വിരോധിക്കപ്പെട്ടതാണെന്നു ഈ സാക്ഷി സമ്മതിക്കുന്നു. റാസി വാള്യം 4, പേജ് 819ൽ ബിംബാരാധനയെപ്പററി പ്രതിപാദിക്കുന്നുവെന്നും ആ വ്യാഖ്യാതാവിൻെറ അഭിപ്രായത്തിൽ ഖബറുങ്ങൽ നടത്തുന്ന ആരാധനയും ബിംബാരാധനയെപ്പോലെ കരുതണമെന്നാണെന്നും സാക്ഷി പറയുന്നു. ബിംബാരാധനയെ ഇസ്ലാം പ്രോൽസാഹിപ്പിക്കുകയില്ലെന്നു പരക്കെ ബോധ്യമായ സംഗതിയാണ്. അന്യായഭാഗം ഒന്നും മൂന്നും സാക്ഷികളുടെ (ഇ. കെ.യും കെ. കെ.യും) തെളിവുകൊണ്ടു തന്നെ വല്ലവരും ദൈവത്തിനും മനുഷ്യന്നുമിടയിൽ ഇടയാളികളെ കൽപിച്ചാൽ അവൻ ഇസ്ലാമിൽനിന്ന് പുറത്താണ്. ഈ സാക്ഷികളുടെ അഭിപ്രായത്തിൽ മരിച്ചവരോടും ശുഹദാക്കളോടും ഔലിയാക്കളോടുമെല്ലാം പ്രാർത്ഥിക്കുന്നത് ന്യായവിചാരണ ദിവസം അവർ അല്ലാഹുവിനോട് ശുപാർശ ചെയ്യാൻ വേണ്ടിയാണ്. (എന്നാൽ) അവർക്കു ശുപാർശക്കുള്ള അധികാരമില്ലെങ്കിൽ ഇതെല്ലാം നിർബ്ബന്ധമാണെന്നോ മതത്തിൻെറ അടിസ്ഥാന തത്വങ്ങളാണെന്നോ പറയുവാൻ പാടുള്ളതല്ല.''

ഇത്രയും കാര്യങ്ങൾ ജഡ്ജി വായിച്ചശേഷം സൂറത്തു ബഖറയിലെ ആയത്തുൽ ഖുർസിയ്യ്; അഅ്റാഫിലെ 194 മുതൽ 197 വരെയുള്ള ആയത്തുകൾ, സൂറ: കഹ്ഫിലെ 110–ാം ആയത്ത്, സൂ: റൂമിലെ 52–ാം ആയത്ത് സൂറ: ഫാത്വിറിലെ 22–ാം ആയത്ത് എന്നിവയുടെ നേർക്കുനേരെയുള്ള പരിഭാഷകൾ ഗൗരവസ്വരത്തിൽ വായിച്ച ശേഷം ഇപ്രകാരം തുടർന്നു പറഞ്ഞു: ''ഇതിൽനിന്നെല്ലാം അല്ലാഹുവിനെ കൂടാതെ നാം ആരോടും പ്രാർത്ഥിക്കരുതെന്നും മരിച്ചുപോയവർക്കു കേൾക്കുവാനോ കാണുവാനോ സാധിക്കയില്ലെന്നും ഖുർആനിൽ കൽപിച്ചിട്ടുണ്ടെന്നു ധാരാളം വ്യക്തമാകുന്നതാണ്''. ''മരിച്ചുപോയവരോട് പ്രാർത്ഥിക്കാത്തതിൻെറയോ ശ്മശാനത്തിങ്കൽ പ്രാർത്ഥന നടത്താത്തതിൻെറയോ ശുഹദാക്കൾക്കു നേർച്ച കഴിക്കാത്തതിൻെറയോ, മഹാത്മാക്കളുടെ സഹായത്തിന്നപേക്ഷിക്കാത്തതിൻെറയോ പേരിൽ ഒരാൾ മുസ്ലിമല്ലാതാകുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. പക്ഷെ ദൈവത്തിന്നും മനുഷ്യനുമിടയിൽ മധ്യവർത്തിയെ നിശ്ചയിക്കുന്നവൻ മതത്തിൽനിന്നു പുറത്താണ്. അതിനാൽ മരണപ്പെട്ടവരോട് പ്രാർത്ഥിക്കാത്തത്കൊണ്ടോ നേർച്ച കഴിക്കാത്തത്കൊണ്ടോ പ്രതികളിൽ കുററം കാണുവാൻ ഒരാൾക്കും സാധ്യമല്ല''.

KERALA HERITAGE CENTER KALPAKANCHERY

രേഖകൾ മുമ്പിൽവെച്ചപ്പോൾ നേര പറയാൻ കഴിയാതെവന്ന അന്യായഭാഗം സാക്ഷികൾ (ഇ. കെ യും കെ. കെ. യും) പല യാഥാർത്ഥ്യങ്ങളും പരസ്യമായി സമ്മതിക്കേണ്ടിവന്നു. അതിനിടയിൽ പരസ്പര വൈരുദ്ധ്യങ്ങൾ വിളമ്പേണ്ടിയും വന്നു. അതിനെ അൽപം നർമ്മരസത്തോടെ ജഡ്ജി കളിയാക്കിയത് കാണുക: ''ജീവിച്ചിരിക്കുന്നവർ (മയ്യിത്ത് കൊണ്ടുപോകുമ്പോൾ) കലിമ ചൊല്ലുന്നതും തൽഖീൻ ചൊല്ലുന്നതും മതത്തിൽ നിർബന്ധമാണോ എന്നും ജീവിച്ചിരിക്കുന്നവരുടെ പാരായണം.കൊണ്ട് മരിച്ചവർക്കു വല്ല ഗുണവും കിട്ടുമോ എന്നുമാണ് മൂന്നാമത്തെ ചോദ്യം. ഈ കേസ്സു നടന്നുകൊണ്ടിരിക്കെ കക്ഷികൾ പരസ്പരം ചോദ്യോത്തരങ്ങൾ കൈമാറിയിട്ടുണ്ടെന്നു മുൻഖണ്ഡികയിൽ ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ശറഹ് മുസ്ലിം വാല്യം 2. പേജ് 41ൽ നിന്നൊരു ഭാഗം തർജ്ജമ ചെയ്യാൻ അയാളോട് (ഒന്നാം സാക്ഷി ഇ. കെ. അബൂബക്കർ മുസ്ലിയാർ) ആവശ്യപ്പെട്ടു. ഒരാളുടെ ഖുർആൻ പാരായണംകൊണ്ട് മരിച്ചുപോയവർക്ക് ഒരു ഗുണവും കിട്ടുകയില്ലെന്നു അതിൽ പറഞ്ഞിട്ടില്ല എന്നാണയാൾ ആദ്യം പറഞ്ഞത്. പക്ഷെ പദാനുപദം അർത്ഥം പറയാനാവശ്യപ്പെട്ടപ്പോൾ ഒരാൾ ഖുർആൻ ഓതുന്നത്കൊണ്ട് മറ്റൊരാൾക്കു ഗുണം കിട്ടുകയില്ലെന്നാണ് പ്രാമാണികൻമാരായ എല്ലാവരുടേയും അഭിപ്രായമെന്ന് അതിൽ പ്രസ്താവിച്ചിരിക്കുന്നതായി സാക്ഷി സമ്മതിച്ചു''.

''രണ്ടാമത്തെ 'വിദഗ്ധനായ' അന്യായഭാഗം 3-ാം സാക്ഷി (കെ. കെ.) കലിമ പതുങ്ങിയ സ്വരത്തിൽ ചൊല്ലേണമെന്നു പറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. പക്ഷെ ഫത്താവൽ കുബ്റാ വാല്യം 2. പേജ് 31ൽ നിന്നു ഒരു ഭാഗം പരിഭാഷപ്പെടുത്താൻ ആവശ്യപ്പെട്ടു. തെറ്റായ അർത്ഥം കിട്ടുന്നതിനാൽ പദാനുപദം പരിഭാഷപ്പെടുത്തുവാൻ തനിക്ക് പാടില്ലെന്ന അയാൾ പറഞ്ഞു''. (!) ''ശറഹു മുസ്ലിം വാല്യം 2. പേജ് 41 സാക്ഷിക്കു കാണിച്ചുകൊടുത്തു. കോടതിയിൽ ബോധിപ്പിച്ച കയ്പീത്തിൽ 38-ാം പേജിൽ കാണുന്ന മൊഴിയിൽ നിന്നും ഈ സാക്ഷി ഒരു കരണം മറിച്ചിലിന്നു ശ്രമിക്കുകയായിരുന്നുവെന്ന് കാണുന്നു. അയാൾ ചോദ്യങ്ങൾക്കു ഉത്തരം നൽകിയ രീതികൊണ്ട് തന്നെ ഗ്രന്ഥത്തിൽ പറയാത്ത സംഗതികൾ സ്ഥാപിക്കുകയും സ്വന്തം ഭാവ

With Best Compliments From:

★ **HAJI SONS** ★

BALUSSERY

THE BEST KNOWN AMOUG THE KNOWN BEST.

For ALL KINDS OF TEXTILE GOODS And READYMADES.

Authorised Dealers : AYSA BANIANS

KERALA HERITAGE CENTER KALPAKANCHERY

നക്കൊത്ത വിധത്തിൽ ആ ഭാഗം തർജ്ജമ ചെയ്യുകയാണെന്നു എനിക്കു മനസ്സിലാകുന്നുണ്ട്''.

ഹ ഭലേഭേഷ്! ലോകവും കോടതിയും നിലനിൽക്കുന്നേടത്തോളം കാലം ഈ പണ്ഡിതൻെറ കള്ളമൊഴിയും അതു കണ്ടുപിടിച്ചു പുറത്തുകൊണ്ടുവന്ന ജഡ്ജിയുടെ ന്യായവിധിയും കോടതിയിൽ ഒരു രേഖയായി നിലകൊള്ളുമല്ലോ! സത്യത്തിൻെറ വിജയം! അൽഹംദുലില്ലാഹ്.

മുത്തനൂർ പള്ളിക്കേസും വിധിയും കഴിഞ്ഞ് വർഷങ്ങൾ എത്ര പിന്നിട്ടിട്ടും ഇന്നും സുന്നികളെന്നു പറയുന്ന യാഥാസ്ഥിതിക പണ്ഡിതന്മാർ പറയാൻ വെറുക്കുന്ന ഒരു യാഥാർത്ഥ്യം ഒരമുസ്‌ലിമായ ജഡ്ജി തൻെറ വിധിന്യായത്തിൽ പറഞ്ഞതുകൂടി ശ്രദ്ധിക്കുക. ''പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ നമുക്കു ആവശ്യമായും ഖുർആൻ തന്നെ നോക്കേണ്ടതുണ്ട്. സൂറ: 35 ആയത്ത് 38 മുതൽ 41 കൂടിയവ ഇതിനെസ്സംബന്ധിച്ചു ചില തെളിവുകൾ നൽകുന്നുണ്ട്. പ്രസക്തമായ ആയത്തുകൾ ഇപ്രകാരമാണ്. 'അതായത്, ഭാരങ്ങൾ വഹിക്കുന്നവന് മറ്റൊരാളുടെ ഭാരംകൂടി വഹിക്കാൻ സാധിക്കുന്നതല്ല. മനുഷ്യൻ എന്തു പ്രവർത്തിച്ചുവോ അതല്ലാതെ അവനു മറ്റൊന്നുമുണ്ടായിരിക്കയില്ല അവൻെറ പരിശ്രമം (പ്രതിഫലം) വേഗത്തിൽ കണ്ടെത്തുന്നതാണ്. അപ്പോൾ പരിപൂർണ്ണമായ പ്രതിഫലം അവന് പ്രതിഫലമായി നൽകപ്പെടുന്നതാണ്''. ഇതിൽനിന്നു മനുഷ്യൻെറ ആദ്ധ്യാത്മിക ഭാരം അതായത്, അവൻെറ പാപത്തിൻെറ ഉത്തരവാദിത്വം വഹിക്കേണ്ടത് അവനല്ലാതെ മററാരുമല്ലെന്നു വ്യക്തമാകുന്നു. മറെറാരു വിധത്തിൽ പകരത്തിന്നൊരാളെ നിയമിക്കുക സാധ്യമല്ല. ഒരാൾ ചെയ്ത പാപങ്ങൾക്കു അയാൾ തന്നെയാണുത്തരവാദിയെന്നും അവൻെറ പ്രവൃത്തികൊണ്ട് മാത്രമേ അതിന്നൊരു ഭേദഗതി വരുത്താൻ കഴിയുകയുള്ളുവെന്നും ഖുർആൻകൊണ്ടു വ്യക്തമാകുമ്പോൾ ഒരാൾ അതിൽനിന്നു തിരിഞ്ഞുനിന്നുകൊണ്ട് കലിമ ചൊല്ലലും, തൽഖീൻ ഓത്തും, മരിച്ചവർക്കു ചില ഗുണം ചെയ്യുമെന്നു പറയുവാൻ നിവൃത്തി കാണുന്നില്ല.''

വെള്ളിയാഴ്ച നടത്തപ്പെടുന്ന ജുമുഅ ഖുത്തുബയെക്കുറിച്ചു അന്യായഭാഗം മൂന്നാംസാക്ഷി (കെ. കെ.) തെളിവു കൊടുത്തതിനെപ്പററി ജഡ്ജി പറയുന്നു:- ''സാക്ഷി അയാളുടെ തെളിവ് 40_ാം പേജിൽ ഇങ്ങനെ പറയുന്നു 'ഖുത്തുബക്കു പ്രസംഗമെന്നർത്ഥമില്ല. ഖുത്തുബ: എന്ന പദത്തിന്ന് രണ്ടർത്ഥമുണ്ട്. ഒന്ന് പ്രസംഗം. രണ്ട് ഉപചാരം. നമസ്കാര സമയത്തു നാം കഅബയെ അഭിമുഖീകരിക്കുന്നു. ഖുത്തുബ:യിൽ എതിർഭാഗത്തെ അഭിമുഖീകരിച്ചു കൊണ്ടാണ് അതു നിർവ്വഹിക്കുക. ജനങ്ങളെ അഭിമുഖീകരിക്കുവാനാണങ്ങിനെ ചെയ്യുന്നത്. പ്രധാന സംഭവങ്ങൾ ജനങ്ങളെ ഗ്രഹിപ്പിക്കുവാൻ ഉദ്ദേശിക്കപ്പെട്ടതല്ല ഖുത്തുബ; അത് ഒരാരാധനയാണ്. ഖുത്തുബയുടെ സമയത്ത് ഇമാം രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ കാര്യങ്ങളെ സ്പർശിച്ചു സംസാരിക്കാറുണ്ടെന്നു അയാൾ തുടർന്നു പറഞ്ഞു. അതെങ്ങിനെയാണ് ഒരാരാധനയാകുക? ആർക്കെങ്കിലും മനസ്സിലാക്കുവാൻ സാ

KERALA HERITAGE CENTER KALPAKANCHERY

ധിക്കുമെന്നു തോന്നുന്നില്ല. മുസ്ലിംകൾ കഅബയുടെ നേരെ നോക്കിക്കൊണ്ടാണ് പ്രാർത്ഥന നടത്തുക എന്നത് സ്ഥാപിക്കപ്പെട്ട ഒരു പരമാർത്ഥമാണ്. ആ ഭാഗത്തേക്കു മുഖം തിരിക്കാതെ അവനൊരു പ്രാർത്ഥനയില്ല. എതിർഭാഗത്തെ നോക്കിക്കൊണ്ട് എങ്ങിനെയാണ് ഒരാരാധനയുണ്ടാകുക? രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ വിഷയങ്ങൾ അങ്ങിനെയുള്ള ഒരാരാധനയിൽ എങ്ങിനെയാണ് ശരിക്കും ഉൾക്കൊള്ളിക്കാൻ സാധിക്കുക? അതെനിക്കു മനസ്സിലാകുന്നില്ല. 'രാഷ്ട്രീയവും മററും ഞാൻ എതിർ വിസ്താരത്തിൽ പറഞ്ഞത് നബിയുടെ കാലത്തു അറേബ്യയിലുണ്ടായിരുന്ന സംഗതികളെപ്പററിയായിരുന്നു' വെന്നു പറഞ്ഞുകൊണ്ട് ആദ്യ പ്രസ്താവനയെ രണ്ടാം വിസ്താരത്തിൽ ഒന്നു മിനുക്കിക്കിട്ടുവാൻ സാക്ഷി ശ്രമിക്കുകയുണ്ടായി. തള്ളപ്പെടുവാൻ വേണ്ടി മാത്രം നൽകിയ ഒരു വിവരമാണത്.''

(പാമര ജനങ്ങളെ വഞ്ചിച്ച് തഴക്കവും പഴക്കവും വന്ന ഈ പണ്ഡിതനെന്നവകാശപ്പെടുന്ന സാക്ഷി, കോടതിയെ വഞ്ചിക്കാനുള്ള ശ്രമമാണിവിടെ തകർന്നുതരിപ്പണമായത്.') ജഡ്ജി തുടരുന്നു:— ''കേരളത്തിലെ ഭൂരിഭാഗം മുസ്ലിംകൾ അറബി ഭാഷയിൽ പരിജ്ഞാനമില്ലാത്തവരാണെന്നു പൊതുവെ അറിയാവുന്നതാണ്. അറബിയിൽ ഒരുപദേശം നൽകുകവഴി എന്തൊരുദ്ദേശമാണ് സാധിക്കുക എന്ന് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഉപദേശം ജുമുഅക്കു വന്നവർ മനസ്സിലാക്കാൻ ഉദ്ദേശിക്കപ്പെട്ടതല്ലെന്നു 'വിദഗ്ധനായ' സാക്ഷി പറഞ്ഞപ്പോഴാണ് പൂച്ച പുറത്തുചാടിയത്.'' ''എൻെറ അഭിപ്രായത്തിൽ പരിശുദ്ധ ഗ്രന്ഥത്തിൽ നിന്നോ പണ്ഡിതൻമാരുടെ കിത്താബുകളിൽനിന്നോ ഖുത്തുബയുടെ ഉപദേശ ഭാഗവും അറബിയിൽ തന്നെയായിരിക്കണമെന്നു വ്യക്തമാക്കുന്ന പ്രമാണിക്കത്തക്ക ഒരു പ്രസ്താവനപോലും ചൂണ്ടിക്കാട്ടുവാൻ അന്യായഭാഗക്കാരനു സാധിച്ചിട്ടില്ല''. (എങ്ങിനെ സാധിക്കും? കിത്താബായ കിത്താബുകളെല്ലാം 'സമസ്ത' വാദത്തിന്നെതിരാകുമ്പോൾ?!)

കേരളത്തിലെ പ്രഗൽഭനായ 'പണ്ഡിത സൂര്യനു' ജഡ്ജിയിൽനിന്നു കിട്ടിയ മറെറാരു സർട്ടിഫിക്കററ് കാണുക:— ''ഒരു സുന്നിക്കു സ്വന്തമായി ഒരു പള്ളി വേണമെന്നും അവൻ മററുള്ളവരെ പള്ളിയിൽ പ്രവേശിക്കുവാൻ അനുവദിക്കയില്ലെന്നും ഒരഭിപ്രായം പ്രകടിപ്പിക്കുവാൻ എന്തൊരർഹതയാണുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അന്യായഭാഗം ഒന്നാം സാക്ഷി (ഇ. കെ.) അങ്ങിനെ വല്ലവിധിയും കൊടുത്തിട്ടുണ്ടെങ്കിൽപോലും അതു മററുള്ളവർക്കു ബാധകമാകുന്നതല്ല. അത്തരത്തിലുള്ള ഒരു തീരുമാനമെടുക്കാൻ അയാൾ അയോഗ്യനാണെന്നു മാത്രമല്ല, ആ തീരുമാനം സ്വാർത്ഥ താൽപര്യ പരിരക്ഷണത്തിന്നു കൂടിയുള്ളതാകുന്നു.''

''മുഹമ്മദു നബിയുടെ കാലത്തു അറേബ്യയിലെ കുറേ ക്രിസ്ത്യാനികൾ നബി താമസിച്ചിരുന്ന പള്ളിയിൽ ചെന്നുവെന്നും അവരുടെ പ്രാർത്ഥനയുടെ സമയമായപ്പോൾ പരിശുദ്ധ പ്രവാചകൻ അദ്ദേഹത്തിൻെറ ക്രിസ്തീയ സഹോദരൻമാരെ,—അഥവാ—സന്ദർശകൻമാരെ അവരുടെ ആചാരപ്രകാരംതന്നെ ആ പള്ളിയിൽവെച്ചു പ്രാർത്ഥന

KERALA HERITAGE CENTER
KALPAKANCHERY

നടത്താൻ അനുവദിച്ചുവെന്നതും ചരിത്രം രേഖപ്പെടുത്തിയത് ഓർമ്മിക്കുന്നത് പ്രയോജനകരമായ രിക്കും. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദൂതൻ കാണിച്ചിട്ടുള്ള ഹൃദയവിശാലതയാണിത്''.

വടി കൊടുത്തു അടി വാങ്ങി.

പ്രവാചകൻമാരുടെ മാതൃക സ്വീകരിച്ചു ശാന്തമായി ഇസ്ലാമിക പ്രബോധനമാരംഭിച്ച മുജാഹിദുകളെ കോടതി കയററി വഷളാക്കാനും അവർക്കെതിരിൽ 'ഒരു വിധി' കിട്ടാനും അതുമുഖേന മുസ്ലിം സമൂഹത്തെ നിരന്തരം ചൂഷണം ചെയ്യാനും ശ്രമിച്ച യാഥാസ്ഥികൻമാർ സ്വയം വടി കൊടുത്തു അടി വാങ്ങുകയായിരുന്നു. ഈ കേസ്സു മുഖേന കോടതിയുടെ വിലയേറിയ സമയം പാഴാക്കിച്ചുവെന്നു ജഡ്ജി തന്റെ വിധിന്യായത്തിൽ പറയുന്നു. പക്ഷെ അതു മുജാഹിദുകൾക്കും സത്യത്തിന്റെ അനുയായികൾക്കും വളരെ വിലപിടിപ്പുള്ളതു തന്നെയായിരുന്നു. ഈ കേസ്സ് ഇത്രയും നീട്ടിക്കൊണ്ടു പോകാൻ ആഗ്രഹിച്ചത് അന്യായ വിഭാഗക്കാരായ സുന്നികളായിരുന്നു. ഇതിനെപ്പററി ജഡ്ജി പറഞ്ഞത് സ്മരണീയമാണ്. ''പ്രതിഭാഗം വക്കീൽ എൻ. പി. രാമസ്വാമി അയ്യർ റിക്കാർഡിലുള്ള തെളിവനുസരിച്ചു കേസ്സു വാദിക്കാൻ തയ്യാറാണെന്നു അഭിപ്രായം ആരംഭത്തിൽതന്നെ ഒരു നേരംപോക്കെന്നോണം പ്രകടിപ്പിക്കുകയുണ്ടായി. പക്ഷെ, അതു അന്യായക്കാരൻ സ്വീകരിക്കാതിരിക്കുകയും 200 ഓളം ഫുൾസ്കേപ്പ് പേജുകളുള്ള മൊഴികൾ ഞാൻ രേഖപ്പെടുത്തേണ്ടി വരികയും ചെയ്തു.'' 'വിചാരണയുടെ ഒന്നാം ദിവസംതന്നെ അന്യായക്കാരൻ ഇക്കാര്യം ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഈ കോടതിക്കു ഈ ദീർഘിച്ച മൊഴികൾ രേഖപ്പെടുത്തേണ്ടി വരികയില്ലായിരുന്നു. ഈ കോടതിയിൽ നിലവിലുള്ള മററു കേസ്സുകൾ തീരുമാനിക്കുന്നതിനായി സമയം വിനിയോഗിക്കുകയും ചെയ്യാമായിരുന്നു.'' (പക്ഷെ, സത്യത്തിന്റെ വാഹകർക്ക് അല്ലാഹു ഒരു നന്മ ചെയ്യാനുദ്ദേശിച്ചത് ആർക്കെങ്കിലും തടുക്കാൻ കഴിയുമോ?)

31 ദിവസം വിചാരണതന്നെ നീണ്ടുനിന്ന സുദീർഘമായ ഈ കേസ്സിന്റെ വിധിന്യായത്തിലെ അതിപ്രസക്തമായ ഭാഗങ്ങൾ മാത്രമാണ് വായനക്കാരുടെ മുമ്പിൽ ഇതുവരെ നിരത്തിവെച്ചത്. ലേഖനം വളരെ ദീർഘിച്ചുപോയി. ഒരു ഹിന്ദുമതവിശ്വാസിയായ ജഡ്ജിയുടെ ജഡ്ജ്മെൻറിന്റെ അവസാനഭാഗം നമ്മെസ്സംബന്ധിച്ചിടത്തോളം അതിപ്രധാന്യമർഹിക്കുന്ന ഒന്നായതിനാൽ അതുകൂടി ഉദ്ധരിച്ചു ചുരുക്കുകയാണ്. ''പരിശുദ്ധ ഖുർആനിലെ ചില പ്രധാന ഭാഗങ്ങളിൽ കൂടിയും ഇസ്ലാമിക തത്വങ്ങളെസ്സംബന്ധിച്ചുള്ള കുറെ വ്യാഖ്യാനങ്ങളിൽ കൂടിയും കടന്നുപോകാനുള്ള ഒരു നല്ല സന്ദർഭമുണ്ടായതിനുശേഷം ആ പരിശുദ്ധ ഖുർആൻ ഉദ്ധരിച്ചുകൊണ്ടുതന്നെ ഈ വിധിന്യായം ഞാൻ ഉപസംഹരിക്കട്ടെയോ?

''ഹേ വിശ്വസിച്ചവരെ, ഭയങ്കര ശിക്ഷയിൽനിന്നു നിങ്ങളെ രക്ഷപ്പെടുത്തുന്നതായ ഒരു കച്ചവടത്തിലേക്കു ഞാൻ നിങ്ങളെ നയിക്കട്ടെയോ? നിങ്ങൾ ദൈവത്തിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും ദൈവമാർഗ്ഗത്തിൽ നിങ്ങളുടെ ധനംകൊണ്ടും ശരീരംകൊണ്ടും നിങ്ങൾ പരിശ്രമിക്കുകയും ചെയ്യുക. നിങ്ങൾ

KERALA HERITAGE CENTER KALPAKANCHERY

അറിവുള്ളവരാണെങ്കിൽ അതാണ് നിങ്ങൾക്കേററവും നല്ലത്. അവൻ നിങ്ങളുടെ പാപങ്ങൾ പൊറുക്കുകയും കീഴ്ഭാഗത്തു നദികൾ പ്രവഹിച്ചുകൊണ്ടിരിക്കുന്ന പൂന്തോട്ടങ്ങളിലും അനശ്വരമായ സ്വർഗ്ഗങ്ങളിലെ രമ്യഹർമ്മ്യങ്ങളിലും നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. വാസ്തവത്തിൽ അതാണ് വളരെ വമ്പിച്ച നേട്ടം. മറെറാന്നുകൂടി (അവൻ നൽകുന്ന അനുഗ്രഹം) അല്ലാഹുവിൽനിന്നുള്ള സഹായവും ശീഘ്രമായ വിജയവുമാകുന്നു. അങ്ങിനെ വിശ്വാസികളെ സന്തോഷവാർത്തയറിയിക്കുക. ഹേ! വിശ്വസിച്ചവരെ, നിങ്ങൾ ദൈവത്തിൻെറ സഹായികളാവുക. മർയമിൻെറ മകൻ യേശു ശിഷ്യൻമാരോട് പറഞ്ഞപോലെ, ദൈവത്തിനു വേണ്ടി എൻെറ സഹായികളായി ആരുണ്ട്? ശിഷ്യൻമാർ പറഞ്ഞു: ഞങ്ങൾ ദൈവത്തിൻെറ സഹായികളാണ്. പിന്നീട് ഇസ്രായീൽ സന്തതികളിൽനിന്ന് ഒരു വിഭാഗം വിശ്വസിക്കുകയും ഒരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നാൽ വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിന് എതിരായി നാം ശക്തിപ്രദാനം ചെയ്യുകയും അങ്ങിനെ അവർ വിജയികളായവരിൽ പെടുകയും ചെയ്തു. തൽഫലമായി അന്യായം പരാജയപ്പെടുകയും ചിലവുസഹിതം നീക്കുകയും ചെയ്തിരിക്കുന്നു". 1 മുതൽ 5 വരെയുള്ള പ്രതികൾക്ക് വക്കീൽഫീസായി 200കയും ആറാം പ്രതിക്ക് വക്കീൽ ഫീസ്സായി 200കയും മററു പ്രതികൾക്ക് സാധാരണ വക്കീൽഫീസും നൽകാൻ കോടതി അന്യായക്കാരനോട് ആവശ്യപ്പെടുന്നു.

(ബ്രേക്കററുകളും അടിവരകളും ലേഖകൻേറതാണ്.)

അന്യായം ഫയൽ ചെയ്തത് 1954 ജൂലായ് 14.

വിധി പ്രസ്താവിക്കപ്പെട്ടത് 1959 ഫെബ്രുവരി 27.

കേസ്സുനമ്പർ. (ഒർജിനൽ) 252/1954

—മഞ്ചേരി മുൻസിഫ് കോർട്ട്.

ജഡ്ജി: ശ്രീ. എം. ശേഖരൻ,

B. A. B. L. മുൻസിഫ്

—ശുഭം—

SWAPNA MEDICALS ★

NEAR HEALTH CENTRE
BALUSSERY MUKKU

For all Kinds of English Medicines
Please Contact

★ **SWAPNA MEDICALS**

KERALA HERITAGE CENTER KALPAKANCHERY

സലഫികളും മത പ്രബോധനവും വാദ പ്രതിവാദവും

മതപ്രബോധനം നടത്തുന്നവർ എതിരഭിപ്രായക്കാരെ വാദപ്രതിവാദത്തിന് വെല്ലുവിളിക്കുന്നത് നല്ല വഴക്കമല്ല. എന്നാൽ അത്യാവശ്യം എന്നു കാണുമ്പോൾ ഏററവും നല്ല രൂപത്തിൽ വാദപ്രതിവാദം നടത്തുന്നതിന്നു വിരോധമൊന്നുമില്ലെന്നു മുജാഹിദുകൾ കരുതുന്നു. ''യുക്തിയുടെ മാർഗ്ഗമുപയോഗിച്ചും നല്ല ഉപദേശം നൽകിയും (ജനങ്ങളെ) അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്ക് നീ ക്ഷണിക്കുക. ഏററവും നല്ല രൂപത്തിൽ അവരുമായി വാദപ്രതിവാദം നടത്തുകയും ചെയ്യുക''. (16: 125) എന്ന ഖുർആൻ വചനമാണ് ഇക്കാര്യത്തിൽ അവരുടെ പ്രഥമ മാർഗ്ഗദർശി. മാത്രമല്ല, മുജാഹിദുകളുടെ പ്രവർത്തനങ്ങളത്രയും സലഫീ മാതൃകയിലാണല്ലോ. മതവിഷയങ്ങളിൽ എതിരഭിപ്രായമുള്ളവരുമായി സലഫുസ്സാലിഹീങ്ങൾ എത്രയെങ്കിലും വാദപ്രതിവാദം നടത്തിയ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. ഇമാം ശാഫിഈ(റ) ഒന്നിലധികം വാദപ്രതിവാദങ്ങൾ നടത്തിയ കാര്യം അദ്ദേഹത്തിൻെറ ഉമ്മ് എന്ന ഗ്രന്ഥത്തിൽ തന്നെ വിശദമായി വിവരിച്ചത് കാണാം. ചിലർ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നതിൽ നിന്നു ധ്വനിക്കാറുള്ളതുപോലെ വാദപ്രതിവാദത്തിന്നു പ്രബോധനത്തിൽ യാതൊരു സ്ഥാനവുമില്ലെന്നോ, അത് വിലക്കപ്പെട്ട കനിയാണെന്നോ മുജാഹിദുകൾ കരുതുന്നില്ല.

—അഹ്മദ്, കടവത്തൂർ—

ഇസ്ലാഹീ പ്രവർത്തകർ സാധാരണഗതിയിൽ വാദപ്രതിവാദത്തിന്നു ആരെയും വെല്ലുവിളിക്കാറില്ല, എന്നാൽ എതിരാളികളുടെ വെല്ലുവിളികളെ നേരിടാൻ അവർ പലപ്പോഴും നിർബ്ബന്ധിതരായിട്ടുണ്ട്. യാഥാസ്ഥിതിക പണ്ഡിതൻമാരുടെ വെല്ലുവിളികളെയാണ് മുജാഹിദുകൾ കൂടുതലായി നേരിടേണ്ടി വന്നത്. സാധാരണക്കാരെ അങ്ങേയററം ആശയക്കുഴപ്പത്തിലാക്കുകയും കബളിപ്പിക്കുകയും ചെയ്യുന്ന ശൈലിയിലാണ് അവരുടെ വെല്ലുവിളി. മുജാഹിദുകളെ 'വഹാബികൾ' എന്നും

KERALA HERITAGE CENTER KALPAKANCHERY

തങ്ങളെ സ്വയം 'സുന്നികൾ' എന്നും വിളിക്കാറുള്ള യാഥാസ്ഥിതിക പണ്ഡിതൻമാർ നടത്താറുള്ള വെല്ലുവിളികളുടെ ഏകദേശ ചിത്രം കാണുക:

വഹാബികളെല്ലാംതന്നെ മുറി ആലിമീങ്ങളാണ്; കിത്താബു തിരിയുന്ന ഒരാളെങ്കിലും അക്കൂട്ടരിലില്ല; സുന്നി ആലിമീങ്ങളുടെ മുമ്പിൽ വരാൻ ഒററ വഹാബിയും ഒരിക്കലും ധൈര്യപ്പെടുകയില്ല- എന്നിങ്ങിനെ അവർ പെരുമ്പറയടിച്ചു നടന്നിരുന്നു. ''ധൈര്യമുള്ള, ആണത്വമുള്ള, ചോറു തിന്നുന്ന, തന്തക്ക് പിറന്ന വല്ല വഹാബിയുമുണ്ടെങ്കിൽ വാദപ്രതിവാദത്തിന്നു മുമ്പോട്ട് വരട്ടെ- ഞങ്ങളുടെ മുമ്പിൽവന്നു അവരുടെ വാദങ്ങൾ തെളിയിക്കട്ടെ, അതിന്നു ധൈര്യമുള്ള ഒരൊററ 'വഹാബി'യും ഈ ദുനിയാവിൽ പിറന്നിട്ടില്ല'' എന്നൊക്കെ അവർ വീമ്പിളക്കുന്നത് കേൾക്കുമ്പോൾ 'ഈ വെല്ലുവിളി നടത്തുന്നവർ തന്നെയാണ് 'ഹഖ ഖി'ന്റെ അഹ്ലുകാർ എന്നു പാമര ജനങ്ങൾക്ക് തോന്നിപ്പോകാതിരിക്കുമോ? വെല്ലുവിളിയെ നേരിടാൻ ഏതെങ്കിലും ഒരു 'വഹാബി'യെ എവിടെ നിന്നെങ്കിലും തേടിപ്പിടിച്ചു കൊണ്ടുവരുന്ന പക്ഷം ആ 'വഹാബി'ക്കും കൊണ്ടുവരുന്ന ആളിനും തക്കതായ ഇനാം കൊടുക്കുന്നതാണെന്നു പറഞ്ഞു ഹരം പിടിപ്പിക്കുന്നവരും കൂട്ടത്തിലുണ്ടായിരുന്നു. പണ്ഡിത വര്യന്മാരായ മുജാഹിദു നേതാക്കൾ വെല്ലുവിളികളെ നേരിടുകയും വെല്ലുവിളിക്കാരുടെ ഉള്ളുകള്ളി തുറന്നു കാണിക്കുകയും ചെയ്തപ്പോൾ സത്യാന്വേഷണ ബുദ്ധികളായ എല്ലാവർക്കും യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിഞ്ഞുവെന്നത് എടുത്തു പറയത്തക്ക

മുജാഹിദ് സംസ്ഥാന സമ്മേളനത്തിന് ആശംസകൾ:

മേൽതരം

'കത്രിക'മാർക്ക്

ഓടുകൾ



ബെസ്ററ് ബ്രിക്സ് & ടൈൽ വർക്സ് (പ്രൈ.) ലിമിററഡ്

നിലമ്പൂർ

ഉൽപന്നങ്ങൾ: ഓട് (ഡബിൾ & സിങ്കിൾ ഗ്രൂപ്പ്), മൂലയോട്, പാത്തിയോട്, ഫ്ളഡീസ്, വയർകട്ട് ബ്രിക്സ്, പോട്ടറി സാധനങ്ങൾ മുതലായവ.

ഫോൺ : 361

KERALA HERITAGE CENTER KALPAKANCHERY

നേട്ടം തന്നെയാണ്. ആയിരക്കണക്കിനാളുകൾ ഇസ്‌ലാഹീ പ്രസ്ഥാനത്തിലേക്കാകർഷിക്കപ്പെടുവാൻ ഇത്തരം വാദപ്രതിവാദങ്ങളും ഖണ്ഡന മണ്ഡന പ്രസംഗങ്ങളും കാരണമായിട്ടുണ്ട്.

മുജാഹിദുകളും എതിരാളികളും തമ്മിൽ കേരളത്തിൽ ഇതുവരെ നടന്നിട്ടുള്ള പ്രധാനപ്പെട്ട ചില വാദപ്രതിവാദങ്ങളെയും ഖണ്ഡന മണ്ഡന പ്രസംഗങ്ങളെയും സംബന്ധിച്ചു ഒരു വിഹഗവീക്ഷണം നടത്തുക മാത്രമാണ് ഈ ലേഖനോദ്ദേശ്യം.

1. നാദാപുരം വാദപ്രതിവാദം

1933ൽ

ഇസ്‌ലാഹീ പ്രസ്ഥാന ചരിത്രത്തിൽ വളരെ ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു ഈ വാദപ്രതിവാദം. ഇസ്‌ലാഹീ പ്രസ്ഥാനം വടക്കെ മലബാറിൽ ഒട്ടും തന്നെ ശക്തി പ്രാപിച്ചിട്ടില്ലാത്ത കാലമായിരുന്നു അത്. നാദാപുരമാണെങ്കിൽ ഒററ മുജാഹിദുമില്ലാത്ത പ്രദേശവും. പതിനായിരങ്ങൾ സമ്മേളിക്കുന്ന ഒരു സദസ്സിൽവെച്ചു അവിടെ ഒരു വാദപ്രതിവാദം നടത്തുന്നതിന്നു മുന്നോട്ടുവരാൻ മുജാഹിദുകൾ നിർബ്ബന്ധിതരായി. ജീവനും കൊണ്ടു തിരിച്ചുവരാൻ കഴിയുമെന്ന വലിയ പ്രതീക്ഷയൊന്നും വാദപ്രതിവാദത്തിനു പോകുമ്പോൾ അവർക്കുണ്ടായിരുന്നില്ല. സത്യത്തിന്നുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നത് ഒരിക്കലും നഷ്ടത്തിൽ കലാശിക്കുകയില്ലെന്ന വിശ്വാസം ഒന്നു മാത്രമാണ് അവർക്ക് ആത്മധൈര്യം നൽകിയിരുന്നത്. ഈ വാദപ്രതിവാദം വിജയകരമായി നടത്താൻ അന്നവർക്ക് സാധിച്ചില്ലായിരുന്നുവെങ്കിൻ കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിൻെറ ഭാവി എന്താകുമായിരുന്നുവെന്നു ചിന്തിക്കുമ്പോൾ ബദ്റ് യുദ്ധാവസരത്തിൽ നബി (സ) മനംനൊന്ത് നടത്തിയ ഒരു പ്രാർത്ഥന ഓർത്തുപോവുകയാണ്. ശത്രുപക്ഷത്തെ അപേക്ഷിച്ചു എണ്ണത്തിൽ എത്രയോ കുറവും, ആയുധശക്തിയുടെയും സാമ്പത്തിക കഴിവിൻെറയും കാര്യത്തിൽ വളരെ പിന്നിലുമായിരുന്ന സഹാബികളെ ഉദ്ദേശിച്ചു നബി(സ) ഇങ്ങിനെ പ്രാർത്ഥിച്ചു. ''പടച്ചവനെ! ഈ ചെറുസംഘത്തെയെങ്ങാനും നീ നശിപ്പിക്കുകയാണെങ്കിൽ ഭൂമുഖത്ത് ഭാവിയിൽ നിന്നെ ആരാധിക്കുവാൻ ആരുമില്ലാതായിപ്പോകം''.

പശ്ചാത്തലം

പ്രഗൽഭ പണ്ഡിതനും ഉജ്ജ്വല വാഗ്മിയുമായിരുന്ന എം. അബ്ദുല്ലക്കുട്ടി മൗലവി കുററിയാടിൽവെച്ചു ഒരു പ്രസംഗപരമ്പര നടത്തുകയുണ്ടായി. അവതരണഭംഗിയും ആശയഗാംഭീര്യവും കർണ്ണമാധുര്യവും അതിലേറെ തെളിവുകളുടെ സംപുഷ്ടിയും ഒത്തിണങ്ങിയ ആ പ്രസംഗങ്ങൾ അങ്ങേയററം ആകർഷകമായിരുന്നു. അതുകൊണ്ടുതന്നെ ശ്രോതാക്കളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. കുററിയാടിയുടെ പരിസരപ്രദേശങ്ങളിൽനിന്നും പ്രസംഗം കേൾക്കാൻ ധാരാളക്കണക്കിനാളുകൾ വന്നുകൊണ്ടിരുന്നു. ഇതെല്ലാം കണ്ടു വിറളിപൂണ്ട യാഥാസ്ഥിതിക മുസ്‌ലിയാൻമാരും കുഞ്ഞാടുകളും ഓരോ ഫസാദുണ്ടാക്കാൻ തുടങ്ങി. പക്ഷെ കാര്യം മനസ്സിലാക്കാൻ തുടങ്ങിയിരുന്ന പൊതുജനങ്ങൾ തങ്ങളെ വെറു

KERALA HERITAGE CENTER KALPAKANCHERY

ണവിടുകയില്ലെന്നു കണ്ട ചില മുസ്ലിയാൻമാർ വളരെ പണിപ്പെട്ടു പതിനൊന്നു ചോദ്യങ്ങൾ കുത്തിക്കുറിച്ചുണ്ടാക്കി മരുതോങ്കര ഖാസിയായ നടുക്കണ്ടി മുഹമ്മദ് മുസ്‌ലിയാരുടെ പേരിൽ മൗലവിക്കയച്ചു കൊടുത്തു. മൗലവി എല്ലാ ചോദ്യങ്ങൾക്കും യുക്തമായ മറുപടി നൽകുകയും ചെയ്തു.

''മരിച്ചുപോയ ഔലിയാക്കൾക്ക് കറാമത്തുണ്ടോ?'' എന്നായിരുന്നു അതിലെ അഞ്ചാമത്തെ ചോദ്യം: ''ഔലിയാക്കൻമാർക്ക് മരണശേഷവും കറാമത്തുണ്ടാകുന്നതിനു വിരോധമില്ല. എന്നാൽ ഈ വിഷയത്തിൽ അഹ്ലുസ്സുന്നത്തി വൽജമാഅത്തിൽപെട്ട ഉലമാക്കളുടെ ഇടയിൽ തന്നെ അഭിപ്രായ വ്യത്യാസമുണ്ട്'' എന്നു മറുപടിയിൽ മൗലവി സാഹിബ് പറഞ്ഞിരുന്നു. മരുതോങ്കര ഖാസിയുടെ പതിനൊന്നു ചോദ്യങ്ങളും മൗലവിയുടെ മറുപടിയും അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൗലവിയുടെ മറുപടിയെ ഖണ്ഡിച്ചുകൊണ്ടെന്നോണം എടച്ചേരി സ്വദേശിയായ ഇ. വി. മൊയ്തീൻ മുസ്ല്യാർ 'അൽ ഇഅ്ലാൻ' എന്ന പേരിൽ ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തി അതിനെ കാര്യകാരണസഹിതം എതിർത്തുകൊണ്ടു മൗലവി 'തൻസീഹുദ്ദീൻ' എന്ന ഗ്രന്ഥമെഴുതി. വഅ്സ് കമ്മിറ്റിയുടെ പേരിൽ പ്രസിദ്ധീകരിച്ചു. ഇത്രയുമായപ്പോഴേക്ക് യാഥാസ്ഥിതിക പണ്ഡിതൻമാർ ആകെ പരുങ്ങലിലായി. മൗലവിമാരെ, അവർ വാദപ്രതിവാദത്തിനു വെല്ലുവിളിച്ചു. ഈ പരിതസ്ഥിതിയിലാണ് വെല്ലുവിളിയെ നേരിടാൻ മുജാഹിദുകൾ തയ്യാറായത് നാദാപുരത്തുള്ള വിശാലമായ ഒരു വയലായിരുന്നു വാദപ്രതിവാദ സ്ഥലം.

With Best Compliments From:

National Distributing Co.

Chittoor Road
COCHIN-682018

KERALA HERITAGE CENTER KALPAKANCHERY

സ്ഥലവും തിയ്യതിയും തീരുമാനിക്കപ്പെട്ടതോടെ യാഥാസ്ഥിതിക മുസ്ലിയാൻമാർ നാദാപുരത്തെ പള്ളിയുടെ മേലെയുള്ള മാളികയിൽവെച്ചു എല്ലാ ദിവസവും വാദപ്രതിവാദത്തിന്റെ റിഹേഴ്സൽ നടത്തിക്കൊണ്ടിരുന്നു. മുജാഹിദിന്റെ പാർട്ട് അഭിനയിച്ചിരുന്ന മേപ്പിലാച്ചേരി മൊയ്തീൻ മുസ്ലിയാർ ഉന്നയിച്ച പല ചോദ്യങ്ങൾക്കും മറുപടി കണ്ടെത്താൻ കഴിയാതെ വിഷമിച്ച രംഗങ്ങൾ റിഹേഴ്സലിൽ തന്നെ അവർക്കു അനുഭവപ്പെട്ടിരുന്നുവത്രെ. വാദപ്രതിവാദ പരിപാടി കുറെ മുന്നോട്ടു നീങ്ങിക്കഴിഞ്ഞാൽ സന്ദർഭം കിട്ടുമ്പോൾ കൂക്കുവിളിയും ബഹളവുമുണ്ടാക്കുക ചോദ്യത്തിന്നു മുജാഹിദുകൾ നൽകുന്ന ഉത്തരം ഒരു വിധത്തിലും ഖണ്ഡിക്കാൻ കഴിയാത്തതാണെങ്കിൽ 'വഹാബികൾ ഇപ്പോൾ സമ്മതിച്ചു' എന്നു പറഞ്ഞു ആർത്തുവിളിക്കുക, മുതലായ പരിപാടികൾ നടത്തണമെന്നു അവർ മുൻകൂട്ടി പ്ലാൻ ചെയ്തിരുന്നുവത്രെ.

വാദപ്രതിവാദ ദിവസമായി. ഇരുകക്ഷിയിലെയും തലയെടുപ്പുള്ള പണ്ഡിതൻമാർ സ്റ്റേജിൽ അണിനിരന്നു. വാദപ്രതിവാദം കേൾക്കാൻ തടിച്ചുകൂടിയ സദസ്സ് അക്ഷരാർത്ഥത്തിൽ തന്നെ ഒരു മനുഷ്യ മഹാസമുദ്രമായി മാറിക്കഴിഞ്ഞിരുന്നു. സദസ്യരിൽ 99 ശതമാനവും യാഥാസ്ഥിതികർ തന്നെയായിരുന്നു. സദസ്സ് നിയന്ത്രിക്കാൻ നേരത്തെ തന്നെ ഡി. വൈ. എസ്. പി. കലീഉല്ലാ സാഹിബിനെ ഏർപ്പാട് ചെയ്തിരുന്നത്കൊണ്ടും, മൗലവിമാർ നൽകിയ ഓരോ മറുപടിയും കുററമററതായിരുന്നതുകൊണ്ടും പറയത്തക്ക അനിഷ്ട സംഭവമൊന്നും ഉണ്ടായില്ല.

'മുസ്ലിയാൻമാർ ചോദ്യങ്ങളുന്നയിക്കുക, മൗലവിമാർ മറുപടി പറയുക' എന്ന വ്യവസ്ഥയിൽ വാദപ്രതിവാദം തുടങ്ങി വാദപ്രതിവാദത്തിൽ ഇരുപക്ഷക്കാർക്കും തുല്യപദവി നൽകണമെന്ന പ്രാഥമിക തത്വംപോലും പാലിക്കപ്പെട്ടിട്ടില്ലാത്ത ഈ വ്യവസ്ഥ അംഗീകരിക്കാൻ മുജാഹിദുകളെ പ്രേരിപ്പിച്ചത് അവരുടെ എണ്ണവും ശക്തിയും വളരെ കുറവായിരുന്ന അന്നത്തെ പരിതസ്ഥിതിയും, ഈ വ്യവസ്ഥയിൽ തന്നെ നടത്തിയാലും തങ്ങൾക്ക് വിജയം ഉറപ്പുവരുത്തത്തക്കവിധം ഒരു വിധത്തിലും നിഷേധിക്കാനാവാത്ത വ്യക്തമായ തെളിവുകളുടെ പിൻബലമുള്ളതാണ് തങ്ങളുടെ വാദങ്ങളെന്ന ആത്മവിശ്വാസവുമായിരുന്നു. ഒന്നു മുതൽ നാലുവരെ ചോദ്യങ്ങൾക്ക് മൗലവിമാർ നൽകിയ മറുപടി നൂറു ശതമാനം അംഗീകരിക്കാതിരിക്കാൻ മുസ്ലിയാൻമാർക്ക് കഴിഞ്ഞില്ല.

'ലാ' കട്ടതോ വിട്ടതോ അല്ല.

'ഔലിയാക്കന്മാരുടെ കറാമത്ത് അവരുടെ മരണത്തോടെ മുറിഞ്ഞു പോവുകയില്ല' എന്നാണ് മുജാഹിദ് പക്ഷം വിശ്വസിക്കുന്നതെങ്കിലും അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ഏകകണ്ഠമായ അഭിപ്രായമല്ലെന്നും അവരിൽ തന്നെ– അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൽ തന്നെ– അതു മുറിഞ്ഞു പോകുമെന്ന അഭിപ്രായക്കാരുമുണ്ടെന്നും അഞ്ചാം ചോദ്യത്തിന്റെ മറുപടിയിൽ മുജാഹിദുകൾ തെളിയിക്കേണ്ടതുണ്ടായിരുന്നു. അങ്ങിനെ ''അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൽ അധികപേരും ഔലിയാക്കന്മാരുടെ കറാമത്ത് അവരുടെ മരണത്തോടെ മുറിഞ്ഞുപോവുകയില്ല എന്ന അഭിപ്രായക്കാരാണ്'' എന്നർത്ഥം വരുന്ന ഒരു 'ഇബാറത്ത്''

KERALA HERITAGE CENTER KALPAKANCHERY

(വാചകം) മുജാഹിദ് പ്രതിനിധി തെളിവായുദ്ധരിച്ചു. ഏതെങ്കിലുമൊരു കാര്യം ഒരു വിഭാഗത്തിന്റെ ഭൂരിപക്ഷാഭിപ്രായമാകുമ്പോൾ അതിന്നെതിരായി വാദിക്കുന്ന ഒരു ന്യൂനപക്ഷം അതേ വിഭാഗത്തിൽ തന്നെയുണ്ടായിരിക്കണമല്ലോ. അതിന്റെ അടിസ്ഥാനത്തിൽ മുജാഹിദ് പ്രതിനിധി ഇപ്രകാരം തുടർന്നു. ''അപ്പോൾ ഔലിയാക്കന്മാരുടെ കറാമത്ത് അവരുടെ മരണത്തോടുകൂടി മുറിഞ്ഞുപോകും എന്നു വാദിക്കുന്നവർ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൽത്തന്നെയുണ്ടെന്നു ഈ 'ഇബാറത്ത്' തെളിയിക്കുന്നു.''

എന്നാൽ മുജാഹിദ് പ്രതിനിധി ആ വാചകം മുഴുമിക്കുന്നതിന്നു മുമ്പായി; അഥവാ, ''അപ്പോൾ ഔലിയാക്കന്മാരുടെ കറാമത്ത് അവരുടെ മരണത്തോടുകൂടി മുറിഞ്ഞുപോകും...'' എന്നു പറയുമ്പോഴേക്കും മറുപക്ഷത്തുള്ള ഒരു മുസ്ലിയാർ പരിഹാസം കലർന്ന സ്വരത്തിൽ ''എന്താ മൗലവി, 'ലാ' കട്ടതാ വിട്ടതോ'' എന്നു ചോദിച്ചുകൊണ്ടു കൂക്കുവിളിക്കും ബഹളത്തിന്നും കളമൊരുക്കി കഴിഞ്ഞിരിന്നു. (ഔലിയാക്കന്മാരുടെ മരണാനന്തര കറാമത്തുകളെപ്പറ്റി അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ഭൂരിപക്ഷാഭിപ്രായമായ 'മുറിഞ്ഞു പോവുകയില്ല' എന്നർത്ഥംവരുന്ന 'ലാ തൻഖത്വിഉ'വിലെ 'ലാ' എന്ന നിഷേധ അവ്യയം മൗലവി അർത്ഥം പറയാതെ വിട്ടുകളഞ്ഞുവെന്നായിരുന്ന ജൽപനം. പക്ഷെ 'ലാ'യുടെ അർത്ഥം വിടുകയില്ല. ഭൂരിപക്ഷത്തിന്റെ അഭിപ്രായം മുറിയുകയില്ലെന്നാണെന്നു പറയുമ്പോൾ മുറിയുമെന്നു പറയുന്ന ന്യൂനപക്ഷവും അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൽ തന്നെയുണ്ടെന്നു ഈ ഇബാറത്ത് തെളിയിക്കുന്നുവെന്ന സമർത്ഥിക്കുകയാണ് മൗലവി ചെയ്തത്. ഇത് മുസ്ല്യാർക്കറിഞ്ഞുകൂടാഞ്ഞിട്ടല്ലാ തടിതപ്പാൻ ഒരു സൂത്രം പ്രയോഗിച്ചുവെന്നു മാത്രം!)

ഈയവസരത്തിൽ മുജാഹിദ് പക്ഷക്കാരനായ കട്ടിലശ്ശേരി മുഹമ്മദ് മൗലവി താഴെ പറയുംപ്രകാരമൊരു വിശദീകരണം നൽകി: ''ആ ഇബാറത്തിന്ന രണ്ട് മുഖമുണ്ട്; ഒന്നു ബഹിർമുഖം, അന്തർമുഖം. മുജാഹിദ് പ്രതിനിധി പറഞ്ഞ ആശയം അതിന്റെ അന്തർമുഖമാണ്.'' എന്നാൽ എതിർപക്ഷത്തുനിന്നു പൊങ്ങിവന്ന മൗലവിമാർ 'ലാ' കട്ടുവെന്ന ആർത്തുവിളിക്കും കൈകൊട്ടിനും ബഹളത്തിനുമിടയിൽ ആ വിശദീകരണം വളരെയൊന്നും ശ്രദ്ധിക്കപ്പെട്ടില്ല. ബഹളം നിമിത്തം നിയന്ത്രണാതീതമായിക്കഴിഞ്ഞ സദസ്സ് പിരിച്ചുവിടാൻ യോഗം നിയന്ത്രിച്ചിരുന്ന കലീമുല്ലാസാഹിബ് നിർബ്ബന്ധിതനായി.

ശാന്തമായി സത്യം കേട്ടു മനസ്സിലാക്കുന്നതിൽനിന്ന് ജനങ്ങളെ തടയാൻവേണ്ടി ബഹളമുണ്ടാക്കുകയെന്നത് എക്കാലവും സത്യത്തിന്റെ എതിരാളികൾ പ്രയോഗിക്കാറുള്ള അടവാണല്ലോ.

2. കൊടിയത്തൂർ വാദപ്രതിവാദം

1944ൽ

ഉഭയകക്ഷികൾ ഒപ്പിട്ടു കൈമാറിയ വ്യക്തമായ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ മുജാഹിദുകളും എതിരാളികളും തമ്മിൽ നടന്ന ഒന്നാമത്തെ വാദപ്രതിവാദമായിരുന്നു ഇത്.

KERALA HERITAGE CENTER KALPAKANCHERY

വിഷയം: തറാവീഹു നമസ്ക്കാരത്തിന്റെ റക്ക്അത്തുകളുടെ എണ്ണം.

പശ്ചാത്തലം,

തറാവീഹ്, വിത്ത്റ് എന്നൊക്കെയുള്ള പേരിലറിയപ്പെടുന്ന റമസാനിലെ രാത്രി നമസ്കാരം നബി(സ) നിർവ്വഹിച്ചതും, രണ്ടാം ഖലീഫ ഉമർ(റ) കൽപിച്ചതുമൊക്കെ പതിനൊന്നു റക്ക്അത്താണെന്നു പറപ്പൂർ അബ്ദുറഹിമാൻ മൗലവി കൊടിയത്തൂര്‌വെച്ചു നടത്തിയ ഒരു മതപ്രസംഗ പരമ്പരയിൽ തെളിവുസഹിതം സമർത്ഥിച്ചിരുന്നു. അതിനെ ഖണ്ഡിക്കുവാനെന്നോണം കണ്ണിയത്ത് അഹ്മദ് മുസ്ലിയാർ കൊടിയത്തൂരിൽവെച്ചുതന്നെ നടത്തിയ പ്രസംഗ പരമ്പരയിൽ തറാവീഹ് ഇരുപത് റക്ക്അത്താണെന്നും, പതിനൊന്ന് റക്ക്അത്താണെന്ന വാദം സലഫുസ്സാലിഹീങ്ങളുടെ ഇജ്മാഇനെ 'ഖർക്ക്' ചെയ്യലാണെന്നും (ഏകകണ്ഠമായ അഭിപ്രായത്തെ ഭഞ്ജിക്കലാണെന്നും) ഇജ്മാഇനെ 'ഖർക്ക്' ചെയ്യൽ കുഫ്റാണെന്നുമൊക്കെ തട്ടിവിട്ടു. ഇത് സംബന്ധമായി ഇരുകക്ഷികളും തമ്മിൽ നടന്ന ചർച്ചകളാണ് അവസാനം വാദപ്രതിവാദത്തിലേക്കെത്തിച്ചത്. വാദപ്രതിവാദത്തിൽ മുജാഹിദ് പക്ഷത്തിന്റെ നേതൃത്വം എം. സി. സി.ക്കും മറുപക്ഷത്തിന്റെ നേതൃത്വം പറവണ്ണ മുഹ്യദ്ദീൻകുട്ടി മൗലവിക്കുമായിരുന്നു. പരിപാടി നിയന്ത്രിക്കുവാൻ മുജാഹിദ് പക്ഷക്കാരനായ അരിപ്പുറ മണ്ണിൽ വലിയ കുട്ടിഹസ്സൻ അധികാരിയെയും [കൊടിയത്തൂര്] എതിർപക്ഷക്കാരനായ പുളിയക്കോട്ട് ബീരാൻകുട്ടി ഹാജിയെയും (മുക്കം) ചുമതലപ്പെടുത്തി. ഇരുകക്ഷികളും ഒപ്പിട്ടു കൈമാറിയ വ്യവസ്ഥയിൽ:

''ഖുർആനിന്നും ഹദീസിന്നും എതിരായ യാതൊരാളുടെ 'ഖൗലും' പ്രമാണമല്ല'' എന്നു വ്യക്തമാക്കിയിരുന്നു.

തറാവീഹ് ഇരുപത് റക്ക്അത്ത് നമസ്ക്കരിക്കലാണ് സുന്നത്തെന്നു മുസല്യാകക്ഷി ഒന്നാമതായി തെളിയിക്കണമെന്നു നേരത്തെതന്നെ വാങ്മൂലം വ്യവസ്ഥ ചെയ്തിരുന്നു. അതനുസരിച്ചു തങ്ങളുടെ വാദത്തിന് തെളിവെന്നോണം നബി(സ) റമസാനിൽ തറാവീഹ് ഇരുപത് റക്ക്അത്ത് നമസ്ക്കരിച്ചിരുന്നുവെന്ന് കാണിക്കുന്ന രണ്ടു ഹദീസ് ആ ഭാഗത്ത്നിന്നുദ്ധരിക്കപ്പെട്ടു എന്നാൽ പ്രസ്തുത രണ്ടു ഹദീസുകളുടെയും പരമ്പര തീരെ ദുർബ്ബലമാണെന്നും അതിനാൽ അവ തെളിവിന് കൊള്ളുകയില്ലെന്നും മുജാഹിദ് പക്ഷം കാര്യകാരണ സഹിതം സമർത്ഥിച്ചു. അതോടെ പ്രസ്തുത രണ്ടു തെളിവുകളും നിലനിൽക്കത്തക്കതല്ലെന്നു സദസ്സിന് പൂർണ്ണമായി ബോധ്യപ്പെടുകയും മുസ്ല്യാകക്ഷിയിലെ പണ്ഡിതന്മാർ സമ്മതിക്കേണ്ടി വരികയും ചെയ്തു.

തെളിവെന്നോണം മൂന്നാമതായി അവർ കൊണ്ടുവന്നത് ഉമർ(റ) ഖലീഫയായിരുന്ന കാലത്ത് ജനങ്ങൾ തറാവീഹ് ഇരുപത് റക്ക്അത്ത് നമസ്ക്കരിക്കാറുണ്ടായിരുന്നുവെന്ന രിവായത്താണ്. ബൈഹഖി ഉദ്ധരിച്ച ഈ രിവായത്തിന്റെ പരമ്പരയിലുള്ള അബൂ അബ്ദില്ലാഹിബ്നു ഫഞ്ചവൈഹി 'മജ്ഹൂൽ' ആയതുകൊണ്ട് ഹദീസ് പണ്ഡിതന്മാർ ഇതിനെ 'ളഈഫാക്കിയ കാര്യം മുജാഹിദ് പക്ഷം ചൂണ്ടിക്കാട്ടി. എന്നിട്ടും ഇമാം നവവി ഇത് സഹീഹാക്കിയിട്ടുണ്ടെന്ന ഒരു പുൽക്കൊടിയിൻമേൽ പിടിച്ചു തൂങ്ങിക്കൊണ്ടു മുസ്ല്യാകക്ഷി കുറെസമയം തള്ളിനീക്കി.

KERALA HERITAGE CENTER KALPAKANCHERY

പരമ്പരയിൽ 'മജ്ഹൂലാ'യ റാവിയുണ്ടെന്ന സത്യം മുജാഹിദ് പക്ഷവും, നവവി സഹീഹാക്കിയിട്ടുണ്ടെന്ന പല്ലവി മറുപക്ഷവും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടു ഒരിടത്തും എത്താതെ ഒന്നാം ദിവസം സദസ്സ് പിരിഞ്ഞു. രണ്ടാം ദിവസം മുക്കത്ത് വെച്ചാണ് വാദപ്രതിവാദം തുടർന്നത്. അന്നും നവവി സഹീഹാക്കിയെന്ന പല്ലവിയുമായാണ് മുസ്ല്യാകക്ഷി രംഗപ്രവേശനം ചെയ്തത്. ഈ ആവർത്തനം കരാറിലെ വ്യവസ്ഥക്ക് കടക വിരുദ്ധമാണെന്നും ളഈഫാക്കിയവരുടെ കാരണങ്ങൾ അബലകളാണെന്നു തെളിയിക്കപ്പെടാത്ത കാലത്തോളം ഈ തെളിവു നിലനിൽക്കുന്നതല്ലെന്നും മുജാഹിദ് പക്ഷം വീണ്ടും വീണ്ടും തറപ്പിച്ചു പറഞ്ഞപ്പോൾ മുസ്ല്യാക്കൾക്ക് ഉത്തരം മുട്ടി. അവസാനമായി, റക്അത്തുകളുടെ ദൈർഘ്യം കൂട്ടുന്നതിനെയാണ് അവയുടെ എണ്ണം അധികരിപ്പിക്കുന്നതിനേക്കാൾ ഞാനിഷ്ടപ്പെടുന്നത് എന്നു ഇമാം ശാഫിഈ പറഞ്ഞതുൾപ്പെടെ സർഖാനിയിലുള്ള ദീർഘമായ ഇബാറത്ത് എം. സി. സി. അബ്ദുറഹിമാൻ മൗലവി വായിച്ച് അർത്ഥം പറഞ്ഞതിൽ ശേഷം എല്ലാവരും ശാന്തരായി പിരിഞ്ഞുപോയി.

3. കടവത്തൂര് വാദപ്രതിവാദം 1949ൽ

ഇസ്ലാഹീ പ്രവർത്തകർ ഏററവുമധികം വിമർശിക്കപ്പെടാനിടയായ ഒരു വാദപ്രതിവാദമാണിത്. നമസ്കാരത്തിൽ കൈ എവിടെ കെട്ടണമെന്ന നിസ്സാര പ്രശ്നത്തിന്റെ പേരിൽ മുജാഹിദുകൾ വാദപ്രതിവാദം നടത്തിയത് മാന്യതക്ക് ചേർന്നതായില്ലെന്നുപോലും ആക്ഷേപിക്കപ്പെട്ടിട്ടുണ്ട്. വാദപ്രതിവാദം എന്തിന്നുവേണ്ടി, ഏത് പശ്ചാത്തലത്തിൽ നടന്നുവെന്നു വസ്തുനിഷ്ഠമായി മനസ്സിലാക്കാത്തവരോ മുജാഹിദുകളെ കരുതിക്കൂട്ടി കരിവാരിത്തേക്കാൻ ശ്രമിക്കുന്നവരോ മാത്രമാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കാറുള്ളത്.

പശ്ചാത്തലം:

മുഹമ്മദ് നബി(സ)യുടെ സുന്നത്തിനെ തന്റെ സ്വന്തം ശരീരത്തെക്കാൾ ഉപരിയായി സ്നേഹിക്കുകയെന്നത് ഓരോ മുജാഹിദിന്റെയും രക്തത്തിലും മാംസത്തിലും മജ്ജയിലും അലിഞ്ഞു ചേർന്ന ആദർശമത്രെ. നബി(സ)യെ സ്നേഹിക്കുക എന്നു പറഞ്ഞാൽ തി

With best compliments from:

P. P. MOHAMED KOYA
HAPPY SWEETS
KALLAI ROAD
CALICUT-2.

Phone: Office : 75255 Resi : 63108

KERALA HERITAGE CENTER KALPAKANCHERY

രു സുന്നത്തിനോടുള്ള സ്നേഹം മനസാ, വാചാ, കർമ്മണാ പ്രകടിപ്പിക്കലാണെന്ന വിശ്വാസമാണ് അതിന്റെ പിന്നിലെ ചേതോവികാരം. ഒരു കാര്യം നബി(സ)യുടെ സുന്നത്താണെന്നു ബോധ്യപ്പെട്ടു കഴിഞ്ഞാൽ അതു പ്രാവർത്തികമാക്കണമെന്ന ഉൽക്കടമായ ആഗ്രഹം ഓരോ മുജാഹിദിന്റെയും സഹജ ഗുണമത്രെ.

''ഞാൻ എപ്രകാരം നമസ്കരിക്കുന്നതായി നിങ്ങൾ കണ്ടുവോ അതേ രൂപത്തിൽ നിങ്ങളും നമസ്കരിക്കുവീൻ'' എന്ന നബിവചനം നൂറുശതമാനം പ്രാവർത്തികമാക്കാൻ കഴിയുകയാണെങ്കിൽ അതുമൂലം ഓരോ മുജാഹിദിന്നുമുണ്ടാകുന്ന മാനസിക സംതൃപ്തി വർണ്ണനാതീതമാണ്. ഈ ഹദീസിന്റെ വ്യാപകമായ അർത്ഥത്തിൽ തക്ബീറത്തുൽ ഇഹ്റാമിന്നുശേഷം നബി(സ) എവിടെ, എങ്ങിനെ കൈകെട്ടി എന്നതും പെടുമെന്നാണ് മുജാഹിദുകൾ മനസ്സിലാക്കിയിട്ടുള്ളത്. നമസ്ക്കരിക്കുമ്പോൾ അതേ മാതൃകയിൽ തന്നെ തനിക്കും കൈ കെട്ടണമെന്നു ഉൽക്കടമായ ആഗ്രഹം ഓരോ മുസ്ലിമിന്നുമുണ്ടാവുകയെന്നത് സ്വാഭാവികമത്രെ. നബി(സ)യുടെ മാതൃക പിൻപററിക്കൊണ്ടു നമസ്കാരത്തിൽ തന്റെ കൈ തന്റെ നെഞ്ഞത്ത് കെട്ടാൻ ഓരോ മുസ്ലിമിനും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതല്ലേ. നമസ്ക്കാരത്തിൽ നെഞ്ഞത്ത് കൈ കെട്ടുക എന്ന തിരുസുന്നത്ത് മുജാഹിദുകൾ പരമാവധി ഇഷ്ടപ്പെടുകയും പ്രാവർത്തികമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യാറുണ്ടെന്നല്ലാതെ, ഒരൊററ മുജാഹിദും നെഞ്ഞത്ത് കൈ കെട്ടാൻ ആരെയും നിർബ്ബന്ധിക്കാറില്ല.

തിരുസുന്നത്തിനോടുള്ള ആത്മാത്ഥമായ സ്നേഹത്താൽ മാത്രം പ്രചോദിതരായ നുസ്രത്തുൽ ഇസ്ലാം ഉന്നത മദ്രസയിലെ രണ്ടു വിദ്യാർത്ഥികൾ നെഞ്ഞത്ത് കൈ കെട്ടിയ സംഭവം കടവത്തൂരിൽ വമ്പിച്ച ഒരു കോളിളക്കം സൃഷ്ടിക്കുകയുണ്ടായി. ഇവററകളെയൊക്കെ അടിച്ചു കൈകൾ താഴ്ത്തി പള്ളമേൽ കെട്ടിക്കണമെന്നു ചിലർ, ഗുരുതരമായ അച്ചടക്ക നടപടിയെടുത്തു മദ്രസയിൽനിന്നു പുറത്താക്കണമെന്നു മററു ചിലർ, അച്ചടക്ക നടപടിയെടുക്കാത്ത മുദർറിസിനെ പാഠം പഠിപ്പിക്കണമെന്നു മൂന്നാമതൊരു കൂട്ടർ, നമ്മുടെ നാട്ടിൽ തലപ്പൊക്കിയ ഈ ഫിത്ന മുളയിൽതന്നെ നുള്ളിക്കളയണമെന്നു വേറെ ചിലർ; ആകപ്പാടെ ബഹളംതന്നെ.

കടവത്തൂരിലെ യാഥാസ്ഥിതികരായ ചില സമുന്നത മതപണ്ഡിതൻമാരും നാട്ടുകാരണവൻമാരും പ്രമാണിമാരും കൂടിയാലോചിച്ചു തീരുമാനിച്ചതനുസരിച്ചു ഒരു പ്രതിനിധി സംഘത്തെ മുദർറിസിന്റെ അടുത്തേക്കയച്ചു നെഞ്ഞത്ത് കൈകെട്ടിയ വിദ്യാർത്ഥികളുടെ പേരിൽ അച്ചടക്ക നടപടിയെടുക്കണമെന്നു ആവശ്യപ്പെട്ടു. മുദർറിസ് വളരെ ശാന്തനായി ഇങ്ങിനെ മറുപടി പറഞ്ഞു:

''അവരുടെ പേരിൽ അച്ചടക്ക നടപടിയെടുക്കണമെങ്കിൽ തക്കതായ കാരണം വേണമല്ലോ. നബി(സ)യുടെ സുന്നത്തിനെ പിൻപററിക്കൊണ്ടാണ് അവർ നെഞ്ഞത്ത് കൈ കെട്ടിയത്. തന്നെയുമല്ല ശാഫിഈ മദ്ഹബിലെ കിത്താബുകളിലും അത് തന്നെ പറയുന്നു. സഹീഹായ ഹദീസുകൊണ്ടും ശാഫിഈ ഫിഖ്ഹിലെ ഗ്രന്ഥങ്ങൾകൊണ്ടും

KERALA HERITAGE CENTER KALPAKANCHERY

തെളിഞ്ഞ ഒരു സുന്നത്ത് ചെയ്തുവെന്ന ഏക കാരണത്താൽ വിദ്യാർത്ഥികളെ മദ്രസയിൽനിന്നു പുറത്താക്കുന്നത് ന്യായമാണെന്നു ഞാൻ കരുതുന്നില്ല.'

ഈ വായടപ്പൻ മറുപടി കേട്ട പ്രതിനിധികൾ ഉത്തരം മുട്ടിയെങ്കിലും കുപിതരായുംകൊണ്ടാണ് തിരിച്ചുപോയത്. അതിൻെറശേഷം അന്തരീക്ഷം കൂടുതൽ ചൂടായി. മുദർറിസിന്നും, മദ്രസക്കും, മദ്രസാ ഭാരവാഹികൾക്കുമെതിരിൽ യാഥാസ്ഥിതിക പണ്ഡിതന്മാരും പ്രമാണിമാരും കൂട്ടായി കുപ്രചരണങ്ങളും മർദ്ദനങ്ങളും പൂർവ്വോപരി അഴിച്ചുവിടാൻ തുടങ്ങി.

നമസ്കാരത്തിൽ നെഞ്ഞത്ത് കൈ കെട്ടലാണ് സുന്നത്തെന്നും കടവത്തൂരിലെ ഒരു മഹാപണ്ഡിതൻെറ മുമ്പിൽ തെളിയിക്കണമെന്നും, ഇല്ലെങ്കിൽ മദ്രസയുടെ അഡ്രസ്സുണ്ടാവുകയില്ലെന്നും, ഭാരവാഹികളെയും മുദർറിസിനെയും പാഠം പഠിപ്പിക്കുമെന്നുമുള്ള ഭീഷണി മുഴങ്ങിത്തുടങ്ങി. പാമരജനങ്ങളെ ഇളക്കി വിടാനും നേതാക്കൾ മറന്നില്ല. നെഞ്ഞത്ത് കൈകെട്ടൽ 'ഖർക്കുൽ ഇജ്മാഅ്' ആണെന്നും അത് കുഫ്റാണെന്നുമുള്ള 'ഫത്ത്‌വ'കളും മുറക്ക് വന്നുകൊണ്ടിരുന്നു.

നെഞ്ഞത്ത് കൈ കെട്ടുന്നവർ കാഫിറുകളല്ല; തിരുസുന്നത്തിനെ പിൻപററുന്ന യഥാർത്ഥ സുന്നികളാണെന്ന സത്യം ജനങ്ങളെ മനസ്സിലാക്കേണ്ടത് ഈ സന്ദർഭത്തിൽ അത്യന്താപേക്ഷിതമായി വന്നതിലും, തൻെറ കൈ തൻെറ നെഞ്ഞത്ത് കെട്ടാനുള്ള സ്വാതന്ത്ര്യം ഒരാൾക്കും നിഷേധിക്കപ്പെടാതിരിക്കാൻ വേണ്ടിയുമാണ് വാദപ്രതിവാദത്തിനുള്ള വെല്ലുവിളിയെ നേരിടാൻ മുജാഹിദുകൾ മുന്നോട്ട് വന്നത്. തന്നെയുമല്ല ശാഫിഈ ഫിഖ്ഹ് ഗ്രന്ഥങ്ങളിലും നെഞ്ഞത്ത് കൈ കെട്ടണമെന്ന് തന്നെയാണ് പറഞ്ഞിട്ടുള്ളത്. 'നെഞ്ഞിൻെറ താഴെ' എന്നു പറഞ്ഞിട്ടുള്ളത് 'നെഞ്ഞിൽ തന്നെ അതിൻെറ താഴ്ഭാഗത്ത്' എന്ന വിവക്ഷയിലാണ്. 'താഴെ' എന്ന അർത്ഥം ലഭിക്കാനുപയോഗിച്ച 'തഹ്ത്ത' എന്ന അറബി പദം 'താഴ്ഭാഗത്ത്' എന്ന ആശയത്തിലു പയോഗിക്കുക സാധാരണമാണ്. സ്വർഗ്ഗത്തിൻെറ 'തഹ്ത്തി'ൽകൂടി നദികൾ ഒഴുകുന്നുണ്ടെന്നു ഖുർആനിൽ കാണാമല്ലോ. സ്വർഗ്ഗത്തിൻെറ പുറത്തുള്ളതല്ല, സ്വർഗ്ഗത്തിൽ തന്നെയുള്ള സ്ഥലമാണത് കൊണ്ടുള്ള വിവക്ഷ. നെഞ്ഞിൻെറ 'തഹ്ത്തി'ൽ കൈകെട്ടൽ സുന്നത്തായതിൻെറ യുക്തി വിവരിക്കുന്നേടത്ത് കൈ ഹൃദയത്തിൻമേലാകാൻ വേണ്ടിയാണതെന്നു ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഹൃദയം നെഞ്ഞിനകത്താണല്ലോ. ഫിത്ത്നയെ ഭയപ്പെടുക' എന്ന ചുളുവിലൂടെ സ്ഥിരപ്പെട്ട ഒരു സുന്നത്ത് കയ്യൊഴിക്കുകയാണ് വേണ്ടതെന്നോ, ആ സുന്നത്തിനെ പിൻപററുവാൻ ഇജ്മാഇനെ 'ഖർക്ക്' ചെയ്യുന്നവനും കാഫിറുമാണെന്നു 'ഫത്ത്‌വ'കൾ ഇറക്കി ബഹുജനങ്ങളെ കബളിപ്പിക്കുകയും സുന്നത്ത് പിന്തുടരുന്നവരുടെ മേൽ കുതിര കയറുകയും ചെയ്യുന്നത് കണ്ടില്ല, കേട്ടില്ല എന്നു വെക്കലാണ് ഇസ്ലാമെന്നോ മുജാഹിദുകൾ കരുതിയുമില്ല. അങ്ങിനെയാണീ വാദപ്രതിവാദമുണ്ടായത്.

മുജാഹിദുകളുടെ വാദം ''നമസ്കാരത്തിൽ നെഞ്ഞത്ത് കൈ കെട്ടലാണ് സുന്നത്ത്'' എന്നും, മറുപക്ഷത്തിൻെറത് ''നെഞ്ഞത്ത് തൊടാനോ പെടാനോ

KERALA HERITAGE CENTER KALPAKANCHERY

പാടില്ലാതെ പള്ളമേൽ കൈ കെട്ടലാണ് സുന്നത്ത്''' എന്നുമായിരുന്നു. ഇരുകക്ഷികളും വാദമുഖങ്ങൾ എഴുതിയൊപ്പിട്ടു കൈമാറിയശേഷം കടവത്തൂരിൽ സി. കെ. മൊയ്തീൻകുട്ടി മുസ്ല്യാരുടെ വസതിയിൽവെച്ചു വാദപ്രതിവാദം ആരംഭിച്ചു. മുജാഹിദ് പക്ഷത്തിൻെറ നേതൃത്വം വഹിച്ചത് എം. സി. സി. അബ്ദുറഹ്മാൻ മൗലവിയും മറുപക്ഷത്തിൻെറ നേതൃത്വം വഹിച്ചത് സി. കെ. മൊയ്തീൻകുട്ടി മുസ്ല്യാരുമായിരുന്നു. ശ്രോതാക്കളായി ഒരു വലിയ ജനാവലി അവിടെ തടിച്ചുകൂടി. സദസ്സിൽ ഹാജരുണ്ടായിരുന്ന എ. കെ. കുഞ്ഞിമ്മായൻ ഹാജിക്ക് ഈ വാദപ്രതിവാദം ഇവിടെവെച്ച് ശാന്തമായി നടത്തുക പ്രയാസമാണെന്നു തോന്നിയതുകൊണ്ടായിരിക്കണം, ഇപ്പോൾ ഇത് നിർത്തണമെന്നും അടുത്ത്തന്നെ പാലാപ്പറമ്പിൽവെച്ചു തുടരാമെന്നും തിയ്യതി നിശ്ചയിച്ചു ഇരുകക്ഷികളെയും വിവരം അറിയിക്കാമെന്നും പറഞ്ഞുകൊണ്ട് അദ്ദേഹം സദസ്സിനോട് പിരിഞ്ഞുപോകാനാവശ്യപ്പെട്ടു.

ഏതാനും ആഴ്ചകൾക്കു ശേഷം വാദപ്രതിവാദം പാലാപ്പറമ്പിൽവെച്ച് (എ. കെ. കുഞ്ഞിമ്മായൻ ഹാജിയുടെ വസതിയിൽവെച്ച്) തുടർന്നു. യാഥാസ്ഥിതിക പക്ഷത്തിൻെറ നേതാവായി ഇവിടെ വന്നത് സി. കെ. മൊയ്തീൻകുട്ടി മുസ്ല്യാരുടെ മരുമകൻ ചെറിയ മൊയ്തീൻകുട്ടി മുസ്ല്യാരായിരുന്നു. ഇരുവിഭാഗവും ഹാജരാക്കിയ തെളിവുകളുടെ വെളിച്ചത്തിൽ അറബിഷംനാട് എഴുതി ഇരുവിഭാഗക്കാർക്കും അയച്ചുകൊടുത്ത വിധിയിൽ ''നെഞ്ചു തൊടാനോ പെടാനോ പാടില്ല'' എന്ന വാദം അബദ്ധവും അടിസ്ഥാനരഹിതവുമാണെന്നും, നെഞ്ചു തൊട്ടുകൊണ്ട് നെഞ്ചിൻെറ താഴെയാണ് കൈ കെട്ടേണ്ടതെന്നും പ്രസ്താവിച്ചിരുന്നു.

വടക്കെ മലബാറിലെ ഏററവും വലിയ മുജാഹിദ് കേന്ദ്രമായി കടവത്തൂര് ഉയർന്നുവരാൻ ഈ വാദപ്രതിവാദം വഹിച്ച പങ്ക് വളരെ വലുതാണെന്ന കാര്യം പ്രസ്താവ്യമത്രെ.

4. പരപ്പനങ്ങാടി വാദപ്രതിവാദം

1950ൽ

1950 ഫിബ്രവരി മാസത്തിൽ പരപ്പനങ്ങാടി ഇഷാഅത്തുൽ ഉലൂം മദ്രസാ വാർഷിക യോഗത്തിൽ പ്രസംഗിക്കവെ പതി അബ്ദുൽഖാദിർ മുസ്ല്യാർ മുജാഹിദ് മൗലവിമാരെ വാദപ്രതിവാദത്തിന് വെല്ലുവിളിക്കുകയുണ്ടായി. മുജാഹിദ് പക്ഷക്കാരായ ആരുംതന്നെ ആ യോഗത്തിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ വാദപ്രതിവാദത്തിന്നു അവർ തയ്യാറുണ്ടോ എന്നന്വേഷിച്ചു ഒരാഴ്ചക്കകം മറുപടി തരാമെന്നു സദസ്സരിൽ ഒരാളായ സി. പി. മമ്മുക്കോയി ഏററു. കേരള ജംഇയ്യത്തുൽ ഉലമാ സിക്രട്ടരിക്ക് അദ്ദേഹം വിവരത്തിന് കത്തെഴുതി.

ഒരു വ്യക്തിയെന്ന നിലയിൽ പതി മുസ്ലിയാരുമായി വാദപ്രതിവാദം നടത്തുന്നതിൽ അർത്ഥമില്ലെന്നും ഇരു ജംഇയ്യത്തുൽ ഉലമാകളും ഔദ്യോഗിക തലത്തിൽ ഒരു വാദപ്രതിവാദം നടത്തുകയാണെങ്കിൽ ജംഇയ്യത്തുൽ ഉലമാക്ക് അതിൽ സന്തോഷമേയുള്ളൂവെന്നും സമസ്ത അതിന്നൊരുക്കമാണെങ്കിൽ വിവരം അറിയിക്കണമെന്നും സമസ്തയുടെ ഔദ്യോഗിക പ്രതിനിധിയായി വരു

KERALA HERITAGE CENTER KALPAKANCHERY

ന്നത് പതി മുസ്‌ലിയാരാകുന്നതിന്നു വിരോധമില്ലെന്നും സിക്രട്ടറി മറുപടി നൽകി. സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ സിക്രട്ടരിയിൽനിന്നും അനുകൂലമായ മറുപടിതന്നെ ലഭിച്ചു.

വാദപ്രതിവാദാവസരത്തിൽ സ്വീകരിക്കേണ്ടുന്ന വ്യവസ്ഥകളായി സമസ്തയുടെ സിക്രട്ടരി ഒപ്പിട്ടയച്ചവയിൽ ഒന്നും രണ്ടും നമ്പർ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1. തർക്കവിഷയങ്ങൾ മുഴുവനും അവസാനിക്കുന്നത് വരെയുള്ള സംഭാഷണം 'ചോദ്യം' ചോദ്യത്തിനുത്തരം, ഉത്തരത്തിന് രേഖ, രേഖയുടെ മേൽ നിരൂപണത്തിന്നാവശ്യം വന്നാൽ നിരൂപണം' എന്നീ അടിസ്ഥാനത്തിലായിരിക്കണം. ചോദ്യോത്തരത്തിന്നിടയിൽ പ്രസംഗം അനുവദിക്കുന്നതല്ല.

2. ആയത്ത്, ഹദീസ്, ഇജ്മാഅ്, ഖിയാസ് ഇവ നാലും സംഭാഷണത്തിന്നു രേഖയായി സ്വീകരിച്ചുകൊള്ളാമെന്നു 1950ൽ കേരള ജംഇയ്യത്തുൽ ഉലമായുടെ പല പ്രതിനിധികളും എഴുതിത്തന്നതിനാൽ അവതന്നെ രേഖയായി സ്വീകരിക്കേണ്ടതാണ്.

വാദപ്രതിവാദത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്താൻവേണ്ടി അതിനുശേഷം ഒരു സംയുക്തക്കമ്മിററി രൂപീകരിക്കപ്പെട്ടു. സംയുക്തക്കമ്മിററിയിലേക്ക് മുജാഹിദ് പക്ഷത്തെ അഞ്ചു പ്രതിനിധികളുടെ പേര് കൊടുത്തത് അഞ്ചപ്പുര മഹല്ല് കമ്മിററിയും മറുപക്ഷത്തെ അഞ്ച് പ്രതിനിധികളുടെ പേരു കൊടുത്തത് പനയത്തിൽ മഹല്ല് കമ്മിററിയുമായിരുന്നു. സമസ്തയുടെ സമുന്നത നേതാവായ കാടേരി മുഹമ്മദ് മുസ്‌ല്യാരും ജംഇയ്യത്തിൻെറ സമുന്നത നേതാവായ എം. സി. സി. അബ്ദുറഹ്മാൻ മൗലവിയും സംയുക്തക്കമ്മിററി മെമ്പർമാരായിരുന്നു. സി. പി. മമ്മുക്കേയിയായിരുന്നു കൺവീനർ.

കൺവീനർ ആവശ്യപ്പെട്ടതനുസരിച്ചു കിട്ടിയ, കേരള ജംഇയ്യത്തുൽ ഉലമായുടെ ആറും സമസ്തയുടെ ഏഴും ചോദ്യങ്ങൾ (ആകെ പതിമൂന്നു ചോദ്യങ്ങൾ) 26–3–50നു ചേർന്ന സംയുക്തക്കമ്മിററി യോഗം ചർച്ച ചെയ്യുകയും, പ്രസ്തുത ചോദ്യങ്ങൾക്ക് ഇരു ജംഇയ്യത്തുൽ ഉലമാകളും നൽകുന്ന മറുപടി 10–5–50നു മുമ്പ് വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു. സമസ്തയുടെ മറുപടി കൊണ്ടുവരു

മുജാഹിദ് സമ്മേളനത്തിന് ഞങ്ങളുടെ ആശംസകൾ

മുജാഹിദ് അക്കാഡമിക് സെൻറർ (MAC)

കുററിച്ചിറ * കോഴിക്കോട്

പരിശുദ്ധ ഖുർആനും തിരുസുന്നത്തും പ്രചരിപ്പിക്കുക, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിൽനിന്നും നിർമ്മാർജനം ചെയ്യുക, എന്നീ മഹത്തായ പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് സേവനമനുഷ്ഠിക്കുന്നതിന്നുവേണ്ടി രൂപംകൊണ്ട യുവ സംഘടനയാണ് ''മേക്ക''

KERALA HERITAGE CENTER KALPAKANCHERY

വാൻ കാടേരി മുഹമ്മദ് മുസ്ല്യാരെയും ജ ഇയ്യത്തിൻേറത് കൊണ്ടുവരുവാൻ എം. സി. സി യെയും അധികാരപ്പെടുത്തി. എതെങ്കിലും ഒരു കക്ഷിയുടെ മറുപടി അന്നേക്ക് കിട്ടാത്തപക്ഷം ആ കക്ഷി വാദപ്രതിവാദത്തിൽനിന്നു ഒഴിഞ്ഞുമാറിയതായിട്ടായിരിക്കും വിചാരിക്കപ്പെടുക. രണ്ടു ഉലമാ സംഘടനകളുടെയും മറുപടി കിട്ടിയ ശേഷം ഇരുകൂട്ടരും അഭിപ്രായവ്യത്യാസം തോന്നുന്ന സംഗതിയിൽ മാത്രം വാദപ്രതിവാദം നടത്താൻ 26–3–50നു ചേർന്ന സംയുക്ത യോഗവും തീരുമാനിച്ചു.

വിവരത്തിന് രണ്ടു ഉലമാ സംഘടനകൾക്കും കൺവീനർ യഥാസമയങ്ങളിൽ കത്തുകൾ എഴുതിക്കൊണ്ടിരുന്നെങ്കിലും അവസാനമായി സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സിക്രട്ടരിയിൽ നിന്നു കിട്ടിയ മറുപടിയിൽ കുറെ ഉരുണ്ടുകളി നടത്തലും കൺവീനറുടെ മേൽ കുതിരകയറലുമാണുണ്ടായിരുന്നത്. ചോദ്യാവലിക്ക് മറുപടി നൽകിയതുമില്ല.

കൺവീനർ ഉലമാ സംഘടകൾക്കും മററും അയച്ച കത്തുകളും മറുപടികളും സംയുക്തക്കമ്മിററി യോഗ തീരുമാനങ്ങളും ചോദ്യോവലിയും കേരള ജംഇയ്യത്തുൽ ഉലമാ സിക്രട്ടരി അതിന്നു നൽകിയ പണ്ഡിതോചിതവും പഠനാർഹവുമായ മറുപടിയും അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

5. പൂനൂർ വാദപ്രതിവാദം

പൂനൂർ വാദപ്രതിവാദം വിവരിക്കുന്നതിന്നുമുമ്പായി അതിൻെറ മുഖവുരയെന്നോണം ഏതാനും കാര്യങ്ങൾ പ്രതിപാദിക്കേണ്ടതുണ്ട്. മലബാർ പ്രദേശത്തുനിന്നു ഇസ്ലാഹീ പ്രസ്ഥാനത്തെ തൂത്തുമാററുവാൻ വേണ്ടി 'നിയോഗിക്കപ്പെട്ട' ഒരൽഭുത മനുഷ്യനാണെന്ന പ്രതീതിയോടെയാണ് തിരുവിതാംകൂർക്കാരനായ പതി അബ്ദുൽഖാദിർ മുസ്ല്യാർ ഇങ്ങോട്ടിറക്കുമതി ചെയ്യപ്പെട്ടത്. മുജാഹിദ് മൗലവിമാരെ ഖണ്ഡന പ്രസംഗത്തിന്നും വാദപ്രതിവാദത്തിനുമൊക്കെ വെല്ലുവിളിച്ചുകൊണ്ടു മലബാറിൻെറ പല ഭാഗത്തും അ അദ്ദേഹം പ്രത്യക്ഷപ്പെട്ടു.

നെടിയിരുപ്പിൽ:

പതി മുസ്ല്യാർ മലബാറിൽ ഒന്നാമതായി എഴുന്നള്ളിക്കപ്പെട്ട സ്ഥലം നെടിയിരുപ്പാണ്. മുഹ്യിദ്ദീൻ മാലയിലെ ഓരോ വരിയും സത്യസമ്പൂർണ്ണമാണെന്നു ഖുർആൻകൊണ്ടും ഹദീസുകൊണ്ടും തെളിയിക്കുന്നതാണെന്നും എതിർക്കാൻ ധൈര്യമുള്ള വല്ല വഹാബിയുമുണ്ടെങ്കിൽ കാണട്ടെ എന്നും മററും വീരവാദം മുഴക്കിക്കൊണ്ട് 1949ൽ അദ്ദേഹം അവിടെ എത്തി. എത്തിയ ഉടനെ തന്നെ തൻെറ ഒരു രാഷ്ട്രീയ സുഹൃത്ത് എന്ന നിലയിൽ സി. പി. സെയ്തലവി സാഹിബുമായി അദ്ദേഹം ബന്ധപ്പെടുകയും ഇങ്ങിനെ പറയുകയും ചെയ്തു: ''മലബാറിൽ ശകലം വഹാബികളുണ്ടെന്നു കേട്ടത് കൊണ്ടാണ് ഞാനിങ്ങോട്ടു വന്നത്. അവരിൽ ഏതെങ്കിലുമൊരാളെ എൻെറ മുമ്പിൽ കൊണ്ടത്താരാമോ സെയ്തലവി സാഹിബേ! നൂറുരൂപാ അയാളിന് ഇനാം കൊടുക്കാം. ഏതായാലും മലബാറിലെ വഹാബികളുടെ അന്ത്യം കുറിച്ചിട്ടല്ലാതെ ഞാനിവിടെനിന്നു തിരിച്ചുപോകുന്ന

KERALA HERITAGE CENTER KALPAKANCHERY

പ്രശ്നമില്ല.'' ''ഇനാമൊന്നും വേണ്ടാ, ആളെ കൊണ്ടുവരാൻ കഴിയുമോ എന്നു ഞാൻ ശ്രമിച്ചു നോക്കാം'' സെയ്തലവി സാഹിബ് മറുപടി നൽകി.

ഉടനെത്തന്നെ സെയ്തലവി സാഹിബ് പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജിൽ വന്നു എം. സി. സി. അബ്ദുറഹ്മാൻ മൗലവിയെ കണ്ടു വിവിവരങ്ങളൊക്കെ പറഞ്ഞു. പതിയെ നേരിടാൻ എ. അലവി മൗലവിയെ എം. സി. സി. ഏർപ്പാടു ചെയ്തു കൊടുക്കുകയും ചെയ്തു. നെടിയിരുപ്പിൽ നടന്നത് ഖണ്ഡന മണ്ഡന പ്രസംഗങ്ങളായിരുന്നു. രണ്ടു ദിവസം അത് മുറക്ക് നടന്നു. മൂന്നാം ദിവസം പതി മുസ്ല്യാർക്ക് ശക്തിയായ ഏക്കവും ശ്വാസം മുട്ടലും 'ബാധിച്ചതിനാൽ' പരിപാടി തൽക്കാലം നിർത്തിവെച്ചതായി പ്രഖ്യാപിക്കപ്പെട്ടു. അസുഖം മാറിയാൽ നെടിയിരുപ്പിൽ വെച്ചുതന്നെ പരിപാടി തുടരുമെന്നും അപ്പോൾ അറിയിക്കപ്പെട്ടിരുന്നു.

വണ്ടൂരിലും ചെറുകോട്ടും

പിന്നീടു രണ്ടുമൂന്നാഴ്ച കഴിയുന്നതുവരെ പതി മുസ്ല്യാരുടെ യാതൊരു വിവരവും കേട്ടിരുന്നില്ല. മൂന്നാഴ്ച കഴിഞ്ഞപ്പോഴാണ് വണ്ടൂരിൽ അദ്ദേഹം പ്രസംഗിക്കുന്നുണ്ടെന്നും നെടിയിരുപ്പിൽ നടത്തിയ അതേ ശൈലിതിൽതന്നെ മുജാഹിദുകളെ ഖണ്ഡന പ്രസംഗത്തിനു വെല്ലുവിളിക്കുന്നുണ്ടെന്നും അറിയാൻ കഴിഞ്ഞത്. വെല്ലുവിളി നേരിടാൻ അലവി മൗലവി അവിടെയുമെത്തി. അദ്ദേഹത്തെ മലർത്തിയടിച്ചു. ചെറുകോട്ടും ഏകദേശം ഇതേ അനുഭവം തന്നെയുണ്ടായി.

നിലമ്പൂരിൽ

ഖണ്ഡന പ്രസംഗത്തിന് മുജാഹിദുകളെ വെല്ലുവിളിച്ചുകൊണ്ടു പതിമുസ്ലിയാർ നിലമ്പൂരിൽ പ്രസംഗ പരമ്പര തുടങ്ങുന്നുണ്ടെന്നു ഏതാനും ആഴ്ചകൾക്കുശേഷം നോട്ടീസിറങ്ങി. ഉഭയകക്ഷികളും വ്യവസ്ഥകൾ ഒപ്പിട്ടു കൈമാറിയശേഷം പ്രസംഗദിവസം വെല്ലുവിളി നേരിടാൻവേണ്ടി പി. സെയ്തുമൗലവിയുടെ നേതൃത്വത്തിൽ ഒരു മൂന്നംഗസംഘം നിലമ്പൂരിലെത്തി. സെയ്തുമൗലവി സംസാരിക്കേണ്ടുന്ന ഊഴം വന്നപ്പോൾ ഇരുകക്ഷിയും ഒപ്പിട്ട കൈമാറിയ വ്യവസ്ഥ അദ്ദേഹം വായിച്ചു. ഉടനെ പതിമുസ്ല്യാർ ''ഈ വ്യവസ്ഥകളൊന്നും ഞാനറിയില്ല, ചോദ്യോത്തര രീതിയിലുള്ള വാദപ്രതിവാദത്തിന്നു തയ്യാറുണ്ടോ'' എന്നു ചോദിച്ചു.

''ഖണ്ഡന മണ്ഡന പ്രസംഗങ്ങൾ നടത്താനുള്ള വ്യവസ്ഥകളാണ് ഉഭയകക്ഷികളും ഒപ്പിട്ടു കൈമാറിയിട്ടുള്ളത്. അതിന്നു നിങ്ങൾ തയ്യാറുണ്ടോ എന്നാണ് ആദ്യം അറിയേണ്ടത്''' സെയ്ത്മൗലവി തിരിച്ചടിച്ചു.

''അങ്ങിനെയൊരു വ്യവസ്ഥയുണ്ടാക്കിയത് ഞാനറിയില്ല, ചോദ്യോത്തര രീതിയിലുള്ള വാദപ്രതിവാദത്തിനു തയ്യാറുണ്ടോ?'' മുസ്ലിയാർ വീണ്ടും ആവർത്തിച്ചു.

ഈയവസരത്തിൽ എഴുതികൈമാറിയ വ്യവസ്ഥകൾ എന്തിന്നുവേണ്ടിയുള്ളതാണെന്നു പ്രഖ്യാപിക്കണമെന്നു മറുപക്ഷത്തെ കൺവീനറോട് സെയ്തു മൗലവി ആവശ്യപ്പെടുകയും ഖണ്ഡന പ്രസംഗം നടത്താൻ വേണ്ടിയാണെന്നു അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു.

KERALA HERITAGE CENTER KALPAKANCHERY

അപ്പോൾ "ഈ സ്റേറജ് എൻെറ അധികാരത്തിലുള്ളതാണ്. ആരെന്തു വ്യവസ്ഥയുണ്ടാക്കിയാലും അതൊന്നും എനിക്ക് ബാധകമല്ല. എൻെറ അധികാരത്തിലുള്ള ഈ സ്റേറജിൽവെച്ചു വാദപ്രതിവാദം നടത്താൻ തയ്യാറുണ്ടോ? അതാണ് എനിക്കറിയേണ്ടത്" പതി മുസ്ല്യാർ ഗർജ്ജിച്ചു.

സെയ്തുമൗലവി ശാന്തനായുംകൊണ്ടു ഇങ്ങിനെ പറഞ്ഞു. "സ്റേറജ് ആരുടെ അധികാരത്തിലുള്ളതായാലും ഖണ്ഡന പ്രസംഗങ്ങൾ നടത്താനാണ് വ്യവസ്ഥകൾ ഒപ്പിട്ടു കൈമാറിയിട്ടുള്ളത്. അതിന് നിങ്ങൾ തയ്യാറുണ്ടോ ഇല്ലേ എന്നറിഞ്ഞതിൻശേഷം വാദപ്രതിവാദം നടത്തുന്നത് സംബന്ധിച്ചു ഞങ്ങളുടെ നിലപാട് വ്യക്തമാക്കാം.

'ഖണ്ഡന പ്രസംഗത്തിന്നു എന്തായാലും ഞാനിപ്പോൾ തയ്യാറില്ല', വാദപ്രതിവാദത്തിന് നിങ്ങളോ? പതിമുസ്ല്യാർ പറഞ്ഞു;

"വാദപ്രതിവാദത്തിന് ഞങ്ങൾ തയ്യാറാണ്. ആദ്യമായി അതിനുള്ള വ്യവസ്ഥകൾ എഴുതിയുണ്ടാക്കണമല്ലോ. വ്യവസ്ഥകൾ തയ്യാറാക്കാനുള്ള സമയം ഇപ്പോൾ നിർണ്ണയിക്കാൻ പററുമോ?" സെയ്തു മൗലവി പ്രതിവചിച്ചു. അതു പിന്നീടു തീരുമാനിക്കാമെന്നു മുസ്ലിയാർ പറഞ്ഞതോടെ ആ രംഗം അവസാനിച്ചു.

ഇതും കഴിഞ്ഞതിന് ശേഷമാണ് പരപ്പനങ്ങാടിയിൽവെച്ചു പതിമുസ്ലിയാർ മുജാഹിദുകളെ വാദപ്രതിവാദത്തിനു വെല്ലുവിളിച്ചത്. പരപ്പനങ്ങാടി വാദപ്രതിവാദം ചുരുക്കി വിവരിച്ചിട്ടുണ്ടല്ലോ. ഇതൊക്കെ കഴിഞ്ഞിട്ടാണ് പതിമുസ്ല്യാർ പൂനൂരിലെത്തുന്നത്.

പൂനൂരിൽ

മേൽപറഞ്ഞ അനുഭവങ്ങളൊന്നും തന്നെ മുസ്ല്യാരെ പാഠം പഠിപ്പിച്ചില്ല. 1951 ഫെബ്രുവരിയിൽ കുന്നമംഗലത്ത്‌വെച്ചു പ്രസംഗ പരമ്പര നടത്തിക്കൊണ്ടിരിക്കെ പിന്നെയും അദ്ദേഹം മുജാഹിദ് മൗലവിമാരെ വാദപ്രതിവാദത്തിനു വെല്ലുവിളിച്ചു. വെല്ലുവിളിയുടെ ഭാഷയും ശൈലിയുമൊക്കെ അത്യുഗ്രമായിരുന്നു. തയ്യാറാണെന്നു സദസ്സിലുണ്ടായിരുന്ന കൊല്ലങ്കണ്ടി മമ്മു സാഹിബും അനുജൻ കലന്തൻ കുട്ടി സാഹിബും അറിയിച്ചു. അതനുസരിച്ചു വാദപ്രതിവാദം പൂനൂരിൽ വെച്ചു നടത്താമെന്നു തീരുമാനിക്കുകയും വ്യവസ്ഥകളുംക്കൊള്ളുന്ന കരാറിൻെറ മൂന്നു കോപ്പി എഴുതിയുണ്ടാക്കി മുജാഹിദു പക്ഷത്തിന്നു വേണ്ടി കൊല്ലങ്കണ്ടി മമ്മു സാഹിബും കലന്തൻ കുട്ടി സാഹിബും മറുപക്ഷത്തിന്നുവേണ്ടി പതിമുസ്ലിയാരും കെ. സി. ഹുസൈൻ സാഹിബും, സാക്ഷികളായി സ്ഥലത്തുണ്ടായിരുന്ന പതിനാലു പേരും അവയിൽ ഒപ്പിട്ടു. ഓരോ കോപ്പി മുജാഹിദ് കക്ഷിയുടെയും മററ കക്ഷിയുടെയും, പക്കലും കരാർ അതേപടി പ്രസിദ്ധപ്പെടുത്താൻ വേണ്ടി മൂന്നാമത്തെ കോപ്പി സാക്ഷികളിലൊരാളും വാദപ്രതിവാദ സ്ഥലത്തിൻെറ ഉടമസ്ഥനുമായ ആർ. മരക്കാർ ഹാജിയുടെ പക്കലും സൂക്ഷിച്ചു.

കരാർ പ്രസിദ്ധപ്പെടുത്താൻ വേ വേണ്ടി പത്രമാഫീസുകളിൽ പോയത് പതിമുസ്ല്യാരായിരുന്നു. കരാറിൻെറ സ്പിരിററിന് നിരക്കാത്ത ഒരു മുഖവുരയോടും സമാപനത്തോടും കൂടിയും,

KERALA HERITAGE CENTER KALPAKANCHERY

'സാക്ഷികൾ' എന്നത് 'മദ്ധ്യസ്ഥൻമാർ' എന്നാക്കി മാററിയുംകൊണ്ട് മരക്കാർ ഹാജിയുടെ പേരിൽ പത്രത്തിൽ പരസ്യം വന്നു. വാദപ്രതിവാദത്തിൽ നിന്നു സൂത്രത്തിൽ ഒഴിഞ്ഞുമാറി, തൻെറ അനുയായികളായ സാക്ഷികളെക്കൊണ്ടു 'മദ്ധ്യസ്ഥന്മാർ' എന്ന വ്യാജ്യേന താനിഷ്ടപ്പെടുന്ന രൂപത്തിലുള്ള പ്രസ്താവനകളിറക്കിച്ചു ജയഭേരി മുഴക്കാൻ വേണ്ടി പതിമുസ്ല്യാർ പ്രയോഗിച്ച അടവാണിതെന്നു മനസ്സിലാക്കിയ മുജാഹിദ് പ്രതിനിധികൾ പരസ്യം പുറത്ത്വന്ന ഉടനെ മരക്കാർ ഹാജിയെ ചെന്നു കണ്ടു അതിൽ വന്നിട്ടുള്ള ക്രമക്കേടുകൾ അദ്ദേഹത്തിന് വിവരിച്ചുകൊടുത്തു. പത്രമാഫീസിൽ വെച്ചു നിങ്ങളുടെ മുമ്പാകെതന്നെ ക്രമക്കേടുകൾ തിരുത്താമെന്നു ഹാജിസാഹിബ് പറയുകയും അതിനുള്ള സമയം നിർണ്ണയിക്കുകയും നിശ്ചിത സമയത്ത് പത്രമാഫീസിൽ അദ്ദേഹം എത്തുകയും ചെയ്തുവെങ്കിലും തനിക്ക് ഇത്വരെ പതിമുസ്ല്യാരെ കാണാൻ കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹവുമായി ആലോചിച്ചു വേണ്ടപ്പെട്ട തിരുത്തുകൾ ഉടനെ വരുത്തുന്നതാണെന്നും പറഞ്ഞു പിരിയുകയാണുണ്ടായത്. മുജാഹിദു പ്രതിനിധികൾ അടിക്കടി ഓർമ്മിപ്പിച്ച്യകൊണ്ടിരുന്നിട്ടും ഹാജിസാഹിബ് അത് തിരുത്താതെ തന്നെ ദിവസങ്ങൾ പലതും കഴിഞ്ഞു. അതിനാൽ വാദപ്രതിവാദം നടത്തുന്നതിന് തടസ്ഥമുണ്ടാക്കത്തക്കവിധം പരസ്യത്തിൽ കാട്ടിക്കൂട്ടിയുള്ള കൃത്രിമങ്ങൾ എണ്ണിപ്പറഞ്ഞുകൊണ്ടും ഉടനെ അവ തിരുത്തി തടസ്ഥം നീക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും പത്രത്തിൽ പരസ്യം കൊടുക്കാൻ മുജാഹിദ് പ്രതിനിധികൾ നിർബ്ബന്ധിതരായി.

പതിമുസ്ലിയാർ പിന്നെയും വളഞ്ഞവഴിതന്നെ പ്രയോഗിച്ചു. ആളുടെ പേരുവെക്കാതെ പത്രത്തിൽ ഒരു പരസ്യം കൊടുക്കുകയും 'കഴിഞ്ഞ പരസ്യത്തിൽ 'മദ്ധ്യസ്ഥൻമാർ' എന്ന സ്ഥലത്ത് 'സാക്ഷികൾ' എന്നു തിരുത്തി വായിക്കാനപേക്ഷ'' എന്നു അതിൽ ചേർക്കുകയുമാണ് അദ്ദേഹം ചെയ്തത്. ആളില്ലാത്ത പരസ്യംകൊണ്ടു പ്രയോജനമില്ലെന്നും എല്ലാ തിരുത്തലുകളും ഹാജി സാഹിബിൻെറ പേര്വെച്ച തന്നെ പരസ്യപ്പെടുത്തി വാദപ്രതിവാദത്തിനുള്ള തടസ്ഥങ്ങൾ നീക്കണമെന്നും മുജാഹിദു പ്രതിനിധികൾ അറിയിച്ചു. അതിനെത്തുടർന്നു, 'മദ്ധ്യസ്ഥന്മാർ എന്നെഴുതിയത് തികച്ചും തെററാണെന്നും തൽസ്ഥാനത്ത് 'സാക്ഷികൾ' എന്നു തന്നെയാണ് എഴുതേണ്ടതെന്നും മുഖവുരയും സമാപ്തവും തൻെറ സ്വന്തം വകയാണെന്നും വ്യക്തമാക്കുന്ന പരസ്യം ഹാജി സാഹിബിൻെറ പേരു വെച്ചുകൊണ്ടു തന്നെ പത്രത്തിൽ വന്നു.

1951 മാർച്ച് 18–ാംനു രാത്രി എട്ടു മണിക്കു ഉഭയകക്ഷിയിലെ പണ്ഡിതൻമാരും അവരുടെ സഹായികളും വാദപ്രതിവാദം നടത്താനായി ഒരു മാളികയിൽ അണിനിരന്നു. (മാളികയുടെ ചുമരിൽ എല്ലാവർക്കും കാണത്തക്കവിധം അതിമനോഹരമായ ഒരു മാല തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. പതിമുസ്ല്യാർ ഈ വാദപ്രതിവാദത്തിൽ തകർപ്പൻ വിജയം കൈവരിക്കുമെന്നും, മുജാഹിദു പ്രസ്ഥാനത്തിൻെറ മരണമണി മുഴക്കിക്കൊണ്ട് അയു അവിടെവെച്ചു തന്നെ പ്രഖ്യാപിക്കപ്പെടുമെന്നും അവിടത്തുകാരായ യാഥാസ്ഥിതികർ വിശ്വസിക്കുകയോ വി

KERALA
HERITAGE
CENTER
KALPAKANCHERY

ശ്വസിപ്പിക്കപ്പെടുകയോ ചെയ്തിരുന്ന വത്രെ. ആർഭാടപൂർവ്വം ആ പ്രഖ്യാപനം നടക്കുമ്പോൾ അദ്ദേഹത്തെ ഹാരാർപ്പണം ചെയ്തു ബഹുമാനിക്കാൻ വേണ്ടി നേരത്തെ തന്നെ ഏർപ്പാടു ചെയ്തു വെച്ചിരുന്നതാണ് ആ മാലയെന്ന് പിന്നീടറിയാൻ കഴിഞ്ഞു) മലബാറിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും വന്നു ചേർന്ന അരലക്ഷത്തിൽപരം പേർ ശ്രോതാക്കളായി അവിടെ പങ്കെടുത്തിരുന്നു.

അനാരോഗ്യം നിമിത്തം എം. സി. സീ. അബ്ദുറഹ്മാൻ മൗലവി വാദപ്രതിവാദത്തിൽ പങ്കെടുത്തിരുന്നില്ലെങ്കിലും ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും അദ്ദേഹം നൽകിയിരുന്നു. ഇരുഭാഗത്ത്നിന്നും വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നവരുടെ പേര് എഴുതി കൈമാറിയ ശേഷം 'തുടങ്ങുകയല്ലേ?' എന്ന പതിമുസ്ലിയാർ ചോദിച്ചു. അത് കേൾക്കേണ്ട താമസം വെടിയും തീയുമെന്നപോലെ ഉടനെ തന്നെ എ. അലവി മൗലവി താഴെ പറയുന്ന ചോദ്യം ഉന്നയിക്കുകയും ചെയ്തു.

'മുഹ്യിദ്ദീൻ ശൈഖ രക്ഷിക്കണേ! ബദരീങ്ങളെ കാക്കണേ! എന്നിങ്ങിനെ മരിച്ചുപോയ മഹാത്മാക്കളോട് സഹായത്തിന്നപേക്ഷിക്കുകയെന്ന ഇസ്തിഗാസ അനുവദനീയമാണെന്ന വല്ല ആയത്തുകൊണ്ടും തെളിയിക്കാമോ?'

ഇരുപക്ഷത്തെയും റിപ്പോർട്ടർമാർ ചോദ്യം എഴുതി പരസ്പരം ഒത്തു നോക്കി മുജാഹിദ്പക്ഷത്തെ റിപ്പോർട്ടർ മൈക്കിലൂടെ അതു സദസ്സിനെ കേൾപ്പിച്ചു. ഈ ചോദ്യത്തിന്നു മറുപടി പറയാതെ രക്ഷപ്പെടാൻ പതി മുസ്ലിയാർ നടത്തിയ കുട്ടിക്കരണം മറിച്ചിൽ കാണേണ്ടത് തന്നെയായിരുന്നു. അലവി മൗലവി കരാറിലെ വ്യവസ്ഥ ലംഘിച്ചു. അദ്ദേഹത്തിന്നു ചോദിക്കാനവകാശമില്ല, അദ്ദേഹം നെടിയിരുപ്പിൽവെച്ച് അങ്ങിനെ പറഞ്ഞു. വണ്ടൂരിൽവെച്ച് ഇങ്ങിനെ പറഞ്ഞു. ആദ്യം ചോദ്യം ഉന്നയിക്കേണ്ടത് ആരാണെന്നുകൂടി വ്യവസ്ഥ ചെയ്തിട്ടു വേണം വാദപ്രതിവാദം തുടരാൻ എന്നിങ്ങിനെ പലപല നൊണ്ടിന്യായങ്ങളും മാറിമാറി ഉന്നയിച്ചു നോക്കി. അലവി മൗലവിയുടെ കുറിക്കുകൊള്ളുന്ന മറുപടികൾക്ക് മുമ്പിൽ അതൊക്കെ നിഷ്പ്രഭമായി പോയെന്നു മാത്രം. ഈ വാക്ക് സമരങ്ങളിലൂടെ മണിക്കൂറുകൾ പലതും കടന്നുപോയി. അവസാനം ഗത്യന്തരമില്ലെന്നു വന്നപ്പോൾ മുസ്ലിയാർ ഇങ്ങിനെ മറുപടി പറഞ്ഞു:

''മരിച്ചുപോയ മഹാത്മാക്കളോട് സഹായത്തിന്നപേക്ഷിക്കുക എന്ന ഇസ്തിഗാസയെ വിരോധിക്കുന്ന യാതൊരു ആയത്തും വന്നിട്ടില്ലാത്തതിനാൽ ഇസ്തിഗാസ പരിശുദ്ധ ഖുർആനിന്റെ ദൃഷ്ടിയിൽ അനുവദനീയം തന്നെ. ഇസ്തിഗാസ ശിർക്കാണെന്നതിന് ഖുർആനിൽനിന്നു വല്ല ആയത്തും തെളിവായി തരാമോ?

ഇസ്തിഗാസ ശിർക്കാണെന്നു തെളിയിക്കുന്ന ആയത്തുകൾ അലവി മൗലവി ഉദ്ധരിക്കാൻ തുടങ്ങി. അപ്പോഴേക്കും 'പ്രസംഗം' എന്ന മുദ്രകുത്തി മുസ്ല്യാർ അതു തടഞ്ഞു. അത് ശിർക്കാണെന്നു തെളിയിക്കുന്നതിന്നാവശ്യമായ ആയത്തുകളുദ്ധരിക്കാൻ അവസരം നൽകണമെന്നു മൗലവി ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച വാക്സമരങ്ങൾ ഏകദേശം നേരം വെളുക്കുവോളം നീണ്ടുനിന്നു. ''വൈക്കോൽ, താനൊട്ടു തിന്നുകയുമില്ല, മററുള്ളവരെ തി

KERALA HERITAGE CENTER KALPAKANCHERY

ന്നാനനുവദിക്കുകയുമില്ല'' എന്നു പറഞ്ഞതുപോലെ ഖുർആനിൽ നിന്നുള്ള തെളിവ് താനൊട്ട് ഉദ്ധരിക്കുകയുമില്ല അലവി മൗലവിയെ ഉദ്ധരിക്കാൻ അനുവദിക്കുകയുമില്ല എന്ന നയം പതി മുസ്‌ല്യാർ അനുവർത്തിച്ചത് അരലക്ഷത്തിൽപരം വരുന്ന സദസ്യരെ ആകമാനം വെറുപ്പിച്ചു. അലവി മൗലവിയെ ആയത്തോതാൻ അനുവദിക്കണം എന്നും മററും സദസ്യർ ഒന്നടങ്കം ഇടക്കിടെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നത് അതിൻെറ വ്യക്തമായ തെളിവായിരുന്നു.

കരാറിലെ വ്യവസ്ഥയനുസരിച്ച എഴുതിയേടത്തോളം റിപ്പോർട്ട് ഒപ്പിട്ടു കൈമാറാനും മുസ്‌ല്യാകക്ഷി തെയ്യാറായില്ല.

പറവണ്ണ മൊയ്തീൻകുട്ടി മുസ്ല്യാർ, സദഖത്തുല്ല മുസ്‌ല്യാർ, ഇ. കെ. അബൂബക്കർ മുസ്‌ല്യാർ, കോട്ടുമല അബൂബക്കർ മുസ്‌ല്യാർ, കാടേരി മുഹമ്മദ് മുസ്‌ല്യാർ, കൊയപ്പക്കാരൻ കുഞ്ഞായിൻ മുസ്‌ല്യാർ മുതലായ കേരളത്തിലെ തലയെടുപ്പുള്ള മുസ്‌ല്യാപ്രമാണിമാരോടൊപ്പം പതി മുസ്‌ല്യാർക്കു പൂനൂരിൽവെച്ചു നേരിട്ട ഈ കനത്ത പരാജയത്തിന് അരലക്ഷത്തിൽപരം പേർ ദൃക്‌സാക്ഷികളായി. യാഥാസ്ഥിതിക പണ്ഡിതന്മാരുടെ കനം എത്രയുണ്ടെന്നു ബഹുജനങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കിക്കൊടുത്ത ഒരു അസുലഭ സന്ദർഭമായിരുന്നു ഈ രംഗം. ഇസ്‌ലാഹീ പ്രസ്ഥാനത്തിൻെറ വളർച്ചയിൽ ഈ വാദപ്രതിവാദം വഹിച്ച പങ്ക് വളരെ വലുതാണ്.

'പൂനൂരിലെ വാദപ്രതിവാദം' എന്ന പേരിൽ ഈ സംഭവം വിവരിക്കുന്ന ഒരു ചെറുപുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

വണ്ടൂർ വാദപ്രതിവാദം 1969ൽ

ഈ വാദപ്രതിവാദത്തിൽ മുജാഹിദുകളുടെ എതിർപക്ഷത്തുണ്ടായിരുന്നത് യാഥാസ്ഥിതിക പണ്ഡിതൻമാരായിരുന്നില്ല. മറിച്ചു, പിന്നീടു മോഡേൺ ഏജു സൊസൈററിയുണ്ടാക്കിയ ആത്യന്തിക വാദികളായിരുന്നു. ചേകനൂരായിരുന്നു പ്രധാന ദിവ്യൻ.

നബി(സ)യിൽനിന്നു സഹാബിമാരും അവരോരുത്തരിൽനിന്നും ഈ രണ്ടുപേരും പിന്നെ പരമ്പരയുടെ അവസാനംവരെ മേൽ പറഞ്ഞ രൂപത്തിൽ ഈ രണ്ടു പേർ വീതവും കേട്ടതായി തെളിഞ്ഞാൽ മാത്രമേ ഹദീസു സ്വീകാര്യമായിത്തീരുകയുള്ളൂ (രണ്ടു സാക്ഷി വാദം). ഏതു പരിതസ്ഥിതിയിലും പൗരത്വന്നു സ്വാതന്ത്ര്യവകാശം വേണം, ആണിനും പെണ്ണിനും ഓഹരി തുല്യമായിരിക്കണം, ഏക സിവിൽകോഡ് വേണം, ബഹുഭാര്യത്വം പാടില്ല എന്നിങ്ങനെ എത്രയെങ്കിലും ഭേദഗതികൾ മതനിയമങ്ങളിൽ വരുത്തേണ്ടതുണ്ട്, നമസ്ക്കാര സമയങ്ങൾ അഞ്ചില്ല; മൂന്നേയുള്ളൂ, പലിശ മൊത്തത്തിൽ നിഷിദ്ധമല്ല; എന്നിങ്ങിനെ വാദിക്കുന്നവരായിരുന്നു അവർ. അവരെ ധീരമായും സമർത്ഥമായും ഫലപ്രദമായും നേരിട്ട കേരളത്തിലെ ഏക വിഭാഗം മുജാഹിദുകളത്രെ.

ചേകനൂർ മൗലവിയുമായി വണ്ടൂരിൽവെച്ചു മുജാഹിദുകൾ ഏററുമുട്ടി. നാലുദിവസം ഖണ്ഡന മണ്ഡന പ്ര

KERALA HERITAGE CENTER KALPAKANCHERY

സംഘങ്ങൾ നടത്തുവാൻ ഇരുവിഭാഗവും വ്യവസ്ഥ ചെയ്തു. മുജാഹിദ് പക്ഷത്തുനിന്നു പങ്കെടുത്തു സംസാരിച്ചത് കെ. സി. അബൂബക്കർ മൗലവിയും എ. പി. അബ്ദുൽഖാദിർ മൗലവിയുമായിരുന്നു. ഒന്നാം ദിവസം ഹദീസു സ്വീകരിക്കപ്പെടുന്നതിനുള്ള രണ്ടു സാക്ഷി വാദം, രണ്ടാം ദിവസം പൗത്രൻെറ പിന്തുടർച്ചാവകാശം, മൂന്നാം ദിവസം നമസ്ക്കാരസമയങ്ങൾ, നാലാം ദിവസം പലിശ എന്നിവയായിരുന്നു വിഷയങ്ങൾ.

ആദ്യത്തെ രണ്ടുദിവസം വണ്ടൂര് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽവെച്ചു പരിപാടികൾ നടന്നു. തുറന്ന സ്ഥലത്ത് വെച്ചു പരിപാടികൾ നടക്കുമ്പോൾ തങ്ങൾക്ക് നേരിട്ടുകൊണ്ടിരിക്കുന്ന ദയനീയമായ പരാജയം പരസ്യമായി പ്രകടമാകുന്നത് അൽപമൊന്നു കുറക്കുവാൻ വേണ്ടിയാകാം, ചേകനൂർ പ്രഭൃതികൾ മൂന്നാം ദിവസത്തെ പരിപാടി ഒരു മാടത്തിൻെറ മുകളിലേക്ക് മാററി. മുജാഹിദുകളോടാലോചിക്കാതെയാണ വരത് ചെയ്തതെങ്കിലും അക്കാരണത്താൽ മാത്രം പരിപാടി മുടങ്ങരുതെന്നു കരുതി അവർ തടസ്ഥമൊന്നും പറഞ്ഞില്ല.

'പലിശ' എന്ന വിഷയം ചർച്ചക്കു വരുന്ന നാലാം ദിവസത്തെ പരിപാടി നടക്കുകയാണെങ്കിൽ ചേകനൂർ മൗലവിയുടെ പക്ഷക്കാരായ പലർക്കും അതൊരു വയററത്തടിയായിത്തീരുമെന്ന ബോധ്യപ്പെട്ടത് കൊണ്ടായിരിക്കണം, സാമ്പത്തിക വിഷമം നിമിത്തം നാലാം ദിവസത്തെ പരിപാടി നടത്തുക സാധ്യമല്ലെന്നു അക്കൂട്ടർ വിളംബരം ചെയ്തു.

ചേകനൂര് പ്രസ്ഥാനത്തിൻെറ മരണമണി മുഴക്കിയ ഒരു മഹൽ സംഭവമായിരുന്നു ഇത്.

താനാളൂർ വാദപ്രതിവാദം
1970ൽ

ഏകദിന പരിപാടി, 'തറാവീഹ്', 'സ്ത്രീകളുടെ ജുമുഅയും ജമാഅത്തും' എന്നിവയായിരുന്നു വിഷയങ്ങൾ. ഒരു കക്ഷി വിഷയമവതരിപ്പിച്ചുകൊണ്ടു മുക്കാൽ മണിക്കൂർ പ്രസംഗിക്കുക, അതു കഴിഞ്ഞാൽ എതിർകക്ഷി ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുക, പിന്നീട് മറുകക്ഷി മുക്കാൽ മണിക്കൂർ പ്രസംഗിക്കുക, ചോദ്യോത്തരം നടക്കുക ഇതായിരുന്നു വ്യവസ്ഥ. ഒരു ചോദ്യത്തിനു മൂന്നു മിനുട്ടും മറുപടിക്ക് അഞ്ചു മിനുട്ടും വീതമാണ് അനുവദിക്കപ്പെട്ടിരുന്നത്. മുജാഹിദ് പക്ഷത്ത് എ. പി. അബ്ദുൽഖാദിർ മൗലവി, പി. കെ. അലി അബ്ദുർ റസ്സാഖ് മൗലവി മുതലായവരും മറുപക്ഷത്ത് ഇ. കെ. ഹസൻമുസ്ല്യാർ, ഐദറൂസ് മുസ്ല്യാർ മുതലായവരും പങ്കെടുത്തു. ശ്രോതാക്കളായി വമ്പിച്ച ജനാവലി തടിച്ചു കൂടിയിരുന്നു. യാഥാസ്ഥിതിക വിഭാഗത്തിന് ഈ വാദപ്രതിവാദത്തിൽ നേരിട്ട പരാജയം കനത്തതായിരുന്നു. മറുപടി പറയാൻ അനുവദിക്കപ്പെട്ട അഞ്ചുമിനുട്ട് മുഴുമിക്കാൻ കഴിയാതെ അവർ വിഷമിച്ചുകൊണ്ടിരുന്ന രംഗം കാണേണ്ടത് തന്നെയായിരുന്നു. ഹിജാബിൻെറ ആയത്ത് ഏതാണെന്നുപോലും ഇക്കൂട്ടർ, അതിൻെറ മുമ്പു ശരിക്കു മനസ്സിലാക്കിയിരുന്നില്ലെന്നു അവിടെവെച്ചു തെളിഞ്ഞു.

ഹിജാബിൻെറ ആയത്തിറങ്ങിയ ശേഷം ഒററ മുസ്ലിം സ്ത്രീയും പള്ളിയിൽ നമസ്കരിക്കാൻ പോയ

KERALA HERITAGE CENTER KALPAKANCHERY

തായി തെളിയുകയില്ലെന്നു വാദിച്ച പ്പോരം ഏതാണീ ഹിജാബിൻെറ ആയ ത്തെന്നു മുജാഹിദുകരം ചോദിച്ചതിന്നു സൂറത്തുൽ അഹ്സാബിലെ 33-ാം നമ്പർ ആയത്താണ് അവർ ഓതിക്കേരം പ്പിച്ചത്. ഹിജാബിൻെറ ആയത്ത് ഏതാണെന്നെങ്കിലും പഠിക്കാതെ വന്ന ത് നന്നായില്ലെന്നു തിരിച്ചടിച്ച മുജാ ഹിദുകരം ഹിജാബിൻെറ ആയത്ത് ഇറ ങ്ങിയ ശേഷം സഹാബിവനിതകരം പ ള്ളിയിൽ നമസ്ക്കരിക്കാൻ പങ്കെടുത്ത എത്രയെങ്കിലും സംഭവങ്ങരം തെളിയി ക്കുകയും ചെയ്തു,

കല്ലിക്കണ്ടി വാദപ്രതിവാദം

1972ൽ

വാദപ്രതിവാദം നടന്നില്ലെങ്കിലും ഇരു ജംഇയ്യത്തുൽ ഉലമാകളും ഔദ്യോ ഗികമായി അധികാരപ്പെടുത്തിയ പ്രതി നിധികരം വാദപ്രതിവാദ വ്യവസ്ഥ കരം ഒന്നിച്ചിരുന്നു ചർച്ച ചെയ്തു കരാർപത്രിക തയ്യാറാക്കി ഒപ്പിട്ടു കൈ മാറിയ ഒന്നാമത്തെ സംഭവമായിരുന്നു ഇത്. പ്രതിനിധികളെ നിശ്ചയിച്ച കൊണ്ടു സമസ്ത ആദ്യം നൽകിയ അ ധികാര പത്രികയിൽ വന്ന പിശക് തി രുത്തിക്കൊണ്ട് രണ്ടാമതൊരു പത്രിക നൽകിയിരുന്നു. സിക്രട്ടറിയുടെ ഒപ്പ് ആദ്യത്തേതിലുള്ളതിൽനിന്നു തികച്ചും വിഭിന്നമായി അതിൽ കണ്ടത് യാഥാ സ്ഥിതികപക്ഷത്തെ മെമ്പർമാരിൽപോ ലും അത്ഭുതവും വെറുപ്പും ഉളവാ ക്കിയിരുന്നുവെന്നത് പ്രസ്താവ്യമാ ണ്. ഇരു ഉലമാ സംഘടനകളുടെയും ഔദ്യോഗിക പ്രതിനിധികരം ഒപ്പിട്ടു കൈമാറിയ ഈ കരാറിൽ 'മരിച്ചപോയ വരോട് പ്രാർത്ഥിക്കൽ' എന്നത് വാദപ്രതിവാദ വിഷയമാക്കി രേഖപ്പെ ടുത്തിയിരുന്നുവെന്നതും എടുത്തു പറ യത്തക്ക സംഗതിയത്രെ.

വാദപ്രതിവാദത്തിൻെറ പ്രാരംഭ പ്രവർത്തനങ്ങരം നടത്തുന്നതിനുള്ള സം യുക്ത കമ്മിററിയിൽ മുജാഹിദ് പക്ഷ ത്തിൻെറ കൺവീനർ സി. എം. കഞ്ഞി മൂസ മൗലവിയും മറുപക്ഷത്തിൻെറ കൺ വീനർ കെ. വി. സൂപ്പിയുമായിരുന്നു.

കുണ്ടുതോട് വാദപ്രതിവാദം

1974-75ൽ

വ്യവസ്ഥകരം തയ്യാറാക്കാനുള്ള ചർ ച്ചകരം ഒന്നരക്കൊല്ലം നീണ്ടുനിന്ന ഒരു സംഭവമായിരുന്നു ഇത്. മുജാഹിദുക ളും യാഥാസ്ഥിതിക വിഭാഗവും ത മ്മിൽ തർക്കമുള്ള മിക്കവാറും എല്ലാ വിഷയങ്ങളും (58 വിഷയങ്ങരം) ചർച്ച ചെയ്തു ഓരോ വിഭാഗത്തിൻെറയും വാദമുഖങ്ങരം ഇന്നതാണെന്നു നിർണ്ണ യിച്ചു രേഖപ്പെടുത്താൻ ഇതുമൂലം ക ഴിഞ്ഞു. ഓരോ വിഷയത്തെപ്പററിയും ഇരു വിഭാഗവും ലേഖനങ്ങളെഴുതി കൈമാറണമെന്നും, വാദപ്രതിവാദം നട ത്തുന്നത് അവയെ അടിസ്ഥാനപ്പെടു ത്തിയായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ വ്യവസ്ഥ പ്രാ യോഗികമാക്കാൻ വിസമ്മതിച്ച യാഥാ സ്ഥിതിക വിഭാഗം ഒഴിഞ്ഞുമാറിയതി നാൽ വാദപ്രതിവാദം നടന്നില്ല.

മുജാഹിദ് പക്ഷത്ത്നിന്നു കെ. പി. മുഹമ്മദ് മൗലവി, പി. കെ. അലി അബ്ദുർറസാഖ് മൗലവി, എ. പി. അബ്ദുൽഖാദിർ മൗലവി, അലി അക് ബർ മൗലവി മുതലായവരും മറുപക്ഷ ത്ത്നിന്നു ഇ. കെ. ഹസൻ മുസ്ല്യാർ,

KERALA HERITAGE CENTER KALPAKANCHERY

